എം. അന്ദ്രേയെവ്

# വികസ്വര ഏഷ്യയിൽ പീക്കിങ്ങിന്റെ നയതന്ത്രം

എം. അന്ദ്രേയെവ്

# വികസ്വര ഏഷ്യയിൽ പീക്കിങ്ങിന്റെ നയതന്ത്രം

പ്രോഗ്രസ്സ് പബ്ലിഷേഴ്സ്
മോസ്കോ

Rs 3-50

**М. Андреев**

ДИПЛОМАТИЯ ПЕКИНА
В РАЗВИВАЮЩЕЙСЯ АЗИИ

*(на языке малаялам)*

© പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, 1978

© മലയാളപരിഭാഷ. പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, 1978

സോവിയററ് യൂണിയനിൽ അച്ചടിച്ചതു്

A $\frac{11104-629}{014(01)-78}$ 736—78

# ഉള്ളടക്കം


പേജ്

മുഖവുര . . . . . . . . . . . . . . . . . . 5

ആമുഖം . . . . . . . . . . . . . . . . . . 11

അദ്ധ്യായം ഒന്ന്. ചൈനയുടെ വിപുലനവാദം . . . . . . 15

1. ചൈന തെക്കോട്ട് നടത്തിയ നുഴഞ്ഞുകയററം . . . 16
2. ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന സങ്കല്പം . . . 19
3. സന്ദിഗ്ദ്ധാർത്ഥകമായ അതിർത്തിനയം . . . . . 24
4. തെക്കൻരാജ്യങ്ങളിൽ പീക്കിങ്ങിൻെറ ആപൽക്കരമായ തന്ത്രങ്ങൾ . . . . . . . . . . . . . . . . 34
5. ഹോങ്കോങ്ങ്, മക്കാവോ—വിചിത്രമായ സഹിഷ്ണത. 41
6. ചൈനയുടെ തെക്കോട്ടുള്ള രാജ്യവിപുലീകരണത്തിൻെറ ഭാവി . . . . . . . . . . . . . . . 43

അദ്ധ്യായം രണ്ട്. ദക്ഷിണപൂർവ്വേഷ്യയിൽ പീക്കിങ്ങിൻെറ ആലംബം . . . . . . . . . . . . . . . . 52

1. മറുനാടൻ ചൈനീസ്ബൂർഷ്വാസിക്ക ദക്ഷിണപൂർവ്വേഷ്യയുടെ സമ്പദ്വ്യവസ്ഥയിലുള്ള പങ്ക് . . . 52
2. ആപൽക്കരമായ കൂട്ടുകെട്ടിൻെറ അടിസ്ഥാനം . . 57
3. മറുനാടൻ ചൈനീസ്ബൂർഷ്വാസിയോടുള്ള പീക്കിങ്ങിൻെറ സമീപനരീതി . . . . . . . . . . . 62
4. ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിയുടെ രാഷ്ട്രീയാനുഭാവങ്ങൾ . . . . . . . . . 69
5. പഴയ വീഞ്ഞു പുതിയ കുപ്പിയിൽ . . . . . 74

അദ്ധ്യായം മൂന്ന്. അസമത്വവും ചൂഷണവും . . . . . . . 81


1*

1. പീക്കിങ്ങിന്റെ മേഖലയിലുള്ള സാമ്പത്തികതാല്പര്യങ്ങൾ. 81
2. ചൈനീസ്‌വിപുലനത്തിന്റെ മുഖ്യോപാധികൾ. . 83
3. ദ്വിപക്ഷീയവ്യാപാരത്തിന്റെ ആശങ്കാജനകമായ ഫല ങ്ങൾ . . . . . . . . . . . . . . 84
4. ചൈന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലേക്കു നടത്തുന്ന പരോക്ഷകയററുമതി . . . . . . . . 92
5. പീക്കിങ്ങും മറുനാടൻ ചൈനീസ്‌ബൂർഷ്വാസിയിൽനിന്നുള്ള വിദേശനാണ്യവരവും . . . . . . . 97
6. മേഖലയിലെ രാജ്യങ്ങൾക്കുള്ള ചൈനീസ്‌ സഹായ പരിപാടി . . . . . . . . . . . 99
7. ചൈനയും ദക്ഷിണപൂർവേഷ്യൻരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികവിനിമയത്തിന്റെ ഭാവി . . . . . 101
അദ്ധ്യായം നാലു്. ഏഷ്യയിൽ പീക്കിങ്ങിന്റെ കുതന്ത്രങ്ങൾ. 108
1. മേഖലയിൽ ചൈനയുടെ ഏകാകിത . . . . . 108
2. ചൈന ശാന്തസമുദ്രപ്രദേശത്തെ സാമ്രാജ്യത്വശക്തികളുമായി അടുക്കുന്നു . . . . . . . . . . . 111
3. ചൈനയുടെ പിങ്ങ്‌പോങ്ങ്‌ നയതന്ത്രം . . . . 120
4. മലേഷ്യയിലെ മഹച്ഛക്തിതുടക്കം . . . . . . 125
5. ബന്ധസാധാരണവൽക്കരണത്തിനുവേണ്ടി മേഖലയിലെ ഇതരരാജ്യങ്ങളുമായി നടന്ന കൂടിയാലോചനകൾ. 146
അദ്ധ്യായം അഞ്ചു്. ചൈനയും മേഖലാസാമ്പത്തികസഹകരണവും . . . . . . . . . . . . . . . . 171
1. പീക്കിങ്ങ്‌ എക്കാഫെയിൽ അരങ്ങേറുന്നു . . . . 173
2. പീക്കിങ്ങും ഏസിയനും . . . . . . . . 189
3. പീക്കിങ്ങും ഏഷ്യാവികസനബാങ്കും . . . . . 204
അദ്ധ്യായം ആറു്. പ്രത്യയശാസ്ത്രകെണികൾ . . . . . . 211
1. ''അതിശക്തിസിദ്ധാന്ത''വും ''മൂന്നാംലോക''വും. . 212
2. ചൈന ഒരു വികസ്വരരാജ്യമോ? . . . . . . 220
3. പഞ്ചശീലത്തിന്റെ വിചിത്രവ്യാഖ്യാനം . . . 225
4. ''സ്വന്തം ശക്തിയെ ആശ്രയിക്കുക'' എന്ന മുദ്രാവാക്യവും അതിന്റെ ഗൂഢാർത്ഥവും . . . . . . . . 232
ഉപസംഹാരം . . . . . . . . . . . . . . . 236
കുറിപ്പുകൾ . . . . . . . . . . . . . . . . 239

# മുഖവുര

കുറെ വർഷങ്ങളായി സാർവ്വദേശീയവേദികളിൽ, പ്രത്യേകിച്ചും ഐക്യരാഷ്ട്രസഭയുടെ സമ്മേളനങ്ങളിൽ, ചൈനാ ജനകീയറിപ്പബ്ലിക്കിന്റെ (പി.ആർ.സി.യുടെ) നയതന്ത്രപ്രതിനിധികൾ സമകാലികസാർവ്വദേശീയസ്ഥിതിയെ സംബന്ധിച്ച പീക്കിങ്ങിന്റെ സങ്കല്പങ്ങളും വിലയിരുത്തലുകളും ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിൻ അമേരിക്കയിലേയും വികസ്വരരാജ്യങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമങ്ങൾ നടത്തിവരികയാണ്. മാത്രമല്ല, ''മൂന്നാംലോക''ത്തിൽപ്പെട്ട രാജ്യങ്ങളുടെ നേതൃസ്ഥാനം പി.ആർ.സി.ക്കാണെന്ന് അവർ തുറന്നവകാശപ്പെടുകയും ചെയ്യുന്നു.

അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ നീക്കുപോക്കില്ലാത്ത സമരം നടത്തുന്ന ഏകരാജ്യമായി, ശക്തരായ അയൽക്കാരാൽ—സോവിയററ് യൂണിയനാലും ഇന്ത്യയാലും—സദാ ദ്രോഹിക്കപ്പെടുകയും അതിനാൽ അമേരിക്കൻ സാമ്രാജ്യവാദികളുടേയും അയൽരാജ്യങ്ങളുടേയും ആക്രമണവാഞ്ഛയ്ക്കെതിരെയുള്ള സമരത്തിനു കൂട്ടാളികളെ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന രാജ്യമായി ചൈനീസ് നയതന്ത്രജ്ഞന്മാർ പി.ആർ.സി.യെ വികസ്വരരാജ്യങ്ങളുടെ മുമ്പാകെ ചിത്രീകരിക്കുന്നു.

ചൈനീസ് പ്രചാരണമാധ്യമങ്ങൾ കൃത്രിമമായി ഉയർത്തിപ്പിടിക്കുന്ന പി.ആർ. സി.യുടെ ഈ പ്രതിരൂപത്തിനു ഇന്നത്തെ ചൈനയുടെ യഥാർത്ഥരൂപവുമായി യാതൊരു സാമ്യവുമില്ല. അടിമുടി സൈന്യവൽക്കരിക്കപ്പെട്ടതും റോക്കററ്—അണ്വായുധശേഖരം കൈവശമുള്ളതും ലോകാധിനായകത്വത്തിനുവേണ്ടി വെമ്പൽകൊള്ളുന്നതുമായ ഒരു രാജ്യമാണത്. അതിന്റെ നേതാക്കന്മാർ പുതിയൊരു ലോകമഹായുദ്ധത്തിന്റെ അനിവാര്യതയെപ്പററിയെന്നതന്നെയല്ല, ആവശ്യകതയെപ്പററിപ്പോലും തുറന്നടിച്ചു സംസാരിക്കുന്നു. യുദ്ധത്തിനുവേണ്ടി ഊർജ്ജിതമാ

യി തയ്യാറെടുക്കാനും ബോംബാക്രമണത്തിൽനിന്നു രക്ഷപ്പെടുന്നതിനു് ആഴമേറിയ ഭൂഗർഭസങ്കേതങ്ങൾ നിർമ്മിക്കാനും യുദ്ധകാലോപയോഗത്തിനായി ധാന്യങ്ങൾ ശേഖരിച്ചുവയ്ക്കാനും അവർ പി.ആർ.സി.യിലെ ജനങ്ങളോടാഹ്വാനിക്കുന്നു.

ലോകസമുദായത്തെ ബോധിപ്പിക്കുന്നതിനുവേണ്ടി ചൈനീസ് രാജ്യതന്ത്രജ്ഞന്മാരും നയതന്ത്രജ്ഞന്മാരും ഇടയ്ക്കിടെ നടത്തുന്ന, സമാധാനപ്രേമം തുളുമ്പുന്ന വാചകക്കസർത്തുകൾക്കു ബദ്ധവിരുദ്ധമാണു് പി. ആർ. സി.യുടെ യഥാർത്ഥത്തിലുള്ള വിദേശനയം. ചൈനീസ് നയതന്ത്രവിധാനത്തിന്റെ വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള അന്തരം വിദൂരപൂർവ്വദേശത്തേയും ദക്ഷിണപൂർവ്വേഷ്യയിലേയും ദക്ഷിണേഷ്യയിലേയും രാജ്യങ്ങളോടു പി.ആർ.സി. അനുവർത്തിക്കുന്ന നയത്തിന്റെ ദൃഷ്ടാന്തങ്ങളിൽനിന്നു വ്യക്തമായി മനസ്സിലാക്കാൻ കഴിയും.

ഏഷ്യാഭൂഖണ്ഡത്തിൽ ജനസംഖ്യകൊണ്ടും അസംസ്കൃതവിഭവസമ്പത്തുകൊണ്ടും മുന്നിട്ടുനില്ക്കുന്ന പ്രസ്തുതമേഖലകളിലെ ഗവണ്മെൻറുകൾക്കെതിരെ ചൈനീസ് നയതന്ത്രവിധാനം നടത്തുന്ന അട്ടിമറിപ്രവർത്തനങ്ങളുടേയും ഏഷ്യയെ ചൈന, യു.എസ്.എ., ജപ്പാൻ, ആസ്ത്രേലിയ എന്നീ രാജ്യങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കുകയെന്ന പീക്കിങ്ങിന്റെ നയത്തിന്റേയും യഥാർത്ഥചിത്രം ഈ പുസ്തകത്തിൽനിന്നു ലഭ്യമാകുന്നു.

റബർ, എണ്ണ, ടിൻ, ഫോസ്ഫേററ് എന്നിവയും വിലയേറിയ മററു് അസംസ്കൃതപദാർത്ഥങ്ങളും ധാരാളമായുള്ള ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ മൂലധനമിറക്കാനുള്ള തുറയെന്ന നിലയ്ക്കും അതുപോലെതന്നെ ചൈനീസ് തുണിത്തരങ്ങളും മററു് ഉപഭോഗവസ്തുക്കളും വിററഴിക്കാനുള്ള വിപണിയെന്ന നിലയ്ക്കും ചൈനീസ് വിപുലനവാദികളുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ചൈനയിൽനിന്നു് ആഫ്രിക്കയിലേക്കുള്ള സമുദ്രമാർഗ്ഗത്തിൽ, ഇന്ത്യാമഹാസമുദ്രത്തിലേക്കുള്ള വഴിയ്ക്കു്, യുദ്ധതന്ത്രപ്രധാനമായി സ്ഥിതിചെയ്യുന്നുവെന്നതിനാലും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ ചൈനീസ് അധിനായകത്വമോഹികളെ ആകർഷിക്കുന്നു.

ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായി പി.ആർ.സി. സജീവമായ വ്യാപാരബന്ധം പുലർത്തിവരുന്നു. ഉപഭോഗവസ്തുക്കൾ വിലതാഴ്ത്തി, ലോകനിലവാരത്തിൽനിന്നു പത്തും മുപ്പതും ശതമാനം കുറച്ചു വിററുകൊണ്ടു് ചൈന ആ രാജ്യങ്ങളിലെ വിപണികൾ പിടിച്ചടക്കുന്നു. മാത്രമല്ല, ചൈനയിൽ നിർമ്മിക്കപ്പെടുന്ന മയക്കമരുന്നുകൾ വൻതോതിൽ വിററഴിക്കുന്നതും ഏഷ്യൻ രാജ്യങ്ങളിലാണു്.

അങ്ങനെ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളോടുള്ള പീക്കിങ്ങിന്റെ നയം ആ രാജ്യങ്ങളുടെ സമ്പദ്വ്യവസ്ഥയ്ക്കു ഗണ്യമായ ഹാനി വരുത്തുന്നു.

ഇന്തോനേഷ്യ, മലേഷ്യ, സിംഗപ്പൂർ, ബർമ്മ തുടങ്ങിയ രാജ്യങ്ങളിൽ വസിക്കുന്ന ഒന്നരക്കോടിയോളം വരുന്ന ചൈനീസ് ന്യൂനപക്ഷമാണ് ദക്ഷിണപൂർവ്വേഷ്യയിൽ ചൈനയ്ക്കു താങ്ങായി വർത്തിക്കുന്നതു്. ആ മേഖലയിൽപ്പെട്ട രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ 700 കോടി ഡോളർ വരുന്ന മൂലധനനിക്ഷേപം ചൈനാക്കാരുടെ നിയന്ത്രണത്തിലാണ്. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിൽ 60–80 ശതമാനം ആഭ്യന്തരവാണിജ്യ ഇടപാടുകളും 60 ശതമാനംവരെ വിദേശവാണിജ്യ ഇടപാടുകളും നടത്തുന്നതു ചൈനീസ് ബൂർഷ്വാസിയാണ്. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെ ചൈനീസ്ബൂർഷ്വാസിയുടെ ഒരു വിഭാഗത്തിനു് പീക്കിങ്ങുമായുള്ള ബന്ധങ്ങൾ ഈ പുസ്തകത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

''ചൈനാക്കാരെല്ലാം ഒരു കുടുംബം'' എന്ന മഹച്ഛക്തിമന്യവും ബൂർഷ്വാ–ദേശീയവാദപരവുമായ മുദ്രാവാക്യത്തിൻകീഴിൽ ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസിയെ തങ്ങളുടെ ചൊല്പടിയിലാക്കാനും അങ്ങനെ അവരെ തങ്ങളുടെ രാഷ്ട്രീയവിപുലനത്തിനുള്ള ചട്ടുകമായി ഉപയോഗിക്കാനും പീക്കിങ്ങ് നേതാക്കന്മാർ ശ്രമിക്കുന്നു.

ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലെ ചൈനാക്കാരെ സ്വാധീനിക്കാൻ പി.ആർ.സി. നേതൃത്വം കൈക്കൊള്ളുന്ന മാർഗ്ഗങ്ങൾ വിഭിന്നമാണ്. നയതന്ത്രകാര്യാലയങ്ങൾക്കും കോൺസലേററുകൾക്കും പുറമെ ചൈനീസ്സമാജങ്ങളും സ്കൂളുകളും പത്രങ്ങളും മാസികകളും റേഡിയോനിലയങ്ങളും ബാങ്കുകളും ടൂറിസ്റ്റ് ഏജൻസികളും വ്യവസായ–വാണിജ്യ–ഗതാഗതകമ്പനികളും അവിടങ്ങളിൽ നിലവിലുണ്ട്. വിദേശങ്ങളിൽ പാർക്കുന്ന ചൈനാക്കാരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി പി.ആർ.സി.യുടെ ഭരണവിധാനത്തിൽ ഒരു പ്രത്യേകകമ്മിററി ഇക്കഴിഞ്ഞകാലംവരെ പ്രവർത്തിച്ചിരുന്നു. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലുള്ള ചൈനാക്കാരിൽ ഒരു കോടിയോളം പേർ ചൈനയിലെ തങ്ങളുടെ ബന്ധുക്കൾക്കു പതിവായി പണമയച്ചുകൊടുക്കുകയും അങ്ങനെ തങ്ങൾ അധിവസിക്കുന്ന രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കു ഗണ്യമായ നഷ്ടം വരുത്തുകയും ചെയ്യുന്നു.

ലോകത്തിലെ ഇതരരാജ്യങ്ങളോടുള്ള ചൈനീസ്നയവും ഏഷ്യൻ രാജ്യങ്ങളുടെ പരമാധികാരത്തിനും സ്വാതന്ത്ര്യത്തിനും ആപൽക്കരമാണ്. ഐക്യരാഷ്ട്രസംഘടനയിൽ ചൈനയുടെ ന്യായമായ അവകാശം വീണ്ടെടുക്കപ്പെട്ടതോടെ ചൈനീസ് നയതന്ത്രവിധാനം അമേരിക്കയുമായി അടുക്കുകയെന്ന നയം കൈക്കൊണ്ടു. ഈ ഗതിമാററവും ജപ്പാനും ആസ്ത്രേലിയയുമായുള്ള ചൈനയുടെ അടുപ്പവും ഏഷ്യൻരാജ്യങ്ങളിൽ വർദ്ധമാനമായ ആശങ്കയ്ക്കു കാരണമായിത്തീർന്നിരിക്കുന്നു. പി.ആർ.

സി.യും ശാന്തസമുദ്രപ്രദേശത്തെ സാമ്രാജ്യത്വശക്തികളും ഏഷ്യയെ തങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കുന്നതിൽ ഏഷ്യൻരാജ്യങ്ങളിൽ ന്യായമായും ഉൽക്കണ്ഠ പ്രകടിപ്പിക്കപ്പെടുന്നു.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്നതിന്റെ ആരംഭഘട്ടത്തിൽത്തന്നെ ആ രാജ്യങ്ങളുമായുള്ള ബന്ധത്തെ വ്യക്തമായ സോവിയററ്വിരോധത്തിലേക്കു തിരിച്ചുവിടാൻ ചൈനീസ് നയതന്ത്രവിധാനം ശ്രമിക്കുന്നുവെന്ന കാര്യം ശ്രദ്ധേയമാണ്.

മാവോസേതുങ്ങിന്റെ മരണത്തിനുശേഷവും പീക്കിങ്ങ് നടത്തുന്ന സോവിയററ്വിരുദ്ധപ്രചാരണവും സ്വന്തം അധിനായകത്വാഭിലാഷങ്ങളും പദ്ധതികളും മറച്ചുപിടിക്കുന്നതിനുവേണ്ടി ചൈനീസ്നയതന്ത്രവിധാനം പ്രയോഗിക്കുന്ന ഏഷ്യൻരാജ്യങ്ങൾക്കുള്ള ''സോവിയററ്ഭീഷണി''യെന്ന കെട്ടുകഥയും എത്രമാത്രം വ്യാജമാണെന്ന് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള വിവരങ്ങളിൽനിന്നു ബോധ്യമാകും. എല്ലാ ഏഷ്യൻരാജ്യങ്ങളുടേയും സംയുക്തയത്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഏഷ്യയിലെ ഭദ്രതയ്ക്കും സഹകരണത്തിനുംവേണ്ടി സോവിയററ് യൂണിയൻ മുൻവച്ച നിർദ്ദേശത്തെ പീക്കിങ്ങ് രൂക്ഷമായി എതിർക്കുന്നതിന്റെ യഥാർത്ഥകാരണങ്ങൾ ഗ്രന്ഥകർത്താവു വിശദീകരിക്കുന്നു.

അമ്പതുകളിൽ ദേശീയവിമോചനപ്രസ്ഥാനത്തെ ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയുമായി ഒന്നിച്ചുനിർത്തുന്നതിൽ നല്ലൊരു പങ്കു വഹിച്ച ചൈനീസ് നയതന്ത്രവിധാനം ഇപ്പോൾ ''ബന്ദൂങ്ങ് തത്വങ്ങളെ'' വിട്ടുപേക്ഷിച്ചുകൊണ്ട് അയൽരാജ്യങ്ങളുടെമേലുള്ള പ്രത്യക്ഷവും പരോക്ഷവുമായ ആക്രമണങ്ങളുടേയും ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയ്ക്കെതിരെയുള്ള സമരത്തിന്റേയും പാതയിലേക്കു കടന്നിരിക്കുന്നു. പറസേൽ ദ്വീപുകളും സ്പ്രാട്ട്ലിദ്വീപുകളും ചൈന പിടിച്ചടക്കിയതു് പീക്കിങ്ങ്നേതാക്കന്മാരുടെ രാജ്യവിപുലീകരണനയത്തിനു് ഉത്തമദൃഷ്ടാന്തമാണ്.

ചൈന ഏഷ്യയിൽ നടത്തുന്ന വിധ്വംസകപ്രവർത്തനങ്ങളെ തുറന്നുകാട്ടുന്നതോടൊപ്പംതന്നെ ഗ്രന്ഥകാരൻ ചൈനീസ് പ്രത്യയശാസ്ത്രജ്ഞന്മാരുടെ, ''സൈദ്ധാന്തികകണ്ടുപിടുത്ത''ങ്ങളെ യുക്തിയുക്തമായ വിമർശനത്തിനു വിധേയമാക്കുകകൂടി ചെയ്യുന്നു. ''അന്തരാളമേഖലകൾ'', ''മൂന്നു ലോകങ്ങൾ'' തുടങ്ങിയ സിദ്ധാന്തങ്ങളുടെ മറപിടിച്ചുകൊണ്ട് ചൈനീസ് പ്രത്യയശാസ്ത്രജ്ഞന്മാർ സമകാലികഘട്ടത്തിന്റെ ഉള്ളടക്കം മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമല്ലെന്നു വരുത്താൻ ശ്രമിക്കുകയും മദ്ധ്യകാലയുഗചൈനയിൽ നിലവിലിരുന്ന തത്വങ്ങളുടേയും പരസ്യമായ വംശീയവാദത്തിന്റേയും മട്ടിലുള്ള ഭൂരാഷ്ട്രതന്ത്രവാദങ്ങൾ മുൻവയ്ക്കുകയും ചെയ്യുന്നു. സമകാലികഘ

ട്ടത്തിൻെറ മൗലികവൈരുദ്ധ്യം സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള വൈരുദ്ധ്യമല്ലെന്നും സമ്പന്നരാജ്യങ്ങളും ദരിദ്രരാജ്യങ്ങളും തമ്മിലുള്ള, വികസ്വരരാജ്യങ്ങളും വികസിതരാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണെന്നുമുള്ള കൃത്രിമമായ വാദം പീക്കിങ്ങ്നേതൃത്വം ഉന്നയിക്കുന്നു.

ചൈനാ ജനകീയറിപ്പബ്ലിക്ക് ''മൂന്നാംലോകത്തിൽപ്പെട്ട ഒരു വികസ്വരരാജ്യമാണെ''ന്ന കെട്ടുകഥയേയും ഈ പുസ്തകം ഖണ്ഡിക്കുന്നു. വികസ്വരരാജ്യങ്ങളുടെ നേതാവായിത്തീരുന്നതിനുള്ള ശ്രമത്തെ ന്യായീകരിക്കുന്നതിനാണ് പീക്കിങ്ങിന് ആ കെട്ടുകഥ വേണ്ടിവന്നതെന്നു ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

സോഷ്യലിസ്റ്റ് ചൈന അതിൻെറ ആദ്യദശവത്സരകാലത്ത് അനുവർത്തിച്ചിരുന്ന സമാധാനോന്മുഖമായ വിദേശനയത്തിൽനിന്ന് പൂർണ്ണമായി വിട്ടുമാറിക്കൊണ്ട് ചൈനീസ്നേതൃത്വം ഫ്യൂഡൽചൈനയുടെ പഴയ വിപുലനവാദപരമായ പാത കൈക്കൊള്ളുകയും ഏഷ്യൻരാജ്യങ്ങളിലെ ജനതകൾക്കും ഗവണ്മെൻറുകൾക്കുമെതിരെ സാമ്രാജ്യത്വശക്തികളുമായി ഉപജാപങ്ങളിലേർപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന് ഈ പുസ്തകത്തിൽനിന്നു ബോധ്യമാക്കാൻ കഴിയും. ഈ ജനവിരുദ്ധനയം പൊളിഞ്ഞുപാളീസാവുമെന്നതിനു യാതൊരു സംശയവുമില്ല. ചൈനീസ് ജനതതന്നെ കാലാന്തരത്തിൽ അതിനെ പുറന്തള്ളും. ഏഷ്യൻരാജ്യങ്ങളിലെ ജനങ്ങൾ ജാഗരൂകരായിരിക്കുകയും തങ്ങളുടെ സ്വാതന്ത്ര്യത്തിൻേറയും പരമാധികാരത്തിൻേറയും മേലുള്ള അധിനായകത്വപരമായ എല്ലാ കൈയേററങ്ങൾക്കും തക്ക തിരിച്ചടി നല്കുകയും വേണം. ഈ പുസ്തകത്തിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ അതിനു സഹായകമായിരിക്കും.

വി. നിക്കീത്തിൻ

# ആമുഖം*

ചൈനയിൽ ഏതാണ്ട് രണ്ടു ദശാബ്ദങ്ങളായി നടക്കുന്ന തീവ്രമായ രാഷ്ട്രീയസമരം ലോകശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

''മാവോസേതുങ്ങിൻെറ ആശയങ്ങൾ''ക്കുള്ള പ്രചാരമാണു ആ താല്പര്യത്തിനു് കാരണമെന്നു് പീക്കിങ്ങിലുള്ളവർ അവകാശപ്പെടുന്നു. എന്നാൽ വാസ്തവത്തിൽ ആ താല്പര്യത്തിനു നിദാനമായിട്ടുള്ളതു ചൈനയുടെ ആഭ്യന്തര—വിദേശനയങ്ങളിൽ പ്രകടമായിക്കാണുന്ന സാമൂഹ്യവും സാമ്പത്തികവുമായ തകിടംമറിച്ചിലുകളല്ലാതെ മറെറാന്നുമല്ല.

മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻേറതായ ഈ കാലഘട്ടത്തിൽ പീക്കിങ്ങ്നേതൃത്വം ചൈനയിൽ സോഷ്യലിസത്തിൻെറ കൈനിലകളെ തുരങ്കംവയ്ക്കാൻ ശ്രമിക്കുന്നു. സോഷ്യലിസ്റ്റ്രാജ്യങ്ങൾ ആ പ്രക്രിയകളെ ഉൽക്കണ്ഠാപൂർവ്വം വീക്ഷിക്കുന്നതു തികച്ചും സ്വാഭാവികമാണ്. മുതലാളിത്തലോകമാകട്ടെ, ഏഷ്യയിലെ ഏററവും വലിയ രാജ്യങ്ങളിലൊന്നിൽ സോഷ്യലിസത്തിൻെറ കൈനിലകൾ ദുർബ്ബലമാവുകയും ആ രാജ്യം സാർവ്വദേശീയസാമ്രാജ്യത്വവുമായി അടുത്തുതുടങ്ങുകയും ചെയ്തിരിക്കുന്നതിൽനിന്നു് എങ്ങനെയെല്ലാം മുതലെടുക്കാമെന്നതിനെപ്പററി മറയ്ക്കാനാവാത്ത സംതൃപ്തിയോടെ ചർച്ചകൾ നടത്തിവരുന്നു. ദേശീയവിമോചനപ്രസ്ഥാനത്തെ തങ്ങളുടെ മഹച്ഛക്തിതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പീക്കിങ്ങ്നേതൃത്വം ആഗ്രഹിക്കുന്നതിനാൽ ചൈനയിലെ പരിണാമങ്ങൾ ആ പ്രസ്ഥാനത്തിൻെറ ഭാഗധേയത്തെ വിനാശകരമായി ബാധിക്കുമെന്നു വികസ്വരരാജ്യങ്ങളിൽ ആശങ്ക പ്രകടിപ്പിക്കപ്പെടുന്നു.

---

* © റഷ്യനിൽനിന്നുള്ള പരിഭാഷ. പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, 1978.

ചൈനയിൽ സോഷ്യലിസ്റ്റ് അടിത്തറയ്ക്കും പ്രത്യേകിച്ച് സോഷ്യലിസ്റ്റ് മേൽക്കുരയ്ക്കും കോട്ടം തട്ടിയിരിക്കുന്നു. ഭരണസ്ഥാപനങ്ങളിൽ നടത്തിവരുന്ന ഇളക്കിമറിക്കലുകളുടെ ലക്ഷ്യം തൊഴിലാളിവർഗ്ഗത്തേയും അദ്ധ്വാനിക്കുന്ന കർഷകരേയും രാഷ്ട്രീയനേതൃത്വത്തിൽനിന്ന് അകററി നിർത്തുകയും സൈനിക—ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ തലപ്പത്തുള്ളവരെ അധികാരത്തിൽ ഉറപ്പിക്കുകയുമാണ്.

ചൈനയിൽ സോഷ്യലിസത്തിനുണ്ടായ ശക്തിക്ഷയത്തിൻെറ ഫലമായാണ് ഇന്നു നമ്മുടെ കൺമുമ്പിൽ ചൈനയുടെ വിദേശനയത്തിൻെറ അടിസ്ഥാനപ്രമാണങ്ങൾ വെട്ടിത്തിരുത്തപ്പെടുന്നത്. സോഷ്യലിസത്തിനും ജനാധിപത്യത്തിനും ലോകസമാധാനത്തിനുംവേണ്ടിയുള്ള സമരത്തെ മുൻനിർത്തിയുള്ള സോഷ്യലിസ്റ്റ് വിദേശനയത്തിൽനിന്നു ചൈനീസ്നേതൃത്വം ലോകാധിനായകത്വത്തെ ലാക്കാക്കിയുള്ള ദേശീയവാദപരമായ മഹച്ഛക്തിനയത്തിലേക്കു കടന്നിരിക്കുന്നു.

താല്ക്കാലികമായി ചൈനയിൽ നിലയുറപ്പിച്ചിട്ടുള്ള, സാമൂഹ്യസ്വഭാവത്താലും വർഗ്ഗസത്തയാലും പെററിബൂർഷ്വായും ഭരണരീതി വച്ചു നോക്കുമ്പോൾ സൈനിക—ഏകാധിപത്യപരവുമായ ഒരു സോഷ്യൽ ഷോവിനിസ്റ്റ് സാമൂഹ്യ—രാഷ്ട്രീയപ്രവണതയാണു പൊതുവെ മാവോയിസം എന്ന പേരിൽ അറിയപ്പെടുന്നത്. ചൈനയെ ഒരു വൻസൈനികശക്തിയാക്കിത്തീർക്കുകയും സാർവ്വദേശീയരംഗത്ത് അധിനായകത്വം സ്ഥാപിക്കുകയുമാണ് അതിൻെറ ലക്ഷ്യം.

പീക്കിങ്ങ്നേതൃത്വത്തിൻെറ നയം പാശ്ചാത്യരാജ്യങ്ങളിലെ സൈന്യമേധാവിത്വവാദികളും സംഘർഷശമനവിരോധികളും മുതൽ ദക്ഷിണാഫ്രിക്കയിലെ വംശീയവാദികൾവരെയും ചിലിയിലെ ഫാസിസ്റ്റ് ഭരണാധികാരികൾവരെയുമുള്ള ലോകത്തിലെ അറുപിന്തിരിപ്പൻശക്തികളുടെ നിലപാടുമായി നേരിട്ടു ലയിക്കുന്നുവെന്നും അതു വാസ്തവത്തിൽ സാമ്രാജ്യത്വത്തിൻെറ ഒരു പ്രധാനകരുവായിത്തീർന്നിരിക്കുന്നുവെന്നും 25—ാം സി.പി.എസ്.യു. കോൺഗ്രസ്സിൽ സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററി ജനറൽ സെക്രട്ടറി സഖാവ് എൽ. ഐ. ബ്രെഷ്നെവ് ചെയ്ത റിപ്പോർട്ടിൽ പറയുകയുണ്ടായി. ''സംഘർഷശമനത്തെ തുരങ്കംവയ്ക്കാനും നിരായുധീകരണത്തെ വിഘാതപ്പെടുത്താനും രാഷ്ട്രങ്ങൾക്കിടയിൽ സംശയവും ശത്രുതയും വളർത്താനും പീക്കിങ്ങ് നടത്തുന്ന ഭ്രാന്തമായ ശ്രമങ്ങളും ഒരു ലോകമഹായുദ്ധം കുത്തിയിളക്കിവിട്ടുകൊണ്ട് അതിൽനിന്ന് ആവുന്നത്ര മുതലെടുക്കാനുള്ള അതിൻെറ അഭിലാഷവും സമാധാനസ്നേഹികളായ എല്ലാ ജനതകൾക്കും ഒരു മഹാവിപത്തായിത്തീർന്നിരിക്കയാണ്. പീക്കിങ്ങിൻെറ ഇത്തരം നയം എ

ല്ലാ ജനതകളുടേയും താല്പര്യങ്ങൾക്കു ബദ്ധവിരുദ്ധമാണ്'' എന്നു് ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടു.

''ഇന്നിപ്പോൾ മാവോയിസ്റ്റ് പ്രത്യയശാസ്ത്രവും മാവോയിസ്റ്റ്നയവും മാർക്സിസ്റ്റ്—ലെനിനിസ്റ്റ് സിദ്ധാന്തവുമായി പൊരുത്തപ്പെടുന്നില്ലെന്നു പറഞ്ഞാൽ പോരാ. അവ മാർക്സിസം—ലെനിനിസത്തിനു കടകവിരുദ്ധമാണ്,''—25—ാം സി.പി.എസ്.യു. കോൺഗ്രസ്സ് ഊന്നിപ്പറഞ്ഞു.

ഏതൊരു രാജ്യത്തെ സംബന്ധിച്ചിടത്തോളവും ഇതു മനസ്സിലാക്കാതിരിക്കുകയെന്നാൽ വിദേശനയത്തിൽ വമ്പിച്ച തെററു വരുത്തുകയെന്നാണർത്ഥം. തങ്ങളുടെ മഹച്ഛക്തിപദ്ധതികളുടെ സാക്ഷാൽക്കാരത്തിൽ പീക്കിങ്ങ്നേതൃത്വം സവിശേഷസ്ഥാനം കല്പിക്കുന്ന ഏഷ്യൻരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകിച്ചും ശരിയാണ്. ഏഷ്യൻ രാജ്യങ്ങളിൽ ദേശീയവാദപ്രവണതകൾക്കു വളംവച്ചുകൊടുത്തുകൊണ്ടു് ആ രാജ്യങ്ങളെ ശരിയായ പാതയിൽനിന്നു വ്യതിചലിപ്പിക്കാനും അവയെ സ്വന്തം വരുതിയിലാക്കാനും ഏഷ്യൻ ദേശീയവിമോചനപ്രസ്ഥാനത്തിൻെറ വമ്പിച്ച വിപ്ലവശേഷിയെ ആദ്യം ''മൂന്നാംലോക''ത്തിലും പിന്നീടു ലോകത്താസകലവും സ്വന്തം സ്വാർത്ഥതാല്പര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഉപയോഗിക്കാനും പീക്കിങ്ങ് ആഗ്രഹിക്കുന്നു.

അതുകൊണ്ടാണ് ചൈനീസ് നയതന്ത്രവിധാനം ഏഷ്യയിൽ സ്വന്തം സ്വാധീനം വിപുലമാക്കാൻ ശ്രമിക്കുന്നതു്. ഏഷ്യയെ മുഖ്യമായും സ്വന്തം സ്വാധീനമേഖലയാക്കി മാററുന്നതിനുള്ള അനുകൂലസാഹചര്യങ്ങൾ അവിടെ സൃഷ്ടിക്കുന്നതിനുവേണ്ടി പീക്കിങ്ങ് അതിൻെറ യഥാർത്ഥലക്ഷ്യങ്ങളെ മറച്ചുപിടിച്ചുകൊണ്ടു സകല വിദ്യകളും പ്രയോഗിക്കുന്നു. ആ ദിശയിലുള്ള പീക്കിങ്ങിൻെറ പ്രവർത്തനം 70—കളിൽ, പി. ആർ.സി.യ്ക്കു് ഐക്യരാഷ്ട്രസംഘടനയിൽ പ്രാതിനിധ്യം ലഭിച്ചതിനുശേഷം, കൂടുതൽ സജീവമായിത്തീർന്നു. അതോടുകൂടി പീക്കിങ്ങിൻെറ നയതന്ത്രത്തിൻെറ പുതിയ ഘട്ടം ആരംഭിച്ചു.

മാവോസേതൂങ്ങിൻെറ മരണത്തെത്തുടർന്നു് ചൈനയുടെ നേതൃത്വത്തിലുണ്ടായ മാററത്തിനുശേഷവും ഈ സജീവത കുറയുകയോ അതിനു സാരമായ വ്യത്യാസങ്ങളുണ്ടാവുകയോ ചെയ്തില്ല. ചൈനയുടെ നിലപാട് മുമ്പത്തെപ്പോലെതന്നെ സാമ്രാജ്യത്വവിരുദ്ധസമരത്തിനും ലോകസമാധാനത്തിനു പ്രത്യക്ഷമായ ഹാനിയുളവാക്കുന്നു. സാർവ്വദേശീയസംഘർഷം മൂർച്ഛിപ്പിക്കുന്നതിനും അങ്ങേയററം പിന്തിരിപ്പൻശക്തികളുമായി സഖ്യത്തിലെത്തുന്നതിനുമുള്ള ശ്രമങ്ങൾ പീക്കിങ്ങ് തുടർന്നുവരുന്നു. അംഗോളയിലും സയിറെയിലും സാമ്രാജ്യത്വശക്തികളോടൊപ്പം ദേശീ

യവിമോചനപ്രസ്ഥാനത്തിനെതിരെ ചൈന പ്രവർത്തിച്ചതു് അതിനു തക്ക തെളിവാണു്. സാർവ്വദേശീയസാമ്രാജ്യത്വവുമായുള്ള പീക്കിങ്ങിന്റെ ഈ സഹകരണം ഏഷ്യൻവികസ്വരരാജ്യങ്ങൾക്കുള്ള മറെറാരു താക്കീതാണു്.

ഏഷ്യയിലെ വികസ്വരരാജ്യങ്ങളിൽ ചൈനീസ് നയതന്ത്രത്തിന്റെ ഈ പുതിയ ഘട്ടത്തിനുള്ള പ്രത്യേകതകളാണു് ഈ കൃതിയിൽ വിശകലനം ചെയ്യപ്പെടുന്നതു്.

അദ്ധ്യായം ഒന്ന്

# ചൈനയുടെ വിപുലനവാദം

പി.ആർ.സി. ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിച്ചതോടുകൂടി ചൈനീസ് നയതന്ത്രത്തിന്റെ പുതിയ ഘട്ടമാരംഭിച്ചു. സോഷ്യലിസ്റ്റ ടിത്തറയും, പ്രത്യേകിച്ച് സോഷ്യലിസ്റ്റ് മേൽക്കൂരയും കോട്ടം തട്ടിയ തിന്റെ ഫലമായി ചൈനയുടെ വിദേശനയത്തിൽ മൗലികമായ മാററ ങ്ങൾ വന്നു. മാർക്സിസ്റ്റ്—ലെനിനിസ്റ്റ് തത്വങ്ങൾ തിരസ്കരിക്കപ്പെടുക യും സമകാലികലോകത്തിൽ ''മദ്ധ്യ''രാജ്യത്തിന്റെ പങ്കാണു ചൈ നയ്ക്കുള്ളതെന്ന ഭൂരാഷ്ട്രതന്ത്രപരമായ ആശയം വീണ്ടെടുക്കപ്പെടുകയും ചെയ്തു.

ചൈനാജനകീയറിപ്പബ്ലിക്ക് അതിന്റെ ആദ്യവർഷങ്ങളിൽ ഏ ഷ്യയിലെ ഇളംരാഷ്ട്രങ്ങളെ രാഷ്ട്രീയസ്വാതന്ത്ര്യം കൈവരിക്കുന്നതിനു സഹായിക്കുകയാണു ചെയ്തതെങ്കിൽ ഇന്നാകട്ടെ അതു് ഏഷ്യയിലെ വികസ്വരരാജ്യങ്ങളുടെ പരമാധികാരത്തിനു് ഒരു യഥാർത്ഥഭീഷണി യായിത്തീർന്നിരിക്കുന്നു. എന്നാൽ ഈ ഭീഷണി സോഷ്യലിസ്റ്റ്വ്യവ സ്ഥയും ദേശീയവിമോചനപ്രസ്ഥാനവും തമ്മിലുള്ള ബന്ധത്തിൽനിന്നു സ്വാഭാവികമായി ഉളവാകുന്നതല്ലെന്നു എത്രയും വ്യക്തമായി ഊന്നിപ്പറ യേണ്ടിയിരിക്കുന്നു. ലോകസോഷ്യലിസ്റ്റ്വ്യവസ്ഥ ദേശീയ വിമോ ചനപ്രസ്ഥാനത്തിന്റെ തത്വനിഷ്ഠയുള്ള കൂട്ടാളിയാണ്. അതിനാൽ അതിന്റെ പക്ഷത്തുനിന്നു ദേശീയവിമോചനപ്രസ്ഥാനം ആകമാനമോ അതിന്റെ വിഭാഗങ്ങളോ യാതൊരു തരത്തിലുള്ള ഭീഷണിയും നേരി ടുന്നില്ല, നേരിടുക സാധ്യവുമല്ല. ഇന്നത്തെ ചൈനീസ്നേതാക്കന്മാർ ഏഷ്യയിലെ വികസ്വരരാജ്യങ്ങളെസംബന്ധിച്ച തങ്ങൾക്കുള്ള ശത്രുതാ പരമായ ഉദ്ദേശങ്ങളെ സോഷ്യലിസ്റ്റ് ചപ്പടാച്ചിയാൽ മറച്ചുപിടിക്കാൻ ശ്രമിക്കുന്നെങ്കിൽ അവരങ്ങനെ ചെയ്യുന്നതു് തങ്ങളുടെ മഹച്ഛക്തിപര മായ അഭിവാഞ്ഛകൾ ഗോപ്യമായി വയ്ക്കുന്നതിനും സാർവ്വദേശീയകമ്മ്യൂ

ണിസ്റ്റ് പ്രസ്ഥാനത്തേയും ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയേയും കരി തേച്ചുകാണിക്കുന്നതിനും വേണ്ടിയാണ്. വികസ്വരേഷ്യയിൽ ചൈന അനുവർത്തിക്കുന്ന വിപുലനവാദപരമായ നയത്തിനു സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടേയും വിദേശനയവുമായി യാതൊരു പൊരുത്തവുമില്ല.

വാസ്തവത്തിൽ ഏഷ്യൻ രാഷ്ട്രീയരംഗത്ത് ഇപ്പോൾ പ്രവേശിച്ചിരിക്കുന്നതു് വിപുലനവാദപരമായ ലക്ഷ്യങ്ങൾ പിന്തുടരുന്ന ഒരു പുതിയ ചൈനയാണ്. അതിനാൽ പീക്കിങ്ങിന്റെ ഇന്നത്തെ ഏഷ്യൻ നയം അയൽക്കാരായ വികസ്വരരാജ്യങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തെ സുദൃഢമാക്കുന്നതിനു സഹായിക്കുമെന്നു കരുതുന്നതു തികച്ചും ബാലിശമായിരിക്കും.

ചൈനീസ് വിദേശനയത്തിന്റെ ലക്ഷ്യങ്ങളെസംബന്ധിച്ചുള്ള പല സങ്കല്പങ്ങളും ഏഷ്യയിൽ ഇന്നു നിലവിലുണ്ട്. ചൈനയുടെ വിദേശനയപരമായ സജീവതയുടെ ഫലമായി ഏഷ്യൻരാജ്യങ്ങൾക്കു സമീപഭാവിയിൽ എന്തു പ്രതീക്ഷിക്കാമെന്നതിനെപ്പററി ധാരാളം അനുമാനങ്ങൾ മുൻവയ്ക്കപ്പെടുന്നു. ഇന്നത്തെ പ്രശ്നങ്ങൾക്ക് അടിയന്തിരമായി ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിൽ പലപ്പോഴും തല്ക്കാലഘടകങ്ങൾമാത്രം കണക്കിലെടുക്കപ്പെടുകയും ഭൂതകാലപാഠങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. അയൽരാജ്യങ്ങളുമായുള്ള ചൈനയുടെ ബന്ധത്തിന്റെ സത്തയെപ്പററി ചൈനീസ് നേതാക്കന്മാർ പുലർത്തുന്ന ചില ഭൂരാഷ്ട്രതന്ത്രവീക്ഷണങ്ങൾ ഇവിടെ അനുസ്മരിക്കുന്നതു നന്നായിരിക്കും. അയൽരാജ്യങ്ങളുടെ അതിർത്തിപ്രദേശങ്ങളിൽ ചൈന പണ്ടുതൊട്ടേ കണ്ണുവച്ചിരുന്നെന്നു് ആ രാജ്യങ്ങളുമായുള്ള ചൈനയുടെ അനേകനൂററാണ്ടുകാലത്തെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

## 1. ചൈന തെക്കോട്ടു നടത്തിയ നുഴഞ്ഞുകയററം

''ഏഷ്യയിൽ മററെങ്ങും കാണാൻ കഴിയാത്ത അനുസ്യൂതി ചൈനയുടെ വിദേശനയത്തിൽ ദൃശ്യമാണെ''[1]ന്നു വിദേശികളായ വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. അനേകനൂററാണ്ടുകാലം ചൈന ചുററുമുള്ള പ്രദേശങ്ങളിൽ നടത്തിയ രാജ്യവിപുലീകരണത്തിന്റെ തത്വങ്ങളും ലക്ഷ്യങ്ങളും സമ്പ്രദായങ്ങളുമാണു സമകാലികചൈനയ്ക്കുമുള്ളതെന്നർത്ഥം.

ലോകരാഷ്ട്രീയത്തിൽ ചൈനയ്ക്കുള്ള സ്ഥാനത്തെപ്പററി ചൈനീസ് ഭരണാധിപന്മാർ ചിന്തിച്ചിരുന്നതു ചൈനാകേന്ദ്രവാദപരമായ ലോക

മാതൃകയെ അടിസ്ഥാനമാക്കിയാണ്. അതനുസരിച്ച് ചൈന എക്കാലവും ലോകത്തിൻെറ കേന്ദ്രമായിരുന്നു. ''സ്വർഗ്ഗസാമ്രാജ്യം'' എന്ന സങ്കല്പത്തിൽ ചൈന മാത്രമല്ല അടങ്ങിയിരുന്നത്. ''കിരാതന്മാർ'', അതായത് ചൈനാക്കാരല്ലാത്ത ജനവിഭാഗങ്ങൾ പാർത്തിരുന്ന ഭൂപ്രദേശങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. അവർ തങ്ങളുടെ ''കിരാതത്വ'' ത്തിൻെറ ഫലമായി ''സ്വർഗ്ഗപുത്രൻെറ'', അതായത് ചൈനീസ് ചക്രവർത്തിയുടെ സാമന്തരായിരുന്നു. ഇത്തരം സങ്കല്പങ്ങളെ ''അടിസ്ഥാന''മാക്കി ചൈനയുമായി ഏതെങ്കിലും കാലത്തു നിസ്സാരമായ സമ്പർക്കം പുലർത്തിയിരുന്ന പ്രദേശങ്ങൾപോലും ചൈനയുടേതായി കരുതപ്പെട്ടു.

തെക്കൻ അതിർത്തികളിൽ ചൈന എക്കാലത്തും വളരെ സജീവമായിരുന്നു. തെക്കൻപ്രദേശങ്ങളിൽ ചൈന നൂററാണ്ടുകളോളം ഊർജ്ജിതമായ അധിനിവേശം നടത്തി. തൽഫലമായി അയൽരാജ്യങ്ങളുടെ ഭൂമി കൈവശപ്പെടുത്തി രാജ്യവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും അതല്ലെങ്കിൽ ആ രാജ്യങ്ങളെ സാമന്തരാക്കുന്നതിനും ചൈനയ്ക്കു കഴിഞ്ഞു. ചൈനയുടെ ഈ നയത്തിന് അന്ന് അർത്ഥപൂർണ്ണവും അയൽരാജ്യങ്ങളെസംബന്ധിച്ചിടത്തോളം അശുഭസൂചകവുമായ ''ചാൻഷി'' (പട്ടുനൂൽപ്പുഴ ഇല കരണ്ടുതിന്നുന്നതുപോലെ അയൽരാജ്യങ്ങളുടെ ഭൂമി അല്പാല്പമായി കൈവശപ്പെടുത്തൽ)''[2] എന്ന പേരു ലഭിച്ചു.

ചൈനയുടെ സ്വാധീനത്തിൻെറ തോതനുസരിച്ചു രാജ്യങ്ങൾ നാലായി തരംതിരിക്കപ്പെട്ടിരുന്നു. തെക്കൻചൈനയിലെ ഒരു പ്രോവിൻസായ യുൻനാൻെറ സ്വാതന്ത്ര്യം സജീവമായ ചൈനീസ് അധിനിവേശത്തിൻെറ ഫലമായി ഇല്ലാതാക്കപ്പെട്ടു. കുറെക്കാലത്തേയ്ക്കു് വിയററ്നാം ചൈനയുടെ അധീനതയിലായിരുന്നു. ചൈനീസ് സംസ്കാരത്തിൻെറ ചില അംശങ്ങൾ സ്വീകരിച്ചുകൊണ്ടു പിന്നീടതു രാഷ്ട്രീയസ്വാതന്ത്ര്യം ആർജ്ജിച്ചു. കമ്പോഡിയ, ലാവോസ്, തായ്‌ലണ്ട്, ബർമ്മ എന്നീ രാജ്യങ്ങളാണു പിന്നീടുള്ളത്. അവിടങ്ങളിൽ ചൈനീസ്‌സംസ്കാരം ആഴത്തിൽ വേരിറക്കിയില്ല. എങ്കിലും അതിൻെറ സ്വാധീനം ഇടയ്ക്കിടെ അനുഭവപ്പെട്ടിരുന്നു. അവസാനമായി, മലയയുടേയും ഇന്തോനേഷ്യയുടേയും കാര്യം വിസ്മരിച്ചുകൂടാ. ആ രാജ്യങ്ങൾ പുരാതനകാലത്തു ചൈനയുമായി ചുരുങ്ങിയ സമ്പർക്കമേ പുലർത്തിയിരുന്നുള്ളു.

തെക്കൻ അതിർത്തികളിൽ ചൈന സ്വീകരിച്ച അധിനിവേശസമ്പ്രദായങ്ങൾ പണ്ടുതൊട്ടേ വൈവിധ്യമാർന്നതായിരുന്നു. അയൽപ്രദേശങ്ങളെ അധീനതായിലാക്കുന്നതിനുള്ള സമാധാനപരവും യുദ്ധപരവുമായ മാർഗ്ഗങ്ങൾ അവയിലുൾപ്പെട്ടിരുന്നു. ''ചൈനയുടെ പുരാതനമോ സമകാലികമോ ആയ തെക്കോട്ടുള്ള വിപുലനം കിരാതമായ ഒരു സാ

മ്രാജ്യതള്ളിക്കയററമായിരുന്നില്ല; തൽഫലമായി പ്രബലമായ പുതിയൊരു സംസ്കാരത്താൽ തെക്കൻരാജ്യങ്ങഠം സമ്പന്നമായതുമില്ല. ചൈനയാകുന്ന ബൃഹത്തായ ജലാശയത്തിൽനിന്നുള്ള ഊറൽ അഥവാ അല്പാല്പമായുള്ള വഴിഞ്ഞൊഴുകലായി വേണം ആ വിപുലനത്തെ കണക്കാക്കാൻ. അതിർത്തിയോടു തൊട്ടുള്ള പ്രദേശങ്ങഠം ഉള്ളിലാക്കിക്കൊണ്ടു ചൈന കൂടുതൽ വിസ്തൃതമാവുകയും പുതിയ പ്രദേശങ്ങളിലേക്കു് അതിൻെറ സ്വാധീനം വ്യാപിക്കുകയും ചെയ്തു. കച്ചവടത്തിനുവേണ്ടിയുള്ള നുഴഞ്ഞുകയററം, കർഷകകുടിയേററം, പട്ടണങ്ങളിൽ ചെറുകോളനികഠം സ്ഥാപിക്കൽ എന്നിവയുടെ സംയുക്തഫലമായിരുന്നു ആ വിപുലനം. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച ചൈനാക്കാരെ ആ പ്രദേശങ്ങളിലേക്കു നാടുകടത്തിയതും പ്രസ്തുത വിപുലനത്തിനു സഹായകമായിത്തീർന്നു. ഇതിനെല്ലാം ശേഷം, അവസാനഘട്ടത്തിൽമാത്രമാണു് ആ പ്രദേശങ്ങളിൽ രാഷ്ട്രീയനിയന്ത്രണം സ്ഥാപിക്കുകയും അവയെ ചൈനയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്തിരുന്നതു്. തെക്കൻപ്രദേശങ്ങളിൽ മിക്കയിടത്തും ആ ഘട്ടം ഇനിയും ആവിർഭവിച്ചിട്ടില്ല. ചില രാജ്യങ്ങളിൽ, ഉദാഹരണത്തിനു വിയററ്നാമിൽ, സ്ഥാപിക്കപ്പെട്ട രാഷ്ട്രീയനിയന്ത്രണം പിൽക്കാലത്തു കൂടുതൽ അയവുള്ള സാമന്തരാജ്യബന്ധമായി മാറിയെങ്കിലും ചൈനീസ് സ്വാധീനവും നാഗരികതയും അയൽരാജ്യങ്ങളിൽ ആഴത്തിൽ വേരിറക്കുന്നതിനും അവിടെനിന്നു മററു രാജ്യങ്ങളിലേക്കു വ്യാപിച്ചു് ആ രാജ്യങ്ങളുടെ സംസ്കാരത്തെ, മുഖ്യാംശങ്ങളിലല്ലെങ്കിലും, ബാധിക്കുന്നതിനും ആ നടപടികഠം പ്രത്യക്ഷമായോ പരോക്ഷമായോ കാരണമായിത്തീർന്നു.''3 കഴിഞ്ഞ നൂററാണ്ടുകളിൽ ചൈന തെക്കോട്ടു നടത്തിയ വിപുലനത്തിൻെറ സവിശേഷലക്ഷണങ്ങളിൽ പലതും ഇപ്പറഞ്ഞതിൽ ശരിയായുമടങ്ങിയിട്ടുണ്ടു്. ഇന്നത്തെ ഏഷ്യയിൽ ചൈനയ്ക്കുള്ള ഉദ്ദേശങ്ങഠം വിശകലനം ചെയ്യുമ്പോഠം ആ ലക്ഷണങ്ങഠം കണക്കിലെടുക്കാതിരുന്നുകൂടാ.

ചൈനയുടെ തെക്കോട്ടുള്ള വിപുലനത്തിൻെറ ദീർഘകാലചരിത്രത്തിൽനിന്നു് അതിനിയും നിലച്ചിട്ടില്ലെന്നു് അനുമാനിക്കാൻ സാധിക്കും. ''ഇന്നത്തെ സ്ഥിതി മന്ദമായ ഒരിടവേളയായി കാണപ്പെടുന്നുവെങ്കിലും ചൈനീസ് അധിനിവേശം വഴിമുട്ടി നില്ക്കുകയാണെന്നും അതിനാൽ ചൈനയുടെ തെക്കോട്ടുള്ള വിപുലനം അവസാനിച്ചിരിക്കുന്നെന്നും കരുതുന്നതു മിക്കവാറും അടിസ്ഥാനരഹിതമായിരിക്കും. അത്തരം നിഗമനം സാഹസികമാണു്. കാരണം, സന്ദിഗ്ദ്ധമായ തെളിവുകളും തീരെ ചുരുങ്ങിയ കാലത്തെ അനുഭവവുമാണു് അതിനാധാരമായിട്ടുള്ളതു്. സമകാലികചൈനയുടെ ഹൃദയഭാഗമായ യാങ്ങ്ത്സി താഴ്വരയിലേക്കു ചൈനീസ്സംസ്കാരം വ്യാപിക്കുകയും പിന്നീടവിടെ രാഷ്ട്രീ

യനിയന്ത്രണം സ്ഥാപിക്കപ്പെടുകയും ചെയ്തതിനുശേഷമുള്ള രണ്ടായിരത്തഞ്ഞൂറുവർഷക്കാലമത്രയും ചൈനയുടെ തെക്കോട്ടുള്ള നീക്കം ഇടയ്ക്കിടെ നിലയ്ക്കുകയും വീണ്ടും ത്വരിതമാവുകയും ചെയ്തുകൊണ്ടു തുടർന്നുപോരുന്നു. ഇടവേളകൾ വികാസഘട്ടങ്ങളെക്കാൾ ചുരുങ്ങിയവയായിരുന്നു. ചൈനയുടെ നീക്കങ്ങൾ പലപ്പോഴും വ്യക്തിപരവും അനൗദ്യോഗികവുമായിരുന്നു. പതിനഞ്ചാംനൂററാണ്ടിൽ, യുൻനാൻ പൂർണ്ണമായും ചൈനയുടെ അധീനതയിലാവുകയും വിയററ്നാമിൻെറ സ്വാതന്ത്ര്യം അംഗീകരിക്കപ്പെടുകയും ചെയ്തതോടുകൂടി നേരിട്ടുള്ള വിപുലനത്തിൻെറ ആദ്യഘട്ടം അവസാനിച്ചതായി കരുതപ്പെടുന്നു. പിന്നീടുള്ള നീക്കം സമുദ്രത്തെ ലക്ഷ്യമാക്കിയായിരുന്നു. മിങ്ങ്‌രാജവംശത്തിൻെറ തുടക്കത്തിൽ അതു് ഊർജ്ജിതമായെങ്കിലും അവരുടെ സമുദ്രാധിപത്യം നഷ്ടപ്പെട്ടതോടെ ആ നീക്കം ദീർഘകാലത്തേക്കു ക്ഷയിച്ചു. പിന്നീടു്, കൊളോണിയൽ ശക്തികൾക്കു് അദ്ധ്വാനശക്തി ആവശ്യമായി വന്നതിനെത്തുടർന്നു് ദക്ഷിണസമുദ്രപ്രദേശത്തെ രാജ്യങ്ങളിലേക്കു ചൈനാക്കാർ വൻതോതിൽ കുടിയേറിപ്പാർത്തപ്പോൾ അതിനു വീണ്ടും നല്ല ഉണർവ്വു തട്ടി. മഞ്ചൂറിയൻഗവണ്മെൻറ് ചൈനാക്കാരുടെ കുടിയേറിപ്പാർപ്പിനെ നിസ്സംഗതയോടെ വീക്ഷിക്കുകയും ചിലപ്പോഴെല്ലാം പരസ്യമായി അതിനെ എതിർക്കുകയും ചെയ്തു. രണ്ടാംലോകമഹായുദ്ധത്തിൻെറ ആരംഭത്തിനു തൊട്ടുമുമ്പു് ആ കുടിയേറിപ്പാർപ്പു് അവസാനിച്ചു.''4

ചൈനയുടെ തെക്കോട്ടുള്ള വിപുലനത്തിൻെറ പുതിയൊരു ഘട്ടമാണു നാമിപ്പോൾ ദർശിക്കുന്നതു്.

ഈ സാഹചര്യങ്ങളിൽ സമകാലികചൈന തെക്കൻപ്രദേശങ്ങളിൽ അനുവർത്തിക്കുന്ന അതിർത്തിനയം, പ്രത്യേകിച്ചും തെക്കൻ അയൽരാജ്യങ്ങളുടെ മുമ്പാകെ ഉന്നയിക്കുന്ന ഭൂപരമായ അവകാശവാദങ്ങൾ നമ്മുടെ സവിശേഷശ്രദ്ധയ്ക്കു പാത്രമാകേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഏതൊരു രാജ്യത്തിൻേറയും ഭാവിവിദേശനയത്തെ എക്കാലത്തും സൂചിപ്പിച്ചിരുന്നതും സൂചിപ്പിക്കുന്നതും അതിൻെറ അതിർത്തിനയമാണല്ലോ.

## 2. ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന സങ്കല്പം

കൊളോണിയൽ അടിമത്തത്തിനു കീഴ്പ്പെടുകയും സാമ്രാജ്യത്വശക്തികളുടെ സ്വാധീനമേഖലകളായി വിഭജിക്കപ്പെടുകയും ചെയ്യുമെന്നു വന്നിട്ടും അർദ്ധഫ്യൂഡൽ വ്യവസ്ഥിതിയിൽ കഴിഞ്ഞിരുന്ന ചൈന അതിൻെറ തെക്കോട്ടുള്ള രാജ്യവിപുലീകരണപദ്ധതികൾ ഉപേക്ഷിച്ചില്ല. ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിൽ ചൈനയിൽ രൂപമെടുത്ത ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന സങ്കല്പം ചൈനീസ് ഭരണവൃത്തങ്ങ

ളൂടെ ആ പദ്ധതികളെ വ്യക്തമാക്കുന്നു. ആ സങ്കല്പപ്രകാരം ചൈനയുടെ അതിർത്തികളെ വിദേശാക്രമണത്തിൽനിന്നു രക്ഷിക്കുന്ന മറയായി വർത്തിക്കുന്ന അയൽപ്രദേശങ്ങളെല്ലാം ചൈനയുടെ വകയാണ്. കാരണം, പണ്ടുകാലത്തു് ആ പ്രദേശങ്ങൾ ചൈനയുമായി ഏതെങ്കിലും നിലയിലുള്ള ബന്ധം പുലർത്തിയിരുന്നത്രെ. ചൈനീസ് ചക്രവർത്തിമാർ ആ ബന്ധത്തെ മേൽക്കോയ്മരാജ്യവും (ചൈനയും) സാമന്തരാജ്യങ്ങളും (അയൽരാജ്യങ്ങളും) തമ്മിലുള്ള ബന്ധമായി കരുതിയിരുന്നു. അയൽരാജ്യങ്ങൾ അതിൻെറ സാമന്തരാണെന്നുള്ള ചൈനയുടെ ഈ അവകാശവാദത്തിനു ദൃഢമായ യാതൊരടിസ്ഥാനവുമില്ല. ചൈനയുടെ ''അധീനതയിൽ'' കഴിഞ്ഞിരുന്ന രാജ്യങ്ങളിൽ അതിനുണ്ടായിരുന്ന സ്വാധീനം മുഖ്യമായും രാജവംശങ്ങൾ തമ്മിലുള്ള വിവാഹങ്ങൾ, അയൽരാജ്യങ്ങളിലെ ഭരണാധികാരികൾക്കു നല്കിയിരുന്ന ബഹുമതികൾ, വിവിധതരത്തിലുള്ള ധനസഹായങ്ങൾ, ചൈനീസ് നയതന്ത്ര സംഘങ്ങളെ അയയ്ക്കൽ എന്നിവയെ ആശ്രയിച്ചിരുന്നു. എന്നാൽ ആ സ്വാധീനത്തിനു് ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭരണപരമായ നിയന്ത്രണം ചൈന അവിടങ്ങളിൽ പലപ്പോഴും സ്ഥാപിച്ചിരുന്നില്ല. സ്വന്തം ദൃഷ്ടിയിൽ ലോകാധിപതിയായി കാണപ്പെടുന്നതിനുവേണ്ടി ചൈനീസ്ചക്രവർത്തിമാർ സാധാരണമായ വാണിജ്യ ഇടപാടുകളെപ്പോലും മേൽക്കോയ്മരാജ്യവും സാമന്തരാജ്യവും തമ്മിലുള്ള ബന്ധമായി വ്യാഖ്യാനിച്ചിരുന്നു. ചൈനയുടെ തെക്കൻ അയൽക്കാർക്കു പലപ്പോഴും അതിനെപ്പററി ഊഹംപോലും ഇല്ലായിരുന്നു. തെക്കൻരാജ്യങ്ങൾക്കു ചൈനയോടുണ്ടായിരുന്നെന്നു പറയപ്പെടുന്ന സാമന്തത്വം മിക്കപ്പോഴും കൊട്ടാരംസ്തുതിപാഠകന്മാരുടെ ഭാവനയിൽമാത്രം ഉടലെടുത്തതായിരുന്നു. ചൈനയ്ക്കു് ആ രാജ്യങ്ങളുടെ ഭൂപ്രദേശങ്ങളുടെമേൽ യഥാർത്ഥത്തിൽ നിയന്ത്രണമുണ്ടായിരുന്നില്ല. മേല്പറഞ്ഞ ''സാമന്തരാജ്യങ്ങളിൽ'' പലതും ''സ്വർഗ്ഗസാമ്രാജ്യ''ത്തിൽ ഒരിക്കലും ഉൾപ്പെട്ടിരുന്നില്ല.

ബ്രിട്ടനും ഫ്രാൻസിനുമെതിരെ 1840—1842—ൽ നടന്ന ''കറുപ്പുയുദ്ധ''ത്തിൽ ചിങ്ങ്സാമ്രാജ്യത്തിനുണ്ടായ പരാജയത്തിനുശേഷം സാമ്രാജ്യത്വശക്തികൾ ചൈനയെ തങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കാൻ തുടങ്ങിയതിനാൽ ദീർഘകാലത്തേയ്ക്കു ചൈനയ്ക്കു് അതിൻെറ തെക്കൻ അതിർത്തികളിലുണ്ടായിരുന്ന ഭൂപരമായ അവകാശവാദങ്ങൾ സഫലീകരിക്കാൻ കഴിഞ്ഞില്ല. സാമ്രാജ്യത്വശക്തികൾ അതിനെ കെട്ടിയേല്പിച്ച അസമകരാറുകളെ അവഗണിക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുകയെന്ന നയം പുലർത്തവെതന്നെ ചൈന തെക്കൻ രാജ്യങ്ങളെ അതിൻെറ കോളനികളാക്കാൻ പദ്ധതികളിട്ടുകൊണ്ടിരുന്നു. മാത്രമല്ല, കൂടുതൽ നല്ലൊരു കാലത്തിൻെറ പ്രതീക്ഷയിൽ തെക്കൻ

അയൽരാജ്യങ്ങളിലേക്കുള്ള ചൈനാക്കാരുടെ കുടിയേറിപ്പാർപ്പിനെ ത്വരിപ്പിക്കുകയും ചെയ്തു. തെക്കൻ അതിർത്തികളിൽ അതിൻെറ രാജ്യവിപുലീകരണപരമായ അവകാശവാദങ്ങൾക്ക് ഉപോൽബലകമായി കൂടുതൽ ന്യായങ്ങൾ ഉന്നയിക്കാൻ കഴിയുന്നതിനുവേണ്ടിയായിരുന്നു അതു്. ഒരു ചൈനീസ്ലേഖകൻ ഇപ്രകാരമെഴുതി: ''ചൈനയുടെ ഇത്രയേറെ മക്കൾ അന്യരാജ്യങ്ങളുടെ വിഭവശോഷണത്തിൽ ഏർപ്പെട്ടിരിക്കുകയും അന്യജനതകളുടെ മൂലധനവും നികുതി ചുമത്തപ്പെടുന്ന സ്വത്തും വർദ്ധിപ്പിക്കുകയും ചെയ്യുന്നതു ചൈനയെ സംബന്ധിച്ചിടത്തോളം ശരിയാണോ എന്നതാണു പ്രശ്നം. വിദേശങ്ങളിൽ പാർക്കുന്ന ചൈനാക്കാരുടെ യത്നങ്ങളിൽനിന്നും സംരംഭങ്ങളിൽനിന്നുമുള്ള നേട്ടങ്ങൾ കൂടുതൽ പൂർണ്ണമായി ആർജ്ജിക്കുന്നതിനായി തങ്ങളുടെ രാജ്യം ഏതെല്ലാം തന്ത്രങ്ങൾ പ്രയോഗിക്കുകയും ഏതെല്ലാം രീതികൾ കൈക്കൊള്ളുകയും ചെയ്യണമെന്നും കുടിയേറിപ്പാർക്കുന്നതിനുള്ള അനുമതിയുടെ ഫലമായി തനിപ്പെട്ട ചൈനീസ്പൗരന്മാർക്കും അവരുടെ കുടുംബങ്ങൾക്കും അവർക്കു ജോലിനല്കുന്നവർക്കും മാത്രമല്ല, മാതൃഭൂമിക്കുമാകമാനം എങ്ങനെ നന്മയുളവാക്കാൻ കഴിയുമെന്നുമുള്ള പ്രശ്നം ചിന്തിക്കുന്ന ചൈനാക്കാരുടെയിടയിൽ കൂടുതൽകൂടുതൽ സജീവമായി ചർച്ചചെയ്യപ്പെടുന്നു.''5

തെക്കൻ അയൽരാജ്യങ്ങളുടെ ഭൂപ്രദേശങ്ങളുടെമേൽ തികച്ചും അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന സങ്കല്പം ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിൽത്തന്നെ ചൈനീസ് വിദേശനയത്തിൽ പ്രായോഗികമായിക്കഴിഞ്ഞിരുന്നു. 1925–ൽ ഷാങ്ങ്ഹായിൽ പ്രസിദ്ധീകരിക്കപ്പെട്ട ''ചൈനയുടെ നഷ്ടപ്പെട്ട പ്രദേശങ്ങളുടെ ചരിത്രം'', 1932–ൽ അവിടെത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ട ''ചൈനയുടെ അതിർത്തികൾ'' എന്നീ പുസ്തകങ്ങളിലും മററു ചില കൃതികളിലും ആ പ്രദേശങ്ങളുടെ ഒരു നീണ്ട പട്ടിക കൊടുത്തിട്ടുണ്ടു്. വികസ്വരേഷ്യയിൽ കൊറിയ, സാബാഹിൻേറയും സാറവാക്കിൻേറയും ബ്രൂനെയുടേയും ഒട്ടുമുക്കാലും ഭാഗങ്ങൾ, സുലു ദ്വീപസമൂഹം, മലയ, സിംഗപ്പൂർ, ലാവോസ്, കമ്പോഡിയ, വിയററ്നാം, തായ്ലണ്ട്, ബർമ്മ, നേപ്പാൾ, ഭൂട്ടാൻ, സിക്കിം, ആസ്സാം, എന്നിവ അതിലുൾപ്പെടുന്നു. ചില ഭൂപടങ്ങളിൽ അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുടെ ചില പ്രദേശങ്ങൾപോലും ചൈനയുടേതാക്കി കാണിച്ചിരുന്നു. 1943–ൽ രണ്ടാംലോകമഹായുദ്ധം ഹിററ്ലർവിരുദ്ധമുന്നണിക്കു് അനുകൂലമായി മാറിയപ്പോൾ കുമിന്താങ്ങുപത്രങ്ങൾ ഏഷ്യയിൽ ചൈനയ്ക്കുള്ള ഭാവിപങ്കിനെ ഇങ്ങനെ വ്യാഖ്യാനിച്ചു: ''പൂർവ്വേഷ്യയിൽ പടിഞ്ഞാറു് ഇന്ത്യാമഹാസമുദ്രംതൊട്ടു കിഴക്കു ജപ്പാൻവരെയും തെക്കു് ആസ്ത്രേലിയതൊട്ടു

വടക്കു് അലാസ്കവരെയുമുള്ള വിസ്തൃതമായ ഭൂഭാഗങ്ങൾമുഴവൻ ഭാവിയിൽ ചൈനയുടേതായിരിക്കും. ആ പ്രദേശത്തിന്റെ അവിച്ഛിന്നതയുടേയും ഐശ്വര്യത്തിന്റേയും ചുമതല നാം വഹിക്കേണ്ടിവരും.'' അക്കാലത്തുതന്നെ ചൈനയ്ക്കു് അമിതമായ വിശപ്പുണ്ടായിരുന്നെന്നു് ഇതിൽനിന്നു വ്യക്തമാണു്. ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന സങ്കല്പം നിലനിന്നിരുന്നതിൽനിന്നുതന്നെ ചൈന ആ പ്രദേശങ്ങൾ ഇന്നല്ലെങ്കിൽ നാളെ പിടിച്ചടക്കാൻ ഉദ്ദേശിച്ചിരുന്നുവെന്നു മനസ്സിലാക്കാൻ കഴിയും.

ക്ഷമിന്താങ്ങ്ഭരണകാലത്തു് ചൈനയുടെ അതിർത്തികളിൽ നിലവിലിരുന്ന സ്ഥിതിയെ അംഗീകരിക്കാതിരുന്നതു തഥാകഥിതമായ ''ഭൂപടാക്രമണ''ത്തിന്റെ രൂപത്തിലാണു്. ചൈനയുടെ അതിർത്തികളെ വളരെയേറെ മാററി കാണിച്ചുകൊണ്ടുള്ള ഔദ്യോഗികഭൂപടങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടു് അതിർത്തിസംബന്ധമായ ഉടമ്പടികളെ മൗനമായി ചോദ്യംചെയ്യുകയെന്നതായിരുന്നു അതു്.

ചൈനാ ജനകീയറിപ്പബ്ലിക്ക് രൂപംകൊള്ളുകയും പ്രത്യേകിച്ചു്, ഏഷ്യയിൽ അനേകം സ്വതന്ത്രരാജ്യങ്ങൾ ആവിർഭവിക്കുകയും ചെയ്തതോടെ ചൈനയുടെ ഭൂപരമായ അവകാശവാദങ്ങൾ നിലയ്ക്കേണ്ടതായിരുന്നുവെന്നു തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ അതുണ്ടായില്ല. വിപ്ലവത്തിനുമുമ്പത്തെ പഴയ ചൈനയുടെ ഭരണകർത്താക്കളെപ്പോലെതന്നെ ഇന്നത്തെ ചൈനീസ്നേതൃത്വവും തെക്കൻ അതിർത്തികളിൽ രാജ്യവിപുലീകരണനയം അനുവർത്തിച്ചുപോരുന്നു.

പീക്കിങ്ങ്നേതൃത്വം ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന സങ്കല്പത്തെ മുറുകെപ്പിടിച്ചിരിക്കുന്നുവെന്നും അയൽരാജ്യങ്ങളുടെ പ്രദേശങ്ങൾ കൈയടക്കി ചൈനയുടെ അതിർത്തികൾ വികസിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നുവെന്നും കാണിക്കുന്ന അനേകം വസ്തുതകളുണ്ടു്. 1935—ൽ എഡ്ഗാർ സ്നോയ്ക്കു നല്കിയ ഒരഭിമുഖസംഭാഷണത്തിൽ ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' വീണ്ടെടുക്കുകയെന്നതു ചൈനയ്ക്കു താമസംവിനാ ചെയ്യേണ്ട കാര്യമാണെന്നു മാവോസേതുങ്ങ് പറയുകയുണ്ടായി.[6] 1939—ൽ പാർട്ടിപ്രവർത്തകർക്കുവേണ്ടി ''ചൈനീസ് വിപ്ലവവും ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയും'' എന്ന ഒരു പാഠപുസ്തകം യനാനിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിന്റെ രചയിതാക്കളിലൊരാളും പ്രസാധകനും മാവോസേതുങ്ങായിരുന്നു. ''നഷ്ടപ്പെട്ട പ്രദേശങ്ങളുടെ'' പ്രശ്നം ആ കൃതിയിൽ ഇങ്ങനെ വ്യാഖ്യാനിക്കപ്പെട്ടു. ''ചൈനയുടെമേൽ സൈനികവിജയങ്ങൾ നേടിക്കൊണ്ടു് സാമ്രാജ്യത്വശക്തികൾ അതിന്റെ ഭൂപ്രദേശങ്ങളും അതിന്റെ അധീനതയിൽ കഴിഞ്ഞിരുന്ന പല രാജ്യങ്ങളും പിടിച്ചടക്കി. കൊറിയ, തയ്വാൻ, ര്യുക്യുദ്വീപുകൾ, പെസ്കഡോർദ്വീപുകൾ, പോർട്ട് ആർതർ എന്നിവ ജപ്പാനും ബർമ്മ, ഭൂട്ടാൻ, നേപ്പാൾ,

ഹോങ്കോങ്ങ് എന്നിവ ബ്രിട്ടനും കൈയടക്കി. ഫ്രാൻസ് അന്നാം (ഇന്നത്തെ വിയററ്നാമിന്റെ വടക്കുഭാഗം—പ്രസാ.) പിടിച്ചെടുത്തു. വെറും ചെറിയൊരു രാജ്യമായ പോർത്തുഗൽ നമ്മുടെ ആവോമിൻ കൈവശപ്പെടുത്തി.'' സാമ്രാജ്യത്വശക്തികൾ ''ചൈനയ്ക്കു ചുററുമുണ്ടായിരുന്നതും അതിന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്നതുമായ പല രാഷ്ട്രങ്ങളും'' കൈക്കലാക്കിയതു ചൈനാക്കാരെ സംബന്ധിച്ചിടത്തോളം ഭയങ്കരമായ ഒരു നഷ്ടമായിരുന്നെന്നു അതിൽ പ്രസ്താവിക്കപ്പെട്ടു.

അധികാരത്തിൽ വന്നതിനുശേഷം മാവോ ഈ പ്രശ്നത്തിൽ കൂടുതൽ ന്യായയുക്തമായ നിലപാടു കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കാമായിരുന്നു, പ്രത്യേകിച്ചും ഏഷ്യയിൽ നവസ്വതന്ത്രരാഷ്ട്രങ്ങൾ രൂപംകൊണ്ടുവെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ. എന്നാൽ അങ്ങനെയൊന്നുമുണ്ടായില്ല... ശാന്തസമുദ്രപ്രദേശത്തു ചൈനയ്ക്കുള്ള ഉദ്ദേശങ്ങളെ 1958 ജൂണിൽ മാവോസേതുങ്ങ് എത്രയും ഭീഷണമായി വെളിപ്പെടുത്തി: ''ഇന്നത്തെ ശാന്തസമുദ്രം യഥാർത്ഥത്തിൽ അത്രയ്ക്കൊന്നും ശാന്തമല്ല. ഭാവിയിൽ അതു നമ്മുടെ നിയന്ത്രണത്തിലാവുമ്പോൾ അതിനെ ശാന്തമെന്നു കരുതാം.'' 1950—ൽ പി.ആർ.സി.യുടെ ആദ്യത്തെ ഔദ്യോഗികഭൂപടം പ്രസിദ്ധീകരിക്കപ്പെട്ടു. പാമീരിലും ഹിമാലയത്തിലും തെക്കുകിഴക്കൻ പ്രദേശത്തും ചൈനയുടെ അതിർത്തികൾ രേഖപ്പെടുത്തിയിരുന്നതു ''നിർണ്ണയിക്കപ്പെടാത്തതാ''യോ അഥവാ അതിർത്തിസംബന്ധമായ മുൻ ഉടമ്പടികൾക്കു വിരുദ്ധമായോ ആണ്. 1954—ൽ ''സമകാലികചൈനയുടെ സംക്ഷിപ്തചരിത്രം'' എന്ന കൃതി പീക്കിങ്ങിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽ ''സാമ്രാജ്യവാദികൾ ചൈനയിൽനിന്നു തട്ടിയെടുത്ത പ്രദേശങ്ങളുടെ'' ഭൂപടം ചേർത്തിരുന്നു. നേപ്പാൾ, ഭൂട്ടാൻ, സിക്കിം, ആസ്സാം, ആൻഡമാൻദ്വീപുകൾ, ബർമ്മ, മലയ, തായ്ലണ്ട്, വിയററ്നാം, ലാവോസ്, കമ്പോഡിയ, സുലുദ്വീപുകൾ, ര്യൂക്യൂദ്വീപുകൾ, കൊറിയ എന്നിവ ''തട്ടിയെടുക്കപ്പെട്ട ചൈനീസ്പ്രദേശങ്ങ''ളായി കാണിക്കപ്പെട്ടു. ഏഷ്യയിലെ വികസ്വരരാജ്യങ്ങൾ പ്രതിഷേധിച്ചെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ ആ ഭൂപടങ്ങളിൽ മാററങ്ങൾ വരുത്തേണ്ടതായി പീക്കിങ്ങിലുള്ളവർ കരുതിയില്ല. മാത്രമല്ല, 1972—ൽ പീക്കിങ്ങിൽ പ്രസിദ്ധീകരിച്ച ''ലോകഭൂപടഗ്രന്ഥ''ത്തിൽ ചൈനയ്ക്ക് അതിന്റെ അയൽരാജ്യങ്ങളുടെമേലുള്ള അവകാശവാദങ്ങൾക്കു സ്ഥിരീകരണം നല്കുകയും ചെയ്തു.

ഇന്നത്തെ പീക്കിങ്ങ്നേതൃത്വം പഴയ ചൈനയിൽനിന്നു ''നഷ്ടപ്പെട്ട പ്രദേശങ്ങൾ'' എന്ന വിപുലനവാദപരമായ സങ്കല്പത്തേയും അതിന്റെ ഉപകരണങ്ങളിലൊന്നായ ''ഭൂപടാക്രമണ''ത്തേയും പൂർണ്ണമായി ഉൾക്കൊണ്ടു.

## 3. സന്ദിഗ്ദ്ധാർത്ഥകമായ അതിർത്തിനയം

1949–നുശേഷമുള്ള ചൈനയുടെ അതിർത്തിനയം അയൽരാജ്യങ്ങളുടെ പ്രദേശങ്ങളാൽ ചൈനയുടെ വിസ്തീർണ്ണം കൂട്ടുന്നതിനുള്ള ചൈനീസ് നേതൃത്വത്തിന്റെ അഭിലാഷത്തിനു സാക്ഷ്യം വഹിക്കുന്നു.

പി.ആർ.സി.യുടെ അതിർത്തിനയം അങ്ങേയററം സന്ദിഗ്ദ്ധാർത്ഥകമാണു്. അതിർത്തികൾ കൃത്യമായി നിർണ്ണയിക്കുകയും അയൽരാജ്യങ്ങളുമായുള്ള അതിർത്തിത്തർക്കങ്ങളുടെ സാരം മനസ്സിലാക്കി അവ ഒത്തുതീർക്കുകയും അതിർത്തികൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതു് ഏതൊരു രാഷ്ട്രത്തിന്റേയും പ്രഥമകടമകളിലൊന്നാണു്. ചൈനയുടെ നടപടികളാകട്ടെ തികച്ചും അസാധാരണമായിരുന്നു. ഒരു വശത്തു്, പി. ആർ.സി.യുടെ ആവിർഭാവംമുതല്ക്കേ അയൽരാജ്യങ്ങളുടെ പ്രദേശങ്ങൾ ചൈനയുടേതായി കാണിക്കുന്ന ഔദ്യോഗികഭൂപടങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടു കുമിന്താങ്ങുമട്ടിലുള്ള ''ഭൂപടാക്രമണങ്ങൾ'' പീക്കിങ്ങ് തുടർന്നുപോന്നു. ഏഷ്യയിലെ അയൽരാജ്യങ്ങൾ അതിൽ സ്വാഭാവികമായും ഉൽക്കണ്ഠ പ്രകടിപ്പിച്ചപ്പോൾ അതിർത്തികൾ തിട്ടപ്പെടുത്താൻ ചൈനീസ്ഗവണ്മെൻറിനു സമയമില്ലെന്നും അതിനാൽ വിപ്ലവത്തിനുമുമ്പത്തെ ഭൂപടങ്ങൾക്കനുസരിച്ചാണു് അതിർത്തികൾ തൽക്കാലം കൊടുത്തിരിക്കുന്നതെന്നുമാണു ചൈനീസ്പ്രതിനിധികൾ മറുപടി നല്കിയതു്. മറുവശത്തു്, അയൽരാജ്യങ്ങളുമായി അതിർത്തിപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിൽനിന്നു ചൈനീസ്നയതന്ത്രജ്ഞന്മാർ പലതരത്തിലും ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. അതിർത്തിപ്രശ്നങ്ങൾക്കു് അന്ത്യതീരുമാനം ഉണ്ടാവുന്നതുവരെ തൽക്കാലസ്ഥിതി തുടരുന്നതായിരിക്കും ഉചിതമെന്നു് അവർ അഭിപ്രായപ്പെട്ടു.

ഏഷ്യയിലെ വികസ്വരരാജ്യങ്ങളുമായുള്ള അതിർത്തിപ്രശ്നങ്ങളുടെ തീരുമാനം നീട്ടിവച്ചുകൊണ്ടു് സ്വന്തം സൈനിക–സാമ്പത്തികശക്തി വർദ്ധിപ്പിക്കാനും അങ്ങനെ അതിർത്തികളിൽ അനുകൂലമായ ശാക്തികാനുപാതം സൃഷ്ടിക്കാനും തക്കസമയത്തു പരമാവധി പ്രദേശങ്ങളുടെമേൽ അവകാശമുയർത്തുന്നതിനുവേണ്ടി കൈകൾ സ്വതന്ത്രമാക്കി വയ്ക്കാനുമാണു ചൈന കണക്കുകൂട്ടുന്നതു്. കാലത്തിന്റെ ഗതി ചൈനയ്ക്കനുകൂലമായിട്ടാണെന്നും അതിനാൽ അതിർത്തിനിർണ്ണയം നീട്ടിവയ്ക്കുന്നതുകൊണ്ടു ഭാവിയിൽ അതിന്റെ തെക്കൻ അയൽരാജ്യങ്ങളിൽനിന്നു കൂടുതൽ പ്രദേശങ്ങൾ കൈവശപ്പെടുത്താൻ കഴിയുമെന്നും പീക്കിങ്ങ് കരുതുന്നു. സ്വാഭാവികമായും ചൈനീസ്നേതൃത്വത്തിന്റെ ഇത്തരം നിലപാടു് ഏഷ്യയിലെ വികസ്വരരാജ്യങ്ങളിൽ വലിയ ഉൽക്കണ്ഠയുളവാക്കി. ഈ പ്രശ്നത്തെസംബന്ധിച്ചു് ഔദ്യോഗികവിശദീകരണം നല്കാൻ

ആ രാജ്യങ്ങൾ ചൈനയോടു വ്യത്യസ്തമാർഗ്ഗങ്ങളിലൂടെ ആവശ്യപ്പെട്ടു. തെക്കൻ അയൽരാജ്യങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള ശ്രമത്തിൽ 1955 ഏപ്രിലിൽ ആഫ്രോ–ഏഷ്യൻരാജ്യങ്ങളുടെ ബന്ദൂങ്ങ്സമ്മേളനത്തിൽവച്ചു തികച്ചും സന്ദിഗ്ദ്ധാർത്ഥകമായി ഇപ്രകാരം പ്രസ്താവിക്കാനേ ചൌ എൻ–ലായ്ക്കു കഴിഞ്ഞുള്ളു: ''മററു രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തേയും ഭൂപരമായ അവിച്ഛിന്നതയേയും ഞങ്ങൾ മാനിക്കുന്നു. ബർമ്മയുടെ സ്വാതന്ത്ര്യത്തെ ഞങ്ങൾ മാനിക്കുന്നുവെന്ന് ആ രാജ്യവുമായുള്ള ഞങ്ങളുടെ ബന്ധം തെളിയിച്ചു. ഭൂപരമായ അവിച്ഛിന്നതയുടെ കാര്യമാണെങ്കിൽ ചൈനയ്ക്കു മററു രാജ്യങ്ങളുടെ പ്രദേശങ്ങളുടെമേൽ യാതൊരവകാശവാദവുമില്ല. നാലു രാജ്യങ്ങളുമായി ഞങ്ങൾക്കു പൊതുവായ അതിർത്തിയുണ്ട്. അവയിൽ ചില രാജ്യങ്ങളുമായി ഞങ്ങൾ ഇതേവരെ അതിർത്തിരേഖയ്ക്ക് അന്ത്യരൂപം നല്കിയിട്ടില്ല. അവയോടൊത്ത് അതു നിർണ്ണയിക്കാൻ ഞങ്ങൾ സന്നദ്ധരാണ്. എന്നാൽ മേല്പറഞ്ഞ അതിർത്തികൾ ഇനിയും നിർണ്ണയിക്കപ്പെടാതെയാണു കിടക്കുന്നതെന്ന് ഊന്നിപ്പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതിർത്തി ലംഘിച്ച് ഒരു ചുവടുപോലും വയ്ക്കുന്നതിൽനിന്നു ഞങ്ങളുടെ ഗവണ്മെൻറിനേയും ജനതയേയും പിടിച്ചുനിർത്താൻ ഞങ്ങൾ തയ്യാറാണ്... അയൽരാജ്യങ്ങളുമായുള്ള അതിർത്തിനിർണ്ണയത്തിനു സമാധാനപരമായ മാർഗ്ഗങ്ങൾമാത്രമേ ഞങ്ങൾ സ്വീകരിക്കുകയുള്ളു; ഇതരമാർഗ്ഗങ്ങളുടെ പ്രയോഗം ഞങ്ങൾ അനുവദിക്കില്ല. ഏതു സാഹചര്യത്തിലും ഞങ്ങൾ ഈ നിലപാടിൽ ഉറച്ചുനില്ക്കും.''7

ഈ പ്രസ്താവന ആത്മാർത്ഥമാണെന്നു പറഞ്ഞുകൂടാ. ഒന്നാമതായി, വികസ്വരേഷ്യയിൽ ചൈനയ്ക്കു നാലു രാജ്യങ്ങളുമായല്ല പൊതുവായ അതിർത്തികളുള്ളത്. നേപ്പാൾ, ഭൂട്ടാൻ, അഫ്ഗാനിസ്ഥാൻ, ഇന്ത്യ, ബർമ്മ, ലാവോസ് എന്നീ രാജ്യങ്ങളുമായി ചൈനയ്ക്കു പൊതുവായ അതിർത്തികളുണ്ട്. ചൈനയുമായി അതിർത്തികളുള്ള രാജ്യങ്ങളുടെ എണ്ണം മനഃപൂർവ്വം കുറച്ചുകാണിക്കുന്നതിൻെറ ഫലമായി ഏഷ്യയിലെ അയൽരാജ്യങ്ങളുടെ പരമാധികാരത്തിൽ സംശയം ജനിപ്പിക്കുന്നതിനും അങ്ങനെ ചൈനയുടെ ഭൂപരമായ അവകാശവാദങ്ങൾ മുൻവയ്ക്കാനും സാക്ഷാൽക്കരിക്കാനും പററിയ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുമെന്നു ചൌ എൻ–ലായ് കരുതി. രണ്ടാമതായി, തെക്കൻ അയൽരാജ്യങ്ങളുടെ പരമാധികാരത്തേയും ഭൂപരമായ അവിച്ഛിന്നതയേയും മാനിക്കുന്നതായി പ്രസ്താവിച്ചതിനോടൊപ്പംതന്നെ ആ രാജ്യങ്ങളുമായുള്ള അതിർത്തിപ്രശ്നങ്ങൾ ഇതേവരെ തീരുമാനിക്കപ്പെട്ടിട്ടില്ലെന്നും ഭാവിയിൽ, അതായതു ചൈനയെ സംബന്ധിച്ചിടത്തോളം സാഹചര്യങ്ങൾ മെച്ചപ്പെടുമ്പോൾ ആ പ്രശ്നങ്ങൾ ചർച്ചചെയ്യേണ്ടതു് ആവശ്യമാണെന്നും

ചൌ എൻ—ലായ് ഊന്നിപ്പറയുകയുണ്ടായി. മഹച്ഛക്തികഠം ചെറിയ രാജ്യങ്ങളെ കാര്യമായി ഗണിക്കാറില്ലെന്നും ചൈന മഹച്ഛക്തികളി ലൊന്നാണെന്നും പ്രസ്താവിച്ചുകൊണ്ടു തെക്കൻ അയൽരാജ്യങ്ങളെ ഭയ പ്പെടുത്താനും ചൌ എൻ—ലായ് ആ പ്രസംഗത്തിൽ ശ്രമിച്ചു. മൂന്നാ മതായി, ബർമ്മയുടെ വടക്കൻപ്രദേശങ്ങളിലെ വിയോജനവാദികഠം ക്കു പിന്തുണ നല്കിക്കൊണ്ടു ചൈന ആ രാജ്യത്തിൻെറ പരമാധികാര ത്തെ ലംഘിക്കുന്നുവെന്ന സംഗതി 1955—ൽത്തന്നെ ലോകസമുദായ ത്തിൻെറ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞിരുന്നു. നാലാമതായി, അതിർത്തി പ്രശ്നങ്ങഠം സമാധാനപരമായി തീരുമാനിക്കാമെന്നുള്ള ഉറപ്പ് വികസ്വ രേഷ്യയിലെ ജനതകളുടേയും ഗവണ്മെൻറുകളുടേയും ജാഗരൂകത കെടുത്തു ന്നതിനുള്ള വെറുമൊരു തന്ത്രമായിരുന്നെന്നു ചൈനയുടെ തെക്കൻ അതിർ ത്തിയിൽ, പ്രത്യേകിച്ചും ഇന്ത്യയുമായുള്ള അതിർത്തിയിൽ പിന്നീടുണ്ടാ യ സംഭവവികാസങ്ങഠം തെളിയിച്ചു.

ചുരുക്കിപ്പറഞ്ഞാൽ, ഏഷ്യൻ രാഷ്ട്രത്തലവന്മാരുമായുള്ള കൂട്ടസംഭാ ഷണത്തിൽവച്ച്—ബന്ദൂങ്ങ് സമ്മേളനത്തെ തീർച്ചയായും അങ്ങനെ യാണു വിളിക്കേണ്ടതു്—അയൽരാജ്യങ്ങളുടെമുമ്പാകെ അതിർത്തിയെ സംബന്ധിച്ചു മൂർത്തമായ അവകാശവാദങ്ങഠം ഉന്നയിക്കാൻ ചൈന ഒരുമ്പെട്ടില്ലെങ്കിലും പല സ്വതന്ത്രരാഷ്ട്രങ്ങളുടേയുംമേലുള്ള അതിൻെറ അവകാശവാദങ്ങഠം പിൻവലിക്കുകയുണ്ടായില്ല.

മാവോ വികസ്വരേഷ്യയിൽ ഉന്നയിച്ച മഹച്ഛക്തിമന്യമായ അവ കാശവാദങ്ങളെ എതിർത്തിരുന്ന ശക്തികഠം 50—കളുടെ മദ്ധ്യത്തിൽ ചൈനയിൽ ഉണ്ടായിരുന്നെന്നു് ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. ''ജെൻമിൻജിഹ്പാവോ'' പത്രം 1956 ഡിസമ്പർ 29—ാംതീയതി എഴുതിയ മുഖപ്രസംഗം അതിനുള്ള തെളിവുകളിലൊന്നാണു്. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: ''ഹാൻ, മിങ്ങ്, ചിങ്ങ് എന്നീ രാജ വംശങ്ങളുടെ കാലത്തു ചൈന ഒരു മഹാസാമ്രാജ്യമായിരുന്നെന്നും ആക്ര മണവിധേയമായതിനാൽ പത്തൊമ്പതാംനൂററാണ്ടിൻെറ ഉത്തരാർദ്ധംമു തൽക്കു് ഏതാണ്ടു നൂറുവർഷത്തോളം അർദ്ധകോളനിയായി കഴിഞ്ഞി രുന്ന ചൈന സാമ്പത്തികവും സാംസ്കാരികവുമായി ഇന്നുവരെ പിന്നോ ക്കരാജ്യമാണെന്നുവരികിലും സാഹചര്യങ്ങഠം മാറിവരുന്നതോടെ മഹ ച്ഛക്തിഷോവിനിസത്തിനുള്ള പ്രവണത, അതിനെ എല്ലാത്തരത്തി ലും ചെറുത്തുനില്ക്കാത്തപക്ഷം, ഗുരുതരമായ ഒരാപത്തായിത്തീരു മെന്നും ചൈനാക്കാരായ നമ്മഠം പ്രത്യേകം ഓർമ്മിക്കണം. നമ്മു ടെ ചില പ്രവർത്തകരുടെയിടയിൽ അത്തരം ആപത്തു പ്രകടമായിത്തു ടങ്ങിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.'' ദുർഭാഗ്യമെന്നു പറയട്ടെ, ചൈനയിലെ സാർവ്വദേശീയവാദികളായ കമ്മ്യൂണി

സ്റ്റുകാർ പ്രതീക്ഷിച്ചതിലും നേരത്തെതന്നെ ഈ പ്രവചനം ഒരു യാഥാർത്ഥ്യമായിത്തീർന്നു.

ആഭ്യന്തരോപഭോഗത്തിനുവേണ്ടി ചൈനയിൽ പരിപോഷിപ്പിച്ചുവരുന്ന ഫ്യൂഡൽകാലഘട്ടത്തിന്റേതായ ഗ്രേററ്ഹാൻ ആശയങ്ങളും ചൈനീസ്ജനതയ്ക്കു മററെല്ലാ ജനതകളുടേയുംമേൽ ഉണ്ടായിരുന്നതായി പറയപ്പെടുന്ന ആധിപത്യത്തെപ്പററിയുള്ള സങ്കല്പങ്ങളും 60–കളുടെ ആരംഭത്തിൽത്തന്നെ ഇന്നത്തെ ചൈനീസ്നേതൃത്വത്തിനിടയിൽ പ്രബലമായിക്കഴിഞ്ഞിരുന്നു. ചൈനാകേന്ദ്രവാദം പീക്കിങ്ങിന്റെ വിദേശനയത്തിന്റെ അടിസ്ഥാനമായിത്തീർന്നു. മാർക്സിസ്റ്റ്–ലെനിനിസ്റ്റ് വിദേശനയത്തിന്റെ അടിസ്ഥാനതത്വങ്ങളെ കാററിൽ പറപ്പിച്ചുകൊണ്ടു് പീക്കിങ്ങ്നേതൃത്വം സമകാലികരാഷ്ട്രീയരംഗത്തു ചൈനയ്ക്കുള്ള ''മദ്ധ്യ'' സ്ഥാനം എന്ന ഭൂരാഷ്ട്രതന്ത്രപരമായ സങ്കല്പത്തെ തങ്ങളുടെ ആയുധമായെടുത്തു. പീക്കിങ്ങിന്റെ ഈ ഭൂരാഷ്ട്രതന്ത്രസമീപനം വികസ്വരേഷ്യൻരാജ്യങ്ങളുമായുള്ള അതിർത്തിയിൽ സംഘർഷം വർദ്ധിക്കുന്നതിനുള്ള മറെറാരു കാരണമായിത്തീർന്നു.

അയൽരാജ്യങ്ങളുടെമേലുള്ള ഭൂപരമായ അവകാശവാദങ്ങളെ ന്യായീകരിക്കാൻ പററിയ ''സൈദ്ധാന്തികാ''ടിത്തറ കണ്ടെത്തുന്നതിനായി പീക്കിങ്ങ് കൊണ്ടുപിടിച്ച ശ്രമമാണു നടത്തുന്നതു്. ഇതോടനുബന്ധിച്ച്, 1911–ലെ ചൈനീസ് ബൂർഷ്വാവിപ്ലവത്തിന്റെ 50–ാം വാർഷികം പ്രമാണിച്ചു പീക്കിങ്ങിൽ കൂടിയ സമ്മേളനത്തിൽ പ്രകടമായ മനോഭാവം ശ്രദ്ധേയമാണു്. ''രാജ്യവിപുലീകരണത്തിനു ശ്രമിക്കുന്നവരെ ആക്രമണകാരികളെന്നു മുദ്രയടിക്കുകയും, ക്ഷയിക്കുകയും നശിക്കുകയും ചെയ്യുന്നവരെ ആക്രമണവിധേയരെന്നു വിളിച്ച് അവരോടു സഹതാപം പ്രകടിപ്പിക്കുകയും ചെയ്തുകൂടാ'' എന്നു് അവിടെവച്ചു പറയുകയുണ്ടായി. ഒരു റിപ്പോർട്ടിൽ ഇങ്ങനെ തുറന്നു പ്രസ്താവിക്കപ്പെട്ടു: ''അക്കാലങ്ങളിൽ രാജ്യവിപുലീകരണം നടത്തിയിരുന്ന ജനതകളും രാഷ്ട്രങ്ങളും നിയമാനുബദ്ധമായ പുരോഗതിയുടേയും സാമ്പത്തികോണർവ്വിന്റേയും, ക്ഷയിക്കുകയും നശിക്കുകയും ചെയ്തുകൊണ്ടിരുന്ന രാഷ്ട്രങ്ങൾ അധോഗതിയുടേയും ഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നു. അന്തർദ്ധാനം ചെയ്യുന്നതൊന്നും സഹതാപം അർഹിക്കുന്നില്ല, സാമൂഹ്യപുരോഗതിയുടെ നിയമങ്ങൾക്കു് അനുഗുണമായതാകട്ടെ ആദരവർഹിക്കുന്നു.''[8] അതിർത്തിപ്രശ്നങ്ങളുടെ തീരുമാനത്തിൽ ഇത്തരം നിലപാടെടുക്കുകയും സാമൂഹ്യവികാസനിയമങ്ങളെ അശാസ്ത്രീയമായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന ചൈനയ്ക്കു് അതിന്റെ അയൽരാജ്യങ്ങളെ അന്തർദ്ധാനം ചെയ്യുന്നവയുടെ കൂട്ടത്തിൽപ്പെടുത്താൻ യാതൊരു പ്രയാസവുമില്ല. പിന്നീടവയെ വെട്ടിവിഴുങ്ങാൻ ശ്രമം നടത്തുകയുമാവാം. സ്വന്തമായി കരുതുന്ന

പ്രദേശങ്ങളുടെ പട്ടിക അയൽരാജ്യങ്ങളുടെ മുമ്പാകെ വയ്ക്കുമെന്നു ചൈന അവയെ ഇടയ്ക്കിടെ ഭീഷണിപ്പെടുത്തുന്നു. മാത്രമല്ല, അതിലേക്കുള്ള പല നടപടികളും ചൈന കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു.

അയൽക്കാരായ പരമാധികാരരാഷ്ട്രങ്ങളുമായുള്ള അതിർത്തിപ്രശ്നങ്ങളുടെ തീരുമാനത്തോടുള്ള സ്വന്തം പൊതുസമീപനം പീക്കിങ്ങ് ഇപ്രകാരം ആവിഷ്കരിക്കുന്നു: ''മുൻചൈനീസ് ഗവണ്മെൻറുകൾ ഒപ്പുവച്ചിട്ടുള്ള ഉടമ്പടികൾ, ചരിത്രത്തിൻെറ സംഭാവനകളായ ഉടമ്പടികൾ, പുനഃപരിശോധന നടത്തി അവയെ അംഗീകരിക്കുകയോ അസാധുവാക്കുകയോ തിരുത്തുകയോ അഥവാ വീണ്ടും ചർച്ചയ്ക്കു വിധേയമാക്കുകയോ ചെയ്യുക... ഭൂതകാലത്തിൽനിന്നു പിന്തുടർച്ചയായി കിട്ടിയ തർക്കങ്ങളുടെ കാര്യത്തിൽ സാഹചര്യങ്ങൾ പക്വമാകുമ്പോൾ അവ സമാധാനപരമായി, കൂടിയാലോചനകളിലൂടെ പരിഹരിക്കണമെന്നും ഒത്തുതീർപ്പുണ്ടാകുന്നതുവരെ ഇന്നത്തെ സ്ഥിതി തുടരണമെന്നുമുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്.''[9]

അഫ്ഗാനിസ്ഥാൻ, ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബർമ്മ, ലാവോസ് എന്നീ പരമാധികാരരാഷ്ട്രങ്ങളുമായി പൊതുവായ അതിർത്തികളുള്ള ചൈന ആ രാജ്യങ്ങളുമായി അതിർത്തിത്തർക്കങ്ങൾ ഒത്തുതീർക്കാൻ ധൃതി കാണിക്കുന്നില്ല. പീക്കിങ്ങിൻെറ അമാന്തത്തിനുപിന്നിലുള്ള ഉദ്ദേശങ്ങളെപ്പററി ഊഹിക്കാനേ കഴിയൂ. ചൈന അതിർത്തിക്കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതു് ബർമ്മ (1960), നേപ്പാൾ (1961), അഫ്ഗാനിസ്ഥാൻ (1963), പാക്കിസ്ഥാൻ (1963) എന്നീ രാജ്യങ്ങളുമായി മാത്രമാണ്. ആ കരാറുകളിൽ ചിലവ പ്രാരംഭികസ്വഭാവത്തോടു കൂടിയവയോ മൂന്നാംരാഷ്ട്രങ്ങളാൽ ചോദ്യംചെയ്യപ്പെടുന്നവയോ ആണുതാനും.

അതിർത്തിപ്രശ്നങ്ങൾസംബന്ധിച്ച ബർമ്മയുമായി എത്തിച്ചേർന്ന കരാർ അന്താരാഷ്ട്രരംഗത്തു് അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാതൃകയായി ചൈന എടുത്തുകാണിക്കുന്നു. ചൈനയുടെ ഭാഗത്തുനിന്നു കൂടെക്കൂടെയുണ്ടായ അതിർത്തിലംഘനത്തെത്തുടർന്നു് ബർമ്മ മുൻകൈ എടുത്തതിൻെറ ഫലമായാണ് ആ പ്രശ്നത്തിൻെറ ചർച്ച ആരംഭിച്ചതു്. ഇരുരാജ്യങ്ങളും തമ്മിൽ അതിർത്തിസംബന്ധമായുണ്ടായ ഒത്തുതീർപ്പിനു് ഉറപ്പില്ലെന്ന കാര്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ബർമ്മയുമായി ഒപ്പുവച്ച ഉടമ്പടിയെ മാനിക്കാൻ ചൈന കൂട്ടാക്കുന്നില്ല. ചൈനയുടെ പക്ഷത്തുനിന്നുള്ള അതിർത്തിലംഘനങ്ങളെപ്പററിയും ചൈനീസ് പൗരന്മാർ ബർമ്മയിലേക്കു് ഒളിച്ചുകടക്കുന്നതിനെപ്പററിയും ബർമ്മയുടെ വടക്കൻ പ്രദേശങ്ങളിലുള്ള വിയോജനവാദികൾക്കു ചൈന നല്കുന്ന പിന്തുണയെപ്പററിയും ചൈനയുടെ വരുതിയിലുള്ള

''പ്രത്യേകപ്രദേശ''ങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളെപ്പററിപ്പോലു മുള്ള ധാരാളം വാർത്തകൾ ഏഷ്യൻപത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെ ടുകയുണ്ടായി. ചൈനീസ് സൈന്യവിഭാഗങ്ങൾ ബർമ്മയുടെ പ്ര ദേശത്തേക്കു തള്ളിക്കയറുന്നതായി ലോകപത്രങ്ങൾ ഇടയ്ക്കിടെ അറിയി ക്കുന്നു. ചൈനയുടെ ഈ നടപടികളെല്ലാം ബർമ്മയുമായുള്ള ഉടമ്പടിയ്ക്കു കടകവിരുദ്ധമായവയാണ്.

ചൈനയും നേപ്പാളുമായി അതിർത്തിപ്രശ്നങ്ങളിൽ ഒത്തുതീർപ്പുണ്ടാ യതു് എളുപ്പത്തിലൊന്നുമല്ല. 1950–ൽ ടിബററിൽ പ്രവേശിച്ചതിനെ ത്തുടർന്നു് നേപ്പാളിൻെറ ''വിമോചനം'' ഉടനടി ആരംഭിക്കാൻ ഉദ്ദേ ശിക്കുന്നതായി പീക്കിങ്ങ് പ്രഖ്യാപിച്ചുവല്ലോ. അതിർത്തിപ്രശ്നങ്ങൾ ഒത്തുതീർപ്പിലെത്തിക്കുന്നതിനുവേണ്ടി കൂടിയാലോചനകൾ തുടങ്ങാൻ 1956–ൽത്തന്നെ നേപ്പാൾ നിർദ്ദേശിച്ചെങ്കിലും ആ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിൽനിന്നും പീക്കിങ്ങ് ഒഴിഞ്ഞുമാറുകയാണുണ്ടായതു്. 1959 ഒക്ടോബറിൽ നേപ്പാൾഗവണ്മെൻറിൻെറ ഒരു പ്രതിനിധിസംഘം പീ ക്കിങ്ങ് സന്ദർശിക്കുകയും അതിർത്തിപ്രശ്നം ചർച്ചചെയ്യാൻ ചൈന തയ്യാറല്ലെന്നു ബോദ്ധ്യപ്പെട്ടു മടങ്ങുകയും ചെയ്തു. 1960 മാർച്ചിൽ നേ പ്പാൾ പ്രധാനമന്ത്രി പി.ആർ.സി.യിൽ ഔദ്യോഗികസന്ദർശനം നട ത്തി. തൽഫലമായി നേപ്പാളും ചൈനയും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിക്കപ്പെടുകയും അതിർത്തിസംബന്ധമായ പ്രധാനപ്രശ്നങ്ങളിൽ യോജിപ്പിലെത്തുകയും ചെയ്തു. അതിർത്തിനിർണ്ണയം നടത്തിയപ്പോൾ ചൈനീസ്പക്ഷം നേപ്പാളികൾ തങ്ങളുടേതായി കരുതിയിരുന്ന, ലോ കത്തിലെ ഏററവും ഉയർന്ന കൊടുമുടിയായ എവറസ്റ്റിൻെറമേൽ അവ കാശവാദം ഉന്നയിച്ചു. ഒടുവിൽ പരസ്പരം വിട്ടുവീഴ്ച ചെയ്തുകൊണ്ടു് നേ പ്പാൾ–ചൈനാ അതിർത്തി എവറസ്റ്റിൻെറ മുകളിലൂടെയാണെന്ന തീ രുമാനത്തിലെത്തിച്ചേർന്നു. അങ്ങനെ നേപ്പാളിനും ചൈനയ്ക്കും എവറ സ്റ്റിൻെറമേൽ തുല്യാവകാശം ലഭിച്ചു. എന്നാൽ അതിർത്തിക്കരാർ ഒപ്പു വച്ചയുടൻതന്നെ 1960 ജൂണിൽ ചൈന അതു പരസ്യമായി ലംഘി ച്ചു.

നേപ്പാൾ, ഭൂട്ടാൻ, സിക്കിം, എന്നിവയുടെ ഒരു ഫെഡറേഷൻ രൂ പീകരിക്കണമെന്ന ചൈനയുടെ നിർദ്ദേശവും അതിൻെറ തെക്കൻ അ തിർത്തിയിലെ സ്ഥിതി ഉറപ്പുള്ളതാക്കാൻ പോന്നതല്ല. അയൽരാജ്യ മായ ഇന്ത്യയിൽനിന്നു് അകററപ്പെട്ടു് ചൈനയ്ക്കു് എളുപ്പം ഇടപെടാൻ കഴിയത്തക്കവണ്ണം സൃഷ്ടിക്കപ്പെടുന്ന ആ ഫെഡറേഷനിൽ ചൈനയുടെ പദ്ധതിപ്രകാരം ലഡാക്ക്, നേഫ (ഇന്നത്തെ അരുണാചൽപ്രദേശ്— പ്രസാ.), നാഗാലാണ്ടു് എന്നിവയുടെ ഭാഗങ്ങളും ഉൾപ്പെടേണ്ടതായി രുന്നു.

ദുഷ്പ്രാപ്യവും ഉപയോഗരഹിതവുമായ പ്രദേശങ്ങളിലൂടെയുള്ള ദൈർഘ്യംകുറഞ്ഞ അതിർത്തിരേഖയെ സംബന്ധിച്ചതാണ് അഫ്ഗാനിസ്ഥാനുമായുള്ള ചൈനയുടെ അതിർത്തിക്കരാർ. അതിനാലായിരിക്കാം ആ കരാർ വെട്ടിത്തിരുത്തുന്നതിനു പീക്കിങ്ങ് ഒരുമ്പെടാത്തതു്.

പാക്കിസ്ഥാനുമായുള്ള അതിർത്തിക്കരാർ പ്രാരംഭികസ്വഭാവത്തോടുകൂടിയതാണ്. കാരണം, ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഇതേവരെ യോജിപ്പിലെത്താത്ത കാഷ്മീരിലൂടെയാണ് ഇപ്പോഴത്തെ ചൈനാ—പാക്കിസ്ഥാൻ അതിർത്തി കടന്നുപോവുന്നതു്. ആ കരാറിൻെറ സാധുതയെ ഇന്ത്യ അംഗീകരിച്ചിട്ടുമില്ല. പാക്കിസ്ഥാനുമായി അതിർത്തിക്കരാർ ഒപ്പുവയ്ക്കാൻ ചൈന ഒരുങ്ങിയതു മുഖ്യമായും ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ അഭിപ്രായഭിന്നതകൾ നിലവിലിരുന്നതിനാലാണ്. അതിർത്തിപ്രശ്നത്തിൽ പാക്കിസ്ഥാനു വഴങ്ങിക്കൊടുത്തുകൊണ്ടു് അതിനെ ഇന്ത്യയുമായി അടിപ്പിക്കാമെന്നു ചൈന ആശിച്ചു.

ചൈനയും ഇന്ത്യയും തമ്മിലുള്ള അതിർത്തിപ്രശ്നം വളരെ രൂക്ഷമായിത്തന്നെ അവശേഷിക്കുന്നു. 1954 ഒക്ടോബറിൽ ജവാഹർലാൽ നെഹ്റു ചൈന സന്ദർശിച്ച അവസരത്തിൽ ഹിമാലയത്തിലൂടെയുള്ള ഇന്ത്യാ—ചൈനാ അതിർത്തി ഔദ്യോഗിക ചൈനീസ് ഭൂപടങ്ങളിൽ തെററായി കാണിച്ചിരുന്നതിലേക്കു ചൌ എൻ—ലായുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ചൈനാ ജനകീയറിപ്പബ്ലിക്ക് ഉടലെടുത്തശേഷമുള്ള ഭൂപടങ്ങൾ വിപ്ലവത്തിനുമുമ്പത്തെ പഴയ ഭൂപടങ്ങളെ ആധാരമാക്കിയുള്ളവയാണെന്നും അവയിൽ കണ്ടേക്കാവുന്ന തെററുകൾ തിരുത്താൻ ചൈനീസ്നേതൃത്വത്തിനു തീരെ സമയമില്ലായിരുന്നെന്നുമാണ് ചൌ അതിനു മറുപടി നല്കിയതു്. ഇന്ത്യൻപക്ഷം ആ മറുപടികൊണ്ടു തൃപ്തിപ്പെടുകയും ഇന്ത്യയും ചൈനയും തമ്മിൽ അതിർത്തിപ്രശ്നങ്ങൾ ഇല്ലെന്നു കരുതുകയും ചെയ്തു. പക്ഷെ പിന്നീടു പ്രസിദ്ധീകരിക്കപ്പെട്ട ചൈനീസ് ഭൂപടങ്ങളിൽ പഴയ ''തെററുകൾ'' വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുകയാണുണ്ടായതു്.

അരുണാചൽപ്രദേശിൻെറ അഞ്ചു ജില്ലകളിൽ നാലും ജമ്മു—കാഷ്മീരിൻെറ ചില വടക്കൻജില്ലകളും കിഴക്കൻലഡാക്കിൻെറ നല്ലൊരു ഭാഗവും ചൈനയുടേതാണെന്നു പീക്കിങ്ങ് അവകാശപ്പെടുന്നു. ഏതാണ്ടു 40,000 ച. മൈൽ വിസ്തീർണ്ണംവരുന്ന ഭൂപ്രദേശമാണതു്. മേല്പറഞ്ഞ പ്രദേശങ്ങളിൽ അതിർത്തി ഔപചാരികമായി ഒരിക്കലും നിർണ്ണയിക്കുകയുണ്ടായില്ലെന്നും ഇന്ത്യാഗവണ്മെൻറും കേന്ദ്രീയചൈനീസ്ഗവണ്മെൻറും തമ്മിൽ ഒരിക്കലും അതിർത്തിസംബന്ധമായ ഉടമ്പടികളിലോ കരാറുകളിലോ ഏർപ്പെടുകയുണ്ടായില്ലെന്നും തങ്ങളുടെ വിശദീകരണങ്ങളിൽ ചൈനീസ്പക്ഷം ഉദ്ഘോഷിക്കുന്നു. മക്മഹോൻരേഖയെ

ചൈനയും ഇന്ത്യയും തമ്മിലുള്ള അതിർത്തിയായി ചൈന ഒരിക്കലും അംഗീകരിക്കുകയുണ്ടായിട്ടില്ലെന്നു പീക്കിങ്ങ് വാദിച്ചു. ഏതാനും ദശാബ്ദങ്ങളോ അതിലധികമോ കാലമായി നിലവിലിരുന്ന ഭൂപടങ്ങളിൽ നിന്നു തെല്ലും വ്യത്യാസമില്ലാതെയാണു തങ്ങളുടെ ഇന്നത്തെ ഭൂപടങ്ങളിലും അതിർത്തികൾ കൊടുത്തിട്ടുള്ളതെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു മേല്പറഞ്ഞ പ്രദേശങ്ങളുടെമേൽ അവകാശമുറപ്പിക്കാൻ പീക്കിങ്ങ് ശ്രമിക്കുകയും അതിർത്തിസംബന്ധമായി അവസാനതീരുമാനം ഉണ്ടാകുന്നതുവരെ തല്ക്കാലസ്ഥിതി തുടരണമെന്നും ഇന്നു നിയന്ത്രണത്തിലിരിക്കുന്ന പ്രദേശങ്ങളിൽ ഒതുങ്ങിനില്ക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

അതേസമയംതന്നെ 1954 മുതൽ ചൈനയുടെ പ്രകോപനഫലമായി ഇന്ത്യാ—ചൈനാ അതിർത്തിയിൽ ഏററുമുട്ടലുകൾ നടന്നു. ചൈന ഇന്ത്യൻ അതിർത്തി ലംഘിക്കുകയും ഇന്ത്യൻപ്രദേശമായ ലഡ്ഡാക്കിലൂടെ റോഡു നിർമ്മിക്കുകയും ചെയ്തു. 1957—ൽ ചൈനീസ് പട്രോൾസംഘം ലാഹിത്തിൽ പ്രത്യക്ഷപ്പെട്ടു. 1958—ൽ അക്സായ്—ചീനിൽവച്ച് ഇന്ത്യൻ അതിർത്തികാവൽക്കാരെ ആക്രമിച്ചു പിടിച്ചു. 1959—ൽ സ്പാൻഗ്ഗുറിൽ പട്ടാളത്താവളം നിർമ്മിക്കുകയും ചൈനീസ് പട്രോളുകൾ ശക്തി പ്രയോഗിക്കാൻ മടിക്കാതെ ഇന്ത്യൻപ്രദേശങ്ങളിലേക്കു കടക്കുകയും ചെയ്തു. ലഡ്ഡാക്കിൽ ചൈന 12,000 ച. മൈൽ ഭൂമി കരസ്ഥമാക്കി.

1959 ശരൽക്കാലത്തു ഇന്ത്യാ—ചൈനാ അതിർത്തിയുടെ കിഴക്കൻ മേഖലയിൽ ഇരുരാജ്യങ്ങളുടേയും പട്ടാളങ്ങൾതമ്മിൽ ഏററുമുട്ടലുകൾ നടന്നു. 1962 ഒക്ടോബറിൽ ഇന്ത്യാ—ചൈനാ അതിർത്തിയിൽ നെടുനീളെ ചൈനീസ് പട്ടാളം വിപുലമായ മുന്നേററം ആരംഭിക്കുകയും അതൊരു യഥാർത്ഥയുദ്ധമായിത്തീരുകയും ചെയ്തു.

എന്നാൽ സിലോൺ, ഈജിപ്ത്, ഘാന, ബർമ്മ, ഇന്തോനേഷ്യ, കമ്പോഡിയ എന്നീ ചേരിചേരാരാഷ്ട്രങ്ങൾ ഒന്നിച്ചു മുൻവച്ച സമാധാനനിർദ്ദേശത്തെ അവഗണിക്കാൻ ചൈനയ്ക്കു കഴിഞ്ഞില്ല. ഇന്ത്യയെ സാമ്രാജ്യത്വശക്തികളുമായി അടുപ്പിക്കാൻ ചൈന ബോധപൂർവ്വകമായ ശ്രമം നടത്തി. പാശ്ചാത്യസൈനികബ്ലോക്കുകളിലൊന്നിൽ ചേരുകയും ചേരിചേരാനയം ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നുവെന്നു പിന്നീടു് ഇന്ത്യയെ കുററപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു അതു്. ഇന്ത്യയുടെ വിദേശനയത്തിലുണ്ടാകുന്ന അത്തരം മാററത്തിൻെറ ഫലമായി ''മൂന്നാംലോക''ത്തിൽ ഇന്ത്യയുടെ സ്വാധീനശക്തി ക്ഷയിക്കുമെന്നും വികസ്വരരാജ്യങ്ങളിൽ ചൈനയുടെ പ്രശസ്തി വർദ്ധിക്കുമെന്നുമായിരുന്നു പീക്കിങ്ങിൻെറ കണക്കുകൂട്ടൽ.

മറുവശത്തു്, ഇന്ത്യ പാശ്ചാത്യരാജ്യങ്ങളുമായി അടുക്കുന്നതിൻെറ

ഫലമായി ഇന്ത്യാ—സോവിയററ് ബന്ധങ്ങറംക്ക് ഉലച്ചിൽ തട്ടുമെന്നും സാർവ്വദേശീയരംഗത്ത് സോവിയററ് യൂണിയൻേറയും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും പിന്തുണ ഇന്ത്യയ്ക്കു നഷ്ടപ്പെടുമെന്നും പീക്കിങ്ങ് കരുതി. പക്ഷെ ആ കണക്കുകൂട്ടലുകറം തെററി. ഇന്ത്യ ചേരിചേരാനയത്തിൽ ഉറച്ചുനില്ക്കുകയും സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള സഹകരണം വികസിപ്പിക്കുകയെന്ന നയം തുടരുകയും ചെയ്തു.

യുദ്ധനടപടികറം നിലച്ചെങ്കിലും അതിർത്തിപ്രശ്നത്തിനു തീരുമാനമുണ്ടായില്ല. 1962—ലെ ഇന്ത്യാ—ചൈനായുദ്ധം ലോകസമുദായത്തെ ഞെട്ടിപ്പിച്ചു. അതിർത്തിത്തർക്കവും അതിൻെറ പരമകാഷ്ഠയായി നടന്ന യുദ്ധവും ചൈന ''ആക്രമണവ്യഗ്രവും ഷോവിനിസ്റ്റും രാജ്യവിപുലീകരണവാദിയുമായ ഒരു ശക്തി''10യാണെന്ന പൊതുവീക്ഷണത്തെ സ്ഥിരീകരിച്ചു.

ഇന്ത്യാ—ചൈനാബന്ധങ്ങളിൽ അന്നുളവായ സംഘർഷം ഇന്നും രൂക്ഷമായി നിലനില്ക്കുന്നു. എന്തെന്നാൽ ഇന്ത്യൻ അതിർത്തിയിലെ ശത്രുതാപരമായ പ്രവർത്തനങ്ങറം പീക്കിങ്ങ് തുടർന്നുപോരുന്നു.

അഫ്ഗാനിസ്ഥാൻ, ബർമ്മ, നേപ്പാറം, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളുമായി പീക്കിങ്ങ് അതിർത്തിപ്രശ്നങ്ങറം തീരുമാനിക്കാൻ തുനിഞ്ഞതു് ഇന്ത്യയുമായുള്ള അതിർത്തിത്തക്ത്തിൽ സ്വന്തം നിലപാടു ന്യായീകരിക്കുന്നതിനുവേണ്ടിയല്ലേയെന്നു തോന്നിപ്പോകുന്നു. 1959—ൽ ഇന്ത്യൻ അതിർത്തിയിൽ നടന്ന സംഭവങ്ങറംക്കും 1962—ലെ ഇന്ത്യാ—ചൈനായുദ്ധത്തിനുംശേഷം ഉടനടി മേല്പറഞ്ഞ നാലു രാജ്യങ്ങളുമായി അതിർത്തിപ്രശ്നങ്ങളുടെ കാര്യത്തിൽ യോജിപ്പിലെത്തിയതിൻെറ ഫലമായി ആ യുദ്ധത്തിൽ കുററവാളി ഇന്ത്യയാണെന്ന ധാരണ വികസ്വരരാജ്യങ്ങളിൽ ജനിപ്പിക്കാൻ കഴിയുമെന്നായിരുന്നു ചൈനീസ് നയതന്ത്രവിധാനത്തിൻെറ കണക്കുകൂട്ടൽ.

1971—ലെ ഇന്ത്യാ—പാക്കിസ്ഥാൻ സംഘട്ടനത്തിൻെറ സമയത്തു് അയൽരാജ്യങ്ങളെ തമ്മിലടിപ്പിക്കുകയെന്ന പീക്കിങ്ങിൻെറ അതിസാഹസികനയം പൂർണ്ണമായും വെളിപ്പെടുകയുണ്ടായി. ആ സംഘട്ടനത്തിൽ പാക്കിസ്ഥാൻ പരാജയമടഞ്ഞു. ചൈനീസ് ഭ്രരാഷ്ട്രതന്ത്രജ്ഞന്മാർക്കു തൽഫലമായി നേരിടേണ്ടിവന്ന ധാർമ്മികനഷ്ടം നിസ്സാരമായിരുന്നില്ല. അവർ തങ്ങളുടെ അതിർത്തിസംബന്ധമായ ഉപജാപങ്ങളുടെ നൂലാമാലയിൽ കുടുങ്ങുകയും കിഴക്കൻബംഗാളിലെ ദേശീയവിമോചനപ്രസ്ഥാനത്തിൻെറ ശത്രുക്കളായി സ്വയം വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലുള്ള തങ്ങളുടെ അവകാശവാദങ്ങറം സാക്ഷാൽക്കരിക്കുന്നതിലേക്കു് ഒററച്ചുവടുപോലും വയ്ക്കാൻ അവർക്കു കഴിഞ്ഞില്ല.

ദക്ഷിണേഷ്യൻമേഖലയിൽ ചൈനയുടെ രാജ്യവിപുലീകരണനയത്തിനു് ഏററവും വലിയ പ്രതിബന്ധമായിരുന്നതും ആയിരിക്കുന്നതും ഇന്ത്യയാണു്. സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി ആയുധമേന്തി പോരാടാൻ തയ്യാറാണെന്നു് 1962 ശരൽക്കാലത്തു് ഇന്ത്യ തെളിയിക്കുകയുണ്ടായി. അന്നുതൊട്ടു പീക്കിങ്ങ് ഇന്ത്യയുടെ സൈനികശക്തി ക്ഷയിപ്പിക്കാൻ എല്ലാത്തരത്തിലുമുള്ള പദ്ധതികളിടുകയും അവയെ പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കുകയും ചെയ്തുവരുന്നു. കാഷ്മീർപ്രശ്നംസംബന്ധിച്ചു് ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അഭിപ്രായഭിന്നതകളിൽനിന്നു മുതലെടുത്തുകൊണ്ടു് പി.ആർ.സി. പാക്കിസ്ഥാനുമായി പ്രത്യേകബന്ധം സ്ഥാപിച്ചു. പാക്കിസ്ഥാനെക്കൊണ്ടു് ഇന്ത്യയുടെ പ്രതിരോധശക്തി കെടുത്തിക്കുകയും ഇന്ത്യൻ അതിർത്തികളിലെ സ്ഥിതി സങ്കീർണ്ണമാക്കുകയും ആയുധവൽക്കരണത്തിനും വലിയൊരു സൈന്യത്തെ പുലർത്തുന്നതിനുംവേണ്ടി ക്രമാതീതമായ തുകകൾ ചെലവഴിപ്പിച്ചു് ഇന്ത്യയെ ക്ഷയിപ്പിക്കുകയും ചെയ്യാമെന്നും പിന്നീടു് സമാധാനപരമായോ യുദ്ധത്തിലൂടെയോ അതിർത്തിപ്രശ്നം ചൈനയ്ക്കനുകൂലമായി തീരുമാനിക്കാമെന്നും പീക്കിങ്ങ് കരുതി.

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലെ സമാധാനത്തിനു് എതിരായിട്ടുള്ള പീക്കിങ്ങിൻെറ ഈ പദ്ധതികളുടെ ആപൽക്കാരിത ഇന്ത്യയ്ക്കുന്നല്ല, ചൈനയുമായി അതിർത്തിപ്രശ്നങ്ങൾ തീരുമാനിച്ചുവെന്നു കരുതുന്ന എല്ലാ ഏഷ്യൻരാജ്യങ്ങൾക്കും വ്യക്തമാണു്.

അതിർത്തിപ്രശ്നങ്ങൾസംബന്ധിച്ചു് ചൈനയുമായി കരാറുകളിലേർപ്പെട്ടിട്ടുള്ള ഏഷ്യൻരാജ്യങ്ങൾക്കുപോലും ചൈന വീണ്ടും ആ പ്രശ്നങ്ങൾ കുത്തിപ്പൊക്കുകയില്ലെന്നു കരുതാൻ നിവൃത്തിയില്ല. ''അന്താരാഷ്ട്രീയനിയമം രാഷ്ട്രങ്ങൾതമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരുപകരണമാണു്. പ്രയോജനപ്രദമായിരിക്കുമ്പോൾ ഞങ്ങളതു് ഉപയോഗിക്കും. അതു് അസ്വീകാര്യമായി തോന്നുമ്പോൾ ഞങ്ങൾ മററുപകരണങ്ങൾ ഉപയോഗിക്കും''11 എന്നാണു് പീക്കിങ്ങിൽ പ്രസ്താവിക്കപ്പെട്ടതു്. അന്താരാഷ്ട്രീയനിയമത്തോടും അന്താരാഷ്ട്രീയകരാറുകളോടുമുള്ള അവജ്ഞാപൂർവ്വകമായ ഇത്തരം സമീപനം പീക്കിങ്ങ്നേതൃത്വത്തിൻെറ കൈകൾക്കു പൂർണ്ണസ്വാതന്ത്ര്യം നല്കുന്നു. തക്കംനോക്കി ഏതുടമ്പടിയും ലംഘിക്കാൻ അവർ മടിക്കുന്നുമില്ല.

തെക്കൻ അതിർത്തികളിൽ ദീർഘകാലമായി നടക്കുന്ന തർക്കങ്ങളിൽ ചിങ്ങ്‌രാജവംശത്തിൻേറതായ പഴയ വാദങ്ങളാണു ചൈന പ്രയോഗിക്കുന്നതു്. എതിർപക്ഷത്തിൻെറ വാദമുഖങ്ങൾ വ്യാജവും ശത്രുതാപരവുമാണെന്നു പ്രസ്താവിച്ചുകൊണ്ടു് ചൈനീസ് പ്രതിനിധികൾ അവയെ ഗൗനിക്കാൻ കൂട്ടാക്കാറില്ല. പണ്ടത്തേതുപോലെതന്നെ ചൈന

തെക്കൻ അയൽരാജ്യങ്ങളുമായുള്ള അതിർത്തിയെ പ്രാകൃതികമായ എലുകകളുമായി ബന്ധപ്പെട്ടതും അന്താരാഷ്ട്രീയകരാറിനാൽ നിർണ്ണയിക്കപ്പെട്ടതുമായ ഒരു രേഖയായല്ല, അനിശ്ചിതമായ വീതിയുള്ള ഒരു പ്രദേശമായാണു വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതു്. ആ പ്രദേശത്തു ചിലപ്പോൾ സ്വതന്ത്രരാഷ്ട്രങ്ങൾപോലും കണ്ടെന്നുവന്നേക്കാം.

വികസ്വരേഷ്യയിൽ ചൈന ഔദ്യോഗികമായി അനുവർത്തിക്കുന്ന അതിർത്തിനയത്തിന്റെ ഒരു രൂപരേഖയാണിതു്. എന്നാൽ തെക്കൻ അതിർത്തികളിലെ ചൈനീസ്‌വിദേശനയത്തിന്റെ ഉള്ളടക്കം ഇത്രമാത്രമല്ല. തെക്കൻ അയൽരാജ്യങ്ങളുടെമേലുള്ള ഭൂപരമായ അവകാശവാദങ്ങളുടെ സാക്ഷാൽക്കാരത്തിനു വഴിതെളിക്കുന്നതിനും അതു സുകരമാക്കുന്നതിനുംവേണ്ടി പീക്കിങ്ങ് രഹസ്യമാർഗ്ഗങ്ങൾ കൈക്കൊള്ളുന്നുവെന്നതിനു സാക്ഷ്യം വഹിക്കുന്ന ധാരാളം വസ്തുതകളുണ്ടു്.

## 4. തെക്കൻരാജ്യങ്ങളിൽ പീക്കിങ്ങിന്റെ ആപൽക്കരമായ തന്ത്രങ്ങൾ

അയൽരാജ്യങ്ങളിൽ ചൈന ഊർജ്ജിതമായി നടത്തുന്ന റോഡുനിർമ്മാണപരിപാടി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ഇതോടനുബന്ധിച്ചു് നേപ്പാളിന്റെ കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. ചൈന അതിനു നല്കുന്ന സാമ്പത്തികസഹായത്തിന്റെ നല്ലൊരു ഭാഗം ചെലവഴിക്കപ്പെടുന്നതു് വ്യക്തമായും യുദ്ധതന്ത്രപ്രധാനമായ ഹൈവേകൾ നിർമ്മിക്കുന്നതിനുവേണ്ടിയാണു്. ചൈനയുടെ സഹായത്തോടെ നേപ്പാളിൽ 128 കി.മീ. വരുന്ന കട്ട്മണ്ടു—കോദാരി റോഡും 250 കി.മീ. വരുന്ന കട്ട്മണ്ടു—പൊഖ്റ റോഡും നിർമ്മിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. 407 കി.മീ. ദൈർഘ്യമുള്ള പൊഖ്റ—സുർഖേത് റോഡു് നിർമ്മിക്കാമെന്നു് 1975 ഫെബ്രുവരിയിൽ ചൈന ഏററിരിക്കുന്നു. മററു റോഡുകളുടേയും വിമാനത്താവളങ്ങളുടേയും നിർമ്മാണത്തിനു സാമ്പത്തികവും സാങ്കേതികവുമായ സഹായം വാഗ്ദാനംചെയ്തുകൊണ്ടു് ചൈന ഇന്ത്യൻ അതിർത്തിയിലേക്കു എളുപ്പമാർഗ്ഗങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നു. ഭാരമേറിയ ടാങ്കുകൾക്കു പോകാൻ കഴിയുന്ന ഈ റോഡുകൾ യുദ്ധതന്ത്രപരമായി ഉദ്ദേശിക്കപ്പെട്ടവയാണെന്നു വിദേശീയനിരീക്ഷകന്മാർക്കു് അറിയാം. നേപ്പാളിന്റെ അതിർത്തിപ്രദേശത്തെ ഗതാഗതാവശ്യങ്ങൾക്കു വേണ്ടതിലും മേത്തരത്തിലുള്ള റോഡുകളാണവ. റോഡുനിർമ്മാണത്തിൽ നേപ്പാളിനെ സഹായിക്കുകയെന്ന ചൈനീസ് പരി

പാടി പ്രഥമമായും ഇന്ത്യയെ ലാക്കാക്കിയുള്ളതാണെന്നും നേപ്പാളിന്റെ ആവശ്യങ്ങൾക്ക് അതു രണ്ടാംസ്ഥാനമേ കല്പിക്കുന്നുള്ളുവെന്നും അനുമാനിക്കാൻ പ്രയാസമില്ല.

വടക്കൻലാവോസിൽ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന ഹൈവേകളുടെ നിർമ്മാണം ചൈനീസ് സൈന്യവിഭാഗങ്ങളുടെ സംരക്ഷണത്തിൽ ചൈനീസ് സാപ്പർയൂണിററുകൾ 1962 മുതൽ നടത്തിപ്പോന്നു. ചൈനയുടെ തെക്കൻ പ്രോവിൻസുകളെ തായ്‌ലണ്ടിന്റെ വടക്കൻപ്രോവിൻസുകളുമായി ബന്ധിപ്പിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. വലിയ സാമ്പത്തികപ്രാധാന്യമില്ലാത്ത ആ റോഡുകൾ തായ്‌ലണ്ടിനെ ഉന്നംവച്ചുകൊണ്ടുള്ളവയായിരുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു. ചൈനയ്ക്കു തായ്‌ലണ്ടുമായി പൊതുവായ അതിർത്തികളില്ലെന്ന ചരിത്രപരമായ ''തെററു'' തിരുത്താനും തായ്‌ലണ്ടിലേക്കു പ്രവേശമാർഗ്ഗം നേടിയെടുക്കാനുമാണ് ചൈനീസ് ''റോഡുപണിക്കാർ'' ആഗ്രഹിച്ചതെന്നു വ്യക്തം. ബർമ്മയിലും പാക്കിസ്ഥാനിലും ചൈന റോഡുനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്നതും പരക്കെ അറിയപ്പെടുന്ന സംഗതിയാണ്.

ബർമ്മയിലേയും ലാവോസിലേയും തായ്‌ലണ്ടിലേയും ജനവിഭാഗങ്ങളോടു നരവംശപരമായ ബന്ധമുള്ള ദേശീയന്യൂനപക്ഷങ്ങളാണ് ആ രാജ്യങ്ങളുമായുള്ള ചൈനീസ് അതിർത്തിയിൽ നിവസിക്കുന്നതെന്ന വസ്തുത ചൈനയുടെ ''റോഡുനിർമ്മാണ''യത്നങ്ങളെ അങ്ങേയററം കുടിലമാക്കിത്തീർക്കുന്നു. ആ ദേശീയന്യൂനപക്ഷങ്ങളിൽനിന്നാണ് അതിർത്തിക്കപ്പുറത്തു ചൈനാപക്ഷപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ആളെടുക്കുന്നതു്. തെക്കൻ അയൽരാജ്യങ്ങളുടെ ശക്തി ക്ഷയിപ്പിക്കുക, നിലവിലിരിക്കുന്ന അതിർത്തിരേഖകൾ മായ്ക്കുക, അയൽരാജ്യങ്ങളുടെ പ്രദേശങ്ങൾ കൈവശപ്പെടുത്തുന്നതിനു പററിയ സാഹചര്യങ്ങൾ ഉളവാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള വിയോജനപ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനായി ആ രാജ്യങ്ങളിലേക്കു ചാരന്മാരെ അയയ്ക്കുന്നതും അവരുടെയിടയിൽനിന്നാണ്. ചൈനയുടെ പിന്തുണയുള്ളതിനാലാണ് ബർമ്മയുടെ വടക്കൻപ്രദേശങ്ങളിൽ വിയോജനപ്രസ്ഥാനത്തിനു പിടിച്ചുനില്ക്കാൻ കഴിയുന്നതു്. കലാപകാരികൾക്കു ചൈനയിൽനിന്നു് ആയുധങ്ങളും വെടിക്കോപ്പുകളും ലഭിക്കുന്നുവെന്നു മാത്രമല്ല. തങ്ങളെ അനുധാവനംചെയ്യുന്ന ബർമ്മീസ് സൈന്യത്തിൽനിന്നു് ചൈനയിലേക്ക് കടന്നു രക്ഷപ്പെടാനും അവർക്കു കഴിയുന്നു.

''സാംസ്കാരികവിപ്ലവം'' കൊടുമ്പിരിക്കൊണ്ട അവസരത്തിൽ ചൈനയ്ക്കു നയതന്ത്രബന്ധമുണ്ടായിരുന്ന ചില ഏഷ്യൻ രാജ്യങ്ങളിൽ മാവോയുടെ നിർദ്ദേശപ്രകാരം ഗവണ്മെൻറുവിരുദ്ധപ്രകടനങ്ങൾ കുത്തി

പ്പൊക്കുകയുണ്ടായി. ''സാംസ്കാരികവിപ്ലവ''ത്തെ സാർവ്വദേശീയരംഗത്തേക്കു കടത്തുകയും അയൽരാജ്യങ്ങളുടെ ആഭ്യന്തരനില സങ്കീർണ്ണമാക്കുകയും അവിടങ്ങളിൽ ചൈനയുടെ സ്വാധീനം വർദ്ധിപ്പിക്കുകയുമായിരുന്നു മാവോയുടെ ലക്ഷ്യം.

1967 ജൂണിൽ റംഗൂണിലെ ചൈനാവംശജരായ വിദ്യാർത്ഥികഠം ചൈനീസ് നയതന്ത്രജ്ഞന്മാരുടേയും വിദഗ്ദ്ധന്മാരുടേയും അദ്ധ്യാപകരുടേയും പ്രേരണാഫലമായി മുദ്രാവാക്യങ്ങഠം മുഴക്കിക്കൊണ്ടു തെരുവുകളിലൂടെ നീങ്ങുകയും അധികാരികളുടെ ആജ്ഞകഠം പരസ്യമായി ലംഘിക്കാൻ തുടങ്ങുകയും ചെയ്തു. ബഹുജനസംഘട്ടനങ്ങളിൽ കലാശിച്ച ആ പ്രകടനങ്ങളെ അടിച്ചമർത്തുന്നതിനു പോലീസിനേയും പട്ടാളത്തേയും ഉപയോഗിക്കേണ്ടിവന്നു. ബർമ്മീസ് ഗവണ്മെൻറ് ചൈനയുമായുള്ള നയതന്ത്രബന്ധങ്ങഠം തല്ക്കാലത്തേക്കു മരവിപ്പിക്കുകയും ചൈനയുമായുള്ള സാമ്പത്തികസഹകരണത്തിനു വിരാമമിടുകയും ചെയ്തു. 1971 ആഗസ്റ്റിൽ ബർമ്മയുടെ വിപ്ലവകൗൺസിൽ ചെയർമാൻ നെ വീൻ പീക്കിങ്ങ് സന്ദർശിച്ചതിനുശേഷം മാത്രമാണ് ബർമ്മ—ചൈനാബന്ധങ്ങഠം വീണ്ടും സാധാരണനിലയിലായതു്. ജനറൽ നെ വീൻ വിപ്ലവകൗൺസിൽ ചെയർമാനായിരുന്ന കാലത്തു് വിദേശരാജ്യങ്ങളുമായുള്ള ബർമ്മയുടെ ബന്ധങ്ങളിൽ ഉണ്ടായ ഏററവും ഗുരുതരമായ പ്രതിസന്ധിയായിരുന്നു അതു്. പീക്കിങ്ങിൻെറ നടപടികളാണ് അതിനു കാരണമായതു്.

1966 അവസാനംമുതൽ ചൈനീസ് നയതന്ത്രജ്ഞന്മാർ നേപ്പാളിൽ ''സാംസ്കാരികവിപ്ലവ''ത്തിൻെറ ആശയങ്ങഠം ഊർജ്ജിതമായി പ്രചരിപ്പിക്കാൻ തുടങ്ങി. മാവോയുടെ രൂപംകൊത്തിയ ബാഡ്ജുകളും പ്രചാരണസാഹിത്യവും അവർ ജനങ്ങഠംക്കിടയിൽ വിതരണംചെയ്യുകയും മാവോയുടെ ആശയങ്ങളെ പിന്തുടരാൻ അവരോടാഹ്വാനിക്കുകയും ചെയ്തു. നേപ്പാഠംപക്ഷത്തുനിന്നുണ്ടായ പ്രതിഷേധങ്ങഠംക്കു യാതൊരു മറുപടിയും നല്കപ്പെട്ടില്ല. ചൈനീസ് സ്ഥാനപതികാര്യാലയത്തിലെ പ്രവർത്തകർ നേപ്പാളിൻെറ പതാകയെ നിന്ദിച്ചതിൽ കാര്യങ്ങഠം ചെന്നെത്തുകയും തൽഫലമായി നേപ്പാളും ചൈനയും തമ്മിലുള്ള ബന്ധങ്ങഠം വഷളാവുകയും ചെയ്തു. അതിനുശേഷം രാജ്യാതിർത്തിയിൽ ചൈനയ്ക്കുള്ള ഉദ്ദേശങ്ങളെ നേപ്പാളിൽ ആശങ്കാപൂർവ്വം വീക്ഷിച്ചുതുടങ്ങി.[12]

കമ്പോഡിയയിലും ചൈനാക്കാരുടെ ഏതാദൃശപ്രകടനങ്ങഠം നടക്കുകയുണ്ടായി.

ഇന്തോചൈനാപ്രശ്നത്തിൽ പീക്കിങ്ങ് സന്ദിഗ്ദ്ധനിലപാടാണു കൈക്കൊണ്ടതു്. ധീരവിയററ്നാംജനത അമേരിക്കൻ ആക്രമണകാരികളുടേയും അവരുടെ കിങ്കരന്മാരുടേയുംമേൽ മഹത്തായ വിജയം കൈവ

രിച്ചു. വിയററ്നാമിലെ ദേശാഭിമാനികാംക്ക് ആവശ്യമായ ധാർമ്മികവും ഭൗതികവും സൈനികവും സാമ്പത്തികവും രാഷ്ട്രീയവുമായ പിന്തുണ എല്ലാപ്പോഴും നല്കിയിരുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങാംക്ക് ആ വിജയത്തിൽ നല്ലൊരു പങ്കുണ്ട്. വിയററ്നാമിലെ ധീരജനതയുടെ നീതിപൂർവ്വകമായ സമരത്തിനു പിന്തുണ നല്കുന്നതിനുവേണ്ടി സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സംയുക്തയത്നങ്ങാം കൂട്ടിയിണക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും ചൈന തള്ളിക്കളയുകയാണുണ്ടായതെന്നു ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ചൈനയുടെ വാതിൽപ്പടിക്കലുള്ള വിയററ്നാമിൽ അമേരിക്കൻ സാമ്രാജ്യത്വവും അതിൻെറ കൂട്ടാളികളും നടത്തിയ ആക്രമണത്തെ ചെറുക്കുന്നതിൽ പീക്കിങ്ങ് നേതൃത്വം ഇത്തരം പിളർപ്പൻ നയം കൈക്കൊണ്ടതെന്തുകൊണ്ട്? അമേരിക്കൻ ആക്രമണത്തിനെതിരെ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ യത്നങ്ങാം കൂട്ടിയിണക്കുന്നതിനോടുള്ള ചൈനയുടെ ഇത്തരം സമീപനത്തിൻെറ പിന്നിലുള്ള ഉദ്ദേശങ്ങളിൽ പലതും ഇന്നു വ്യക്തമായിട്ടുണ്ട്. എന്നാൽ തെക്കോട്ടുള്ള രാജ്യവിപുലീകരണപദ്ധതികളിൽനിന്നുളവാകുന്ന മറെറാരു പ്രേരണകൂടി അതിൻെറ പിന്നിലുണ്ടായിരുന്നില്ലേ? വിയററ്നാമിലും കമ്പോഡിയയിലും ചൈനയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനും, അയൽജനതകളെ അടിമപ്പെടുത്തുന്നതിനു ചൈനീസ് സമ്രാട്ടുകാം പ്രയോഗിച്ചിരുന്ന ഉപായങ്ങളാൽ പിന്നീടവയെ സാമന്തരാജ്യങ്ങാംക്കു തുല്യമാക്കിത്തീർക്കുന്നതിനും വേണ്ടിയല്ലേ വിയററ്നാമിൻെറ നീതിപൂർവ്വകമായ സമരത്തിനുള്ള പിന്തുണ സ്വന്തം കുത്തകയാക്കാനും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ യത്നങ്ങളെ തടസ്സപ്പെടുത്താനും പീക്കിങ്ങ് തുനിഞ്ഞതു്? ചൈന ഇന്ന് ഏഷ്യയിൽ അനുവർത്തിക്കുന്ന അതിർത്തിനയം വച്ചുനോക്കുമ്പോാം അങ്ങനെ സങ്കല്പിക്കുന്നതിൽ യാതൊരു തെററുമില്ല. വാക്കുകളിൽ ഇന്തോചൈനയിലെ ജനതകളോടു സഹഭാവം പ്രകടിപ്പിച്ചുകൊണ്ട് പീക്കിങ്ങ്നേതൃത്വം പ്രവൃത്തിയിൽ വിയററ്നാംജനതയുടേയും ഖ്മേർജനതയുടേയും കഷ്ടപ്പാടുകളിലും ത്യാഗങ്ങളിലും നിന്ന് ഭൂപരമായി എത്രമാത്രം മുതലെടുപ്പു നടത്താമെന്നു മനക്കണക്കുകൂട്ടുകയായിരുന്നിരിക്കാം. ഏതായാലും കമ്പോഡിയയെ സംബന്ധിച്ചിടത്തോളം ചൈനയുടെ അത്തരം ഉദ്ദേശങ്ങാം പ്രകടമായിക്കഴിഞ്ഞിരിക്കുന്നു.

പീക്കിങ്ങിനു് ഇന്തോചൈനയിലുള്ള രാജ്യവിപുലീകരണപരമായ ഉദ്ദേശങ്ങാംക്കു മറെറാരു തെളിവാണ് പറസേൽദ്വീപുകളിൽ നടന്ന സംഭവം.

1974 ജനുവരിയിൽ ശക്തി പ്രയോഗിക്കാൻ മടിക്കാതെതന്നെ ചൈന വിയററ്നാമിൻെറ തീരത്തോടടുത്തുള്ള ആ ദ്വീപുകാം കൈവശമാക്കി. ദക്ഷിണചൈനാസമുദ്രത്തിലെ എണ്ണനിക്ഷേപങ്ങളുള്ള പ്രദേശ

ങ്ങളുടെമേൽ നിയന്ത്രണം സ്ഥാപിക്കുകയെന്നതായിരുന്ന ആ ''ഗൺബോട്ടുനയതന്ത്ര'' നടപടിയുടെ ഏകലക്ഷ്യമെന്ന് ആദ്യം തോന്നിയെങ്കിലും പ്രശ്നം കൂടുതൽ സങ്കീർണ്ണവും ദക്ഷിണപൂർവ്വേഷ്യയെ സംബന്ധിച്ചിടത്തോളം ആപൽക്കരവുമാണെന്ന പിന്നീടു തെളിഞ്ഞു.

ദക്ഷിണചൈനാസമുദ്രത്തിലെ എണ്ണനിക്ഷേപങ്ങരം കൈക്കലൊക്കാൻ ചൈന ആഗ്രഹിക്കുന്നുവെന്നതു വാസ്തവമാണെന്നിരിക്കിലും ദക്ഷിണപൂർവ്വേഷ്യയിലേക്കുള്ള സമുദ്രകവാടത്തിൻെറ താക്കോലുകളാണ ചൈനയ്ക്കു കൂടുതൽ പ്രധാനമായിട്ടുള്ളതെന്നു ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ചൈന അവകാശമുന്നയിക്കുന്ന പറസേൽ, സ്പ്രാട്ട്ലി, പ്രാട്ടസ് എന്നീ ദ്വീപുകരം അത്തരം താക്കോലുകളാണ്. ദക്ഷിണചൈനാസമുദ്രത്തിൽ ചൈന പ്രകടിപ്പിക്കുന്ന വർദ്ധിതമായ താല്പര്യംതന്നെ ദക്ഷിണപൂർവ്വേഷ്യയിലുള്ള ചൈനയുടെ രാജ്യവിപുലീകരണപദ്ധതികരംക്കു സാക്ഷ്യംവഹിക്കുന്നു.

ഏഷ്യയിലുരംപ്പെടെ സാർവ്വദേശീയരംഗത്തു സംഘർഷശമനത്തിൻെറ ലക്ഷണങ്ങരം പ്രകടമായ അവസരത്തിലാണ് ചൈന പറസേൽ ദ്വീപുകരം കൈവശപ്പെടുത്തുന്നതിനായി സായുധസംഘട്ടനത്തിലേർപ്പെട്ടതു്. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായുള്ള ചൈനയുടെ രാഷ്ട്രാന്തരബന്ധങ്ങരം സാധാരണഗതി പ്രാപിച്ചുകൊണ്ടിരിക്കുകയും സമാധാനപരമായ സഹവർത്തനത്തിലേക്കുള്ള തിരിച്ചുവരവ് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയുംചെയ്ത ഘട്ടവുംകൂടിയായിരുന്ന അതു്. ഏഷ്യാഭൂഖണ്ഡത്തിൽ സംഘർഷശമനത്തിനുവേണ്ടി സമാധാനശക്തികരം നടത്തുന്ന സമരത്തിൻെറ നേട്ടങ്ങരംക്കു ചൈന വിലകല്പിക്കുന്നില്ലെന്നാണ് ഇതർത്ഥമാക്കുന്നതു്. സാർവ്വദേശീയസംഘർഷശമനത്തേയും അയൽരാജ്യങ്ങളുമായുള്ള നല്ല അയൽപക്കബന്ധങ്ങളേയും സമാധാനപരമായ സഹവർത്തനത്തേയും സാർവ്വദേശീയബന്ധങ്ങളിലെ സൃഷ്ടിപരമായ മററു പ്രവണതകളേയും അപേക്ഷിച്ച് പീക്കിങ്ങ് അതിൻെറ വിദേശനയത്തിൽ പ്രാധാന്യം നല്കുന്നതു ഭൂപരമായ അവകാശവാദങ്ങരംക്കാണെന്നു വസ്തുതകരം ചൂണ്ടിക്കാട്ടുന്നു.

പറസേൽദ്വീപുകരം പിടിച്ചടക്കിയശേഷം ചൈന സ്പ്രാട്ട്ലി ദ്വീപുകളുടെമേൽ അവകാശമുന്നയിച്ചു. ചൈനയോടൊപ്പം മററ് ഏഷ്യൻ രാജ്യങ്ങരം, പ്രഥമമായും വിയററ്നാം സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്, അവ തങ്ങളുടേതാണെന്ന് അവകാശപ്പെടുന്നു. ഭൂപരമായ അവകാശവാദങ്ങളെ ആസ്പദമാക്കിയുള്ള സംഘർഷത്തിലേക്കു ചൈനയാൽ വലിച്ചിഴയ്ക്കപ്പെടുന്ന രാജ്യങ്ങളുടെ സംഖ്യ അങ്ങനെ വർദ്ധിക്കുന്നു. ''ബാങ്കോക്ക് പോസ്റ്റ്'' പത്രത്തിൻെറ അഭിപ്രായത്തിൽ ഇന്തോചൈനായുദ്ധം കഴിഞ്ഞാൽ പിന്നെ ''കൊറിയൻയുദ്ധത്തിനുശേഷമുള്ള കാലത്തു

ഏഷ്യയിൽ സമാധാനത്തിനു് ഏററവും വലിയ ഭീഷണിയായിത്തീർന്നിട്ടുള്ളതു് സ്പ്രാട്ട്ലിദ്വീപുകൾക്കുവേണ്ടിയുള്ള സംഘട്ടനമാണു്''13

ദക്ഷിണചൈനാസമുദ്രത്തിലെ പ്രാട്ടസ്ദ്വീപുകളുടെമേലും പി. ആർ.സി. അവകാശമുന്നയിക്കുന്നു. ദക്ഷിണചൈനാസമുദ്രത്തെ എങ്ങനെയും ശുദ്ധചൈനാസമുദ്രമാക്കി മാററുകയാണു ചൈനയുടെ ലക്ഷ്യമെന്നു തോന്നുന്നു.

പീക്കിങ്ങിന്റെ ഇക്കഴിഞ്ഞകാലത്തെ വിദേശനയനടപടികളുടെ ശൃംഖലയിൽ പറസേൽസംഭവത്തിനു സവിശേഷസ്ഥാനം നല്കപ്പെട്ടിരിക്കുന്നു. ദക്ഷിണപൂർവ്വേഷ്യയിൽ ശക്തി പ്രയോഗിച്ചു നടത്തിയ ഒരുതരം രംഗപരിശോധനയായിരുന്നു അതു്. പറസേൽദ്വീപുകൾ പിടിച്ചടക്കിക്കൊണ്ടു പീക്കിങ്ങ് ആ മേഖലയിലെ ബലാബലം പരീക്ഷിച്ചറിയുകയും വാഷിങ്ങ്ടണുമായുള്ള അടുപ്പത്തിൽനിന്നു് ആദ്യമുതലെടുപ്പു നടത്തുകയും ചെയ്തു.

ചൈനയുമായി അടുത്തുകൊണ്ടിരുന്ന സാഹചര്യങ്ങളിൽ അതിന്റെ ആക്രമണനടപടികൾ കണ്ടില്ലെന്നു നടിക്കാൻ വാഷിങ്ങ്ടൺ തയ്യാറാണെന്നു് ആ സംഭവം തെളിയിച്ചു. ഏഷ്യയെ തങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കുന്നതിനെ സംബന്ധിച്ചു ചൈനയും അമേരിക്കയും തമ്മിൽ യോജിപ്പിലെത്തിയിരിക്കുന്നുവെന്നതിനുള്ള മറെറാരു തെളിവാണിതു്.

പറസേൽദ്വീപുകൾ ചൈന പിടിച്ചടക്കിയതു തർക്കപ്രശ്നത്തിന്റെ യുദ്ധത്തിലൂടെയുള്ള തീരുമാനമല്ലാതെ മറെറാന്നുമല്ല. തർക്കപ്രശ്നങ്ങൾ ബലപ്രയോഗംകൂടാതെ പരിഹരിക്കണമെന്നു് അനുശാസിക്കുന്ന സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളുടെ പ്രത്യക്ഷലംഘനമാണതു്. സമാധാനപരമായ സഹവർത്തനത്തോടു കൂറു പുലർത്തുന്നുവെന്നു ചൈന കുറെക്കാലമായി വീണ്ടും ഇടയ്ക്കിടെ ഉദ്ഘോഷിച്ചുവരുന്നു. തികച്ചും വിഭിന്നമായ തത്വങ്ങളിലാണു പീക്കിങ്ങ് യഥാർത്ഥത്തിൽ വിശ്വസിക്കുന്നതെന്നും സമാധാനപരമായ സഹവർത്തനത്തോടു കൂറു പ്രഖ്യാപിക്കുന്നതിന്റെ പിന്നിൽ താല്ക്കാലികമായ രാഷ്ട്രീയപരിഗണനകളാണുള്ളതെന്നും പറസേൽസംഭവം തെളിയിക്കുന്നു. മുമ്പെന്നതുപോലെ ഇന്നും ചൈനയുടെ നയത്തിനു് മാർഗ്ഗദർശകമായിരിക്കുന്നതു് ബലപ്രയോഗത്തിലുള്ള വിശ്വാസവും അന്താരാഷ്ട്രീയനിയമങ്ങളോടുള്ള അവജ്ഞയുമാണു്, അല്ലാതെ ഏതെങ്കിലും ഉന്നതലക്ഷ്യങ്ങളോ ആദർശങ്ങളോ അല്ല.

ചൈനയുടെ അതിർത്തിനയത്തിന്റേയും മററു രാജ്യങ്ങളുടെമേലുള്ള അടിസ്ഥാനരഹിതമായ അവകാശവാദങ്ങളുടെ സാക്ഷാൽക്കാരത്തിന്റേയും കൂടുതൽ സജീവമായ ഒരു ഘട്ടത്തിന്റെ ആരംഭമെന്നു പറസേൽസം

ഭവത്തെ വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു. "തരംകിട്ടുന്നതെല്ലാം തട്ടിയെടുക്കുക" എന്ന തത്വമനുസരിച്ചു പ്രവർത്തിച്ചുകൊണ്ടു് പീക്കിങ്ങ് അതിന്റെ പരമ്പരാഗതമായ വെട്ടിപ്പിടുത്തനയത്തോടു കൂറു പ്രദർശിപ്പിക്കുന്നു. അയൽരാജ്യങ്ങളുമായുള്ള നയതന്ത്രബന്ധങ്ങൾ സാധാരണഗതി പ്രാപിച്ചുകൊണ്ടിരുന്ന നിർണ്ണായകനിമിഷത്തിലാണു ചൈന പറസേൽ ദ്വീപുകൾ പിടിച്ചടക്കാൻ ഒരുമ്പെട്ടതെന്ന വസ്തുത ദക്ഷിണപൂർവ്വേഷ്യയ്ക്കു ചൈനയിൽനിന്നുള്ള ഭീഷണി യഥാർത്ഥമാണെന്നും അയൽരാജ്യങ്ങളുമായുള്ള രാഷ്ട്രാന്തരബന്ധങ്ങളുടെ സാധാരണവൽക്കരണമെന്ന നയം ഭൂപരമായ വെട്ടിപ്പിടുത്തനയത്തിനു കീഴ്പ്പെട്ടിരിക്കുന്നുവെന്നും ചൂണ്ടിക്കാട്ടുന്നു. അതിനാൽ പ്രസ്തുതമേഖലയിൽ പീക്കിങ്ങ് കഴിഞ്ഞ വർഷങ്ങളിൽ കൈക്കൊണ്ട വിദേശനയനടപടികളെ പുനരവലോകനം ചെയ്യാനും അയൽരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനു ചൈന നടത്തുന്ന ശ്രമങ്ങളുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യാനും നാം നിർബ്ബന്ധിതരാവുന്നു.

ദക്ഷിണപൂർവ്വേഷ്യയിലെ ഏതൊരു രാജ്യവും വിഷമസ്ഥിതിയിൽപ്പെട്ടു് ചൈനയുടെ സമാധാനപരമോ അല്ലാത്തതോ ആയ രാജ്യവിപുലീകരണത്തിനു് ഇരയാവുകയില്ലെന്നു് ഉറപ്പുനൽകാൻ ആർക്കു കഴിയും? പറസേൽസംഭവത്തിനുശേഷം ചൈനയുടെ തെക്കൻ സമുദ്രാതിർത്തിയെസംബന്ധിച്ച പ്രശ്നം അതിപ്രധാനമായിത്തീർന്നിരിക്കുന്നു. തെക്കൻ അയൽരാജ്യങ്ങളുടെ താല്പര്യങ്ങളെ അവഗണിച്ചുകൊണ്ടു് ദക്ഷിണ ചൈനാസമുദ്രം മുഴുവൻതന്നെ പീക്കിങ്ങ് അവകാശപ്പെടുന്നു. എന്നാൽ ചൈനയുടെ ഈ അവകാശവാദത്തിനു തിരിച്ചടി ലഭിക്കാതിരിക്കുന്നില്ല. തായ്‌ലണ്ട്പത്രങ്ങളുടെ റിപ്പോർട്ടുപ്രകാരം 1974 ഒക്ടോബറിൽ നല്കിയ ഒരഭിമുഖസംഭാഷണത്തിൽവച്ചു് വിയററ്നാം ജനാധിപത്യറിപ്പബ്ലിക്കിന്റെ നേതാക്കന്മാരിലൊരാൾ ഇങ്ങനെ പറയുകയുണ്ടായി: "ചൈന ഒരു ദക്ഷിണപൂർവ്വേഷ്യൻ രാജ്യമല്ലെന്ന കാര്യം സ്പഷ്ടമാണു്. അതിനാൽ ആവശ്യപ്പെടുന്നത്ര വിപുലമായ സമുദ്രപ്രദേശം ചൈനയ്ക്കു ലഭിക്കുകയില്ല."14 സമുദ്രവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനേയും സമുദ്രാതിർത്തികൾ നിർണ്ണയിക്കുന്നതിനേയും സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്നും ആ നേതാവു് അഭിപ്രായപ്പെട്ടു. ഏഷ്യയിൽ സംഘർഷശമനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയ അവസരത്തിൽ ചൈന അതിനു നേരെ വിപരീതമായിത്തന്നെ പ്രവർത്തിച്ചുകൊണ്ടു് മേഖലയിലെ സ്ഥിതി വഷളാക്കുന്നു. ചൈനയുടെ പ്രതിയോഗികൾ ഇത്തവണയും സാമ്രാജ്യത്വശക്തികളല്ല, "മൂന്നാംലോക"ത്തിൽപ്പെട്ട രാജ്യങ്ങളാണെന്ന വസ്തുത ശ്രദ്ധേയമായിരിക്കുന്നു. പീക്കിങ്ങ് അവയു

ടെ നേതൃസ്ഥാനവും രക്ഷാകർത്തൃത്വവും അവകാശപ്പെട്ടുന്നുണ്ടതാനും.

എല്ലാ ഏഷ്യൻരാജ്യങ്ങളുടേയും സംയുക്തയത്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഏഷ്യയിലെ ഭദ്രതയ്ക്കും സഹകരണത്തിനുംവേണ്ടിയുള്ള നിർദ്ദേശത്തെ ചൈനീസ് ഗവണ്മെൻറ് എതിർക്കുന്നതിൻെറ യഥാർത്ഥകാരണങ്ങളെ പറസേൽസംഭവം തുറന്നുകാട്ടുന്നു. പരസ്പരാവിശ്വാസത്തിൻേറയും സംശയത്തിൻേറയും അകൽച്ചയുടേയും കലക്കവെള്ളത്തിൽ അയൽരാജ്യങ്ങളുടേമേലുള്ള അവകാശവാദങ്ങൾ സാക്ഷാൽക്കരിക്കാൻ പീക്കിങ്ങിനു കൂടുതൽ എളുപ്പമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇന്നതു് എല്ലാവരും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്.

മേല്പറഞ്ഞ നിർദ്ദേശത്തോടുള്ള ചൈനയുടെ പ്രതികൂലമനോഭാവത്തിനു പിന്നിൽ മറ്റെല്ലാററിനുംപുറമെ അതിർത്തിനയസംബന്ധമായ പരിഗണനകളുമുണ്ടു്. ആ നിർദ്ദേശം സാക്ഷാൽക്കരിക്കണമെങ്കിൽ ഏഷ്യൻരാജ്യങ്ങളെല്ലാം ഭൂപരമായ അഖണ്ഡത, അതിർത്തികളുടെ അലംഘനീയത എന്നീ തത്വങ്ങൾ അംഗീകരിക്കേണ്ടതും പാലിക്കേണ്ടതും ആവശ്യമാണു്. അതു ചൈനയുടെ രാജ്യവിപുലീകരണപരമായ ദീർഘകാലപദ്ധതിക്കു വിരുദ്ധമാണു്. ആ നിർദ്ദേശം സ്വീകരിക്കുകയെന്നാൽ ചൈനയെസംബന്ധിച്ചിടത്തോളം അയൽരാജ്യങ്ങളുടെമേലുള്ള ഭൂപരമായ അവകാശവാദങ്ങൾ പിൻവലിക്കുകയെന്നോ, അതല്ലെങ്കിൽ കുറഞ്ഞപക്ഷം അവയുടെ ഭാവിസാക്ഷാൽക്കാരത്തിനു വിഘ്നം സൃഷ്ടിക്കുകയെന്നോ ആണർത്ഥം. ഏഷ്യയിലെ ഭദ്രതയേയും സഹകരണത്തേയും സംബന്ധിച്ച നിർദ്ദേശത്തോടു പീക്കിങ്ങ് പ്രകടിപ്പിക്കുന്ന എതിർപ്പിൽനിന്നു് ചൈനയുടെ ഇന്നത്തെ നേതൃത്വത്തിനു് അയൽരാജ്യങ്ങളുടെ പ്രദേശങ്ങളുടെമേൽ അവകാശവാദങ്ങളുണ്ടെന്നും അവ ഇന്നല്ലെങ്കിൽ നാളെ സാക്ഷാൽക്കരിക്കാൻ അവർ ദൃഢനിശ്ചയമെടുത്തിട്ടുണ്ടെന്നും ഒരിക്കൽക്കൂടി വ്യക്തമാവുന്നു.

## 5. ഹോങ്കോങ്ങ്, മക്കാവോ—<br>വിചിത്രമായ സഹിഷ്ണുത

ഏഷ്യയിലെ വികസ്വരരാജ്യങ്ങളുടെ മുമ്പാകെ ഭൂപരമായ അവകാശവാദങ്ങൾ ഉന്നയിക്കുന്നതിലും അവ സാക്ഷാൽക്കരിക്കുന്നതിലും അതിയായ ഉത്സാഹം കാണിക്കുന്ന പീക്കിങ്ങ് അതേസമയം ചൈനയുടെ വാതിൽപ്പടിക്കൽ നിലയുറപ്പിച്ചിരിക്കുന്ന സാമ്രാജ്യത്വശക്തികളോടുള്ള അവകാശവാദങ്ങളെ സംബന്ധിച്ചിടത്തോളം അസാമാന്യമായ സഹിഷ്ണുത പ്രദർശിപ്പിക്കുന്നു. ബ്രിട്ടീഷ് കോളനിയായ ഹോങ്കോങ്ങും പോർത്തുഗലിൻെറ അധീനതയിലുള്ള മക്കാവോയുമാണു് ഇവിടെ ഉദ്ദേ

ശിക്കപ്പെടുന്നതു്. ചൈനയിൽനിന്നു വേർപെടുത്തപ്പെട്ട തയ്‌വാനേയും ഇതു് ഏറെക്കുറെ ബാധിക്കുന്നു. ഹോങ്കോങ്ങും മക്കാവോയും തയ്‌വാനും യഥാർത്ഥത്തിൽ ചൈനയുടെ പ്രദേശങ്ങളാണെന്നതിനാലും അവ മടക്കിക്കിട്ടണമെന്ന ആവശ്യം വിവാദപരവും അടിസ്ഥാനരഹിതവുമായ അവകാശവാദങ്ങളുടെ കൂട്ടത്തിൽ പെടുന്നില്ലെന്നതിനാലും ഈ സഹിഷ്ണുത എത്രയും അതിശയകരമായിരിക്കുന്നു.

വികസ്വരരാജ്യങ്ങളോടും സാമ്രാജ്യത്വരാജ്യങ്ങളോടുമുള്ള ഭൂപരമായ അവകാശവാദങ്ങളിൽ പീക്കിങ്ങ് കൈക്കൊള്ളുന്ന ഈ വ്യത്യസ്തസമീപനം സാമ്രാജ്യത്വത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുന്നുവെന്നും വികസ്വരരാജ്യങ്ങൾ സാർവ്വദേശീയസാമ്രാജ്യത്വത്തിനെതിരെ നടത്തുന്ന സമരത്തിൽ അവയ്ക്കു ക്രമാനുസാരമായ പിന്തുണ നല്കുന്നുവെന്നും വാതോരാതെ പ്രസംഗിക്കുന്ന ചൈനീസ് നേതൃത്വത്തിന്റെ കാപട്യത്തെ ഒരിയ്ക്കൽക്കൂടി തുറന്നുകാട്ടുന്നു.

''സാംസ്കാരികവിപ്ലവ''ത്തിന്റെ കാലത്തു് ഹോങ്കോങ്ങിലേയും മക്കാവോയിലേയും ജനങ്ങൾ ചൈനയിൽ ചേരണമെന്നാവശ്യപ്പെട്ടുകൊണ്ടു വിപുലമായ പ്രകടനങ്ങൾ നടത്തുകയുണ്ടായി. വിദേശീയനിരീക്ഷകരുടെ അഭിപ്രായത്തിൽ പീക്കിങ്ങിനു് അതിന്റെ വാതിൽപ്പടിക്കലുള്ള ആ കോളനികൾ ഇല്ലായ്മചെയ്യാൻ അന്നു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ മുഖ്യസാമ്രാജ്യത്വശക്തികളുമായി അടുക്കുന്ന പ്രക്രിയയ്ക്കു കുഴപ്പമുണ്ടായേക്കുമെന്നും അതിനാൽ ആ നടപടിക്കു് ഒരുമ്പെടാതിരിക്കയാണു ചൈനയുടെ താല്പര്യങ്ങൾക്കു് അനുയോജ്യമെന്നും പീക്കിങ്ങ്നേതൃത്വം തീരുമാനിച്ചു. ഹോങ്കോങ്ങും മക്കാവോയും കോളനികളായി അവശേഷിക്കുന്നതിൽനിന്നുള്ള സാമ്പത്തികനേട്ടങ്ങളും തങ്ങളുടെ ഭൂപരമായ അവകാശവാദങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്യാറില്ലാത്ത പീക്കിങ്ങ്നേതൃത്വത്തെ അതിനു പ്രേരിപ്പിക്കുന്നു. ഏതായാലും 1972 മാർച്ചിൽ ഐക്യരാഷ്ട്രസഭയിലെ ചൈനയുടെ സ്ഥിരംപ്രതിനിധി ഹോങ്കോങ്ങിനേയും മക്കാവോയേയും സംബന്ധിച്ച തന്റെ ഗവണ്മെന്റു കൈക്കൊള്ളുന്ന നിലപാടു് ഇങ്ങനെ വിശദീകരിച്ചു: ''ഹോങ്കോങ്ങിനേയും മക്കാവോയേയും സംബന്ധിച്ച പ്രശ്നം ചരിത്രത്തിന്റെ സംഭാവനകളായ അസമകരാറുകളുടെ പരമ്പരയിൽനിന്നുളവാകുന്നതും സാമ്രാജ്യത്വശക്തികൾ ചൈനയെ കെട്ടിയേല്പിച്ചതുമായ പ്രശ്നങ്ങളിലൊന്നാണു്. ഹോങ്കോങ്ങും മക്കാവോയും ചൈനയിൽനിന്നു ബ്രിട്ടനും പോർത്തുഗലും തട്ടിയെടുത്ത പ്രദേശങ്ങളാണു്. ഹോങ്കോങ്ങിനേയും മക്കാവോയേയും സംബന്ധിച്ച പ്രശ്നത്തിന്റെ തീരുമാനം ചൈനയുടെ അധികാരപരിധിയിൽപ്പെട്ടതാണു്. സാധാരണകോളനികളുടെ വകുപ്പിൽ അവയുൾപ്പെടുന്നില്ല. അതിനാൽ കൊളോണിയൽരാജ്യങ്ങൾക്കും ജനതകൾക്കും സ്വാ

ന്ത്ര്യംനൽകുന്നതുസംബന്ധിച്ച പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന കൊളോണിയൽ പ്രദേശങ്ങളുടെ പട്ടികയിൽ അവയെ ചേർത്തുകൂടാ. ഹോങ്കോങ്ങിനേയും മക്കാവോയേയും സംബന്ധിച്ച പ്രശ്നം സാഹചര്യങ്ങൾ പക്വമാകുമ്പോൾ ഉചിതമായ രീതിയിൽ പരിഹരിക്കേണ്ടതാണെന്നു ചൈനീസ് ഗവണ്മെൻറു ദൃഢമായി കരുതുന്നു.''15 വികസ്വരരാജ്യങ്ങളുമായി സംസാരിക്കുമ്പോൾ ചൈനയ്ക്കു സാധാരണമായുള്ള ഭീഷണസ്വരം പാശ്ചാത്യരാജ്യങ്ങളുടെ കോളനികളെ സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിൻെറ കാര്യം വരുമ്പോൾ എവിടെപ്പോയെന്നറിഞ്ഞില്ല.

കുറെക്കാലമായി പി.ആർ.സി. ഹോങ്കോങ്ങിൽ അതിൻെറ ഔദ്യോഗികപ്രതിപുരുഷാലയം തുറക്കുന്ന പ്രശ്നം ഉന്നയിച്ചുവരുന്നു. സാധാരണമായി ഔദ്യോഗികപ്രതിപുരുഷാലയങ്ങൾ തുറക്കാറുള്ളതു വിദേശങ്ങളിലാണെന്നതിനാൽ ഹോങ്കോങ്ങ് ഇനിയും ഏറെക്കാലം കോളനിയായി അവശേഷിക്കുമെന്നു കരുതാവുന്നതാണ്. തയ്‌വാൻ തിരിച്ചെടുത്തതിനുശേഷമേ ഹോങ്കോങ്ങിൻെറ പ്രശ്നം ഉന്നയിക്കുകയുള്ളുവെന്നും ആ പ്രശ്നം തീരുമാനിക്കപ്പെടുന്നതു ''രമ്യമായി''ട്ടായിരിക്കുമെന്നും ചൈനീസ്‌നേതൃത്വം ഒരു പ്രസ്താവനയിലൂടെ ഹോങ്കോങ്ങിലെ ബ്രിട്ടീഷധികാരികളെ അറിയിക്കുകയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ ചൈനയുടെ വാതിൽപ്പടിക്കലുള്ള തങ്ങളുടെ കോളനിയുടെ ഭാവിയെപ്പററി ബ്രിട്ടീഷുകാർക്കു തല്ക്കാലം ആശങ്കിക്കേണ്ടതില്ല. പോർത്തുഗലിൽ ഫാസിസ്റ്റ് സ്വേച്ഛാധിപത്യം കടപുഴക്കപ്പെട്ടതിനുശേഷം അവിടത്തെ പുതിയ ഗവണ്മെൻറ് മക്കാവോ ഉൾപ്പെടെയുള്ള പോർത്തുഗീസ് കോളനികൾക്കു സ്വാതന്ത്ര്യം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ മക്കാവോയുടെ ഇന്നത്തെ സ്ഥിതി തുടരണമെന്നു വ്യക്തമാക്കിക്കൊണ്ട് ചൈന ആ പ്രശ്നത്തിൻെറ പരിഹാരം നീട്ടിവയ്ക്കുന്നു.

## 6. ചൈനയുടെ തെക്കോട്ടുള്ള രാജ്യവിപുലീകരണത്തിൻെറ ഭാവി

ഏതൊരു രാജ്യത്തിൻേറയും പരിധികൾ വ്യക്തമായി നിർണ്ണയിക്കുന്ന രേഖയാണല്ലോ അതിൻെറ അതിർത്തി. എന്നാൽ സമകാലിക ചൈനയുടെ അതിർത്തിനയത്തിനു് ആധാരമായിട്ടുള്ളതു് രാജ്യത്തിനു ചുററും നിശ്ചിതവീതിയിൽ കിടക്കുന്ന ഒരു മേഖലയാണ് അതിൻെറ അതിർത്തിയെന്ന കാലഹരണപ്പെട്ട സങ്കല്പമാണെന്നു നാം കണ്ടു. ശക്തരായ മററു രാഷ്ട്രങ്ങളിൽനിന്നു ചൈനയുടെ ജീവൽപ്രധാനമായ പ്രദേശങ്ങളെ സംരക്ഷിക്കുന്ന സാമന്തരാഷ്ട്രങ്ങളുടെ ഒരു മാല ചൈനയ്ക്കു ചുററും

ഉണ്ടായിരിക്കുന്നതു നന്നെന്നു കരുതിയിരുന്ന ചൈനീസ് ചക്രവർത്തിമാരുടെ വീക്ഷണങ്ങളാണു പീക്കിങ്ങ്നേതൃത്വത്തിൻെറ അതിർത്തിസംബന്ധമായ സങ്കല്പത്തിനു നിദാനമായിട്ടുള്ളതു്. ക്രമാധികം വിപുലവും അവ്യക്തവുമായ അതിർത്തിമേഖല ഉള്ളപക്ഷം പടിപടിയായി, അധികം ഒച്ചപ്പാടുണ്ടാക്കാതെ അയൽപ്രദേശങ്ങൾ അകത്താക്കാനും അതിർത്തിമേഖലയെ അയൽരാജ്യങ്ങളുടെ പ്രദേശത്തേക്കു കൂടുതൽക്കൂടുതൽ തള്ളിനീക്കാനും സാധിക്കും. ടിബററിനെ ചൈനയിൽ ചേർക്കുന്നതിനു മുമ്പ് ഇന്ത്യയുമായുള്ള അതിർത്തിയിൽ യാതൊരു പ്രശ്നവുമുണ്ടായിരുന്നില്ല. ഇപ്പോഴാകട്ടെ ഇന്ത്യാ—ചൈനാബന്ധങ്ങളിൽ അത്തരം പ്രശ്നങ്ങൾ സുലഭമാണല്ലോ. അങ്ങനെ, രാഷ്ട്രാതിർത്തികൾ മേഖലകളാണെന്ന ചൈനീസ്വ്യാഖ്യാനം രാജ്യവിപുലീകരണസ്വഭാവത്തോടുകൂടിയതാണ്. അയൽരാജ്യങ്ങളുടെ, പ്രത്യേകിച്ചും ചെറുകിടരാജ്യങ്ങളുടെ പ്രദേശങ്ങൾ ഉള്ളിലാക്കിക്കൊണ്ടു ചൈനയുടെ അതിർത്തികൾ ക്രമേണ വിപുലമാക്കുകയാണ് അതിൻെറ ലക്ഷ്യം.

പി.ആർ.സി. അതിൻെറ അതിർത്തിമേഖലയുടെ വീതി കാണിക്കുന്നതു് അങ്ങേയററം നിർല്ലജ്ജമായാണെന്നു ബോദ്ധ്യപ്പെടണമെങ്കിൽ ചൈനയ്ക്കു് അയൽരാജ്യങ്ങളുടെമേലുള്ള അവകാശവാദങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഭൂപടത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ മതിയാകും. തെക്കുകിഴക്കുഭാഗത്തു് സമുദ്രതീരപ്രദേശത്തേക്കു കടന്നുപററണമെന്നാണ്, അതായതു് ഇന്നു് ഏഷ്യാഭൂഖണ്ഡത്തിൻെറ തെക്കുകിഴക്കുഭാഗത്തുള്ള എല്ലാ രാഷ്ട്രങ്ങളേയും വെട്ടിവിഴുങ്ങണമെന്നും ശാന്തസമുദ്രവും ഇന്ത്യാമഹാസമുദ്രവും തമ്മിലുള്ള ഗതാഗതമാർഗ്ഗങ്ങളിൽ താവളമുറപ്പിക്കണമെന്നുപോലുമാണ് പീക്കിങ്ങിൻെറ ആഗ്രഹം. തെക്കും തെക്കുപടിഞ്ഞാറും ഭാഗങ്ങളിൽ ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളെ അപേക്ഷിച്ച് ഹിമാലയത്തിൽ യുദ്ധതന്ത്രപ്രധാനമായി കൂടുതൽ മെച്ചപ്പെട്ട സ്ഥാനങ്ങൾ കരസ്ഥമാക്കാൻ പീക്കിങ്ങ് ആഗ്രഹിക്കുന്നു.

എന്നാൽ ഇന്നത്തെ വികസ്വരേഷ്യ ബലഹീനരായ ''കിരാത'' രാഷ്ട്രങ്ങളുടെ ഒരു സഞ്ചയമല്ലെന്നും അവയ്ക്കിടയിൽ വിസ്തൃതമായ പ്രദേശങ്ങൾ പാഴായി കിടപ്പില്ലെന്നുമുള്ള വസ്തുത ചൈനീസ് ഭൂരാഷ്ട്രതന്ത്രജ്ഞന്മാർ അവരുടെ കണക്കുകൂട്ടലുകളിൽ വിസ്മരിച്ചുപോകുന്നു. വികസ്വരേഷ്യ ഇന്നു സർവ്വോപരി പരമാധികാരരാഷ്ട്രങ്ങളുടെ ഒരു വ്യവസ്ഥയാണ്, വ്യക്തവും, നിയമേന, ചിത്രപരമായി രൂപംകൊണ്ടതുമായ അതിർത്തികൾ അവയ്ക്കുണ്ടു്. തങ്ങളുടെ രാജ്യങ്ങളെ വിദേശാക്രമണത്തിൽനിന്നു രക്ഷിക്കാനുള്ള കഴിവ് ഏഷ്യൻജനതകൾക്കുണ്ടുതാനും. മഹച്ഛക്തിതിമിരം ബാധിച്ച പീക്കിങ്ങ്നേതാക്കൾ ആ വസ്തുത കണ

ക്കാക്കുന്നില്ലെങ്കിലും ഇന്നല്ലെങ്കിൽ നാളെ അവർക്കതു മനസ്സിലാക്കേണ്ടി വരും.

ഭാവിയിൽ ചൈനയുടെ രാജ്യവിപുലീകരണം ഏതു ഭാഗത്തേക്കായിരിക്കുമെന്നതിനെക്കുറിച്ചുള്ള അനുമാനങ്ങൾ ലോകപത്രങ്ങളിൽ ധാരാളമായി കണ്ടുവരുന്നു. കഴിഞ്ഞ ഇരുപതുവർഷങ്ങൾക്കിടയിൽ പീക്കിങ്ങ് ഭൂരിപക്ഷം അയൽരാജ്യങ്ങളുടേയും മുമ്പാകെ ഭൂപരമായ അവകാശവാദങ്ങൾ ഉന്നയിച്ചുകഴിഞ്ഞിരിക്കുന്നു. ആ രാജ്യങ്ങളിൽനിന്നു ചൈന അവകാശപ്പെടുന്ന ഭൂഭാഗങ്ങളുടെ മൊത്തം വിസ്തീർണ്ണം 32 ലക്ഷം ച.കിലോമീററർ ആണു്. അതു് ചൈനയുടെ ഇപ്പോഴത്തെ വിസ്തീർണ്ണത്തിൻെറ മൂന്നിലൊന്നോളം വരും. ''പ്രദേശപട്ടിക'' ഇനിയും വിപുലമാക്കുമെന്നുള്ള പീക്കിങ്ങിൻെറ ഭീഷണിയും പരിഗണിക്കാതിരിക്കാൻ തരമില്ല. പീക്കിങ്ങിൽ പറയാൻ ഇഷ്ടപ്പെടുന്നതുപോലെ ''സാഹചര്യങ്ങൾ പകവമാകുമ്പോൾ'' ചൈന അതിൻെറ അയൽരാജ്യങ്ങളുടെ മുമ്പാകെ പുതിയ അവകാശവാദങ്ങൾ വച്ചുകൂടെന്നില്ല.

ഏതാനും വർഷങ്ങൾക്കുമുമ്പു് ഇതേസംബന്ധിച്ചു് തഥാകഥിതമായ ''തീപ്പെട്ടി''സിദ്ധാന്തംപോലും പ്രത്യക്ഷപ്പെടുകയുണ്ടായി. അതനുസരിച്ചു് പടിഞ്ഞാറു് വൻപർവ്വതങ്ങൾക്കും കിഴക്കു ശാന്തസമുദ്രത്തിനും ഇടയ്ക്കു സ്ഥിതിചെയ്യുന്ന ചൈനയ്ക്കു രണ്ടു ദിക്കുകളിലേക്കു മാത്രമേ ''നീങ്ങാൻ'' കഴിയുകയുള്ളു—തെക്കോട്ടു ദക്ഷിണേഷ്യയിലേയും ദക്ഷിണപൂർവ്വേഷ്യയിലേയും രാജ്യങ്ങളിലേക്കും വടക്കോട്ടു സോവിയററു് യൂണിയൻെറ പ്രദേശത്തേക്കും. ചൈനയ്ക്കു വടക്കോട്ടുള്ള രാജ്യവിപുലീകരണസാദ്ധ്യതകളെപ്പററി വിദേശപത്രങ്ങൾ സംശയം രേഖപ്പെടുത്തുന്നുണ്ടെന്നതു വാസ്തവമാണു്. ആസ്ട്രേലിയൻ ശാസ്ത്രജ്ഞനായ സി.പി. ഫിററ്സ്ജെറാൽഡിൻെറ അഭിപ്രായത്തിൽ ചൈനയ്ക്കു വടക്കോട്ടു രാജ്യവിപുലീകരണസാദ്ധ്യതകളില്ല, കുറച്ചെല്ലാം സാദ്ധ്യതകളുള്ളതു തെക്കോട്ടുമാത്രമാണു്.16

സോവിയററു് യൂണിയനെ സംബന്ധിച്ചിടത്തോളം അതിർത്തികൾ കാത്തുരക്ഷിക്കുന്നതിനുള്ള ശക്തിയും ദൃഢനിശ്ചയവും സോവിയററു് ജനതയ്ക്കുണ്ടു്. രാജ്യാതിർത്തികൾ സംരക്ഷിക്കുന്നതിനാവശ്യമായ ഉപാധികൾ അവരുടെ കൈവശമുണ്ടു്. തങ്ങളുടെ പ്രദേശത്തേക്കു് അതിക്രമിച്ചുകടക്കാനുള്ള ചൈനീസ് രാജ്യവിപുലീകരണവാദികളുടെ ഏതൊരു ശ്രമത്തേയും അവർ ചെറുക്കാതിരിക്കില്ല. സ്വാഭാവികമായും വികസ്വരേഷ്യയിലെ പരമാധികാരരാഷ്ട്രങ്ങളുടെ നിലപാടും അങ്ങനെതന്നെയാണു്.

ഏഷ്യയിലെ വികസ്വരരാജ്യങ്ങളെ, വിശിഷ്യ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളെ ചൈന പ്രധാനമായും സ്വന്തം സ്വാധീനമേഖലയാ

യി കരുതുന്നു. പണ്ടുകാലത്തു് അയൽരാജ്യങ്ങൾക്കു ചൈനയോടുണ്ടായിരുന്ന, പലപ്പോഴും നാമമാത്രമായിരുന്ന സാമന്തബന്ധത്തെ അതിനടിസ്ഥാനമായി പീക്കിങ്ങ് ചൂണ്ടിക്കാണിക്കുകയും ഏഷ്യയിലെ അയൽരാജ്യങ്ങളിൽനിന്നു വിസ്തൃതമായ ഭൂഭാഗങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു. അഫ്ഗാനിസ്ഥാൻ, ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബർമ്മ, ലാവോസ് എന്നീ രാജ്യങ്ങളുമായി പൊതുവായ അതിർത്തികളുണ്ടെന്ന, തങ്ങൾക്കനുകൂലമായ ഭൂമിശാസ്ത്രഘടകത്തെ പീക്കിങ്ങിലെ ഭൂരാഷ്ട്രതന്ത്രജ്ഞന്മാർ പൂർണ്ണമായും കണക്കിലെടുക്കുന്നു. ചൈനയുടെ അതിർത്തികളോടു തൊട്ടടുത്തുതന്നെ മററു ചില ഏഷ്യൻരാഷ്ട്രങ്ങളും സ്ഥിതിചെയ്യുന്നു. പീക്കിങ്ങിൽ പറയാനിഷ്ടപ്പെടുന്നതുപോലെ, ചൈനയെ അയൽരാജ്യങ്ങളുമായി ബന്ധിപ്പിക്കുന്നതു ഒരേ നദികളും ഒരേ പർവ്വതങ്ങളുമാണ്. സുശക്തമായ ഒരു കപ്പൽപ്പട ഇല്ലാത്ത സ്ഥിതിക്കു് ഭൂമിശാസ്ത്രപരമായ അടുപ്പത്തെ ചൈനീസ് യുദ്ധതന്ത്രജ്ഞന്മാർ പ്രത്യേകം വിലമതിക്കുന്നു. അതിർത്തികളോടു തൊട്ടുള്ള ചൈനീസ് പ്രോവിൻസുകളിൽ പലതും സാമ്പത്തികമായി വികാസം പ്രാപിച്ചവയാണ്; അയൽരാജ്യങ്ങളുടെ പ്രദേശങ്ങളാകട്ടെ ഇനിയും അധികം ഉപയോഗിക്കപ്പെടാത്തവയും ആൾപ്പാർപ്പു കുറഞ്ഞവയുമാണ്. ചിലയിടങ്ങളിൽ (ഇന്ത്യ, ബർമ്മ, ലാവോസ്) അതിർത്തിയുടെ ഇരുവശങ്ങളിലും വസിക്കുന്നതു പരസ്പരബന്ധമുള്ള ജനവർഗ്ഗങ്ങളാണ്. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽ പാർക്കുന്ന ഒന്നരക്കോടിവരുന്ന ചൈനീസ് ന്യൂനപക്ഷത്തിനു് അതതു രാജ്യങ്ങളിൽ ശക്തമായ സാമ്പത്തികസ്വാധീനമുണ്ടു്, അവരിൽ ഒരു വിഭാഗം പീക്കിങ്ങിനോടു ചായ്‌വു പുലർത്തുന്നവരാണുതാനും. പല ഏഷ്യൻരാജ്യങ്ങളിലേയും ചൈനയുമായുള്ള അതിർത്തിയിൽ വസിക്കുന്ന ജനങ്ങൾ വ്യത്യസ്തതോതിലും ആഴത്തിലും കാലയളവിലും ചൈനയുടെ സാംസ്കാരികസ്വാധീനത്തിനു കീഴ്പ്പെട്ടിരുന്നു.

ചൈനയുടെ തെക്കൻ അതിർത്തി പലയിടങ്ങളിലും പ്രാകൃതികാതിർത്തികളോടു ബന്ധപ്പെട്ടല്ല കിടക്കുന്നതു്. ചിലയിടങ്ങൾ അതിർത്തി തിരിക്കപ്പെട്ടിട്ടില്ല. പലപ്പോഴും അയൽരാജ്യങ്ങൾ തങ്ങളുടെ അതിർത്തികൾ വേണ്ടപോലെ സംരക്ഷിക്കുന്നില്ല. ഇക്കാരണങ്ങളാൽ അതിർത്തിലംഘനവും അതിർത്തിതിരുത്തലും സുകരമായിത്തീരുന്നു. തെക്കുകിഴക്കുഭാഗത്തു ചൈനയോടു തൊട്ടുകിടക്കുന്നതു് ഏതാനും ചെറുരാഷ്ട്രങ്ങളാണ്. കഴിഞ്ഞകാലത്തു് അവ തമ്മിൽ അത്ര യോജിപ്പില്ലായിരുന്നുതാനും. അതിനാൽ ''കിരാതന്മാരെ തമ്മിലടിപ്പിക്കുക''യെന്ന പരമ്പരാഗതനയം വിജയിക്കുമെന്നു കരുതാൻ ചൈനയ്ക്കു സാധിക്കുന്നു. ചില പാശ്ചാത്യവിദഗ്ധന്മാരുടെ അഭിപ്രായത്തിൽ ചൈനയുടെ തെക്കൻ അയൽരാജ്യങ്ങൾ അനേകം ദേശീയജനവിഭാഗങ്ങൾ പാർക്കുന്നവ

യും കോളോണിയൽവാഴ്ചയുടെ ഫലമായുള്ള കൃത്രിമാതിർത്തികളോടുകൂടിയവയുമായതിനാൽ അവയ്ക്കു ജീവനക്ഷമത കുറവാണ്. കൂടുതൽ ശക്തനായ വടക്കൻ അയൽക്കാരൻ അവയെ വെട്ടിവിഴുങ്ങിയേക്കാനിടയുണ്ട്.17

രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഏഷ്യയിലുണ്ടായിട്ടുള്ള വമ്പിച്ച രാഷ്ട്രീയപരിവർത്തനങ്ങളേയും ചൈന കണക്കിലെടുക്കുന്നുണ്ട്. എന്നാലതും മഹച്ഛക്തിപദ്ധതികളുടെ പ്രത്യേകനിലപാടിൽനിന്നാണെന്നു മാത്രം. ഏഷ്യയിൽ അനേകം സ്വതന്ത്രരാഷ്ട്രങ്ങൾ ഉടലെടുത്തതല്ല ചൈനയെസംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളതു്, പ്രത്യുത ഏഷ്യൻ രാഷ്ട്രീയരംഗത്തുനിന്നു കൊളോണിയൽശക്തികൾ അന്തർദ്ധാനം ചെയ്തതാണ്. തെക്കോട്ടു രാജ്യവിപുലീകരണം നടത്തുന്നതിൽ അവയുമായി മത്സരിക്കാൻ ചൈനയ്ക്കു കഴിഞ്ഞിരുന്നില്ല. ഒരു ആസ്ട്രേലിയൻ ഭൂരാഷ്ട്രതന്ത്രജ്ഞൻ ഇപ്രകാരമെഴുതി: ''ഏഷ്യാഭൂഖണ്ഡത്തിൽ യൂറോപ്യൻസാമ്രാജ്യങ്ങളുടെ പഴയ അതിർത്തിവിധാനത്തിൽനിന്നു് അമേരിക്കയുടേയും ചൈനയുടേയും പുതിയ അതിർത്തിവിധാനത്തിലേക്കുള്ള പരിവർത്തനഘട്ടമാവാം നാമിന്നു ദർശിക്കുന്നതു്. ആ പ്രക്രിയയുടെ ആദ്യദശ—യൂറോപ്യന്മാരിൽനിന്നു് ഏഷ്യാക്കാരിലേക്കുള്ള അധികാരകൈമാററം ഇപ്പോൾ പൂർത്തിയായിരിക്കുന്നു. അടുത്ത ദശ—ഏഷ്യൻ അധികാരത്തിൻെറ അതിർത്തികളുടേയും അതിൻെറമേൽ അമേരിക്കയ്ക്കും ചൈനയ്ക്കുമുള്ള സ്വാധീനത്തിൻേറയും നിർണ്ണയം—ഒരുപക്ഷെ ഇപ്പോഴായിരിക്കാം തുടങ്ങുന്നതു്.''18 ഇന്തോചൈനയിൽ അമേരിക്കൻ ആക്രമണം പടുതോൽവിയടഞ്ഞതും ഏഷ്യയിൽ അമേരിക്കൻ സാന്നിദ്ധ്യം കുറഞ്ഞുവരുന്നതും അതോടൊപ്പം ചൈനയും അമേരിക്കയുമായി അടുത്തുതുടങ്ങിയിട്ടുള്ളതും ശാന്തസമുദ്രപ്രദേശത്തെ ഇതരസാമ്രാജ്യത്വശക്തികളുമായുള്ള ചൈനയുടെ ബന്ധങ്ങൾ സാധാരണവൽക്കരിക്കപ്പെട്ടതും ചൈന സാർവ്വദേശീയരംഗത്തു പ്രവേശിച്ചതും പരിഗണിക്കുമ്പോൾ വികസ്വരേഷ്യയിൽ അധിനായകത്വം സ്ഥാപിക്കുന്നതിനുവേണ്ടി പീക്കിങ്ങ് വിപുലമായ ഒരു പരിപാടി ആരംഭിച്ചിരിക്കുന്നുവെന്നു കരുതാവുന്നതാണ്.

ചൈനീസ് രാജ്യവിപുലീകരണത്തിൻെറ സാമ്പത്തികവശങ്ങളും അവഗണിച്ചുകൂടാ. നെല്ല്, തടി, റബ്ബർ, എണ്ണ തുടങ്ങിയ വിഭവങ്ങൾ ധാരാളമായുള്ള ദക്ഷിണപൂർവ്വേഷ്യയെ പഴയ ചൈന അസൂയയോടെയാണു വീക്ഷിച്ചിരുന്നതു്. സമകാലികചൈനയെ സംബന്ധിച്ചിടത്തോളവും ആ വിഭവങ്ങൾ തികച്ചും ദുർല്ലഭമായവയാണ്.

ഏഷ്യൻരാജ്യങ്ങളെ സംബന്ധിച്ചുള്ള തങ്ങളുടെ രാജ്യവിപുലീകരണപരിപാടി രൂപീകരിക്കുന്ന അവസരത്തിൽ പീക്കിങ്ങിലെ ഭൂരാഷ്ട്ര

തന്ത്രജ്ഞന്മാർ പല വസ്തുതകളും കണക്കിലെടുക്കുന്നു. തെക്കൻ അയൽ രാജ്യങ്ങളുടെമേലുള്ള അവകാശവാദങ്ങൾക്ക ന്യായീകരണം കണ്ടെത്താൻ പീക്കിങ്ങ് ഏറെക്കാലമായി ശ്രമിച്ചുവരികയാണ്.

''ചൈന ഏഷ്യയുടെ ഗുരുത്വകേന്ദ്രമാണെ''ന്നും ലോകരാഷ്ട്രീയത്തിൽ ഏഷ്യയുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും അതിനു തുല്യാവകാശം നേടിക്കൊടുക്കാനും ചൈനയ്ക്കുമാത്രമേ കഴിയുകയുള്ളുവെന്നും മാവോസേതുങ്ങ് ഒരിക്കലല്ല ഊന്നിപ്പറഞ്ഞിട്ടുള്ളത്.19 ''ഭൂഗോളത്തിൻെറ പൂർവ്വദേശത്തു ചൈന ഒരതികായനായി ഉയർന്നുനില്ക്കുന്നു''വെന്നു പീക്കിങ്ങിൽ വാതോരാതെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏഷ്യയിൽ ചൈനയ്ക്കു പ്രത്യേകപങ്കുണ്ടെന്നു കാണിക്കുന്നതിനുവേണ്ടിയാണത്.

1949–ൽ ഏഷ്യയിലേയും ഓഷ്യാനിയയിലേയും ട്രേഡ്യൂണിയൻ പ്രതിനിധികളുടെ സമ്മേളനത്തിൽവച്ച് ചൈനയുടെ പ്രതിനിധി ദേശീയവിമോചനത്തിനുവേണ്ടി സമരംനടത്തുന്ന എല്ലാ ജനതകളും മാവോസേതുങ്ങിൻെറ പാത പിന്തുടരണമെന്ന് എടുത്തുപറയുകയുണ്ടായി. ഏഷ്യൻജനതകളുടെ വിപ്ലവപ്രസ്ഥാനത്തിൽ ചൈനയ്ക്കു നേതൃത്വപങ്കാണുള്ളതെന്ന തുറന്നടിച്ച അവകാശവാദമായിരുന്നു അത്. സാർവ്വദേശീയകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽപ്പോലും ഇന്നത്തെ ചൈനീസ്നേതാക്കന്മാർ ഏഷ്യയിലെ വിപ്ലവപ്രസ്ഥാനത്തിൻെറ നേതൃത്വം തങ്ങളുടെ കുത്തകയാണെന്ന് ഏറെനാളായി അവകാശപ്പെടുന്നു. യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഏഷ്യൻവിപ്ലവപ്രസ്ഥാനത്തിൽ വ്യാപരിക്കാതിരിക്കുകയും അതിൻെറ പ്രശ്നങ്ങളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കാതിരിക്കുകയുമാണു ഭേദമെന്നും ഏഷ്യാഭൂഖണ്ഡത്തിലെ വിപ്ലവസമരത്തിൻെറ പ്രത്യയശാസ്ത്രവും സമ്പ്രദായങ്ങളും ആവിഷ്കരിക്കുന്ന കാര്യം ചൈനയ്ക്കു വിട്ടുകൊടുക്കണമെന്നും 1956–ൽത്തന്നെ മാവോസേതുങ്ങ് ഇററാലിയൻ കമ്മ്യൂണിസ്റ്റുകാരുമായി നടത്തിയ സംഭാഷണത്തിൽവച്ചു പറയുകയുണ്ടായിയെന്നത് അതിനു തക്ക തെളിവാണ്.

ഏഷ്യൻപ്രശ്നങ്ങളെക്കുറിച്ചു സംസാരിക്കാൻ ചൈനയ്ക്കു കൂടുതൽ അവകാശമുണ്ടെന്നും ഏഷ്യയിൽ ചൈനയ്ക്കു പ്രത്യേക ഉത്തരവാദിത്വമുള്ളതിനാൽ അതു കൂടുതൽ ഭാരംപേറുന്നുവെന്നും 1971 ശരൽക്കാലത്തു ഫ്രഞ്ചുപത്രപ്രവർത്തകന്മാരുമായി നടത്തിയ സംഭാഷണത്തിൽവച്ച് ചൌ എൻ–ലായ് പ്രസ്താവിച്ചു.

ഒടുവിൽ, ദക്ഷിണപൂർവ്വേഷ്യയിൽ ചൈനയ്ക്കുള്ള ഉദ്ദേശങ്ങളെപ്പററി മാവോസേതുങ്ങ് നടത്തിയ അതിവാചാലമായ പ്രസ്താവന പരസ്യമായിത്തീർന്നു.

പോളിററ്ബ്യൂറോ യോഗത്തിൽവച്ച് 1965 ആഗസ്റ്റിൽ മാവോസേതുങ്ങ് ഇങ്ങനെ പറഞ്ഞു: ''ദക്ഷിണവിയററ്നാം, തായ്ലണ്ട്,

ബർമ്മ, മലേഷ്യ, സിംഗപ്പൂർ എന്നിവയുരംപ്പെടെയുള്ള ദക്ഷിണപൂർവ്വേഷ്യ നമുക്കു തീർച്ചയായും കരസ്ഥമാക്കണം. കമ്പോഡിയയെ സംബന്ധിച്ചിടത്തോളം സമാധാനപരമായ സഹവർത്തനം തുടരേണ്ടതാണ്... ദക്ഷിണപൂർവ്വേഷ്യ വളരെ സമ്പന്നമായ പ്രദേശമാണ്, അവിടെ ധാതുവിഭവങ്ങരം ധാരാളമായുണ്ട്. ആ പ്രദേശം കൈക്കലാക്കുന്നതിനു് എന്തു വില കൊടുക്കേണ്ടിവന്നാലും നഷ്ടമില്ല. ഭാവിയിൽ ചൈനയുടെ വ്യവസായവികസനത്തിനു് ആ പ്രദേശം വളരെ പ്രയോജനപ്പെടും. അങ്ങനെ, ദക്ഷിണപൂർവ്വേഷ്യ കൈവശപ്പെടുത്തി, അവിടെ നമ്മുടെ ശക്തി വർദ്ധിപ്പിക്കുന്നതോടെ സോവിയററ്—പൂർവ്വയൂറോപ്യൻ ബ്ലോക്കിനു ബദലായിട്ടുള്ള ശക്തി നമുക്കു ലഭ്യമാകും, കിഴക്കുനിന്നുള്ള കാററ് പടിഞ്ഞാറുനിന്നുള്ള കാററിനെ കീഴടക്കും.''[20]

വടക്കുപടിഞ്ഞാറും വടക്കും വടക്കുകിഴക്കും ലക്ഷ്യങ്ങളിൽ ചൈനയുടെ രാജ്യവിപുലീകരണത്തിനു വിജയമാർജ്ജിക്കാൻ സാധ്യതയില്ലെന്നു പീക്കിങ്ങ്നേതൃത്വത്തിനറിയാം. തെക്കുവശത്തു ചൈനയുടെ അവകാശവാദങ്ങരംക്കു് ഇന്ത്യ തടസ്സമായി നിൽക്കുന്നു. 1962–ലെ ചൈനാ—ഇന്ത്യാസംഘട്ടനത്തിൻെറ കാലത്തു് ഇന്ത്യയുടെ ശക്തി ചൈന അനുഭവിച്ചറിയുകയും എത്രയും ആശ്വാസകരമല്ലാത്ത നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ആ സംഘട്ടനത്തിൽ ഇന്ത്യ കൈക്കൊണ്ട ഉറച്ച നിലപാടു് ചൈനയുടെ തെക്കോട്ടുള്ള വിപുലനസാദ്ധ്യതകളെ വളരെ പരിമിതമാക്കിത്തീർക്കുന്നു. അങ്ങനെ തെക്കുകിഴക്കോട്ടുമാത്രമേ ചൈനയ്ക്കു നീങ്ങാൻ കഴിയുകയുള്ളുവെന്നു വരുന്നു. ദക്ഷിണപൂർവ്വേഷ്യയിൽ അതു മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ടെന്നു തോന്നുന്നു. ''ചൈനയുടെ രാജ്യവിപുലീകരണത്തിൻെറ ചിരകാലലക്ഷ്യമായി അവശേഷിക്കുന്ന നമ്മുടെ പ്രദേശത്തു് ചൈന വീണ്ടും താല്പര്യമെടുക്കുക''[21] സാധ്യമാണെന്നു് അവിടെ കരുതപ്പെടുന്നു.

രാഷ്ട്രീയപരമാധികാരം നേടിയെടുക്കുന്നതിനും ദൃഢീകരിക്കുന്നതിനും വേണ്ടി വമ്പിച്ച ത്യാഗങ്ങരം സഹിച്ച വികസ്വരേഷ്യൻ രാജ്യങ്ങളെ ലക്ഷ്യമാക്കിയുള്ള തങ്ങളുടെ രാജ്യവിപുലീകരണപദ്ധതികരം സാക്ഷാൽക്കരിക്കുന്നതിനായി ഏതെല്ലാം രീതികളാണു ചൈനീസ് നേതൃത്വം കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന ചോദ്യം സ്വാഭാവികമായും ഉദിക്കുന്നു.

ചൈനയുടെ ഒററ ഭടനും അന്യരാജ്യങ്ങളുടെ അതിർത്തി ഒരിക്കലും ലംഘിക്കയില്ലെന്നു് ആവർത്തിച്ചുപറയാൻ പീക്കിങ്ങിൽ ഇഷ്ടപ്പെടുന്നു. വിവാദപരവും കുഴഞ്ഞതുമായ പ്രശ്നങ്ങളുടെ തീരുമാനത്തിൽ ബലപ്രയോഗം വർജ്ജിക്കാമെന്നുള്ള ഗംഭീരപ്രതിജ്ഞയാണിതെന്നു പുറമേയ്ക്കു തോന്നിയേക്കാം. എന്നാൽ ആ പ്രസ്താവനയിൽ ഒരു കൗശലമടങ്ങിയിട്ടുണ്ട്. ചൈനയുടെ അതിർത്തികരം എന്നതുകൊണ്ടു പീക്കിങ്ങ് അർ

ത്ഥമാക്കുന്നതു് ഇന്നു നിലവിലിരിക്കുന്ന അതിർത്തികളല്ല, പണ്ടേ കാലഹരണപ്പെട്ടുകഴിഞ്ഞതും ''നഷ്ടപ്പെട്ട പ്രദേശങ്ങളെ'' ഉൾക്കൊള്ളുന്നതുമായ അതിർത്തികളാണു്. പീക്കിങ്ങ്നേതൃത്വം അവകാശമുന്നയിക്കുന്ന മേഖലയിലേക്കു്—വൻകരയിൽപ്പെട്ട ദക്ഷിണപൂർവ്വേഷ്യ പൂർണ്ണമായും, ദക്ഷിണേഷ്യയും ദക്ഷിണപൂർവ്വേഷ്യൻ ദ്വീപുകളും ഭാഗികമായും അതിലുൾപ്പെടുന്നു—ചൈനയുടെ സൈന്യവിഭാഗങ്ങൾ ഒന്നോ രണ്ടോ തവണയല്ല തള്ളിക്കയറിയിട്ടുള്ളതു്. ബർമ്മയിലും ഇന്ത്യയിലും അങ്ങനെതന്നെ സംഭവിച്ചു. മററു ദൃഷ്ടാന്തങ്ങളും ഇവിടെ വേണമെങ്കിൽ അനുസ്മരിക്കാമായിരുന്നു.

ഇന്ത്യ, ബംഗ്ലാദേശ്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾ ഭാഗികമായും ഭൂട്ടാൻ, നേപ്പാൾ, ബർമ്മ, തായ്ലണ്ട്, ലാവോസ്, കമ്പോഡിയ, വിയററ്നാം, മലേഷ്യ, സിംഗപ്പൂർ എന്നിവ പൂർണ്ണമായും ഉൾപ്പെടുന്ന മേഖലയിലേക്കു ചൈനീസ് സൈന്യവിഭാഗങ്ങൾ പ്രവേശിക്കുന്നതു് പീക്കിങ്ങ് നേതാക്കളുടെ അഭിപ്രായത്തിൽ തികച്ചും സ്വാഭാവികവും ന്യായാനുസാരവുമായിരിക്കും. ''സാഹചര്യങ്ങൾ പക്വമാകുമ്പോൾ'' മേല്പറഞ്ഞ രാജ്യങ്ങളുമായുള്ള അതിർത്തികൾ വെട്ടിത്തിരുത്താൻ അവർക്കു ശ്രമിക്കാമെന്നാണു് ഇതർത്ഥമാക്കുന്നതു്.

ചൈന അതിൻെറ തെക്കൻ അതിർത്തികളിൽ സ്വീകരിച്ചേക്കാവുന്ന രാജ്യവിപുലീകരണസമ്പ്രദായങ്ങളെപ്പററി വിദേശത്തുള്ള ചൈനാവിദഗ്ദ്ധന്മാരുടെയിടയിൽ ഏകാഭിപ്രായമില്ല. ചില വിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിൽ ചൈന അതിൻെറ തെക്കൻ അയൽരാജ്യങ്ങളുടെ പ്രദേശത്തേക്കു സൈനികതള്ളിക്കയററം നടത്താനിടയുണ്ടു്. ഉദാഹരണത്തിനു് പശ്ചിമയൂറോപ്യൻയൂണിയ*ൻെറ ഒരു റിപ്പോർട്ടിൽ ബർമ്മയുടേയും ലാവോസിൻേറയും തായ്ലണ്ടിൻേറയും ഒരുപക്ഷെ കമ്പോഡിയയുടേയും അതിർത്തികളിൽ ഫലപ്രദമായ ആക്രമണം നടത്താനുള്ള കെല്പു് ചൈനയുടെ കരസേനയ്ക്കുണ്ടെന്നും മഹച്ഛക്തികൾക്കൊന്നിനും അതു തടയാനാവില്ലെന്നും അഭിപ്രായപ്പെട്ടിരുന്നു.22 ഇന്ത്യയുടെ അതിർത്തിയിൽ പോലും വൻതോതിലുള്ള കടന്നാക്രമണങ്ങൾ നടത്താൻ വേണ്ടത്ര സൈനികശക്തി ചൈനയ്ക്കുണ്ടെന്നു ചില ലേഖകന്മാർ അനുമാനിയ്ക്കുന്നു.23 തത്വത്തിൽ തെക്കൻ അയൽരാജ്യങ്ങളിലേക്കു സൈനികതള്ളിക്കയററത്തിനൊരുമ്പെടാൻ ചൈനയ്ക്കു കഴിയുമെന്നും എന്നാലതു് ഇപ്പോഴായിരിക്കില്ലെന്നും രണ്ടുമൂന്നു ദശാബ്ദങ്ങൾക്കുശേഷം ചൈനയുടെ നാവി

---

* ഇററലി, ഗ്രേററ്ബ്രിട്ടൺ, പശ്ചിമജർമ്മനി, ഫ്രാൻസ്, ബൽജിയം, ലക്സംബർഗ്, ഹോളണ്ട് എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന സൈനിക–രാഷ്ട്രീയസംഘടന.—പ്രസാ.

കസേനയും വിമാനസേനയും കരുത്താർജ്ജിക്കുമ്പോഴായിരിക്കുമെന്നും മററു ചിലർ അഭിപ്രായപ്പെടുന്നു.24 ദക്ഷിണചൈനാസമുദ്രത്തിൽ പീക്കിങ്ങ് പെരുമാറിയ രീതി വച്ചുനോക്കുമ്പോൾ ചൈനയ്ക്കനുകൂലമായ ഏതു നിമിഷത്തിലും അതിൻെറ പക്ഷത്തുനിന്നു ബലപ്രയോഗമുണ്ടാകാവുന്നതാണ്.

എന്നിരിക്കിലും ഇന്നത്തെ സാഹചര്യങ്ങളിൽ, ചൈനയുടെ തെക്കൻ അതിർത്തികൾക്കു മറയായി വർത്തിക്കുന്ന പരമാധികാരരാജ്യങ്ങളുടേമേൽ പരോക്ഷമായ രാഷ്ട്രീയനിയന്ത്രണം ഏർപ്പെടുത്താനായിരിക്കും ഏഷ്യൻരംഗത്തു പ്രവേശിച്ചുകൊണ്ടു പീക്കിങ്ങ് ശ്രമിക്കുക. ചൈനയും തെക്കൻ അയൽരാജ്യങ്ങളും തമ്മിൽ മേൽക്കോയ്മ—സാമന്തബന്ധം സ്ഥാപിക്കുന്നതായിരിക്കും ചൈനയുടെ താല്പര്യങ്ങൾക്കും (അതിൻെറ ഇന്നത്തെ സാധ്യതകൾക്കും) അനുയോജ്യമായിട്ടുള്ളതു്. ചൈനയുടെ ശക്തമായ സ്വാധീനത്തിൽ കഴിയുന്നവയും പരസ്പരബന്ധമില്ലാത്തവയുമായ ഒരു കൂട്ടം സാമന്തരാജ്യങ്ങൾ തെക്കൻ അതിർത്തികളിൽ ഉണ്ടായിക്കാണാനാണു പീക്കിങ്ങ് ആഗ്രഹിക്കുന്നതു്. ചൈന വികസ്വരേഷ്യയിലേക്കു തള്ളിക്കയറുകയോ അവിടത്തെ ജനതകളെ പടിപടിയായി അതിൻെറ ചൊല്പടിയിലാക്കുകയോ ചെയ്യുമെന്ന ഭീഷണി ഏതായാലും ഒരു ഭാവിസാധ്യതയായി നിലവിലിരിക്കുന്നു. ചൈന അതിൻെറ ഗ്രേററ്ഹാൻ അതിർത്തികൾ വീണ്ടെടുക്കുന്നതിൻെറ ഫലമായി ഏഷ്യയിലെ ഭൂരിപക്ഷം വികസ്വരരാജ്യങ്ങളുടേയും ദേശീയപരമാധികാരം നഷ്ടപ്പെടുകയോ കുറഞ്ഞപക്ഷം അതു പരിമിതമാക്കപ്പെടുകയോ ചെയ്യും. അങ്ങനെ അവ ആധുനീകരിക്കപ്പെട്ട ചൈനാസാമ്രാജ്യത്തിൻെറ അവകാശരഹിതരായ സാമന്തരാജ്യങ്ങളായിത്തീരും.

അയൽരാജ്യങ്ങളുടെ പ്രദേശങ്ങളിൽ നാളെത്തന്നെ ചൈനീസ് സൈന്യം പ്രത്യക്ഷപ്പെടുമെന്നു് ഇതു് അർത്ഥമാക്കുന്നില്ല. എന്നാൽ അങ്ങനെ സംഭവിച്ചുകൂടെന്നുമില്ല. ചൈനയുടെ ഇന്നത്തെ വിദേശനയത്തിൻെറ ദീർഘകാലലക്ഷ്യങ്ങളിലൊന്നു് തെക്കൻ അയൽരാജ്യങ്ങളുടെ പ്രദേശങ്ങൾ തട്ടിയെടുത്തു് സ്വന്തം അതിർത്തികൾ വികസിപ്പിക്കുകയെന്നതായതിനാൽ ആ ലക്ഷ്യത്തിൻെറ സാക്ഷാൽക്കാരം സുകരമാക്കിത്തീർക്കുന്നതിനുള്ള ആരംഭനടപടികൾ ചൈന ഇന്നുതന്നെ നടത്തിവരുന്നു. ഈ നിലപാടിൽനിന്നുവേണം ചൈന വികസ്വരേഷ്യയിൽ സ്വീകരിക്കുന്ന ഏതു വിദേശനയനടപടിയുടേയും പൊരുൾ മനസ്സിലാക്കാൻ.

# ദക്ഷിണപൂർവ്വേഷ്യയിൽ പീക്കിങ്ങിൻെറ ആലംബം[1]

## 1. മറുനാടൻ ചൈനീസ് ബൂർഷ്വാസിക്ക ദക്ഷിണപൂർവ്വേഷ്യയുടെ സമ്പദ്വ്യവസ്ഥയിലുള്ള പങ്ക്.

ദക്ഷിണപൂർവ്വേഷ്യയുടെ സാമൂഹ്യവും സാമ്പത്തികവുമായ വികാസപ്രക്രിയകളിൽ സ്വാധീനം ചെലുത്തുന്നതിനുള്ള അദ്വിതീയമായ, ഇതരശക്തികളുടെ കൈവശമില്ലാത്ത ഒരുത്തോലകം ചൈനയ്ക്കുവിടെയുണ്ട്—ഒന്നരക്കോടിവരുന്ന ചൈനീസ് ന്യൂനപക്ഷമാണത്. ആ ന്യൂനപക്ഷത്തിൻെറ, ചൂഷകഘടകങ്ങളുൾപ്പെടുന്ന നല്ലൊരു വിഭാഗം പീക്കിങ്ങിനോടു രാഷ്ട്രീയചായ്‌വ് പ്രകടിപ്പിക്കുന്നുവെന്ന വസ്തുതയെ ഇന്നത്തെ ചൈനീസ് നേതൃത്വം ദക്ഷിണപൂർവ്വേഷ്യയിൽ തങ്ങളുടെ മഹച്ഛക്തിപദ്ധതികൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നു.

പ്രസ്തുതമേഖലയിലെ സാമ്പത്തികപ്രവർത്തനത്തിൻെറ ഗണ്യമായ പങ്ക് അവിടത്തെ ജനസംഖ്യയുടെ ഏതാണ്ട് 5 ശതമാനത്തോളം വരുന്ന ചൈനീസ് ന്യൂനപക്ഷങ്ങളുടെ, ശരിക്കുപറഞ്ഞാൽ അവയിലെ ചൂഷകഘടകങ്ങളുടെ നിയന്ത്രണത്തിലാണ്. ആ പ്രദേശത്തെ ഏതൊരു രാജ്യത്തിലേയും ചൈനീസ് ന്യൂനപക്ഷവും മററു ജനങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ കാണപ്പെടുന്ന അനേകം വൈരുദ്ധ്യങ്ങളുടെ കാരണങ്ങളിലൊന്നാണത്.

ഈ ന്യൂനപക്ഷങ്ങളുടെ 90–95 ശതമാനംവരുന്ന അദ്ധ്വാനിക്കുന്ന വിഭാഗങ്ങൾ അവരിപ്പോൾ വസിക്കുന്ന രാജ്യങ്ങളിൽ പണ്ടേ തങ്ങളുടെ പുതിയ മാതൃഭൂമി കണ്ടെത്തിയിരിക്കുന്നു. തദ്ദേശങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങളോടു തോളോടുതോൾ ചേർന്നുനിന്നുകൊണ്ട് അവർ ദേശീയ സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുന്നു. ചൈനീസ് ബൂർഷ്വാസിയുടെ നല്ലൊരു വിഭാഗം ആ രാജ്യങ്ങളുടെ സാമ്പത്തികനിർമ്മാണത്തിൽ നിശ്ചിതപങ്കു വഹിക്കുന്നുണ്ട്. എന്തെന്നാൽ അവർ അവിടെ നടത്തുന്ന വ്യവസായ–വാണിജ്യപ്രവർത്തനങ്ങൾ ആഭ്യന്തരവിപണികളുടെ ആവശ്യങ്ങളെ മുൻനിർത്തിയുള്ളവയാണ്. ചൈനീസ് ബൂർഷ്വാസിയുടെ

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെ
ചൈനാക്കാരുടെ സംഖ്യയും
മൊത്തം ജനസംഖ്യയിൽ അവരുടെ ശതമാനവും[2]

| | ചൈനാക്കാരുടെ സംഖ്യ (ആയിരത്തിൽ) | മൊത്തം ജനസംഖ്യ (ആയിരത്തിൽ) | മൊത്തം ജനസംഖ്യയിൽ ചൈനാക്കാരുടെ ശതമാനം |
|---|---|---|---|
| ബർമ്മ | 400* | 26,980 | 1.5 |
| ബ്രൂനെയ് | 30 | 116 | 16.0 |
| ഇന്തോനേഷ്യ | 4,040 | 116,980 | 3.5 |
| കമ്പോഡിയ | 440 | 6,701 | 6.6 |
| ലാവോസ് | 50 | 2,893 | 1.7 |
| മലേഷ്യ | 3,850 | 10,581 | 36.4 |
| സിംഗപ്പൂർ | 1,505 | 2,017 | 74.1 |
| തായ്ലണ്ട് | 3,000 | 34,738 | 8.7 |
| ടിമോർ | 5 | 590 | 0.9 |
| ഫിലിപ്പൈൻസ് | 500 | 37,158 | 1.4 |
| ആകെ | 14,020 | 260,097 | 5.2 |

* ബർമ്മയിലേക്കു ചൈനാക്കാർ ഗണ്യമായ തോതിൽ അനധികൃതമായി കുടിയേറിപ്പാർക്കുന്നതിനാൽ യഥാർത്ഥസംഖ്യ ഇതിലും കൂടുതലാണ്. ബർമ്മീസ് പത്രങ്ങളുടെ കണക്കുകളനുസരിച്ച് ഇന്ന് അവിടെയുള്ള ചൈനാക്കാരുടെ സംഖ്യ 10 ലക്ഷത്തിനടുത്തു വരും.

ആ പാളികളും തങ്ങളുടെ ഭാഗധേയത്തെ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുടെ ഭാഗധേയവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ചൈനീസ് ന്യൂനപക്ഷങ്ങളുടെ മേല്പറഞ്ഞ വിഭാഗങ്ങളുടെ ജീവതാല്പര്യങ്ങൾ ദക്ഷിണപൂർവ്വേഷ്യൻ ജനതകളുടെ താല്പര്യങ്ങൾക്കു വിരുദ്ധമല്ല. അതതു രാജ്യങ്ങളിലെ ഭരണകർത്താക്കൾ ആ വിഭാഗങ്ങളോടു ശരിയായ നയം അനുവർത്തിക്കുന്ന പക്ഷം ദേശീയസമ്പദ്‌വ്യവസ്ഥയുടെ നിർമ്മാണത്തിൽ അവർക്കു രചനാത്മകമായ പങ്കു വഹിക്കാൻ കഴിയും.

അതോടൊപ്പംതന്നെ ചൈനീസ്ബൂർഷ്വാസിയുടെ ചില പാളികൾ ദക്ഷിണപൂർവ്വേഷ്യക്കു വെളിയിലുള്ള രാജ്യങ്ങളെ മുൻനിർത്തി നടത്തുന്ന

വ്യവസായ–വാണിജ്യപ്രവർത്തനങ്ങൾ മേഖലയിലെ രാജ്യങ്ങളുടെ ദേശീയസമ്പദ്‌വ്യവസ്ഥയ്ക്കു കാര്യമായ ഹാനി വരുത്തുകയും ചൈനീസ് ന്യൂനപക്ഷങ്ങളും മററു ജനങ്ങളും തമ്മിലുള്ള ബന്ധം വഷളാക്കുകയും ചെയ്യുന്നുവെന്ന കാര്യം വിസ്മരിച്ചുകൂടാ.

60–കളുടെ മദ്ധ്യത്തിൽ ചൈനീസ് ബൂർഷ്വാസിക്ക് ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിൽ മൊത്തം 300 കോടി അമേരിക്കൻ ഡോളർ വരുന്ന മൂലധനനിക്ഷേപമുണ്ടായിരുന്നു. അതിൽ 100 കോടി മലേഷ്യയിലും സിംഗപ്പൂരിലും 60 കോടി തായ്‌ലണ്ടിലും 40 കോടി ഫിലിപ്പൈൻസിലും 30 കോടി ഇന്തോനേഷ്യയിലും 20 കോടിയിൽകുറയാതെ കമ്പോഡിയയിലും 5 കോടി ബർമ്മയിലുമായിരുന്നു. മേഖലയിലുള്ള ചൈനീസ് മൂലധനത്തിൻെറ നല്ലൊരു ഭാഗം ദേശീയമൂലധനമെന്ന പരസ്യപ്പലകയുടെ മറയിൽ വർത്തിക്കുന്നതിനാൽ യഥാർത്ഥതുകകൾ മേല്പറഞ്ഞതിലുമധികമാണെന്നു പല ഗവേഷകരും കരുതുന്നു. അതിനാൽ ദക്ഷിണപൂർവ്വേഷ്യൻ സമ്പദ്‌വ്യവസ്ഥയിലുള്ള മൊത്തം ചൈനീസ് മൂലധനനിക്ഷേപം ഇന്നു് 500 കോടി ഡോളർ വരുമെന്നു കണക്കാക്കാവുന്നതാണ്.

അതിനു പുറമെ, ലാഭമയയ്ക്കുകയും മൂലധനം ഭാഗികമായി തിരിച്ചെടുക്കുകയും ചെയ്തുകൊണ്ടു് ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസി 1950–1970 കാലത്തു് ഹോങ്കോങ്ങിലും തയ്‌വാനിലും ചില വികസിതമുതലാളിത്തരാജ്യങ്ങളിലും 100 കോടി ഡോളർ വരുന്ന വിദേശാസ്തികൾ സൃഷ്ടിക്കുകയുണ്ടായി. അവ പെട്ടെന്നു പരിക്രമണത്തിൽനിന്നു പിൻവലിക്കുന്നതിനും ആവശ്യമുള്ള പക്ഷം ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലേക്കു കടത്തുന്നതിനും ചൈനീസ് ബൂർഷ്വാസിക്കു സാധിക്കും. അവസാനമായി, ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിക്ക് പി.ആർ.സി.യിൽ 100 കോടി ഡോളർ വരുന്ന ബാങ്കുനിക്ഷേപങ്ങളുണ്ടു്. എന്നാൽ പീക്കിങ്ങ് പലതരത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനാൽ അവർക്ക് ആ തുക ചൈനയിൽനിന്നു തങ്ങളിപ്പോൾ പാർക്കുന്ന രാജ്യങ്ങളിലേക്കു തിരിച്ചെടുക്കാൻ കഴിയുന്നില്ല. അങ്ങനെ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിലുള്ള മൂലധനനിക്ഷേപത്തിൻേറയും വിദേശാസ്തികളുടേയും രൂപത്തിൽ ചൈനീസ് ബൂർഷ്വാസിക്കു മൊത്തം 700 കോടി ഡോളർ വരുന്ന മൂലധനത്തിൻെറമേൽ നിയന്ത്രണമുണ്ടു്.

മുമ്പു കോളനികളായിരുന്ന രാജ്യങ്ങൾ സ്വാതന്ത്ര്യം കൈവരിച്ചതിനുശേഷം മേഖലയിൽ ഗണ്യമായ തോതിൽ സ്വത്തുപുനർവിഭജനം നടക്കുകയുണ്ടായെങ്കിലും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ ചൈനീസ് ബൂർഷ്വാസിയുടെ സ്വാധീനം വർദ്ധിക്കുകയാ

ണ ചെയ്യതു്. ബർമ്മയും കുറഞ്ഞ തോതിൽ ഫിലിപ്പൈൻസുമൊഴിച്ച് മേഖലയിലുള്ള എല്ലാ രാജ്യങ്ങളിലും കൊളോണിയൽകാലംതൊട്ടുതന്നെ പരമ്പരാഗതമായി തങ്ങളുടേതായിരുന്ന സാമ്പത്തികമണ്ഡലങ്ങളിൽ അവർ സ്വാധീനം നിലനിർത്തിയെന്നുതന്നെയല്ല, പുതിയ ചില തുറകളിൽ ശക്തമായ കൈനിലയാർജ്ജിക്കുകയും ചെയ്തു. യുദ്ധാനന്തരകാലത്തു് ആഭ്യന്തരവിപണികളുടെ ആവശ്യങ്ങളെ ലക്ഷ്യമാക്കിയുള്ള വ്യവസായങ്ങളിൽ അവർ വിപുലമായും സജീവമായും പങ്കെടുത്തുവരുന്നു. പ്രത്യേകിച്ചും ഇന്തോനേഷ്യ, സിംഗപ്പൂർ, തായ്‌ലണ്ട്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിൽ അതിനു താരതമ്യേന അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്. ആഭ്യന്തര—വിദേശവ്യാപാരത്തേയും സംസ്കരണവ്യവസായത്തേയുമപേക്ഷിച്ച് കൃഷി, ഖനനം, കെട്ടിടനിർമ്മാണം, ഗതാഗതം, പൊതുമരാമത്തു് എന്നീ സാമ്പത്തികതുറകളിൽ ചൈനീസ് ബൂർഷ്വാസിയുടെ കൈനിലകൾ അത്ര ശക്തമല്ലെങ്കിലും ആ രംഗങ്ങളിലും അവർ വിപുലമായ പ്രവർത്തനമേഖലയെ നിയന്ത്രിക്കുകയും തങ്ങളുടെ സ്വാധീനം ക്രമേണ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ചൈനീസ് ബാങ്കുകളും തഥാകഥിതമായ അസംഘടിത വായ്പവിപണികളും ദക്ഷിണപൂർവ്വേഷ്യയിലും പുറത്തുമുള്ള ചൈനീസ് ബിസിനസ്സ്‌വൃത്തങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേററുന്നു.

യുദ്ധാനന്തരകാലത്തു് ഉല്പാദനരംഗത്തേക്കു്, പ്രഥമമായും വ്യവസായരംഗത്തേക്കു ചൈനീസ് മൂലധനം മെല്ലെമെല്ലെ ശക്തിയാർജ്ജിച്ചുകൊണ്ടു പ്രവഹിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഇന്നുവരേയ്ക്കും അതു കേന്ദ്രീകരിച്ചിരിക്കുന്നതു വിതരണത്തിൻേറയും വായ്പയുടേയും തുറകളിലാണെന്നു പറയാം. മേഖലയിൽപ്പെട്ട രാജ്യങ്ങളുടെ വ്യവസായവൽക്കരണത്തിൽ ചൈനീസ് ബൂർഷ്വാസിയിൽനിന്നു കൂടുതൽ സജീവമായ ഭാഗഭാഗിത്വം പ്രതീക്ഷിക്കുന്ന ഏഷ്യൻ ബിസിനസ്സ്‌വൃത്തങ്ങളും ഔദ്യോഗികവൃത്തങ്ങളും അവരുടെ ഇത്തരം മൂലധനനിക്ഷേപനയത്തെ ന്യായമായും ചോദ്യംചെയ്യുന്നു.

ചില ബൂർഷ്വാഗ്രന്ഥകാരന്മാർ ചൈനീസ്‌മൂലധനത്തെ ''ഗാർഹിക''മൂലധനമെന്നു വിശേഷിപ്പിക്കുന്നു. അതു പുറമേനിന്നു പ്രവഹിച്ചെത്തിയതല്ലെന്നും പൂർണ്ണമായും തദ്ദേശത്തുതന്നെ രൂപംകൊണ്ടതാണെന്നും ആ മൂലധനത്തിൻെറ ഉടമകൾ വിദേശികളാണെന്നിരിക്കിലും അവർക്കതു പുറത്തേക്കു കൊണ്ടുപോകാനോ ലാഭമയച്ചുകൊടുക്കാനോ അവകാശമില്ലെന്നും അതിനുപോദ്‌ബലകമായി അവർ വാദിക്കുന്നു. ശുദ്ധശാസ്ത്രമുഖപടമണിഞ്ഞ ഈ സിദ്ധാന്തത്തിനു അതിയായ രാഷ്ട്രീയപ്രാധാന്യമുണ്ടു്. അതിനാലാണതു് ഏറെക്കാലമായി നിലനില്ക്കുന്നതും കൃത്രിമമായി പ്രചരിപ്പിക്കപ്പെടുന്നതും.

ചൈനീസ്മൂലധനത്തിൻെറ ''ഗാർഹികാ''ത്വസ്സത്തയെസംബന്ധിച്ച സിദ്ധാന്തത്തെ പീക്കിങ്ങ് പിന്താങ്ങുന്നു. കാരണം, ദക്ഷിണപൂർവേഷ്യയിൽ ചൈനീസ് ബൂർഷ്വാസിയുടെ സ്വാധീനം നിലനിർത്താൻ അതുപകരിക്കുന്നു. ചൈനീസ് ബൂർഷ്വാസിയുടെ പിന്തുണയോടെ ആ മേഖലയിൽ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ സ്വാധീനം നേടിയെടുക്കുകയെന്നതു പീക്കിങ്ങിൻെറ ലക്ഷ്യങ്ങളിലൊന്നാണ്.

ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്മൂലധനത്തിൻെറ ''ഗാർഹിക''മോ അഥവാ ഏറിപ്പോയാൽ ദേശീയമോ ആയ സ്വഭാവത്തെപ്പററി നിലവിലുള്ള സങ്കല്പങ്ങൾക്കു വിപരീതമായി ആ മൂലധനത്തിൻെറ കുറഞ്ഞപക്ഷം ഒരു ഭാഗമെങ്കിലും ആ പ്രദേശത്തെ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വിദേശമൂലധനംതന്നെയാണ്. രണ്ടു പ്രധാനലക്ഷണങ്ങൾ—ആ മൂലധനം ഇന്നു പ്രവർത്തിക്കുന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള അതിൻെറ വിദേശോത്ഭവവും ലാഭം പുറത്തേക്കയയ്ക്കുന്നതിനും മൂലധനം തിരിച്ചെടുക്കുന്നതിനുമുള്ള അവകാശവും—വച്ചുനോക്കുമ്പോൾ ചൈനീസ്മൂലധനത്തിൻെറ ഒരു ഭാഗം പൂർണ്ണമായും വിദേശമൂലധനത്തിൻെറ ഇനത്തിൽപ്പെടുന്നു. വൻകിടചൈനീസ് ബൂർഷ്വാസിയുടേയും ഭാഗികമായി ഇടത്തരചൈനീസ് ബൂർഷ്വാസിയുടേയും നിയന്ത്രണത്തിലിരിക്കുന്ന മൂലധനത്തിൻെറ 60 ശതമാനംവരെ വിദേശമൂലധനമാണെന്നു കരുതാവുന്നതാണ്.

തദ്ദേശസമുദായത്തിലെ മുഖ്യവർഗ്ഗങ്ങളുമായി സ്ഥായിയും അഗാധവുമായ വൈരുദ്ധ്യങ്ങളുള്ള ചൈനീസ് ബൂർഷ്വാസി ആ സമുദായത്തിൻെറ ഒരവിഭാജ്യഘടകമല്ലെന്നു പറയാം. എന്നുതന്നെയല്ല, പല പ്രശ്നങ്ങളിലും അവർ പിന്തുണ തേടുന്നതു് തങ്ങളിന്നു പാർക്കുന്ന രാജ്യങ്ങൾക്കു വെളിയിലാണ്. തന്മൂലം പുറമേനിന്നുള്ള സ്വാധീനത്തിനു് അവർ എളുപ്പം വശംവദരാവുകയും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ വികാസഗതിയെ വെളിയിൽനിന്നു സ്വാധീനിക്കുന്നതിനുള്ള ഒരു മാർഗ്ഗവും ഉപാധിയുമായി വർത്തിക്കുകയും ചെയ്യുന്നു.

ചൈനാ ജനകീയറിപ്പബ്ലിക്ക് അതിൻെറ ഏഷ്യാനയത്തിൽ ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിയുടെ ഈ പ്രത്യേകത കണക്കിലെടുക്കുകയും അവിടെ സ്വന്തം മഹച്ഛക്തിതാല്പര്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി അവരെ വരുതിയിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നതിനു വസ്തുതകൾ സാക്ഷ്യംവഹിക്കുന്നു.

## 2. ആപൽക്കരമായ കൂട്ടുകെട്ടിൻെറ അടിസ്ഥാനം

ചൈനാ ജനകീയറിപ്പബ്ലിക്കും ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിയും തമ്മിലുള്ള ബന്ധങ്ങറം രൂപംകൊള്ളുന്നതു സങ്കീർണ്ണവും വിഭിന്നവുമായ ഘടകങ്ങളുടെ വൈരുദ്ധ്യപൂർണ്ണമായ സ്വാധീനത്തിൻകീഴിലാണ്.

അയൽരാജ്യങ്ങളിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ ചൂഷകഘടകങ്ങളോടു പഴയ ചൈന അനുവർത്തിച്ചിരുന്ന പരമ്പരാഗതമായ രക്ഷാകർത്തൃനയം പീക്കിങ്ങ് തുടരുകയും വികസിപ്പിക്കുകയും ചെയ്യുന്നതു് ഒട്ടും യാദൃച്ഛികമല്ല. അയൽരാജ്യങ്ങളിൽ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനശക്തിയുള്ള ചൈനീസ് ബൂർഷ്വാസി നിലനില്ക്കുന്നതിൽ പീക്കിങ്ങ് അങ്ങേയററം താല്പര്യം പ്രകടിപ്പിക്കുന്നു. ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ സമ്പന്നവിഭാഗങ്ങളുടെ മേൽ പൂർണ്ണമായ നിയന്ത്രണം സ്ഥാപിക്കാൻ കഴിയുന്നപക്ഷം അവരുടെ സഹായത്തോടെ ആ പ്രദേശത്തു സാമ്പത്തികവും രാഷ്ട്രീയവുമായ വമ്പിച്ച ആനുകൂല്യങ്ങറം നേടിയെടുക്കാൻ പീക്കിങ്ങിനു സാധിക്കും.

ദക്ഷിണപൂർവ്വേഷ്യയിൽ മേധാവിത്വമുറപ്പിക്കുന്നതിനുവേണ്ടിയുള്ള ചൈനീസ്തന്ത്രത്തിൻെറ കാഴ്ചപ്പാടിൽ അവിടെയുള്ള ചൈനീസ് ബൂർഷ്വാസിക്കു് വിലമതിക്കാനാവാത്ത ചില സവിശേഷതകളുണ്ടു്. അവ ഉപയോഗപ്പെടുത്തുന്നപക്ഷം പീക്കിങ്ങിനു് അതിൻെറ പദ്ധതി കൂടുതൽ എളുപ്പം നടപ്പിലാക്കാൻ കഴിയും.

ദക്ഷിണപൂർവ്വേഷ്യയിലെ ഒന്നടങ്കമുള്ള എല്ലാ രാജ്യങ്ങളുടേയും സമ്പദ്‌വ്യവസ്ഥയുടെ പല മണ്ഡലങ്ങളും ചൈനീസ് ബൂർഷ്വാസിയുടെ നിയന്ത്രണത്തിലിരിക്കുന്നതും അവർക്കു തങ്ങളുടെ ഇച്ഛാനുസാരം അഥവാ പുറമേനിന്നുള്ള ആജ്ഞപ്രകാരം ആ രാജ്യങ്ങളുടെ സാമ്പത്തികജീവിതത്തെ ദീർഘകാലത്തേക്കു സ്തംഭിപ്പിക്കാൻ ശക്തിയുള്ളതും പീക്കിങ്ങിനെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ കാര്യമാണ്. മുമ്പു ജപ്പാൻ—ചൈനായുദ്ധകാലത്തു ചൈനീസ് ബൂർഷ്വാസിയുടെ സഹായത്തോടെ ചൈന പലതവണ ജപ്പാൻവിരുദ്ധബോയ്ക്കോട്ടുകറം സംഘടിപ്പിക്കുകയുണ്ടായി. തൽഫലമായി ജാപ്പനീസ് സൈനികപരിഷത്തു ചൈനയിലും ദക്ഷിണപൂർവ്വേഷ്യയിലുമുണ്ടായിരുന്ന പദ്ധതികറംക്കു കാര്യമായ കുഴപ്പം തട്ടി. ദക്ഷിണപൂർവ്വേഷ്യയിൽ വീണ്ടുമൊരു വിഷമഘട്ടം ആവിർഭവിക്കുന്നപക്ഷം പീക്കിങ്ങ് വീണ്ടും അതേ ആയുധം തന്നെ എടുത്തു പ്രയോഗിച്ചുകൂടെന്നില്ല.

അററകൈയ്ക്കുപയോഗിക്കാൻവേണ്ടി കരുതിവച്ചിരിക്കുന്ന ഒരു തുരുപ്പുചീട്ടാണതു്. എന്നാൽ ഇന്നുതന്നെ ദക്ഷിണപൂർവ്വേഷ്യയിലെ ചൈ

നീസ് ബൂർഷ്വാസിയുടെമേൽ കൂടുതൽകൂടുതൽ നിയന്ത്രണമാർജ്ജിച്ചു കൊണ്ടു പീക്കിങ്ങ് വമ്പിച്ച മുതലെടുപ്പുകൾ നടത്തിവരുന്നു. അയൽ രാജ്യങ്ങളിൽനിന്ന് ഏകപക്ഷീയമായി, പകരം യാതൊന്നും നല്കാതെ തന്നെ ചരക്കുകളുടേയും വിദേശനാണ്യത്തിൻേറയും രൂപത്തിൽ ചൈനയ്ക്കു ധാരാളം ഭൗതികവിഭവങ്ങൾ ലഭിക്കുന്നു. ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസിയിൽനിന്നു കിട്ടുന്ന വരുമാനത്തിന് ഇന്നത്തെ സാഹചര്യങ്ങളിൽ പീക്കിങ്ങ് തനതായ പ്രാധാന്യം കല്പിക്കുന്നു. എന്തെന്നാൽ അതു് അത്രമാത്രം വമ്പിച്ചതാണ്.

ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസി അവിടത്തെ രാഷ്ട്രീയജീവിതത്തിൽ താല്പര്യം പ്രകടിപ്പിക്കുന്നില്ലെന്നു തോന്നിയേക്കാമെങ്കിലും അവർ ആ രംഗത്തു നിശ്ചിതപങ്കു വഹിക്കുന്നുണ്ടു്. ചൈനീസ്ബൂർഷ്വാസിയുടെ ഈ സവിശേഷതയെ പീക്കിങ്ങ് വളരെ വിലമതിക്കുന്നു. സ്വന്തം അധിനായകത്വലക്ഷ്യങ്ങൾ നേടുന്നതിനായി പീക്കിങ്ങ് ഒരിക്കലല്ല ചൈനീസ്ബൂർഷ്വാസിയുടെ രാഷ്ട്രീയശക്തിയെ ഉപയോഗപ്പെടുത്തിയിട്ടുള്ളതു്. ഉദാഹരണത്തിന് ഇന്തോനേഷ്യയിലും ബർമ്മയിലും കമ്പോഡിയയിലും അത്തരം ശ്രമങ്ങൾ നടക്കുകയുണ്ടായി.

ചൈനീസ്ബൂർഷ്വാസിയെ ചൊല്പടിയിലാക്കിയതിനുശേഷംമാത്രമേ അവരുടെ മുൻചൊന്ന സവിശേഷതകൾ ഉപയോഗിക്കാൻ പീക്കിങ്ങിനു കഴിയുകയുള്ളുവെന്നതു സ്വാഭാവികമാണ്. അതുകൊണ്ടുതന്നെയാണ് പി.ആർ.സി.യുടെ ആവിർഭാവംമുതല്ക്കേ ചൈനീസ്ബൂർഷ്വാസിയെ സ്വപക്ഷത്താക്കുന്നതിനെ മുൻനിർത്തിയുള്ള ഔദ്യോഗികനയം പീക്കിങ്ങ് അനുവർത്തിച്ചുപോരുന്നതു്. ദേശീയവാദപരമായ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി പീക്കിങ്ങ് അതിൻേറ വിദേശനയത്തിൽ മാർക്സിസ്റ്റ്—ലെനിനിസ്റ്റ്തത്വങ്ങളിൽനിന്നു വ്യതിചലിച്ചിരിക്കുന്നു. ചൈനീസ്ന്യൂനപക്ഷങ്ങളുമായുള്ള പ്രവർത്തനത്തിൽ അവരുടെയിടയിലെ ചൂഷകഘടകങ്ങളെ ആലംബമായെടുക്കാൻ മറുനാടൻ ചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററി പലവുരു ആഹ്വാനിക്കുകയുണ്ടായി.

പീക്കിങ്ങിൻേറ സാഹസികമായ വിദേശനയത്തിൻേറ കാഴ്ചപ്പാടിൽ വിലമതിക്കാനാവാത്ത സവിശേഷതകളുള്ളതു് ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങൾക്കു പൊതുവായല്ല, അവയുടെ ചൂഷകവിഭാഗങ്ങൾക്കു മാത്രമാണെന്നതു പരസ്യമായ സംഗതിയാണ്. തങ്ങളുടെ വിദേശനയലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി ആ ചൂഷകവിഭാഗങ്ങളെ ആലംബമായെടുക്കാനാണ് ഇന്നത്തെ ചൈനീസ് നേതൃത്വം ഉദ്ദേശിക്കുന്നതെങ്കിൽ (കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി പീ

ക്കിങ്ങ് അതാണ ചെയ്തവരുന്നത്) മറുനാടൻ ചൈനീസ്ബൂർഷ്വാസി യുമായുള്ള ബന്ധത്തെ സോഷ്യലിസ്റ്റടിസ്ഥാനത്തിൽനിന്ന മുതലാളി ത്താടിസ്ഥാനത്തിലേക്ക മാറേറണ്ടതുണ്ട്. ആ ബൂർഷ്വാസിയോട്ട ചൈ ന പ്രായോഗികമായി കൈക്കൊള്ളുന്ന നയം പി.ആർ.സി. നേതൃത്വം അവരുമായുള്ള സഹകരണത്തിൽ സ്വകാര്യമുതലാളിത്തതത്വങ്ങളിലേക്ക പടിപടിയായി നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നതിനു തെളിവാണ്.

മറുനാടൻ ചൈനീസ്മുതലാളിമാർക്ക ചൈനയിലുള്ള സ്വകാര്യ സ്വത്ത് സുരക്ഷിതമായിരിക്കുമെന്നു പീക്കിങ്ങ്നേതൃത്വം അവർക്ക് ഉറപ്പു നൽകി. മറുനാടൻ ചൈനാക്കാരിൽനിന്നുള്ള മൂലധനനിക്ഷേപ കരുടെ പ്രവർത്തനത്തിനനുകൂലമായ സാഹചര്യങ്ങരം സൃഷ്ടിക്കാനും ചൈനീസ്ബൂർഷ്വാസി സഹകരിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന പക്ഷം തത്വപരമായ വിട്ടുവീഴ്ചകരം ചെയ്യാനും പീക്കിങ്ങ്നേതൃത്വം തയ്യാറാണെന്നു് അവർ തുടർച്ചയായി കൈക്കൊണ്ട നടപടികരം സൂചി പ്പിക്കുന്നു.

ഇന്നു ദക്ഷിണപൂർവ്വേഷ്യയിലെ വൻകിടബിസിനസ്സിൻെറ പ്രതി നിധികരം ചൈനയിൽ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെടുന്നതിനുള്ള സാദ്ധ്യതകരം ഒഴിവാക്കുന്നില്ല. രാജ്യത്തു് അവശേഷിച്ച ചൂഷകവിഭാഗ ങ്ങളുമായി പീക്കിങ്ങ് സഹകരിച്ചതും മറുനാടൻ ചൈനീസ്ബൂർഷ്വാ സിയുമായി ഇന്നത്തെ പീക്കിങ്ങ്തേതൃത്വം ശിങ്കാരിക്കുന്നതും ഇക്കഴി ഞ്ഞ വർഷങ്ങളിൽ ചൈനയിൽ സോഷ്യലിസത്തിൻെറ കൈനില കരം പൊതുവെ ദർബ്ബലമായതും സാർവ്വദേശീയകമ്മ്യൂണിസ്റ്റ്പ്രസ്ഥാന ത്തിൻെറ അംഗീകൃതനയത്തിൽനിന്നു ചൈന വ്യതിചലിച്ചതുമെല്ലാം അവരിൽ അത്തരം ആശകരം വളർത്തുന്നു. പി.ആർ.സി.യുടേയും മറു നാടൻ ചൈനീസ്ബൂർഷ്വാസിയുടേയും വർഗ്ഗതാല്പര്യങ്ങരംതമ്മിലുള്ള പൊരുത്തമില്ലായ്മ ഇപ്പോരം അവസാനിച്ചിരിക്കുന്നു. മറുനാടൻ ചൈ നീസ്മുതലാളിമാരുടെ വ്യവസ്ഥകരം സ്വീകരിച്ചുകൊണ്ടു് അവരുമാ യി ഉററ സഹകരണമാരംഭിക്കുന്നതിനുള്ള പ്രധാനതടസ്സമായിന്നു അതു്. പുതിയ സാഹചര്യങ്ങളിൽ വൻകിട ചൈനീസ്ബിസിനസ്സുകാർ ഇ ന്നത്തെ പീക്കിങ്ങ്നേതൃത്വവുമായി വിപുലമായ സാമ്പത്തിക—രാഷ്ട്രീ യബന്ധങ്ങരം സ്ഥാപിക്കുന്നതിനുള്ള വമ്പിച്ച സാദ്ധ്യതകരം ദർശിക്കു ന്നു. 1955—നുശേഷം, അതായതു് മറുനാടൻചൈനീസ്ബൂർഷ്വാസി യെസംബന്ധിച്ച നയം പീക്കിങ്ങ് കൂടുതൽ ഉദാരമാക്കിയതോടെ പി. ആർ.സി.യുമായി ഉററ സഹകരണത്തിലേർപ്പെടുന്നതിനുള്ള പുതിയ ചില ന്യായങ്ങരം അവർ കണ്ടെത്തി.

ബഹുഭൂരിപക്ഷം മറുനാടൻചൈനാക്കാരുടേയും ദൃഷ്ടിയിൽ ചൈന അവരുടെ മാതൃരാജ്യവും ഒരു മഹച്ഛക്തിയുമാണ്. പീക്കിങ്ങിനോട്ട കൂറ

പുലർത്തിയാൽ ദക്ഷിണപൂർവ്വേഷ്യയിലെ തങ്ങളുടെ സാമ്പത്തികതാല്പര്യങ്ങറംക്കു് അതു സംരക്ഷണ നല്ലമെന്നു ചൈനീസ്ബൂർഷ്വാസി കരുതുന്നു. പീക്കിങ്ങ് അതിന്റെ ഔദ്യോഗികനയത്തിലൂടെ അവരിൽ ആ വിശ്വാസം നിലനിത്താൻ ശ്രമിക്കുന്നു. മറുവശത്തു്, വമ്പിച്ച സാമൂഹ്യസാമ്പത്തികവിജയങ്ങറം നേടിയിട്ടുള്ള ദേശീയവിമോചനപ്രസ്ഥാനത്തിന്റെ ശക്തി ചൈനീസ്ബൂർഷ്വാസിക്കു നന്നായിട്ടറിയാം. നിശ്ചിതസാഹചര്യങ്ങളിൽ അതു മേഖലയിലുള്ള ചൈനീസ്ന്യൂനപക്ഷങ്ങളുടെ ചൂഷകവിഭാഗങ്ങറംക്കെതിരെ തിരിയാനിടയുണ്ടു്. അതിനാൽ, ചൈനീസ്ന്യൂനപക്ഷങ്ങറം ദക്ഷിണപൂർവ്വേഷ്യയിൽനിന്നു കൂട്ടത്തോടെ ബഹിഷ്ക്കരിക്കപ്പെടുന്നതിനുള്ള സാദ്ധ്യത കണക്കിലെടുക്കാൻ ചൈനീസ്ബൂർഷ്വാസി നിർബ്ബന്ധിതരായിരിക്കുന്നു. അതു സംഭവിക്കുന്നപക്ഷം പി.ആർ.സി. ആയിരിക്കാം ദക്ഷിണപൂർവ്വേഷ്യയിൽനിന്നു പുറത്താക്കപ്പെടുന്ന ചൈനീസ്ബിസിനസ്സുകാരുടെ ഏററവും അവസാനത്തെ അഭയസ്ഥാനം. അങ്ങനെയുള്ളൊരു വഴിത്തിരിവു മുമ്പിൽ കണ്ടുകൊണ്ടു് ചൈനീസ്ബൂർഷ്വാസി ചൈനയുമായി ബന്ധമുറപ്പിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു.

ദക്ഷിണപൂർവ്വേഷ്യയിൽ ചൈനീസ്മൂലധനത്തിന്റെ പ്രവർത്തനത്തിന്മേലുള്ള സാമ്പത്തികനിയന്ത്രണം കൂടിക്കൂടിവന്നുകൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ തങ്ങളുടെ മൂലധനത്തിന്റെ ഒരു ഭാഗം വെളിയിൽ നിക്ഷേപിക്കേണ്ടതിന്റെ ആവശ്യകത ചൈനീസ്ബൂർഷ്വാസിക്കു പണ്ടേ ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. ചൈനീസ്മുതലാളിമാർ മൂലധനം നിക്ഷേപിക്കാൻ ഇഷ്ടപ്പെടുന്നതു ഹോങ്കോങ്ങിലും പി. ആർ.സി. യിലും തയ്വാനിലും മററുമാണു്. ഹോങ്കോങ്ങിന്റേയും തയ്വാന്റേയും അനിശ്ചിതമായ രാഷ്ട്രീയഭാവി കണക്കിലെടുത്തുകൊണ്ടു ചൈനീസ്ബൂർഷ്വാസി പി.ആർ.സി.യെ മൂലധനമിറക്കുന്നതിനു തികച്ചും അനുയോജ്യമായ തുറയായി കരുതുന്നു. പീക്കിങ്ങ് അവർക്കു നിശ്ചിതമായ ഉറപ്പുകളും മൂലധനനിക്ഷേപങ്ങറം ഉപയോഗിക്കുന്നതിനുള്ള അനുകൂലസാഹചര്യങ്ങളും നല്കുന്നുണ്ടുതാനും. ദക്ഷിണപൂർവ്വേഷ്യയിലെ സ്ഥിതി അങ്ങേയററം പ്രതികൂലമായാൽത്തന്നെയും ചൈനയിലുള്ള ആസ്തികറം അവയുടെ ഉടമകറംക്കു മാതൃരാജ്യത്തു സമ്പന്നമായ വാർദ്ധക്യകാലത്തിനു് ഉറപ്പുനൽകും. പീക്കിങ്ങുമായി സുഹൃദ്ബന്ധം പുലർത്തുന്നതിൽ നിന്നുണ്ടാവുന്ന ശുദ്ധസാമ്പത്തികനേട്ടങ്ങളും ചൈനീസ്ബൂർഷ്വാസി അവഗണിക്കുന്നില്ല. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി നേരിട്ടും അല്ലാതെയുമുള്ള പി.ആർ.സി.യുടെ വ്യാപാര ഇടപാടുകറംമുഴുവൻ നിർവ്വഹിച്ചുകൊടുക്കുന്നതു ചൈനീസ്കമ്പനികളാണു്. വൻതോതിലുള്ള ആ ഇടപാടുകളിൽനിന്നു് അവർ പെരുത്ത ലാഭം കൈക്കലാക്കുന്നു.

ഇന്നത്തെ സാഹചര്യങ്ങളിൽ ചൈനയുമായി കൂട്ടുചേരുന്നതിനുള്ള ഒരു പ്രധാനന്യായമാണത്.

പി.ആർ. സി.യിൽ മറുനാടൻചൈനാക്കാരുടെ ഒരുകോടിയോളം വരുന്ന ബന്ധുക്കൾ പാർക്കുന്നുണ്ടെന്ന വസ്തുതയും ചൈനീസ് ബൂർഷ്വാസിക്കു കണക്കിലെടുക്കേണ്ടതായി വന്നിരിക്കുന്നു. അയൽരാജ്യങ്ങളിലെ ചൈനീസ്ന്യൂനപക്ഷങ്ങൾക്കിടയിൽ രാഷ്ട്രീയവും സാമ്പത്തികവുമായ അതിൻെറ നയം നടപ്പിലാക്കുന്നതിലേക്കുള്ള ഒരുതരം ജാമ്യക്കാരായാണ് പീക്കിങ്ങ് അവരെ കരുതുന്നത്. മറുനാടൻ ചൈനീസ്ബൂർഷ്വാസി ചൈനയോട് ഏതെങ്കിലും തരത്തിൽ കൂറുകേട് കാണിക്കുന്നപക്ഷം ചൈനയിലുള്ള അവരുടെ ബന്ധുക്കൾക്ക് അതു വലിയ കുഴപ്പത്തിനു കാരണമായിത്തീരും.

വിട്ടുപോന്ന മാതൃരാജ്യവുമായി തങ്ങൾക്കുള്ള ജനവർഗ്ഗബന്ധത്തെപ്പററി മറുനാടൻന്യൂനപക്ഷങ്ങൾക്കു പൊതുവെയുള്ള തീക്ഷ്ണബോധവും പീക്കിങ്ങുമായി കൂട്ടുചേരാൻ അവരെ പ്രേരിപ്പിക്കുന്നു. മറുനാടൻ ചൈനീസ്ബിസിനസ്സുകാർക്ക് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും പീക്കിങ്ങാണല്ലോ ചൈനയേയും അവിടത്തെ ജനങ്ങളേയും പ്രതിനിധീകരിക്കുന്നത്.

അവസാനമായി, ദക്ഷിണപൂർവ്വേഷ്യയിൽ പി.ആർ.സി.യുടെ സ്വാധീനം വർദ്ധിക്കുകയാണെങ്കിൽ പീക്കിങ്ങിൻെറ സഹായത്തോടെ തങ്ങളിന്നു പാർക്കുന്ന രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ സ്വന്തം കൈനിലകൾ ഉറപ്പിക്കാമെന്നും അഥവാ കുറഞ്ഞപക്ഷം ആ മേഖലയിലെ ചില രാജ്യങ്ങളിൽ തങ്ങളുടെ പ്രവർത്തനത്തിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഇല്ലാതാക്കാമെന്നും വൻകിട ചൈനീസ്ബിസിനസ്സിൻെറ പ്രതിനിധികൾ ആശിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി പീക്കിങ്ങിൻെറ വിദേശനയത്തിൽ മഹച്ഛക്തിപ്രവണതകൾ ശക്തിയാർജ്ജിച്ചിരിക്കുന്നതാണ് ഇത്തരം ആശകൾക്കു കാരണം. ഏഷ്യൻ രംഗത്തേക്കു ചൈന സജീവമായി ഇറങ്ങുന്നതിൻെറ ഫലമായി പീക്കിങ്ങുമായി സഹകരിക്കുന്നപക്ഷം തങ്ങൾക്കു വമ്പിച്ച ആദായമുണ്ടാകുമെന്നു ചൈനീസ്ബൂർഷ്വാസി കരുതുന്നു.

പീക്കിങ്ങുമായുള്ള തങ്ങളുടെ ബന്ധത്തിനു രൂപംനൽകുന്നയവസരത്തിൽ ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസി കണക്കിലെടുക്കുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ വസ്തുതകളാണിവ.

അങ്ങനെ ഈ കൂട്ടുകെട്ടിൻെറ ഫലമായി ദക്ഷിണപൂർവ്വേഷ്യൻരാഷ്ട്രങ്ങളിലെ ജനങ്ങൾക്കു ഹാനി വരുത്തിക്കൊണ്ടു് നിശ്ചിതമായ മുതലെടുപ്പു നടത്താൻ പീക്കിങ്ങിനും മറുനാടൻചൈനീസ്ബൂർഷ്വാസിക്കും കഴിയുന്നു.

പീക്കിങ്ങിൻേറയും മറുനാടൻ ചൈനീസ്ബൂർഷ്വാസിയുടേയും താല്പര്യങ്ങളെ തമ്മിലടുപ്പിക്കുന്ന മേല്പറഞ്ഞ വസ്തുതകൾ ഉണ്ടെന്നിരിക്കിലും തൽഫലമായി അവർ സ്വയമേവ പീക്കിങ്ങിൻെറ പക്ഷത്തു ചേരുമെന്നു കരുതിക്കൂടല്ലോ. അതു മനസ്സിലാക്കിക്കൊണ്ടു് ഇന്നത്തെ ചൈനീസ് നേതൃത്വം ചൈനീസ്ന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ചും അവയുടെ ചൂഷകവിഭാഗങ്ങളെ തങ്ങളുടെ വരുതിയിലാക്കുന്നതിനുവേണ്ടി ബഹുമുഖവും അനുസ്യൂതവുമായ പ്രവർത്തനം നടത്തിവരുന്നു.

## 3. മറുനാടൻ ചൈനീസ്ബൂർഷ്വാസിയോടുള്ള പീക്കിങ്ങിൻെറ സമീപനരീതി

ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസിയോടുള്ള പീക്കിങ്ങിൻെറ സമീപനരീതി രൂപംകൊണ്ടതു വളരെനാൾ മുമ്പാണു്; അതു പരക്കെ അറിയപ്പെട്ടുകയും ചെയ്യുന്നു. അതിൻെറ രൂപീകരണത്തിൽ മാവോയും അനുചരവൃന്ദവും സജീവപങ്കു വഹിക്കുകയുണ്ടായി.

മറുനാടൻ ചൈനാക്കാരോടുള്ള നയത്തിൻെറ പ്രശ്നങ്ങളെ സംബന്ധിച്ചു് മാവോസേതുങ്ങ് പല തവണ സംസാരിച്ചിട്ടുണ്ടു്. ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഏഴാം കോൺഗ്രസ്സിൽ ചെയ്ത ''സംയുക്തഗവണ്മെൻറിനെപ്പററി'' എന്ന റിപ്പോർട്ടിൽ (1945) അദ്ദേഹം മറുനാടൻ ചൈനാക്കാരുടെ, പ്രത്യേകിച്ചും അവരുടെയിടയിലെ സമ്പന്നവിഭാഗങ്ങളുടെ സഹകരണത്തെ ''യുദ്ധം നടത്തുന്നതിനുവേണ്ട ധനസഹായം അവർ നല്കുന്നു''[3]വെന്നതിനാൽ വളരെ വിലമതിച്ചു. ഇതോടനുബന്ധിച്ചു് ''വിദേശത്തുള്ള ചൈനാക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും ചൈനയിലേക്കു മടങ്ങിയെത്തിയ പ്രവാസികളെ സഹായിക്കുകയും ചെയ്യുക''[4]യെന്ന കടമ അദ്ദേഹം മുൻവച്ചു. 1972 അവസാനത്തിൽ മറുനാടൻ ചൈനാക്കാരെ സംബന്ധിച്ചു പുറപ്പെടുവിക്കപ്പെട്ട പീക്കിങ്ങിൻെറ ചില മാർഗ്ഗനിർദ്ദേശങ്ങൾ മാവോയുടേതായി കണക്കാക്കപ്പെടുന്നു. മടങ്ങിയെത്തിയ ചൈനാക്കാരുമായുള്ള പ്രവർത്തനം ക്രമീകരിക്കുക, വിദ്യാഭ്യാസത്തിനും സന്ദർശനപര്യടനത്തിനുമായി മറുനാടൻ ചൈനാക്കാരെ രാജ്യത്തേക്കു ക്ഷണിച്ചു് അവരുമായുള്ള ബന്ധം സജീവമാക്കുക, മറുനാടൻ ചൈനാക്കാരെ അവരിന്നു പാർക്കുന്ന രാജ്യങ്ങളിൽ കൂടുതൽ സജീവമായി വേരിറക്കാൻ പ്രേരിപ്പിക്കുക, അവരിലൂടെ ഭരണസ്ഥാപനങ്ങളിലും സാമൂഹ്യസംഘടനകളിലും കടന്നുപററുക, അവരുടെ സഹായത്തോടെ അയൽരാജ്യങ്ങളിൽ ചൈനയുടെ സ്വാധീനം വർദ്ധിപ്പിക്കുക എന്നിവയായിരുന്നു അവയുടെ ഉള്ളടക്കം.[5]

അതതു രാജ്യങ്ങളിൽ പൗരത്വം സ്വീകരിക്കുന്നതോടുകൂടി ചൈനീസ്പ്രവാസികാംക്ക ചൈനയുമായുള്ള സകല ബന്ധങ്ങളും ഇല്ലാതാകുന്നുവെന്നു് 1974 മേയിൽ മാവോ പ്രസ്താവിച്ചു. മാവോയുടെ പ്രസ്താവനകളിലുള്ള വൈരുദ്ധ്യം കാണാൻ പ്രയാസമില്ല. ചൈനയിൽ ആഭ്യന്തരമായ ലക്ഷ്യങ്ങാംക്കുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഇത്തരം പ്രഖ്യാപനങ്ങാം മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങാംക്കെതിരെ ചൈനീസ്നേതൃത്വം നീക്കുപോക്കില്ലാത്ത സമരം നടത്തുന്നുവെന്ന പ്രതീതി ഉളവാക്കുന്നതിനുവേണ്ടിയുള്ളവയാണു്. അതേസമയം മറുനാടൻ ചൈനീസ് ബൂർഷ്വാസിയുടെയിടയിൽ പ്രചരിപ്പിക്കപ്പെടുന്ന മാവോയുടെ പ്രസ്താവനകാം അവരുമായുള്ള ബന്ധമുറപ്പിക്കുന്നതിനേയും അതതു രാജ്യങ്ങളിൽ അവരുമായുള്ള സഹകരണം വികസിപ്പിക്കുന്നതിനേയും ലക്ഷ്യമാക്കിയുള്ളവയാണു്. ഏതായാലും മാവോയുടെ പ്രസ്താവനകളിൽ മറുനാടൻ ചൈനീസ്ബൂർഷ്വാസിയെ പീക്കിങ്ങിന്റെ പക്ഷത്തേക്കു് ആകർഷിക്കുന്നതിനുള്ള അഭിവാഞ്ഛ നിഴലിച്ചുകാണുന്നു.

മറുനാടൻ ചൈനീസ്ബൂർഷ്വാസിയോടുള്ള പീക്കിങ്ങിന്റെ നയം മാവോയുടെ മേല്പറഞ്ഞ നിയോഗങ്ങാംക്കനുസൃതമായാണു രൂപീകരിക്കപ്പെട്ടതും രൂപീകരിക്കപ്പെടുന്നതുമെന്നു് ആ നയത്തിന്റെ വിശകലനത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും. മാവോ പൂജയുടെ സാഹചര്യങ്ങളിൽ അങ്ങനെയല്ലാതെ സംഭവിക്കുക സാദ്ധ്യവുമല്ലായിരുന്നു.

ചൈനീസ്ഗവണ്മെൻറിന്റെ അധീനതയിലുണ്ടായിരുന്ന ഒരു പ്രത്യേകകമ്മിററിയാണു് മറുനാടൻ ചൈനീസ്ന്യൂനപക്ഷങ്ങാംക്കിടയിൽ നടത്തുന്ന പ്രായോഗികപ്രവർത്തനത്തിനു കുറെക്കാലംമുമ്പുവരെ നേതൃത്വം നൽകിയിരുന്നതു്. ആ കമ്മിററിക്കു് ഒരു മന്ത്രാലയത്തിന്റെ അധികാരാവകാശങ്ങാം ഉണ്ടായിരുന്നു. വിദേശകാര്യങ്ങാം, ആഭ്യന്തരവാണിജ്യം, സംസ്കാരം, വിദ്യാഭ്യാസം, വിദേശവാണിജ്യം, ആഭ്യന്തരകാര്യങ്ങാം, തൊഴിൽ, സ്റ്റേററ്ഫാമുകാം എന്നീ വകുപ്പുകളുടെ ഉപമന്ത്രിമാരും ചൈനാജനകീയബാങ്കിന്റെ പ്രതിനിധികളും കമ്മിററിയുടെതന്നെ പ്രാദേശികപ്രതിനിധികളും അതിന്റെ നേതൃവിഭാഗത്തിൽ ഉാംപ്പെട്ടിരുന്നു. അയൽരാജ്യങ്ങളിൽനിന്നു മടങ്ങിയെത്തിയ ധാരാളം ചൈനാക്കാർ കമ്മിററിയിൽ പ്രവർത്തിച്ചിരുന്നു. ചൈനയിലും വെളിയിലും പ്രവർത്തനം നടത്തുന്നതിനായി ആ കമ്മിററിക്കു് അനേകം ശാഖോപശാഖകളുണ്ടായിരുന്നു.

പി.ആർ.സി.യിലെ ഗവണ്മെൻറുബാങ്കുകാം (പ്രത്യേകിച്ചും ബാങ്ക് ഓഫ് ചൈന), വാണിജ്യസ്ഥാപനങ്ങാം, ''ഓവർസീസ് ചൈനീസ് ട്രാവൽ സർവീസ്'' എന്ന ടൂറിസ്റ്റ് ഏജൻസി എന്നിവ കമ്മിററിയുടെ പ്രവർത്തനത്തെ സഹായിച്ചിരുന്നു. പീക്കിങ്ങ്റേഡിയോ

ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങൾക്കുവേണ്ടി ചൈനീസ്ഭാഷയുടെ അഞ്ചു ദേശ്യരൂപങ്ങളിലും ഇംഗ്ലീഷിലും ആ പ്രദേശത്തെ മുഖ്യഭാഷകളിലും പതിവായി പ്രക്ഷേപണങ്ങൾ നടത്തുന്നു. സിൻഹ്വാ വർത്താഏജൻസി അയൽരാജ്യങ്ങളിലെ ചൈനാക്കാർക്കു താല്പര്യകരമായിട്ടുള്ള വിവരങ്ങൾ സ്വന്തം പ്രസിദ്ധീകരണങ്ങൾ മുഖേനയും ഏഷ്യൻ പത്രങ്ങളിലൂടെയും പതിവായി നല്കിവരുന്നു. മുൻപറഞ്ഞ കമ്മിററിക്കു് സ്വന്തമായി ഒരു ഔദ്യോഗികപത്രികയുമുണ്ടായിരുന്നു. ''ചുങ്ങ്കൊ സിൻവെൻഷെ'' എന്ന ഒരു പ്രത്യേക ഏജൻസി 1952 മുതല്ക്കു് മറുനാടൻ ചൈനീസ്ന്യൂനപക്ഷങ്ങളുടെയിടയിൽ പ്രചാരണസാഹിത്യം വിതരണം ചെയ്യുന്നു. ചൈനയിലേക്കു മടങ്ങിയ ചൈനാക്കാരുടെ സംഘടന പ്രതിഫലം വാങ്ങാതെ കമ്മിററിയുടെ പ്രവർത്തനത്തിൽ പങ്കുകൊണ്ടു.[6]

അയൽരാജ്യങ്ങളിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെയിടയിൽ തുടർച്ചയായി നടത്തിവരുന്ന ബഹുരൂപത്തിലുള്ള പ്രവർത്തനം ആ ന്യൂനപക്ഷങ്ങളുടെമേൽ രാഷ്ട്രീയനിയന്ത്രണം സ്ഥാപിക്കുകയെന്ന ഒററ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതാണു്.

മറുനാടൻ ചൈനാക്കാരുടെമേൽ ഉറച്ച രാഷ്ട്രീയനിയന്ത്രണം സ്ഥാപിച്ചെങ്കിൽമാത്രമേ തങ്ങൾക്കു ദക്ഷിണപൂർവ്വേഷ്യയിലുള്ള മഹച്ഛക്തിപദ്ധതികൾ സാക്ഷാൽക്കരിക്കുന്നതിലേക്കു് അവരുടെ പിന്തുണ നേടാൻ കഴിയുകയുള്ളുവെന്നു പീക്കിങ്ങ്നേതാക്കൾക്കു നന്നായറിയാം. ദക്ഷിണപൂർവ്വേഷ്യയുടെ ഭാഗധേയം ഒട്ടുമിക്കവാറും അവിടത്തെ ചൈനീസ്ന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ചും അവയുടെ ചൂഷകവിഭാഗങ്ങൾ രാഷ്ട്രീയമായി ചൈന, തയ്വാൻ, മേഖലയിൽപ്പെട്ട രാജ്യങ്ങൾ എന്നിവയിൽ ഏതിനെ തെരഞ്ഞെടുക്കുമെന്നതിനെ ആശ്രയിച്ചിരിക്കുമെന്നും അവർക്കറിയാം.

മറുനാടൻ ചൈനീസ്ബൂർഷ്വാസിക്കിടയിൽ പീക്കിങ്ങ് നടത്തുന്ന പ്രചാരണം ദേശീയവാദപരമായ ചില ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണു്.

പി.ആർ.സി. രൂപംകൊണ്ടുവെന്നതിനാൽത്തന്നെ അയൽരാജ്യങ്ങളിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ഒട്ടുമുക്കാലും പരിഹരിക്കപ്പെടുന്നുവെന്ന പ്രതീതി മറുനാടൻ ചൈനാക്കാർക്കിടയിൽ ഉളവാക്കാൻ പീക്കിങ്ങ് ശ്രമിക്കുന്നു. മറുനാടൻ ചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററിയുടെ ഉപാദ്ധ്യക്ഷൻ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: ''പുതിയ ചൈന ഉടലെടുത്തതിനുശേഷം നാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ മുന്നണികളിൽ അതു ത്വരിതമായ പുരോഗതി കൈവരിക്കുന്നതു വീക്ഷിക്കാൻ ചൈനീസ്പ്രവാസികൾക്കു ക

ഴിഞ്ഞു. തങ്ങളുടെ മാതൃരാജ്യത്തിൻെറ സമാധാനോന്മുഖമായ വിദേശനയം വിജയിച്ചതും അതിൻെറ സാർവ്വദേശീയാന്തസ്സ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നതും അവർ കണ്ടു. ഇതെല്ലാം അവർ പാർക്കുന്ന രാജ്യങ്ങളിൽ അവരുടെ സ്ഥിതിയെ സ്വാധീനിക്കാതിരുന്നില്ല. വിവേചനം ബഹുമാനത്തിനു വഴിമാറിക്കൊടുത്തു. അതിനാൽ ചൈനീസ്പ്രവാസികൾ തങ്ങളുടെ മാതൃരാജ്യത്തെ അഗാധമായും ഉൽക്കടമായും സ്നേഹിക്കുന്നു. അവർ തങ്ങളുടെ മാതൃരാജ്യത്തിൽ അഭിമാനംകൊള്ളുന്നു.''

മറുനാടൻ ചൈനീസ്ബൂർഷ്വാസി ചൈനയോടു കൂറുപുലർത്തുന്ന പക്ഷം ചൈനയുടെ ശക്തി അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും അവയ്ക്കു് ഉറപ്പുനല്കുകയും ചെയ്യുമെന്നും തൽഫലമായി അവർക്കു തങ്ങൾ പാർക്കുന്ന രാജ്യങ്ങളിൽ പല മേന്മകളും സിദ്ധിക്കുമെന്നുമുള്ള പ്രതീതി യുളവാക്കാൻ പീക്കിങ്ങ് യത്നിക്കുന്നു. ചൈനീസ്ബൂർഷ്വാസിയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രവർത്തനത്തിന്മേൽ നിയന്ത്രണമാർജ്ജിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഏഷ്യയിലെ അയൽരാജ്യങ്ങളോടുള്ള പീക്കിങ്ങിൻെറ ഔദ്ധത്യമാണ് ഇതിൽ പ്രകടമാവുന്നതു്.

ചൈനാ ജനകീയറിപ്പബ്ലിക്ക് അതിൻെറ ആവിർഭാവം മുതൽക്കു തന്നെ ''എല്ലാ ചൈനാക്കാരും ഒരു കുടുംബം'' എന്ന മുദ്രാവാക്യത്തിൻ കീഴിൽ മറുനാടൻ ചൈനാക്കാരുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുകയെന്ന നയത്തിൽ ഉറച്ചുനില്ക്കുന്നു. വിദേശത്തു വസിക്കുന്ന ചൈനാക്കാരുടെ ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രീയജനകീയഗവണ്മെൻറ് കഴിവുള്ളതെല്ലാം ചെയ്യണമെന്നു് 1949 ശരൽക്കാലത്തു പീക്കിങ്ങ് ഊന്നിപ്പറഞ്ഞു. 1954—ൽ സ്വീകരിക്കപ്പെട്ട പി.ആർ.സി. ഭരണഘടനയുടെ 98—ാംവകുപ്പിൽ ''വിദേശങ്ങളിലുള്ള ചൈനീസ്പ്രവാസികളുടെ ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും നേടിക്കൊടുക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതു്'' പി.ആർ.സി. ഗവണ്മെൻറിൻെറ കടമയാണെന്നു പറഞ്ഞിരുന്നു. മറുനാടൻ ചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററിയുടെ അദ്ധ്യക്ഷൻ 1954 സെപ്റ്റംബറിൽ ഇങ്ങനെ പ്രസ്താവിച്ചു: ''ചൈനീസ്പ്രവാസികൾക്കു അവരുടെ മാതൃഭൂമിയുമായുള്ള ബന്ധം വിച്ഛേദിക്കാൻ ആർക്കും സാധ്യമല്ല. വിദേശത്തുള്ള എല്ലാ ചൈനീസ്പ്രവാസികളുടേയും മാതൃഭൂമി ചൈനയാണ്.''7 മറുനാടൻ ചൈനാക്കാർക്കു് ''വസ്ത്രങ്ങൾ, വീട്ടുസാമാനങ്ങൾ, അദ്ധ്വാനോപകരണങ്ങൾ, ബാങ്ക് അക്കൗണ്ടുകൾ, മണി ഓർഡറുകൾ എന്നിവയ്ക്കുള്ള സ്വകാര്യസ്വത്തുടമാവകാശം സംരക്ഷിച്ചുകൊള്ളാമെ''8ന്നു് പി.ആർ.സി. ഉറപ്പുനൽകുന്നു.

1953—ൽ ആദ്യമായി നടത്തിയ കാനേഷുമാരിയിൽ വിദേശത്തു പാർക്കുന്ന എല്ലാ ചൈനാക്കാരേയും ചൈന പ്രതിനിധീകരിക്കുന്നുവെ

ന്ന പ്രമേയം വികസിപ്പിച്ചുകൊണ്ടു് ഒരുകോടി 23 ലക്ഷംവരുന്ന മറുനാടൻചൈനാക്കാരേയും ചൈനയുടെ ജനസംഖ്യയിൽ ഉൾപ്പെടുത്തുകയുണ്ടായി.

ചൈനാ ജനകീയറിപ്പബ്ലിക്കിൻെറ കേന്ദ്രനിയമനിർമ്മാണസഭയായ ദേശീയജനകീയകോൺഗ്രസ്സിൽ ചൈനീസ്പ്രവാസികൾക്കു പ്രാതിനിധ്യം ലഭിച്ചു. അതിൽ അവർക്കു മുപ്പതു സീററുണ്ടു്.

മറുനാടൻ ചൈനാക്കാരുടെ പ്രതിനിധികളിൽ പലരും ചൂഷകവിഭാഗങ്ങളിൽനിന്നുള്ളവരാണെന്ന വസ്തുത പ്രത്യേകം ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

മറുനാടൻ ചൈനാക്കാരോടുള്ള പി.ആർ.സി.യുടെ ഇത്തരം നയം നല്ലസംഖ്യവരുന്ന ചൈനീസ്ന്യൂനപക്ഷങ്ങൾ പാർക്കുന്ന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലുള്ള പ്രത്യക്ഷവും നിർല്ലജ്ജവുമായ ഇടപെടലാണെന്നതിൽ പീക്കിങ്ങിനു യാതൊരു വൈഷമ്യവും തോന്നിയില്ല.

പി.ആർ.സി. അതിൻെറ ആദ്യവർഷങ്ങളിൽ ചൈനീസ്പ്രവാസികൾക്കിടയിൽ നടത്തിയ പ്രചാരണം തുറന്നടിച്ചതായിരുന്നുവെന്നു പറയാം. മറുനാടൻ ചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററിയുടെ ഒരൗദ്യോഗികവിജ്ഞാപനത്തിൽ പ്രവാസികളുടെ കടമകൾ ഇപ്രകാരം ആവിഷ്കരിക്കപ്പെട്ടു: ''എല്ലാ ചൈനീസ്പ്രവാസികളേയും ഏകീകരിക്കുക. തദ്ദേശജനതയെ ഏകീകരിക്കുകയും ദേശീയവിമോചനപ്രസ്ഥാനത്തിൻെറ ലക്ഷ്യങ്ങൾ നേടാൻ അവരെ സഹായിക്കുകയും ചെയ്യുക. ജനതകൾ സ്വാതന്ത്ര്യവും സ്വാശ്രയത്വവും കൈവരിക്കാതിരിക്കുന്നിടത്തോളം കാലം ചൈനീസ്പ്രവാസികൾക്കു യഥാർത്ഥസ്വാതന്ത്ര്യം ലഭിക്കുകയില്ല.''[9] മറുനാടൻ ചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററി 1950—ൽ ചൈനീസ്പ്രവാസികൾക്കയച്ച നവവത്സരസന്ദേശത്തിൽ ദക്ഷിണപൂർവ്വേഷ്യയിൽ ദേശസ്നേഹികളായ പ്രവാസികളുടെ ഐക്യമുന്നണി രൂപീകരിക്കാനും തദ്ദേശജനങ്ങളുമായുള്ള ബന്ധം വിപുലമാക്കാനും പുതിയ ചൈനയെ കെട്ടിപ്പടുക്കുന്നതിൽ സജീവമായി പങ്കുകൊള്ളാനും മേഖലയിൽ അമേരിക്കയുടേയും പശ്ചിമയൂറോപ്യൻ രാജ്യങ്ങളുടേയും തന്ത്രങ്ങൾക്കു ചെറുത്തുനില്പു നൽകാനും അവരോടു നിർദ്ദേശിച്ചു[10].

അതു സ്വാഭാവികമായും ദക്ഷിണപൂർവ്വേഷ്യൻ ഗവണ്മെൻറുകളുടെ അതൃപ്തിക്കു കാരണമായി. ചൈനീസ്ന്യൂനപക്ഷങ്ങളിലെ പി.ആർ.സി.യോടു ചായ്‌വുകാണിക്കുന്ന വിഭാഗങ്ങൾമുഖേന തങ്ങൾക്കെതിരെ വിധ്വംസകപ്രവർത്തനങ്ങൾ നടത്തുന്നുവെന്നു് ചില ഏഷ്യൻ രാജ്യങ്ങൾ പി.ആർ.സി.യുടെമേൽ കുററമാരോപിച്ചു. തൽഫലമായി 1954

–1955 വർഷങ്ങളിൽ പീക്കിങ്ങിനു മറുനാടൻ ചൈനാക്കാരുടെയിടയിലുള്ള പ്രവർത്തനത്തിന്റെ അടവുകൾ മാറേറണ്ടിവന്നു. ആഫ്രോ–ഏഷ്യൻരാജ്യങ്ങളുടെ ബന്ദൂങ്ങ്സമ്മേളനത്തിനു തൊട്ടുമുമ്പ് ഇന്ത്യ, ബർമ്മ, ഇന്തോനേഷ്യ, കമ്പോഡിയ, തായ്‌ലണ്ട്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾക്ക് അവിടങ്ങളിലുള്ള ചൈനീസ്ന്യൂനപക്ഷങ്ങളെ ഗവണ്മെൻറുവിരുദ്ധ വിധ്വംസകപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കയില്ലെന്നു ചൈനീസ് ഗവണ്മെൻറ് ഉറപ്പു നല്കി. ദക്ഷിണപൂർവ്വേഷ്യയിലെ ജനതകളുമായി സുഹൃദ്ബന്ധങ്ങൾ ഉറപ്പിക്കാനും മേഖലയിലെ രാജ്യങ്ങളുടെ സാമ്പത്തികവികാസത്തിൽ സജീവമായി പങ്കെടുക്കാനും പീക്കിങ്ങ് മറുനാടൻ ചൈനാക്കാരോട് ആഹ്വാനിക്കാൻ തുടങ്ങി. ദേശീയവ്യവസായത്തിന്റെ വികസനത്തിലും ഗതാഗതത്തിലും കൃഷിയുടെ ചില തുറകളിലും മൂലധനമിറക്കാൻ അവർക്കു നിർദ്ദേശങ്ങൾ നല്കപ്പെട്ടു. ''ചൈനീസ് പ്രവാസികളുടെ ന്യായമായ അവകാശങ്ങളുടേയും താല്പര്യങ്ങളുടേയും സംരക്ഷണം'' പി.ആർ.സി. ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളതായിരുന്നു. എന്നാൽ അതോടൊപ്പം ചൈനീസ്ഗവണ്മെൻറ് ചൈനീസ്പ്രവസികളോട് ഇങ്ങനെ നിർദ്ദേശിച്ചു: ''ചൈനീസ്പ്രവാസികൾക്ക് അവരുടെ മാതൃരാജ്യത്തോടുള്ള ഉൽക്കടമായ സ്നേഹവും അവർ പാർക്കുന്ന രാജ്യങ്ങളിലെ ജനതകളോടുള്ള സുഹൃദ്ബന്ധങ്ങളും എത്രയും വിലപ്പെട്ട ചരിത്രപാരമ്പര്യങ്ങളാണ്. അതിനാൽ തങ്ങൾ വസിക്കുന്ന രാജ്യങ്ങളോട് അവജ്ഞ പ്രകടിപ്പിക്കുകയോ തങ്ങൾക്കിപ്പോൾ സുശക്തവും മഹത്തുമായ ഒരു മാതൃരാജ്യമുണ്ടെന്നതുകൊണ്ടു മഹച്ഛക്തിഷോവിനിസത്തിന്റെ പ്രവണതകൾ പ്രകടിപ്പിക്കുകയോ ചെയ്തുകൂടാ...

''സമാധാനോന്മുഖമായ വിദേശനയവും സമാധാനപരമായ സഹവർത്തനത്തെ സംബന്ധിച്ച അഞ്ചു് തത്വങ്ങളും നടപ്പിലാക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടു് പ്രവാസികളോടുള്ള അതിന്റെ നയത്തിൽ അവർ തദ്ദേശങ്ങളിലെ രാഷ്ട്രീയസമരത്തിൽ പങ്കെടുക്കരുതെന്നും സർക്കാർനിയമങ്ങളും ചട്ടങ്ങളും പാലിക്കുകയും അതതു ജനതകളുടെ അവകാശങ്ങളേയും ആചാരങ്ങളേയും ബഹുമാനിക്കുകയും ചെയ്യണമെന്നും ചൈന വ്യവസ്ഥചെയ്യുന്നു.''11

ഈ നയമാണ് ഇന്നും ചൈന ഔദ്യോഗികമായി (പ്രായോഗികമായല്ല!) അനുവർത്തിച്ചുപോരുന്നതു്. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി പുനരാരംഭിച്ചിരിക്കുന്ന ഔദ്യോഗികസമ്പർക്കങ്ങളിൽ, ചൈനീസ് ന്യൂനപക്ഷങ്ങൾ തദ്ദേശജനങ്ങളുമായി ഉററ സഹകരണത്തിലേർപ്പെടണമെന്നും ചൈനീസ്ന്യൂനപക്ഷങ്ങളുടെ പ്രവർത്തനത്തിൻമേൽ അതതു രാജ്യങ്ങളിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും അവർ പാലിക്കണമെന്നും

മററും തങ്ങരം നിർബ്ബന്ധംപിടിക്കുന്നുവെന്ന പ്രതീതി ജനിപ്പിക്കാൻ ചൈനീസ്നേതൃത്വം ശ്രമിക്കുന്നു.

മറുനാടൻ ചൈനാക്കാരോട്ട് തദ്ദേശവാസികളുമായി മിശ്രവിവാഹങ്ങളിലേർപ്പെടാനും തദ്ദേശാധികാരികളോടു കൂറുകാണിക്കാനും നിയമവിധേയരാഷ്ട്രീയപ്രവർത്തനത്തിൽ പങ്കുകൊള്ളാനും സൈന്യസേവനമനുഷ്ഠിക്കാനും, ചുരുക്കിപ്പറഞ്ഞാൽ അവിടങ്ങളിലെ ജനങ്ങളുടേയും ഗവണ്മെൻറുകളുടേയും വിശ്വാസമാർജ്ജിക്കുന്നതിനു വേണ്ടതെല്ലാം ചെയ്യാൻ പീക്കിങ്ങ് ഇപ്പോരം നിർദ്ദേശിക്കുന്നു. ഇതു തല്ക്കാലത്തേക്കു മാത്രമുള്ള ഒരടവാണ്. മേഖലയിൽ തങ്ങളുടെ മഹച്ഛക്തിലക്ഷ്യങ്ങരം നേടുന്നതിന് ആവശ്യമെന്നു തോന്നുമ്പോരം പീക്കിങ്ങ്നേതൃത്വം അതുപേക്ഷിക്കും. യുദ്ധാനന്തരകാലത്തു ദക്ഷിണപൂർവ്വേഷ്യയിൽ അതു പലപ്പോഴും നടന്നിട്ടുള്ളതാണ്.

മേഖലയിലുള്ള ചൈനീസ്ന്യൂനപക്ഷങ്ങളുടെമേൽ രാഷ്ട്രീയനിയന്ത്രണമാർജ്ജിക്കുകയെന്ന ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ടി നാനാതരത്തിലുള്ള മാർഗ്ഗങ്ങളാണു പി.ആർ.സി. ഉപയോഗിക്കുന്നത്. ചൈനീസ് പ്രചാരണവിധാനം അയൽരാജ്യങ്ങളിലെ ചൈനാക്കാരുടെ വ്യത്യസ്തപാളികളുടെ പ്രത്യേകതകരം കണക്കിലെടുക്കുകയും വിദഗ്ദ്ധമായ രീതിയിൽ പ്രചാരണമാർഗ്ഗങ്ങരം തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, പ്രവാസികളുടെ മുതിർന്ന തലമുറയെ പാട്ടിലാക്കുന്നതിനുവേണ്ടി അവരുടെ ദേശാഭിമാനത്തേയും ദേശീയവികാരങ്ങളേയുമാണു പീക്കിങ്ങ് ഊന്നുന്നത്. അതേസമയം യുവജനങ്ങരംക്കുവേണ്ടിയുള്ള പ്രചാരണത്തിലാകട്ടെ മാവോയുടെ ആശയങ്ങരംക്കാണു പ്രാധാന്യം നല്കുന്നത്.

മേഖലയിൽപ്പെട്ട രാജ്യങ്ങളിലേക്കുള്ള റേഡിയോ പ്രക്ഷേപണങ്ങരം, ചൈനീസ്ഭാഷയിലുള്ള തദ്ദേശപത്രങ്ങരംക്കു ധനസഹായം നൽകൽ, പ്രചാരണസാഹിത്യവും പാഠപുസ്തകങ്ങളും സൗജന്യനിരക്കിൽ വിററഴിക്കൽ, മറുനാടൻചൈനാക്കാരുടെ ബിസിനസ്സ്—സാംസ്കാരിക—സ്പോർട്ട്സ് സംഘടനകളിലും ചൈനീസ്സമാജങ്ങളിലും കടന്നുപററൽ, ചൈനീസ് ഉല്പന്നങ്ങരം ചുരുങ്ങിയ വിലയ്ക്കു വിൽക്കൽ തുടങ്ങിയവയായിരുന്നു 70—കളുടെ ആരംഭംവരെ പീക്കിങ്ങ് പ്രയോഗിച്ചിരുന്ന പ്രചാരണമാർഗ്ഗങ്ങരം.

എല്ലാ സാർവ്വദേശീയസമ്മേളനങ്ങളിലും ചൈനീസ് പ്രതിനിധികരം പി.ആർ.സി.യുടെ ഉള്ളതും ഇല്ലാത്തതുമായ നേട്ടങ്ങളെപ്പററി വിളിച്ചുകൂവുന്നു. ഒരു മഹച്ഛക്തിയെന്ന നിലയ്ക്കു് പി.ആർ.സി.യുടെ സാർവ്വദേശീയാന്തസ്സു പൊക്കിക്കാട്ടുന്നതിനുവേണ്ടി അവർ സർവ്വവിധേനയും യത്നിക്കുകയും ചൈനയ്ക്കു് ഏഷ്യയിലും ലോകത്തെമ്പാടും വമ്പിച്ച വി

ജയങ്ങരം ഉണ്ടായിട്ടുണ്ടെന്നു വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

ഇവയിൽ ചില നടപടികരം കുറിക്കു കൊള്ളുന്നുണ്ടെന്ന കാര്യം നിഷേധിച്ചുകൂടാ—അതായതു ചൂഷകവിഭാഗങ്ങളടക്കമുള്ള ചൈനീസ്ന്യൂനപക്ഷങ്ങളുടെ ദൃഷ്ടിയിൽ അവ പീക്കിങ്ങിൻെറ പ്രഭാവം വർദ്ധിപ്പിക്കുന്നു. ''സാംസ്കാരികവിപ്ലവ''ത്തിൻെറ കാലത്തു പുറമേയ്ക്കുള്ള രാഷ്ട്രീയപ്രവർത്തനങ്ങരം പരമാവധി ചുരുക്കേണ്ടി വന്നിട്ടും മറുനാടൻ ചൈനീസ്ന്യൂനപക്ഷങ്ങളുടെയിടയിലുള്ള പ്രവർത്തനം നിലയ്ക്കുകയുണ്ടായില്ല.

## 4. ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസിയുടെ രാഷ്ട്രീയാനുഭാവങ്ങരം

മറുനാടൻ ചൈനാക്കാരുടെയിടയിൽ കാൽശതാബ്ദമായി നടത്തിവരുന്ന പ്രവർത്തനത്തിൽ കാര്യമായ പരാജയങ്ങരം നേരിട്ടുവെങ്കിലും ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെമേലുള്ള സ്വന്തം സ്വാധീനം വിപുലമാക്കാൻ പീക്കിങ്ങിനു കഴിഞ്ഞിട്ടുണ്ട്.

ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയാനുഭാവങ്ങളെപ്പററി പണ്ഡിതന്മാർക്കിടയിൽ പല ഊഹാപോഹങ്ങളും നിലവിലുണ്ട്. അമേരിക്കൻ വിദഗ്ദ്ധനായ ലിയൊ വില്ല്യംസിൻെറ അഭിപ്രായത്തിൽ ദക്ഷിണപൂർവ്വേഷ്യയിലെ മറുനാടൻചൈനാക്കാരിൽ 10 ശതമാനം പീക്കിങ്ങിനോടും 10 ശതമാനം തയ്പ്പേയോടും അനുഭാവം പ്രകടിപ്പിക്കുകയും ബാക്കിയുള്ള 80 ശതമാനം ഒരുപക്ഷത്തും ചേരാതെ ഒഴിഞ്ഞുമാറിക്കഴിയുകയും ചെയ്യുന്നു.[12] ഡി. ഇൻസൊറിൻെറ അനുമാനപ്രകാരം 60—കളുടെ മദ്ധ്യത്തിൽ മേഖലയിലുള്ള ചൈനാക്കാരിൽ മൂന്നിൽ രണ്ടു ഭാഗം പീക്കിങ്ങിനോട് അനുഭാവം കാണിച്ചിരുന്നു, ബാക്കിയുള്ള മൂന്നിലൊരു ഭാഗം തയ്വാനിലെ ചിയാങ്ങ്കൈഷക്ക് ഭരണകൂടത്തോടും[13]. എ.ഡി. ബാർനററും ഏതാണ്ടങ്ങനെതന്നെ കരുതുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ദക്ഷിണപൂർവ്വേഷ്യയിലെ ചൈനാക്കാരിൽ ഭൂരിഭാഗവും പീക്കിങ്ങിനോട് അനുഭാവമുള്ളവരാണ്.

മേല്പറഞ്ഞ ഗ്രന്ഥകാരന്മാർ ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയാനുഭാവങ്ങളെ വിലയിരുത്തുന്നതു വളരെ വ്യത്യസ്തമായാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. മറുനാടൻ ചൈനാക്കാരിൽ ഭൂരിപക്ഷവും രാഷ്ട്രീയജീവിതത്തെ സംബന്ധിച്ച പ്രശ്നങ്ങളിൽ നിഷ്പക്ഷരാണെന്നും പി.ആർ.സി.യോടും തയ്വാനോടും തികച്ചും തണുപ്പൻ മനോഭാവമാണ് അവർക്കുള്ളതെന്നും വില്ല്യംസ് കരു

തുമ്പോഠ ഇൻസൊറും ബാർനററുമാകട്ടെ, ഒന്നാമതായി മറുനാടൻ ചൈനാക്കാരുടെ രാഷ്ട്രീയനിഷ്പക്ഷതയെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. രണ്ടാമതായി, ചൈനീസ്ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയാനുഭാവങ്ങഠ പീക്കിങ്ങിനും തയ്പ്പേയ്ക്കുമിടയിൽ വ്യക്തമായി ധ്രുവീകരിക്കപ്പെട്ടിരിക്കുന്നുവെന്നും ദക്ഷിണപൂർവ്വേഷ്യയിലെ ഭൂരിഭാഗം ചൈനീസ്സമൂഹങ്ങളുടേയുംമേൽ പീക്കിങ്ങ് നിയന്ത്രണം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും അവർ കരുതുന്നു. ചൈനീസ്ന്യൂനപക്ഷങ്ങഠക്കു് അവരിന്നു പാർക്കുന്ന രാജ്യങ്ങളോടുള്ള മനോഭാവമെന്തെന്ന പ്രശ്നത്തിലേക്കു മേല്പറഞ്ഞ ഗ്രന്ഥകാരന്മാർ വെളിച്ചം വീശുന്നില്ല.

പി.ആർ. സി. രൂപംകൊണ്ട കാലത്തു ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്പ്രവാസികളുടെ രാഷ്ട്രീയനിലപാടുകഠ തികച്ചും വിഭിന്നമായിരുന്നു. അവരിൽ ഭൂരിഭാഗവും, പ്രത്യേകിച്ചും സമ്പന്നവിഭാഗങ്ങഠ ചിയാങ്ങ്കൈഷെക്കിനു പൂർണ്ണമായ പിന്തുണ നൽകി. പി.ആർ.സി.യുടെ ആരംഭവർഷങ്ങളിൽ ചൈനീസ്പ്രവാസികളിൽനിന്നു ചൈനയിലേക്കുള്ള മണി ഓർഡറുകഠ വളരെ ചുരുങ്ങിയതിൻെറ കാരണങ്ങളിലൊന്നാണതു്. പ്രവാസികളുടെ ഒരു വിഭാഗം (ധാരാളം മുതലാളിമാരും അതിലുഠപ്പെടുന്നു) രാഷ്ട്രീയജീവിതത്തിൽനിന്നു് അകലുകയും പി.ആർ.സി.യോടോ തയ്വാനോടോ രാഷ്ട്രീയാനുഭാവം പ്രകടിപ്പിക്കാതെ നിഷ്പക്ഷരായി കാണപ്പെടുകയും ചെയ്തു. ചൈനീസ് പ്രവാസികളുടെ നിർദ്ധനപാളികഠ ചൈനാ ജനകീയറിപ്പബ്ലിക്കിൻെറ പക്ഷത്തു ചേർന്നു.

പി.ആർ.സി. താല്പര്യമെടുത്തിരുന്ന സമ്പന്നവിഭാഗം ക്കുമിന്താങ്ങ ഭരണകൂടത്തിൻെറ വർഗ്ഗക്കൂട്ടാളിയായിരുന്നുവെന്നതു കണക്കിലെടുക്കുമ്പോഠ ചൈനീസ്പ്രവാസികളെ സ്വപക്ഷത്താക്കുകയെന്ന പി.ആർ. സി. ഗവണ്മെൻറിൻെറ കടമ അത്ര എളുപ്പമായിരുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയും. ചൈനീസ്പ്രവാസികളെ സംബന്ധിച്ച തങ്ങളുടെ ലക്ഷ്യങ്ങഠ നേടുന്നതിനുള്ള ശ്രമത്തിൽ പി.ആർ.സി. ഗവണ്മെൻറ് അവരെ തങ്ങളോടനുഭാവമുള്ളവരാക്കാൻ സകല മാർഗ്ഗങ്ങളും പ്രയോഗിക്കുന്നു. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെ പല ചൈനീസ്സ്കൂളുകളിലും പീക്കിങ്ങിനു ശക്തമായ സ്വാധീനമുണ്ട്. പീക്കിങ്ങിലും ഷാങ്ങ്ഹായിലും പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളാണു് അവിടെ ഉപയോഗിക്കപ്പെടുന്നതു്. പ്രവാസികളിൽനിന്നുള്ള വിദ്യാർത്ഥികളെ പി.ആർ. സി.യിലെ ഉന്നതവിദ്യാലയങ്ങളിൽ പഠിപ്പിക്കൽ, ചൈനീസ്പ്രവാസികഠക്കു പി.ആർ.സി.യുടെ പൗരത്വം നൽകൽ, ചൈനയിൽ പാർക്കുന്ന ബന്ധുക്കഠവഴി നടത്തുന്ന പ്രക്ഷോഭം, ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽ പ്രചാരണസാഹിത്യം വിതരണം ചെയ്യൽ, പി.ആർ.സി.

യിൽ നിർമ്മിച്ച ചലച്ചിത്രങ്ങഠം അവിടെ വൻതോതിൽ പ്രദർശിപ്പിക്കൽ, പി.ആർ.സി.യുടെ നിയന്ത്രണത്തിലുള്ള ബാങ്കുകഠംമുഖേന ചൈനയോടു കൂറുള്ള ബിസിനസ്സുകാർക്കു വായ്പകഠം നൽകൽ, ചൈനീസ് പ്രവാസികളുടെ ബഹുജനസംഘടനകളിലേക്കുള്ള പീക്കിങ്ങ്പ്രക്ഷോഭകാരികളുടെ നുഴഞ്ഞുകയററം, ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലെ ചൈനീസ്‌വിരുദ്ധപ്രകടനങ്ങളുടെ സമയത്തു് ചൈനീസ്‌ബിസിനസ്സുകാരുടെ താല്പര്യങ്ങഠം സംരക്ഷിക്കൽ, പി.ആർ.സി.യെ തങ്ങളുടെ താല്പര്യങ്ങഠം സംരക്ഷിക്കുകയും അവയ്ക്കുറപ്പു നൽകുകയും ചെയ്യുന്ന ശക്തിയായി കരുതുന്ന ചൈനീസ് പ്രവാസികളുടെ ദേശീയവാദപരമായ വികാരങ്ങഠം ഇളക്കിവിടൽ—ഇവയുടെയെല്ലാം ഫലമായി ചൈനീസ്‌പ്രവാസികളുടെ മനോഭാവം ഗണ്യമാംവിധം പി.ആർ.സി.യ്ക്കനുകൂലമായി മാറിയിട്ടുണ്ടു്.

60—കളിൽ ചൈനീസ്‌പ്രവാസികഠംക്കിടയിൽ പി.ആർ.സി.യുടെ സ്വാധീനം വർദ്ധിക്കുകയും പീക്കിങ്ങിനോടു അനുഭാവമുള്ള വിഭാഗം പ്രാബല്യമാർജ്ജിക്കുകയും ചെയ്തു. ചില നിരീക്ഷകരുടെ അഭിപ്രായത്തിൽ ബർമ്മയിലും കമ്പോഡിയയിലും ഇന്തോനേഷ്യയിലുമുള്ള ചൈനാക്കാരെല്ലാംതന്നെ പീക്കിങ്ങിൻെറ പക്ഷത്തു ചേർന്നുകഴിഞ്ഞിരിക്കുന്നു14. മലേഷ്യയിലും സിംഗപ്പൂരിലും തായ്‌ലണ്ടിലുമുള്ള ചൈനാക്കാരുടെയിടയിൽ പീക്കിങ്ങനുഭാവികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഫിലിപ്പൈൻസിൽ മാത്രം ക്ലമിന്താങ്ങുഘടകങ്ങഠം നിശ്ചിതമായ ശക്തി നിലനിർത്തിവരുന്നു. ''ശീതയുദ്ധ''ത്തിൻെറ പരമകാഷ്ഠയിൽപ്പോലും, അതായതു പീക്കിങ്ങിനോടു് ഏതെങ്കിലും വിധത്തിൽ കൂറുപുലർത്തുന്നതു ദക്ഷിണപൂർവ്വേഷ്യയിലുള്ള ചൈനാക്കാർക്കു വളരെയേറെ വിഷമങ്ങഠംക്കും പീഡനങ്ങഠംക്കും കാരണമായിത്തീർന്നിരുന്ന കാലത്തുപോലും ചൈനീസ്‌ന്യൂനപക്ഷങ്ങളുടെയിടയിൽ ക്ലമിന്താങ്ങുതയ്‌വാൻെറ സ്വാധീനം ക്ഷയിക്കുകയും പീക്കിങ്ങിനോടുള്ള അനുഭാവം വർദ്ധിക്കുകയും ചെയ്തു. മറുനാടൻചൈനാക്കാരുടെ അദ്ധ്വാനിക്കുന്ന വിഭാഗങ്ങഠംക്കിടയിൽമാത്രമല്ല, അവരുടെ ചൂഷകവിഭാഗങ്ങളിലും പീക്കിങ്ങിൻെറ സ്വാധീനം അനുഭവപ്പെടുന്നുവെന്നു ചില ഗ്രന്ഥകാരന്മാർ ന്യായമായും ചൂണ്ടിക്കാട്ടുന്നു. മേഖലയിൽപ്പെട്ട ചില രാജ്യങ്ങളിലെ ചൈനീസ് വാണിജ്യമണ്ഡലങ്ങഠം പീക്കിങ്ങിൻെറ അനൗദ്യോഗിക പ്രതിനിധികളായി വർത്തിക്കുന്നുവെന്ന സംഗതി ഇവിടെ ശ്രദ്ധേയമാണു്.

പല പ്രശ്നങ്ങളിലും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും ചൂഷകവിഭാഗങ്ങളും സ്വീകരിക്കുന്ന നിലപാടുകഠം കടകവിരുദ്ധമാണെങ്കിലും ചൈനീസ്‌ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയാനുഭാവം പൊതുവെ ഏതാണ്ടൊരള

വിൽ അവയുടെ ചൂഷകവിഭാഗങ്ങളുടെ രാഷ്ട്രീയാനുഭാവത്തേയും പ്രതിഫലിപ്പിക്കുന്നു. ചൈനീസ്ന്യൂനപക്ഷങ്ങൾക്കു പൊതുരാഷ്ട്രീയചായ്വ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അജ്ഞേയററം അസ്ഥിരവും അസ്പഷ്ടവുമാണെങ്കിൽ അവയിലെ ചൂഷകവിഭാഗങ്ങളുടെ കാര്യത്തിലാകട്ടെ തികച്ചും വിശ്വാസയോഗ്യമായ ഒരു പ്രധാനമാനദണ്ഡമുണ്ട്. ബൂർഷ്വാസി വിശ്വവ്യാപകസ്വഭാവത്തോടുകൂടിയതാണ്. അവർ മൂലധനമിറക്കിയിരിക്കുന്നതെവിടെയോ അവിടെയാണവരുടെ ''മാതൃഭൂമി'' സ്ഥിതിചെയ്യുന്നത് . ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലും പുറത്തും മാറി മാറി വസിക്കുന്ന ചൈനീസ്ബൂർഷ്വാസിയെ സംബന്ധിച്ചിടത്തോളം അതു പ്രത്യേകിച്ചും വാസ്തവമാണ്. അതിനാൽ ദക്ഷിണപൂർവ്വേഷ്യയുടെ വെളിയിലേക്കുള്ള ചൈനീസ് മൂലധനപ്രവാഹത്തിൻെറ അളവും ദിശയും മറുനാടൻ ചൈനീസ്ബൂർഷ്വാസിയുടെ രാഷ്ട്രീയാനുഭാവത്തെ എത്രയും വാചാലമായി വെളിപ്പെടുത്തുന്നു.

അതുവച്ചുനോക്കുമ്പോൾ ചൈനീസ്മൂലധനത്തിൻെറ 40 ശതമാനത്തെ പ്രതിനിധാനംചെയ്യുന്ന ബൂർഷ്വാവിഭാഗം അവരിന്നു പാർക്കുന്ന രാജ്യങ്ങളോട് അനുഭാവമുള്ളവരാണെന്നും ആ രാജ്യങ്ങളുമായി തങ്ങളുടെ ഭാഗധേയത്തെ ബന്ധിപ്പിക്കാനുദ്ദേശിക്കുന്നുവെന്നും കരുതാവുന്നതാണ്. ചൈനീസ്മൂലധനത്തിൻെറ 60 ശതമാനം കൈവശംവയ്ക്കുന്ന ബാക്കിയുള്ളവർ പി.ആർ.സി.യോടോ തയ്വാനോടോ ഹോങ്കോങ്ങിനോടോ അനുഭാവം പുലർത്തുന്നു. ദക്ഷിണപൂർവ്വേഷ്യയിൽനിന്നു ചൈനയിലേക്കുള്ള മൂലധനപ്രവാഹത്തിൻെറ തോതുവച്ചു നോക്കുമ്പോൾ മേഖലയിലുള്ള ചൈനീസ്ബൂർഷ്വാസിയുടെ 40 ശതമാനത്തോളം പീക്കിങ്ങിനോടു ചായ്വുള്ളവരാണ്.

ഇന്നത്തെ പി.ആർ.സി. നേതൃത്വത്തെ തങ്ങളുടെ വിശ്വസ്തക്കൂട്ടാളിയായി കരുതാമെന്നു ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ ചൂഷകവിഭാഗങ്ങൾ തങ്ങളുടെ വർഗ്ഗപരമായ സഹജബോധത്താൽ മനസ്സിലാക്കുന്നു. എന്തെന്നാൽ രാജ്യത്തു് അവശേഷിച്ച ചൂഷകഘടകങ്ങളോടുള്ള ചൈനീസ് സൈനിക—ഉദ്യോഗസ്ഥമേധാവിത്വപരിഷയുടെ സഹിഷ്ണുതയും മറുനാടൻചൈനീസ്ബൂർഷ്വാസിയുമായുള്ള അതിൻെറ സഹകരണവും വെറുമൊരടവല്ല, ഇന്നത്തെ പി.ആർ. സി. ഭരണകൂടത്തിൻെറ അന്തസ്സത്തയുടെ ബഹിസ്ഫുരണമാണ്. ചൈനയുമായി സഹകരിക്കുന്നതിനു വിപുലമായ സാദ്ധ്യതകൾ ദർശിക്കുന്ന ദക്ഷിണപൂർവ്വേഷ്യയിലെ വൻകിടചൈനീസ്ബൂർഷ്വാസി പീക്കിങ്ങുമായി രാഷ്ട്രീയവും സാമ്പത്തികവുമായ പതിവുസമ്പർക്കങ്ങൾ പുലർത്തേണ്ടതു് ആവശ്യമാണെന്നും അതു തങ്ങൾക്കു ലാഭകരമായിരിക്കുമെന്നും കരുതുന്നു. പീക്കിങ്ങിനോടുള്ള ഇത്തരം മനോഭാവത്തിനു ദക്ഷിണ

പൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിക്കിടയിൽ ഇന്നു വളരെ പ്രചാരം സിദ്ധിച്ചിരിക്കുന്നു.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെ ചൈനീസ് ബൂർഷ്വാസിയുടെ നല്ലൊരു ഭാഗത്തിൻെറ ഈ പീക്കിങ്ങ്പക്ഷമനോഭാവം ഏഷ്യയിലെ പൊതുജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ''യാതൊരുവിധത്തിലുള്ള സൈനികതള്ളിക്കയററവുംകൂടാതെ ബിസിനസ്സ്ലാഭങ്ങൾ വാഗ്ദാനംചെയ്തുകൊണ്ടുമാത്രം ദക്ഷിണപൂർവ്വേഷ്യയിലെ മുഖ്യസാമ്പത്തികശക്തിയായ ചൈനീസ്സമൂഹങ്ങളിൽ നല്ലൊരു ഭാഗത്തെ പാട്ടിലാക്കാൻ ചൈനയ്ക്കു കഴിഞ്ഞേക്കുമെന്നുള്ള ഭയം ഈ സാഹചര്യങ്ങളിൽ മനസ്സിലാക്കാവുന്നതാണ്.''15

ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിയുടെ ഒരു വിഭാഗം പീക്കിങ്ങിനോട് അനുഭാവം പ്രകടിപ്പിക്കുന്നതിൻെറ ഫലമായി അയൽരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനുള്ള വിപുലമായ സാദ്ധ്യതകൾ ചൈനയ്ക്കു ലഭ്യമാവുന്നു. ചൈനയിലെ ''സാംസ്കാരികവിപ്ലവം'', പി.ആർ.സി.യിൽ സോഷ്യലിസ്റ്റടിത്തറയ്ക്കു കോട്ടം തട്ടിയതു്, പി.ആർ.സി.യ്ക്കു് ഐക്യരാഷ്ട്രസംഘടനയിൽ പ്രാതിനിധ്യം ലഭിച്ചതു്, അമേരിക്കൻ പ്രസിഡണ്ടിൻെറ ചൈനാസന്ദർശനം, അന്താരാഷ്ട്രരംഗത്തെ അദ്ധ്നിസ്സംഗതാനയം പീക്കിങ്ങ് ഉപേക്ഷിച്ചതു്, ഏഷ്യൻകാര്യങ്ങളിൽ ചൈനയുടെ കൂടുതൽ സജീവമായ പങ്കാളിത്തം എന്നിവ ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ന്യൂനപക്ഷങ്ങളുടെ ചില വൃത്തങ്ങളിൽ, പ്രത്യേകിച്ചും ചൈനീസ്ബൂർഷ്വാസിയുടെ ദൃഷ്ടിയിൽ പീക്കിങ്ങിൻെറ അന്തസ്സു വർദ്ധിപ്പിക്കുന്നുവെന്നതിനു സംശയമില്ല. പീക്കിങ്ങും ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ് ബൂർഷ്വാസിയും തമ്മിലുള്ള ബന്ധങ്ങളിൽ മുമ്പു നിലവിലിരുന്ന പല വൈരുദ്ധ്യങ്ങളും തന്മൂലം ഇല്ലാതാവുന്നു. ചൈനീസ് ബൂർഷ്വാസിയുടെ പുതിയ പാളികൾ ചൈനയുടെ പക്ഷത്തേക്കു് ആകർഷിക്കപ്പെടുന്നതിൻെറ ഫലമായി ചൈനീസ് ന്യൂനപക്ഷങ്ങൾക്കിടയിൽ പീക്കിങ്ങിനുള്ള സാമൂഹ്യാധാരം വിപുലമാവുകയും ചെയ്യുന്നു.

ദക്ഷിണപൂർവ്വേഷ്യയിൽ തങ്ങൾക്കുള്ള സാമ്പത്തിക—രാഷ്ട്രീയതാല്പര്യങ്ങളെ പീക്കിങ്ങ് സംരക്ഷിക്കുമെന്നു് ഉറപ്പുവരുത്താനും എന്നാൽ തങ്ങളിന്നു പാർക്കുന്ന രാജ്യങ്ങളിൽത്തന്നെ കഴിഞ്ഞുകൂടാനും ചൈനീസ് ബൂർഷ്വാസി ആഗ്രഹിക്കുന്നു. രാഷ്ട്രീയമായും സാമ്പത്തികമായും പീക്കിങ്ങിനു നിശ്ചിതലാഭവീതം നല്കാൻ അവർ തയ്യാറാണ്. എന്നാൽ അനുകൂലസാഹചര്യങ്ങൾ നിലവിലുള്ളിടത്തോളം കാലം മുതലാളിത്തവ്യവസ്ഥിതിയിൽത്തന്നെ പ്രവർത്തിക്കാൻ അവരിഷ്ടപ്പെടുന്നു. ഇന്നു ചൈനീസ്ബൂർഷ്വാസിയുടെ ഗണ്യമായ ഭാഗം ഇത്തരം ചിന്താഗതി പുലർത്തുന്നവരാണ്.

## 5. പഴയ വീഞ്ഞു പുതിയ കുപ്പിയിൽ

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽനിന്നു നയതന്ത്രപരമായ അംഗീകാരം നേടിയെടുക്കുന്നതിൽ താല്പര്യമുള്ളതിനാൽ പീക്കിങ്ങിനിപ്പോൾ കൗശലം പ്രയോഗിക്കേണ്ടതായും അയൽരാജ്യങ്ങൾക്കു വാക്കുകളിൽ ചില ഉറപ്പുകൾ നൽകേണ്ടതായും വന്നിരിക്കുന്നു. എന്നാൽ പ്രവൃത്തിയിലാകട്ടെ ആ മേഖലയിലുള്ള ചൈനീസ്ന്യൂനപക്ഷങ്ങളുടെമേൽ രാഷ്ട്രീയനിയന്ത്രണം സ്ഥാപിക്കുകയും സ്വന്തം മഹച്ഛക്തിനയം അവിടെ നടപ്പിലാക്കുന്നതിനുവേണ്ടി അവരെ ഉപയോഗിക്കുകയും ചെയ്യുകയെന്ന പഴയ ലക്ഷ്യംതന്നെയാണു പീക്കിങ്ങ് ഇന്നും പിന്തുടരുന്നതു്.

അയൽരാജ്യങ്ങളിലെ ചൈനീസ്ന്യൂനപക്ഷങ്ങളോടുള്ള ചൈനയുടെ താല്പര്യം കുറഞ്ഞുവരുന്നുവെന്നു കാണിക്കാൻ ചൈനീസ്നയതന്ത്രജ്ഞന്മാർ ബദ്ധപ്പെടുന്നു. ചൈനയ്ക്കിനി മറുനാടൻ ചൈനീസ് ബിസിനസ്സുകാരുടെ വിത്തീയപിന്തുണ ആവശ്യമില്ലാത്തതിനാലും ചൈനീസ് ന്യൂനപക്ഷങ്ങൾ അവയുടെ രാഷ്ട്രീയാനുഭാവങ്ങൾ ചൈനയ്ക്കും കുടിയേററ രാജ്യങ്ങൾക്കുമിടയിൽ വിഭജിക്കുന്നതിൽ താല്പര്യമില്ലാത്തതിനാലും മറുനാടൻ ചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററി പിരിച്ചുവിട്ടിരിക്കുന്നുവെന്നു് ബർമ്മയുടെ വിപ്ലവകൗൺസിൽ ചെയർമാൻ ജനറൽ നെ വീനുമായി 1971 സെപ്റ്റംബറിൽ നടത്തിയ സംഭാഷണത്തിൽ ചൌ എൻ—ലായ് പ്രസ്താവിച്ചതു്[16] ഇവിടെ ശ്രദ്ധേയമാണു്. വിയററ്നാമിനെ സംബന്ധിച്ച നടന്ന പാരീസ്സമ്മേളനത്തിൻെറ സമയത്തു് ചൈനീസ്പ്രതിനിധി ഇന്തോനേഷ്യൻവിദേശകാര്യമന്ത്രിയോടും പീക്കിങ്ങിൻെറ നിലപാടു് അതേമട്ടിൽത്തന്നെ വിശദീകരിക്കുകയുണ്ടായി. എന്നാൽ പിരിച്ചുവിടപ്പെട്ട ആ കമ്മിററിയുടെ ചുമതലകൾ വിജയകരമായി നിർവ്വഹിക്കാൻ കഴിവുള്ള ധാരാളം ഉപവിഭാഗങ്ങൾ ആധുനികചൈനയുടെ ബൃഹത്തായ ഭരണയന്ത്രത്തിൽ ഉണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. ''മറുനാടൻചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററി പിരിച്ചുവിട്ടതുകൊണ്ടു് തീരാത്ത ന്യായമായ ആശങ്ക ദക്ഷിണപൂർവ്വേഷ്യയിൽ നിലവിലുണ്ടെ''ന്നു് ഒരു മലേഷ്യൻപത്രം എഴുതി.[17]

തദ്ദേശചൈനീസ്ബൂർഷ്വാസിയുമായുള്ള പീക്കിങ്ങിൻെറ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സഹകരണം ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ രാഷ്ട്രീയപരമാധികാരത്തിനു് ആപൽക്കരമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ടു് ആ രാജ്യങ്ങളുടെ ഗവൺമെൻറുകൾ പീക്കിങ്ങുമായുള്ള ബന്ധസാധാരണവൽക്കരണചർച്ചകളിൽ ചൈനീസ്ന്യൂനപക്ഷങ്ങളുമായുള്ള ''പ്രത്യേകബന്ധങ്ങൾ'' ചൈന അസന്ദിഗ്ദ്ധമായി ഉപേക്ഷിക്കണമെ

ന്നു് ഐകകണ്ഠ്യേന ആവശ്യപ്പെട്ടു. മേഖലയിൽ നയതന്ത്രാംഗീകാരം നേടുന്നതിനുള്ള താല്പര്യം നിമിത്തം വിഷമംപിടിച്ച ആ പ്രശ്നത്തിൽ ചൈന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്ക ചില വിട്ടുവീഴ്ചകൾ ചെയ്യു വെന്നു വരുത്തി.

മറുനാടൻ ചൈനീസ്ന്യൂനപക്ഷങ്ങളോടുള്ള പീക്കിങ്ങിന്റെ പുതിയ ഔദ്യോഗികനിലപാടു് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായുള്ള ബന്ധസാധാരണവൽക്കരണചർച്ചകളിൽ വെളിപ്പെടുത്തപ്പെട്ടു. ഉദാഹരണത്തിനു് തായ്‌ലണ്ട്—ചൈനാവിജ്ഞാപനത്തിൽ (1975 ജൂലൈ) ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''തായ്‌ലണ്ടിൽ പാർക്കുന്ന ചൈനാക്കാർ നൂററാണ്ടുകളായി ആ രാജ്യത്തെ നിയമങ്ങളും ആചാരനടപടികളും അനുസരിച്ചു് തായ്ജനതയുമായി യോജിപ്പിലും മൈത്രിയിലും കഴിയുന്നുവെന്ന വസ്തുത ചൈനാ ജനകീയറിപ്പബ്ലിക്കിന്റെ ഗവണ്മെൻറ് ചൂണ്ടിക്കാട്ടുന്നു. ചൈനാ ജനകീയറിപ്പബ്ലിക്കിന്റെ ഗവണ്മെൻറ് ഇരട്ടപ്പൗരത്വം അംഗീകരിക്കുന്നില്ലെന്നു് അതു പ്രസ്താവിക്കുന്നു. തായ്‌ലണ്ടിന്റെ പൗരത്വം സ്വീകരിച്ച ചൈനാക്കാർക്കു് ചൈനയുടെ പൗരത്വം സ്വയമേവ ഇല്ലാതാകുന്നുവെന്നു് ഇരുഗവണ്മെൻറുകളും കണക്കാക്കുന്നു. സ്വമനസ്സാലെ ചൈനയുടെ പൗരത്വം തിരഞ്ഞെടുക്കുകയോ നിലനിറുത്തുകയോ ചെയ്യുന്ന ചൈനീസ്പൗരന്മാരും ചൈനീസ്‌വംശജരും തായ്‌ലണ്ടിന്റെ നിയമങ്ങൾ പാലിക്കുകയും തായ്ജനതയുടെ ആചാരനടപടികളെ മാനിക്കുകയും അവരുമായി മൈത്രിയിൽ ജീവിക്കുകയും ചെയ്യണമെന്നു് ചൈനീസ് ഗവണ്മെൻറ് അതിന്റെ സ്ഥിരം നയത്തിനനുസൃതമായി ആജ്ഞാപിക്കുന്നു. അവരുടെ സ്വത്തുടമാവകാശങ്ങളും താല്പര്യങ്ങളും ചൈനീസ് ഗവണ്മെൻറ് പരിരക്ഷിക്കുന്നതും തായ്ഗവണ്മെൻറ് അംഗീകരിക്കുന്നതുമാണു്.'' 1974 മേയിലെ മലേഷ്യ—ചൈനാവിജ്ഞാപനത്തിലും 1975 ജൂണിലെ ഫിലിപ്പൈൻ—ചൈനാവിജ്ഞാപനത്തിലും ഏതാദൃശപ്രസ്താവനകൾ അടങ്ങിയിരുന്നു.

പീക്കിങ്ങിന്റെ പുതിയ നിലപാടു് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെ ചൈനീസ്ജനസംഖ്യയിൽ പി.ആർ.സി.യുടെ പൗരത്വമുള്ള ഗണ്യമായ ഒരു വിഭാഗത്തെ ചൈനയുടെ ന്യായാധികാരത്തിൻകീഴിലാക്കുന്നു. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലെ ചൈനീസ്പൗരന്മാരുടെ സ്വത്തുടമാവകാശങ്ങൾക്കും താല്പര്യങ്ങൾക്കും ഉറപ്പുനല്കാമെന്നും അവരുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി പി.ആർ.സി. ഗവണ്മെൻറ് കൈക്കൊള്ളുന്ന നടപടികളെ അംഗീകരിക്കാമെന്നും ആ രാജ്യങ്ങളുടെ ഗവണ്മെൻറുകളെക്കൊണ്ടു് വാഗ്ദാനംചെയ്യിക്കാൻ പീക്കിങ്ങിനു കഴിഞ്ഞു. അതോടൊപ്പം തയ്‌വാന്റെ പൗരത്വമുള്ളവരും ഇരട്ടപ്പൗര

ത്വമുള്ളവരും പൗരത്വമില്ലാത്തവരുമായ ചൈനാക്കാർ പി.ആർ.സി.യുടേയോ അവർ പാർക്കുന്ന രാജ്യങ്ങളുടേയോ പൗരത്വം ഉടനടി സ്വീകരിക്കാൻ നിർബ്ബന്ധിതരായിരിക്കുന്നു. ഒരു വിഭാഗം ചൈനാക്കാർ പി.ആർ.സി. പൗരന്മാർക്കു ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽ സിദ്ധിച്ചിട്ടുള്ള നിയമപ്രതിഷ്ഠ സ്വാഭാവികമായും കണക്കിലെടുക്കുന്നുണ്ട്. അവർ തദ്ദേശപൗരത്വത്തെ അപേക്ഷിച്ച് പി.ആർ.സി. പൗരത്വത്തിനു മുൻഗണന നല്ലതെന്നു കരുതാവുന്നതാണ്. ചില രാജ്യങ്ങൾ ചൈനാക്കാരുടെ ദേശീകരണത്തിനുള്ള നടപടിക്രമങ്ങൾ ഇക്കഴിഞ്ഞ വർഷങ്ങളിൽ ലഘൂകരിക്കുകയുണ്ടായെങ്കിലും അതിന്റെ ഫലങ്ങൾ പരിമിതമായിരിക്കാനാണു സാധ്യത. അങ്ങനെ ആ പ്രശ്നത്തിൽ എത്തിച്ചേർന്ന തീരുമാനങ്ങളുടെ ഫലമായി ചൈനീസ് ന്യൂനപക്ഷങ്ങളിൽ തയ്‌വാന്റെ പൗരത്വമുള്ളവരും ഇരട്ടപ്പൗരത്വമുള്ളവരും പൗരത്വരഹിതരുമായ ചൈനാക്കാരുടെ എണ്ണം കുറയുകയും പി.ആർ.സി.പൗരന്മാരുടെ പാളി വിപുലമാവുകയും ചെയ്യുമെന്നു മുൻകൂട്ടി പറയാവുന്നതാണ്.

തദ്ദേശപൗരത്വം കൈക്കൊണ്ട ചൈനാക്കാരുടെ മേൽ ചൈന അതിന്റെ ന്യായാധികാരം പ്രയോഗിക്കയില്ലെന്നുള്ള പീക്കിങ്ങിന്റെ വാഗ്ദാനം ആ പ്രശ്നത്തിൽ അയൽരാജ്യങ്ങൾക്കു ചെയ്ത ഒരു വിട്ടുവീഴ്ചയായി തോന്നിയേക്കാം. എന്നാൽ, മറുനാടൻ ചൈനാക്കാർ ചൈനയുമായുള്ള തങ്ങളുടെ ബന്ധങ്ങളെ എത്രയും വിലമതിക്കുന്നുവെന്നിരിക്കെ തദ്ദേശപൗരത്വം സ്വീകരിച്ച ചൈനാക്കാർക്കു ചൈനയുമായുള്ള സകല ബന്ധങ്ങളും സ്വയമേവ ഇല്ലാതാകുന്നുവെന്നു മാവോസേതുങ്ങ് പ്രസ്താവിക്കുകയുണ്ടായെന്നതു് ലാക്ഷണികമാണ്. അതിനാൽ പി.ആർ.സി. പൗരത്വം സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രസ്ഥാനം തദ്ദേശപൗരന്മാരായ ചൈനാക്കാർക്കിടയിൽ പീക്കിങ്ങ് കുത്തിപ്പൊക്കിക്കൂടെന്നില്ല. അതു സംഭവിക്കുന്നപക്ഷം പീക്കിങ്ങ് ചെയ്ത ആ ഒരേയൊരു വിട്ടുവീഴ്ചയ്ക്ക് അർത്ഥമില്ലെന്നാകും. ചൈനീസ്ന്യൂനപക്ഷങ്ങളോടുള്ള പീക്കിങ്ങിന്റെ പുതിയ ഔദ്യോഗികനയം അതിന്റെ സാരാംശത്തിൽ പ്രസ്തുത ന്യൂനപക്ഷങ്ങളുടെമേലുള്ള പീക്കിങ്ങ്നേതൃത്വത്തിന്റെ നിയന്ത്രണത്തെ ശക്തിപ്പെടുത്തുകയും അവയുടെയിടയിൽ പ്രവർത്തിക്കുന്നതിനു കൂടുതൽ ഔദ്യോഗികസാധ്യതകൾ പീക്കിങ്ങിനു തുറന്നുകൊടുക്കുകയും ചെയ്യുന്നു. ചില ദക്ഷിണപൂർവേഷ്യൻരാജ്യങ്ങളിലെ ചൈനാക്കാരുടെ പൗരത്വനിലയെ സംബന്ധിച്ച കണക്കുകൾ അതിനു സാക്ഷ്യം വഹിക്കുന്നു.

ഉദാഹരണത്തിന് മലേഷ്യയിലെ 38·5 ലക്ഷത്തോളം വരുന്ന ചൈനീസ് ജനസംഖ്യയിൽ ഭൂരിപക്ഷവും മുമ്പ് തദ്ദേശപൗരത്വമുണ്ടായിരുന്നവരാണ്.[17] എന്നാൽ 2·2 ലക്ഷം പേർക്ക് യാതൊരു പൗരത്വവുമുണ്ടായിരുന്നില്ല. പി.ആർ.സി.യുടേയും തയ്‌വാന്റേയും പൗരത്വ

മുള്ളവരുടെ സംഖ്യം കണക്കാക്കിയിരുന്നില്ല.[19] ഫിലിപ്പൈൻസിലെ 5 ലക്ഷത്തോളം വരുന്ന ചൈനാക്കാരിൽ 1·6 ലക്ഷത്തിനുമാത്രമേ തദ്ദേശപൗരത്വമുള്ളു.[20] 2 ലക്ഷത്തോളം പേർക്കു് യാതൊരു പൗരത്വവുമില്ല.[21] ബാക്കിയുള്ള 1·4 ലക്ഷം ചൈനാക്കാരിൽ അധികപങ്കും തയ്‌വാൻെറ പാസ്പോർട്ടുകൾ കൈവശമുള്ളവരാണു്. 1975 മദ്ധ്യത്തിൽ തായ്‌ലണ്ടിൽ 30 ലക്ഷത്തിൽ കുറയാതെ ചൈനാക്കാൻ വസിച്ചിരുന്നു.[22] അവരിൽ 26 ലക്ഷത്തിനു തദ്ദേശപൗരത്വവും 3·1 ലക്ഷത്തിനു തയ്‌വാൻെറ പൗരത്വവുമുണ്ടായിരുന്നു. ഒരു ലക്ഷം പേർക്കു് യാതൊരു പൗരത്വവുമില്ലായിരുന്നു.[23] ഇന്തോനേഷ്യയിൽ 1975 ശരൽക്കാലത്തെ കണക്കനുസരിച്ചു് 40 ലക്ഷത്തോളം ചൈനാക്കാരുണ്ടായിരുന്നു. അവരിൽ 30 ലക്ഷം ഇന്തോനേഷ്യൻ പൗരന്മാരും 9·58 ലക്ഷം പി.ആർ.സി.പൗരന്മാരുമായിരുന്നു. 79,800 പേർക്കു യാതൊരു പൗരത്വവുമില്ലായിരുന്നു. ഒരു ചെറിയ വിഭാഗം ചൈനാക്കാർക്കുമാത്രമേ തയ്‌വാൻെറ പൗരത്വമുള്ളു. സിംഗപ്പൂരിലെ 15 ലക്ഷം ചൈനാക്കാരിൽ ബഹുഭൂരിപക്ഷവും തദ്ദേശപൗരന്മാരാണു്.

ഈ സാഹചര്യങ്ങളിൽ പീക്കിങ്ങിൻെറ പുതിയ നയം ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങൾക്കിടയിൽ അതിൻെറ സ്വാധീനം വർദ്ധിപ്പിക്കുന്നതിനു കൂടുതൽ സാധ്യതകളുളവാക്കുന്നു. മേല്പറഞ്ഞ അഞ്ചു രാജ്യങ്ങളിലായി ചൈനയ്ക്കു് 10 ലക്ഷത്തോളം പൗരന്മാരുണ്ടു്. തയ്‌വാൻെറ പൗരത്വമുള്ള 5 ലക്ഷത്തോളം ചൈനാക്കാർ ഇന്നത്തെ സാഹചര്യങ്ങളിൽ ഉടൻതന്നെ പി.ആർ.സി. പൗരത്വം സ്വീകരിക്കുമെന്നു കരുതാവുന്നതാണു്. മേല്പറഞ്ഞ രാജ്യങ്ങളിലുള്ള 6 ലക്ഷത്തിലധികം വരുന്ന പൗരത്വരഹിതരായ ചൈനാക്കാരേയും സ്വന്തം ന്യായാധികാരത്തിൻകീഴിൽ കൊണ്ടുവരാൻ പീക്കിങ്ങ് ശ്രമിക്കുന്നു.

പ്രശ്നത്തിൻെറ പരസ്യവും ഔദ്യോഗികവുമായ വശമാണിതെന്നു പറയാം. എന്നാൽ അയൽരാജ്യങ്ങളുമായി എത്തിച്ചേർന്ന ഔദ്യോഗിക ധാരണകളുടെ ഫലങ്ങൾകൊണ്ടു് പീക്കിങ്ങ് തൃപ്തിപ്പെടുന്നില്ലെന്നും ചൈനീസ്ന്യൂനപക്ഷങ്ങളുമായുള്ള ബന്ധങ്ങളിൽനിന്നു് കൂടുതലായി പലതും അതു് അവകാശപ്പെടുന്നുവെന്നും ഉറപ്പിച്ചു പറയാൻ തക്ക സൂചനകളുണ്ടു്.

ചൈനീസ്ന്യൂനപക്ഷങ്ങളെ സ്വന്തം മഹച്ഛക്തിതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനെപ്പററി പീക്കിങ്ങിനു യഥാർത്ഥത്തിലുള്ള ഉദ്ദേശങ്ങൾ മനസ്സിലാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ‘‘സാംസ്കാരികവിപ്ലവ’’ത്തിൻെറ കാലത്തു് ആ പ്രശ്നത്തെ ആസ്പദമാക്കി നടന്ന സമരത്തിൻെറ വിശദാംശങ്ങൾ ശ്രദ്ധേയമാണു്. മറുനാടൻ ചൈനാക്കാരോടു് അനുവർത്തിച്ചിരുന്ന നയത്തെ ഹുങ്ങ്‌വെയ്പിങ്ങുകൾ നിശി

തമായി വിമർശിച്ചു. ല്യൂ ഷാവോ—ചിയും മറുനാടൻചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററിയുടെ നേതൃത്വത്തിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ പക്ഷക്കാരും ശക്തമായ ആക്രമണങ്ങൾക്കു വിധേയരാക്കപ്പെട്ടു. മറുനാടൻചൈനാക്കാർ തദ്ദേശജനങ്ങളുമായി സമാധാനത്തിലും രഞ്ജിപ്പിലും കഴിയണമെന്നും അവർ തങ്ങളുടെ രാഷ്ട്രീയസംഘടനകളുടെ പ്രവർത്തനം നിർത്തലാക്കണമെന്നും ആവശ്യപ്പെട്ടുകയും അയൽരാജ്യങ്ങളിൽനിന്നു് 30—50 ലക്ഷം ചൈനാക്കാരെ ചൈനയിലേക്കു തിരിച്ചുവിളിക്കാൻ ഉദ്ദേശിക്കുകയും ചെയ്തുവെന്നതായിരുന്നു അവരുടെമേലുള്ള ആരോപണം.24 ചുരുക്കത്തിൽ ഹുങ്ങ്‌വെയ്‌പിങ്ങുകളും ഉന്നതസ്ഥാനങ്ങളിലുള്ള അവരുടെ സംരക്ഷകരും ചൈനീസ്‌ന്യൂനപക്ഷങ്ങളെ ദക്ഷിണപൂർവ്വേഷ്യയിൽ പീക്കിങ്ങിന്റെ മഹച്ഛക്തിപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചട്ടുകമായി ഉപയോഗിക്കുന്നതിനുവേണ്ടി നിലകൊണ്ടു. രണ്ടു കർമ്മപാതകൾ തമ്മിലുള്ള ആ സമരത്തിൽ അമിതവാദികളാണു വിജയിച്ചതെന്നു കരുതേണ്ടിയിരിക്കുന്നു. തദ്ദേശചൈനാക്കാരുടെ സഹായത്തോടെ ''സാംസ്കാരിക വിപ്ലവ''ത്തെ അയൽരാജ്യങ്ങളിലേക്കു (ബർമ്മ, കമ്പോഡിയ, ഇന്തോനേഷ്യ, നേപ്പാൾ, ഹോങ്ങ്കോങ്ങ് എന്നിവിടങ്ങളിലേക്കു) വ്യാപിപ്പിക്കാൻ ശ്രമങ്ങൾ നടന്നതും ചൈനീസ്‌ന്യൂനപക്ഷങ്ങളെ സംബന്ധിച്ച പീക്കിങ്ങിന്റെ നയം രൂപീകരിക്കുന്നതിൽ ഉത്തരവാദിത്വം വഹിച്ചിരുന്ന, മറുനാടൻചൈനാക്കാരുടെ കാര്യങ്ങൾക്കുവേണ്ടിയുള്ള കമ്മിററി പിരിച്ചുവിടപ്പെട്ടതും മറുനാടൻചൈനാക്കാരെ തിരിച്ചുവിളിക്കാൻ തീർത്തും വിസമ്മതിച്ചതും ചൈനീസ് ന്യൂനപക്ഷങ്ങൾക്കിടയിലേക്കു പീക്കിങ്ങിന്റെ ദൂതന്മാരെ വർദ്ധിതമായ തോതിൽ കടത്തിവിട്ടതും അതിനു സാക്ഷ്യം വഹിക്കുന്നു. മറുനാടൻചൈനാക്കാർക്കിടയിലെ പ്രവർത്തനത്തെസംബന്ധിച്ചു് സി.പി.സി. കേന്ദ്രക്കമ്മിററി 1972—ൽ പുറപ്പെടുവിച്ച നിദേശങ്ങളിൽ അവരുടെമേൽ നിയന്ത്രണം സ്ഥാപിക്കുന്നതിനുവേണ്ടി പൊരുതാനും പീക്കിങ്ങിന്റെ വിദേശനയലക്ഷ്യങ്ങൾ അവരുടെ മനസ്സിൽ ക്രമാനുഗതമായി കടത്തിവിടാനും മറുനാടൻ ചൈനാക്കാരെ സ്വപക്ഷത്താക്കിക്കൊണ്ടു് അവരുടെ സ്വാധീനത്തെ ചൈനയുടെ വിദേശനയസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപയോഗിക്കാനും ആജ്ഞാപിച്ചിരുന്നു.25

1975 ജനുവരിയിൽ, അതായതു് മറുനാടൻ ചൈനാക്കാരോടുള്ള പീക്കിങ്ങിന്റെ പുതിയ നയം പ്രഖ്യാപിച്ചതിനുശേഷം കൈക്കൊണ്ട പി.ആർ.സി. ഭരണഘടനയുടെ 27—ാംവകുപ്പിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: ''വിദേശങ്ങളിൽ പാർക്കുന്ന ചൈനാക്കാരുടെ ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും രാഷ്ട്രം കാത്തുരക്ഷിക്കുന്നു.'' ഭരണഘടനയിലെ ഈ പ്രസ്താവന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെ ചൈനീസ്

ന്യൂനപക്ഷങ്ങളുമായുള്ള ബന്ധങ്ങളെ സംബന്ധിച്ച പ്രശ്നത്തിൽ പീക്കിങ്ങ് മുമ്പു നല്കിയ വാഗ്ദാനങ്ങൾക്കെല്ലാം കടകവിരുദ്ധമാണ്. എന്തെന്നാൽ ചൈന ആ ന്യൂനപക്ഷങ്ങളുടെമേലുള്ള അതിന്റെ ''പ്രത്യേകാവകാശങ്ങൾ'' വീണ്ടും പ്രഖ്യാപിക്കുകയും പൗരത്വപരിഗണനകൂടാതെ വിദേശത്തുള്ള സകലമാന ചൈനക്കാരുടേയും അവകാശങ്ങളും സ്വത്തുക്കളും സംരക്ഷിക്കാമെന്നു മുമ്പത്തെപ്പോലെതന്നെ വാഗ്ദാനംചെയ്യുകയും ചൈനീസ്ബൂർഷ്വാസിയുടെ ''ന്യായമായ അവകാശങ്ങളും താല്പര്യങ്ങളും'' നിയന്ത്രിക്കപ്പെടുന്നപക്ഷം അയൽരാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ കഴിയുന്നതിനുവേണ്ട അടിസ്ഥാനമിടുകയും ചെയ്യുന്നു.

1973 മദ്ധ്യംതൊട്ട്, അതായത് അയൽരാജ്യങ്ങളുമായുള്ള ബന്ധസാധാരണവൽക്കരണചർച്ചകൾ ഉഷാറായി നടന്നുകൊണ്ടിരുന്നപ്പോൾ, ചൈനീസ് ന്യൂനപക്ഷങ്ങളിലേക്കു സ്വന്തം ചാരന്മാരെ കടത്തിവിടുന്നതിനുള്ള പ്രവർത്തനം പീക്കിങ്ങ് ആരംഭിച്ചു. അയൽരാജ്യങ്ങളിൽനിന്നു് 50—കളുടെ അവസാനത്തിലും 60—കളുടെ ആരംഭത്തിലും ചൈനയിൽ മടങ്ങിയെത്തിയ പ്രവാസികളിൽ അരലക്ഷത്തിലേറെപ്പേർ 1973—ന്റെ ഉത്തരാർദ്ധത്തിൽമാത്രം ചൈനീസ് അധികാരികളുടെ അനുമതിയോടുകൂടി ഹോങ്ങ്കോങ്ങിലേക്കു കടന്നു. അവരുടെയിടയിൽ ''സാംസ്കാരികവിപ്ലവ''ത്തിൽ സജീവമായി പങ്കെടുത്ത 40 വയസ്സിൽ കുറഞ്ഞവർ ധാരാളമുണ്ട്. അവർ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലേക്കുള്ള വിസയ്ക്കുവേണ്ടി ശ്രമിക്കുന്നു. വിസ കിട്ടാത്തപ്പോൾ അങ്ങോട്ടു കടക്കുന്നതിനുള്ള നിയമവിരുദ്ധമാർഗ്ഗങ്ങൾ അവർ അന്വേഷിക്കുന്നു. പീക്കിങ്ങിനോടനുഭാവമുള്ള ടൂറിസ്റ്റു കമ്പനികളുടെ സഹായത്തോടെ പല ചൈനീസ് ചാരന്മാരും കള്ളരേഖകളുപയോഗിച്ച് ഇന്തോനേഷ്യയിലും തായ്ലണ്ടിലും എത്തിയതു് തദ്ദേശാധികാരികൾ കണ്ടുപിടിക്കുകയുണ്ടായി.

പീക്കിങ്ങ്നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം ചൈനീസ്ന്യൂനപക്ഷങ്ങളോടുള്ള അവരുടെ പുതിയ നയം ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കേണ്ടതാവശ്യമായതുകൊണ്ടു് എത്തിച്ചേർന്ന താല്ക്കാലികമായ ഒരു ഒത്തുതീർപ്പാണെന്നു് മേല്പറഞ്ഞ വസ്തുതകൾ തെളിയിക്കുന്നു. സ്വന്തം മഹച്ഛക്തിതാല്പര്യങ്ങൾക്കുവേണ്ടി ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസിയെ ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ പീക്കിങ്ങ് ഉപേക്ഷിച്ചിട്ടില്ല. നേരേമറിച്ച്, അയൽരാജ്യങ്ങളിലെ ഒളിപ്പോർപ്രസ്ഥാനങ്ങൾക്കു ഭൗതികവും പ്രത്യയശാസ്ത്രപരവും ധാർമ്മികവുമായ പിന്തുണ നല്കുകയില്ലെന്നു് ആ രാജ്യങ്ങളോടു വാഗ്ദാനം ചെയ്യാൻ പീക്കിങ്ങ്നേതാക്കന്മാർ നിർബ്ബന്ധിതരാ

യിരിക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ പ്രസ്തുതരാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള ചട്ടുകമെന്ന നിലയ്ക്കു് ചൈനീസ്ബൂർഷ്വാസിക്കുള്ള പങ്കു വർദ്ധിക്കുന്നു. അതിൻെറനേരെ കണ്ണടയ്ക്കുന്നതു് ആപൽക്കരമായിരിക്കും.

പീക്കിങ്ങ് മുമ്പത്തെപ്പോലെതന്നെ ചൈനീസ് ന്യൂനപക്ഷങ്ങളുടെ ധനികപാളികളുമായി ഉററ സഹകരണത്തിലേർപ്പെടുന്നതിൽ പ്രത്യേകശ്രദ്ധ ചെലുത്തുന്നു. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കു് യാതൊരു പ്രതിഫലവും നല്കാതെ വിദേശനാണ്യവും ചരക്കുകളും ചൈനയിലേക്കാകർഷിക്കുകയും തദ്ദേശചൈനീസ്കമ്പനികൾമുഖേന മേഖലയിലെ വിപണികളിലേക്കുള്ള സ്വന്തം കയററുമതി വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടു് ആ രാജ്യങ്ങളിൽനിന്നു് ഏകപക്ഷീയമായ സാമ്പത്തികപ്രയോജനങ്ങൾ ആർജ്ജിക്കാമെന്നു പീക്കിങ്ങ് മുമ്പത്തെപ്പോലെതന്നെ കണക്കുകൂട്ടുന്നു. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി ബന്ധസാധാരണവൽക്കരണചർച്ചകൾ നടന്നുകൊണ്ടിരുന്ന അവസരത്തിൽ ചൈനയെ എത്രയുംവേഗം നയതന്ത്രപരമായി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയക്യാമ്പെയിനുകൾ മലേഷ്യ, ഫിലിപ്പൈൻസ്, തായ്ലണ്ട്, സിംഗപ്പൂർ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ ചൈനീസ് ബിസിനസ്സുകാർക്കിടയിൽ പീക്കിങ്ങ് കുത്തിപ്പൊക്കുകയുണ്ടായി.

മേഖലയിലെ ചില രാജ്യങ്ങളിൽ ചൈനാക്കാരുടെ ദേശീകരണത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും വളരെ മന്ദമായാണു ദേശീകരണം നടക്കുന്നതു്. ചൈനീസ്ന്യൂനപക്ഷങ്ങൾക്കിടയിൽ പീക്കിങ്ങിൻെറ സ്വാധീനം വർദ്ധിച്ചിരിക്കുന്നുവെന്നതിനു തെളിവാണതു്.

ചുരുക്കിപ്പറഞ്ഞാൽ മറുനാടൻചൈനീസ്ബൂർഷ്വാസിയെ ദക്ഷിണപൂർവ്വേഷ്യയിൽ സ്വന്തം മഹച്ഛക്തിമോഹങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുള്ള പിൻബലമായി കണക്കാക്കുന്ന പീക്കിങ്ങ്നേതാക്കന്മാർ തങ്ങളുടെ ഔദ്യോഗികവാഗ്ദാനങ്ങൾക്കു വിപരീതമായി മേഖലയിലെ ചൈനീസ്ന്യൂനപക്ഷങ്ങൾക്കിടയിലെ പ്രവർത്തനം വർദ്ധിപ്പിക്കുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം ഉറപ്പിക്കുന്നതിനും സാമ്പത്തികസ്വാതന്ത്ര്യം നേടുന്നതിനുംവേണ്ടി സമരം നടത്തുന്ന ദക്ഷിണപൂർവ്വേഷ്യൻജനതകളുടെ മൗലികമായ ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും കടകവിരുദ്ധമാണതെന്നു പറയേണ്ടതില്ലല്ലോ.

അദ്ധ്യായം മൂന്നു്

# അസമത്വവും ചൂഷണവും

## 1. പീക്കിങ്ങിനു മേഖലയിലുള്ള സാമ്പത്തികതാല്പര്യങ്ങൾ

ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായുള്ള സാമ്പത്തികവിനിമയത്തോട പീക്കിങ്ങ് കൈക്കൊള്ളുന്ന സമീപനവും അന്താരാഷ്ട്രീയ അദ്ധ്വാന വിഭജനത്തിൽ ആ മേഖലക്കു വിധേയപങ്കാണുള്ളതെന്ന ചരിത്രത്താൽ തിരസ്കരിക്കപ്പെട്ട കൊളോണിയലിസ്റ്റ് വീക്ഷണവും തമ്മിൽ യഥാർത്ഥത്തിൽ യാതൊരു വ്യത്യാസവുമില്ല. തൊട്ടടുത്തുള്ള ദക്ഷിണപൂർവ്വേഷ്യയിൽ സുലഭമായ അരി, തടിസാമഗ്രികൾ, റബ്ബർ, എണ്ണ, ആയസേതരലോഹങ്ങൾ എന്നിവയിൽ ചൈന പണ്ടുതൊട്ടേ കണ്ണുവച്ചിട്ടുള്ളതാണു്.

അയൽരാജ്യങ്ങളുമായി പരസ്പരനന്മയുടേതായ അടിസ്ഥാനത്തിൽ സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുന്നതിനു ചൈനീസ് സമ്പദ്‌വ്യവസ്ഥക്കിന്നു പരിമിതമായ സാധ്യതകളേയുള്ളു. മേഖലയിൽ ഭക്ഷ്യപ്രശ്നം പരിഹരിക്കപ്പെട്ടതായി കരുതിക്കൂടാ. പല രാജ്യങ്ങൾക്കും പുറമേനിന്നു് അരി ആവശ്യമുണ്ടു്. വൻതോതിലും പതിവായും അരി എത്തിച്ചുകൊടുക്കാമെന്നു് അവക്കു് ഉറപ്പുനല്കാൻ ചൈനക്കിന്നു സാധ്യമല്ല. തന്നെയല്ല, ചൈന സ്വയം ആ മേഖലയിൽനിന്നു പലപ്പോഴും അരി വാങ്ങാറുമുണ്ടു്. അതിനാൽ ദക്ഷിണപൂർവ്വേഷ്യയിലെ ഭക്ഷ്യപ്രശ്നത്തിൻെറ പരിഹാരത്തിലേക്കു കാര്യമായ സംഭാവനകൾ ചെയ്യാൻ ചൈനക്കു സാധ്യമല്ല. അതുപോലെതന്നെ മേഖലയുടെ സമ്പദ്‌വ്യവസ്ഥയെ വ്യവസായവൽക്കരിക്കുന്നതിലും സജീവമായ പങ്കുകൊള്ളാൻ ചൈനക്കിന്നു നിവൃത്തിയില്ല. ശാസ്ത്രീയ—സാങ്കേതികവിപ്ലവത്തിൻെറ സാഹചര്യങ്ങളിൽ മേഖലയുടെ വ്യവസായവൽക്കരണത്തിനു് ഏററവും ആധുനികവും എത്രയും സങ്കീർണ്ണവുമായ യന്ത്രോപകരണങ്ങളും പുരോഗമനപരമായ സാങ്കേതികജ്ഞാനവും വൻതോതിൽ ആവശ്യമുണ്ടു്. ചൈനയുടെ സമ്പദ്‌വ്യവസ്ഥ താരതമ്യേന പിന്നോക്കനിലയിലാണെന്നു

പീക്കിങ്ങ്നേതൃത്വംതന്നെ സമ്മതിച്ചിരിക്കുകയും വികസിതമുതലാളിത്തരാജ്യങ്ങളിൽനിന്നു ചൈന വൻതോതിൽ ആധുനികയന്ത്രോപകരണങ്ങൾ വാങ്ങുകയും ചെയ്യുന്നു. അതിനാൽ ദക്ഷിണപൂർവ്വേഷ്യയ്ക്ക് അതിന്റെ സമ്പദ്വ്യവസ്ഥയുടെ വ്യവസായവൽക്കരണത്തിൽ ചൈനയിൽനിന്നു കാര്യമായിട്ടൊന്നും പ്രതീക്ഷിക്കവയ്യ. ചൈനയും ദക്ഷിണപൂർവ്വേഷ്യയുമായുള്ള ചരക്കുവിനിമയത്തിന്റെ ഇന്നത്തെ ഘടനയും അതിനെ സ്ഥിരീകരിക്കുന്നു. മേഖലയിലെ രാജ്യങ്ങളിൽനിന്നു ചുരുക്കം ചില അസംസ്കൃതപദാർത്ഥങ്ങളും ഭക്ഷ്യസാധനങ്ങളും, പ്രധാനമായും റബ്ബറും സസ്യ എണ്ണകളും, വാങ്ങുന്നതിലാണു ചൈനയ്ക്കു താല്പര്യമുള്ളത്. എന്നാൽ ആ രാജ്യങ്ങൾ വർദ്ധമാനമായ തോതിൽ ആവശ്യപ്പെടുന്ന ഉല്പാദനത്തിനുവേണ്ടിയുള്ള ചരക്കുകൾ, പ്രധാനമായും ലോകനിലവാരത്തിലുള്ള യന്ത്രോപകരണങ്ങൾ, നല്കാൻ ചൈനയ്ക്കു കഴിവില്ലതാനും.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സാമ്പത്തികവികാസത്തിന്റെ മൗലികപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പങ്കെടുക്കാൻ അങ്ങേയററം പരിമിതമായ സാധ്യതകളേ ചൈനയ്ക്കുള്ളുവെങ്കിലും മേഖലയുമായുള്ള സാമ്പത്തികവിനിമയത്താൽ ചൈനീസ്സമ്പദ്വ്യവസ്ഥയുടെ പല പ്രധാനപ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നു പീക്കിങ്ങ്നേതൃത്വം കരുതുന്നു.

ചൈനയെ സംബന്ധിച്ചിടത്തോളം പണ്ടുമുതൽക്കേ ദക്ഷിണപൂർവ്വേഷ്യ ദുർല്ലഭമായ അസംസ്കൃതപദാർത്ഥങ്ങളുടെ, പ്രത്യേകിച്ചും സ്വാഭാവികറബ്ബറിന്റെ ഉറവിടമാണ്. വൻതോതിലുള്ള റബർ ഇറക്കുമതിയ്ക്കു പകരമായി ചൈനയ്ക്കു നല്ലൊരളവിൽ കയററുമതി നടത്തേണ്ടിവരുന്നു. മേഖലയിൽ ഏറെക്കുറെ സങ്കീർണ്ണമായ വാണിജ്യ–രാഷ്ട്രീയസാഹചര്യങ്ങൾ നിലവിലിരിക്കുകയും റബ്ബർ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ ആവശ്യങ്ങൾക്കു് അനുയോജ്യമായ വിവിധതരത്തിലുള്ള വിഭവങ്ങൾ ചൈനയിൽ വൻതോതിൽ ഇല്ലാതിരിക്കുകയും ചെയ്യവെയാണതു്.

ദക്ഷിണപൂർവ്വേഷ്യ കയററുമതിചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടേയും അസംസ്കൃതപദാർത്ഥങ്ങളുടേയും നല്ലൊരു പങ്കു വാങ്ങുന്നതിനുള്ള ശേഷി ചൈനീസ്വിപണിക്കുണ്ടെങ്കിലും ചൈന അതിനു വിസമ്മതിക്കുന്നു. പീക്കിങ്ങിന്റെ യത്നങ്ങളുടെ ഫലമായി ദക്ഷിണപൂർവ്വേഷ്യ ഇന്നു ചൈനയുടെ വിദേശനാണ്യശേഖരത്തെ പോഷിപ്പിക്കുന്നതിനുള്ള ഉറവിടമായിത്തീർന്നിരിക്കുന്നുവെന്നതാണ് അതിനു കാരണം. ദക്ഷിണപൂർവ്വേഷ്യയുമായുള്ള ചരക്കുവിനിമയം ഏറെക്കുറെ പരിമിതമായിരിക്കവെതന്നെ (അതൊരിക്കലും ചൈനയുടെ ഇന്നത്തെ വിദേശവ്യാപാരത്തിന്റെ 10 ശതമാനത്തിലധികമായിട്ടില്ല) ആ രാജ്യങ്ങളുമായുള്ള കയററുമതി–ഇറക്കുമതി ഇടപാടുകളുടെ സമതയെ നിരന്തരമായും ഗുരുതരമായും ലം

ഘിച്ചുകൊണ്ടു്, വികസിതമുതലാളിത്തരാജ്യങ്ങളുമായുള്ള ചൈനയുടെ വ്യാപാരകമ്മി നികത്തുന്നതിനായി വൻതോതിൽ വിദേശനാണ്യം സംഭരിക്കാൻ പീക്കിങ്ങിനു കഴിയുന്നു. എന്നാൽ ചൈനയുടെ വിദേശവ്യാപാരസ്ഥാപനങ്ങൾ കയററുമതിപ്രവർത്തനത്തിൽ ഉത്സാഹം കാണിച്ചതുകൊണ്ടുമാത്രം അതു സാധ്യമാവുകയില്ലല്ലോ. ചുരുക്കം ചില ചൈനീസ് ഉല്പന്നങ്ങൾ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളെ അവശ്യാവശ്യമുള്ളതിലുമധികമായി കെട്ടിയേല്പിക്കുകയെന്ന ആക്രമണാത്മകമായ കയററുമതിപരിപാടി നടപ്പിലാക്കേണ്ടതു് അതിനാവശ്യമാണു്.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സാമ്പത്തികവികസനത്തിൻെറ ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമായ കയററുമതിവിഭവങ്ങൾ ചൈനയിലില്ലാത്തതിനാലും മേഖലയിലെ രാജ്യങ്ങളുടെ ചെലവിൽ സങ്കീർണ്ണമായ പല പ്രശ്നങ്ങളും പരിഹരിക്കാൻ പീക്കിങ്ങ് ഉദ്ദേശിക്കുന്നതിനാലും ചൈനയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായുള്ള സാമ്പത്തികവിനിമയത്തിൽ അസമത്വത്തിൻേറയും ചൂഷണത്തിൻെറതന്നെയും ഘടകങ്ങൾ അനിവാര്യമായും പ്രത്യക്ഷപ്പെടുന്നു. അങ്ങോട്ടു കൊടുക്കാൻ കഴിയുന്നതിലേറെ ദക്ഷിണപൂർവ്വേഷ്യയിൽനിന്നു നേടിയെടുക്കാൻ പീക്കിങ്ങ് ശ്രമിക്കുന്നു.

അതിനാൽ ദക്ഷിണപൂർവ്വേഷ്യയിലെ പല രാജ്യങ്ങളും ചൈനയുമായി സ്ഥിരമായ വ്യാപാര—സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുന്നതിനോടു് ഇക്കഴിഞ്ഞകാലംവരെ ഉദാസീനനിലപാടാണു കൈക്കൊണ്ടിരുന്നതു്.

സാമ്പത്തികവിനിമയത്തിൽ പങ്കെടുക്കുന്ന രാജ്യങ്ങളെ തങ്ങളുടെ ഇച്ഛാനുവർത്തികളാകാൻ നിർബ്ബന്ധിച്ചുകൊണ്ടുള്ള പീക്കിങ്ങ്നേതൃത്വത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ നടപടികൾ ചൈനയുടെ സാമ്പത്തികവിപുലനത്തിനു വഴിതെളിക്കുന്നു.

## 2. ചൈനീസ്‌വിപുലനത്തിൻെറ മുഖ്യോപാധികൾ

ദക്ഷിണപൂർവ്വേഷ്യയിലെ വിപുലനത്തിനു ഭൗതികമായ ഉറപ്പുനൽകുന്നതിനുവേണ്ടി അയൽരാജ്യങ്ങളിലും പ്രദേശങ്ങളിലുമുള്ള ചൈനീസ് സ്റ്റേററ്സ്ഥാപനങ്ങളേയും കമ്പനികളേയും ആധാരമാക്കിക്കൊണ്ടു് പീക്കിങ്ങ് സ്വന്തമായ ഒരു ബിസിനസ്സ്‌വിധാനം സൃഷ്ടിച്ചിരിക്കുന്നു. ചൈനയും ദക്ഷിണപൂർവ്വേഷ്യയും തമ്മിലുള്ള സാമ്പത്തികവിനിമയത്തിൽ ഹോങ്കോങ്ങിനുള്ള സുപ്രധാനപങ്കു പരിഗണിച്ചുകൊണ്ടു് പീക്കിങ്ങ് അവിടെ വൻതോതിൽ മൂലധനനിക്ഷേപം നടത്തുന്നു. വിശാലമായ വ്യവഹാരമേഖലയോടും വിപുലമായ അധികാരങ്ങളോടും കൂടിയ ബാ

ങ്ക് ഓഫ് ചൈന വിദേശങ്ങളിൽ പ്രവർത്തിക്കുന്ന ചൈനീസ് സ്റ്റേ റ്റ്സ്ഥാപനങ്ങൾക്കിടയിൽ മുന്നിട്ടുനിൽക്കുന്നു. ഹോങ്കോങ്ങ്, സിംഗപ്പൂർ, ലണ്ടൻ എന്നിവിടങ്ങളിൽ അതിനു ശാഖകളുണ്ട് (മുമ്പു ദക്ഷിണ പൂർവ്വേഷ്യയിലെ മിക്ക രാജ്യങ്ങളിലും അതിൻെറ ശാഖകൾ പ്രവർത്തിച്ചിരുന്നെങ്കിലും തദ്ദേശഗവണ്മെൻറുകൾ അവ അടച്ചുപൂട്ടുകയോ ദേശസാൽക്കരിക്കുകയോ ചെയ്തു). അതിൻെറ ഹോങ്കോങ്ങ്ശാഖ മേഖലയിലെ രാജ്യങ്ങളിലും ഹോങ്കോങ്ങിൽത്തന്നെയുമുള്ള ചൈനീസ് സ്റ്റേറ്റ്സ്ഥാപനങ്ങളുടേയും കമ്പനികളുടേയും പ്രവർത്തനത്തെ കൂട്ടിയിണക്കുന്നു. ബാങ്ക് ഓഫ് ചൈനയ്ക്കുപുറമെ പി.ആർ.സി.യിലെ ഇതരസ്റ്റേറ്റ്ബാങ്കുകൾക്കും—''ബാങ്ക് ഓഫ് കമ്മ്യൂണിക്കേഷൻ'', ''സിൻഹാ ട്രസ്റ്റ്'', ''സേവിംഗ് ആൻഡ് കമ്മേർഷ്യൽ ബാങ്ക്'', ''കിങ്ങ്ചെങ്ങ് ബാങ്കിങ്ങ് കോർപ്പറേഷൻ'', ''നാഷനൽ കമ്മേർഷ്യൽ ബാങ്ക്'', ''ചൈനാ ആൻഡ് സൗത്ത്സീസ് ബാങ്ക്'', ''ക്വാങ്ങ് തുങ്ങ് പ്രൊവിൻഷ്യൽ ബാങ്ക്'', ''ചൈനാ സ്റ്റേറ്റ്സ് ബാങ്ക്'', ''യെൻ യെഹ് ബാങ്ക്'' എന്നിവയ്ക്കു്—ഹോങ്കോങ്ങിൽ ശാഖകളുണ്ട്.

പി.ആർ.സി. ബാങ്കുകൾക്ക നാലു ഹോങ്കോങ്ങ്ബാങ്കുകളിൽ—''നാൻയാങ്ങ് കമ്മേർഷ്യൽ ബാങ്ക്'', ''പോ ഷാൻ ബാങ്ക്'', ''ചിയു ബാങ്കിംഗ് കോർപ്പറേഷൻ'', ''ഹ്വാച്യാവോ കമ്മേർഷ്യൽ ബാങ്ക്'' എന്നിവയിൽ—മൂലധനപങ്കുണ്ട്[1]. ''ചൈനാ റിസോർസസ് കോർപ്പറേഷ''ൻെറ കീഴിലുള്ള 8 വൻകിട ചൈനീസ് സ്റ്റേറ്റ്വാണിജ്യകോർപ്പറേഷനുകൾ ഹോങ്കോങ്ങിലേയും ദക്ഷിണപൂർവ്വേഷ്യയിലേയും വിപണികളിൽ പി.ആർ.സി.യുടെ പ്രധാനപ്പെട്ട എല്ലാ വിദേശവ്യാപാരസംഘടനകളുടേയും താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നു.[2] പി.ആർ.സി.യുടെ വകയായ മൂന്ന് ഇൻഷ്വറൻസ് ഏജൻസികളും അനേകം വ്യവസായസ്ഥാപനങ്ങളും നാലു വൻകിടപത്രങ്ങളും പ്രസിദ്ധീകരണശാലകളും സിനിമാസ്റ്റുഡിയോകളും സിനിമാതിയേററുകളും ''ചൈനാ ട്രാവൽ ട്രസ്റ്റ്'' എന്ന ടൂറിസ്റ്റ് ഏജൻസിയും ഹോട്ടലുകളും 40 ഡിപ്പാർട്ടുമെൻറ് സ്റ്റോറുകളുൾപ്പെടെ അനേകം കടകളും ഹോങ്കോങ്ങിലുണ്ട്. ചൈനീസ് സ്റ്റേറ്റ്കമ്പനികളും സംഘടനകളും അവയുടെ പ്രവർത്തനത്തിൽ മറുനാടൻചൈനാക്കാരുടെ നിരവധി കമ്പനികളെ വിപുലമായി ആലംബിക്കുന്നു. ബാങ്ക് ഓഫ് ചൈനയുടെ നിയന്ത്രണത്തിൽ ഹോങ്കോങ്ങിലുള്ള അഖിലചൈനാവാണിജ്യമണ്ഡലം ആ കോളനിയിലെ 5,000–ത്തോളം ചൈനീസ് വ്യവസായ–വാണിജ്യസ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നുവെന്നതിൽനിന്നു് അതു വ്യക്തമാണ്.

ഹോങ്കോങ്ങിലേതിൻെറ ഒരു ലഘുമാതൃകയെന്നോണം മക്കാവോയിലും പി.ആർ.സി.യുടെവക ''നാം തുങ്ങ് ബാങ്കി''ൻെറ നിയ

ന്ത്രണത്തിൻകീഴിൽ ചൈനീസ്കമ്പനികളുടേയും സംഘടനകളുടേയും ഒരു സദൃശവിധാനം വിജയകരമായി പ്രവർത്തിച്ചുവരുന്നു.

ദക്ഷിണപൂർവ്വേഷ്യയിൽത്തന്നെയും പീക്കിങ്ങ് അതിൻെറ ശക്തി താവളങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സിംഗപ്പൂരിൽ രണ്ടു പി.ആർ.സി. ബാങ്കുകളുടെ—ബാങ്ക് ഓഫ് ചൈനയുടേയും ക്വാങ്ങ്തുങ്ങ് പ്രൊവിൻഷ്യൽ ബാങ്കിൻേറയും ശാഖകൾ പ്രവർത്തിക്കുന്നു. സിംഗപ്പൂർവിപണിയിൽ മുഖ്യമായും ചൈനീസ് ഉല്പന്നങ്ങൾ വിററഴിക്കുന്നതിനായി കുറഞ്ഞപക്ഷം 10 ഡിപ്പാർട്ടുമെൻറ് സ്റ്റോറുകളെങ്കിലും പി.ആർ.സി.യുടെ മൂലധനപങ്കോടുകൂടി അവിടെ ആരംഭിച്ചിട്ടുണ്ട്. അവയുടെ മൊത്തം ടേണോവർ പ്രതിവർഷം 100 ദശലക്ഷം സിംഗപ്പൂർഡോളറിലധികം വരും. മലേഷ്യയിലും അത്തരം ചില സ്റ്റോറുകൾ തുറന്നിട്ടുണ്ട്. മേഖലയിലെ പല രാജ്യങ്ങളിലും ചലച്ചിത്രവിതരണം, ഇൻഷൂറൻസ്, പത്രങ്ങൾ, പ്രസിദ്ധീകരണശാലകൾ എന്നിവയിൽ പി.ആർ.സി.ക്കു ധനപരമായ ഭാഗഭാഗിത്വമുള്ളതായി കാണാം. വിദേശങ്ങളിൽ (മുഖ്യമായും വിദൂരപൂർവ്വദേശത്തും ദക്ഷിണപൂർവ്വേഷ്യയിലും) മൊത്തം 400 ദശലക്ഷം അമേരിക്കൻഡോളറിൻെറ മൂലധനനിക്ഷേപം പി.ആർ.സി.ക്കുള്ളതായി കണക്കാക്കപ്പെടുന്നു.

ചൈനയുടെ മേല്പറഞ്ഞ കമ്പനികളും സംഘടനകളും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായി നേരിട്ട് വൻതോതിലുള്ള ബിസിനസ്സ് ഇടപാടുകൾ നടത്തുന്നു. അയൽരാജ്യങ്ങൾ ചൈനയുമായുള്ള സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ സകല സമ്പർക്കങ്ങളും നിരോധിച്ചിരിക്കയാണെങ്കിൽത്തന്നെയും തദ്ദേശചൈനീസ് സ്ഥാപനങ്ങൾക്കിടയിൽനിന്നുള്ള നിരവധി ഏജൻറുകൾമുഖേന ആ രാജ്യങ്ങളുടെ വിപണികളിൽ വിപുലമായി പ്രവേശിക്കാൻ അവയ്ക്കു സാധിക്കുന്നു. ഉദാഹരണത്തിനു്, ചൈനയുടെ ചരക്കുകൾ ദക്ഷിണപൂർവ്വേഷ്യയിലേക്കു കടത്തുന്നതിനുവേണ്ടി ഹോങ്കോങ്ങിൽമാത്രം 200—ഓളം ചൈനീസ് ഏജൻറുകമ്പനികളാണു് അവയ്ക്കുള്ളതു്. ഏജൻറുകളുമായുള്ള പ്രവത്തനത്തിൽ അവർക്കു വമ്പിച്ച കമ്മിഷനും ആവശ്യമായ വായ്പകളും നൽകുന്നതിൽ പി.ആർ.സി. സ്റ്റേററ്കമ്പനികളും സംഘടനകളും ഒട്ടും ലുബ്ധു കാണിക്കുന്നില്ല. ''ഏഷ്യയിൽ, ഹോങ്കോങ്ങിൽനിന്നു തെക്കോട്ട്, പി.ആർ.സി.യുടെ പ്രഖ്യാപിതകയററുമതിയുടെ കുത്തക ഏജൻറുകളായി പീക്കിങ്ങ് ചില വ്യാപാരികളെ തിരഞ്ഞെടുത്തിരിക്കുന്നു. ബാങ്ക് ഓഫ് ചൈനയും ഇതര പി.ആർ.സി. ബാങ്കുകളും അവർക്കു ക്ലിപ്തമായ പലിശയ്ക്കു വായ്പകൾ അനുവദിക്കുന്നു. ചൈനയുടെ ചരക്കുകൾ രാജ്യത്തുനിന്നു പുറത്തുകടന്നശേഷവും അതിൻെറ വ്യാപാരത്തിന്മേൽ നിശ്ചിതമായ നിയന്ത്രണമുണ്ടായിരിക്കുന്നതിനുവേണ്ടിയാണതു്.''[3]

ദക്ഷിണപൂർവ്വേഷ്യയിൽ പാർക്കുന്ന ഒന്നരക്കോടി ചൈനീസ്‌വംശജർ തദ്ദേശവിപണികളിൽ ചൈനയുടെ സാമ്പത്തികമായ വിപുലനത്തിനുള്ള വമ്പിച്ച പൂർവ്വോപാധികരം സൃഷ്ടിക്കുന്നു. ചൈനീസ് ഉപഭോഗഘടനയുരംപ്പെടെ ചൈനീസ് ജീവിതരീതികരം നിലനിർത്തിക്കൊണ്ട് അവർ ചൈനയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉപഭോഗവസ്തുക്കളുടെ നല്ലൊരു വിഭാഗത്തിനു ദക്ഷിണപൂർവ്വേഷ്യയിൽ സ്ഥിരമായി വലിയ ഡിമാണ്ടുളവാക്കുകയും അങ്ങനെ ആ ചരക്കുകരം അവിടെ വിററഴിയുമെന്നതിന് ഉറപ്പു നൽകുകയും ചെയ്യുന്നു. ടിന്നിലാക്കിയ പച്ചക്കറിസാധനങ്ങളും പഴങ്ങളും, ചില ഭക്ഷ്യ എണ്ണകരം, സുഗന്ധദ്രവ്യങ്ങരം, സമുദ്രോല്പന്നങ്ങരം, വസ്ത്രങ്ങളും തുണിത്തരങ്ങളും, ഗൃഹോപകരണങ്ങരം, മതപരമായ ഉപയോഗത്തിനുള്ള സാധനങ്ങരം, ചൈനീസ് മരുന്നുകരം, പുസ്തകങ്ങരം, കലാസൃഷ്ടികരം, പുരാതനവസ്തുക്കരം എന്നിവ ഇതരരാജ്യങ്ങളിൽനിന്നുള്ള ഉല്പന്നങ്ങളുമായി കാര്യമായ മത്സരം കൂടാതെതന്നെ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലെത്തുകയും അവിടെ വിററഴിയുകയും ചെയ്യുന്നു. ചൈനീസ്‌ന്യൂനപക്ഷങ്ങരംക്കിടയിൽ ചൂഷകഘടകങ്ങളുടെ സാന്ദ്രത കൂടുതലായതിനാൽ ചൈനീസ്‌വംശജർക്കു തദ്ദേശജനങ്ങളെക്കാരം ക്രയശേഷിയുണ്ടെന്ന വസ്തുത അയൽരാജ്യങ്ങളിൽ പീക്കിങ്ങിൻെറ കയററുമതിപരിപാടികരം സാക്ഷാൽക്കരിക്കുന്നതിനു കൂടുതൽ സാധ്യതകരം നൽകുന്നു. ദേശാഭിമാനപരമായ കാരണങ്ങളാൽ തദ്ദേശചൈനാക്കാരിൽ പലരും തങ്ങളുടെ ഉപഭോഗത്തിൽ ചൈനയിൽനിന്നുള്ള ഉല്പന്നങ്ങരംക്കു മുൻഗണന നൽകുന്നു. അങ്ങനെ, ഒരു വലിയ സംഖ്യവരുന്ന ചൈനീസ്‌ന്യൂനപക്ഷം ദക്ഷിണപൂർവ്വേഷ്യയിൽ വസിക്കുന്നുവെന്നതുതന്നെ ആ രാജ്യങ്ങളിലേക്കുള്ള ചൈനയുടെ കയററുമതി സ്ഥിരമായ അടിസ്ഥാനത്തിൽ വികസിക്കുന്നതിനു സഹായകമാണ്.

അതിലും പ്രധാനമാണ് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ വിദേശവ്യാപാരത്തിലും ആഭ്യന്തരവ്യാപാരത്തിലും മറുനാടൻ ചൈനീസ്‌ബൂർഷ്വാസി ഗണ്യമായ പ്രവർത്തനമേഖലയെ നിയന്ത്രിക്കുന്നുവെന്ന വസ്തുത. ചൈനീസ്‌മുതലാളിമാർ ആ രാജ്യങ്ങളിൽ മൊത്തം വിദേശവ്യാപാര ഇടപാടുകളുടെ 60 ശതമാനത്തോളം നടത്തുന്നുവെന്നു കണക്കുകരം വെളിപ്പെടുത്തുന്നു. കൃഷിക്കാരിൽനിന്നു കാർഷികോല്പന്നങ്ങരം വാങ്ങി കയററുമതിചെയ്യുന്നതിലും ഭക്ഷ്യസാധനങ്ങളും, വ്യക്തിപരവും ഉല്പാദനപരവുമായ ആവശ്യങ്ങരംക്കുവേണ്ടിയുള്ള നിർമ്മിതവസ്തുക്കളും—യന്ത്രോപകരണങ്ങരം അതിൽ ഭാഗികമായി മാത്രമേ ഉരംപ്പെടുന്നുള്ളു—ഇറക്കുമതി ചെയ്യുന്നതിലുമാണ്, അതായതു ചൈനയ്ക്കു പ്രത്യേകതാല്പര്യമുള്ള കയററുമതി–ഇറക്കുമതി ഇടപാടുകളിലാണ് ചൈനീസ്‌മൂലധനം കൂടുതൽ സജീവമായിരിക്കുന്നതു്. രാഷ്ട്രീയവും വാണിജ്യപരവുമായ കാര

ണങ്ങളാൽ മേഖലയിലുള്ള ചൈനീസ് കയററുമതി—ഇറക്കുമതി വ്യാപാരികഠം ചൈനയുമായി വ്യാപാരം വികസിപ്പിക്കുന്നതിൽ തല്പരരാണ്. യഥാർത്ഥത്തിൽ അവർ പണ്ടേ ദക്ഷിണപൂർവ്വേഷ്യയിലെ വിപണികളിൽ ചൈനയുടെ വാണിജ്യപരമായ വിപുലനത്തിന്റെ ഉപകരണങ്ങളായിക്കഴിഞ്ഞിരിക്കുന്നു. മേഖയിലെ രാജ്യങ്ങഠംക്കു ചൈനയുമായുള്ള വ്യാപാരം മുഴവൻതന്നെ തദ്ദേശചൈനീസ് വ്യാപാരസ്ഥാപനങ്ങളാണു കൈകാര്യം ചെയ്യുന്നതു്.

ദക്ഷിണപൂർവ്വേഷ്യയിലെ മൊത്തവും ചില്ലറയുമായുള്ള ആഭ്യന്തര വ്യാപാരത്തിന്റെ 60 ശതമാനംമുതൽ 80 ശതമാനംവരെ ചൈനീസ്മൂലധനത്തിന്റെ നിയന്ത്രണത്തിലാണെന്നതും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തൽഫലമായി, ചൈനയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ചരക്കുകഠം തദ്ദേശ ഉപഭോക്താക്കളെ കെട്ടിയേല്പിച്ചുകൊണ്ടു് അവരെ സ്വാധീനിക്കുന്നതിനുള്ള വിപുലമായ സാധ്യതകഠം ചൈനീസ് മുതലാളിമാർക്കുണ്ടു്.

അങ്ങനെ ചൈനീസ്വ്യാപാരബൂർഷ്വാസി, മുഖ്യമായും പീക്കിങ്ങുമായി സജീവസഹകരണത്തിൽ ഏർപ്പെട്ടിട്ടുള്ള വിഭാഗം, ദക്ഷിണപൂർവ്വേഷ്യയിൽ ചൈനയുടെ ചരക്കുകഠം വിററഴിക്കുന്നതിനുള്ള, ബൃഹത്തും ശാഖോപശാഖിയും ആ മേഖലയിൽ ഇതരരാജ്യങ്ങഠംക്കൊന്നിനും ഇല്ലാത്തതുമായ ഒരു വ്യാപാരവിധാനമായി വർത്തിക്കുന്നു. അതിനാൽ, ചൈനയുടെ കയററുമതിവിഭവങ്ങഠം പരിമിതവും മേഖലയിലെ രാജ്യങ്ങളുടെ ആവശ്യങ്ങഠംക്കു യോജിക്കാത്തതുമാണെങ്കിൽത്തന്നെയും ദക്ഷിണപൂർവ്വേഷ്യൻവിപണികളിൽ പീക്കിങ്ങിനു കൂടുതൽ സാധ്യതകഠം ലഭിക്കുന്നുവെന്നതിനു യാതൊരു സംശയവുമില്ല. ഇതിന്റെ മറുവശവും —ചൈനയുടെ പ്രതിനിധികളുമായി ബിസിനസ്സ്സഹകരണത്തിൽ ഏർപ്പെടുന്നതിനോടൊപ്പം തദ്ദേശചൈനീസ് വ്യാപാരവൃത്തങ്ങഠം പീക്കിങ്ങിന്റെ രാഷ്ട്രീയസ്വാധീനത്തിനു കൂടുതൽക്കൂടുതൽ അടിപ്പെടുന്നുവെന്നതും—അപ്രധാനമല്ല.

പി.ആർ.സി.യുടെ ഉല്പന്നങ്ങഠം ദക്ഷിണപൂർവ്വേഷ്യൻവിപണികളിലേക്കു കടത്തിവിടുന്നതിൽ ചൈനീസ്കയററുമതിച്ചരക്കുകളുടെ കാന്തോൺപ്രദർശനം പ്രധാനപങ്കു വഹിക്കുന്നു. 1957—ൽ ആരംഭിച്ച ആ പ്രദർശനം വർഷത്തിൽ രണ്ടു തവണ—വസന്തകാലത്തു് ഏപ്രിൽ 15 മുതൽ മേയ് 15 വരെയും ശരൽക്കാലത്തു് ഒക്ടോബർ 15 മുതൽ നവമ്പർ 15 വരെയും—പ്രവർത്തിക്കുന്നു. അവിടെവച്ചു് വിദേശകമ്പനികളുമായി വൻതോതിലുള്ള അനേകം ഇടപാടുകഠം ഉറപ്പിക്കപ്പെടുന്നു. അവയുടെ മൊത്തം തുക പി.ആർ.സി.യുടെ പ്രതിവർഷ വിദേശവ്യാപാരടേണോവറിന്റെ പകുതിയോളം വരും. ദക്ഷിണപൂർവ്വേഷ്യയിൽ നിന്നു പതിവായി എത്തുന്ന അനേകം ചൈനീസ്വ്യാപാരികളുംപ്പെ

ടെ പതിനായിരക്കണക്കിനു വിദേശബിസിനസ്സുകാർ ആ പ്രദർശനം സന്ദർശിക്കുന്നു. അവരെല്ലാംതന്നെ ചൈനീസ് വിദേശവ്യാപാരസ്ഥാപനങ്ങളുടെ ക്ഷണമനുസരിച്ചാണ് അവിടെയെത്തുന്നത്.

ഭക്ഷ്യപദാർത്ഥങ്ങളും ലഘുവ്യവസായോല്പന്നങ്ങളും ചുരുക്കം ചില യന്ത്രോപകരണങ്ങളും ചൈന അവിടെ വില്പനയ്ക്കു വയ്ക്കുന്നു. പൊതുവെ ചൈനീസ്ചരക്കുകളുടെ വില ലോകനിലവാരത്തിൽനിന്നു താഴ്ന്നതാണ്. പ്രത്യാശയ്ക്കു വകനൽകുന്ന പങ്കാളികളുമായി ബിസിനസ്സ്സമ്പർക്കം ഉറപ്പിക്കുന്നതിനുവേണ്ടി ചൈനയുടെ വിദേശവ്യാപാരസ്ഥാപനങ്ങൾ പലപ്പോഴും വലിയ കിഴിവുകൾ ചെയ്യുന്നു. 1973–ലെ വസന്തകാലപ്രദർശനത്തിൽ കയററുമതി ഉല്പന്നങ്ങളുടെ വില 40–50 ശതമാനം വർദ്ധിപ്പിക്കുന്നതിനു ചൈനീസ്പക്ഷം ശ്രമിച്ചതിൻെറ ഫലമായി ഇടപാടുകളുടെ ആകെത്തുക കുറയുന്നതിനിടയായി. അതേവർഷം ശരൽക്കാലത്തു നടന്ന പ്രദർശനത്തിൽ വിലകൾ വീണ്ടും താഴ്ത്തപ്പെട്ടു. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലേക്കു നേരിട്ടും ഹോങ്കോങ്ങിലും സിംഗപ്പൂരിലുമുള്ള മദ്ധ്യവർത്തികൾ മുഖേനയും ഉല്പന്നങ്ങൾ കയററുമതി ചെയ്യുന്നതിനുള്ള ഒട്ടേറെ ഇടപാടുകൾ കാന്തോൺപ്രദർശനത്തിൽവച്ചു ചൈന ഉറപ്പിക്കുന്നു.

പുതിയ വിപണികൾ കയ്യടക്കുന്നതിനുവേണ്ടി ചൈനയുടെ വിദേശവ്യാപാരസ്ഥാപനങ്ങൾ ''സൗഹാർദ്ദവില''കൾ എന്നു വിളിക്കപ്പെടുന്ന തന്ത്രം പ്രയോഗിക്കുന്നു. ലോകനിലവാരത്തിൽനിന്നു 10–ം 20–മെന്നല്ല, 30 ശതമാനംപോലും കുറച്ചുള്ള വിലകളാണത്. പുതിയ വിപണികളിൽ പ്രത്യക്ഷപ്പെടുമ്പോൾ പീക്കിങ്ങ് പലപ്പോഴും കയററുമതിവിലകൾ കുറയ്ക്കുകയും അവിടങ്ങളിൽ നിലയുറപ്പിച്ചുകഴിയുന്നതോടെ ആ വിലകൾ ക്രമേണ ലോകനിലവാരത്തിലേക്കുയർത്തുകയും ചെയ്യാറുണ്ടെന്നു ചൈനയുടെ വിദേശവ്യാപാരചരിത്രത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും. ദക്ഷിണപൂർവ്വേഷ്യൻ വിപണികളിലെ പ്രവർത്തനത്തിൽ പീക്കിങ്ങ് ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന വാണിജ്യ–രാഷ്ട്രീയ പ്രയാസങ്ങളും വിലകൾ കുറയ്ക്കുന്നതിനു് അതിനെ നിർബ്ബന്ധിക്കുന്നു. അയൽരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുന്നതനുസരിച്ച്, മുമ്പു പലപ്പോഴും ചെയ്തിട്ടുള്ളതുപോലെ, ചൈന അതിൻെറ ഉല്പന്നങ്ങളുടെ വില ക്രമേണ വർദ്ധിപ്പിക്കുന്നു.

ഏതായാലും ചൈനയുമായി ''സൗഹാർദ്ദവില''യ്ക്കു നടത്തുന്ന വ്യാപാരത്തിൽനിന്നു ദക്ഷിണപൂർവ്വേഷ്യൻ ബിസിനസ്സ്വൃത്തങ്ങൾ പ്രതീക്ഷിക്കുന്ന നേട്ടം താല്ക്കാലികസ്വഭാവത്തോടുകൂടിയതാണ്. മറെറാരു കാര്യംകൂടി ഇവിടെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചൈനയുമായുള്ള മേഖലയുടെ വ്യാപാരം മുഴുവൻ കയ്യടക്കിവച്ചിരിക്കുന്ന തദ്ദേശചൈനീസ്‌വ്യാ

പാരികരംക്കമാത്രമാണ ''സൗഹാർദ്ദവില''കരംകൊണ്ട വമ്പിച്ച ലാഭ മുണ്ടാകുന്നതു്. ആ ലാഭം കൈക്കലാക്കുന്നതിനുള്ള ശ്രമത്തിൽ മറുനാടൻ ചൈനീസ്ബൂർഷ്വാസി പീക്കിങ്ങുമായി സഹകരണത്തിലേർപ്പെടുക യും അതിനോടുള്ള കൂറു തെളിയിക്കാൻ ബദ്ധപ്പെടുകയും ചെയ്യുന്നു. പീക്കി ങ്ങിനെ സംബന്ധിച്ചിടത്തോളം ഇതിനു തനതായ പ്രാധാന്യമുണ്ട്. ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ന്യൂനപക്ഷങ്ങളുടെ ചൂഷകവിഭാ ഗങ്ങളുടെമേലുള്ള നിയന്ത്രണം പീക്കിങ്ങ് അടിയ്ക്കടി ശക്തിപ്പെടുത്തുക യും ചൈനീസ് ഉല്പന്നങ്ങരം മേഖലയിൽ വിററഴിക്കുന്നതിനുവേണ്ടി യുള്ള ബൃഹത്തായ ഏർപ്പാടു കൂടുതൽ വിപുലമാക്കുകയും മെച്ചപ്പെടുത്തുക യും ചെയ്യുന്നു. അതേസമയംതന്നെ ആ രാജ്യങ്ങളിലെ ദേശീയബൂർഷ്വാ സിയുടെ കൈനിലകരം വിദേശവ്യാപാരരംഗത്തു ശക്തിയാർജ്ജിക്കുന്നതി നെ പീക്കിങ്ങ് തടയുന്നു.

വിദേശത്തുള്ള ചൈനീസ് സ്റ്റേററ്സ്ഥാപനങ്ങരം, കമ്പനികരം, പ്രതിനിധികാര്യാലയങ്ങരം എന്നിവയുടേയും മേഖലയിലെ ചൈനീ സ്വ്യാപാരബൂർഷ്വാസിയുടേയും സാമ്പത്തികവിപുലനത്തിനുള്ള ചില ഉപാധികളുടേയും സഹായത്തോടെ ചൈന അതിൻെറ ചരക്കുകരം ദ ക്ഷിണപൂർവ്വേഷ്യൻവിപണികളിലേക്കു താരതമ്യേന വിപുലമായ തോ തിൽ കടത്തുന്നു.

## 3. ദ്വിപക്ഷീയവ്യാപാരത്തിൻെറ ആശങ്കാജനകമായ ഫലങ്ങരം

1974 ആരംഭത്തിൽ ദക്ഷിണപൂർവ്വേഷ്യയിലെ മൂന്നു രാജ്യങ്ങരം— ബർമ്മയും സിംഗപ്പൂരും മലേഷ്യയും—മാത്രമാണ് ചൈനയുമായി നേ രിട്ടുള്ള ഔദ്യോഗികവ്യാപാരബന്ധങ്ങരം പുലർത്തിയിരുന്നതു്. ബർമ്മ യുമായി 1954 ഏപ്രിലിലും സിംഗപ്പൂരുമായി 1950–ലുമാണ് ചൈ ന അത്തരം വ്യാപാരബന്ധങ്ങരം ആരംഭിച്ചതു്. ചൈനയുമായി നേരി ട്ടുള്ള വ്യാപാരബന്ധങ്ങരംക്കു മലേഷ്യ ഔദ്യോഗികരൂപം നൽകിയതു് 1971–ലാണെങ്കിലും യഥാർത്ഥത്തിൽ അതിനു വളരെ മുമ്പുതന്നെ ആ ബന്ധങ്ങരം സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ചരക്കുവിനിമയത്തിൻെറ സങ്കുചിതമായ അടിസ്ഥാനം, സാമ്പത്തികബന്ധങ്ങളെ അതിർകവി ഞ്ഞു രാഷ്ട്രീയവൽക്കരിക്കാൻ പീക്കിങ്ങ് നടത്തിയ ശ്രമങ്ങരം, ഇട യ്ക്കിടെ, ചൈനയ്ക്കെതിരെ സാമ്പത്തിക ഉപരോധം സംഘടിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് സാമ്രാജ്യത്വശക്തികരം ചെലുത്തിയ സമ്മർദ്ദം എന്നീ കാരണങ്ങളാൽ മേല്പറഞ്ഞ രാജ്യങ്ങളും ചൈനയും തമ്മിലുള്ള വ്യാപാരം

അസ്ഥിരസ്വഭാവത്തോടുകൂടിയതായിരുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ അതിൽ ചില മാററങ്ങൾ ഉണ്ടായിട്ടുണ്ട്. ആ രാജ്യങ്ങൾക്കു ചൈനയുമായി നേരിട്ടുള്ള വ്യാപാരം വർദ്ധിക്കുന്നതിൻെറ ലക്ഷണങ്ങൾ കണ്ടുവരുന്നു. തായ്‌ലണ്ടും ഫിലിപ്പൈൻസും 1974 മുതൽ ചൈനയുമായി നേരിട്ടുള്ള വ്യാപാരബന്ധങ്ങൾ വികസിപ്പിച്ചുവരുന്നു.

മലേഷ്യയിൽനിന്നും സിംഗപ്പൂരിൽനിന്നും ചൈന നടത്തുന്ന ഇറക്കുമതിയുടെ 90 ശതമാനവും—ചില വർഷങ്ങളിൽ അതു 98 ശതമാനംവരെ എത്തുകയുണ്ടായി—സ്വാഭാവികറബ്ബറാണ്. ബർമ്മയിൽനിന്നു പ്രധാനമായും ഇറക്കുമതി ചെയ്യുന്ന അരി പിന്നീടു ശ്രീലങ്കയിലേക്കു കയററുമതി ചെയ്യുകയും ആ രാജ്യവുമായുള്ള പരമ്പരാഗതമായ ''അരി–റബ്ബർ'' ക്ലിയറിംഗ്കരാറനുസരിച്ചു പകരം റബ്ബർ വാങ്ങുകയുമാണു ചൈന ചെയ്യുന്നതു്. ഒരപവാദമെന്ന നിലയ്ക്കു് ചൈന ചിലപ്പോൾ ബർമ്മയിൽനിന്നു് ആയസേതരലോഹങ്ങളുടെ അയിരുകളും റബ്ബറും സിംഗപ്പൂരിൽനിന്നു സുഗന്ധദ്രവ്യങ്ങൾ, കൊപ്രാ, സസ്യ എണ്ണകൾ എന്നിവയും മലേഷ്യയിൽനിന്നു വെളിച്ചെണ്ണയും തടിയും വളരെ ചുരുങ്ങിയതോതിൽ വാങ്ങാറുണ്ട്. അങ്ങേയററം ഹ്രസ്വമായ പട്ടികയിൽപ്പെടുന്ന സാധനങ്ങളാണു ചൈന മേല്പറഞ്ഞ രാജ്യങ്ങളിൽനിന്നു് ഇറക്കുമതി ചെയ്യുന്നതെന്ന വസ്തുത ആ രാജ്യങ്ങളുമായുള്ള ദ്വിപക്ഷീയബന്ധങ്ങളിൽ ചൈനയ്ക്കു മാർഗ്ഗദർശകമായിട്ടുള്ളതു് സ്വാർത്ഥപരിഗണനകൾ മാത്രമാണെന്നും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ വർദ്ധിതമായ കയററുമതിസാധ്യതകൾ, പ്രത്യേകിച്ചും നിർമ്മിതവസ്തുക്കൾ കയററുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ കണക്കിലെടുക്കാൻ അതു കൂട്ടാക്കുന്നില്ലെന്നും തെളിയിക്കുന്നു.

അരി, പച്ചക്കറിസാധനങ്ങളും പഴങ്ങളും (ടിന്നിലാക്കിയതും അല്ലാത്തതും), സുഗന്ധദ്രവ്യങ്ങൾ, കൊഴുപ്പുകൾ, എണ്ണകൾ, എണ്ണക്കുരുക്കൾ, പരുത്തിത്തുണിയും അതുകൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളും, ലോഹച്ഛേദനലേത്തുകൾ, ചൈനീസ്മരുന്നുകൾ, പാത്രങ്ങൾ, രാസദ്രവ്യങ്ങൾ, കടലാസു്, ലോഹങ്ങൾ, ദീർഘകാലോപയോഗത്തിനുവേണ്ടിയുള്ള ഗൃഹോപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയാണ് നേരിട്ടുള്ള ദ്വിപക്ഷീയവ്യാപാരമാർഗ്ഗങ്ങളിലൂടെ ചൈന ദക്ഷിണപൂർവ്വേഷ്യൻവിപണികളിലെത്തിക്കുന്നതു്. ചൈനീസ് കയററുമതിയുടെ ഘടന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സാമ്പത്തികവികാസഗതിയിൽ അവയ്ക്കുള്ള ആവശ്യങ്ങൾക്കു വേണ്ടത്ര അനുയോജ്യമല്ലെന്നർത്ഥം. ചൈന പലപ്പോഴും, ഉദാഹരണത്തിനു ബർമ്മയ്ക്കു്, ഉപഭോഗവസ്തുക്കളുടെ കയററുമതി ത്വരിപ്പിക്കുന്നതിനുവേണ്ടി അഞ്ചുവർഷത്തിനിടയിൽ തവണകളായി അടച്ചുതീർക്കാവുന്ന പലിശയില്ലാത്ത ചരക്കുവായ്പകൾ നല്കാറുണ്ട്.

ബർമ്മ, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങരം
ചൈനയുമായി നേരിട്ടു നടത്തുന്ന വ്യാപാരം
(ദശലക്ഷം അമേ. ഡോളർ)

| വർഷം | ബർമ്മ | | | | സിംഗപ്പൂർ* | | | | മലേഷ്യ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ടേണോവർ, | കയററുമതി, | ഇറക്കുമതി, | മിച്ചം | ടേണോവർ, | കയററുമതി, | ഇറക്കുമതി, | മിച്ചം | ടേണോവർ, | കയററുമതി, | ഇറക്കുമതി, | മിച്ചം |
| 1967 | 23.7 | 6.5 | 17.2 | —10.7 | 157.4 | 31.3 | 126.1 | —94.7 | 93.6 | 6.6 | 87.0 | —80.4 |
| 1968 | 1.4 | — | 1.4 | —1.4 | 176.7 | 26.5 | 150.3 | —123.7 | 104.4 | 25.0 | 79.4 | —54.4 |
| 1969 | 0.3 | 0.1 | 0.2 | —0.1 | 193.8 | 57.0 | 136.8 | —69.8 | 92.3 | 12.3 | 80.0 | —67.7 |
| 1970 | 4.3 | 0.1 | 4.2 | —4.1 | 148.7 | 22.7 | 126.0 | —103.3 | 96.0 | 21.8 | 74.2 | —52.4 |
| 1971 | 21.4 | 11.4 | 10.0 | +1.4 | 160.7 | 16.5 | 144.2 | —127.7 | 91.0 | 19.5 | 71.5 | —52.0 |
| 1972 | 28.6 | 15.1 | 13.5 | +1.6 | 161.9 | 20.4 | 141.5 | —121.1 | 97.8 | 26.9 | 70.9 | —44.0 |
| 1973 | 25.6 | 10.7 | 14.9 | —4.2 | 248.8 | 45.5 | 203.3 | —157.8 | 182.2 | 53.2 | 129.0 | —75.8 |

* ചൈനയുമായുള്ള സിംഗപ്പൂരിന്റെ വിദേശവ്യാപാരത്തുകകളിൽ മലേഷ്യയടക്കമുള്ള അയൽരാജ്യങ്ങളിലേക്കു ചൈനീസ് ചരക്കുകരം കയററുമതി ചെയ്യുന്നതുസംബന്ധിച്ച അതിന്റെ മദ്ധ്യവർത്തി ഇടപാടുകളും ഉരംപ്പെടുന്നു. അതിനാൽ ഇടപാടുകളുടെ യഥാർത്ഥതുക പട്ടികയിൽ കൊടുത്തിരിക്കുന്നതിനേക്കാരം കുറവായിരിക്കും. (അതതു രാജ്യങ്ങളുടെ ദേശീയചുങ്കസ്ഥിതിവിവരക്കണക്കുകളെ ആധാരമാക്കി ഗ്രന്ഥകർത്താവു കണക്കാക്കിയതു്)

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ ചൈനയുമായി നേരിട്ടു നടത്തുന്ന വ്യാപാരത്തിന്റെ ഒരു സ്ഥിരം പ്രത്യേകതയാണ് അവയുടെ കയററുമതി—ഇറക്കുമതി ഇടപാടുകളിൽ നിരന്തരമായി അനുഭവപ്പെടുന്ന പ്രതികൂലമിച്ചം. ബർമ്മയ്ക്കുമാത്രം 1971—ലും 1972—ലും ചൈനയുമായുള്ള വ്യാപാരത്തിൽ വെറും 3 ദശലക്ഷം അമേരിക്കൻ ഡോളറിന്റെ അനുകൂലമിച്ചമുണ്ടായിരുന്നു. മററു വർഷങ്ങളിലെല്ലാം അതിനു ചൈനയുമായുള്ള വ്യാപാരത്തിൽ പ്രതികൂലമിച്ചമാണുണ്ടായിരുന്നത്. സിംഗപ്പൂരിനേയും മലേഷ്യയേയും സംബന്ധിച്ചിടത്തോളം 1967—73 കാലത്തു അവയ്ക്കു ചൈനയുമായുള്ള കയററുമതി—ഇറക്കുമതി ഇടപാടുകളിൽ ഒരിക്കൽപ്പോലും അനുകൂലമിച്ചമുണ്ടായിരുന്നില്ല. അതേ വർഷങ്ങളിൽ ബർമ്മ, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളുമായുള്ള വ്യാപാരത്തിൽ ചൈനയ്ക്കു മൊത്തം 1252.5 ദശലക്ഷം അമേ. ഡോളറിന്റെ അനുകൂലമിച്ചമുണ്ടായിരുന്നു. അതിൽ ബർമ്മയുടെ പങ്ക് 17.5 ദശലക്ഷവും സിംഗപ്പൂരിന്റേതു് 808.3 ദശലക്ഷവും മലേഷ്യയുടേതു് 426.7 ദശലക്ഷവുമായിരുന്നു. മേല്പറഞ്ഞ മൂന്നു രാജ്യങ്ങളിൽനിന്നുമാത്രം ചൈനയ്ക്കു് 1967—73 കാലത്തു് പ്രതിവർഷം ശരാശരി 174.6 ദശലക്ഷം ഡോളർ വരുന്ന ദുർല്ലഭമായ വിദേശനാണ്യം ലഭിച്ചു. 1973—ൽ ബർമ്മ, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങൾക്കു ചൈനയുമായുള്ള വ്യാപാരകമ്മി 237.8 ദശലക്ഷം ഡോളർവരെയെത്തി. 456.6 ദശലക്ഷം ഡോളറിന്റെ മൊത്തം വ്യാപാരം നടന്ന ആ വർഷത്തിൽ ചൈനയുടെ കയററുമതി ആ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിയുടെ മൂന്നിരട്ടിയിലധികമായതാണ് അതിനു കാരണം. ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും മദ്ധ്യവർത്തികൾ മുഖേന ദക്ഷിണപൂർവ്വേഷ്യയിലെ ഇതരരാജ്യങ്ങളിലേക്കു്, പകരം യാതൊന്നും വാങ്ങാതെ ചൈന വലിയ തോതിൽ ചരക്കുകൾ കയററുമതിചെയ്യുന്നതു കണക്കിലെടുക്കുകയാണെങ്കിൽ ദക്ഷിണപൂർവ്വേഷ്യയ്ക്കു ചൈനയുമായുള്ള വ്യാപാരകമ്മി മേൽക്കാണിച്ചതിനേക്കാൾ വളരെ കൂടുതലായിരിക്കും.

## 4. ചൈന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലേക്കു നടത്തുന്ന പരോക്ഷകയററുമതി

ഹോങ്കോങ്ങും സിംഗപ്പൂരും വഴി ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലേക്കുള്ള ചൈനീസ്ചരക്കുകളുടെ പരോക്ഷകയററുമതി ആ രാജ്യങ്ങളിലേക്കു ചൈന നടത്തുന്ന വ്യാപാരപരമായ വിപുലനത്തിന്റെ ഒരു

മുഖ്യോപാധിയാണ്. നേരിട്ടുള്ള വ്യാപാരബന്ധം നിലവിലിരിക്കുന്ന രാജ്യങ്ങളിലേക്കുപോലും പരോക്ഷകയററുമതി നടത്താൻ ചൈന മടിക്കുന്നില്ല. തൽഫലമായി ആ രാജ്യങ്ങളിൽനിന്നു വാങ്ങുന്നതിൻെറ അനേകമടങ്ങ് അങ്ങോട്ടു കയററുമതി ചെയ്യുന്നതിനും അവയുമായുള്ള കയററുമതി—ഇറക്കുമതി ഇടപാടുകളിൽ സ്ഥിരമായ അനുകൂലമിച്ചം സൃഷ്ടിക്കുന്നതിനും ചൈനയ്ക്കു കഴിയുന്നു. ഉദാഹരണത്തിനു മലേഷ്യയിൽ 1971—ൽ, അതായതു് ആ രാജ്യവുമായി നേരിട്ടുള്ള വ്യാപാരബന്ധങ്ങൾ ആരംഭിച്ചതിനുശേഷം, ചൈനീസ് ചരക്കുകളുടെ $^2/_3$ ഭാഗം എത്തിയതു് ഹോങ്കോങ്ങും സിംഗപ്പൂരും വഴിയാണ്. ബാക്കി $^1/_3$ ഭാഗം മാത്രമാണു ചൈന നേരിട്ടു കയററുമതി ചെയ്തതു്. ഹോങ്കോങ്ങും സിംഗപ്പൂരുംവഴി ചൈന പ്രതിവർഷം 30—35 ദശലക്ഷം ഡോളറിൻെറ ഉല്പന്നങ്ങൾ മലേഷ്യയിൽ വിററഴിച്ചുവരുന്നു. 1957—ൽ, അതായതു ചൈനയും തായ്‌ലണ്ടുംതമ്മിൽ നേരിട്ടു നടന്ന വ്യാപാരത്തെ നിരോധിച്ച വർഷത്തിൽ ചൈന തായ്‌ലണ്ടിലേക്കു നേരിട്ടു കയററുമതി ചെയ്തതു് 80,000 ഡോളർവരുന്ന ഉല്പന്നങ്ങളാണ്. അതേസമയം ഹോങ്കോങ്ങും സിംഗപ്പൂരുംവഴി നടത്തിയ പരോക്ഷകയററുമതിയുടെ തുകയാകട്ടെ 25 ദശലക്ഷം ഡോളറായിരുന്നുവെന്നു കണക്കാക്കപ്പെടുന്നു. ബർമ്മയുമായി നേരിട്ടുള്ള വ്യാപാരബന്ധം നിലവിലുണ്ടായിരുന്നെങ്കിലും ഹോങ്കോങ്ങിലെ മദ്ധ്യവർത്തികൾമുഖേന ചൈനീസ്ചരക്കുകൾ തദ്ദേശവിപണിയിലെത്തിക്കേണ്ടതിനെ സംബന്ധിച്ച ന്യായങ്ങൾ 1974—ൽ ചൈനയുടെ പ്രതിനിധികൾ ബർമ്മീസ്‌വ്യാപാരസ്ഥാപനങ്ങളുടെ മുമ്പാകെ ഉന്നയിക്കുകയുണ്ടായി.

ഹോങ്കോങ്ങും സിംഗപ്പൂരുംവഴിയുള്ള പരോക്ഷകയററുമതി ചൈനയെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രധാനമായിട്ടുള്ളതു് അതുമായി നേരിട്ടുള്ള വ്യാപാരം നിരോധിച്ചിരിക്കുന്ന രാജ്യങ്ങളുടെ വിപണികളിലാണ്. നിരോധങ്ങൾ നിലവിലുണ്ടെന്നിരിക്കിലും ചൈനീസ് ഉല്പന്നങ്ങൾ ഇന്തോനേഷ്യ, തായ്‌ലണ്ട്, കമ്പോഡിയ, ലാവോസ്, ബ്രൂനെയ്, ഫിലിപ്പൈൻസ് എന്നിവിടങ്ങളിൽ, ഹോങ്കോങ്ങും സിംഗപ്പൂരുംവഴി പീക്കിങ്ങുമായി സഹകരിക്കുന്ന തദ്ദേശചൈനീസ് വ്യാപാരസ്ഥാപനങ്ങളുടെ പരിശ്രമഫലമായി താരതമ്യേന വിപുലമായ തോതിൽ വിററഴിയുന്നു. ഉദാഹരണത്തിനു്, ചൈനയുമായുള്ള സകലവിധ സാമ്പത്തികബന്ധങ്ങളും ഇന്തോനേഷ്യയിൽ നിരോധിച്ചിരിക്കുകയാണെങ്കിലും 1974—ൽ 155 ദശലക്ഷം ഡോളറിൻേറയും 1975—ൽ 173 ദശലക്ഷം ഡോളറിൻേറയും ചൈനീസ്ചരക്കുകൾ അവിടെ വിററഴിയുകയുണ്ടായി.

ഹോങ്കോങ്ങും സിംഗപ്പൂരുംവഴി ചൈന നടത്തുന്ന പരോക്ഷകയററുമ

തിയുടെ മൊത്തം തുക കൃത്യമായി നിർണ്ണയിക്കുക സാധ്യമല്ലെങ്കിലും ഇന്നതു പ്രതിവർഷം 250 ദശലക്ഷം ഡോളറിനേക്കാരം വളരെ കൂടുമെന്നു പറഞ്ഞാൽ അതു് അതിശയോക്തിയാവില്ല.

ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും മദ്ധ്യവർത്തികരംമുഖേന ചൈന നടത്തുന്ന പരോക്ഷകയററുമതിയുടെ ഫലമായി ചരക്കുകളുടെ വില്പനവില കൂടുകയും ചൈനയുമായുള്ള കയററുമതി—ഇറക്കുമതി ഇടപാടുകളിൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ കമ്മി വർദ്ധിക്കുകയും ചൈനയുമായി നടക്കുന്ന വിദേശവ്യാപാര ഇടപാടുകളുടെമേലുള്ള തദ്ദേശഗവണ്മെൻറുകളുടെ നിയന്ത്രണത്തിനു് അയവുതട്ടുകയും മേഖലയിലെ രാജ്യങ്ങളിലേക്കു ചൈനീസ്ചരക്കുകരം കടത്തുന്നതിനെതിരെയുള്ള നിരോധങ്ങളെ മറികടക്കുന്നതിനു ചൈനയ്ക്കു സാധിക്കുകയും പീക്കിങ്ങുമായി സഹകരിക്കുന്ന തദ്ദേശചൈനീസ്ബൂർഷ്വാസി ദക്ഷിണപൂർവ്വേഷ്യൻജനതകളുടെ ചെലവിൽ കൂടുതൽ സമ്പന്നമാവുകയും ചെയ്യുന്നു.

മദ്ധ്യവർത്തികരംമുഖേനയുള്ള വ്യാപാരം നിർത്തലാക്കാനും നേരിട്ടുള്ള വ്യാപാരം അതിനധികാരപ്പെട്ട സ്റ്റേററ്വിദേശവ്യാപാരകമ്പനികളുടെ നിയന്ത്രണത്തിൻകീഴിൽ വികസിപ്പിക്കാനും മേഖലയിലെ രാജ്യങ്ങരം ചൈനയോടു് ആവശ്യപ്പെടുന്നതു് സ്വാഭാവികമാണു്. അത്തരം കമ്പനികരം മലേഷ്യയിലും (''പെർനാസ്''), സിംഗപ്പൂരിലും (''ഇൻട്രാക്കോ''), ഫിലിപ്പൈൻസിലും (''നെട്രാക്കോർ'') രൂപീകരിച്ചുകഴിഞ്ഞിരിക്കുന്നു. തായ്ലണ്ടിലും അത്തരമൊരു കമ്പനി സ്ഥാപിതമായി. വിദേശവ്യാപാര ഇടപാടുകരം മേല്പറഞ്ഞ സ്റ്റേററ്കമ്പനികളുടെ നിയന്ത്രണത്തിനു വിട്ടുകൊടുക്കുന്നതിനെ പീക്കിങ്ങ് വാശിയോടെ ചെറുക്കുന്നു. എന്തെന്നാൽ ചൈനീസ് ഉല്പന്നങ്ങരം മേഖലയിലെ വിപണികളിലേക്കു കടത്തുന്ന തദ്ദേശചൈനീസ് വ്യാപാരസ്ഥാപനങ്ങളുമായുള്ള സഹകരണം നിർത്തിവയ്ക്കാൻ അതുദ്ദേശിക്കുന്നില്ല. മലേഷ്യാ—ചൈനാവ്യാപാരം മലേഷ്യൻസ്റ്റേററ്കമ്പനിയായ ''പെർനാസി'' ൻെറ നിയന്ത്രണത്തിൻകീഴിലാക്കുന്നതിനെസംബന്ധിച്ചു് 1971 ശരൽക്കാലത്തുതന്നെ യോജിപ്പിലെത്തിയെങ്കിലും, മുഖ്യമായും തദ്ദേശചൈനീസ്കമ്പനികളുമായി വ്യാപാര ഇടപാടുകരം നടത്തിക്കൊണ്ടു് ചൈന ആ കമ്പനിയെ അവഗണിക്കുകയാണു ചെയ്യുന്നതു്. 1972 വസന്തത്തിൽ നടന്ന കാന്തോൺപ്രദർശനത്തിൽവച്ചു 2 ദശലക്ഷം മലേഷ്യൻ ഡോളറിൻെറ ചരക്കുകരം വാങ്ങാനേ ''പെർനാസി''ക്കു കഴിഞ്ഞുള്ളൂ. അതേസമയം സ്വകാര്യചൈനീസ് ഇറക്കുമതിവ്യാപാരികരംക്കു് 16 ദശലക്ഷം മലേഷ്യൻ ഡോളറിൻെറ ചരക്കുകരം വില്ക്കപ്പെട്ടു. മലേഷ്യയിലേക്കു പരമ്പരാഗതമായി ചരക്കുകരം എത്തിക്കുന്നവരുമായുള്ള ബിസിനസ്സ്ബന്ധങ്ങരം അവസാനിപ്പിക്കാൻ തങ്ങരംക്കുദ്ദേശമില്ലെന്നു്

ചൈനീസ്‌വിദേശവ്യാപാരപ്രതിനിധികരം ആ അവസരത്തിൽ പ്രത്യേകം എടുത്തുപറയുകയുണ്ടായി.

''പെർനാസി''ൻെറ ഏതാനും പ്രതിനിധികളെ മാത്രമാണ് പീക്കിങ്ങ് കാന്തോൺപ്രദർശനത്തിനു ക്ഷണിക്കുന്നതു്. അതേസമയം പത്തുകണക്കിനെന്നല്ല, നൂറുകണക്കിനുപോലും ചൈനീസ്‌വ്യാപാരികരം മലേഷ്യയിൽനിന്നു ക്ഷണിക്കപ്പെടുന്നു. 1971—ലെ ശരൽക്കാല പ്രദർശനത്തിൽ 47 പേരുരംപ്പെട്ട മലേഷ്യൻ ഔദ്യോഗികപ്രതിനിധിസംഘത്തോടൊപ്പം 300 ചൈനീസ്‌വ്യാപാരികളും സന്നിഹിതരായിരുന്നു. ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും മദ്ധ്യവർത്തികളുടെ സഹായത്തോടെ അവർ ''പെർനാസി''ന്നു താല്പര്യമുണ്ടായിരുന്ന ചരക്കുകരം കരസ്ഥമാക്കി. 1973—ലെ വസന്തകാലപ്രദർശനത്തിനു ക്ഷണം ലഭിച്ചതു് ''പെർനാസി''ൻെറ 4 പ്രതിനിധികരംക്കും, 15 മലേഷ്യൻബിസിനസ്സുകാർക്കും, 220 തദ്ദേശചൈനീസ്‌വ്യാപാരികരംക്കും (അവരിൽ 71 പേർ എത്തിച്ചേർന്നു) ആണ്. 1973—ലെ ശരൽക്കാലപ്രദർശനത്തിനു രണ്ടു പ്രതിനിധിസംഘങ്ങളാണെത്തിയതു്—ഒന്നു ''പെർനാസി''ൻേറയും മറേറതു് തദ്ദേശചൈനീസ്‌വ്യാപാരവൃത്തങ്ങളുടേയും. ''പെർനാസി''ന്നു് അത്തവണയും അതിനു താല്പര്യമുണ്ടായിരുന്ന ചരക്കുകരം ഉദ്ദേശിച്ചിരുന്ന അളവിൽ വാങ്ങാൻ കഴിഞ്ഞില്ല. ചൈനീസ്‌കമ്പനികളാകട്ടെ പീക്കിങ്ങുമായി വമ്പിച്ച ഇടപാടുകരം ഉറപ്പിച്ചു. ''പെർനാസി''ൻെറ നിയന്ത്രണത്തിൽനിന്നു് ഒഴിഞ്ഞുമാറിക്കൊണ്ടു് ചൈന അതിൻെറ ചരക്കുകരം ഹോങ്കോങ്ങിൻേറയും സിംഗപ്പൂരിൻേറയും ലേബലുകളോടെ മലേഷ്യയിലേക്കു വൻതോതിൽ കയററിയയയ്ക്കുന്നതായും അറിയുന്നു.

പീക്കിങ്ങിൻെറ കുതന്ത്രങ്ങളുടെ ഫലമായി ''പെർനാസി''ന്നു് അതിൻെറ ചുമതലകരം പൂർണ്ണമായി നിറവേററാൻ സാധിക്കുന്നില്ല. ചൈനയുമായുള്ള വ്യാപാരത്തെസംബന്ധിച്ച പുതിയ ചട്ടങ്ങരം 1971 ഒക്ടോബറിൽ മലേഷ്യയിൽ നിലവിൽ വന്നെങ്കിലും 1972 ഏപ്രിലിൽ മാത്രമാണ് കമ്പനിക്കു ചൈനയുമായി ആദ്യത്തെ ഇടപാടുകരം നടത്താൻ കഴിഞ്ഞതു്. ചൈനയുമായുള്ള സകല വ്യാപാര ഇടപാടുകളും നിയന്ത്രിക്കേണ്ടതു് ആ കമ്പനിയുടെ കടമയാണെങ്കിലും പീക്കിങ്ങിൻെറ ചെറുത്തുനില്പുമൂലം ചൈനയുമായി കയററുമതി—ഇറക്കുമതി ഇടപാടുകരം നടത്തുന്നതിനുള്ള കുത്തകാവകാശം നേടാൻ അതിനിനിയും കഴിഞ്ഞിട്ടില്ല. ചൈനയുമായുള്ള വ്യാപാരം ഒരു സ്റ്റേററ് കമ്പനിയുടെ നിയന്ത്രണത്തിലാക്കുന്നതിനുവേണ്ടി തായ്‌ലണ്ടു നടത്തുന്ന ശ്രമങ്ങളെ പീക്കിങ്ങ് ശക്തിയായി എതിർക്കുന്നു. തായ്‌ലണ്ടു ഗവണ്മെൻറു് ആ ദിശയിൽ കൈക്കൊണ്ട പ്രായോഗികനടപടികരംക്കു മറുപടിയായി 1973

സെപ്റ്റമ്പറിൽ ആ രാജ്യവുമായുള്ള ബന്ധസാധാരണവൽക്കരണപ്രക്രിയ പീക്കിങ്ങ് നിറുത്തിവച്ചു.

തന്നെയല്ല, അയൽരാജ്യങ്ങളിൽ കള്ളക്കടത്ത് ഇടപാടുകൾ നടത്താനും ചൈന മടിക്കുന്നില്ല. ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും വ്യാപാരികൾ ഇന്തോനേഷ്യയിലെ ചൈനീസ്‌വംശജരായ ഇറക്കുമതി വ്യാപാരികളുമായി യോജിച്ചു നടത്തിയ വെട്ടിപ്പുകളുടെ ഫലമായി ഇന്തോനേഷ്യക്കു 35 ദശലക്ഷം അമേ. ഡോളറിന്റെ നഷ്ടമുണ്ടായെന്ന് 1968 ഗ്രീഷ്മത്തിൽ വെളിപ്പെട്ടു. അതോടനുബന്ധിച്ച് 35 ഇന്തോനേഷ്യൻ വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസുകൾ റദ്ദാക്കപ്പെടുകയും ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും 39 കയററുമതിവ്യാപാരികളുടേയും കടൽക്കടത്തുകാരുടേയും പേരുകൾ ''കരിപ്പട്ടിക''യിൽ ചേർക്കപ്പെടുകയും ചെയ്തു. ചൈനീസ്‌വംശജരായ ചില വ്യാപാരികളെ ഇന്തോനേഷ്യൻ അധികാരികൾ അറസ്റ്റുചെയ്തു. തായ്‌ലണ്ടിലേക്കു സമുദ്രമാർഗ്ഗവും കരമാർഗ്ഗവുമായി വളരെയേറെ ചൈനീസ്‌ചരക്കുകൾ നിയമവിരുദ്ധമായി കടത്തപ്പെടുന്നു. ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്‌വ്യാപാരികൾ കള്ളക്കടത്തുചരക്കുകളുടെ ലേലങ്ങളിൽ പങ്കെടുത്ത് ജപ്തിചെയ്യപ്പെട്ട ചരക്കുകൾ വില്ക്കുന്നതിനുവേണ്ട രേഖകൾ സമ്പാദിക്കുകയും പിന്നീട്, കള്ളക്കടത്തുമാർഗ്ഗങ്ങളിലൂടെ രാജ്യത്തെത്തുന്ന ചൈനീസ്‌ചരക്കുകൾ വൻതോതിൽ വിററഴിക്കുകയും ചെയ്യുന്നു.

ചൈനയിൽനിന്നുള്ള കറുപ്പുകള്ളക്കടത്ത് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ആപൽക്കരമാണ്. പ്രധാനമായും ഹോങ്കോങ്ങിലൂടെയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിലൂടെയും കറുപ്പും അതിൽനിന്നുള്ള ഉല്പന്നങ്ങളും മയക്കുമരുന്നുകളുടെ ലോകവിപണിയിലേക്കു ചൈന വൻതോതിൽ നിയമവിരുദ്ധമായി കടത്തിവരുന്നു.

കറുപ്പുല്പാദനത്തിന്റെ പ്രധാനകേന്ദ്രങ്ങളിലൊന്നാണ് ബർമ്മയും ലാവോസും തായ്‌ലണ്ടും തമ്മിൽ സന്ധിക്കുന്നിടത്തുള്ള ''സുവർണ്ണത്രികോണം''. ചൈനീസ് അതിർത്തിയോടടുത്തു സ്ഥിതിചെയ്യുന്ന ആ കേന്ദ്രം ചൈനയുടെ കുത്സിതമായ കറുപ്പിടപാടുകൾക്കു മറയായി വർത്തിക്കുന്നു. വമ്പിച്ച വിത്തീയവിഭവങ്ങളും കള്ളക്കടത്തിൽ പരിചയവും വിപുലമായ വില്പനവിധാനവും വിദേശങ്ങളിലെ കറുപ്പുബിസിനസ്സുകാരുമായി ബന്ധവുമുള്ള ചൈനീസ്‌മുതലാളിമാരാണ് പ്രധാനമായും ആ പ്രദേശത്തു കറുപ്പുബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നതെന്ന കാര്യം സുവിദിതമാണ്. ചൈനീസ്‌മുതലാളിമാരും ചൈനയും തമ്മിൽ രഹസ്യമായ സഹകരണം നിലവിലുണ്ട്. അതിൽനിന്ന് ഇരുപക്ഷവും പെരുത്ത ലാഭമാർജ്ജിക്കുന്നു. ലഭ്യമായ കണക്കുകൾപ്രകാരം ചൈ

നയിലേക്ക് അതിൻെറ തെക്കൻ അതിർത്തിയിലൂടെ പ്രതിവർഷം 50 മുതൽ 100 വരെ ദശലക്ഷം ഡോളർ വിലവരുന്ന സ്വർണ്ണം നിയമവിരുദ്ധമായി കടത്തപ്പെടുന്നു4. കുറഞ്ഞപക്ഷം ഭാഗികമായിട്ടെങ്കിലും, അതിനുപകരം കറുപ്പും അതിൻനിന്നുള്ള ഉല്പന്നങ്ങളും ചൈന നല്കുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു. രണ്ടു വസ്തുതകൾ അതിനു തെളിവായുണ്ട്. ഒന്നാമതായി, അയൽപക്കത്തുള്ള ഏഷ്യൻരാജ്യങ്ങളിൽനിന്നു ചൈനയിലേക്കു കടത്തപ്പെടുന്ന സ്വർണ്ണത്തിനുപകരം ചൈന ഏതെല്ലാം ചരക്കുകളും സേവനങ്ങളുമാണ് അവയ്ക്കു നല്കുന്നതെന്നതിനെ സംബന്ധിച്ച വിശ്വാസ്യമായ വിശദീകരണങ്ങളൊന്നുംതന്നെയില്ല. രണ്ടാമതായി, ഹെറോയിനും സ്വർണ്ണത്തിനുമുള്ള പൊതുപ്രത്യേകതകൾ (അവയുടെ ഉയർന്ന വില, ഒതുക്കം, അവയുമായുള്ള ഇടപാടുകളുടെ നിയമവിരുദ്ധസ്വഭാവം എന്നിവ) മൂലം അവ വില്ക്കുന്നതിനു സദൃശമായ രീതികളും ഏർപ്പാടുകളും ആവശ്യമാണ്.

## 5. പീക്കിങ്ങും മറുനാടൻ ചൈനീസ് ബൂർഷ്വാസിയിൽനിന്നുള്ള വിദേശനാണ്യവരവും

നേരിട്ടും മദ്ധ്യവർത്തികൾമുഖേനയും നിയമവിരുദ്ധമായും പീക്കിങ്ങ് നടത്തുന്ന വ്യാപാരത്തിൽത്തന്നെ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അസമത്വത്തിൻേറയും ചൂഷണത്തിൻേറയും അനേകം ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാൽ മേഖലയിലെ ജനതകളെ പീകിങ്ങ് പരസ്യമായി ചൂഷണംചെയ്യുന്ന മറെറാരു സാമ്പത്തിക ഉറവിടിയുണ്ട്. മറുനാടൻ ചൈനീസ്ബൂർഷ്വാസിയുടെ ചൈനയിലേക്കുള്ള പണമയയ്ക്കലാണത്.

മറുനാടൻ ചൈനീസ്ബൂർഷ്വാസിയുമായുള്ള ബന്ധങ്ങളുടെ സാമ്പത്തികവശത്തിൽ പ്രത്യേകശ്രദ്ധചെലുത്തുന്ന പീക്കിങ്ങ് ദക്ഷിണപൂർവ്വേഷ്യയിലെ ജനതകൾക്കു ഹാനികരമാംവിധം ആ ബൂർഷ്വാസിയിൽനിന്നു ചൂഷകാദായം കൈക്കലാക്കുകയെന്ന മനഃപൂർവ്വവും സോദ്ദേശവുമായ നയം അനുവർത്തിച്ചുവരുന്നു. മറുനാടൻ ചൈനീസ്മുതലാളിമാരുടെ ചൂഷകാദായത്തെ ചൈനയുടെ സമ്പദ്വ്യവസ്ഥയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി അങ്ങേയററം അനുകൂലമായ സാഹചര്യങ്ങൾ പീക്കിങ്ങ് സൃഷ്ടിച്ചിരിക്കുന്നു. 50–കളുടെ മദ്ധ്യത്തിൽ പീക്കിങ്ങ് അവർക്കു മൂലധനമിറക്കുന്നതിനുള്ള വിപുലമായ മണ്ഡലങ്ങൾ തുറന്നുകൊടുക്കുകയും പി.ആർ.സി.യിൽ അവരുടെ സ്വത്തു് അലംഘനീയമായിരിക്കുമെന്നു് ഉറപ്പുനല്കുകയും മറുനാടൻ ചൈനീസ്മൂലധനനിക്ഷേപകർ

ക്കം അവരുടെ ചൈനയിലുള്ള ബന്ധുക്കാംക്കും വളരെയേറെ ആനുകൂല്യങ്ങറം നല്ലാമെന്നേൽക്കുകയും ചെയ്തു. ചൈനയിലെ ബന്ധുക്കാംക്കുള്ള മണിയോർഡറുകറം, മൂലധനനിക്ഷേപങ്ങറം, പി.ആർ.സി. ബാങ്കുകളിലുള്ള സമ്പാദ്യങ്ങറം, ചൈനയുടെ സ്റ്റേററ്വാഗ്ദാബോണ്ടുകളുടെ ക്രീണനം, പരോപകാരസംഭാവനകറം എന്നിങ്ങനെ ചൈനീസ്ബൂർഷ്വാസിക്കുള്ള സാമ്പത്തികബന്ധങ്ങളുടെ രൂപത്തിൽ യുദ്ധാനന്തരവർഷങ്ങളിൽ ചൈനയ്ക്കു മുടങ്ങാതെ വമ്പിച്ച വരുമാനം ലഭിക്കുന്നു. 1950—57 വർഷങ്ങളിൽ പി.ആർ.സി.യ്ക്കു ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസിയിൽനിന്നു പ്രതിവർഷം ശരാശരി ലഭിച്ചിരുന്നതു് 120 ദശലക്ഷം അമേ. ഡോളറായിരുന്നു. 1958—1963 വർഷങ്ങളിൽ അതു് 100 ദശലക്ഷം ഡോളറായി ചുരുങ്ങി. 1964—65 വർഷങ്ങളിൽ അതു് 180 ദശലക്ഷം ഡോളറായി വർദ്ധിക്കുകയുണ്ടായി. ''സാംസ്കാരികവിപ്ലവ''ത്തിൻെറ കാലത്തു് അതു 90 ദശലക്ഷമായി കുറഞ്ഞെങ്കിലും 1967—നുശേഷം അതു വീണ്ടും 180 ദശലക്ഷം ഡോളറായി ഉയർന്നു. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി നയതന്ത്രബന്ധം സ്ഥാപിക്കപ്പെടുന്നതോടെ തദ്ദേശചൈനീസ്ബൂർഷ്വാസിക്കിടയിൽ പീക്കിങ്ങിൻെറ പ്രവർത്തനം ശക്തിയാർജ്ജിക്കുമെന്നു കരുതപ്പെടുന്നതിനാൽ അവരിൽനിന്നുള്ള വരുമാനം ഇനിയും വർദ്ധിക്കാൻ സാധ്യതയുണ്ടു്.

അങ്ങനെ 1950—71 കാലത്തു തദ്ദേശചൈനീസ്ബൂഷ്വാസിയിൽനിന്നു ചൈനയിലേക്കുള്ള വിദേശനാണ്യ പ്രവാഹത്തിൻെറ രൂപത്തിൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങറംക്കു മൊത്തം 3 ശതകോടി (പ്രതിവർഷം ശരാശരി 130 ദശലക്ഷം) ഡോളറോളം നഷ്ടപ്പെട്ടു. മേഖലയിലെ രാജ്യങ്ങളിൽ ചൈനീസ്ബൂർഷ്വാസി നിക്ഷേപിച്ചിരിക്കുന്ന മൂലധനത്തിൽനിന്നു് അവർക്കു കിട്ടുന്ന ലാഭമാണല്ലോ ചൈനയിലേക്കയയ്ക്കപ്പെടുന്ന വിദേശനാണ്യത്തിനും ചരക്കുകറംക്കും പ്രധാനമായും ഉറവിടമായിട്ടുള്ളതു്. ആ ഉറവിടത്തിൽനിന്നുള്ള വരുമാനങ്ങറം ചൈനയിലേക്കൊഴുക്കുന്നതിനെ ലക്ഷ്യമാക്കിയുള്ള നയം പീക്കിങ്ങ് അനുവർത്തിക്കുന്നതിനാൽ പീക്കിങ്ങിനോടു് അനുഭാവമുള്ള മറുനാടൻചൈനീസ്ബൂർഷ്വാസിമുഖേന പി.ആർ.സി. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളെ ചൂഷണംചെയ്യുന്നതിൽ സജീവമായി പങ്കെടുക്കുന്നുവെന്നു പറയാൻ കഴിയും.

പി.ആർ.സിയെ സംബന്ധിച്ചിടത്തോളം ഈ മൂലധനപ്രവാഹം ചൈനീസ്ബൂർഷ്വാസിക്കു പീക്കിങ്ങിനോടു രാഷ്ട്രീയാനുഭാവമുള്ളതിനാൽ ലഭിക്കുന്ന ചൂഷകവരുമാനമാണു്. മറുനാടൻ ചൈനീസ്ബൂർഷ്വാസിയെ സംബന്ധിച്ചിടത്തോളം അതു് പീക്കിങ്ങ് അവർക്കു ന

ല്കന്ന സംരക്ഷണങ്ങളുള്ള പ്രതിഫലമല്ലാതെ മറെറാന്നുമല്ല. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളെ സംബന്ധിച്ചിടത്തോളമാകട്ടെ, ചൈനീസ്മൂലധനം ചോർന്നുപോകുന്നതു് നിരന്തരമായ ഒരു വമ്പിച്ച നഷ്ടമാണു്. ആ രാജ്യങ്ങളുടെ ദേശീയസമ്പദ്വ്യവസ്ഥയെ അതു തുരങ്കംവയ്ക്കുന്നു.

ചൈനയുമായുള്ള ബന്ധങ്ങളിൽ അസമത്വത്തിൻേറയും ചൂഷണത്തിൻേറയും ഘടകങ്ങളുണ്ടെങ്കിലും പകരം ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കു ചൈനയിൽനിന്നു വമ്പിച്ച സാമ്പത്തികസഹായം ലഭിക്കുന്നുണ്ടെന്നു കരുതിയേക്കാം. എന്നാൽ അതങ്ങനെയല്ലെന്നു് ആ രാജ്യങ്ങൾക്കുള്ള ചൈനീസ് സഹായപരിപാടിയുമായി തെല്ലൊന്നു പരിചയപ്പെട്ടാൽ മനസ്സിലാവും.

## 6. മേഖലയിലെ രാജ്യങ്ങൾക്കുള്ള ചൈനീസ് സഹായപരിപാടി

പീക്കിങ്ങിൻെറ മഹച്ഛക്തിമോഹങ്ങൾനിമിത്തം ദക്ഷിണപൂർവ്വേഷ്യയിലെ വികസ്വരരാജ്യങ്ങൾക്കുള്ള ചൈനീസ് സാമ്പത്തികസഹായപരിപാടിക്കു് ആ രാജ്യങ്ങളുടെ സാമ്പത്തികവികാസത്തിലേക്കു ക്രിയാത്മകമായ സംഭാവന നല്കാൻ കഴിഞ്ഞിട്ടില്ല. മൊത്തത്തിൽ ആ സഹായത്തിൻെറ ഫലം അങ്ങേയററം പരിമിതവുമായിരുന്നു.

വികസ്വരരാജ്യങ്ങളിൽവച്ചു് ആദ്യമായി കമ്പോഡിയയ്ക്കു 1956 മേയിൽ ചൈനയിൽനിന്നു 22.9 ദശലക്ഷം ഡോളർ ദാനമായി ലഭിച്ചു. തുണി, പ്ലൈവുഡ്, സിമൻറു്, കടലാസ് എന്നിവ ഉല്പാദിപ്പിക്കുന്ന ഫാക്ടറികളും രണ്ടു് ആശുപത്രികളും ഏതാനും റോഡുകളും നിർമ്മിക്കുന്നതിനുവേണ്ടിയായിരുന്നു അതു്. ആ പ്രോജക്ടുകളുടെ ചെലവു കണക്കാക്കിയതിൽ ചില തെററുകൾ പിണഞ്ഞിട്ടുള്ളതായി അവയുടെ നിർമ്മാണസമയത്തു വെളിപ്പെടുകയും അവ പൂർത്തിയാക്കുന്നതിനുവേണ്ടി 1961 ജനുവരിയിൽ ചൈന കമ്പോഡിയയ്ക്കു 11 ദശലക്ഷം ഡോളറിൻെറ വായ്പ അനുവദിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ മററു ചില പ്രോജക്ടുകളുടെ നിർമ്മാണത്തിനായി 15.5 ദശലക്ഷം ഡോളറിൻെറ വായ്പയും അനുവദിക്കപ്പെട്ടു. അങ്ങനെ മൊത്തം 49.4 ദശലക്ഷം ഡോളർ വരുന്ന സഹായം ചൈന കമ്പോഡിയയ്ക്കു വാഗ്ദാനം ചെയ്തു. ചൈനാ—കമ്പോഡിയാ സാമ്പത്തികസഹകരണത്തിൽപ്പെട്ട പല പ്രോജക്ടുകളും സാക്ഷാൽക്കരിക്കപ്പെടുകയുണ്ടായില്ല. മേല്പറഞ്ഞ വായ്പകളുടേയും സഹായധനത്തിൻേറയും ഒരു പങ്കു് കമ്പോഡിയയിൽത്തന്നെയുള്ള ചൈനീസ്ബൂർഷ്വാസിയിൽനിന്നു ശേഖരിക്കപ്പെട്ടതാണെന്നു വിദേശറിപ്പോർട്ടുകളിൽനിന്നു് അറിയാൻ കഴിയുന്നു.

ഒരു നൂൽനൂൽപ്പുമില്ല് തുടങ്ങുന്നതിനുവേണ്ടി 1958 ജനുവരിയിൽ ചൈന ബർമ്മയ്ക്ക് ആദ്യമായി 4.2 ദശലക്ഷം ഡോളറിൻെറ വായ്പ അനുവദിച്ചു. 1961 ജനുവരിയിൽ 84 ദശലക്ഷം ഡോളറിൻെറ പലിശയില്ലാത്ത വായ്പ അനുവദിക്കപ്പെട്ടു. 1961–67 കാലത്ത് 13 തുണി വ്യവസായശാലകൾ നിർമ്മിക്കുന്നതിനുവേണ്ടിയായിരുന്നു അത്. വായ്പ 1971 മുതൽ 1980 വരെയുള്ള കാലത്തു തിരിച്ചടയ്ക്കേണ്ടതാണ്. മേല്പറഞ്ഞ വ്യവസായശാലകൾ ചൈനയിൽനിന്നു പ്രത്യയശാസ്ത്രപരവും ഭൗതികവുമായ പിന്തുണ ലഭിക്കുന്ന ഒളിപ്പോരുകാർ പ്രവർത്തിക്കുന്ന അതിർത്തിപ്രദേശങ്ങളിൽ സ്ഥാപിക്കണമെന്ന ഉദ്ദേശം ചൈന വെളിപ്പെടുത്തുകയുണ്ടായി. സാമ്പത്തികസഹകരണകരാറനുസരിച്ച് നൂറുകണക്കിനു ചൈനീസ്‌വിദഗ്ധന്മാർ ബർമ്മയിലെത്തി. തദ്ദേശചൈനാക്കാരുടേയും യുവജനങ്ങളുടേയുമിടയിൽ അവർ പീക്കിങ്ങിനുവേണ്ടി സജീവമായ പ്രചാരണക്യാമ്പെയിൻ ആരംഭിച്ചു. 1967–ൽ റംഗൂണിൽ നടന്ന സംക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിൽ അവർ പങ്കെടുത്തു. ''സാംസ്കാരികവിപ്ലവ''ത്തെ ബർമ്മയിലേക്കു പടർത്തുന്നതിനുള്ള പീക്കിങ്ങിൻെറ ശ്രമമായിരുന്നു അത്. അതോടനുബന്ധിച്ച് ബർമ്മ ചൈനയുമായുള്ള രാഷ്ട്രാന്തരബന്ധങ്ങൾ വിടർത്തുകയും ചൈനീസ്‌വിദഗ്ധന്മാരെ തിരിച്ചയയ്ക്കുകയും സാമ്പത്തികസഹകരണം നിർത്തിവയ്ക്കുകയും ചെയ്തു. 1967–ഓടുകൂടി 84 ദശലക്ഷം ഡോളറിൻെറ ചൈനീസ്‌വായ്പ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതായിരുന്നെങ്കിലും 27.3 ദശലക്ഷം ഡോളർ മാത്രമാണ് അതുവരെയുള്ള കാലത്ത് ഈടാക്കപ്പെട്ടത്. വ്യവസായശാലകൾ നിർമ്മിക്കുന്നതിനുള്ള പരിപാടി നിർത്തിവച്ചതിൻെറ ഫലമായി ബർമ്മയ്ക്കു വമ്പിച്ച നഷ്ടം സഹിക്കേണ്ടിവന്നു.

1971 ശരൽക്കാലത്തു ബർമ്മാ–ചൈനാബന്ധങ്ങൾ സാധാരണവൽക്കരിക്കപ്പെടുകയും സാമ്പത്തികസഹകരണം പുനരാരംഭിക്കുകയും ചെയ്തു. 1961–ലെ വായ്പയുടെ ഈടാക്കപ്പെടാത്ത ഭാഗം (56 ദശലക്ഷം ഡോളർ) 1975 വരെ തുണിവ്യവസായവികസനത്തിനായി ഉപയോഗിക്കാൻ ഒരു പ്രത്യേകകരാറിലൂടെ ചൈന ബർമ്മയ്ക്ക് അനുവാദം നല്കി. 10 വർഷത്തെ കാലാവധിയാണ് അതിനു നിശ്ചയിച്ചിട്ടുള്ളത്. 1980 മുതൽ ബർമ്മ അതിൻെറ കടങ്ങൾ വീട്ടാൻ തുടങ്ങണം. 1972 മുതൽ 1974 വരെയുള്ള കാലത്തു ചൈനീസ്‌ചരക്കുകൾ വാങ്ങുന്നതിനുവേണ്ടി ബർമ്മയ്ക്കു മൊത്തം 30 ദശലക്ഷം ഡോളർവരുന്ന വായ്പകൾ 1971–73 വർഷങ്ങളിൽ ചൈന അനുവദിക്കുകയുണ്ടായി.

അങ്ങനെ ബർമ്മാ–ചൈനാ സാമ്പത്തികസഹകരണം അത്ര ഫലപ്രദമായിരുന്നില്ല. പീക്കിങ്ങിൻെറ മഹച്ഛക്തിമോഹങ്ങൾ നിമിത്തം ദീർഘകാലത്തേക്കു നിലച്ചുപോയ ആ സഹകരണം യഥാർത്ഥത്തിൽ

ഇപ്പോരംമാത്രമാണ് പ്രായോഗികതലത്തിലേക്ക പ്രവേശിച്ചുതുടങ്ങിയിരിക്കുന്നതു്.

1967–ൽ ചൈനയുമായുള്ള ബന്ധങ്ങരം വിച്ഛേദിക്കുന്നതുവരെ ഇന്തോനേഷ്യയ്ക്കും ചൈനീസ് സാമ്പത്തികസഹായം ലഭിച്ചിരുന്നു. വ്യാപാര ഇടപാടുകളുടെ അസമതയുടെ ഫലമായി ഇന്തോനേഷ്യയ്ക്കുണ്ടായ, മൊത്തം 16.2 ദശലക്ഷം ഡോളർവരുന്ന ഋണബാദ്ധ്യതകളെ വായ്പയായി ക്രോഡീകരിക്കാൻ ഇരുപക്ഷങ്ങളും 1956 നവമ്പറിൽ സമ്മതിച്ചു. 1958 ഏപ്രിലിൽ ചൈന 11 ദശലക്ഷം ഡോളറിൻെറ വായ്പ ഇന്തോനേഷ്യയ്ക്ക് അനുവദിച്ചു. 10 വർഷത്തെ കാലാവധിയോടുകൂടി ആ വായ്പ ചൈനയിൽനിന്നു് അരിയും വസ്ത്രങ്ങളും വാങ്ങുന്നതിനുവേണ്ടിയുള്ളതായിരുന്നു. തുണിവ്യവസായത്തിനുവേണ്ടി യന്ത്രോപകരണങ്ങരം വാങ്ങുന്നതിനായി 15 വർഷത്തെ കാലാവധിയോടും 2.5 ശതമാനം പലിശനിരക്കോടുംകൂടിയ 30 ദശലക്ഷം ഡോളറിൻെറ ഒരു വായ്പ 1959 ഫെബ്റുവരിയിൽ ചൈന ഇന്തോനേഷ്യയ്ക്കു നല്കി. 1956–65 കാലത്തു ചൈന ഇന്തോനേഷ്യയ്ക്കു വാഗ്ദാനം ചെയ്ത വായ്പകളുടെ ആകെത്തുക 123.4 ദശലക്ഷം ഡോളറാണ്. അതിൽ നിശ്ചിതകാലാവധിയോടുകൂടിയ ചരക്കവായ്പകളുടെ രൂപത്തിൽ അനുവദിക്കപ്പെട്ടതുമാത്രമേ ഇന്തോനേഷ്യയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞുള്ളു. ചൈനീസ്സഹായത്തോടെയുള്ള പ്രോജക്ടുകളുടെ കാര്യമാണെങ്കിൽ, അവയിലൊന്നുപോലും പൂർത്തിയാക്കപ്പെടുകയുണ്ടായില്ല.

അങ്ങനെ 1956–74 കാലത്തു് സാമ്പത്തികസഹായമെന്ന നിലയ്ക്ക് ദക്ഷിണപൂർവ്വേഷ്യയിലെ വികസ്വരരാജ്യങ്ങരംക്ക 300 ദശലക്ഷം ഡോളറോളം ചൈന വാഗ്ദാനം ചെയ്യുകയുണ്ടായി. എന്നാൽ യഥാർത്ഥത്തിൽ ആ രാജ്യങ്ങരംക്ക നല്കിയ സഹായം 100 ദശലക്ഷം ഡോളറിലധികം വരില്ല. അതായതു് മേഖലയിലെ രാജ്യങ്ങരംക്ക പ്രതിവർഷം ശരാശരി 5.5 ദശലക്ഷം ഡോളർ ചൈനയിൽനിന്നു സാമ്പത്തികസഹായമായി ലഭിച്ചുവെന്നർത്ഥം. ആ രാജ്യങ്ങളിൽനിന്നു് ഇതരസാമ്പത്തികവിനിമയമാർഗ്ഗങ്ങളിലൂടെ ചൈനയ്ക്കു കിട്ടുന്ന വരുമാനവുമായി തട്ടിച്ചുനോക്കുമ്പോരം അതു വളരെ നിസ്സാരമാണ്.

## 7. ചൈനയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികവിനിമയത്തിൻെറ ഭാവി

പി.ആർ.സി.യുടെ കാൽനൂററാണ്ടുകാലത്തെ നിലനില്പിനിടയിൽ അതിൻെറ നേതൃത്വത്തിനു ദക്ഷിണപൂർവ്വേഷ്യയിലെ അയൽരാജ്യങ്ങളു

മായിപ്പോലും ക്രിയാത്മകവും പരസ്പരം പ്രയോജനകരവുമായ സാമ്പത്തികവിനിമയത്തിലേർപ്പെടാൻ കഴിഞ്ഞിട്ടില്ല. മേഖലയിലെ രാജ്യങ്ങളുടെ സാമ്പത്തികാവശ്യങ്ങളോടുള്ള പീക്കിങ്ങിൻെറ മഹച്ഛക്തിസമീപനത്തിൻെറ വിനാശകരമായ സ്വാധീനത്തിൻകീഴിലാണ് ആ രാജ്യങ്ങളുമായുള്ള ചൈനയുടെ സാമ്പത്തികബന്ധങ്ങൾ രൂപംകൊണ്ടതെന്നതാണ് കാര്യങ്ങൾ ഇത്രയും ശോചനീയമായിരിക്കുന്നതിനുള്ള മുഖ്യകാരണം. ദക്ഷിണപൂർവ്വേഷ്യയുമായുള്ള ചൈനയുടെ സാമ്പത്തികസമ്പർക്കങ്ങൾ അസമത്വത്തിൻേറയും ചൂഷണത്തിൻേറയും ഘടകങ്ങളാൽ ദൂഷിതമാണ്. ചൈനയ്ക്കു് ഏകപക്ഷീയമായ ആദായമുണ്ടാക്കുന്നതിനുവേണ്ടിയാണ് അയൽരാജ്യങ്ങളുമായുള്ള സാമ്പത്തികവിനിമയത്തെ അതുപയോഗപ്പെടുത്തുന്നതു്. ബർമ്മ, സിംഗപ്പൂർ, മലേഷ്യ എന്നീ രാജങ്ങളുമായി നേരിട്ടുള്ള വ്യാപാരത്തിൽ ഇറക്കുമതിയിലുമധികം കയററുമതി നടത്തിക്കൊണ്ടു നേടുന്ന 175 ദശലക്ഷം ഡോളറും, ഹോങ്കോങ്ങും സിംഗപ്പൂരുംവഴിയുള്ള ചൈനീസ്ചരക്കുകളുടെ പരോക്ഷകയററുമതിയിൽനിന്നു ലഭിക്കുന്ന 250 ദശലക്ഷം ഡോളറും, കറുപ്പും മററു ചില ചരക്കുകളും മേഖലയിലെ രാജ്യങ്ങളിലേക്കു കള്ളക്കടത്തു നടത്തുന്നതിൽനിന്നു കുറഞ്ഞപക്ഷം കിട്ടുന്ന 50 ദശലക്ഷം ഡോളറും, ദക്ഷിണപൂർവ്വേഷ്യയിലെ ചൈനീസ്ബൂർഷ്വാസി ചൈനയിലേക്കയയ്ക്കുന്ന 130 ദശലക്ഷം ഡോളറുമാണ് ചൈനയ്ക്കു മേഖലയിൽനിന്നുള്ള പ്രതിവർഷവരുമാനത്തിൽ ഉൾപ്പെടുന്നതു്. അങ്ങനെ വ്യത്യസ്തമാർഗ്ഗങ്ങളിലൂടെ ചൈനയ്ക്കു് അവിടെനിന്നു വർഷംതോറും 600 ദശലക്ഷം ഡോളർ വിദേശനാണ്യമായി ലഭിക്കുന്നു. നേരിട്ടും മദ്ധ്യവർത്തികൾമുഖേനയുമുള്ള വ്യാപാരത്തിൽനിന്നും കള്ളക്കടത്തിൽനിന്നും ചൈനയ്ക്കു കിട്ടുന്ന വിദേശനാണ്യത്തിനുപകരം മേഖലയിലെ രാജ്യങ്ങൾക്കു ചരക്കുകൾ ലഭിക്കുന്നുണ്ടെന്നു കരുതാമെങ്കിൽ, ചൈനീസ്ബൂർഷ്വാസി ചൈനയിലേക്കയയ്ക്കുന്ന പണമാകട്ടെ ദക്ഷിണപൂർവ്വേഷ്യയെ സംബന്ധിച്ചിടത്തോളം കേവലനഷ്ടമാണ്. മേഖലയുമായുള്ള സാമ്പത്തികവിനിമയത്തിൽ പീക്കിങ്ങ് കൈക്കൊള്ളുന്ന പ്രത്യേകരീതികൾ ഏഷ്യൻവികസ്വരരാജ്യങ്ങളുടെ നാണയ–ചുങ്കപരമാധികാരത്തെ ദുർബ്ബലമാക്കുകയും തുരങ്കംവയ്ക്കുകയും അങ്ങനെ ആ രാജ്യങ്ങൾക്കു വമ്പിച്ച പരോക്ഷഹാനി ഉളവാക്കുകയും ചെയ്യുന്നു.

പരിമിതമായ തോതിലുള്ള ചൈനീസ് സാമ്പത്തികസഹായപരിപാടികൾ വലിയ സാധ്യതകളില്ലെന്നു മാത്രമല്ല, ചൈനീസ്പക്ഷം അതു പലപ്പോഴും രാഷ്ട്രീയകാരണങ്ങളാൽ നിർത്തിവയ്ക്കുകയും ചെയ്യുന്നു. അതിനാൽ ചൈനയുമായുള്ള സാമ്പത്തികവിനിമയപ്രക്രിയയിൽ അയൽരാജ്യങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങൾ ആ സഹായംകൊണ്ടു് ഒട്ടുംതന്നെ പരിഹരിക്കപ്പെടുന്നില്ല. സാമ്പത്തികതലത്തിൽ ആ സഹായം അതു ല

ഭിക്കുന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വിഭവങ്ങൾ ദീർഘകാലത്തേക്കു പാഴാവുന്നതിലും വികസനപരിപാടികൾ പരാജയപ്പെടുന്നതിലുമാണു പലപ്പോഴും കലാശിക്കുന്നതു്. രാഷ്ട്രീയതലത്തിലാകട്ടെ അതു് ആ രാജ്യങ്ങളുടെ പരമാധികാരത്തിനു ഭീഷണിയായിത്തീരുന്നു.

ചൈനയ്ക്കു ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായി ഉണ്ടായിരുന്നതും ഉള്ളതുമായ സാമ്പത്തികബന്ധങ്ങളാണു മേൽക്കാണിച്ചതു്. ഇനി അവയുടെ ഭാവിയെപ്പററി ഏതാനും വാക്കുകൾ.

രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുവേണ്ടി നടക്കുന്ന കൂടിയാലോചനകളുടെ സമയത്തു് ഏഷ്യയിലെ വികസ്വരരാജ്യങ്ങൾ ചൈനയുമായി നേരിട്ടുള്ള സാമ്പത്തികബന്ധങ്ങൾ വിപുലീകരിക്കുന്നതിൽ സ്വാഭാവികമായ താല്പര്യം പ്രദർശിപ്പിച്ചുവരുന്നു. ചൈനയുമായുള്ള സാമ്പത്തികവിനിമയം ഇനിമേൽ പരസ്പരനന്മയുടെ അടിസ്ഥാനത്തിൽ, അസമത്വത്തിൻേറയും ചൂഷണത്തിൻേറയും ഘടകങ്ങളില്ലാതെ നടക്കുമെന്നു് ആ രാജ്യങ്ങൾ പ്രതീക്ഷിക്കുന്നു. ചൈനീസ്‌വിപണിയിലേക്കു തങ്ങളുടെ പരമ്പരാഗതചരക്കുകളുടേയും പുതിയ ഉല്പന്നങ്ങളുടേയും കയററുമതി വളരെ വിപുലീകരിക്കണമെന്നും അങ്ങനെ ചൈനയുമായുള്ള വ്യാപാരത്തിൽ നിരന്തരമായി അനുഭവപ്പെടുന്ന കമ്മി ഇല്ലാതാക്കണമെന്നും ദക്ഷിണപൂർവ്വേഷ്യയിലെ ബിസിനസ്സ്‌വൃത്തങ്ങൾക്കു് ആഗ്രഹമുണ്ടു്. ചൈനയുമായുള്ള വ്യാപാരവികസനത്തിൻെറ ഫലമായി തങ്ങളുടെ ദേശീയ അടച്ചുബാക്കിയുടെ നില മെച്ചപ്പെടുത്താൻ മേഖലയിലെ രാജ്യങ്ങൾക്കു കഴിയുമെന്നു് അതോടനുബന്ധിച്ച പ്രതീക്ഷിക്കപ്പെടുന്നു. വ്യവസായവൽക്കരണാവശ്യങ്ങൾക്കുവേണ്ടിയുള്ള യന്ത്രോപകരണങ്ങൾ ചൈനയിൽനിന്നു പ്രതീക്ഷിക്കുന്നില്ലെങ്കിലും അവിടെനിന്നു പല ഉപഭോഗവസ്തുക്കളും ആദായവിലയ്ക്കു വാങ്ങാമെന്നു ദക്ഷിണപൂർവേഷ്യൻരാജ്യങ്ങൾ കരുതുന്നു. ജപ്പാനിൽനിന്നും അമേരിക്കയിൽനിന്നും പടിഞ്ഞാറൻയൂറോപ്പിൽനിന്നുമുള്ള കുത്തകകൾ കൊടികുത്തിവാഴുന്ന അവയുടെ വിപണികളിൽ നിലവിലുള്ള മാത്സര്യഘടകത്തെ തങ്ങൾക്കു് ആദായകരമായി ഉപയോഗപ്പെടുത്താൻ ആ രാജ്യങ്ങൾക്കു തന്മൂലം സാധിക്കും. ചൈനയുമായി നേരിട്ടുള്ള വ്യാപാരം വികസിപ്പിക്കുന്നതിൻെറ ഫലമായി ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും മദ്ധ്യവർത്തികളെ അകററിനിർത്താമെന്നും കമ്മീഷൻവകയിൽ അവർക്കു കിട്ടുന്ന വമ്പിച്ച വരുമാനത്തിനു് അറുതിവരുത്താമെന്നും ദക്ഷിണപൂർവേഷ്യൻരാജ്യങ്ങൾ കരുതുന്നു. മാത്രമല്ല, ചൈനയുമായുള്ള കയററുമതി–ഇറക്കുമതി ഇടപാടുകളുടെമേൽ സ്റ്റേററ്‌നിയന്ത്രണം ഏർപ്പെടുത്തുന്നതോടുകൂടി വിദേശവ്യാപാരസംബന്ധമായ ഗവണ്മെൻറുനടപടികളുടെ സഫലത വർദ്ധിക്കുമെന്നും വിദേശവ്യാപാരത്തിൽ ദേശീയബൂർഷ്വാസിയു

ടെ കൈനില ശക്തിപ്പെട്ടമെന്നും പ്രതീക്ഷിക്കപ്പെടുന്നു. ദേശീയവികസനത്തിൻെറ ആവശ്യങ്ങറംക്കവേണ്ട സഹായം ചൈനയിൽനിന്നു ലഭിക്കുമെന്നു ചില അയൽരാജ്യങ്ങറം കരുതുന്നു. അവസാനമായി, മറുനാടൻചൈനാക്കാരുടെ മൂലധനത്തെ മേഖലയ്ക്കു വെളിയിലേക്ക്, പ്രഥമമായും ചൈനയിലേക്കു പ്രവഹിപ്പിക്കാൻ പുതിയ സാഹചര്യങ്ങളിൽ പീക്കിങ്ങ് ശ്രമിക്കുകയില്ലെന്നു പ്രത്യാശിക്കപ്പെടുന്നു.

എന്നാൽ ആ പ്രത്യാശകറം സഫലമാകുമെന്നു തോന്നുന്നില്ല...

ചൈനയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രാന്തരബന്ധങ്ങളുടെ സാമ്പത്തികവശങ്ങറം കാര്യമായി ചർച്ചചെയ്യുന്നതിൽനിന്നു ചൈന ഒഴിഞ്ഞുമാറുകയാണു ചെയ്യുന്നതെന്ന് ആ ബന്ധങ്ങറം സാധാരണവൽക്കരിക്കുന്നതിനുവേണ്ടി ഇതേവരെ നടന്നിട്ടുള്ള കൂടിയാലോചനകളിൽനിന്നു വെളിപ്പെടുന്നു. ആ രാജ്യങ്ങളുമായുള്ള സാമ്പത്തികബന്ധങ്ങളുടെ ഇന്നത്തെ സ്വഭാവം ചൈനയെസംബന്ധിച്ചിടത്തോളം അതിൻെറ താല്പര്യങ്ങറംക്കു തികച്ചും അനുയോജ്യമാണ്.

ചൈനീസ് സമ്പദ്‌വ്യവസ്ഥയുടെ ആപേക്ഷികമായ പിന്നോക്കാവസ്ഥയും കയററുമതിവിഭവങ്ങളുടെ പരിമിതിയും നിമിത്തം കുറഞ്ഞപക്ഷം 70-കളുടെ അവസാനംവരെ ഭക്ഷ്യവിഭവങ്ങളിലും വ്യവസായവൽക്കരണത്തിനുവേണ്ടി ആധുനികയന്ത്രോപകരണങ്ങളിലും ദക്ഷിണപൂർവ്വേഷ്യയ്ക്കുള്ള ആവശ്യം നിറവേററാൻ ചൈനയ്ക്കു സാധിക്കുകയില്ല. കൂടുതൽ അകന്ന ഭാവിയിൽ, അതായതു് 80-കളുടെ അവസാനത്തോടുകൂടി ''പീക്കിങ്ങിൻെറ സ്വാധീനം ഏഷ്യയിലെല്ലായിടത്തും അനുഭവപ്പെടുന്നതിനു്''5—പ്രത്യേകിച്ചും അയൽപക്കത്തുള്ള ഏഷ്യൻവികസ്വരരാജ്യങ്ങളിൽ അനുഭവപ്പെടുന്നതിന്—വേണ്ടത്ര സാമ്പത്തികശേഷി ചൈനയ്ക്കു കൈവരും. സങ്കീർണ്ണമായ ഉല്പാദനരീതികറം ആവശ്യമില്ലാത്ത ചരക്കുകറം വിപണികറം പിടിച്ചടക്കുന്നതിനുവേണ്ടി വില കുറച്ച് ദക്ഷിണപൂർവ്വേഷ്യയിലേക്കു കയററുമതിചെയ്യാൻ ചൈനയ്ക്കു സാധിക്കും. എന്നാൽ അതേസമയം സങ്കീർണ്ണമായ യന്ത്രോപകരണങ്ങറം വികസിതമുതലാളിത്തരാജ്യങ്ങളിൽനിന്നു ചൈന വാങ്ങുകയും ചെയ്യും. ചൈനയും ദക്ഷിണപൂർവ്വേഷ്യയും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളുടെ സ്വഭാവത്തിനു സാരമായ മാററമൊന്നുമുണ്ടാവുകയില്ലെന്നർത്ഥം.

ദക്ഷിണപൂർവ്വേഷ്യൻവിപണികളിൽ ആക്രമണപരമായ കയററുമതിപരിപാടികറം നടപ്പിലാക്കിയാൽമാത്രമേ ചൈനയ്ക്കു് അവിടെനിന്നു വൻതോതിൽ ആവശ്യമുള്ള റബ്ബർ, സസ്യ എണ്ണകറം, പഞ്ചസാര തുടങ്ങിയ ചരക്കുകറം വേണ്ടത്ര വാങ്ങാനും അതോടൊപ്പം മേഖലയുടെ ചെലവിൽ ചൈനയുടെ സ്വർണ്ണ-വിദേശനാണ്യശേഖരം വർദ്ധിപ്പിക്കുകയെന്ന പീക്കിങ്ങിൻെറ പദ്ധതി സാക്ഷാൽക്കരിക്കാനും സാധിക്കൂ. അ

തിനാൽ ചൈന ആ രാജ്യങ്ങളുടെ വിപണികളിൽ പരുത്തിത്തുണിയും അതുകൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളും, കടലാസ്, രാസദ്രവ്യങ്ങൾ, ഇരുമ്പുകലർപ്പുള്ള ലോഹങ്ങൾ, പാദരക്ഷകൾ, ചൈനീസ്മരുന്നുകൾ, ചില ഭക്ഷ്യവിഭവങ്ങൾ, ലഘുയന്ത്രോപകരണങ്ങൾ എന്നിവ വർദ്ധമാനമായ തോതിൽ വിററഴിക്കാൻ ശ്രമിക്കും. കുറഞ്ഞ അളവിൽ പെട്രോളിയവും വില്പാനിടയുണ്ട്. അയൽരാജ്യങ്ങളിലേക്കുള്ള ചൈനയുടെ കയററുമതിസാധ്യതകളെ പെരുപ്പിച്ചുകാട്ടാൻ പീക്കിങ്ങ് ഇപ്പോൾത്തന്നെ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നതു ശ്രദ്ധേയമാണ്. എന്നാൽ മേല്പറഞ്ഞവയും മററു പല ചരക്കുകളും സേവനങ്ങളും നല്കുന്നതിനുള്ള കാര്യമായ സാധ്യതകൾ ചൈനയ്ക്കില്ലെന്നതിനാൽ—അതു സുവിദിതമായ വസ്തുതയാണ്—ചൈനയുടെ വാഗ്ദാനങ്ങൾ അസ്ഥിരസ്വഭാവത്തോടുകൂടിയവയാണ്. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളെ തെററിദ്ധരിപ്പിക്കുകയും ചൈനയുമായി സാമ്പത്തികസഹകരണം വികസിപ്പിക്കുന്നതു പ്രയോജനകരമായിരിക്കുമെന്ന മിഥ്യാബോധം ആ രാജ്യങ്ങൾക്കിടയിൽ സൃഷ്ടിക്കുകയുമാണ് പീക്കിങ്ങ് ഇപ്പോൾ പ്രകടിപ്പിക്കുന്ന സജീവതയുടെ ലക്ഷ്യം.

വികസിതമുതലാളിത്തരാജ്യങ്ങളിൽനിന്നു ലഭിച്ച ഇടക്കാലവായ്പകൾ തിരിച്ചടയ്ക്കേണ്ടതുള്ളതിനാൽ ചൈനയുടെ സ്വർണ്ണ—വിദേശനാണ്യശേഖരത്തെ പോഷിപ്പിക്കുന്നതിലും, അതിനുവേണ്ടി മേഖലയുമായുള്ള കയററുമതി—ഇറക്കുമതി ഇടപാടുകളിൽ ഇന്നുള്ളതിനേക്കാൾ വളരെ കൂടിയ അനുകൂലമിച്ചം സൃഷ്ടിക്കുന്നതിലും പീക്കിങ്ങ് വർദ്ധിതമായ താല്പര്യം അടുത്ത കാലത്തു പ്രകടിപ്പിക്കുമെന്നു കരുതേണ്ടിയിരിക്കുന്നു.

ഈ സാഹചര്യങ്ങളിൽ ദക്ഷിണപൂർവ്വേഷ്യയ്ക്കു ചൈനയിൽനിന്ന് അടുത്ത ഭാവിയിൽ കാര്യമായ സാമ്പത്തികസഹായമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഒരു വികസ്വരരാജ്യത്തിന്റെ പദവിക്കുവേണ്ടിയുള്ള ചൈനയുടെ പിടിവാദം, മററു പലതിനും പുറമെ, വികസ്വരരാജ്യങ്ങൾക്കുള്ള അതിന്റെ സഹായം കുറയുമെന്നുകൂടി സൂചിപ്പിക്കുന്നു. ''ഞങ്ങളുടെ സാമ്പത്തികവികാസനിലവാരം ഉയർന്നതല്ല. അതിനാൽ മിത്രരാജ്യങ്ങൾക്കു പരിമിതമായ സഹായം നല്കാനേ ഞങ്ങൾക്കു കഴിയൂ. എന്നാൽ ഞങ്ങളുടെ അന്താരാഷ്ട്രീയബാദ്ധ്യതകൾ നിറവേററുന്നതിനുവേണ്ടി കഴിവുള്ളതെല്ലാം ഞങ്ങൾ ചെയ്യും''[6] എന്ന മട്ടിലുള്ള പ്രസ്താവനകളിൽനിന്നു വികസ്വരരാജ്യങ്ങൾക്കു സാമ്പത്തികസഹായം നല്കുന്ന പ്രശ്നത്തിൽ പീക്കിങ്ങ് കൈക്കൊള്ളുന്ന നിലപാടു വ്യക്തമാകുന്നു. യഥാർത്ഥത്തിൽ അവിശ്വസ്തവും വിവേചനപരവുമായ ഇത്തരം സമീപനത്തിൽനിന്നു മനസ്സിലാക്കേണ്ടതു് അന്താരാഷ്ട്രീയരംഗത്തു ചൈനയുമായി ഉററ സഹകരണത്തിലേർപ്പെടാൻ തയ്യാറുള്ള വികസ്വരരാജ്യങ്ങൾക്കുമാത്രമേ ചൈ

ന സാമ്പത്തികസഹായം നല്കുകയുള്ളുവെന്നാണ്. ചൈനയും ദക്ഷിണ പൂർവ്വേഷ്യൻരാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രാന്തരബന്ധങ്ങളുടെ ഇന്നത്തെ സ്ഥിതിവച്ചുനോക്കുമ്പോൾ അത്തരത്തിലുള്ള സഹകരണം അസംഭാവ്യമാണെന്നുതന്നെ പറയാം. അതിനാൽ ആ രാജ്യങ്ങൾക്കു ചൈനയിൽനിന്നു് ഉദാരമായ സാമ്പത്തികസഹായം പ്രതീക്ഷിക്കാൻ സാധ്യമല്ല.

ദക്ഷിണപൂർവ്വേഷ്യയെ സംബന്ധിച്ച പീക്കിങ്ങിൻെറ സാമ്പത്തികനയത്തിൽ മൗലികമായ മാററങ്ങൾ ഉണ്ടാവുമെന്നു കരുതാൻ തക്ക ന്യായങ്ങളില്ല. അയൽരാജ്യങ്ങളിലേക്കുള്ള കയററുമതി വർദ്ധിപ്പിക്കാൻ ചൈന ഉദ്ദേശിക്കുന്നതിനാൽ നേരിട്ടുള്ള വ്യാപാരത്തോടൊപ്പം ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും മദ്ധ്യവർത്തികൾമുഖേനയുള്ള വ്യാപാരം ഗണ്യമായ തോതിൽ തുടരുകതന്നെ ചെയ്യും. ഔദ്യോഗികമാർഗ്ഗങ്ങളിലൂടെ ചരക്കുകൾ കയററിയയയ്ക്കുന്നതിനുള്ള കൂടുതൽ വിപുലമായ സാധ്യതകൾ ചൈനയ്ക്കു ലഭിക്കുമെന്നതിനാലും വ്യാപാരപങ്കാളികളുടെ പ്രതിഷേധങ്ങൾ കണക്കിലെടുക്കേണ്ടിവരുമെന്നതിനാലും കറുപ്പൊഴിച്ചുള്ള ചൈനീസ്ചരക്കുകളുടെ കള്ളക്കടത്തു കുറയാനിടയുണ്ടു്. കറുപ്പിനെ സംബന്ധിച്ചിടത്തോളമാകട്ടെ, ഇടനിലക്കാരായി വർത്തിച്ചുകൊണ്ടു് ചൈനയിൽനിന്നുള്ള കറുപ്പ് രഹസ്യമായി മയക്കമരുന്നുവിപണിയിലെത്തിക്കുകയും ക്രൂരമായ ആ ബിസിനസ്സിൽനിന്നു ചൈനയ്ക്കു വമ്പിച്ച ആദായം കൈവരുത്തുകയും ചെയ്യുന്ന ചൈനീസ്‌വ്യാപാരികളുടെ സേവനം വേണ്ടെന്നുവയ്ക്കാൻ പീക്കിങ്ങ് ഒരുമ്പെടുമെന്നു തോന്നുന്നില്ല.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽ പി.ആർ.സി. പ്രതിനിധികൾ പ്രത്യക്ഷപ്പെട്ടതോടുകൂടി മേഖലയിലെ ചൈനാക്കാർക്കിടയിൽ പീക്കിങ്ങ് അതിൻെറ സ്വാധീനത്തിനു ശക്തികൂട്ടുകയും ചൈനയിലേക്കു കൂടുതൽ പണമയയ്ക്കാൻ അവരോടാവശ്യപ്പെടുകയും ചെയ്യുന്നു.

ചൈനയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികവിനിമയത്തിൻെറ ഫലങ്ങൾ മേഖലയുടെ പ്രശ്നങ്ങളോടു പീക്കിങ്ങ് കൈക്കൊള്ളുന്ന മഹച്ഛക്തിസമീപനത്തെ തുറന്നുകാട്ടുകയും അയൽപക്കത്തെ വികസ്വരരാജ്യങ്ങളിൽ അതിൻെറ നയതന്ത്രത്തിനുള്ള ആക്രമണലക്ഷ്യങ്ങളുടെമേൽ കൂടുതൽ വെളിച്ചം വീശുകയും ചെയ്യുന്നു. രാഷ്ട്രീയബന്ധങ്ങളുടെ തുറയിലെന്നതുപോലെ സാമ്പത്തികബന്ധങ്ങളിലും പീക്കിങ്ങ് അസമത്വത്തിൻേറയും വിധേയത്വത്തിൻേറയും ഘടകങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികസമ്പർക്കങ്ങളുടെ പരിമിതിയാലും പ്രയാസങ്ങളാലും പീക്കിങ്ങിനു മേഖലയിലുള്ള ചൂഷണോദ്ദേശങ്ങൾ ഇനിയും പൂർണ്ണമായി വെളിപ്പെടാനിരിക്കുന്നതേയുള്ളു. ദക്ഷിണപൂർവ്വേഷ്യയിലെ മുഖ്യരാജ്യങ്ങളുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കപ്പെട്ടതിനുശേഷം മേഖലയിലെ വിപണികളിൽ ചൈനയ്ക്കു കൂ

ട്ടതൽ പ്രവേശം ലഭിക്കുന്നതോടുകൂടി ആ രാജ്യങ്ങളുമായുള്ള സാമ്പത്തി കവിനിമയത്തിൽനിന്നു കൂടുതൽ ആദായമെടുക്കുന്നതിനുവേണ്ടി പീക്കി ങ്ങ് ആ സാഹചര്യം ഉപയോഗപ്പെടുത്തുമെന്നു മുൻകൂട്ടി പറയാൻ സാ ധിക്കും. അങ്ങനെ, ദക്ഷിണപൂർവ്വേഷ്യയിൽ പീക്കിങ്ങ് അനുവർത്തി ക്കുന്ന സാമ്പത്തികനയം അവിടെ അതിൻെറ മഹച്ഛക്തിപരിപാടി ന ടപ്പിൽവരുത്തുന്നതിനെ മുൻനിർത്തിയുള്ളതാണ്.

# ഏഷ്യയിൽ പീക്കിങ്ങിൻെറ കുതന്ത്രങ്ങൾ

## 1. മേഖലയിൽ ചൈനയുടെ ഏകാകിത

പി.ആർ.സി. ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിച്ചതോടുകൂടി ഏഷ്യൻരാഷ്ട്രീയരംഗത്തു ചൈനീസ് നയതന്ത്രത്തിൻെറ പുതിയ ഘട്ട മാരംഭിച്ചു. ഉത്ഭവദശയിലുള്ളവയും ദുർബ്ബലമായ രാഷ്ട്രവ്യവസ്ഥയോടുകൂടിയവയും മഹച്ഛക്തിഭീഷണികൾക്കു വഴങ്ങിക്കൊടുക്കുന്നവയുമായ ഒരുപററം ജനതകളെയല്ല, സ്വാതന്ത്ര്യവും സുസ്ഥിരവുമായ രാഷ്ട്രങ്ങളുടെ ഒരു വലിയ വിഭാഗത്തെയാണു പീക്കിങ്ങിൻെറ നയതന്ത്രം ഇന്ന് ഏഷ്യയിൽ അഭിമുഖീകരിക്കുന്നതെന്ന വസ്തുതയ്ക്കു് മൗലികമായ പ്രാധാന്യമുണ്ട്. സ്വാതന്ത്ര്യവികാസത്തിൻെറ മൂന്നു ദശാബ്ദങ്ങൾ പിന്നിടുകയും രാഷ്ട്രീയസ്വാതന്ത്ര്യം അനുഭവിച്ചറിയുകയും ചെയ്ത ആ രാഷ്ട്രങ്ങൾ ചൈനയുൾപ്പെടെ ആരുടെ മുമ്പിലും കെത്തൊള* നടത്താൻ ഉദ്ദേശിക്കുന്നില്ല. സമകാലീനലോകവ്യവസ്ഥയിൽ ആ രാഷ്ട്രങ്ങൾ സ്ഥാനം പിടിച്ചിരിക്കുന്നു, അഥവാ സ്ഥാനം പിടിച്ചുകൊണ്ടിരിക്കുന്നു. മേഖലാടിസ്ഥാനത്തിലുള്ള ബഹുമുഖമായ സഹകരണത്തിനു പുറമേ മേഖലയ്ക്കു വെളിയിലുള്ള രാജ്യങ്ങളുമായി അവയ്ക്കു സഖ്യമുണ്ട്. തന്മൂലം ചൈനയുടെ മഹച്ഛക്തിശാസനങ്ങളെ ചെറുത്തുനില്ക്കുന്നതിനുള്ള അവയുടെ ശേഷി വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ആ രാജ്യങ്ങൾ ഇനിയൊരിക്കലും ഏഷ്യൻ ചതുരംഗപ്പലകയിൽ മഹച്ഛക്തികളുടെ കരുക്കളായിത്തീരുകയില്ല.

ഏഷ്യൻരാഷ്ട്രീയരംഗത്തേക്കു് ഇറങ്ങിത്തിരിച്ചപ്പോൾ ചൈനയുടെ സ്ഥിതി ശോചനീയമായിരുന്നു. വിദേശനയത്തിലെ അനേകം ''വലിയ കുതിച്ചുചാട്ടങ്ങ''ളുടെ ഫലമായി ദക്ഷിണപൂർവ്വേഷ്യയിൽ ചൈന

---

* ചൈനീസ് ആചാരപ്രകാരം ഒമ്പതു പ്രാവശ്യം നിലംതൊട്ടു കുമ്പിടൽ.—പ്രസാ.

ഒററപ്പെട്ടിരുന്നു. പീക്കിങ്ങിൻെറ മഹച്ഛക്തിമന്യമായ അതിക്രമങ്ങരം നിമിത്തം 60–കളുടെ അന്ത്യത്തിലും 70–കളുടെ ആരംഭത്തിലും വാസ്തവത്തിൽ മേഖലയിലെ ഒററ രാജ്യത്തിനുപോലും ചൈനയുമായി നയതന്ത്രബന്ധമില്ലായിരുന്നു. ദക്ഷിണേഷ്യയിലെ രാജ്യങ്ങളുമായുള്ള ചൈനയുടെ ബന്ധങ്ങരംക്കും കാര്യമായ ഉലച്ചിൽ തട്ടിയിരുന്നു.

മഹച്ഛക്തിതിമിരം ബാധിച്ച പീക്കിങ്ങ്നേതാക്കരം ഏഷ്യാഭൂഖണ്ഡത്തിൽ രണ്ടാംലോകമഹായുദ്ധത്തിനുശേഷമുണ്ടായ വമ്പിച്ച മാററങ്ങരം ഏറെക്കാലം കണ്ടില്ലെന്നു നടിച്ചു. അതുതന്നെയാണ് ചൈനീസ് വിദേശനയത്തിന് ഏഷ്യയിൽ അനേകം പരാജയങ്ങളുണ്ടായതിനുള്ള കാരണം.

പി.ആർ.സി.യുടെ കാൽനൂററാണ്ടുകാലത്തെ നിലനില്പിനിടയിൽ പീക്കിങ്ങ്നേതൃത്വത്തിനു തങ്ങളുടെ മഹച്ഛക്തിമോഹങ്ങരംക്കനുസൃതമാംവണ്ണം മേഖലയിൽ സ്വാധീനം വിപുലീകരിക്കാൻ സാധിച്ചില്ല.

ചൈനയിലെ ആഭ്യന്തരമാററങ്ങളുടെ സ്വഭാവവും ചൈനീസ് വിദേശനയത്തിലെ മഹച്ഛക്തിസാഹസികവാദവും ലോകാധിനായകത്വത്തിനുവേണ്ടിയുള്ള അവകാശവാദവും പ്രത്യേകിച്ചും, ദേശീയവിമോചനപ്രസ്ഥാനത്തെ സ്വന്തം വരുതിയിലാക്കണമെന്ന പീക്കിങ്ങിൻെറ സുവ്യക്തമായിട്ടുള്ള മോഹവും ചൈനയുടെ മഹച്ഛക്തിവിപുലനവാദത്തിനു ശക്തി കുറയുകയല്ല, കൂട്ടുകയാണു ചെയ്യുന്നതെന്നതിനു സാക്ഷ്യം വഹിക്കുന്നു. ദക്ഷിണപൂർവ്വേഷ്യയിൽ അതേ മഹച്ഛക്തിലക്ഷ്യങ്ങരംതന്നെ കൂടുതൽ അയവുള്ള മററു മാർഗ്ഗങ്ങളുപയോഗിച്ചു നേടാനാണ് പീക്കിങ്ങിൻെറ നയതന്ത്രം ശ്രമിക്കുന്നതു്. ഏഷ്യയിലെ വികസ്വരരാജ്യങ്ങളുടെ രാഷ്ട്രീയപരമാധികാരത്തെ ഇല്ലായ്മചെയ്യുകയോ പരിമിതമാക്കുകയോ ചെയ്യേണ്ടതു് ആ ലക്ഷ്യങ്ങളുടെ സാക്ഷാൽക്കരണത്തിന് ആവശ്യമാണ്.

ഒട്ടേറെ അടവുകരം പയററിനോക്കിയതിനുശേഷം, ഏഷ്യയിൽ നിലയുറപ്പിച്ചെങ്കിൽ മാത്രമേ ദേശീയവിമോചനപ്രസ്ഥാനത്തിൻെറമേൽ നിയന്ത്രണമാർജ്ജിക്കാൻ സാധിക്കുകയുള്ളുവെന്നു മനസ്സിലാക്കിക്കൊണ്ടു് ചൈന വീണ്ടും അവിടെ തീവ്രമായ നയതന്ത്രപ്രവർത്തനം ആരംഭിച്ചിരിക്കുന്നുവെന്ന് 70–കളിലെ ചൈനീസ് വിദേശനയത്തിൻെറ വികാസത്തിൽനിന്നു വെളിപ്പെടുന്നു. അതിനാൽ വികസ്വരേഷ്യയിൽ പീക്കിങ്ങ് കൈക്കൊള്ളുന്ന പ്രായോഗികനടപടികളോടു വെറും താത്വികമായ താല്പര്യമല്ല ഏഷ്യൻസമുദായത്തിനുള്ളതു്.

ഏഷ്യൻരാജ്യങ്ങളും ചൈനയും തമ്മിൽ ദീർഘകാലം അകൽച്ചയിലായിരുന്നുവെങ്കിലും അഫ്ഗാനിസ്ഥാൻ, ഭൂട്ടാൻ, ബർമ്മ, ഇന്ത്യ, ഇറാൻ, ലാവോസ്, മലേഷ്യ, നേപ്പാരം, പാക്കിസ്ഥാൻ, സിംഗപ്പൂർ,

ശ്രീലങ്ക എന്നീ രാജ്യങ്ങൾ പി.ആർ.സി.യ്ക്ക് ഐക്യരാഷ്ട്രസംഘടന യിൽ പ്രാതിനിധ്യം നല്കുന്നതിനെ അനുകൂലിച്ചു വോട്ടു ചെയ്തു. ഇന്തോനേഷ്യയും തായ്‌ലണ്ടും നിഷ്പക്ഷത പാലിച്ചു. കമ്പോഡിയയും ഫിലിപ്പൈൻസും മാത്രമാണ് ചൈന യു. എൻ. ഒ.യിൽ പ്രവേശിക്കുന്നതിനെ എതിർത്തത്. യു.എൻ.ഒ.യിൽ പി.ആർ.സി.യുടെ ന്യായമായ അവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സോവിയററ് യൂണിയനും ഇതരസോഷ്യലിസ്റ്റ്‌രാജ്യങ്ങളും ആരംഭിച്ചതും പിൽക്കാലത്തു വികസ്വരരാജ്യങ്ങളുടെ വിന്തുണ ലഭിച്ചതുമായ ദീർഘകാലസമരം വിജയിച്ചു. 1971 ഒക്ടോബറിൽ ചൈന യു.എൻ.ഒ.യിൽ അതിന്റെ സ്ഥാനം പിടിച്ചെടുത്തു. യു.എൻ.ഒ.യുടെ പ്രവർത്തനത്തിൽ ചൈന ക്രിയാത്മകമായി പങ്കെടുക്കുമെന്ന് ഏഷ്യയിലെ വികസ്വരരാജ്യങ്ങൾ ആ അവസരത്തിൽ പ്രത്യാശ പ്രകടിപ്പിച്ചു. ഉദാഹരണത്തിന്, ഒരു ബർമ്മീസ് പത്രം ഇങ്ങിനെ എഴുതി: ''ചൈനാ ജനകീയ റിപ്പബ്ലിക്കിന് ഐക്യരാഷ്ട്രസംഘടനയിൽ ന്യായമായുമുണ്ടായിരുന്ന അവകാശത്തിന്റെ പുനഃസ്ഥാപനം ലോകസംഘടനയെ ശക്തിപ്പെടുത്തുമെന്നു മാത്രമല്ല, ഏഷ്യയിലും ലോകത്തിലും സംഘർഷം ലഘൂകരിക്കുന്നതിലേക്കും സമാധാനം നിലനിർത്തുന്നതിലേക്കും വലിയൊരു സംഭാവന നല്കുകയും അന്താരാഷ്ട്രീയധാരണയ്ക്കും സഹകരണത്തിനും സഹായകമാവുകയും ചെയ്യും''1. യു.എൻ.ഒ.യുടെ പ്രാതിനിധ്യസ്വഭാവവും കാര്യക്ഷമതയും വർദ്ധിക്കുമെന്ന് ആശിച്ചുകൊണ്ട്, ചൈന ആ സംഘടനയിൽ പ്രവേശിച്ചതിനെ ഇന്ത്യ സ്വാഗതം ചെയ്തു. സമാധാനത്തിനും ഐശ്വര്യത്തിനും വഴിതെളിക്കുന്ന ഒരു ലോകവ്യവസ്ഥയ്ക്കു രൂപംനല്കുന്നതിൽ ചൈന ക്രിയാത്മകമായ പങ്കു വഹിക്കുമെന്നു മലേഷ്യ പ്രത്യാശിച്ചു. ഇത്തരത്തിലുള്ള ധാരാളം പ്രസ്താവനകൾ ഇനിയും ഉദ്ധരിക്കാവുന്നതാണ്.

അമേരിക്കയോടും തയ്‌വാനോടും ഉററ ബന്ധങ്ങളുണ്ടായിരുന്ന ചില രാജ്യങ്ങൾ വോട്ടെടുപ്പുസമയത്ത് അവയുടെ സമ്മർദ്ദത്തിനു വഴങ്ങാൻ നിർബ്ബന്ധിതരാവുകയും തയ്‌വാനെ യു.എൻ. ഒ.യിൽ നിലനിർത്തുന്നതിനുവേണ്ടിയുള്ള അമേരിക്കയുടെ യാഥാർത്ഥ്യോചിതമല്ലാത്ത കരടുപ്രമേയത്തെ ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ പിന്താങ്ങുകയും ചെയ്തു. ഉദാഹരണത്തിന്, ആ പ്രശ്നം സംബന്ധിച്ച വോട്ടെടുപ്പിൽ നിഷ്പക്ഷത പാലിച്ച തായ്‌ലണ്ടിന് അങ്ങനെയാണു ചെയ്യേണ്ടിവന്നത്.

പൊതുവെ വികസ്വരേഷ്യ പി.ആർ.സി. ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിക്കുന്നതിനോടു വളരെ അനുകൂലമായ മനോഭാവം കൈക്കൊള്ളുകയും ദീർഘകാലമായി നിലനിന്നിരുന്ന ആ പ്രശ്നം പരിഹരിക്കുന്നതിൽ സഹായിക്കുകയും ചെയ്തു.

മാത്രമല്ല, യു.എൻ.ഒ.യിൽ ചൈന ഒരു പ്രധാനപങ്കു വഹിക്കുമെന്ന ഉറച്ച വിശ്വാസം തുടക്കത്തിൽ ഏഷ്യൻ വികസ്വരരാജ്യങ്ങൾക്കുണ്ടായിരുന്നു.

യു.എൻ. അംഗത്വത്തെ സംബന്ധിച്ച പ്രശ്നത്തിൽ ചൈനയെ പിന്തുണച്ച ഏഷ്യൻരാജ്യങ്ങൾക്കു പീക്കിങ്ങ് എന്തു പ്രത്യുപകാരമാണു ചെയ്തതു്?

ബംഗ്ലാദേശിനു് ഐക്യരാഷ്ട്രസംഘടനയിൽ അംഗത്വം നല്കുന്നതിനെതിരെ വീറ്റോ പ്രയോഗിക്കുകയും അറേബ്യൻരാജ്യങ്ങൾക്കെതിരെ ഇസ്രായേൽ നടത്തിയ ആക്രമണത്തെ കണ്ടില്ലെന്നു ഭാവിക്കുകയും ചിലിയിലെ സൈനികജൂണ്ടയുമായി നിർല്ലജ്ജം കുഴഞ്ഞാടുകയും ചെയ്തുകൊണ്ടാണു് ചൈന യു.എൻ.ഒ.യിൽ അരങ്ങേററം നടത്തിയതു്. വികസ്വരരാജ്യങ്ങളുടെ മൗലികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി യു.എൻ.ഒ.യിൽത്തന്നെയോ അതിൻെറ പ്രത്യേകസമിതികളിലോ ക്രിയാത്മകമായ ഒരു പരിപാടി മുന്നോട്ടുവയ്ക്കാൻ ചൈനീസ് നയതന്ത്രത്തിനു കഴിഞ്ഞില്ല. ദേശീയവിമോചനപ്രസ്ഥാനത്തെ പിന്തുണയ്ക്കുന്നതിനുവേണ്ടിയല്ല, സ്വന്തം മഹച്ഛക്തിലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയാണു് ചൈന അതിൻെറ യു.എൻ. അംഗത്വം ഉപയോഗിക്കാനുദ്ദേശിക്കുന്നതെന്നു താമസിയാതെതന്നെ എല്ലാവർക്കും ബോദ്ധ്യമായി.

## 2. ചൈന ശാന്തസമുദ്രപ്രദേശത്തെ സാമ്രാജ്യത്വശക്തികളുമായി അടുക്കുന്നു

യു.എൻ.ഒ.യിൽ പ്രവേശിച്ചതിനുശേഷം പീക്കിങ്ങിൻെറ നയതന്ത്രം ആദ്യമായി കൈക്കൊണ്ട പ്രധാനനടപടി—പ്രസിഡണ്ട് നിക്സനെ ചൈന സന്ദർശിക്കാൻ ക്ഷണിച്ചതു്—വികസ്വരേഷ്യയിൽ അതിയായ ആശങ്കയ്ക്കു കാരണമായി.

1972 ഹേമന്തത്തിൻെറ അവസാനവാരം അമേരിക്കാ–ചൈനാ അടുപ്പത്തിൻെറ വാരം എന്ന നിലയ്ക്കു ചരിത്രത്തിൽ സ്ഥലം പിടിച്ചിരിക്കുന്നു. അമേരിക്കയും ചൈനയും തമ്മിൽ നടന്ന കൂടിയാലോചനകളുടെ ഫലങ്ങളെ ലോകത്തെങ്ങുമുള്ള അന്താരാഷ്ട്രകാര്യവിദഗ്ദ്ധന്മാർ—സൈദ്ധാന്തികരും പ്രയോക്താക്കളും—ധാരാളമായി വിലയിരുത്തി. ആ കൂടിയാലോചനകൾ സാർവ്വദേശീയസ്ഥിതിയെ എങ്ങിനെ ബാധിക്കുമെന്നു മനസ്സിലാക്കാൻ അവർ ശ്രമിച്ചു. ''നിക്സൺവാര''ത്തിൻെറ ഫലങ്ങൾ ദക്ഷിണപൂർവ്വേഷ്യയിൽ സവിശേഷശ്രദ്ധയോടെ വിശകലനം ചെയ്യപ്പെട്ടു. അമേരിക്കൻ സാമ്രാജ്യത്വത്തിൻേറയും ചൈനീസ് വിപ

ലനവാദത്തിൻേറയും താല്പര്യങ്ങരം അവിടെ കെട്ടുപിണഞ്ഞു കിടക്കു ന്നു. ഒരാഴ്ചകൊണ്ട് ആ കെട്ടഴിക്കാൻ സാധ്യമല്ല. അമേരിക്കാ–ചൈനാ കൂടിയാലോചനകളുടെ ഫലങ്ങരം മേഖലയിലെ രാജ്യങ്ങളുടെ താല്പര്യങ്ങളെ നേരിട്ടു ബാധിക്കുന്നുവെന്ന് അവിടെയുള്ളവർക്കു വ്യക്തമായി അറിയാം.

ഷാങ്ങ്ഹായ്‌വിജ്ഞാപനത്തെ ദക്ഷിണപൂർവ്വേഷ്യ ആശങ്കാപൂർവ്വം വീക്ഷിച്ചതു തികച്ചും സ്വാഭാവികമാണ്.

അമേരിക്കൻ പ്രസിഡണ്ടിൻെറ സന്ദർശനവേളയിൽ ചർച്ചചെയ്യപ്പെട്ട പല പ്രശ്നങ്ങളും ഔദ്യോഗികവിജ്ഞാപനത്തിൽ പ്രതിഫലിച്ചിട്ടില്ലെന്ന അഭിപ്രായം ഏഷ്യൻ തലസ്ഥാനങ്ങളിൽ ഉളവായി. ''കൂടുതൽ പ്രധാനപ്പെട്ട മററു ചില അമേരിക്കാ–ചൈനാ കരാറുകരംക്കുള്ള മറയായിരുന്നു വിജ്ഞാപനം''.[2] ഒരു ഇന്തോനേഷ്യൻ പത്രം ഇങ്ങനെയെഴുതി: ''നയതന്ത്രത്തിൽ പലപ്പോഴും ഔദ്യോഗികവിജ്ഞാപനങ്ങരം ഉപയോഗിക്കപ്പെടുന്നതു് യഥാർത്ഥത്തിൽ നടന്നതോ അഥവാ അടുത്ത ഭാവിയിൽ നടക്കാനിരിക്കുന്നതോ ആയ കാര്യങ്ങരം ഗോപ്യമായി വയ്ക്കുന്നതിനുവേണ്ടിയാണ്.''[3] അമേരിക്കാ–ചൈനാ കൂടിയാലോചനകളുടെ സമയത്തു് എത്തിച്ചേർന്ന രഹസ്യകരാറുകളെപ്പററിയുള്ള ശ്രുതികരം കൂടുതൽ സൂക്ഷ്മദൃഷ്ടിയുള്ള ഏഷ്യൻ നയതന്ത്രജ്ഞന്മാർക്കിടയിൽ പരന്നിരിക്കുന്നു. ഏഷ്യൻരാജ്യങ്ങളിൽ അത്തരം ആശങ്കകരം ഇളക്കിവിടാൻ വാഷിങ്ങ്ടണും പീക്കിങ്ങും മനപ്പൂർവ്വം ശ്രമിച്ചു. ''ചർച്ചകളുടെ സമയത്തുചെയ്തതു് വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാരം വളരെ പ്രധാനമാണെ''[4]ന്നു ചൌ എൻ–ലായ് കരുതുന്നുവെന്നു നറോദൊം സിഹനൂക്ക് പ്രസ്താവിച്ചതു് അതിനു സാക്ഷ്യം വഹിക്കുന്നു. ''ലോകത്തിനു മാററം വരുത്തിയ ഒരാഴ്ച''യെന്നു തൻെറ സന്ദർശനത്തെ വിശേഷിപ്പിച്ചുകൊണ്ടു നിക്സണും അതുതന്നെ സ്ഥിരീകരിച്ചു.

ഏഷ്യൻ കൂട്ടാളികരംക്കുണ്ടായ രോഷം ശമിപ്പിക്കുന്നതിനുവേണ്ടി അമേരിക്കൻ പ്രസിഡണ്ട് വിദൂരപൂർവ്വദേശപ്രശ്നങ്ങളിൽ സ്റ്റേററ് സെക്രട്ടറിയുടെ സഹായകനായ എം.ഗ്രീനിനെ അടിയന്തിരമായി 13 ഏഷ്യൻ രാജ്യങ്ങളിലേക്കയച്ചു. പ്രസിഡണ്ട് പി.ആർ.സി.യിൽ നടത്തിയ സന്ദർശനത്തിൻെറ ഫലങ്ങരം ആ രാജ്യങ്ങരംക്കു വിശദീകരിച്ചുകൊടുക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ കർത്തവ്യം. അസൂയാവഹമായ ക്ഷമ പ്രദർശിപ്പിച്ചുകൊണ്ട് അദ്ദേഹം എല്ലായിടത്തും ഒന്നുതന്നെ ആവർത്തിച്ചു: അമേരിക്കൻ പ്രസിഡണ്ടിൻെറ സന്ദർശനവേളയിൽ ഇരുരാജ്യങ്ങളും തമ്മിൽ യാതൊരു രഹസ്യകരാറിലും എത്തുകയുണ്ടായില്ല; അമേരിക്കയ്ക്കു് ഏഷ്യയിലുള്ള സൈനിക–രാഷ്ട്രീയബാധ്യതകളെ അതു നിഷേധിക്കുന്നില്ല; ഏഷ്യാഭൂഖണ്ഡത്തിൽ അമേരിക്കൻസാന്നിദ്ധ്യത്തി

ന കുറവു തട്ടുകയില്ല. ഏഷ്യൻരാഷ്ട്രീയനേതാക്കന്മാർ അദ്ദേഹം പറഞ്ഞതു ശ്രദ്ധിച്ചുകേട്ടു. എന്നാൽ അവരുടെ ആശങ്കകഠം അപ്പടി അവശേഷിച്ചു. പരാജയത്തിൽ കലാശിച്ച ആ ദൗത്യത്തെപ്പററി ഒരു ഇന്തോനേഷ്യൻ പത്രം ഇപ്രകാരമെഴുതി: ''കൂടിക്കാഴ്ചകളിൽവച്ച് ഏഷ്യയിലെ ഇതരരാജ്യങ്ങളെ സംബന്ധിച്ച പ്രശ്നങ്ങഠം ചർച്ചചെയ്യുകയുണ്ടായില്ലെന്നതിനെപ്പററി എം.ഗ്രീൻ പറഞ്ഞതെല്ലാം നാം മന്ദഹാസത്തോടെ ശ്രദ്ധിക്കണം. എന്നാൽ അതു് അസംഭാവ്യമാണെന്ന കാര്യം നാം മനസ്സിൽ വച്ചിരിക്കണം. അമേരിക്കയും ചൈനയും തമ്മിലുള്ള ബന്ധങ്ങളിലുണ്ടാകുന്ന ഏതു ക്രമീകരണവും ഏഷ്യയിലെ മററനേകം രാജ്യങ്ങളുടെ താല്പര്യങ്ങളെ ബാധിക്കാതിരിക്കില്ല.''5

അമേരിക്കാ—ചൈനാ കൂടിയാലോചനകളുടെ ഫലങ്ങളെപ്പററി വിധികല്പിക്കേണ്ടതു് പി.ആർ.സി.യും യു.എസ്.എ.യും അടുത്ത ഭാവിയിൽ കൈക്കൊള്ളുന്ന വിദേശനയനടപടികളെ ആധാരമാക്കി വേണമെന്നു് ഏഷ്യയിൽ നിഗമനിക്കപ്പെട്ടു. ''സംയുക്തവിജ്ഞാപനത്തിൽ പരസ്യമാക്കപ്പെടാത്തതാണു് ഏററവും പ്രധാനമായിട്ടുള്ളതെന്നതിനു സംശയമില്ല. ഇപ്പോഠം നമുക്കു് അതറിയാൻ സാധ്യമല്ല. നിക്സന്റെ സന്ദർശനഫലമായുണ്ടാകുന്ന സംഭവവികാസങ്ങഠംക്കുവേണ്ടി നാം കാത്തിരിക്കണം''6 — മേലുദ്ധരിച്ച ഇന്തോനേഷ്യൻപത്രം എഴുതി.

അടിയന്തിരമായ ഏഷ്യൻപ്രശ്നങ്ങളുടെ തീരുമാനത്തെ സംബന്ധിച്ചിടത്തോളം ലോകത്തിനു മാററം വരുത്താൻ അമേരിക്കൻ പ്രസിഡണ്ടിനു കഴിഞ്ഞില്ലെന്നു് കൂടിയാലോചനകളിൽ അമേരിക്ക സ്വീകരിച്ച നിലപാടിന്റെ വിശകലനത്തിനുശേഷം ഏഷ്യൻനയതന്ത്രജ്ഞന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. ''നിക്സന്റെ ചൈനാവാരം ലോകത്തിനു മാററം വരുത്തിയില്ലെ''7ന്നു ജക്കാർത്തയിൽ കരുതി. ''ലോകത്തിനു മാററം വരുത്തിയ വാരം ഇതേവരെ ഒന്നിനും മാററം വരുത്തിയിട്ടില്ല. മാററങ്ങഠംക്കുള്ള സാധ്യത പ്രഖ്യാപിക്കുകമാത്രമാണു് അതു ചെയ്തതു്. പക്ഷെ ഏഷ്യയിൽ ഇനിയും പാലങ്ങഠം ഇട്ടിട്ടില്ല, അവ ഇനിയും നിർമ്മിക്കേണ്ടിയിരിക്കുന്നു''8 എന്നു് കോലാലമ്പൂരിൽ അഭിപ്രായപ്പെട്ടു. നിക്സന്റെ ചൈനാവാരത്തെ ''അമേരിക്കൻ ഐക്യനാടുകഠംക്കു മാററം വരുത്തിയ വാര''9മായാണു് ഹോങ്കോങ്ങിൽ വിശേഷിപ്പിച്ചതു്.

പീക്കിങ്ങിലും ഷാങ്ങ്ഹായിലും നടന്ന കൂടിയാലോചനകളിൽവച്ചു് അമേരിക്കൻ പ്രസിഡണ്ടു് ചൈനയ്ക്കു കാര്യമായ വിട്ടുവീഴ്ചകഠം ചെയ്തുവെന്നു ഏഷ്യയിൽ കരുതപ്പെടുന്നു10.

''കമ്മ്യൂണിസത്തെ തുരത്തുന്നതിനെ'' സംബന്ധിച്ച കുപ്രസിദ്ധമായ ഡള്ളസ് സിദ്ധാന്തത്തെ ഉപേക്ഷിച്ചുകൊണ്ടു് 1955—ൽ ബന്ദൂങ്ങിൽ

വച്ചു പ്രഖ്യാപിക്കപ്പെട്ട സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളെ ചൈനയുമായുള്ള ബന്ധങ്ങൾക്ക് ആധാരമായി അമേരിക്ക സ്വീകരിച്ചിരിക്കുന്നുവെന്ന് ഏഷ്യൻ നിരീക്ഷകന്മാർ ചൂണ്ടിക്കാട്ടി. ബന്ദുങ്ങ് തത്വങ്ങളുടെ ഒരു പുതിയ വ്യാഖ്യാനം പീക്കിങ്ങ് അമേരിക്കൻ പ്രതിനിധികളുടെ മുമ്പാകെ വച്ചെന്നും സോഷ്യലിസ്റ്റ്രാജ്യങ്ങൾക്ക്, പ്രത്യേകിച്ചും സോവിയററ്യൂണിയനു വിരുദ്ധമായിട്ടുള്ളതായിരുന്നതിനാൽ അവർക്കതു സ്വീകാര്യമായിത്തീർന്നെന്നും ചില നയതന്ത്രജ്ഞന്മാർ അമേരിക്ക പ്രകടിപ്പിച്ച വിട്ടുവീഴ്ചമനോഭാവത്തിൻെറ കാരണങ്ങളെപ്പററി അനുമാനിച്ചുകൊണ്ട് പ്രസ്താവിക്കുന്നു. ബന്ദുങ്ങ് തത്വങ്ങൾ അവശേഷിക്കുന്നുവെങ്കിലും അവയുടെ രാഷ്ട്രീയമായ വ്യാഖ്യാനത്തിനു മാററമുണ്ടായേക്കാമെന്ന് സിംഗപ്പൂർ വിദേശകാര്യമന്ത്രി രാജരത്നം അഭിപ്രായപ്പെടുന്നു.

ഏതാണ്ടു കാൽനൂററാണ്ടോളം അമേരിക്കയുടെ വിശ്വസ്തകൂട്ടാളിയായിരുന്ന തയ്വാൻെറ കാര്യത്തിൽ അമേരിക്കൻ നിലപാടിനുണ്ടായ സാരമായ മാററം ഏഷ്യയിൽ ശ്രദ്ധിക്കപ്പെടാതിരുന്നില്ല. അമേരിക്കൻ ചായ്വോടുകൂടിയ വിദേശനയം അനുവർത്തിക്കുന്ന ഏഷ്യൻരാജ്യങ്ങളുടെ തലസ്ഥാനങ്ങളിൽ അതു വലിയ പരിഭ്രമമുളവാക്കിയെന്നു പറഞ്ഞാൽ അതു യഥാർത്ഥസ്ഥിതിയെ കുറച്ചുകാട്ടുകയായിരിക്കും. നിശ്ചിതസാഹചര്യങ്ങളിൽ അമേരിക്ക ആ രാജ്യങ്ങളെ നിർമ്മര്യാദം കൈവെടിഞ്ഞേക്കുമെന്നും അവയുടെ വിദേശനയത്തിൻെറ നിരുപാധികമായ അമേരിക്കൻചായ്വിൽനിന്നുളവാകുന്ന പ്രശ്നങ്ങൾ അവയ്ക്കു സ്വയം പരിഹരിക്കേണ്ടിവരുമെന്നും ആ രാജ്യങ്ങളുടെ നേതാക്കന്മാർക്കു മനസ്സിലായി. ഒരു ഇന്തോനേഷ്യൻപത്രം പരിഭവവും രോഷവും പ്രകടിപ്പിച്ചുകൊണ്ടെഴുതി: ''പി.ആർ.സി.യുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി യു.എസ്.എ. തയ്വാനെ ബലി കഴിക്കുകയും ആ ദ്വീപിൻെറ ഭാഗധേയത്തെ പൂർണ്ണമായും പി.ആർ.സി.യുടെ കരങ്ങളിലേല്പിക്കുകയും ചെയ്തു.''11

അങ്ങനെ, വാഷിങ്ങ്ടൻെറ ചൈനാനയത്തിൽ പെട്ടെന്നുണ്ടായ വ്യതിയാനം ചൈനയുടെ അയൽരാജ്യങ്ങൾക്കു ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പി.ആർ.സി.യുമായി ഔദ്യോഗികസമ്പർക്കങ്ങൾ സ്ഥാപിച്ചതിൻെറ ഫലമായി അമേരിക്കയ്ക്കു നിശ്ചിതമായ നേട്ടങ്ങളുണ്ടായി. എന്നാൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കാകട്ടെ ഏഷ്യൻരംഗത്തു ചൈന പ്രകടിപ്പിക്കുന്ന സജീവതയിൽനിന്നുളവാകുന്ന പുതിയ സാഹചര്യവുമായി എത്രയും വേഗം ഇണങ്ങിച്ചേരേണ്ടതായി വന്നിരിക്കുന്നു.

പുതിയ സാഹചര്യങ്ങളിൽ ഏഷ്യൻ രാഷ്ട്രീയരംഗത്തേക്കുള്ള ചൈനയുടെ പ്രവേശം ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളെസംബന്ധിച്ചിടത്തോ

ളം നിരുപദ്രവമായിരിക്കയില്ലെന്ന് ആ രാജ്യങ്ങൾക്കറിയാമായിരുന്നു. ഒരു ഇന്തോനേഷ്യൻപത്രം ഇങ്ങനെയെഴുതി: ''ഒരു മഹച്ഛക്തിയെന്ന നിലയ്ക്കു പി.ആർ.സി. അടുത്തുതന്നെ ഏഷ്യയിൽ അതിൻെറ സാന്നിദ്ധ്യം കൂടുതൽ വ്യക്തമായും ദൃഢമായും വിളിച്ചറിയിക്കും... ഏഷ്യൻജനതകൾ—ദക്ഷിണപൂർവ്വേഷ്യയിൽ പി.ആർ.സി.യോടൊത്തു കഴിയാൻ നിർബ്ബന്ധിതരായിരിക്കുന്ന നമ്മളും അവരിലുൾപ്പെടുന്നു—സ്വന്തം താല്പര്യങ്ങളുടെ നിലപാടിൽനിന്നു വേണം അത്തരം സംഭവവികാസങ്ങളെ വിലയിരുത്താൻ. അമേരിക്കയുടെ നയതന്ത്രനടപടികളിൽ വിശ്വാസമർപ്പിക്കുകയും ചൈനീസ്‌വ്യാളി ഉടനടി സമാധാനപ്രിയനായി മാറുമെന്നു കരുതുകയും ചെയ്തിട്ടു കാര്യമില്ല, അങ്ങനെ ചെയ്യുന്നതു് ആപൽക്കരമാണുതാനും.''12 അമേരിക്കൻ പ്രസിഡണ്ടിൻെറ പീക്കിങ്ങ് സന്ദർശനത്തിനുശേഷം ഒരു ഫിലിപ്പൈൻസ്‌പത്രം ഇങ്ങനെയെഴുതി: ''നമ്മെസംബന്ധിച്ചിടത്തോളം, അതായതു് ഏഷ്യയിലെ ചെറുകിട രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് ആപൽക്കരമാകാനേ വഴിയുള്ളു. അതികായന്മാരുടെ വലിയ കളിയിലെ കരുക്കളാണു നമ്മൾ. എന്നാണതു നമ്മെ ആഘാതമേല്പിക്കുന്നതെന്നു മുൻകൂട്ടി പറയുക സാധ്യമല്ല. നമുക്കു പ്രാർത്ഥിക്കാനേ നിവൃത്തിയുള്ളു.''13

ചൈനയിൽനിന്നുള്ള ഭീഷണിയുടെ സ്വഭാവത്തെപ്പററി ഏഷ്യയിൽ പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ എത്രയും ശ്രദ്ധേയമാണ്. ഏഷ്യൻരാജ്യങ്ങളിൽ മുതലാളിത്തത്തെ കടപുഴക്കുകയെന്ന അന്തിമലക്ഷ്യത്തോടുകൂടിയ വിപ്ലവപ്രസ്ഥാനത്തിനു പി.ആർ.സി.യിൽനിന്നു ഫലപ്രദമായ പിന്തുണ ലഭിക്കുന്നതിനുള്ള സാധ്യതകൾ വളരെ കുറവാണെന്നു ദക്ഷിണപൂർവ്വേഷ്യയിൽ കരുതപ്പെടുന്നു. സിംഗപ്പൂർ വിദേശകാര്യമന്ത്രി രാജരത്നത്തിൻെറ അഭിപ്രായത്തിൽ ''വിപ്ലവപ്രസ്ഥാനങ്ങൾക്കു നേരിട്ടുള്ള എന്തെങ്കിലും സഹായം നല്കുന്നതിനു സാമ്പത്തികമായോ സൈനികമായോ ചൈനയ്ക്കു ശേഷിയില്ല''14. ഭൂഖണ്ഡത്തിനു ചൈനയിൽനിന്നുള്ള ഭീഷണിയുടെ ഉള്ളടക്കം വ്യത്യസ്തമായിരിക്കാമെങ്കിലും അതു തികച്ചും യഥാർത്ഥമായിട്ടുള്ളതാണെന്ന് ഏഷ്യൻ രാഷ്ട്രീയ നേതാക്കന്മാർ കരുതുന്നു. രാജരത്നത്തിനു് ഇക്കാര്യത്തിൽ താഴെപ്പറയുന്ന അഭിപ്രായമാണുള്ളതു്: ''വിപ്ലവചൈന അതിൻെറ വിപ്ലവനാട്യം ഉപേക്ഷിച്ചിരിക്കുന്നുവെന്നും സ്വന്തം ദേശീയതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും വിപുലീകരിക്കുന്നതിലും മാത്രം അതു താല്പര്യമെടുക്കുന്നുവെന്നുമാണ് നിക്സൺ–ചൌ കൂടിക്കാഴ്ചയിൽനിന്നു വാസ്തവത്തിൽ മനസ്സിലാക്കേണ്ടതു്. സ്വന്തം ദേശീയതാല്പര്യങ്ങൾക്ക് ആവശ്യമാണെന്നതിനാൽ ഏററവും വലിയ സാമ്രാജ്യത്വശക്തിയെന്നു വിളിക്കപ്പെടുന്ന രാജ്യവുമായി ചൈന ധാരണയിലെത്തിയിരിക്കുന്നു.''15

ഭൂഭാഗങ്ങൾ ആർജ്ജിക്കുന്നതിനേയും എല്ലാ ഭിന്നചിന്താഗതിക്കാരേയും നിരുപാധികം അടിച്ചമർത്തുന്നതിനേയും ലക്ഷ്യമാക്കിയുള്ള പീക്കിങ്ങിൻെറ വിപുലനവാദപരമായ ഗ്രേററ്ഹാൻ നയത്തിൽനിന്നാണ് ഏഷ്യയ്ക്കു ചൈനയിൽനിന്നുള്ള ഭീഷണി രൂപംകൊള്ളുന്നതു്. ഒരു സോഷ്യലിസ്റ്റ് രാജ്യമെന്ന നിലയ്ക്കല്ല, ''കൈയൂക്ക''നിലപാടിൽ നിന്നുകൊണ്ടു് സ്വന്തം സ്വാധീനമേഖല സൃഷ്ടിക്കാൻ വെമ്പുന്ന ആക്രമണവ്യഗ്രമായ ഒരു മഹച്ഛക്തിയെന്ന നിലയ്ക്കാണു ചൈന ഏഷ്യയെ ഭീഷണിപ്പെടുത്തുന്നതു്. പീക്കിങ്ങ് ദക്ഷിണപൂർവ്വേഷ്യയെ മുഴുവൻതന്നെ സ്വന്തം സ്വാധീനമേഖലയിൽ ഉൾപ്പെടുത്തുന്നുവെന്നു് അതിൻെറ പ്രസ്താവനകളിൽനിന്നു തെളിയുന്നു.

ദീർഘകാലത്തെ അർദ്ധ—സ്വേച്ഛാനുസാരവും അർദ്ധ—നിർബ്ബന്ധിതവുമായ ഏകാകിതയ്ക്കുശേഷം ചൈന ഏഷ്യൻ രാഷ്ട്രീയരംഗത്തു പ്രവേശിക്കുകയും അവിടെ അതിൻെറ മഹച്ഛക്തിലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി ഊർജ്ജിതമായ പ്രവർത്തനമാരംഭിക്കുകയും ചെയ്തിരിക്കുന്നു. തൽഫലമായി മേഖലയിലെ രാജ്യങ്ങളുടെ വിദേശനയബന്ധങ്ങൾക്കു ഗണ്യമായ മാററങ്ങൾ ഉണ്ടാകുന്നു.

ഭൂമിശാസ്ത്രപരമായ ഘടകവും അയൽരാജ്യങ്ങളിലെ അസംസ്കൃതപദാർത്ഥങ്ങളിൽ ചൈനയ്ക്കുള്ള താല്പര്യവും മേഖലയിലെ ഒന്നടങ്കമുള്ള എല്ലാ രാജ്യങ്ങളിലും അവയുടെ സാമൂഹ്യ—സാമ്പത്തികഗതിയെ സ്വാധീനിക്കുന്നതിനുള്ള അതുല്യമായ ഒരുപകരണം—സാമ്പത്തികസ്വാധീനത്തോടുകൂടിയ ചൈനീസ് ന്യൂനപക്ഷങ്ങൾ—ചൈനയ്ക്കുണ്ടെന്ന വസ്തുതയും പരിഗണിക്കുമ്പോൾ പീക്കിങ്ങിൻെറ അധിനായകത്വസ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുള്ള രംഗം പ്രഥമമായും ദക്ഷിണപൂർവ്വേഷ്യ ആയിരിക്കുമെന്നു കരുതാവുന്നതാണ്.

അമേരിക്കയുമായി അടുത്തതിനുശേഷം ശാന്തസമുദ്രപ്രദേശത്തെ ഇതരസാമ്രാജ്യത്വശക്തികളുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ പീക്കിങ്ങ് തയ്യാറായതോടുകൂടി മേഖലയിൽ അതിനുള്ള ഉദ്ദേശങ്ങളെപ്പററി ഏഷ്യൻ വികസ്വരരാജ്യങ്ങൾക്കുണ്ടായിരുന്ന ആശങ്ക പിന്നെയും വർദ്ധിച്ചു.

ചൈനയും ജപ്പാനും തമ്മിൽ രൂക്ഷമായ പല പ്രശ്നങ്ങളും നിലവിലുണ്ടായിരുന്നുവെങ്കിലും 1972—ൽ ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടു. തൽസംബന്ധമായ കരാറിനു ''ദയാർത്ഥത്തിലുള്ള ഒത്തുതീർപ്പ്'' എന്ന പേരു സിദ്ധിച്ചതു യാദൃച്ഛികമായല്ല. യുദ്ധകാലകെടുതികൾക്കു പരിഹാരമായി 50 ശതകോടി ഡോളറിൽ കുറയാതെ ജപ്പാൻ ചൈനയ്ക്കു നല്കേണ്ടതുണ്ടെന്നു മുമ്പ് പീക്കിങ്ങിൽ അവകാശമുന്നയിച്ചിരുന്നെങ്കിലും ജപ്പാനുമായുള്ള ബന്ധസാധാര

ണവൽക്കരണത്തെ ത്വരിപ്പിക്കുന്നതിനായി അതു വേണ്ടെന്നുവയ്ക്കാൻ ചൈനീസ് നയതന്ത്രം സന്നദ്ധമായി.

1972—ൽത്തന്നെ ആസ്ത്രേലിയയും ന്യൂസിലണ്ടുമായി ചൈന നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചു.

ശാന്തസമുദ്രപ്രദേശത്തെ മുഖ്യസാമ്രാജ്യത്വശക്തികളുമായി ബന്ധങ്ങൾ സാധാരണവൽക്കരിച്ചതിനോടൊപ്പം ചൈന അതിൻെറ വിദേശനയത്തിൽ സോവിയററ്വിരോധത്തിനു ശക്തികൂട്ടുകയും, ഇന്ത്യയെ തീവ്രമായി ഭർത്സിക്കുകയും, വിയററ്നാമിൽ അമേരിക്ക നടത്തിയ ആക്രമണത്തിനുനേരെ കണ്ണടയ്ക്കുകയും, ബാംഗ്ലാദേശിൻെറ ആവിർഭാവത്തെ ചെറുക്കുകയും ചെയ്തുവെന്നതു കണക്കിലെടുക്കുന്നപക്ഷം ചൈനീസ് നയതന്ത്രത്തിൻെറ ഈ പുതിയ കർമ്മപാതയെ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ എത്രമാത്രം ആശങ്കയോടെയാണു വീക്ഷിച്ചതെന്നു മനസ്സിലാക്കാൻ കഴിയും. സാമ്രാജ്യത്വശക്തികളുമായി രഹസ്യധാരണയിലേർപ്പെട്ടുകൊണ്ട് വികസ്വരേഷ്യയിലെ ചെറുതും ഇടത്തരവുമായ രാഷ്ട്രങ്ങൾക്കെതിരെയുള്ള വിപുലനം സജീവമാക്കുന്നതിനു പററിയ സാഹചര്യങ്ങൾ സൃഷ്ടിക്കാനാണു പീക്കിങ്ങിൻെറ ശ്രമമെന്നു തോന്നുന്നു.

മുമ്പ് ചൈനയോട്ട് അസഹിഷ്ണുത പ്രദർശിപ്പിച്ചിരുന്ന ശാന്തസമുദ്രപ്രദേശത്തെ ചില രാഷ്ട്രങ്ങൾ ആ രാജ്യവുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനു കാണിച്ച തിടുക്കത്തെ തീക്ഷ്ണമായി പരിഹസിക്കാനേ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കു നിവൃത്തിയുണ്ടായിരുന്നുള്ളു. ''അമേരിക്കയുടെ പിന്നാലെ ജപ്പാനും ആസ്ത്രേലിയയും ന്യൂസിലണ്ടും അപ്രതീക്ഷിതമായ വേഗതയോടെ പീക്കിങ്ങിലെത്തി. ദക്ഷിണപൂർവ്വേഷ്യയിലെ ഒരു രാജ്യത്തിനും ആ വേഗത പ്രദർശിപ്പിക്കാനാവില്ല. മേഖലയിലെ ഓരോ രാജ്യവും അവിടത്തെ രാഷ്ട്രീയയാഥാർത്ഥ്യങ്ങളെ സ്വന്തം കാഴ്ചപ്പാടിലൂടെ വീക്ഷിക്കുകയും പിന്നീടുമാത്രം സംഘർഷശമനത്തിൻെറ ഗതിവേഗം നിർണ്ണയിക്കുകയും ചെയ്യണം.''16

ശാന്തസമുദ്രപ്രദേശത്തെ സാമ്രാജ്യത്വശക്തികളുമായി എത്തിച്ചേർന്ന രഹസ്യധാരണയുടെ പ്രഥമഫലങ്ങൾ ചൈന ഇന്ന് ആർജ്ജിച്ചുതുടങ്ങിയിരിക്കുന്നു. ചൈനയ്ക്ക് അതിൻെറ സ്വാധീനമേഖലയ്ക്ക് അവകാശമുണ്ടെന്നു സമ്മതിക്കുന്നതിൽ ബൂർഷ്വാ ചൈനാവിദഗ്ധന്മാർക്കിന്നു യാതൊരു മടിയുമില്ല. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളും ചൈനയും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ച ഒരു പുതിയ കൃതിയിൽ അതെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു: ''ചൈനയുടെ സ്ഥിതി ദക്ഷിണപൂർവ്വേഷ്യയെ സ്വാഭാവികമായും അതിൻെറ സ്വാധീനമേഖലയാക്കിത്തീർ

ക്കുന്നു. ചൈനയെ സംബന്ധിച്ചിടത്തോളം വടക്കോട്ടുള്ള വഴി തുറന്ന് കിടക്കുന്നതു്... ഉഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന ഏഷ്യൻരാജ്യങ്ങൾ ചൈനയ്ക്കും അതുപോലെതന്നെ മററു വികസിതരാജ്യങ്ങൾക്കും ആവശ്യമുള്ള പല സാധനങ്ങളും ഉല്പാദിപ്പിക്കുന്നു. ആ സാധനങ്ങൾക്കുള്ള ആവശ്യം വർദ്ധിച്ചുകൊണ്ടേയിരിക്കും. സ്വാധീനം ചെലുത്തപ്പെടുന്നതു് രാഷ്ട്രീയമോ സാമ്പത്തികമോ ആയ സമ്മർദ്ദത്താലായിരിക്കാം. എങ്ങനെയായാലും ശരി, ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളെ വേണ്ടെന്നുവയ്ക്കാൻ ചൈനയ്ക്കു സാധ്യമല്ലെന്നതു തീർച്ചയാണ്.''17 തീയില്ലാതെ പുകയുണ്ടാവില്ല. അതിനാൽ അത്തരം പ്രസ്താവനകൾ ഏഷ്യയിൽ ചൈനയും ശാന്തസമുദ്രപ്രദേശത്തെ സാമ്രാജ്യത്വശക്തികളും തമ്മിലുള്ള ബന്ധങ്ങളുടെ പുതിയ അടിസ്ഥാനത്തെ പ്രതിഫലിപ്പിക്കുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു.

ചൈനയിൽനിന്നുള്ള പ്രത്യക്ഷമായ ഭീഷണിയെ അഭിമുഖീകരിക്കുന്ന ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ തങ്ങളുടെ ഭദ്രതയ്ക്കു് ഉറപ്പു വരുത്തുന്നതിനുവേണ്ടി കൂടുതൽ നടപടികൾ കൈക്കൊള്ളേണ്ടതാവശ്യമാണെന്ന നിഗമനത്തിലെത്തിയിരിക്കുന്നു. മേഖലയിലെ ചില രാജ്യങ്ങൾ അവയുടെ പ്രതിരോധചെലവുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചതു് അത്തരം നടപടികളിലൊന്നാണ്. ഉദാഹരണത്തിനു്, ഫിലിപ്പൈൻസ് അതിൻെറ സൈന്യത്തിൻെറ വലിപ്പം 60,000–ത്തിൽനിന്നു 80,000 ആയി വർദ്ധിപ്പിച്ചു. പ്രതിരോധമുൾപ്പെടെയുള്ള തുറകളിൽ മേഖലാടിസ്ഥാനത്തിലുള്ള സഹകരണം വിപുലീകരിക്കണമെന്ന ആശയത്തിനു ദക്ഷിണപൂർവ്വേഷ്യയിൽ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ദക്ഷിണപൂർവ്വേഷ്യൻ രാഷ്ട്രങ്ങളുടെ സംഘടനയിൽപ്പെട്ട രാജ്യങ്ങൾ ചൈനയെ സംബന്ധിച്ചിടത്തോളം ഏകോപിതമായ നയം അനുവർത്തിക്കാൻ തീരുമാനിച്ചിരിക്കുന്നു.

ലോകത്തിലെ പ്രധാനരാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങൾ സജീവമായി വികസിപ്പിച്ചുകൊണ്ടു് കൂടുതൽ ബഹുമുഖമായ നയതന്ത്രപ്രവർത്തനം നടത്തേണ്ടതു് ആവശ്യമാണെന്നു് അമേരിക്കൻ പ്രസിഡണ്ടിൻെറ ചൈനാസന്ദർശനത്തിനുശേഷം ദക്ഷിണപൂർവ്വേഷ്യൻ തലസ്ഥാനങ്ങളിൽ കരുതപ്പെടുന്നു. ഉദാഹരണത്തിനു് ഒരു തായ്‌ലണ്ടു് നയതന്ത്രജ്ഞൻ ഇങ്ങനെ പ്രസ്താവിച്ചു: ''മുമ്പു നമുക്കു തരാമെന്നു പറഞ്ഞിരുന്ന സംരക്ഷണ കിട്ടാതെ വരുന്നപക്ഷം നാം സ്വന്തം ശക്തിയുപയോഗിച്ചും സ്വയം സംരക്ഷിക്കാൻ ശ്രമിക്കണം. ആവുന്നത്ര കൂടുതൽ രാജ്യങ്ങളുമായി നല്ല ബന്ധം പുലർത്തുകയെന്ന തായ്‌ലണ്ടിൻെറ പരമ്പരാഗതമായ നയം നടപ്പിലാക്കിക്കൊണ്ടു് നമുക്കതു ചെയ്യാൻ സാധിക്കും. കൂടുതൽ വിപുലവും ദൃഢവുമായ അടിസ്ഥാനത്തോടുകൂടിയതായിരിക്കണം നമ്മുടെ ന

യം. എല്ലാ മുട്ടകളും ഒരു കുട്ടയിലിടാൻ നാം ശ്രമിക്കരുതു്. മുമ്പും അതു് അപകടകരമായിരുന്നു. എന്നാൽ അന്നു് ഇന്നത്തെക്കാൾ കുറഞ്ഞ ഭീഷണിയേ ഉണ്ടായിരുന്നുള്ളു. കുട്ടയ്ക്കിപ്പോൾ ധാരാളം ഓട്ടകൾ ഉണ്ടായിട്ടുള്ളതായി തോന്നുന്നു.''18 ദക്ഷിണപൂർവ്വേഷ്യയിലെ മററു രാജ്യങ്ങളിലും ഇതേ മനോഭാവംതന്നെ പ്രകടിപ്പിക്കപ്പെട്ടുന്നു.

ചൈനയുമായുള്ള രാഷ്ട്രാന്തരബന്ധങ്ങൾ ക്രമീകരിക്കാൻ ഏഷ്യൻ രാജ്യങ്ങൾ തയ്യാറായെന്നതാണു് ഒരുപക്ഷെ പീക്കിങ്ങിൽവച്ചു നടന്ന ചൈനാ—അമേരിക്കാ കൂടിക്കാഴ്ചയോടുള്ള ആ രാജ്യങ്ങളുടെ ഏററവും അപ്രതീക്ഷിതമായ പ്രതികരണം. സഖ്യകക്ഷികളുമായി മുൻകൂട്ടി ആലോചിക്കാതെ ചൈനയുമായി അടുക്കാൻ തയ്യാറായ അമേരിക്കയോടു പല ഏഷ്യൻരാജ്യങ്ങൾക്കുമുളവായ പരിഭവം ആ തീരുമാനം കൈക്കൊള്ളുന്നതിൽ അവയെ തീർച്ചയായും സ്വാധീനിക്കുകയുണ്ടായി.

ആ തീരുമാനത്തെ പരാമർശിച്ചുകൊണ്ടു് സിംഗപ്പൂർ വിദേശകാര്യമന്ത്രാലയത്തിൻെറ ഒരു വക്താവു് ഇങ്ങനെ പ്രസ്താവിച്ചു: ''അമേരിക്കൻ ഐക്യനാടുകളും ചൈനാ ജനകീയറിപ്പബ്ലിക്കും തമ്മിൽ സമ്പർക്കമിഷനുകളെ കൈമാറുകയും അതിനെത്തുടർന്നു് ജപ്പാൻ, ആസ്ത്രേലിയ, ന്യൂസിലാണ്ടു് എന്നീ രാജ്യങ്ങൾ ചൈനയുമായി സ്ഥാനപതികളെ കൈമാറുകയും ചെയ്തതിനുശേഷം മേഖലയിലുള്ള മററു രാജ്യങ്ങൾ അതേ ദിശയിൽ നീങ്ങുന്നതു തികച്ചും സ്വാഭാവികമാണു്.''19

ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിൻെറ ഫലമായി അയൽരാജ്യങ്ങളുടെമേലുള്ള അതിൻെറ സമ്മർദ്ദത്തിനു കുറവുവരുത്താൻ, അഥവാ കുറഞ്ഞപക്ഷം ചൈനയുമായുള്ള ബന്ധങ്ങളെ കൂടുതൽ നിയന്ത്രണവിധേയമായ ഔദ്യോഗികമാർഗ്ഗങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്താൻ സാധിക്കുമെന്നുള്ള ഏഷ്യൻരാജ്യങ്ങളുടെ കണക്കുകൂട്ടൽ ആ തീരുമാനത്തെ സ്വാധീനിച്ചുവെന്നതിനു സംശയമില്ല. ചൈനയുമായി രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനെത്തുടർന്നു ചില സാമ്പത്തികനേട്ടങ്ങൾ ആർജ്ജിക്കാൻ കഴിഞ്ഞേക്കുമെന്നുള്ള പ്രത്യാശയും ആ അവസരത്തിൽ പ്രകടിപ്പിക്കപ്പെടാതിരുന്നില്ല. എന്നിരിക്കിലും ദക്ഷിണപൂർവ്വേഷ്യയിൽ ചൈനയ്ക്കുള്ള വിപുലനവാദപരമായ അഭിനിവേശങ്ങളുടെ സാഹചര്യത്തിൽ ആ നടപടി അങ്ങേയററം വിവാദപരവും സാഹസികവുമായി കാണപ്പെട്ടു.

എന്തായാലും ചൈനയുമായി ദീർഘകാലം ശത്രുതയിലായിരുന്ന ദക്ഷിണപൂർവ്വേഷ്യ അതിൻെറ ചൈനാനയത്തിൽ സത്വരമായ മാററങ്ങൾ വരുത്തി.

## 3. ചൈനയുടെ പിങ്ങ്പോങ്ങ് നയതന്ത്രം

ദീർഘകാലം അകൽച്ചയിൽ കഴിഞ്ഞതിനുശേഷം 1972—ൽ ചൈനയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളും തമ്മിൽ പിങ്ങ്പോങ്ങ് നയതന്ത്രം ആരംഭിച്ചു. രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുകയെന്നതായിരുന്നു അതിൻെറ ലക്ഷ്യം.

ദക്ഷിണപൂർവ്വേഷ്യയിൽ നയതന്ത്രപരമായ സാന്നിദ്ധ്യം നേടുകയെന്ന പരിമിതമായ ലക്ഷ്യത്തോടുകൂടിയാണ് പീക്കിങ്ങ് അവിടെ സജീവമായ പ്രവർത്തനത്തിനു തുടക്കമിട്ടതു്. മേഖലയിൽ ചൈന ഒററപ്പെട്ടാണു കഴിഞ്ഞിരുന്നതെന്നതും ദക്ഷിണേഷ്യയിലെ പല രാജ്യങ്ങളുമായുള്ള അതിൻെറ ബന്ധങ്ങളിൽ പിരിമുറുക്കം അനുഭവപ്പെട്ടിരുന്നുവെന്നതും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും വികസ്വരരാജ്യങ്ങളിൽ വളരെ മോശമായ പ്രതീതിയുളവാക്കി. ചൈനയുമായുള്ള തങ്ങളുടെ ബന്ധങ്ങൾക്കു രൂപം നല്കുന്ന അവസരത്തിൽ ആ രാജ്യങ്ങൾ ചൈനയുടെ അയൽക്കാരായ ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ അനുഭവം കണക്കിലെടുക്കുന്നുവെന്നതു സ്വാഭാവികമാണ്. ദേശീയവിമോചനപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ള പീക്കിങ്ങിൻെറ വിദേശനയലക്ഷ്യങ്ങളുടേയും സമ്പ്രദായങ്ങളുടേയും സാരാംശം ഏററവും പൂർണ്ണമായും സ്പഷ്ടമായും വെളിപ്പെട്ടിട്ടുള്ളതു വികസ്വരേഷ്യയിലാണ്. ഏഷ്യയിലെ മിക്ക അയൽരാജ്യങ്ങളുമായി സാധാരണനിലയിലുള്ള രാഷ്ട്രാന്തരബന്ധങ്ങളിലേർപ്പെടാൻ ചൈനക്കു കഴിഞ്ഞിട്ടില്ലെങ്കിൽപ്പിന്നെ വികസ്വരരാജ്യങ്ങളുടെ നേതൃത്വം അവകാശപ്പെടുന്നതിൽ എന്തർത്ഥമാണുള്ളതു്? ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കപ്പെട്ടിരുന്നില്ലെന്ന വസ്തുത വികസ്വരരാജ്യങ്ങളെ സംബന്ധിച്ച ചൈനക്കുള്ള ഉദ്ദേശങ്ങളുടെ ആത്മാർത്ഥതയിൽ സംശയമുളവാക്കി.

മേഖലയിലെ പ്രധാനരാജ്യങ്ങളുമായി നേരിട്ടുള്ള വ്യാപാരവും നയതന്ത്രബന്ധങ്ങളും നിലവിലില്ലായിരുന്നതിനാൽ ഏഷ്യൻ അയൽരാജ്യങ്ങളെ സ്വാധീനിക്കുന്നതിനുള്ള പല ഉപാധികളും പീക്കിങ്ങിനു് ഇല്ലാതെ പോയി. തൽഫലമായി ദക്ഷിണപൂർവ്വേഷ്യയിൽ തങ്ങളുടെ മഹച്ഛക്തിമോഹങ്ങൾ സാക്ഷാൽക്കരിക്കുന്നതിൽ പീക്കിങ്ങ് നേതൃത്വത്തിനു തടസ്സങ്ങൾ നേരിട്ടു.

ദക്ഷിണപൂർവ്വേഷ്യയിൽ അമേരിക്കയുടെ സൈനികസാന്നിദ്ധ്യം കുറയാൻ തുടങ്ങിയതോടുകൂടി മേഖലയിലെ സ്ഥിതിക്കു സാരമായ മാററങ്ങളുണ്ടാവുകയും തെക്കൻ അതിർത്തികളിൽ തങ്ങളുടെ മഹച്ഛക്തിപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതിയ സാധ്യതകൾ ചൈനീസ് നയതന്ത്രജ്ഞന്മാർ കണ്ടെത്തുകയും ചെയ്തു.

ഇന്നലെവരെ പൊളിഞ്ഞുപാളീസായവയെന്നും ചുക്കിനുകൊള്ളാത്ത വയെന്നും മുദ്രയടിച്ചിരുന്ന സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുകയെന്ന നിർദ്ദേശം ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ മുമ്പാകെ വയ്ക്കുകതന്നെയെന്ന് ആ സാഹചര്യങ്ങളിൽ പീക്കിങ്ങ് തീരുമാനിച്ചു. ദക്ഷിണപൂർവ്വേഷ്യൻ രാഷ്ട്രങ്ങളുടെ സംഘടന(ASEAN—ഏസിയൻ) യിൽപ്പെട്ട രാജ്യങ്ങളുമായി, അതായത് മലേഷ്യ, ഇന്തോനേഷ്യ, സിംഗപ്പൂർ, തായ്‌ലണ്ട്, ഫിലിപ്പൈൻസ് എന്നിവയുമായി സമ്പർക്കങ്ങൾ സ്ഥാപിക്കുന്നതിലും വികസിപ്പിക്കുന്നതിലും ചൈനീസ് നയതന്ത്രം പ്രത്യേകശ്രദ്ധ ചെലുത്തി.

''നല്ല വഴക്കിനെക്കാൾ ഭേദം ചീത്ത സമാധാനമാണെ''ന്ന തത്വമനുസരിച്ചു പ്രവർത്തിച്ചുകൊണ്ട് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുള്ള ചൈനയുടെ നിർദ്ദേശത്തിന് അനുകൂലമായ പ്രതികരണം നല്കി. അമേരിക്കൻ പ്രസിഡണ്ടിന്റെ ചൈനാസന്ദർശനത്തിനുശേഷം പീക്കിങ്ങ് ഏഷ്യൻ രാഷ്ട്രീയരംഗത്തേക്കു പ്രവേശിക്കുന്നുവെന്നതു പരിഗണിച്ചുകൊണ്ട് ആ രാജ്യങ്ങൾ മുഖ്യമായും അമേരിക്കൻചായ്‌വോടുകൂടിയ തങ്ങളുടെ വിദേശനയതത്വങ്ങൾ നവീകരിക്കേണ്ടതാവശ്യമാണെന്നു മനസ്സിലാക്കുകയും തൽഫലമായി പീക്കിങ്ങുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. ചൈനയുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനെത്തുടർന്ന് മേഖലയിലെ ചില രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലുള്ള പീക്കിങ്ങിന്റെ ഇടപെടൽ അവസാനിക്കുമെന്നും തങ്ങളുടെ ആഭ്യന്തരനില സുസ്ഥിരമാകുമെന്നും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ പ്രത്യാശിച്ചു.

മേഖലയുടെ കാര്യങ്ങളിൽ ചൈന സജീവമായി പങ്കെടുക്കുന്നതിന്റെ ഫലമായി തങ്ങളുടെ വിദേശസാമ്പത്തികബന്ധങ്ങൾ വിപുലീകരിക്കാൻ സാധിക്കുമെന്നു ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ കരുതിയെങ്കിലും പൊതുവെ പീക്കിങ്ങുമായുള്ള ബന്ധസാധാരണവൽക്കരണത്തെ സംബന്ധിച്ച അവയുടെ നിലപാടിൽ സാമ്പത്തികന്യായങ്ങളല്ല, രാഷ്ട്രീയന്യായങ്ങളാണു മുന്നിട്ടുനിന്നിരുന്നതു്. പീക്കിങ്ങിനു ദക്ഷിണപൂർവ്വേഷ്യയിൽ വിപുലനവാദപരമായ ഉദ്ദേശങ്ങൾ ഉണ്ടായിരിക്കാമെന്നുള്ള ആപൽശങ്ക പല ഏഷ്യൻനേതാക്കന്മാരും പ്രകടിപ്പിച്ചു. ചൈനയുമായി രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുകയും ആ ബന്ധങ്ങളെ സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളിൽ ഒതുക്കിനിർത്തുകയും ചെയ്തുകൊണ്ട് പീക്കിങ്ങ് നേതൃത്വത്തിന്റെ അത്തരം അഭിനിവേശങ്ങൾക്കു വിഘാതം സൃഷ്ടിക്കാമെന്ന് അവർ വിചാരിച്ചു.

ഇന്തോചൈനയിൽ യുദ്ധമവസാനിച്ചതോടുകൂടി, തായ്ലണ്ടിലും മലേഷ്യയിലും ഫിലിപ്പൈൻസിലും സിംഗപ്പൂരിൽപ്പോലും പീക്കിങ്ങിൻെറ പ്രേരണയോടെ നടക്കുന്ന ഒളിപ്പോർപ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിക്കുമെന്ന് അവർ ആശങ്കിക്കുകയും ചൈനയുമായി രാഷ്ട്രാന്തരബന്ധങ്ങൾ സ്ഥാപിക്കേണ്ടതു് എത്രയും ആവശ്യമായിത്തീർന്നിരിക്കുന്നുവെന്നു കരുതുകയും ചെയ്തു.

ചൈന യു.എൻ.ഒ.യിൽ പ്രവേശിക്കുകയും പ്രത്യേകിച്ചും, അമേരിക്കൻ പ്രസിഡണ്ട് ചൈന സന്ദർശിക്കുകയും ചെയ്തതിനുശേഷം 1972 ഫെബ്റുവരിയിൽ ഐക്യരാഷ്ട്രസംഘടനയുടെ ആസ്ഥാനത്തുവച്ച് ഏഷ്യൻ നയതന്ത്രജ്ഞന്മാരും ചൈനീസ് പ്രതിനിധികളും തമ്മിൽ രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതു സംബന്ധിച്ച് അനൗദ്യോഗികസമ്പർക്കങ്ങൾ ആരംഭിച്ചു. അതോടൊപ്പംതന്നെ ചൈനയും ദക്ഷിണപൂർവ്വേഷ്യയിലെ ചില രാജ്യങ്ങളും തമ്മിൽ സ്പോർട്ട്സ്മാന്മാരുടേയും ബിസിനസ്സ്പ്രവർത്തകരുടേയും വിദഗ്ധന്മാരുടേയും അനൗദ്യോഗികപ്രതിനിധിസംഘങ്ങളെ ഏറെക്കുറെ സജീവമായി കൈമാറിക്കൊണ്ടുള്ള പിങ്ങ്പോങ്ങ് നയതന്ത്രവും നടത്തപ്പെട്ടു. ചില രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം യുദ്ധാനന്തരകാലത്തു ചൈനീസ് പ്രതിനിധികളുമായി ഇദംപ്രഥമമായി നടത്തപ്പെട്ട അനൗദ്യോഗികസമ്പർക്കങ്ങളായിരുന്നു അവ. ബന്ധസാധാരണവൽക്കരണത്തെ സംബന്ധിച്ച വിഷമപ്രശ്നങ്ങൾ ചർച്ചചെയ്യുകയെന്ന ദൗത്യമാണ് അവരെ ഭരമേല്പിച്ചിരുന്നതു്. പ്രത്യേകിച്ചും തായ്ലണ്ട്, മലേഷ്യ, ഫിലിപ്പൈൻസ്, എന്നീ രാജ്യങ്ങളും ചൈനയും തമ്മിൽ വിപുലമായ തോതിൽ പിങ്ങ്പോങ്ങ് നയതന്ത്രം നടക്കുകയുണ്ടായി.

പിങ്ങ്പോങ്ങ് നയതന്ത്രത്തിൻെറ സമയത്തു് രാഷ്ട്രാന്തരബന്ധങ്ങളുടെ സാധാരണവൽക്കരണത്തെ സംബന്ധിച്ച പ്രശ്നത്തിൽ ഇരുപക്ഷങ്ങളുടേയും നിലപാടുകൾ വിശദീകരിക്കപ്പെടുകയും ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പരിപാടി രൂപീകരിക്കപ്പെടുകയും ചെയ്തു.

അതേ സമയം ചൈനയും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളും തമ്മിലുള്ള ഗുരുതരമായ വൈരുദ്ധ്യങ്ങൾ പുറത്തുവന്നു. മേഖലയിലെ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഒളിപ്പോർപ്രസ്ഥാനങ്ങൾക്കു ചൈന ഭൗതികവും പ്രത്യയശാസ്ത്രപരവുമായ സഹായം നല്കുകയില്ലെന്ന ദൃഢവും അസന്ദിഗ്ദ്ധവുമായ വാഗ്ദാനം ലഭിക്കാത്തപക്ഷം ചൈനയുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കുക സാധ്യമല്ലെന്ന് ആ രാജ്യങ്ങൾ പ്രസ്താവിച്ചു. ഒളിപ്പോർപ്രസ്ഥാനങ്ങൾക്കു പിന്തുണയും ചൈനയെ ആസ്ഥാനമാക്കി പ്രക്ഷേപണം നടത്തുന്ന റേഡിയോനിലയങ്ങൾക്കു സംരക്ഷ

ണയും ഗവണ്മെൻറുവിരുദ്ധപ്രവർത്തനം നടത്തുന്നവർക്ക രാഷ്ട്രീയാഭയവും നല്കിക്കൊണ്ടു് തായ്ലണ്ടു്, മലേഷ്യ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ പീക്കിങ്ങ് ഇടപെടുന്നുവെന്നതിനുള്ള അനിഷേധ്യമായ തെളിവുകൾ തങ്ങളുടെ പക്കലുണ്ടെന്നു് ആ രാജ്യങ്ങളുടെ പ്രതിനിധികൾ അവകാശപ്പെട്ടു. വടക്ക—കിഴക്കൻ തായ്ലണ്ടിൽ പ്രവർത്തിക്കുന്ന ഒളിപ്പോർപ്രസ്ഥാനത്തിനു ചൈനയിൽനിന്നു പ്രചോദനവും ഭൗതികസഹായവും ലഭിക്കുന്നുവെന്നും ''സ്വതന്ത്രതായ്ജനതയുടെ ശബ്ദം'' എന്നറിയപ്പെടുന്ന രഹസ്യറേഡിയോനിലയം ചൈനീസ് പ്രദേശത്തുനിന്നു പ്രക്ഷേപണങ്ങൾ നടത്തുന്നുവെന്നും തായ്ലണ്ടിൻെറ പ്രതിനിധികൾ പ്രസ്താവിച്ചു. തായ്ലണ്ട്—മലേഷ്യാ അതിർത്തിയിലും കിഴക്കൻ മലേഷ്യയിലുമുള്ള ഒളിപ്പോർപ്രസ്ഥാനത്തിനു പീക്കിങ്ങിൽനിന്നു പിന്തുണ ലഭിക്കുന്നുവെന്നു മലേഷ്യൻനേതാക്കന്മാർ ചൂണ്ടിക്കാട്ടി. ''വിപ്ലവശബ്ദം'' എന്ന റേഡിയോനിലയം മലേഷ്യാവിരുദ്ധപ്രക്ഷേപണങ്ങൾ നടത്തുന്നതു് ദക്ഷിണചൈനയിൽനിന്നാണെന്നു് അവർ പ്രസ്താവിച്ചു: ഇന്തോനേഷ്യയുടേയും ഫിലിപ്പൈൻസിൻേറയും പ്രതിനിധികളും പീക്കിങ്ങിനെതിരെ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. അത്ര വ്യക്തമായ രീതിയിലല്ലെങ്കിലും സിംഗപ്പൂരും പീക്കിങ്ങിനെ കുററപ്പെടുത്തി. സിംഗപ്പൂരിൻെറ പ്രതിരോധമന്ത്രി ഇങ്ങനെ പ്രസ്താവിച്ചു. '''ദേശീയവിമോചനത്തിനുവേണ്ടിയുള്ള യുദ്ധങ്ങ'ളോടു തങ്ങൾക്കുള്ള സഹഭാവവും അവയ്ക്കു പിന്തുണ നല്കാനുള്ള ഉദ്ദേശവും മറച്ചുപിടിക്കേണ്ടതു് ആവശ്യമാണെന്നു് ചൈനീസ്നേതാക്കന്മാർ കരുതുന്നില്ല. ഗവണ്മെൻറുതലത്തിൽ സാധാരണബന്ധങ്ങൾ പുലർത്തുന്നതിനു തങ്ങൾ എല്ലായ്പോഴും ശ്രമിക്കുന്നുവെന്നു് ഏഷ്യൻനേതാക്കന്മാർക്കു് ഉറപ്പുനല്കുവേതന്നെ മററു തരത്തിലുള്ള—ജനതകൾതമ്മിലും പാർട്ടികൾതമ്മിലുമുള്ള—ബന്ധങ്ങളും ഉണ്ടെന്നതു് ഊന്നിപ്പറയാൻ അവർ ഒരിക്കലും മറക്കുന്നില്ല. അത്തരം അനൗദ്യോഗികബന്ധങ്ങളുടെ മാർഗ്ഗങ്ങളിലൂടെ അവർ കലാപകാരികൾക്കു പിന്തുണ നല്കാനിടയുണ്ടു്. പണവും ആയുധങ്ങളും എത്തിച്ചുകൊടുക്കൽ, കാഡറുകളെ പരിശീലിപ്പിക്കൽ എന്നീ രൂപങ്ങളിലായിരിക്കും ആ പിന്തുണ നല്കപ്പെടുന്നതു്''.20

വിഷമം പിടിച്ച ഈ പ്രശ്നത്തിൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ സ്വീകരിച്ച ഏകോപിതനയത്തിൻെറ ഫലമായി പീക്കിങ്ങ് ചില വിട്ടുവീഴ്ചകൾക്കു തയ്യാറായി. മലേഷ്യ, തായ്ലണ്ടു്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ ഒളിപ്പോർപ്രസ്ഥാനങ്ങൾക്കുള്ള പിന്തുണ അവസാനിപ്പിക്കാമെന്നു് 1974 ആരംഭത്തിൽ ചൈനീസ് നയതന്ത്രജ്ഞന്മാർ ആ രാജ്യങ്ങളുടെ പ്രതിനിധികളോടു് ഔദ്യോഗികമായി വാഗ്ദാ

നം ചെയ്തു. അങ്ങനെ, അയൽരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ചൈന അനേകവർഷങ്ങളായി ഇടപെട്ടിരുന്നുവെന്നും അതു നിഷേധിച്ചുകൊണ്ടു നടത്തിയ ഔദ്യോഗികപ്രസ്താവനകൾ കപടമായിരുന്നുവെന്നും തെളിഞ്ഞു. ഒളിപ്പോർപ്രസ്ഥാനങ്ങൾക്കു നല്കുന്ന പിന്തുണ അവസാനിപ്പിക്കാമെന്നു പീക്കിങ്ങ്നേതൃത്വം സമ്മതിച്ചിരിക്കുന്നുവെന്നതുകൊണ്ട് അയൽരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇതരമാർഗ്ഗങ്ങളിലൂടെ അവർ ഇടപെട്ടുകൂടെന്നില്ല.

ചൈനയുടെ സ്ഥാനപതികാര്യാലയങ്ങളും കോൺസുലേററുകളും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നതോടുകൂടി തദ്ദേശ ചൈനീസ് ന്യൂനപക്ഷങ്ങൾ, പ്രത്യേകിച്ചും അവയുടെ ചൂഷകവിഭാഗങ്ങൾ പീക്കിങ്ങിൻെറ നിയന്ത്രണത്തിനു കീഴ്പ്പെടുമെന്നും ആ ന്യൂനപക്ഷങ്ങളെ ആലംബമായെടുത്തുകൊണ്ട് ഗവണ്മെൻറുവിരുദ്ധപ്രവർത്തനങ്ങൾ നടത്താൻ ചൈനയ്ക്കു കൂടുതൽ എളുപ്പമാവുമെന്നും തൽഫലമായി തങ്ങളുടെ ആഭ്യന്തരസ്ഥിതി വഷളാവുമെന്നും ആ രാജ്യങ്ങൾക്ക് ആശങ്കയുണ്ടായിരുന്നു. ചൈന ദക്ഷിണപൂർവ്വേഷ്യയിൽ സജീവത പ്രകടിപ്പിക്കുന്നതിനാൽ തദ്ദേശചൈനീസ്ന്യൂനപക്ഷങ്ങൾക്കിടയിൽ പീക്കിങ്ങ്പക്ഷമനോഭാവം വർദ്ധിക്കാനിടയാവുമെന്നും മേഖലയിൽ സ്വന്തം അധിനായകത്വപരമായ അഭിലാഷങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി പീക്കിങ്ങ് ആ സാഹചര്യം ഉപയോഗപ്പെടുത്താതിരിക്കില്ലെന്നും ഏഷ്യൻ പത്രങ്ങൾ അനുമാനിച്ചു. മലേഷ്യയിൽ ഇങ്ങനെ പ്രസ്താവിക്കപ്പെട്ടു: ''ചൈനയ്ക്കിവിടെ ആയിരക്കണക്കിനു ചാരന്മാരുണ്ട്. അവരുടെ ഏകലക്ഷ്യം മലേഷ്യയിലെ ജനാധിപത്യഗവണ്മെൻറിനെ ആയുധശക്തി ഉപയോഗിച്ച് അട്ടിമറിക്കാൻ ശ്രമിക്കുകയെന്നതാണ്. അതുകൊണ്ടാണ ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ പാടില്ലാത്തതു്. എന്തെന്നാൽ ചൈനയോടു കൂറു പുലർത്തുന്ന വിധ്വംസകഘടകങ്ങൾക്ക് അതു സഹായകമായി ഭവിക്കും.''21 മലേഷ്യയിൽ ചൈനീസ് നയതന്ത്രജ്ഞന്മാർ എത്തിയയുടൻ ആ ആശങ്കകൾ അടിസ്ഥാനരഹിതമല്ലെന്നു തെളിഞ്ഞു.

മറുനാടൻ ചൈനാക്കാരെ, ''ചൈനയുടെ നയത്തിനു പിന്തുണ നല്കാൻ തദ്ദേശഗവണ്മെൻറുകളെ നിർബ്ബന്ധിക്കുന്നതിനുവേണ്ടിയും ചൈനയുടെ താല്പര്യങ്ങൾക്കു ഹാനികരമാണെന്നു കരുതപ്പെടുന്ന എന്തിനേയും എതിർക്കുന്നതിനുവേണ്ടിയും ഉപയോഗിക്കാൻ കഴിയു''22മെന്നു ചില ചൈനാവിദഗ്ദ്ധന്മാർ ന്യായമായും കരുതി.

ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധസാധാരണവൽക്കരണത്തിൻെറ പ്രാഥമികഘട്ടങ്ങളിൽത്തന്നെ ആ ബന്ധങ്ങൾക്കു സോവിയററ്വിരുദ്ധസ്വഭാവം പ്രദാനം ചെയ്യാൻ പീക്കിങ്ങ് ശ്രമിച്ചുവെന്നതു

ശ്രദ്ധേയമാണ്. ''വടക്കൻ അതിർത്തികളിൽ അനുഭവപ്പെടുന്ന സൈനികസമ്മർദ്ദത്തിനുപുറമെ തെക്കൻ അതിർത്തികളിൽനിന്നുകൂടി സമ്മർദ്ദമുണ്ടാകുന്നതു തടയാൻവേണ്ടി തായ്‌ലണ്ടും ദക്ഷിണപൂർവ്വേഷ്യയിലെ ഇതരരാജ്യങ്ങളുമായി സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു''[23]വെന്നു് തായ്‌ലണ്ടിന്റെ ഔദ്യോഗികപ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ ചൈനീസ്നേതാക്കന്മാർ പ്രസ്താവിക്കുകയുണ്ടായി. ദക്ഷിണപൂർവ്വേഷ്യയെ സംബന്ധിച്ച തങ്ങൾക്കുള്ള വിപുലനപദ്ധതികൾ മറച്ചുപിടിക്കുന്നതിനുവേണ്ടിയാണ് പീക്കിങ്ങ് നേതൃത്വം സോവിയററ് യൂണിയന്റെ നയത്തെ ഇപ്രകാരം വളച്ചൊടിച്ചു കാണിച്ചതു്.

ബൂർഷ്വാ വിദഗ്ദ്ധന്മാരിലൊരാൾ ഇങ്ങനെ അഭിപ്രായപ്പെടുന്നു: ''മേഖലയിലെ രാജ്യങ്ങളുമായി സഹവർത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉളവാക്കുകയെന്നതാണു ചൈനയുടെ ദക്ഷിണപൂർവ്വേഷ്യൻനയത്തിന്റെ ഏററവും കുറഞ്ഞ ലക്ഷ്യമെന്നു പറയാം. പീക്കിങ്ങിനേയും അതിന്റെ ലോകവീക്ഷണത്തേയും കുമ്പിട്ടാരാധിക്കുന്നവയോ അഥവാ കുറഞ്ഞപക്ഷം പീക്കിങ്ങിനോട് അനുഭാവമുള്ളവയോ ആയ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറുകളുടെ ഒരു ശ്രേണി സൃഷ്ടിച്ചുകൊണ്ടു് ആ ലക്ഷ്യം നേടാൻ സാധിക്കും. കമ്മ്യൂണിസ്റ്റല്ലെങ്കിലും ചൈനയുമായി സഹവർത്തിക്കാൻ തയ്യാറുള്ള ഗവണ്മെൻറുകളിൽനിന്നു നയതന്ത്രപരമായ അംഗീകാരം നേടുകയും അവയുമായി വ്യാപാരബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ് അതിനുള്ള മറെറാരു മാർഗ്ഗം.''[24] സ്വാഭാവികമായും ദക്ഷിണപൂർവ്വേഷ്യയിലെ ഏകാകിതയുടെ സാഹചര്യങ്ങളിൽ അയൽരാജ്യങ്ങളുമായുള്ള രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുകയെന്ന മിതമായ ലക്ഷ്യമാണു പീക്കിങ്ങിന്റെ നയതന്ത്രം മുൻവയ്ക്കുന്നതു്. എന്നാൽ ചൈന അതിൽ ഒതുങ്ങിനില്ക്കുമെന്നു് ഉറപ്പുനല്കാൻ ആർക്കു കഴിയും?

## 4. മലേഷ്യയിലെ മഹച്ഛക്തിതുടക്കം

നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി നടന്നതും 1974 ജൂണിൽ സമാപിച്ചതുമായ മലേഷ്യാ—ചൈനാ കൂടിയാലോചനകളുടെ ഫലങ്ങൾ ചൈനയ്ക്കു ദക്ഷിണപൂർവ്വേഷ്യയിലുള്ള മഹച്ഛക്തിമോഹങ്ങളെ എത്രയും വ്യക്തമായി വെളിപ്പെടുത്തുന്നു.

1974 മദ്ധ്യംവരെ മലേഷ്യയും ചൈനയും തമ്മിൽ നയതന്ത്രബന്ധങ്ങൾ നിലവിലില്ലായിരുന്നതു പീക്കിങ്ങിന്റെ കുററത്താലാണ്. പ്രത്യക്ഷമായ ചരിത്രവസ്തുതകളെ അവഗണിച്ചുകൊണ്ടു് മലയൻ ഫെഡ

റേഷനേയും (1957–ൽ രൂപീകരിക്കപ്പെട്ട) മലേഷ്യയേയും (1963–ൽ രൂപീകരിക്കപ്പെട്ട) പീക്കിങ്ങ് ''പുത്തൻകൊളോണിയലിസത്തിൻെറ സൃഷ്ടി''യെന്നു വിളിച്ച് അധിക്ഷേപിക്കുകയും അതിൻെറ പരമാധികാരത്തെ അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ചൈനയുടെ പ്രദേശത്തുനിന്നുള്ള മലേഷ്യാവിരുദ്ധപ്രക്ഷേപണങ്ങൾ, ഒളിപ്പോർപ്രസ്ഥാനത്തിനുള്ള ഭൗതികപിന്തുണ തുടങ്ങിയ ധിക്കാരപരമായ രീതികളുപയോഗിച്ച് പീക്കിങ്ങ് ആ സ്വതന്ത്രരാഷ്ട്രത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇക്കഴിഞ്ഞ കാലംവരെ നിർല്ലജ്ജം ഇടപെട്ടുകൊണ്ടിരുന്നു. ലോകത്തിലെ ഏററവും വലിയ ചൈനീസ്ന്യൂനപക്ഷം മുഖേന മലേഷ്യയുടെ ആഭ്യന്തരരാഷ്ട്രീയജീവിതത്തിൽ പീക്കിങ്ങ് നിരന്തരമായ സമ്മർദ്ദം ചെലുത്തിയിരുന്നു, അതിന്നു തുടരുകയും ചെയ്യുന്നു. ചൈനയോടു ജാഗരൂകമായ മനോഭാവമാണു മലേഷ്യയിലുള്ളതെന്നതിൽ അത്ഭുതപ്പെടാനില്ല.

എന്നിരിക്കിലും, 1970 സെപ്റ്റംബറിൽ തുങ്കു അബ്ദുറഹ്മാനുശേഷം മലേഷ്യൻ പ്രധാനമന്ത്രിയായിത്തീർന്ന തുൻ അബ്ദുറസാക്ക് ചൈനയുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുവേണ്ടി കരുതലോടുകൂടിയ ശ്രമങ്ങൾ ആരംഭിച്ചു. അതിനദ്ദേഹത്തെ പ്രേരിപ്പിച്ച കാരണങ്ങൾ പലതായിരുന്നു. 1969 മേയിൽ മലയാക്കാരും ചൈനാക്കാരും തമ്മിൽ രക്തച്ചൊരിച്ചിലോടുകൂടി നടന്ന സംഘട്ടനങ്ങൾ രാജ്യത്തിൻെറ രാഷ്ട്രീയഘടനയ്ക്ക് ആകമാനം ഇളക്കം തട്ടിച്ചു. പീക്കിങ്ങിൽനിന്നു ഭൗതികവും പ്രത്യയശാസ്ത്രപരവുമായ സഹായം ലഭിച്ചിരുന്ന ഗവണ്മെൻറുവിരുദ്ധ ഒളിപ്രവർത്തനം സജീവമാക്കാൻ തുടങ്ങി. തൊട്ടടുത്തുള്ള ഇന്തോചൈനയിൽ യു.എസ്.എ.യുടേയും അതിൻെറ കൂട്ടാളികളുടേയും സൈനിക–രാഷ്ട്രീയപരാജയം ഒരു വസ്തുതയായിത്തീർന്നു. സാർവ്വദേശീയകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ ഏകോപിതനയത്തിൽനിന്നു ചൈന കൂടുതൽകൂടുതൽ അകലുകയും അതിൻെറ നയത്തിൽ മഹച്ഛക്തിഷോവിനിസത്തിൻെറ ആശയങ്ങൾ പ്രബലമാവുകയും ചെയ്തു.

അത്തരം സാഹചര്യങ്ങളിൽ 1970–ൽത്തന്നെ അബ്ദുറസാക്ക് സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളെ അടിസ്ഥാനമാക്കി മലേഷ്യാ–ചൈനാ ബന്ധങ്ങൾ സാധാരണവൽക്കരിക്കേണ്ടതിൻെറ ആവശ്യകതയെ സംബന്ധിച്ച പ്രസ്താവന നടത്തി. പുതിയ പ്രധാനമന്ത്രിയുടെ പ്രസ്താവനയെ അനുകൂലിച്ചുകൊണ്ടുള്ള ലേഖനങ്ങൾ തദ്ദേശപത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. പീക്കിങ്ങിൻെറ പ്രതികരണം സത്വരമായിരുന്നു. മലേഷ്യാവിരുദ്ധപ്രചാരണം അതു മയപ്പെടുത്തുകയും മുമ്പു മലയ എന്നു വിളിച്ചിരുന്നതിനുപകരം മലേഷ്യ എന്ന പേരുപയോഗിക്കുക

യും ചെയ്തു. മലേഷ്യയിൽ വെള്ളപ്പൊക്കംമൂലം കെടുതികളനുഭവിച്ചവർക്കു് അന്താരാഷ്ട്രീയ റെഡ്ക്രോസ് മുഖേന ചൈന രണ്ടുലക്ഷം ഡോളറിൻെറ നാമമാത്രമായ സഹായം നല്കി. സോവിയററ് യൂണിയൻെറയും അമേരിക്കയുടേയും ചൈനയുടേയും ഉറപ്പുകളോടുകൂടി ദക്ഷിണപൂർവ്വേഷ്യയെ ഒരു നിഷ്പക്ഷമേഖലയാക്കുകയെന്ന പ്രസിദ്ധമായ ആശയം 1971—ൽ മലേഷ്യ പ്രകടിപ്പിച്ചു. ഉറപ്പുനല്കുന്ന രാഷ്ട്രങ്ങളിലൊന്നായി അന്നു മലേഷ്യയ്ക്കു നയതന്ത്രബന്ധങ്ങൾപോലുമില്ലായിരുന്ന ചൈനയുടെ പേർ നിർദ്ദേശിക്കപ്പെട്ടുവെന്ന വസ്തുത പീക്കിങ്ങ് വേണ്ടത്ര വിലമതിച്ചു. ഏസിയനിൽ മലേഷ്യ ആ ആശയം പ്രചരിപ്പിച്ചതിൻെറ ഫലമായി അതേവരെ മേഖലയിൽ ഒററപ്പെട്ടു കഴിഞ്ഞിരുന്ന ചൈനയ്ക്കു് അവിടെ കൂടുതൽ പ്രസിദ്ധിയുളവാകുകയും മലേഷ്യയോടു ചൈന ''കനിവുകാണിക്കുക''യും ചെയ്തു. 1971 വസന്തത്തിൽ കാന്തോൺ പ്രദർശനത്തിൽ പങ്കെടുത്ത മലേഷ്യൻ പ്രതിനിധിസംഘത്തിൻെറ തലവനെ ചൌ എൻ—ലായ് സ്വീകരിക്കുകയും മലേഷ്യയുമായി സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധങ്ങൾ സാധാരണവൽക്കരിക്കാൻ ചൈന ആഗ്രഹിക്കുന്നുവെന്നും ഒളിപ്പോരുകാരിലൂടെയോ, ചൈനീസ് ന്യൂനപക്ഷത്തിലൂടെയോ, മലേഷ്യൻ ജനതയുടെ ഇതരവിഭാഗങ്ങളിലൂടെയോ ആ രാജ്യത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ അതിനുദ്ദേശമില്ലെന്നും പ്രസ്താവിക്കുകയും ചെയ്തു. അതിനു പകരമായി പി.ആർ.സി.യെ യു.എൻ.ഒ.യിൽ സ്വീകരിക്കുന്നതിനു മലേഷ്യ വ്യക്തമായ പിന്തുണ നല്കുകയും ഐക്യരാഷ്ട്രസഭയിൽ അതിനെ അനുകൂലിച്ചു വോട്ടുചെയ്യുകയും ചെയ്തു.

പി.ആർ.സി. ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിച്ചതോടുകൂടി ന്യൂയോർക്കിലെ യു.എൻ. ആസ്ഥാനത്തുവച്ചു് മലേഷ്യയുടേയും ചൈനയുടേയും പ്രതിനിധികൾ തമ്മിൽ അനൗദ്യോഗികസമ്പർക്കങ്ങൾ ആരംഭിച്ചു. മലേഷ്യയിലെ ഒളിപ്പോർപ്രസ്ഥാനവുമായി തങ്ങൾക്കു യാതൊരു ബന്ധവുമില്ലെന്നു ചൈനീസ്പക്ഷം ശഠിക്കുകയും ചൈനീസ് ന്യൂനപക്ഷങ്ങളെ സംബന്ധിച്ചുള്ള തങ്ങളുടെ ഉദ്ദേശങ്ങൾ വെളിപ്പെടുത്താതിരിക്കുകയും നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പുതന്നെ മലേഷ്യ കൂടുതൽ വിട്ടുവീഴ്ചകൾ ചെയ്യണമെന്നു നിർബ്ബന്ധം പിടിക്കുകയും ചെയ്തതിനാൽ ആ സമ്പർക്കങ്ങൾ വളരെ വിഷമിച്ചാണു പുരോഗമിച്ചതു്.

ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിൻെറ ഔചിത്യത്തെ സംബന്ധിച്ചു് മലേഷ്യൻഗവണ്മെൻറിൽ സംശയങ്ങൾ ഉളവായെങ്കിലും ശാന്തസമുദ്രപ്രദേശത്തെ സാമ്രാജ്യത്വശക്തികളുമായി ചൈന ദ്രുതഗതിയിൽ ബന്ധസാധാരണവൽക്കരണം നടത്തിയതിൻെറ ഫലമാ

യി മലേഷ്യയ്ക്കു ചൈനീസ്പ്രതിനിധികളുമായുള്ള സമ്പർക്കങ്ങൾ തുടരേണ്ടിവന്നു.

മലേഷ്യയും ചൈനയും തമ്മിൽ ബന്ധസാധാരണവൽക്കരണത്തിനു വേണ്ടിയുള്ള ഔദ്യോഗികക്കൂടിയാലോചനകൾ 1973 ജൂണിൽ ന്യൂയോർക്കിൽവച്ചാരംഭിച്ചു. മലേഷ്യൻ പ്രതിനിധിസംഘത്തെ നയിച്ചതു് യു.എൻ.ഒ.യിൽ മലേഷ്യയുടെ സ്ഥിരം പ്രതിനിധിയായ എൻചിക്ക് സക്കറിയാ മുഹമ്മദ് അലിയാണു്. യു.എൻ.ഒ.യിൽ ചൈനയുടെ സ്ഥിരം പ്രതിനിധിയും ചൈനീസ് പ്രധാനമന്ത്രിയുടെ പ്രമുഖ വിദേശനയോപദേഷ്ടാക്കളിലൊരാളുമായ ച്യാവൊ കവാൻ ഹ്വാ ആയിരുന്നു പി.ആർ.സി. പ്രതിനിധിസംഘത്തിൻെറ തലവൻ. കൂടിയാലോചനകളുടെ തുടക്കത്തിൽത്തന്നെ അവയുടെ ലക്ഷ്യങ്ങളേയും ഉള്ളടക്കത്തേയും സംബന്ധിച്ച് ഇരുപക്ഷങ്ങളും തമ്മിൽ ഗുരുതരമായ അഭിപ്രായഭിന്നതകൾ ഉളവായി.

നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പ് സ്വന്തം താല്പര്യങ്ങളെ ബാധിക്കുന്ന ചില വിഷമംപിടിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ മലേഷ്യ ആഗ്രഹിച്ചു. മലേഷ്യയിലെ ഒളിപ്പോർപ്രസ്ഥാനത്തിനു പ്രത്യയശാസ്ത്രപരവും ഭൗതികവുമായ പിന്തുണ നല്കുകയില്ലെന്നു ചൈന ഔദ്യോഗികമായി വാഗ്ദാനം ചെയ്യണമെന്നും ദക്ഷിണചൈനയിൽനിന്നു നടത്തപ്പെടുന്ന മലേഷ്യാവിരുദ്ധപ്രക്ഷേപണങ്ങൾ നിർത്തണമെന്നും ചൈനീസ്ന്യൂനപക്ഷങ്ങളുമായുള്ള ചൈനയുടെ ബന്ധങ്ങളുടെ ഭാവിയെപ്പററി വിശദീകരണം നല്കണമെന്നും മലേഷ്യ ചൈനയോട് ആവശ്യപ്പെട്ടു. ചൈനയെ അംഗീകരിച്ചതിനുശേഷവും തയ്‌വാനുമായി സാമ്പത്തികവും സാംസ്കാരികവുമായ ബന്ധങ്ങൾ തുടരാനുദ്ദേശിക്കുന്നുവെന്നു മലേഷ്യ വെളിപ്പെടുത്തി. ദ്വിപക്ഷീയബന്ധങ്ങളുടെ ക്രമീകരിക്കപ്പെടാത്ത പ്രശ്നങ്ങൾ മുൻകൂട്ടി ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും സ്ഥാനപതികാര്യാലയങ്ങൾ സ്ഥാപിതമായതിനുശേഷം അവ ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേർപ്പെട്ടുകൊള്ളുമെന്നും അതിനാൽ ഉടനടി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കണമെന്നും ചൈനീസ്പക്ഷം വാദിച്ചു. ചൈനയുടെ അയവില്ലാത്ത നിലപാടിൻെറ ഫലമായി കൂടിയാലോചനകൾ താമസിയാതെ സ്തംഭനാവസ്ഥയിലെത്തി. നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതോടൊപ്പംതന്നെ മലേഷ്യയ്ക്കു താല്പര്യമുള്ള പ്രശ്നങ്ങളുടെ പ്രാഥമികചർച്ചകൾ നടത്താൻ 1973 ഒക്ടോബറിൽമാത്രമാണു് ചൈനീസ്പക്ഷം സമ്മതിച്ചതു്. എന്നാൽ ആ സമ്മതം വെറും ഔപചാരികമായിരുന്നുവെന്നു പിന്നീടു തെളിഞ്ഞു. സ്ഥാനപതികാര്യാലയങ്ങൾ സ്ഥാപിതമാകുന്നതുവരെ ആ

പ്രശ്നങ്ങളുടെ തീരുമാനം നീട്ടിവയ്ക്കാൻ ചൈനീസ്പ്രതിനിധികൾ വീണ്ടും ശ്രമം നടത്തി.

എന്നിരിക്കിലും 1973 അവസാനത്തോടുകൂടി ഇരുപക്ഷങ്ങളും നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രാഥമികകരാറിലെത്തിച്ചേർന്നു. പല പ്രശ്നങ്ങളിലുമുണ്ടായിരുന്ന അഭിപ്രായഭിന്നതകൾ അതേപടി അവശേഷിച്ചു. പീക്കിങ്ങിൻെറ സമ്മർദ്ദഫലമായി മലേഷ്യ വീണ്ടും വിട്ടുവീഴ്ചകൾക്കു തയ്യാറായി.

ന്യൂയോർക്കിൽവച്ചു നടന്ന കൂടിയാലോചനകൾക്കു സമാന്തരമായി സ്പോർട്ട്സ്മാന്മാരുടേയും വിദഗ്ധന്മാരുടേയും ബിസിനസ്സ്പ്രവർത്തകരുടേയും പ്രതിനിധിസംഘങ്ങളെ കൈമാറിക്കൊണ്ടുള്ള പിങ്ങ്പോങ്ങ് നയതന്ത്രക്യാമ്പെയിൻ വിപുലമായ തോതിൽ നടത്തപ്പെട്ടു. ആ പ്രതിനിധിസംഘങ്ങളിൽ ഉൾപ്പെട്ടിരുന്ന ഉന്നതാധികാരത്തോടുകൂടിയ നയതന്ത്രജ്ഞന്മാർ മലേഷ്യാ—ചൈനാബന്ധങ്ങളുടെ സാധാരണവൽക്കരണത്തെ സംബന്ധിച്ച് അഭിപ്രായവിനിമയം നടത്തി. ബന്ധസാധാരണവൽക്കരണത്തിനു് അനുകൂലമായ പൊതുജനാഭിപ്രായം മലേഷ്യയിൽ സൃഷ്ടിക്കുകയെന്നതായിരുന്നു ആ ക്യാമ്പെയിൻെറ ലക്ഷ്യം.

സംയുക്തവിജ്ഞാപനത്തിൻെറ കരടു തയ്യാറാക്കുന്നതിനും ആ രേഖ ഒപ്പുവയ്ക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിക്കുന്നതിനുമായി 1974—ൻെറ പൂർവ്വാർദ്ധം ചെലവഴിക്കപ്പെട്ടു. വിജ്ഞാപനത്തിൻെറ കരട് 1974 മാർച്ചിൽ തയ്യാറാക്കപ്പെട്ടു. തയ്‌വാനുമായുള്ള ഔദ്യോഗികബന്ധങ്ങൾ വിച്ഛേദിക്കാൻ തീരുമാനിച്ചിരിക്കുന്നതായി കൂടിയാലോചനകളുടെ ആ ഘട്ടത്തിൽ മലേഷ്യൻപ്രധാനമന്ത്രി അബ്ദുൾറസാക്കിനു പ്രസ്താവിക്കേണ്ടിവന്നു. പകരം, മലേഷ്യയിലെ ഒളിപ്പോരുകാർക്കു ഭൗതികസഹായം നല്കുകയില്ലെന്നു പീക്കിങ്ങ് അവ്യക്തമായ രീതിയിൽ പ്രസ്താവിച്ചു.

നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച കരാർ 1974 മേയിൽ ന്യൂയോർക്കിൽവച്ച് കൊച്ചൊപ്പു വയ്ക്കപ്പെട്ടു. വ്യത്യസ്തകാരണങ്ങളാൽ ഇരുപക്ഷങ്ങളും ആ സംഭവത്തിൻെറ പ്രാധാന്യത്തെ പെരുപ്പിച്ചുകാട്ടാൻ ശ്രമിച്ചു. രാജ്യത്തിനകത്തും അയൽരാജ്യങ്ങളിലും തൻെറ രാഷ്ട്രീയസ്വാധീനം വർദ്ധിപ്പിക്കാമെന്നായിരിക്കാം അബ്ദുൾറസാക്ക് കരുതിയതു്. ചൈനയിൽവച്ച്, ഏററവും വലിയ ഒരു മലേഷ്യൻപ്രതിനിധിസംഘവുമായി വേണം ആ കരാർ ഒപ്പുവയ്ക്കാനെന്നു താല്പര്യപ്പെടുന്നതിനുള്ള കാരണങ്ങൾ പീക്കിങ്ങിനുണ്ടായിരുന്നു. 1974 മേയ് 20—ാംതീയതി മലേഷ്യൻ വിദേശകാര്യമന്ത്രാലയം താഴെക്കൊടുക്കുന്ന ഔദ്യോഗികവിജ്ഞാപനം പുറപ്പെടുവിച്ചു: ''മലേഷ്യാ ഗവണ്മെൻറും പി.ആർ.സി. ഗവണ്മെൻറും പൂർണ്ണനയതന്ത്രബന്ധങ്ങൾ

സ്ഥാപിക്കാൻ തത്വത്തിൽ സമ്മതിച്ചിരിക്കുന്നു. അതോടനുബന്ധിച്ച് ചൈനീസ് പ്രധാനമന്ത്രി ചൌ എൻ—ലായ് മലേഷ്യൻ പ്രധാനമന്ത്രി അബ്ദുറസാക്കിനെ നയതന്ത്രബന്ധസ്ഥാപനത്തെസംബന്ധിച്ച് ഇരുരാജ്യങ്ങളും തമ്മിൽ എത്തിച്ചേർന്ന കരാർ ഒപ്പുവയ്ക്കുന്നതിനുവേണ്ടി 1974 മേയ് 28 മുതൽ ജൂൺ 2 വരെ ചൈനാ ജനകീയറിപ്പബ്ലിക്കിൽ ഔദ്യോഗികസന്ദർശനം നടത്താൻ ക്ഷണിച്ചിരിക്കുന്നു.''[25]

'നയതന്ത്രനടപടികളിൽ പലപ്പോഴും വിശദാംശങ്ങൾക്ക പ്രാധാന്യമുണ്ട്. അതുവച്ചുനോക്കുമ്പോൾ കരാർ ഒപ്പുവയ്ക്കുന്നതിനുള്ള സ്ഥലമായി പീക്കിങ്ങ് തിരഞ്ഞെടുക്കപ്പെട്ടതും ഒരു വലിയ പ്രതിനിധിസംഘത്തോടൊപ്പം മലേഷ്യൻ പ്രധാനമന്ത്രിയെ അങ്ങോട്ടു ക്ഷണിച്ചതും ശ്രദ്ധേയമായിരിക്കുന്നു. മലേഷ്യൻ പ്രതിനിധിസംഘത്തിൽ വിവിധരാഷ്ട്രീയ പാർട്ടികളുടെ 15 നേതാക്കന്മാരും, പ്രമുഖരായ പല രാഷ്ട്രതന്ത്രജ്ഞരും, പ്രധാനവകുപ്പുകളിൽനിന്നുള്ള അനേകം വിദഗ്ധന്മാരും, പത്രപ്രവർത്തകരുമുൾപ്പെടെ 44 അംഗങ്ങളുണ്ടായിരുന്നു.

മലേഷ്യൻ പ്രധാനമന്ത്രിയുടെ സന്ദർശനം നിശ്ചിതകാലത്തുതന്നെ നടന്നു. ഔദ്യോഗികക്കൂടിയാലോചനകൾ ആരംഭിക്കുന്നതിനുമുമ്പ് മാവോസേതുങ്ങ് അബ്ദുറസാക്കിനെ സ്വീകരിക്കുകയും ഒന്നരമണിക്കൂർ നേരം അദ്ദേഹവുമായി സംഭാഷണം നടത്തുകയും ചെയ്തു. ചൌ എൻ—ലായുമായും ചൈനയുടെ ഇതരരാഷ്ട്രതന്ത്രജ്ഞന്മാരുമായും മലേഷ്യൻ അതിഥി പല കൂടിക്കാഴ്ചകൾ നടത്തി. ചൈനീസ് പ്രതിനിധികൾ മേഖലയുടെ പ്രശ്നങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുകയുണ്ടായെങ്കിലും മലേഷ്യയും ചൈനയും തമ്മിലുള്ള ദ്വിപക്ഷീയബന്ധങ്ങളുടെ പ്രശ്നങ്ങളാണ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടതു്. 1974 മേയ് 31—ാംതീയതി അബ്ദുറസാക്കും ചൌ എൻ—ലായും ഒപ്പുവച്ച സംയുക്തവിജ്ഞാപനമായിരുന്നു ആ സന്ദർശനത്തിന്റെ ഔദ്യോഗികഫലം.

സംയുക്തവിജ്ഞാപനം ഒപ്പുവച്ച തീയതിമുതൽ പൂർണ്ണമായ തോതിലുള്ള നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ ഇരുപക്ഷങ്ങളും തീരുമാനിച്ചു. ''ചൈനാ ജനകീയറിപ്പബ്ലിക്കിന്റേയും മലേഷ്യയുടേയും സാമൂഹ്യവ്യവസ്ഥകൾ വ്യത്യസ്തമാണെന്നിരിക്കിലും പരമാധികാരത്തേയും ഭൂപരമായ അഖണ്ഡതയേയും പരസ്പരം മാനിക്കൽ, പരസ്പരാനാക്രമണം, ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കൽ, സമത്വവും പരസ്പരനന്മയും, സമാധാനപരമായ സഹവർത്തനം എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇരുരാജ്യങ്ങളും തമ്മിൽ സൗഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന് ആ വ്യത്യാസം ഒരു പ്രതിബന്ധമല്ലെന്നു് ഇരുഗവണ്മെൻറുകളും കരുതുന്നു.''[26] മേൽപ്പറഞ്ഞ തത്വങ്ങളെ ചൈനീസ്പക്ഷം ആത്മാർത്ഥമായും നീക്കുപോക്കില്ലാതെയും മാ

നിച്ചിരുന്നെങ്കിൽ മലേഷ്യക്കു് സംയുക്തവിജ്ഞാപനത്തെ അതിൻെറ നയതന്ത്രവിജയമായി കണക്കാക്കാൻ കഴിയുമായിരുന്നു. എന്നാൽ അതിനുള്ള യാതൊരടിസ്ഥാനവും ഇതേവരെ ലഭിച്ചിട്ടില്ല. ഒന്നാമതായി, സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളെ ''പൊളിഞ്ഞു പാളീസായവയും ഹാനികരമായവയു''മെന്നു ചൈന പല തവണ പുച്ഛിച്ചുതള്ളിയിട്ടുണ്ടെന്നതു പരക്കെ അറിയപ്പെടുന്ന വസ്തുതയാണു്. രണ്ടാമതായി, ചൈന ആ തത്വങ്ങളെ എല്ലാപ്പോഴും സ്വന്തം പ്രയോജനത്തെ മുൻനിർത്തിയാണു വ്യാഖ്യാനിക്കുന്നതു്. അവയുടെ മറ പററിക്കൊണ്ടു് മലേഷ്യാ—ചൈനാ കൂടിയാലോചനകളിൽനിന്നു് ഏകപക്ഷീയമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പീക്കിങ്ങ് ശ്രമിച്ചു.

മലേഷ്യയും ചൈനയും തമ്മിലുണ്ടായിരുന്ന ബന്ധങ്ങളെ ''അവഗണനകളുടെ ഒരു നീണ്ട പരമ്പര''യെന്നും ''ഊതിവീർപ്പിക്കപ്പെട്ട ഭീതികളുടേയും സംശയങ്ങളുടേയും ഘട്ട''27മെന്നും അബ്ദുറസാക്ക് ഔദ്യോഗികമായി വിലമതിക്കുകയുണ്ടായെങ്കിലും, ചൈനയെ സംബന്ധിച്ചിടത്തോളം കളങ്കരഹിതമല്ലാത്ത ആ ഭൂതകാലബന്ധങ്ങളെ സംയുക്തവിജ്ഞാപനത്തിൽ ''ഇരുജനതകളുടേയും പരമ്പരാഗതസൗഹൃദ''മെന്നു (ചൈനയുടെ നിർബ്ബന്ധത്താൽ) വിശേഷിപ്പിച്ചിരിക്കുന്നു. കഴിഞ്ഞകാലത്തു മലേഷ്യയുടെ പരമാധികാരത്തെ ധിക്കാരപൂർവ്വം ലംഘിച്ചതിനുള്ള ഉത്തരവാദിത്വത്തിൽനിന്നു ''മുൻതീയതിവച്ചു്'' ഒഴിയുന്നതിനുവേണ്ടിയാണു് മലേഷ്യയും ചൈനയും തമ്മിലുണ്ടായിരുന്ന ബന്ധങ്ങളെപ്പററി അങ്ങനെ ഔദ്യോഗികമായി രേഖപ്പെടുത്തേണ്ടതു പീക്കിങ്ങിനു് ആവശ്യമായിവന്നതു്. മലേഷ്യയുടെ പരമാധികാരത്തിനു ചൈനയിൽനിന്നു താമസിച്ചുകിട്ടിയ അംഗീകാരത്തിൽ നിഴലിച്ചുകാണുന്നതു് ആ അയൽരാജ്യത്തോടുള്ള പീക്കിങ്ങിൻെറ പുച്ഛമനോഭാവമാണു്. ''ചൈനാ ജനകീയറിപ്പബ്ലിക്ക് മലേഷ്യൻ ഗവണ്മെൻറിനെ അംഗീകരിക്കുകയും മലേഷ്യയുടെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും മാനിക്കുകയും ചെയ്യുന്നു''വെന്ന സംയുക്തവിജ്ഞാപനത്തിലെ പ്രസ്താവശ്ശു് 10—15 കൊല്ലംമുമ്പു് മലേഷ്യയെസംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമുണ്ടായിരുന്നേനെ. എന്നാൽ ലോകത്തിലെ ഭൂരിപക്ഷം രാജ്യങ്ങളും മലേഷ്യയെ അംഗീകരിച്ചിരിക്കുകയും പ്രധാനപ്പെട്ട എല്ലാ അന്താരാഷ്ട്രീയസംഘടനകളിലും അതിനു പ്രാതിനിധ്യം ലഭിച്ചിരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ ചൈന ആ രാജ്യത്തെ അംഗീകരിച്ചതു് പീക്കിങ്ങിൻെറ ഏഷ്യാനയത്തിലെ ഏററവും കുപ്രസിദ്ധമായ തെററുകളിലൊന്നു തിരുത്തുന്നതിനുവേണ്ടിമാത്രമാണു്.

രാഷ്ട്രാന്തരബന്ധങ്ങളുടെ പ്രധാനപ്രശ്നങ്ങളിലൊന്നിൽ—ഒളിപ്പോർ പ്രസ്ഥാനത്തിനു പ്രത്യയശാസ്ത്രപരവും ഭൗതികവുമായ സഹായം നല്കി

ക്കൊണ്ടു മലേഷ്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതു് അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ചു്—ചൈനയിൽനിന്നു വ്യക്തമായ ഉറപ്പുകാം നേടാൻ മലേഷ്യയ്ക്കു കഴിഞ്ഞില്ല. ആ പ്രശ്നത്തെ സംബന്ധിച്ചു് വിജ്ഞാപനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''എല്ലാത്തരത്തിലുമുള്ള വിദേശീയാക്രമണവും ഇടപെടലും നിയന്ത്രണവും വിധ്വംസകപ്രവർത്തനവും അനനുവദനീയമാണെന്നു് ഇരുഗവണ്മെൻറുകളും കരുതുന്നു. രാജ്യത്തിൻെറ സാമൂഹ്യവ്യവസ്ഥ തിരഞ്ഞെടുക്കാനും നിർണ്ണയിക്കാനും അവിടത്തെ ജനതയ്ക്കുമാത്രമേ അവകാശമുള്ളുവെന്നു് അവർ വിശ്വസിക്കുന്നു.'' എന്നാൽ ഈ പ്രസ്താവന ചൈനയുമായി വേണ്ടത്ര വ്യക്തമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ളതല്ല. അതിനാൽ ചൈന ഒഴിച്ചുള്ള രാജ്യങ്ങാംക്കുമാത്രമാണു് അതു ബാധകമെന്നു വ്യാഖ്യാനിക്കാൻ സാധിക്കും. മലേഷ്യയിലെ ഒളിപ്പോരുകാരുടെ പ്രവർത്തനം മലേഷ്യയുടെ ആഭ്യന്തരകാര്യമാണെന്നു ചൈന കരുതുന്നുവെന്നും അവരോടു് എന്തു നടപടികളും കൈക്കൊള്ളാൻ മലേഷ്യയ്ക്കു സ്വാതന്ത്ര്യമുണ്ടെന്നും മാവോസേതുങ്ങ് തന്നോടു പറയുകയുണ്ടായെന്നു് അബ്ദുംറസാക്ക് ചൂണ്ടിക്കാട്ടുന്നുവെന്നതു ശരിതന്നെ[28]. മാവോയുടെ പ്രസ്താവന രാജ്യത്തെ ഒളിപ്പോരുകാരെയെന്നപോലെ യഥാർത്ഥപുരോഗമനശക്തികളേയും മർദ്ദിക്കുന്നതിനു മലേഷ്യൻ ഗവണ്മെൻറിനെ പ്രോത്സാഹിപ്പിച്ചു. എന്നാൽ പീക്കിങ്ങ്പക്ഷഘടകങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മലേഷ്യൻ സംഭവങ്ങളിലുള്ള ഇടപെടൽ നിർത്താമെന്നു് അതു വാഗ്ദാനം ചെയ്യുന്നേയില്ല. മർദ്ദിതജനതകളുടെ നീതിപൂർവ്വകമായ സമരത്തിനു പിന്തുണ നല്കുകയെന്നതു് ചൈന അതിൻെറ സാർവ്വദേശീയകടമയായി കണക്കാക്കുന്നു[29]വെന്നു് ചൌ എൻ–ലായ് മലേഷ്യൻ അതിഥിയോടു് ഒരു വിരുന്നുസല്ക്കാരത്തിൽവച്ചു പ്രസ്താവിച്ചുവെന്നതു് ഇത്തരുണത്തിൽ അനുസ്മരിക്കേണ്ടിയിരിക്കുന്നു. ദക്ഷിണചൈനയിൽ പ്രവർത്തിക്കുന്ന റേഡിയോനിലയത്തിൻെറ മലേഷ്യാവിരുദ്ധപ്രക്ഷേപണങ്ങളെ സംബന്ധിച്ച പ്രശ്നം വിജ്ഞാപനത്തിൽ യാതൊരു തരത്തിലും പ്രതിഫലിക്കുകയുണ്ടായില്ലെന്നതു ശ്രദ്ധേയമാണു്. വിജ്ഞാപനം ഒപ്പുവച്ചതിനുശേഷവും ആ റേഡിയോനിലയം അതിൻെറ പ്രവർത്തനം തുടർന്നു.[30]

അങ്ങനെ മലേഷ്യാ–ചൈനാകൂടിയാലോചനകളുടെ വേളയിൽ മലേഷ്യയുടെ ആഭ്യന്തരകാര്യങ്ങളിലുള്ള ഇടപെടലിനെ സംബന്ധിച്ച പ്രശ്നം കാര്യമായി ചർച്ച ചെയ്യുന്നതിൽനിന്നു പീക്കിങ്ങ് ഒഴിഞ്ഞുമാറി. ആഭ്യന്തരകാര്യങ്ങളിലുള്ള മൂർത്തമായ ഇടപെടലുകാം അവസാനിപ്പിച്ചുകൊള്ളാമെന്ന ഖണ്ഡിതവും ദൃഢവുമായ വാഗ്ദാനം പീക്കിങ്ങിൽനിന്നു നേടാൻ മലേഷ്യയ്ക്കു സാധിച്ചില്ല. അതോടനുബന്ധിച്ചു്, മലേ

ഷ്യയുടെ ആഭ്യന്തരകാര്യങ്ങളിൽ പീക്കിങ്ങ് ഇടപെടുകയില്ലെന്നതിനു് ഒരേയൊരുറപ്പേയുള്ളുവെന്നു മലേഷ്യൻ പത്രങ്ങൾ കരുതുന്നു. ചൈനയുടെ സ്വന്തം താല്പര്യങ്ങളാണതു്. സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളെ രാഷ്ട്രാന്തരബന്ധങ്ങൾക്കുള്ള അടിത്തറയായി ചൈന അംഗീകരിച്ചിരിക്കുന്നുവെന്ന വസ്തുത ചൈനീസ് ഇടപെടലിൽനിന്നു മലേഷ്യയ്ക്കു് ഉറപ്പുനല്കുന്നില്ല. കാരണം, ചൈന യഥാർത്ഥത്തിൽ ആ തത്വങ്ങളെ രാഷ്ട്രാന്തരബന്ധങ്ങൾക്കുള്ള അടിത്തറയായി പരിഗണിക്കുന്നില്ല.

''ചൈനയ്ക്കു ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധങ്ങളിലെ ഏററവും വലിയ പ്രശ്ന''31മായി കരുതപ്പെടുന്ന, മറുനാടൻ ചൈനീസ്ന്യൂനപക്ഷങ്ങളും പീക്കിങ്ങും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചു് വിജ്ഞാപനത്തിൽ പ്രധാനപ്പെട്ട പല നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്നു.

ആ പ്രശ്നത്തെ സംബന്ധിച്ച മലേഷ്യാ—ചൈനാ കൂടിയാലോചനകളുടെ ഫലങ്ങളെ വിലയിരുത്തുന്നതിനുമുമ്പ് മലേഷ്യയിലെ ദേശീയജനവിഭാഗങ്ങളുടെ പ്രശ്നത്തെപ്പററി ഏതാനും വാക്കുകൾ പറയേണ്ടതാവശ്യമാണ്. ദേശീയമായ നാനാത്വത്തിന്റെ സാഹചര്യങ്ങളിൽ മുഖ്യദേശീയജനവിഭാഗമായ മലയാക്കാർക്കു രാജ്യത്തു ഭൂരിപക്ഷമില്ല. മലയാക്കാരെ ആശ്രയിച്ചുള്ള പാർട്ടികളാണു രാഷ്ട്രീയാധികാരം നിയന്ത്രിക്കുന്നതെന്നതും അതേസമയം സമ്പദ്‌വ്യവസ്ഥയുടെ 90 ശതമാനവും ചൈനീസ്ബൂർഷ്വാസിയുടെ നിയന്ത്രണത്തിലാണെന്നതും ദേശീയപ്രശ്നത്തിനു മൂർച്ച കൂട്ടുന്നു. ചൈനീസ് ബൂർഷ്വാസി തദ്ദേശജനങ്ങളെ ചൂഷണം ചെയ്യുന്നതിന്റെ ഫലമായി മലയാക്കാരും ചൈനാക്കാരും തമ്മിൽ ഗുരുതരമായ സംഘർഷം ഉളവാകുന്നു. നിയമനിർമ്മാണസഭകളിലും ഭരണനിർവ്വഹണസ്ഥാപനങ്ങളിലും തങ്ങൾക്കുള്ള വിപുലമായ പ്രാതിനിധ്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു് മലയാക്കാരായ രാഷ്ട്രീയനേതാക്കന്മാരും ബൂർഷ്വാസിയും രാജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിൽ മലയൻബൂർഷ്വാസിയുടെ പങ്കു വർദ്ധിപ്പിക്കുന്നതിനെ ലക്ഷ്യമാക്കിയുള്ള നയം ഏറെക്കാലമായി അനുവർത്തിച്ചുവരുന്നു. ഗവണ്മെന്റ് ഉദ്യോഗങ്ങൾ, ബിസിനസ്സ്, വിദ്യാഭ്യാസം, സമ്മതിദാനം എന്നീ തുറകളിൽ ചൈനാക്കാർക്കു നിശ്ചിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയെന്നതാണ് അതിനവർ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൊന്നു്. 1969 മേയിൽ മലയാക്കാരും ചൈനാക്കാരും തമ്മിൽ നടന്ന സംഘട്ടനങ്ങൾക്കുശേഷം ആരംഭിച്ച ''പുതിയ സാമ്പത്തികനയ''ത്തിന്റെ പ്രധാനലക്ഷ്യം 1990—ഓടുകൂടി രാജ്യത്തെ സാമ്പത്തികപ്രവർത്തനങ്ങളുടെ 30 ശതമാനത്തോളം മലയൻ ബൂർഷ്വാസിയുടെ കൈകളിലാക്കുകയെന്നതാണ്. ആ നയത്തിനു് ചൈനീസ്

ബൂർഷ്വാസിയിൽനിന്ന മൗനമായ ചെറുത്തുനില്പ നേരിടേണ്ടിവരുന്നു. അവസാനമായി, പല തദ്ദേശചൈനാക്കാരുടേയും പൗരത്വപ്രശ്നം തീരുമാനിക്കപ്പെട്ടിട്ടില്ലെന്നതും മലയാക്കാരും ചൈനാക്കാരും തമ്മിലുള്ള ഉരസലുകരംക്ക കാരണമായിത്തീരുന്നു. തദ്ദേശചൈനാക്കാർക്ക പൗരത്വം നല്കുന്നതിൽ ഉദാരമായ നയമാണു മലേഷ്യ കൈക്കൊള്ളുന്നതു്. ഭൂരിപക്ഷം ചൈനാക്കാരും മലേഷ്യൻ പൗരത്വം സ്വീകരിച്ചിരിക്കുകയും ചെയ്യുന്നു. എന്നിരിക്കിലും വിദേശപാസ്പ്പോർട്ടുകരം (പി.ആർ.സി.യുടേയും തയ്‌വാൻേറയും) കൈവശംവയ്ക്കുന്നവരും യാതൊരു പൗരത്വവുമില്ലാത്തവരും ഇരട്ടപ്പൗരത്വം (തദ്ദേശത്തേയും വിദേശത്തേയും) ഉള്ളവരുമായ നല്ലൊരു സംഖ്യവരുന്ന ചൈനാക്കാർ മലേഷ്യയിലുണ്ടു്.

അതിനാൽ തദ്ദേശചൈനാക്കാർ പീക്കിങ്ങ് അനുഭാവികളാണെന്നു മലയൻപ്രതിനിധികരം ആരോപിക്കുന്നതു തികച്ചും സ്വാഭാവികമാണു്. പി.ആർ.സി. യിലേക്കുള്ള പണമയയ്ക്കൽ, കയററുമതി—ഇറക്കുമതി ഇടപാടുകളിൽ പീക്കിങ്ങുമായി സഹകരിക്കൽ, പീക്കിങ്ങ്പക്ഷക്കാരായ മലേഷ്യൻ ഒളിപ്പോരുകാർക്കു പിന്തുണനല്കൽ തുടങ്ങിയ വസ്തുതകളും ആ ആരോപണങ്ങരം ശരിയെന്നു തെളിയിക്കുന്നു. മലേഷ്യയിൽ ചൈനയുടെ സ്ഥാനപതികാര്യാലയം സ്ഥാപിക്കപ്പെട്ടതിനുശേഷം തദ്ദേശചൈനാക്കാരെ പീക്കിങ്ങിനോടുള്ള ചായ്‌വിൻെറ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കാനും നിയമനിർമ്മാണസഭകളിലും ഭരണനിർവ്വഹണസ്ഥാപനങ്ങളിലും അവരുടെ പ്രാതിനിധ്യം മലയാക്കാർക്കു ഹാനികരമാംവണ്ണം വർദ്ധിപ്പിക്കാനും ചൈനീസ്ബൂർഷ്വാസിയുടെ സാമ്പത്തികസ്വാധീനത്തെ മേഖലയിൽ തങ്ങരംക്കുള്ള മഹച്ഛക്തിലക്ഷ്യങ്ങരം നേടുന്നതിനുവേണ്ടി ഉപയോഗിക്കാനും ചൈനം ശ്രമിക്കുമെന്നു് അവിടെ ആശങ്ക പ്രകടിപ്പിക്കപ്പെടുന്നു.

അതുകൊണ്ടാണു് ചൈനീസ്ന്യൂനപക്ഷത്തെ മലേഷ്യയിൽ തങ്ങളുടെ രാഷ്ട്രീയാലംബമായി ഉപയോഗിക്കുകയില്ലെന്ന വാഗ്ദാനം പീക്കിങ്ങ്നേതൃത്വത്തിൽനിന്നു നേടിയെടുക്കാൻ കൂടിയാലോചനകളുടെ സമയത്തു് മലേഷ്യൻപക്ഷം ശ്രമിച്ചതു്. പക്ഷെ ആവശ്യമായ ഉറപ്പുകരം നേടാൻ മലേഷ്യയ്ക്കു കഴിഞ്ഞോ?

വിജ്ഞാപനത്തിൽ തൽസംബന്ധമായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''മലയാക്കാരും ചൈനാക്കാരും ഇതരവർഗ്ഗക്കാരും ഉരംപ്പെടുന്ന ജനസഞ്ചയത്തോടുകൂടിയ ഒരു ബഹുദേശീയരാഷ്ട്രമാണു മലേഷ്യയെന്ന വസ്തുത പി.ആർ.സി. ഗവണ്മെൻറ് കണക്കിലെടുക്കുന്നു.'' ഈ പ്രസ്താവനയ്ക്കു രണ്ടു സൂക്ഷ്മാർത്ഥങ്ങളുണ്ടു്. ഒന്നാമതായി, മലേഷ്യൻ ജനതയുടെ ഒരു ഭാഗം ചൈന പരമ്പരാഗതമായി (ഔദ്യോഗികമായോ അനൗദ്യോഗികമായോ) സംരക്ഷിക്കാൻ ശ്രമിക്കുന്ന ചൈനാക്കാരാണെ

ന്ന വസ്തുത അനുസ്മരിപ്പിച്ചുകൊണ്ടു് പീക്കിങ്ങ് അതിൻെറ ''പ്രത്യേകതാല്പര്യങ്ങൾ''ക്കു് അംഗീകാരം നേടി. ബഹുദേശീയരാഷ്ട്രമെന്ന നിലയ്ക്കു് മലേഷ്യ ചൈനയുമായി പല പ്രശ്നങ്ങളും ചർച്ച ചെയ്യണമെന്നു് കൂടിയാലോചനകളുടെ സമയത്തു് ചൈനീസ്പ്രതിനിധികൾ ഊന്നിപ്പറഞ്ഞുവെന്നു് അബ്ദുൾറസാക്ക് പ്രസ്താവിക്കുകയുണ്ടായി. ചൌ എൻ–ലായുമായി നടന്ന സംഭാഷണത്തിൻെറ പ്രധാനവിഷയങ്ങളിലൊന്നായിരുന്നു മലേഷ്യയിലെ ദേശീയവിഭാഗങ്ങളുടെ പ്രശ്നം. രണ്ടാമതായി,—ഇതു് അതിപ്രധാനമാണു്—മലയാക്കാരേയും ചൈനാക്കാരേയും മാത്രമാണു മലേഷ്യയിലെ പ്രധാനദേശീയവിഭാഗങ്ങളായി എടുത്തുപറഞ്ഞതു്. രാഷ്ട്രീയാവകാശങ്ങളിൽ തദ്ദേശചൈനാക്കാരെ മലയാക്കാർക്കു തുല്യരാക്കുന്നതിനുള്ള നിയമാടിസ്ഥാനം സൃഷ്ടിക്കാൻ മലേഷ്യ–ചൈനാബന്ധങ്ങളെ സംബന്ധിച്ച പ്രഥമരേഖയിൽത്തന്നെ പീക്കിങ്ങ് ശ്രമം നടത്തി. തുല്യമായ രാഷ്ട്രീയപദവി ലഭിക്കുന്നപക്ഷം ശക്തമായ സാമ്പത്തികസ്വാധീനത്തോടുകൂടിയ ചൈനാക്കാർക്കു് സമ്പദ്വ്യവസ്ഥയിലെന്നതുപോലെ രാഷ്ട്രീയരംഗത്തും പ്രാബല്യമാർജ്ജിക്കാൻ സാധിക്കും. കൂടിയാലോചനകളുടെ സമയത്തു് ചൈനീസ്പക്ഷം പ്രകടിപ്പിച്ച ഉദ്ദേശങ്ങൾ മലേഷ്യൻ ഗവണ്മെൻറിൻെറ ''പുതിയ സാമ്പത്തികനയ''ത്തിനു കടകവിരുദ്ധമാണു്.

മലേഷ്യയിൽ പാർക്കുന്ന ചൈനാക്കാരുടെ പൌരത്വത്തെ സംബന്ധിച്ചു് താഴെക്കൊടുക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശം വിജ്ഞാപനത്തിൽ അടങ്ങിയിരിക്കുന്നു: ''ഇരട്ടപ്പൌരത്വം തങ്ങൾ അംഗീകരിക്കുന്നില്ലെന്നു പി.ആർ.സി. ഗവണ്മെൻറും മലേഷ്യൻഗവണ്മെൻറും പ്രഖ്യാപിക്കുന്നു. സ്വമേധയാ മലേഷ്യൻപൌരത്വം സ്വീകരിക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുള്ള ചൈനീസ്വംശജരെ ചൈനീസ്പൌരത്വം സ്വയമേവ ഇല്ലാതായവരായി ആ തത്വമനുസരിച്ചു് ചൈനീസ്ഗവണ്മെൻറ് കണക്കാക്കുന്നു. സ്വമേധയാ ചൈനീസ്പൌരത്വം നിലനിർത്തുന്നവരോടു് മലേഷ്യൻഗവണ്മെൻറിൻെറ നിയമങ്ങൾ കർശനമായിപാലിക്കാനും തദ്ദേശജനങ്ങളുടെ ആചാരങ്ങളേയും ശീലങ്ങളേയും മാനിച്ചുകൊണ്ടു് അവരുമായി സമാധാനത്തിൽ ജീവിക്കാനും ചൈനീസ്ഗവണ്മെൻറ് അതിൻെറ സ്ഥിരം നയമനുസരിച്ചു പ്രവർത്തിച്ചുകൊണ്ടു് ആജ്ഞാപിക്കുന്നു. ചൈനീസ്ഗവണ്മെൻറ് അവരുടെ സ്വത്തുടമാവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതായിരിക്കും. മലേഷ്യയിലെ ചൈനീസ്പൌരന്മാരുടെ സ്വത്തുടമാവകാശങ്ങളും താല്പര്യങ്ങളും മലേഷ്യൻഗവണ്മെൻറ് മാനിക്കുകയും ചെയ്യും.''

''മറുനാടൻ ചൈനാക്കാരെ സംബന്ധിച്ച ദൂരവ്യാപകവും ഒരുപക്ഷെ ചരിത്രപ്രധാനവുമായ ഏതാനും ഉറപ്പുകൾ നല്കുന്നതിനുള്ള പീക്കി

ങ്ങിന്റെ സമ്മത''32മായി ആ പ്രശ്നത്തിൽ എത്തിച്ചേർന്ന യോജിപ്പിനെ സന്ദർശനാനന്തരം നടന്ന പത്രസമ്മേളനത്തിൽവച്ച് മലേഷ്യൻ പ്രധാനമന്ത്രി വിലയിരുത്തി. മലേഷ്യയിൽ പാർക്കുകയും ഇതരരാജ്യങ്ങളോടു കൂറു കാണിക്കുകയും ചെയ്യുന്ന ചൈനാക്കാർക്കു മലേഷ്യയിൽ ഇനി ഭാവിയില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു. മലേഷ്യയിൽ സ്ഥിരമായി താമസിക്കുന്നവരും യാതൊരു പൗരത്വവുമില്ലാത്തവരുമായ ചൈനാക്കാരെ സംബന്ധിച്ചിടത്തോളം അവർ ചൈനീസ്പൗരത്വം സ്വീകരിക്കുന്നപക്ഷം അവരെ ചൈനയുടെ പൗരന്മാരായി കണക്കാക്കാൻ മലേഷ്യ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞു. മലേഷ്യൻപൗരത്വമില്ലാത്ത ചൈനാക്കാരെ മുമ്പത്തേതുപോലെതന്നെ മലേഷ്യയിൽ പാർക്കാൻ അനുവദിക്കുന്നതാണ്. ചൈനീസ്പൗരന്മാരുടെ അവകാശങ്ങളും താല്പര്യങ്ങളുംമാത്രമേ ചൈന സംരക്ഷിക്കുകയുള്ളുവെന്നും ഇതരപൗരത്വമുള്ള ചൈനാക്കാരുടെ കാര്യത്തിൽ ചൈന അതു ചെയ്യുകയില്ലെന്നും അതോടൊപ്പം മലേഷ്യൻ ഗവണ്മെൻറു കരുതുന്നു. പി.ആർ. സി.യുടെ പൗരന്മാരായ ചൈനാക്കാർ തങ്ങളുടെ പൗരത്വം തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. മററു വിദേശപൗരന്മാരെ സംബന്ധിച്ചുള്ള അതേ നിയമങ്ങൾതന്നെ ചൈനീസ്പൗരന്മാർക്കും ബാധകമായിരിക്കും. മലേഷ്യൻ പത്രങ്ങളിലൊന്ന് ഇങ്ങനെ എഴുതി: ''മലേഷ്യയുടെ ശ്രദ്ധ എന്നും കേന്ദ്രീകരിക്കപ്പെട്ടിരുന്നതു് ചൈനീസ് സമുദായത്തിന്റെ അനുഭാവത്തിലും ഭാവിയിലുമാണ്. അക്കാര്യത്തിൽ മലേഷ്യ ഉല്ക്കണ്ഠ പ്രകടിപ്പിക്കേണ്ടതില്ലെന്ന ചൌ എൻ—ലായ് അബ്ദുൾറസാക്കിന് ഉറപ്പുനല്കുകയുണ്ടായി. മലേഷ്യൻപൗരത്വമുള്ള ചൈനാക്കാർ ചൈനീസ്പൗരന്മാരല്ലാതായിരിക്കുന്നു. ചൈനയിൽനിന്നു് അവർക്കു യാതൊന്നും പ്രതീക്ഷിക്കാനില്ല. മലേഷ്യൻപൗരത്വം സ്വീകരിക്കാൻ ആഗ്രഹിക്കാത്തവരോ അതിനാവശ്യമായ തെളിവുകൾ ഇല്ലാത്തവരോ ആയ ചൈനാക്കാർ ചൈനയുടെ പൗരന്മാരാണ്. 'സ്ഥിരതാമസക്കാർ' എന്ന നിലയ്ക്കു മലേഷ്യയിൽ പാർക്കാൻ അവരെ അനുവദിക്കുന്നതാണ്. എന്നാൽ അവരിൽനിന്നും ചൈനീസ്രേഖകൾ ആവശ്യപ്പെടുന്നതും മലേഷ്യൻ രാഷ്ട്രീയകാര്യങ്ങളിൽ സജീവമായ എന്തെങ്കിലും താല്പര്യം പ്രകടിപ്പിക്കുന്നതിനെ നിരോധിക്കുന്ന മലേഷ്യൻ നിയമങ്ങളാൽ അവർ നിയന്ത്രിക്കപ്പെടുന്നതുമാണ്.''33 മലേഷ്യയിലെ ചൈനീസ് ന്യൂനപക്ഷത്തിന്റെ ഭാവിരാഷ്ട്രീയചായ്‌വിനെപ്പററിയുള്ള ഉല്ക്കണ്ഠ മേല്പറഞ്ഞതിൽ വ്യക്തമായി നിഴലിച്ചു കാണുന്നു.

സംയുക്തവിജ്ഞാപനപ്രകാരം പി.ആർ.സി. പാസ്പോർട്ടുകളുള്ള തദ്ദേശചൈനീസ്‌വിഭാഗത്തിന്റെമേൽ ചൈനയ്ക്കു നേരിട്ടുള്ള നിയന്ത്രണം

ലഭ്യമാകുന്നു. മാത്രമല്ല, തയ്‌വാന്റെ പൗരത്വമുള്ള ചൈനാക്കാർ അതുപേക്ഷിച്ച് പി.ആർ.സി. പൗരത്വം സ്വീകരിക്കാനിടയുണ്ട്. പൗരത്വരഹിതരായ ചൈനാക്കാരുടെ ഒരു വിഭാഗവും ചൈനീസ്പൗരത്വം തിരഞ്ഞെടുക്കുമെന്നതു തീർച്ചയാണ്. ഇരട്ടപ്പൗരത്വമുള്ളവരിൽ ചിലരും ചൈനയുടെ പാസ്പോർട്ടുകൾമാത്രം കൈവശംവയ്ക്കാൻ ഇഷ്ടപ്പെട്ടേക്കാം. ഒടുവിൽ, മലേഷ്യൻപൗരന്മാരായ ചൈനീസ്‌വംശജരിൽ ചിലരും പുതിയ സാഹചര്യത്തിൽ ചൈനീസ്പൗരത്വത്തിനുവേണ്ടി തെളിവുകൾ ഹാജരാക്കിക്കൂടെന്നില്ല.

മലേഷ്യാ–ചൈനാവിജ്ഞാപനം മലേഷ്യയിലെ ചൈനീസ്ന്യൂനപക്ഷത്തിനിടയിൽ ചൈനീസ്പൗരന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിന് അടിത്തറയിട്ടു. ചൈനീസ്പൗരന്മാരെ ആ രാജ്യത്തു തുടരാനനുവദിച്ചിരിക്കുന്നുവെന്നതു് പി.ആർ.സി.യെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. മാത്രമല്ല, ചൈനീസ്പൗരന്മാരുടെ സ്വത്തുടമാവകാശങ്ങളും താല്പര്യങ്ങളും മാനിച്ചുകൊള്ളാമെന്ന് മലേഷ്യൻപക്ഷം വിജ്ഞാപനത്തിൽ വാഗ്ദാനം ചെയ്തിട്ടുമുണ്ട്. ചൈനീസ് ന്യൂനപക്ഷത്തിനകത്തെ പിളർപ്പ് ഒടുവിൽ ഒരു വസ്തുതയായിത്തീരുകയും അതിലെ പീക്കിങ്ങ്പക്ഷവിഭാഗത്തിന്റെ സംഖ്യാബലം വർദ്ധിക്കുകയും നിയമപദവി സുദൃഢമാവുകയും പുറമേനിന്ന്, അതായതു ചൈനയിൽനിന്ന് അതിനു പിന്തുണ ലഭിക്കുകയും ചെയ്യുന്നു.

തദ്ദേശചൈനീസ്ന്യൂനപക്ഷത്തെ സംബന്ധിച്ച പ്രശ്നത്തിൽ ദൂരവ്യാപകങ്ങളായ തീരുമാനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നതായി അബ്ദുൾറസാക്ക് പ്രസ്താവിച്ചതിനോടു യോജിക്കാം. എന്നാൽ ആ തീരുമാനങ്ങൾ മലേഷ്യയ്ക്കെന്നതിനെക്കാൾ ചൈനയ്ക്ക് അനുകൂലമായിട്ടുള്ളവയാണ്. പീക്കിങ്ങിനോടു ചായ്‌വുള്ള ഒരു വിഭാഗത്തോടുകൂടിയ ചൈനീസ് ന്യൂനപക്ഷം മലേഷ്യയിലെ ചൈനീസ് സ്ഥാനപതികാര്യാലയത്തിന്, മററാരു വിദേശരാജ്യത്തിനും അവിടെയില്ലാത്ത ഒരു വമ്പിച്ച ആലംബമായിത്തീരുന്നു. 40 ലക്ഷം വരുന്ന ചൈനീസ് ന്യൂനപക്ഷംമുഖേന മലേഷ്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനുള്ള വിപുലമായ സാധ്യതകൾ പീക്കിങ്ങിനു ലഭിക്കുന്നു. വിദേശത്തുള്ള ചൈനീസ്പൗരന്മാരും അവർ പാർക്കുന്ന രാജ്യങ്ങളിലെ ജനങ്ങളും തമ്മിലുള്ള ബന്ധങ്ങളെപ്പററി മുമ്പു ചൈന സ്വീകരിച്ച ഔദ്യോഗികരേഖകളിൽ ''ചൈനീസ്പൗരന്മാർ അവർ പാർക്കുന്ന രാജ്യങ്ങളിൽ രാഷ്ട്രീയപ്രവർത്തനത്തിലേർപ്പെടുകയില്ലെ''ന്ന വാഗ്ദാനം ഉൾക്കൊണ്ടിരുന്നു. എന്നാൽ മലേഷ്യാ–ചൈനാ വിജ്ഞാപനത്തിൽ അതുൾപ്പെടുന്നില്ലെന്നതു ശ്രദ്ധേയമായിരിക്കുന്നു. എത്രയും വാചാലമായ ഒരുപേക്ഷയാണതു്.

തയ്‌വാനോടുള്ള നിലപാട് മലേഷ്യയ്ക്കു മാറേറണ്ടതായിവന്നു. ആ ദ്വീപിനെ ചൈനയുടെ ഒരു ഭാഗമായി മലേഷ്യ അംഗീകരിച്ചു. എന്നാൽ അതോടൊപ്പം തയ്‌വാനുമായുള്ള വൈവിധ്യമാർന്നതും ഏറെക്കുറെ സജീവവുമായ സാമ്പത്തികബന്ധങ്ങൾ നിലനിർത്തണമെന്ന് മലേഷ്യക്ക് ആഗ്രഹമുണ്ടായിരുന്നു. 1966 മുതൽ അവ തമ്മിൽ കോൺസൽബന്ധങ്ങൾ നിലവിലുണ്ടായിരുന്നു. പരസ്പരവ്യാപാരം പ്രതിവർഷം 100 ദശലക്ഷം അമേരിക്കൻ ഡോളർവരെ എത്തുകയുണ്ടായി. മലേഷ്യയിലെ ചില വ്യവസായശാലകളിൽ തയ്‌വാനിൽനിന്നുള്ള മൂലധനം നിക്ഷേപിക്കപ്പെട്ടിരുന്നു. മലേഷ്യൻ കമ്പനികൾ കോലാലമ്പൂരും തയ്‌പ്പേയും തമ്മിൽ വിമാനസർവീസ് നടത്തിയിരുന്നു. സാംസ്കാരികബന്ധങ്ങളും ഗണ്യമായി വികസിക്കപ്പെട്ടിരുന്നു.

ചൈനയുടെ നിർബ്ബന്ധഫലമായി മലേഷ്യ തയ്‌വാനുമായുള്ള എല്ലാവിധ ഔദ്യോഗികസമ്പർക്കങ്ങളും അവസാനിപ്പിക്കുകയും കോലാലമ്പൂരിലെ തയ്‌വാൻ കോൺസലേററ് അടച്ചുപൂട്ടുകയും ''കത്തെയ് ഇൻഫർമേഷൻ സർവീസ്'', ''സെൻട്രൽ ന്യൂസ് ഏജൻസി'' എന്നീ തയ്‌വാൻ വാർത്താവിതരണസ്ഥാപനങ്ങളുടെ പ്രവർത്തനം നിരോധിക്കുകയും ചൈനയുമായി നയതന്ത്രബന്ധം സ്ഥാപിച്ച നിമിഷംമുതൽ ദ്വീപുമായുള്ള വിമാനസർവീസ് നിർത്തലാക്കുകയും ചെയ്തു. തയ്‌വാനുമായുള്ള ഔദ്യോഗികബന്ധങ്ങൾ വിച്ഛേദിച്ചുകൊണ്ടു മലേഷ്യ നടത്തിയ പ്രസ്താവനയിൽ സ്വകാര്യവും പ്രാദേശികവുമായ അടിസ്ഥാനത്തിൽ വ്യാപാരവും മൂലധനനിക്ഷേപവും ടൂറിസവും തുടരാമെന്നു പറഞ്ഞിരുന്നുവെന്നതു ശരിതന്നെ. എന്നാലതു മലേഷ്യ നടത്തിയ വീട്ടുവീഴ്ചയെ മറച്ചുപിടിക്കുന്നതിനുവേണ്ടിയുള്ള വെറുമൊരു മേനിവാക്കാണെന്നതു പരസ്യമായ വസ്തുതയാണ്. പീക്കിങ്ങിൻെറ സമ്മർദ്ദഫലമായി തയ്‌വാനുമായി യഥാർത്ഥത്തിലുണ്ടായിരുന്ന സാമ്പത്തികബന്ധങ്ങളെ ചൈനയുമായുള്ള സാമ്പത്തികബന്ധങ്ങളുടെ അങ്ങേയററം സാങ്കല്പികമായ നേട്ടങ്ങൾക്കുവേണ്ടി മലേഷ്യ ബലികഴിച്ചു.

പീക്കിങ്ങാകട്ടെ തയ്‌വാൻപ്രശ്നം പരിഹരിക്കുന്നതിൽ കുറച്ചുകൂടി മുന്നോട്ടുനീങ്ങി.

ദ്വിപക്ഷീയബന്ധങ്ങളുടെ സാമ്പത്തികവശങ്ങൾ സംയുക്തവിജ്ഞാപനത്തിൽ പ്രതിഫലിക്കപ്പെട്ടില്ലെന്നതു ശ്രദ്ധേയമാണ്. അബ്ദുൾ റസാക്ക് നയിച്ച മലേഷ്യൻപ്രതിനിധിസംഘത്തിൽ ഒരൊററ സാമ്പത്തികവിദഗ്ദ്ധൻപോലുമുണ്ടായിരുന്നില്ല. അതു യാദൃച്ഛികമായാണെന്നു കരുതിക്കൂടാ. കൂടിയാലോചനകളുടെ അജണ്ടയിൽ സാമ്പത്തികപ്രശ്നങ്ങൾ ഉൾപ്പെട്ടിരുന്നെങ്കിൽ മലേഷ്യാ—ചൈനാവ്യാപാരത്തിൽ നിരന്തരമായി അനുഭവപ്പെടുന്നതും ദുർല്ലഭമായ വിദേശനാണ്യം ചൈനയ്ക്കു ധാരാ

ളമായി ലഭ്യമാക്കുന്നതുമായ അസമത, ആ വ്യാപാരത്തിൽ ഹോങ്കോങ്ങിലേയും സിംഗപ്പൂരിലേയും ഇടനിലക്കാർ വഹിക്കുന്ന അനുചിതമായ പങ്ക്, മലേഷ്യയിൽനിന്നു ചൈനയിലേക്കുള്ള നിയമവിരുദ്ധമായ മൂലധനപ്രവാഹം, ചൈനയുമായുള്ള കയററുമതി—ഇറക്കുമതി ഇടപാടുകൾ നിയന്ത്രിക്കുന്നതിനുവേണ്ടി മലേഷ്യൻ ഗവണ്മെൻറ് ആരംഭിച്ച സ്റ്റേററ് വ്യാപാരക്കമ്പനിയായ ''പെർനാസി''നോടുള്ള പീക്കിങ്ങിൻെറ അവഗണന തുടങ്ങിയ വിഷമപ്രശ്നങ്ങൾ ചൈനയ്ക്കു ചർച്ചചെയ്യേണ്ടിവരുമായിരുന്നു. ഒരു മലേഷ്യൻപത്രം ഇങ്ങനെയെഴുതി: ''ചൈനയുമായുള്ള വ്യാപാരത്തിൽ മലേഷ്യയ്ക്കു നിരന്തരമായ പ്രതികൂലമിച്ചം അനുഭവപ്പെടുന്നു. അതു ചിലപ്പോൾ അവിശ്വസനീയമായ തുകയിൽ എത്തുന്നു. 1964—ൽ, ബാങ്ക് ഓഫ് ചൈനയുടെ കോലാലമ്പൂർശാഖയുടെ പ്രവർത്തനം നിലച്ച വർഷത്തിൽ, മലേഷ്യയിലേക്കും സിംഗപ്പൂരിലേക്കും 300 ദശലക്ഷം മലേഷ്യൻഡോളർ വരുന്ന ചരക്കുകൾ കയററുമതിചെയ്ത ചൈന അവിടെനിന്നു വാങ്ങിയതാകട്ടെ 2 ദശലക്ഷം മലേഷ്യൻഡോളറിൽ കുറഞ്ഞ ചരക്കുകളാണ്.''34 വ്യാപാരികളെ ആലംബമായെടുത്തുകൊണ്ട് മലേഷ്യൻവിപണിയിൽ ആക്രമണപരമായ കയററുമതിപരിപാടി നടപ്പിലാക്കാനാണു ചൈനയുടെ പുറപ്പാടെന്നു തോന്നുന്നു. അതേസമയം മലേഷ്യയ്ക്കു സാമ്പത്തികസഹായം നല്കുന്നതിൽ പങ്കെടുക്കാൻ ചൈന ഉദ്ദേശിക്കുന്നില്ല. മലേഷ്യയിൽ മുഖ്യമായും രാഷ്ട്രീയരീതികളുപയോഗിച്ചു പ്രവർത്തിക്കാനാണു പീക്കിങ്ങ് ഇഷ്ടപ്പെടുന്നതു്.

അതിനാൽ ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചതിൻെറ ഫലമായി മലേഷ്യയ്ക്കു ഗണ്യമായ സാമ്പത്തികനേട്ടങ്ങളൊന്നും ലഭിക്കുമെന്നു തോന്നുന്നില്ല. ബന്ധസാധാരണവൽക്കരണത്തിനുശേഷം ചൈനയുമായുള്ള വ്യാപാരത്തിൽ കാര്യമായ മാററങ്ങളൊന്നുമുണ്ടാവുകയില്ലെന്നു മലേഷ്യൻ ബിസിനസ്സ്വൃത്തങ്ങൾ അഭിപ്രായപ്പെടുന്നു. ചൈനയുമായി നേരിട്ടുള്ള വ്യാപാരത്തിൻെറ തത്വങ്ങൾ ഏതാനും വർഷങ്ങൾക്കുമുമ്പു രൂപംകൊണ്ടുകഴിഞ്ഞിരിക്കുന്നു. കുറഞ്ഞപക്ഷം അടുത്ത ഭാവിയിൽ മലേഷ്യാ—ചൈനാവ്യാപാരത്തിൻെറ ഘടനയ്ക്കും അളവിനും വലിയ മാററങ്ങളുണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. ചൈന ''വിവേചനശക്തിയുള്ള'' ഒരു ക്രേതാവാണ്. അതിനാൽ ''അതികായൻ'' മലേഷ്യൻ ഉല്പന്നങ്ങൾ വൻതോതിൽ വാങ്ങുമെന്നു പൊതുവെയുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണ്. മററു രാജ്യങ്ങളെപ്പോലെതന്നെ ചൈനയും ആവശ്യമുള്ളതുമാത്രം വാങ്ങുകയെന്ന പൊതുരീതി അവലംബിക്കാനാണു സാധ്യത. വില്പനയുടെ കാര്യത്തിലാണെങ്കിൽ ചൈനീസ്ചരക്കുകൾ മലേഷ്യയിലേക്കുള്ള മാർഗ്ഗം പണ്ടേ കണ്ടെത്തിയിരിക്കുന്നു. ചൈനയുടെ കയററുമതി വർദ്ധിക്കുകതന്നെ ചെയ്യും. ഏററവുമധി

കം വർദ്ധിക്കാനിടയുള്ളതു് യന്ത്രോപകരണങ്ങളുടേയും മററും കയററുമതിയാണു്. എന്നാലതു് ചൈനീസ്‌വിലകളുടെ മത്സരശേഷിയെ ആശ്രയിച്ചിരിക്കും.

അതിനാൽ മലേഷ്യൻ പാർലമെണ്ടിന്റെ ജൂലൈസമ്മേളനത്തിൽ വച്ചു് ചൈനയുമായുള്ള സാമ്പത്തികബന്ധങ്ങളെ സംബന്ധിച്ച—ചൈനീസ് ഡോക്‌ടർമാരെ മലേഷ്യയിൽ ജോലിക്കു ക്ഷണിക്കുന്നതിനേയും താണ വിലയുള്ള ചൈനീസ് ചരക്കുകൾ ലഭിക്കുന്നതിനുള്ള സാധ്യതകളേയും ചൈനീസ് സാമ്പത്തികസഹായത്തേയും ബാങ്ക് ഓഫ് ചൈനയുടെ ശാഖ കോലാലമ്പൂരിൽ തുറക്കുന്നതിനെപ്പററിയും മററുമുള്ള—നിരവധി ചോദ്യങ്ങളെ അബ്ദുൾറസാക്കിനു നേരിടേണ്ടിവന്നതിൽ അതിശയിക്കാനില്ല.

അബ്ദുൾറസാക്കിന്റെ സന്ദർശനവേളയിൽ ചൈനീസ് നേതാക്കന്മാർ മലേഷ്യ—ചൈനാബന്ധങ്ങൾക്കു സോവിയററ്‌വിരുദ്ധസ്വഭാവം പ്രദാനം ചെയ്യാൻ സാധിക്കുമോയെന്നു് സ്പർശിച്ചറിയുകയുണ്ടായി. ഉദാഹരണത്തിനു്, ''ചൈനയും മലേഷ്യയും മൂന്നാംലോകത്തിൽപ്പെട്ട വികസ്വരരാജ്യങ്ങളാണെന്നും മഹച്ഛക്തികളുടെ അധിനായകത്വത്തെ ഇരുരാജ്യങ്ങളും എതിർക്കുന്നു''35വെന്നും ചൈനീസ് നേതാക്കന്മാർ മലേഷ്യൻ പ്രതിനിധിസംഘത്തോടു പ്രസ്താവിച്ചു. മേയ് 28—ാംതീയതി മലേഷ്യൻ അതിഥിയുടെ ബഹുമാനാർത്ഥം നടന്ന വിരുന്നിൽവച്ചു് ചൌ എൻ—ലായ് ഇങ്ങനെ പറഞ്ഞു: ''ദക്ഷിണപൂർവ്വേഷ്യയിൽ സമാധാനത്തിന്റേയും നിഷ്പക്ഷതയുടേയും മേഖല സൃഷ്ടിക്കുന്ന കാര്യത്തിൽ മലേഷ്യൻ ഗവണ്മെൻറു് കൈക്കൊള്ളുന്ന നിലപാടു് വിദേശ ഇടപെടലിൽനിന്നും നിയന്ത്രണത്തിൽനിന്നും വിമുക്തമാകുന്നതിനുള്ള ദക്ഷിണപൂർവ്വേഷ്യൻജനതകളുടെ അഭിലാഷത്തെ പ്രതിഫലിപ്പിക്കുന്നു. മൂന്നാംലോകത്തിൽപ്പെട്ട പല രാജ്യങ്ങളുടേയും പിന്തുണ അതിനു ലഭിച്ചിട്ടുണ്ടു്. അതിശക്തികളുടെ ആക്രമണവും വിപുലനവുമാണു് മേഖലയുടെ സമാധാനത്തിനും ഭദ്രതയ്ക്കുമുള്ള ഭീഷണിയുടെ പ്രധാന ഉറവിടമെന്നു ദക്ഷിണപൂർവ്വേഷ്യയിലെ യാഥാർത്ഥ്യങ്ങളിൽനിന്നു വെളിപ്പെടുന്നു. ദക്ഷിണപൂർവ്വേഷ്യൻ ജനതകളുടെ ഐക്യവും നിശ്ചയദാർഢ്യവും വർദ്ധിക്കുന്നതോടുകൂടി അവർക്കു് അതിശക്തികളുടെ പദ്ധതികൾ പൊളിക്കാനും തങ്ങളുടെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും സംരക്ഷിക്കാനും കഴിയുമെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. മർദ്ദനമനുഭവിക്കുന്ന എല്ലാ ജനതകളുടേയും രാഷ്ട്രങ്ങളുടേയും നീതിപൂർവ്വകമായ സമരത്തിനു ചൈനീസ് ജനത എല്ലാപ്പോഴും പിന്തുണ നല്കുന്നു. അതു ഞങ്ങളുടെ സാർവ്വദേശീയകടമയാണു്.''36 ഏഷ്യയിൽ ഭദ്രത ഉറപ്പിക്കുന്നതിനെ സംബന്ധിച്ച സോവിയററ് നിർദ്ദേശത്തെ ബഹിഷ്കരിക്കേണ്ട

താവശ്യമാണെന്ന മലേഷ്യൻ പ്രതിനിധികളെ ബോദ്ധ്യപ്പെടുത്താൻ ചൈനീസ് നേതാക്കന്മാർ ശ്രമിച്ചു. ''വിശദാംശങ്ങൾ വ്യക്തമാകുന്നതു വരെ'' ആ നിർദ്ദേശത്തെ വിലയിരുത്താൻ അബ്ദുറസാക്ക് തല്ക്കാലം വിസമ്മതിക്കുന്നതും ഏസിയനെപ്പോലുള്ള ഉപമേഖലാസംഘടനകൾ രൂപീകരിക്കുകയും അവയെ നിഷ്പക്ഷീകരിക്കുകയുമാണ കൂടുതൽ പ്രായോഗികമായിട്ടുള്ളതെന്ന് അദ്ദേഹം കരുതുന്നതും[37] പരിഗണിച്ചുകൊണ്ടാണ് അവർ അതിനൊരുമ്പെട്ടതു്. ഏഷ്യയിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള രീതികളെ സംബന്ധിച്ച തികച്ചും സ്വാഭാവികമായി ഉളവാകുന്ന അത്തരം അഭിപ്രായഭിന്നതകളെ രഞ്ജിപ്പിക്കാനാവാത്ത വൈരുദ്ധ്യങ്ങളായി പൊക്കിപ്പിടിക്കാൻ ശ്രമിച്ചുകൊണ്ടു് പീക്കിങ്ങ് ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണമെന്ന ആശയത്തെ പിന്താങ്ങുകയും മേഖലയിലെ ഏതാനും ചില രാജ്യങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടു് ഏസിയനെ വിപുലീകരിക്കേണ്ടതാവശ്യമാണെന്ന വീക്ഷണത്തോടു യോജിക്കുകയും മലാക്ക കടലിടുക്കിൻെറമേൽ നിയന്ത്രണം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച മലേഷ്യയും ഇന്തോനേഷ്യയും ചേർന്നു മുൻവച്ച നിർദ്ദേശത്തെ അംഗീകരിക്കുകയും ചെയ്തു.

മലേഷ്യാ—ചൈനാക്കൂടിയാലോചനകളുടെ ഈ സോവിയററ്വിരുദ്ധവശം ശ്രദ്ധിക്കപ്പെടാതിരുന്നില്ല. സോവിയററ് സ്വാധീനത്തെ തടുത്തുനിർത്തുകയാണ ദക്ഷിണപൂർവ്വേഷ്യയിൽ ചൈനയുടെ അടിയന്തിര താല്പര്യമെന്ന് സിംഗപ്പൂർ പ്രധാനമന്ത്രി ലീ ക്വാങ്ങ് യൂ കരുതുന്നു. ''ലോകത്തിൻെറ ഏതൊരു ഭാഗത്തും അധിനായകത്വം സ്ഥാപിക്കുന്നതിനോ സ്വാധീനമേഖല സൃഷ്ടിക്കുന്നതിനോവേണ്ടി ഏതൊരു രാജ്യമോ രാജ്യങ്ങളുടെ ഗ്രൂപ്പോ നടത്തുന്ന ഏതൊരു ശ്രമത്തേയും മലേഷ്യയും ചൈനയും എതിർക്കുന്നു''വെന്ന് വിജ്ഞാപനത്തിൽ പ്രസ്താവിക്കാൻ മലേഷ്യൻപക്ഷം സമ്മതിച്ചു. ചൈനയാണ ദക്ഷിണപൂർവ്വേഷ്യയെ അതിൻെറ സ്വാധീനമേഖലയാക്കാൻ ബദ്ധപ്പെടുന്നതെന്ന വസ്തുത സുവിദിതമായിരിക്കവെയാണതു്. ഉദാഹരണത്തിനു്, ''മററെല്ലാ മഹച്ഛക്തികളേയുംപോലെ ചൈനയ്ക്കും അതിൻെറ സ്വാഭാവിക സ്വാധീനമേഖലയുണ്ടു''ന്നും ''ചൈനയുടെ സ്ഥിതി ദക്ഷിണപൂർവ്വേഷ്യയെ അതിൻെറ സ്വാഭാവികസ്വാധീനമേഖലയാക്കിത്തീർക്കുന്നു''[38]വെന്നും ആസ്ത്രേലിയൻ ചൈനാവിദഗ്ദ്ധനായ സി. ഫിററ്സ്ജെറാൽഡ് എഴുതുന്നു. സംയുക്തവിജ്ഞാപനത്തിലെ പ്രസ്താവനയെ ആസ്ത്രേലിയയിലെ അന്താരാഷ്ട്രീയകാര്യലേഖകന്മാരിൽ ഒരാളായ ഡി. വോർണർ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: ''ദക്ഷിണപൂർവ്വേഷ്യയിലേക്കു ചൈനയുടെ തള്ളിക്കയററത്തിനുള്ള സാധ്യത എല്ലായ്പോഴും സാങ്കല്പികമായിരുന്നു. എന്നാൽ സ്വാധീനമേഖലയുടെ കാര്യമൊന്നു വേറെ. ദക്ഷിണപൂർവ്വേഷ്യ

യെ സ്വന്തമാക്കുന്നതിനുവേണ്ടി യൂറോപ്യൻ കൊളോണിയലിസ്റ്റുകളുടെ ആഗമനത്തിനുമുമ്പുണ്ടായിരുന്ന തരത്തിലുള്ള സ്വാധീനം അവിടെ പുനഃസൃഷ്ടിക്കാൻ ചൈനീസ് നേതാക്കന്മാർ എല്ലാപ്പോഴും ഉദ്ദേശിച്ചിരുന്നു. അവരുടെ നയം ആ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതായിരുന്നു.''[39] ദക്ഷിണപൂർവ്വേഷ്യയെ സ്വന്തം സ്വാധീനമേഖലയാക്കാൻ ശ്രമിക്കുകയില്ലെന്ന ചൈനയുടെ ദൃഢപ്രതിജ്ഞയായാണ് സംയുക്തവിജ്ഞാപനത്തിലെ പ്രസ്താവനയെ മലേഷ്യൻപക്ഷം ധരിക്കുന്നതെങ്കിൽ അവർക്കു തെററുപററിയിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. മററൊരു വിധത്തിലാണ്, അതായതു മേഖലയിൽ ഇതരശക്തികളുടെ സ്വാധീനത്തെ ദുർബ്ബലമാക്കുന്നതിനും അവിടെ സ്വന്തം അധിനായകത്വം സ്ഥാപിക്കുന്നതിനുമുള്ള ഒരു കാൽവയ്പായാണ് ചൈന ആ പ്രസ്താവനയെ വ്യാഖ്യാനിക്കുന്നതു്.

ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതോടുകൂടി രാജ്യത്തിൻെറ പല പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുമെന്നു മലേഷ്യയിൽ കരുതിയിരുന്നു.

ആ നടപടിയുടെ ഔചിത്യത്തെ സമർത്ഥിച്ചുകൊണ്ടു് അതു ചേരിചേരാനയത്തിൻെറ യുക്തിയുക്തമായ തുടർച്ചയാണെന്നും, മാത്രമല്ല, തൽഫലമായി മലേഷ്യ ചേരിചേരാരാഷ്ട്രങ്ങളുടെ മുന്നണിയിൽ സ്ഥലം പിടിക്കുന്നുവെന്നും മലേഷ്യൻനയതന്ത്രജ്ഞന്മാർ അവകാശപ്പെട്ടു. ''ബഹുധ്രുവനയതന്ത്ര''ത്തിൻെറ തത്വങ്ങളനുസരിച്ചു് ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിൻെറ ഫലമായി മലേഷ്യ മഹച്ഛക്തികളിൽനിന്നു് ഒരേ അകലത്തിലാവുമെന്നും എല്ലാ ''അതിശക്തി''കളുമായി നയതന്ത്രസമ്പർക്കങ്ങൾ പുലർത്തിക്കൊണ്ടു് സ്വന്തം ഇഷ്ടമനുസരിച്ചു് അവയുമായുള്ള ബന്ധങ്ങളുടെ തോതു നിയന്ത്രിക്കാൻ രാജ്യത്തിനു കഴിയുമെന്നുമായിരുന്നു മലേഷ്യൻപക്ഷത്തിൻെറ കണക്കുകൂട്ടൽ. ''ചൈന ഒരതിശക്തിയാണെന്നു മാത്രമല്ല, മലേഷ്യയോടു് ഏററവും അടുത്തുള്ള അതിശക്തികൂടിയാണെ''[40]ന്നും അതിനാൽ ചൈനയുമായി ഔദ്യോഗികബന്ധങ്ങൾ ഇല്ലാത്തപക്ഷം മലേഷ്യയ്ക്കു് പ്രസ്തുതനയം നടപ്പിലാക്കാൻ സാധ്യമല്ലെന്നും കോലാലമ്പൂരിൽ കരുതപ്പെട്ടു. എന്നാൽ ചൈനയുമായുള്ള കൂടിയാലോചനകളിൽ മലേഷ്യ ചെയ്ത വിട്ടുവീഴ്ചകൾ അതിൻെറ ആഭ്യന്തരമോ വിദേശനയപരമോ ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് ഇതേവരെ സഹായകമായിട്ടില്ല.

ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ മലേഷ്യ തീരുമാനിച്ചതു് ആ നടപടി ദക്ഷിണപൂർവ്വേഷ്യയെ നിഷ്പക്ഷീകരിക്കുകയെന്ന ആശയം സാക്ഷാൽക്കരിക്കുന്നതിലേക്കുള്ള ''ഒരു വലിയ ചുവടുവയ്പാ''യിരിക്കുമെന്ന പ്രതീക്ഷയോടുകൂടിയാണ്. എന്തെന്നാൽ ആ ആ

ശയത്തിനു ചൈനയുംപ്പെടെയുള്ള മഹച്ഛക്തികളുടെ പിന്തുണ ആവശ്യ മാണല്ലോ. എന്നാൽ ദക്ഷിണപൂർവ്വേഷ്യയെ നിഷ്പക്ഷീകരിക്കാനല്ല, അതിനെ സ്വന്തം സ്വാധീനമേഖലയാക്കാനാണ് പീക്കിങ്ങ് ശ്രമിക്കു ന്നതെന്നു വസ്തുതകൾ തെളിയിക്കുന്നു. മലേഷ്യയിൽ ചൈനയ്ക്കു പ്രത്യേ കാവകാശങ്ങൾ (ചൈനീസ്വംശജരായ തദ്ദേശജനങ്ങളെസംബന്ധിച്ചി ടത്തോളം) ഉണ്ടെന്നതു് ഊന്നിപ്പറയാനും പീക്കിങ്ങിൻെറ സംരക്ഷണ യിൽകീഴിൽ ഒരു മേഖലാബ്ലോക്ക് തല്ലിക്കൂട്ടുന്നതിനുള്ള ഉപകരണമാ യി ഏഷ്യയനെ ഉപയോഗിക്കാനും ചൈനീസ് നയതന്ത്രം നടത്തുന്ന ശ്രമങ്ങൾ എത്രയും വാചാലമാണ്. ചൈന ദക്ഷിണപൂർവ്വേഷ്യയിൽ സജീവമായതിനെത്തുടർന്നു് മേഖലയുടെ നിഷ്പക്ഷീകരണത്തിനുള്ള സാധ്യതകൾ മെച്ചപ്പെടുകയല്ല, കൂടുതൽ സങ്കീർണ്ണമാവുകയാണു ചെയ്തി ട്ടുള്ളതു്. എന്തെന്നാൽ മററു രാജ്യങ്ങളുടെ സ്വാധീനത്തിനു ഹാനികരമാം വണ്ണവും ദക്ഷിണപൂർവ്വേഷ്യൻരാഷ്ട്രങ്ങളുടെ താല്പര്യങ്ങളെ കണക്കിലെ ടുക്കാതെയും അവിടെ സ്വന്തം സ്വാധീനം വർദ്ധിപ്പിക്കുകയെന്ന നയ മാണ് ചൈന അനുവർത്തിക്കുന്നതു്.

പി.ആർ.സി.യിൽനിന്നു നയതന്ത്രപരമായ അംഗീകാരം നേടി ക്കൊണ്ടു് ഒളിപ്പോർപ്രസ്ഥാനത്തിനു പീക്കിങ്ങിൽനിന്നുള്ള പിന്തുണ ഇ ല്ലാതാക്കാമെന്നും ഗവണ്മെൻറിൻെറ എതിരാളികളെ ആശയപരമായി നിരായുധീകരിക്കുകയും ഒളിപ്പോർപ്രസ്ഥാനത്തിനെതിരെയുള്ള ദണ്ഡന നടപടികൾക്കു ശക്തികൂട്ടുകയും അതോടൊപ്പം രാജ്യത്തെ പുരോഗമനശ ക്തികളോടു കണക്കുതീർക്കുകയും ചെയ്യാമെന്നും മലേഷ്യൻ ഗവണ്മെൻറു കരുതി. ഒളിപ്പോരുകാർക്കു് ''അവരുടെ സമരം തുടരുന്നതിനു് ഇനി ന്യായീകരണമില്ലെ''ന്നും ''അവർ സമരം തുടരുകയാണെങ്കിൽ അവ രെ ഉന്മൂലനം ചെയ്യാൻ നാം നിർബ്ബന്ധിതരായിത്തീരു''41മെന്നും ചൈ നയിൽനിന്നു മടങ്ങിയെത്തിയ ഉടൻതന്നെ അബ്ദുറസാക്ക് പ്രസ്താ വിച്ചു. ഉപപ്രധാനമന്ത്രി ദത്തുക്ക് ഹുസൈൻ ഓന്നും അതേ മട്ടിലുള്ള പ്രസ്താവന നടത്തി: ''അവർക്കിനി രണ്ടു മാർഗ്ഗങ്ങളേയുള്ളൂ—ഒന്നുകിൽ ആയുധംവച്ചു കീഴടങ്ങുക, അല്ലെങ്കിൽ മരണത്തെ നേരിടുക.''42 പുരോ ഗമനശക്തികളുടെ ''സമൂലനാശംവരെ'' അവരുമായി സമരം നടത്തു ന്നതിനുള്ള ആഹ്വാനങ്ങൾ മുഴങ്ങിക്കേൾക്കുന്നു. പുരോഗമനശക്തികൾ ക്കെതിരെയുള്ള ദണ്ഡനനടപടികൾ മലേഷ്യയിൽമാത്രമല്ല, ചില അ യൽരാജ്യങ്ങളിൽക്കൂടി വിപുലമായ തോതിൽ സ്വീകരിക്കപ്പെട്ടിരിക്കു ന്നു. എന്നാൽ അവ ഉദ്ദേശിച്ച ഫലം നല്കുന്നില്ല.

തദ്ദേശചൈനീസ് ന്യൂനപക്ഷത്തെ രാജ്യത്തോടു കൂടുതൽ കൂറുള്ളവ രാക്കാൻ സാധിക്കുമെന്നും അങ്ങനെ ആ അടിസ്ഥാനത്തിൽ ''പുതിയ സാമ്പത്തികനയം'' നടപ്പിലാക്കുന്നതിൽ പുരോഗതി കൈവരിക്കാമെ

ന്നും മലേഷ്യൻഗവണ്മെൻറ് പ്രത്യാശിച്ചിരുന്നു. എന്നാൽ ചൈനീസ് ന്യൂനപക്ഷമാകട്ടെ പീക്കിങ്ങിനുള്ള തങ്ങളുടെ പിന്തുണ കൂടുതൽകൂടുതൽ വ്യക്തമായി പ്രകടിപ്പിക്കുന്നു. മലേഷ്യയിൽ നിലയുറപ്പിച്ചതിനുശേഷം പീക്കിങ്ങ് അതിൻെറ സ്ഥാനപതികാര്യാലയം മുഖേന ''പുതിയ സാമ്പത്തികനയ''ത്തിൻെറ ലക്ഷ്യങ്ങൾക്കും മലേഷ്യയിൽ ബഹുദേശീയസമുദായം കെട്ടിപ്പടുക്കുന്നതിനും എതിരായി പ്രവർത്തിക്കുന്നു.

പീക്കിങ്ങുമായി അടുക്കുകയും, ചൈനീസ്ന്യൂനപക്ഷങ്ങളെ ആശ്രയിച്ചുള്ളവയും ആഭ്യന്തരവൈരുദ്ധ്യങ്ങളാൽ പിളർന്നുകൊണ്ടിരിക്കുന്നവയുമായ രാഷ്ട്രീയസംഘടനകളെ കൂടുതൽ ദുർബ്ബലമാക്കുകയും ചെയ്തുകൊണ്ട് രാജ്യത്തു സ്വന്തം സ്വാധീനം വർദ്ധിപ്പിക്കാമെന്ന് ഏകീകൃത മലയൻ ദേശീയസംഘടനയും അതിൻെറ നേതാവായ അബ്ദുൾറസാക്കും കരുതി.

അവസാനമായി, ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായുള്ള പീക്കിങ്ങിൻെറ ബന്ധസാധാരണവൽക്കരണത്തെ സഹായിക്കാൻ മുൻകൈ എടുത്തതിനുള്ള നന്ദിപ്രകടനമെന്നോണം ചൈനയിൽനിന്നു നിശ്ചിതമായ സാമ്പത്തികപ്രതിഫലം ലഭിക്കുമെന്നു മലേഷ്യ വിചാരിച്ചിരുന്നു. എന്നാൽ ഇതുവരേയ്ക്കും അതിന് ആ പ്രതിഫലം ലഭിച്ചിട്ടില്ല.

മൊത്തത്തിൽ പറഞ്ഞാൽ, ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി നടന്ന ദീർഘകാലത്തെ കൂടിയാലോചനകളിൽനിന്നു പരിമിതമായ നേട്ടങ്ങളേ മലേഷ്യയ്ക്കു സിദ്ധിച്ചുള്ളു. ബന്ധസാധാരണവൽക്കരണത്തിൽനിന്ന് അങ്ങേയററം സാങ്കല്പികമായ ചില പ്രയോജനങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് മലേഷ്യ വളരെയേറെ വിട്ടുവീഴ്ചകൾ നടത്തി. മലേഷ്യയെ സംബന്ധിച്ചിടത്തോളം പ്രധാനമായ പല പ്രശ്നങ്ങളുടേയും തീരുമാനം സ്ഥാനപതികാര്യാലയങ്ങൾ സ്ഥാപിതമാകുന്നതുവരെ നീട്ടിവയ്ക്കപ്പെട്ടു. നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച സംയുക്തവിജ്ഞാപനം മിക്കവാറും ചൈനീസ് ചിത്രലിപികളിലാണ് എഴുതപ്പെട്ടിട്ടുള്ളതെന്നും മലയൻഭാഷയുടെ അക്ഷരങ്ങൾ അതിൽ ഒട്ടുംതന്നെ ഉപയോഗിക്കപ്പെട്ടിട്ടില്ലെന്നുമുള്ള പ്രതീതി ഉളവാകുന്നു. മലേഷ്യൻപക്ഷം ചൈനയുമായി എത്രയും സങ്കീർണ്ണവും ദീർഘവുമായ കൂടിയാലോചനകൾ നടത്തുകയും സ്വന്തം ദേശീയതാല്പര്യങ്ങൾക്കുവേണ്ടി വാശിയോടെ വാദിക്കുകയും ചെയ്തു. ചൈന അതിൻെറ മഹച്ഛക്തിലക്ഷ്യങ്ങളെ മുറുകെപ്പിടിക്കുകയും മലേഷ്യൻപ്രതിനിധികളുടെമേൽ ഇടവിടാതെ സമ്മർദ്ദം ചെലുത്തുകയും പല പ്രധാനപ്രശ്നങ്ങളും കാര്യമായും ക്രിയാത്മകമായും ചർച്ചചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്തതിനാലാണ് ആ കൂടിയാലോചനകൾ അത്ര ഫലപ്രദമാകാതിരുന്നതു്.

മലേഷ്യയും ചൈനയും തമ്മിൽ നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ച തിനോടുള്ള ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുടെ പ്രതികരണം വളരെ യേറെ സംയമത്തോടുകൂടിയതായിരുന്നുവെന്നതിൽ അതിശയിക്കാനില്ല. ഫിലിപ്പൈൻസ് മാത്രം ആ നടപടിയെ ഏറെക്കുറെ നിരുപാധിക മായി സ്വാഗതം ചെയ്തു. ആഭ്യന്തരകാരണങ്ങളാൽ, ചൈനയുമായി നയ തന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ സമയമായിട്ടില്ലെന്നു ജക്കാർത്തയിൽ കരുതുന്നു. ഏസിയനിൽപ്പെട്ട രാജ്യങ്ങളിൽവച്ച് ഏററവും ഒടുവിൽ ചൈനയുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കാനുള്ള ഉദ്ദേശം സിം ഗപ്പൂർ വീണ്ടും സ്ഥിരീകരിച്ചിരിക്കുന്നു.

ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്നതിനുമുമ്പ് ആ രാജ്യങ്ങൾ മലേഷ്യയിൽ ചൈ നീസ് സ്ഥാനപതികാര്യാലയം സ്ഥാപിതമായതിൻെറ അനന്തരഫ ലങ്ങളെ പൂർണ്ണമായി വിലയിരുത്താൻ ആഗ്രഹിച്ചു. തൽസംബന്ധമാ യി മേഖലയിലെ രാജ്യങ്ങൾക്കിടയിൽ ഏറെക്കുറെ ഗുരുതരമായ ആശ ങ്കകൾ നിലവിലുണ്ടായിരുന്നു. ‘‘ആരംഭത്തിൽ കോലാലമ്പൂരിലെ ചൈ നീസ്പ്രതിനിധികൾ നിഷ്കളങ്കമായി പെരുമാറാൻ ശ്രമിക്കുമെങ്കിലും കാത്തിരുപ്പുനയത്തിൻെറ വളരെയേറെ ഘടകങ്ങൾ അതോടൊപ്പം പ്രക ടമാകു’’43മെന്നാണ് സിംഗപ്പൂരിൽ പ്രചരിച്ചിട്ടുള്ള അഭിപ്രായം. മ ലേഷ്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ലെന്നു മാവോ ചെയ്ത പ്രസ്താവനയുടെ ആത്മാർത്ഥതയെ സംബന്ധിച്ച് ഇന്തോനേഷ്യയിൽ സംശയം പ്രകടിപ്പിക്കപ്പെടുന്നു: ‘‘വിധ്വംസകപ്രവർത്തനത്തിനു ശക്തി കൂടാനിടയുണ്ടെന്നതിൽ മലേഷ്യയ്ക്കു് ഉത്കണ്ഠയുണ്ട്. എന്നാൽ ഒളിപ്പോർ നടത്തുന്ന മലയൻകമ്മ്യൂണിസ്റ്റുകാരെ ആയുധമണിയിക്കുകയില്ലെന്നു ചൈ നീസ് പ്രധാനമന്ത്രി ചൌ എൻ–ലായ് ഉറപ്പു നല്കിയിരിക്കുന്നു... ഉറ പ്പുകളുണ്ടെങ്കിലും ഇല്ലെങ്കിലും വിധ്വംസകപ്രവർത്തനം തുടരുകതന്നെ ചെയ്യുന്നു.’’44 തായ്‌ലണ്ടിലെ പത്രങ്ങളും ഇത്തരം സംശയങ്ങൾ പ്ര കടിപ്പിച്ചു. കോലാലമ്പൂരിൽ ചൈനീസ് സ്ഥാനപതികാര്യാലയം സ്ഥാപിതമായതിനെത്തുടർന്നു് മലേഷ്യയിലെ ചൈനീസ് ന്യൂനപക്ഷ ത്തിനിടയിൽ പീക്കിങ്ങ്പക്ഷമനോഭാവം വർദ്ധിക്കുമെന്ന് അനുമാനി ക്കപ്പെട്ടു. ‘‘മലേഷ്യൻചൈനാക്കാർ ചൈനയിൽനിന്നുള്ള പ്രതിനിധി സംഘങ്ങൾക്കു നല്കിയ വരവേല്പു വച്ചുനോക്കുമ്പോൾ ചൈനീസ്സ്ഥാ നപതികാര്യാലയം തദ്ദേശചൈനാക്കാർക്കു് ആവലാതി ബോധിപ്പിക്കു ന്നതിനും കൂറു പ്രദർശിപ്പിക്കുന്നതിനുമുള്ള കേന്ദ്രമായിത്തീരാൻ വളരെയേ റെ സാധ്യതകളുണ്ട്.’’45 മലേഷ്യയിൽത്തന്നെയും അക്കാര്യത്തിൽ സം ശയങ്ങളുണ്ട്. എന്നാൽ അവിടെ ഇങ്ങനെ പ്രതീക്ഷിക്കപ്പെടുന്നു: ‘‘ദേ ശീയപരിഗണനകൾ തങ്ങളുടെ നടപടികളെ സ്വാധീനിക്കുന്നുവെന്ന സ

കല പ്രതീതിയും അകററാൻ ശ്രമിച്ചുകൊണ്ടു് പീക്കിങ്ങിൻെറ ആളുകരം കർശനമായ നയതന്ത്രമര്യാദ പാലിക്കുമെന്നു കരുതാവുന്നതാണു്. അവരുടെ പെരുമാററത്തെ നമ്മളും നമ്മുടെ അയൽരാജ്യങ്ങളും—അവയുമായി നയതന്ത്രബന്ധങ്ങരം സ്ഥാപിക്കാൻ ചൈനയ്ക്കാഗ്രഹമുണ്ടു്—നിഷ്കൃഷ്ടമായി വിലയിരുത്തുമെന്നു് അവർക്കറിയാം.'' 46 ബന്ധങ്ങരം സ്ഥാപിക്കപ്പെട്ടെങ്കിലും പ്രശ്നങ്ങരം അവശേഷിക്കുന്നു.

ചൈനയെ ചെറുകിടരാഷ്ട്രങ്ങളുടെ സംരക്ഷകനായി ചിത്രീകരിക്കാൻ പീക്കിങ്ങിൻെറ പ്രചാരണവിധാനം പെടാപ്പാടു പെടുന്നു. വലിയരാജ്യങ്ങളും ചെറിയ രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ സമത്വവും പരസ്പരനന്മയും ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ചൈനീസ്പ്രതിനിധികരം എല്ലാ വഴിമുക്കുകളിലും നിന്നു പ്രസംഗിക്കുന്നു. മലേഷ്യയുമായി നടന്ന കൂടിയാലോചനകളിൽ ചൈനീസ്പക്ഷം കൈക്കൊണ്ട നിലപാടിൽ ആ അയൽരാജ്യത്തിൻെറ ആവശ്യങ്ങളോടും അഭിലാഷങ്ങളോടുമുള്ള മഹച്ഛക്തിമന്യമായ പുച്ഛവും അവഗണനയും മുററിനില്ക്കുന്നു. അങ്ങനെ മലേഷ്യാ—ചൈനാ കൂടിയാലോചനകളുടെ ഫലങ്ങരം ചെറുകിട വികസ്വരരാജ്യങ്ങളോടുള്ള പീക്കിങ്ങിൻെറ ഗർവ്വിഷ്ഠമായ സമീപനത്തെ തുറന്നുകാട്ടുന്നു.

## 5. ബന്ധസാധാരണവൽക്കരണത്തിനുവേണ്ടി മേഖലയിലെ ഇതരരാജ്യങ്ങളുമായി നടന്ന കൂടിയാലോചനകരം

നയതന്ത്രബന്ധങ്ങരം സ്ഥാപിക്കുന്നതിനുവേണ്ടി ചൈനയുമായി നടന്ന കൂടിയാലോചനകളിൽ തായ്ലണ്ടു്, ഫിലിപ്പൈൻസ്, സിംഗപ്പൂർ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങരംക്കു് മലേഷ്യയ്ക്കു നേരിട്ട അതേ പ്രയാസങ്ങരംതന്നെ നേരിടേണ്ടിവന്നു. ഒളിപ്പോർപ്രസ്ഥാനങ്ങരംക്കുള്ള ചൈനയുടെ പിന്തുണ, തദ്ദേശചൈനീസ്ന്യൂനപക്ഷങ്ങളെ സംബന്ധിച്ച ചൈനയ്ക്കുള്ള ഉദ്ദേശങ്ങളുടെ സ്വഭാവം, തയ്വാനുമായുള്ള വ്യാപാരത്തിൻേറയും പരസ്പരബന്ധങ്ങളുടേയും ക്രമീകരണം എന്നിവയായിരുന്നു ചൈനയുമായുള്ള ബന്ധസാധാരണവൽക്കരണത്തെ തടസ്സപ്പെടുത്തിയ മുഖ്യവിവാദവിഷയങ്ങരം.

''സാംസ്കാരികവിപ്ലവ''ത്തിനു തൊട്ടുമുമ്പ് ഫിലിപ്പൈൻസിൽനിന്നുള്ള പത്രപ്രവർത്തകരുടേയും ശാസ്ത്രജ്ഞന്മാരുടേയും വിദ്യാർത്ഥികളുടേയും ബിസിനസ്സുകാരുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും അനൗദ്യോഗിക പ്രതിനിധിസംഘങ്ങരം ചൈന സന്ദർശിക്കാൻ തുടങ്ങിയതോടുകൂടി

ദീർഘകാലത്തെ പരസ്പരശത്രുതയ്ക്കുശേഷം ഫിലിപ്പൈൻസും ചൈനയും തമ്മിൽ പരീക്ഷണസമ്പർക്കങ്ങൾ ആരംഭിച്ചു. 70—കളുടെ ആരംഭത്തിൽ ഫിലിപ്പൈൻസിൽനിന്നുള്ള സ്പോർട്സ്—സാമ്പത്തികപ്രതിനിധിസംഘങ്ങൾ വീണ്ടും ചൈനയിലെത്തിയതോടുകൂടി അവ പുനരാരംഭിച്ചു. പിന്നീട് ഫിലിപ്പൈൻപ്രസിഡണ്ടിന്റെ സ്വകാര്യപ്രതിനിധികൾ എന്ന നിലയിൽ ബി. റൊമ്വാൽഡെയും എസ്. ലോറലും പല തവണ ചൈന സന്ദർശിക്കുകയും ചൈനീസ് പ്രതിനിധികളുമായി ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധസാധാരണവൽക്കരണത്തിന്റെ മൂർത്ത പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. യു.എൻ.ഒ.യുടെ ആസ്ഥാനം ഇരുരാജ്യങ്ങളും തമ്മിലുള്ള സമ്പർക്കങ്ങളുടെ ഒരു പ്രധാനകേന്ദ്രമായിത്തീർന്നു. അവിടെവച്ച് ഫിലിപ്പൈൻസിന്റേയും ചൈനയുടേയും പ്രതിനിധികൾ തങ്ങൾക്കു താല്പര്യമുള്ള വിഷയങ്ങളെസംബന്ധിച്ച് കൂടുതൽ അഭിപ്രായവിനിമയം നടത്തി. ഫിലിപ്പൈൻസിൽനിന്നുള്ള അനേകം വ്യാപാരപ്രതിനിധിസംഘങ്ങൾ ചൈനീസ് ഉദ്യോഗസ്ഥന്മാരുമായുള്ള തങ്ങളുടെ കൂടിക്കാഴ്ചകളിൽ സാമ്പത്തികകാര്യങ്ങൾക്കുപുറമെ പരസ്പരനയതന്ത്രാംഗീകാരത്തെ സംബന്ധിച്ച പ്രശ്നങ്ങളും പരാമർശിക്കുകയുണ്ടായെന്നതിനാൽ ഇരുരാജ്യങ്ങളും തമ്മിൽ വർദ്ധിച്ചുകൊണ്ടിരുന്ന സമ്പർക്കങ്ങൾക്കിടയിൽ നയതന്ത്രബന്ധസ്ഥാപനത്തിനു തടസ്സമായി നിന്നിരുന്ന പ്രശ്നങ്ങൾ പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ ഉപാധികൾ സൃഷ്ടിക്കപ്പെട്ടുവെന്നു കരുതാവുന്നതാണ്.

പരസ്പരബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിൽ ഇരുപക്ഷങ്ങൾക്കും സ്വന്തമായ താല്പര്യങ്ങളുണ്ടായിരുന്നു.

ചൈനയുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിന്റെ ഫലമായി മൂർത്തമായ പല നേട്ടങ്ങളുമുണ്ടാകുമെന്നു ഫിലിപ്പൈൻസ് പ്രത്യാശിച്ചു. ചൈനയുമായി തീവ്രമായ വ്യാപാരം ആരംഭിക്കാമെന്നും അങ്ങനെ വെളിച്ചെണ്ണ, ചെമ്പ്, ചില നിർമ്മിതവസ്തുക്കൾ എന്നിവയുടെ കയററുമതി വർദ്ധിപ്പിക്കുകയും എണ്ണ, അരിയും മററു ഭക്ഷ്യപദാർത്ഥങ്ങളും, നിർമ്മിതവസ്തുക്കൾ എന്നിവയുടെ ഇറക്കുമതി ആരംഭിക്കുകയും ചെയ്യാമെന്നു ഫിലിപ്പൈൻഗവണ്മെൻറു കരുതി.

ചൈനയുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്നതിന്റെ ഫലമായി രാജ്യത്തെ ഒളിപ്പോർപ്രസ്ഥാനത്തിനു പീക്കിങ്ങിന്റെ ധാർമ്മികവും ഭൗതികവുമായ പിന്തുണ ഇല്ലാതാവുമെന്നും അങ്ങനെ ആ പ്രസ്ഥാനത്തെ തകർക്കാമെന്നും ഫിലിപ്പൈൻസ് കരുതി.

ഫിലിപ്പൈൻ—ചൈനാബന്ധങ്ങൾ സാധാരണവൽക്കരിക്കപ്പെടുകയും ദേശീകരണത്തിനുള്ള നടപടിക്രമങ്ങൾ ഫിലിപ്പൈൻഗവണ്മെൻറ് ലഘൂകരിക്കുകയും ചെയ്യുന്നതോടുകൂടി തദ്ദേശചൈനീസ്ന്യൂനപക്ഷങ്ങള

ടെ ദേശീകരണം വളരെ ദ്രുതഗതിയിൽ നടക്കുമെന്നും ആ ന്യൂനപക്ഷത്തിൻെറമേൽ ഫിലിപ്പൈൻ അധികാരികൾക്കു നിയന്ത്രണം ലഭിക്കുമെന്നും കരുതപ്പെട്ടു. അവസാനമായി, ചൈനയുമായുള്ള നയതന്ത്രബന്ധസ്ഥാപനം സാർവ്വദേശീയരംഗത്തു്, പ്രത്യേകിച്ചും ഏഷ്യയിൽ ഫിലിപ്പൈൻസിൻെറ പ്രഭാവവും സ്വാധീനവും വർദ്ധിപ്പിക്കുമെന്നു് ഫിലിപ്പൈൻപക്ഷം കണക്കാക്കി. ചൈനയുമായി ബന്ധം സ്ഥാപിച്ചുകൊണ്ടു് സ്വന്തം വിദേശനയത്തിൽ പ്രകടമായിരുന്ന അമേരിക്കൻ ചായ്്വു് കുറയ്ക്കാനും മേഖലയുടേയും ഏഷ്യയുടേയും കാര്യങ്ങളിലുള്ള തല്പരത പ്രദർശിപ്പിക്കാനും ഫിലിപ്പൈൻസ് ആഗ്രഹിച്ചു.

എന്നാൽ ഫിലിപ്പൈൻസ് മുൻവച്ച ലക്ഷ്യങ്ങളിൽ പലതും സാക്ഷാൽക്കരിക്കപ്പെടുകയുണ്ടായില്ലെന്നു് പിന്നീടു നടന്ന സംഭവവികാസങ്ങൾ തെളിയിച്ചു.

സങ്കീർണ്ണപ്രശ്നങ്ങൾ ചർച്ചചെയ്യുന്ന അവസരത്തിൽ ഫിലിപ്പൈൻസ് കൂടുതൽ വിട്ടുവീഴ്ചകൾക്കു തയ്യാറാകുന്നതിനുവേണ്ടി സത്വരമായ ബന്ധസാധാരണവൽക്കരണത്തിൽ ഫിലിപ്പൈൻപക്ഷത്തിനു സാമ്പത്തികമായ താല്പര്യമുളവാക്കുകയെന്നതായിരുന്നു ചൈനയുടെ പദ്ധതി. 1973 വസന്തത്തിൽ ഫിലിപ്പൈൻസിൽനിന്നുള്ള വ്യാപാരപ്രതിനിധിസംഘത്തോടു് ചൌ എൻ–ലായ് ഇങ്ങനെ പ്രസ്താവിച്ചു: ''ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരബന്ധങ്ങൾ ഉടനടി വിപുലീകരിക്കുകയും പിന്നീടു നയതന്ത്രബന്ധങ്ങളായി വികസിപ്പിക്കുകയും ചെയ്യാവുന്നതാണു്''[47] ചൈനയുമായുള്ള വ്യാപാരത്തിൽനിന്നുണ്ടായേക്കാവുന്ന നേട്ടങ്ങളെപ്പററി അമിതവും അനാസ്പദവുമായ സങ്കല്പങ്ങൾ ഫിലിപ്പൈൻപക്ഷത്തിനുളവാക്കുകയും പല രാഷ്ട്രീയപ്രശ്നങ്ങളും പരിഹരിക്കാതെ കിടന്നിരുന്നതു് അവഗണിച്ചുകൊണ്ടു് ചൈനയെ എത്രയുംവേഗം നയതന്ത്രപരമായി അംഗീകരിക്കാൻ ഫിലിപ്പൈൻസിനെ നിർബ്ബന്ധിക്കുകയും ചെയ്യുകയെന്നതായിരുന്നു പീക്കിങ്ങിൻെറ ഉദ്ദേശം. അതുകൊണ്ടുതന്നെയാണു് സാമ്പത്തികപ്രശ്നങ്ങളെ സംബന്ധിച്ചു ഫിലിപ്പൈൻസ് മുൻവച്ച നിർദ്ദേശങ്ങളോടുള്ള ചൈനീസ് വിദേശവ്യാപാരസംഘടനകളുടെ ആദ്യത്തെ പ്രതികരണം ശ്രദ്ധാപൂർവ്വകവും വിട്ടുവീഴ്ചമനസ്ഥിതിയോടുകൂടിയതുമായിരുന്നതു്.

അങ്ങനെ വിദേശവ്യാപാരബന്ധങ്ങളെ രാഷ്ട്രീയമായി ഉപയോഗപ്പെടുത്തുകയെന്ന അടവിനോടു പീക്കിങ്ങ് വീണ്ടും കൂറുപുലർത്തി.

ചൈനയിൽ ഉല്പാദിക്കപ്പെട്ട ചരക്കുകൾ കണ്ടുകെട്ടാനും തദ്ദേശീയ ചരക്കുകൾ ചൈനയിലേക്കു കയററിയയയ്ക്കുന്നതിനെതിരെ കഠിനമായ ശിക്ഷാനടപടികൾ കൈക്കൊള്ളാനും വ്യവസ്ഥചെയ്തുകൊണ്ടുള്ള കർശനമായ നിയമങ്ങൾ ഫിലിപ്പൈൻസിൽ പ്രാബല്യത്തിലിരുന്നുവെങ്കി

ലും ഇരുരാജ്യങ്ങളും തമ്മിൽ വളരെക്കാലമായി രഹസ്യമായ വ്യാപാരസമ്പർക്കങ്ങൾ നടന്നുകൊണ്ടിരുന്നു. ഹോങ്ങ്കോങ്ങിലെ വാണിജ്യസ്ഥാപനങ്ങൾ മുഖേനയാണു് ചൈനീസ് ചരക്കുകൾ ഫിലിപ്പൈൻവിപണിയിൽ എത്തിയിരുന്നതു്.

പീക്കിങ്ങ് മുൻകൈ എടുത്തതിന്റെ ഫലമായി 1971–ൽ ആ അനൗദ്യോഗികവ്യാപാരത്തിനു് ഉണർവ്വുതട്ടുകയും മാനിലയിൽ അതു താല്പര്യമുണർത്തുകയും ചെയ്തു. ഹോങ്ങ്കോങ്ങിലെ വ്യാപാരസ്ഥാപനങ്ങൾമുഖേന 1971–ൽ ഇരുരാജ്യങ്ങളും തമ്മിലെത്തിച്ചേർന്ന ചരക്കുവിനിമയ ഉടമ്പടിയനുസരിച്ചു് ഫിലിപ്പൈൻസിൽനിന്നുള്ള 3000 ടൺ വെളിച്ചെണ്ണയ്ക്കു പകരം ചൈന 10,000 ടൺ അരി ഫിലിപ്പൈൻസിനു നല്കി. അരി വാങ്ങുന്നതിനുള്ള ഫിലിപ്പൈൻസിന്റെ താല്പര്യം കണക്കിലെടുത്തുകൊണ്ടു് 175,000 ടൺ അരി കൂടി–അതും താരതമ്യേന കുറഞ്ഞ വിലയ്ക്കു്—കൊടുക്കാൻ ചൈനീസ്പക്ഷം തയ്യാറായി. ഹോങ്ങ്കോങ്ങിലെ മദ്ധ്യവർത്തികൾമുഖേന ചൈനയുമായുള്ള ഫിലിപ്പൈൻസിന്റെ വ്യാപാരം 1972–ൽ ഗണ്യമായി വർദ്ധിച്ചു. ഫിലിപ്പൈൻസ് 18·6 ദശലക്ഷം അമേ. ഡോളറിന്റെ ചരക്കുകൾ—പ്രധാനമായും അരി–ചൈനയിൽനിന്നു് ഇറക്കുമതി ചെയ്യുകയും 19·2 ദശലക്ഷം ഡോളറിന്റെ ചരക്കുകൾ–പ്രധാനമായും സിമന്റ്–ചൈനയിലേക്കു കയററുമതി ചെയ്യുകയും ചെയ്തു.

ഈ വ്യാപാരോണർവ്വിനെത്തുടർന്നു് ഇരുരാജ്യങ്ങളും തമ്മിൽ പുതിയ വ്യാപാര–രാഷ്ട്രീയസമ്പർക്കങ്ങൾ ആരംഭിച്ചു. 1971 മേയിൽ ഫിലിപ്പൈൻ വാണിജ്യമണ്ഡലം പ്രസിഡണ്ട് എഫ്.ഇ. എച്ചോസിന്റെ നേതൃത്വത്തിലുള്ള ഒരു വ്യാപാരപ്രതിനിധിസംഘം ആദ്യമായി കാന്റോൺപ്രദർശനം സന്ദർശിച്ചു. പീക്കിങ്ങിൽവച്ചു് ചൌ എൻ–ലായ് ആ സംഘത്തെ സ്വീകരിക്കുകയും അരി–വെളിച്ചെണ്ണ വിനിമയം നടത്തിക്കൊണ്ടു് ഫിലിപ്പൈൻസുമായി തുല്യതാടിസ്ഥാനത്തിൽ വ്യാപാരത്തിലേർപ്പെടാനും രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കാനും ചൈന തയ്യാറാണെന്നു് അറിയിക്കുകയും ചെയ്തു.

1972 വസന്തത്തിൽ ഫിലിപ്പൈൻസ് ചൈനയുമായുള്ള രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കാൻ ശ്രമമാരംഭിച്ചു. പി.ആർ.സി.യെ ഔദ്യോഗികമായി അംഗീകരിക്കുന്നതിനുമുമ്പു് ഉഭയപക്ഷബന്ധങ്ങളുടെ ചില പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും പരിഹരിക്കുന്നതിനുംവേണ്ട സമയം ഉണ്ടായിരിക്കണമെന്നു് ഫിലിപ്പൈൻനയതന്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടു. ചൈനയെ നയതന്ത്രപരമായി അംഗീകരിക്കുന്നതിന്റെ ഫലമായി ഫിലിപ്പൈൻസിനു മൂർത്തമായ പ്രയോജനങ്ങൾ, പ്രത്യേകിച്ചും സാമ്പത്തികമായവ, ലഭിക്കണമെന്നതു് അവരെസം

ബന്ധിച്ചിടത്തോളം അതിപ്രധാനമായിരുന്നു. അതിനാൽ നയതന്ത്രാംഗീകാരത്തിനുമുമ്പ് ചൈനയുമായുള്ള വ്യാപാരബന്ധങ്ങളുടെ വികാസത്തെ ത്വരിതപ്പെടുത്തുന്നതു് ഉചിതമായിരിക്കുമെന്നു കരുതപ്പെട്ടു.

ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം തല്ക്കാലം ഹോങ്ങ്കോങ്ങിലെ മദ്ധ്യവർത്തിസ്ഥാപനങ്ങളുടെ സഹായത്തോടുകൂടി അനൗദ്യോഗികമായി സ്വകാര്യമാർഗ്ഗങ്ങളിലൂടെ തുടരണമെന്നും പക്ഷേ അതു് സ്റ്റേററ്കമ്പനിയായ ''നെട്രാക്കോറി''ന്റെ നിയന്ത്രണത്തിലായിരിക്കണമെന്നും തീരുമാനിക്കപ്പെട്ടു. ദ്വിപക്ഷീയവ്യാപാരത്തിൽ ഫിലിപ്പൈൻസിനെസംബന്ധിച്ചിടത്തോളം അനഭിലഷണീയമായ പ്രതിഭാസങ്ങൾ ഒഴിവാക്കുകയെന്നതു് പ്രസ്തുത കമ്പനിയുടെ കർത്തവ്യമായിരുന്നു.

ചൈനയുമായി പുതിയ വ്യവസ്ഥകളിൽ നടന്ന വ്യാപാരത്തിന്റെ പ്രഥമഫലങ്ങളെ വിലയിരുത്തിക്കൊണ്ടു് 1972 സെപ്റ്റംബറിൽ പ്രസിഡണ്ട് മാർക്കോസ് സ്വകാര്യവും ഔദ്യോഗികവുമായ മാർഗ്ഗങ്ങളിലൂടെ ആ വ്യാപാരത്തെ സജീവമാക്കണമെന്നും പ്രത്യേകിച്ചും ഫിലിപ്പൈൻസിന്റെ പരമ്പരാഗതചരക്കുകളുടെ കയററുമതി വർദ്ധിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടു. അതോടനുബന്ധിച്ചു് അരിയൊഴിച്ചുള്ള എല്ലാ ചരക്കുകളുടേയും വ്യാപാരത്തിൽ ഹോങ്ങ്കോങ്ങിലെ മദ്ധ്യവർത്തികളുടെ സഹായം വേണ്ടെന്നുവയ്ക്കാനും ഇരുരാജ്യങ്ങളും തമ്മിൽ നേരിട്ടു് ഇടപാടുകൾ നടത്താനും തീരുമാനിക്കപ്പെട്ടു. പക്ഷേ വ്യാപാര ഏജൻറുകളെ പരസ്പരം കൈമാറാനുള്ള ഫിലിപ്പൈൻസിന്റെ നിർദ്ദേശത്തെ പീക്കിങ്ങ് നിരാകരിക്കുകയാണുണ്ടായതു്.

1973 ഏപ്രിൽ—മേയിൽ ഫിലിപ്പൈൻ വാണിജ്യമണ്ഡലം പ്രസിഡണ്ടായ ക്ലാവെസെല്ലിന്റെ നേതൃത്വത്തിലുള്ള ഒരു പ്രതിനിധിസംഘം ചൈനീസ് പക്ഷവുമായി തീവ്രമായ കൂടിയാലോചനകൾ നടത്തി. ഫിലിപ്പൈൻസിലെ ഭക്ഷ്യപ്രശ്നം കണക്കിലെടുത്തുകൊണ്ടു് ചൈനീസ് പ്രതിനിധികൾ ആ രാജ്യത്തിനു് അരി കൊടുക്കാമെന്നു സമ്മതിക്കുകയും 50,000 ടൺ അരിക്കുള്ള ഒരുടമ്പടി ഒപ്പുവയ്ക്കുകയും ചെയ്തു. ''സൗഹാർദ്ദ''വിലയ്ക്കു് ഫിലിപ്പൈൻസിനു് എണ്ണ കൊടുക്കാമെന്നും ചൈന വാഗ്ദാനം ചെയ്തു. കപ്പലുകളുടെ കേവുകൂലിയിലുണ്ടായ വർദ്ധനവു പരിഗണിച്ചുകൊണ്ടു് ആ ചരക്കുകളുടെ ഒരു ഭാഗം സ്വന്തം കപ്പലുകളിൽ കുറഞ്ഞ കൂലിക്കു് എത്തിച്ചുകൊടുക്കാമെന്നും ചൈന ഏററു. ബാങ്ക് ഓഫ് ചൈനയും അതിന്റെ ലണ്ടൻ, ഹോങ്ങ്കോങ്ങ്, സിംഗപ്പൂർശാഖകളും ഫിലിപ്പൈൻ വെറററൻസ് ബാങ്കും—അതിൽ ഗവണ്മെൻറും മൂലധനമിറക്കിയിട്ടുണ്ടു്—മുഖേന വിദേശവ്യാപാരസംബന്ധമായ പണമിടപാടുകൾ നടത്താൻ തീരുമാനിക്കപ്പെട്ടു. ''മൂന്നാം'' ബാങ്കുകളുടെ ഭാഗഭാഗിത്വം ആവശ്യമുള്ള ഇടപാടുകളിൽ അമേരിക്കൻ

ബാങ്കുകൾ പങ്കെടുത്തുകൂടെന്ന വ്യവസ്ഥ ചൈനീസ്പക്ഷം മുൻവയ്ക്കുകയും അത്യാവശ്യസന്ദർഭങ്ങളിൽ ഇംഗണ്ട്, സ്വിററ്സർലണ്ട്, എഫ്. ആർ.ജി. എന്നീ രാജ്യങ്ങളുടെ ബാങ്കുകളെ ആശ്രയിക്കാമെന്നു നിർദ്ദേശിക്കുകയും ചെയ്തു.

ഫിലിപ്പൈൻസുമായുള്ള വ്യാപാരം വർദ്ധിപ്പിക്കാൻ ചൈനീസ് പക്ഷം സന്നദ്ധത പ്രകടിപ്പിക്കുകയും 1973 അസാനത്തിനകം ഫിലിപ്പൈൻസിലേക്കു് ആദ്യത്തെ ഔദ്യോഗിക വ്യാപാരപ്രതിനിധിസംഘത്തെ അയയ്ക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ഫിലിപ്പൈൻസിൽ നിന്നുള്ള പ്രതിനിധിസംഘത്തെ ചൌ എൻ–ലായ് സ്വീകരിക്കുകയും നയതന്ത്രബന്ധങ്ങളുടെ അഭാവത്തെ പരസ്പരവ്യാപാരം വികസിപ്പിക്കുന്നതിനു പ്രതിബന്ധമായി ചൈനീസ്പക്ഷം കണക്കാക്കുന്നില്ലെന്നു പ്രസ്താവിക്കുകയും ചെയ്തു. തയ്വാനുമായുള്ള വ്യാപാരം ഫിലിപ്പൈൻസ് നിറുത്തിവയ്ക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചില്ല. മാത്രമല്ല, ഫിലിപ്പൈൻ വിദേശകാര്യമന്ത്രി കെ. റോമുലോയെ ചൈനയിൽ ഔദ്യോഗികസന്ദർശനത്തിനു ക്ഷണിക്കുകയും ചെയ്തു.

1973 നവമ്പർ–ഡിസമ്പറിൽ ചൈനയുടെ ആദ്യത്തെ ഔദ്യോഗിക വ്യാപാരപ്രതിനിധിസംഘം ഫിലിപ്പൈൻസ് സന്ദർശിച്ചു. കൂടിയാലോചനകളുടെ ഫലമായി 1974–ലേയ്ക്കുള്ള ചരക്കുപട്ടികയെ സംബന്ധിച്ച് ഇരുപക്ഷങ്ങളും തമ്മിൽ യോജിപ്പിലെത്തി. ഫിലിപ്പൈൻസിൽനിന്ന് 40 ദശലക്ഷം അമേ. ഡോളർ വില വരുന്ന ചരക്കുകൾ (തടി, ക്രോമൈററ്, ചെമ്പ്, നിക്കൽ, അബാക്കാ, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ) വാങ്ങാമെന്നും 25 ദശലക്ഷം അമേ. ഡോളറിനുള്ള യന്ത്രോപകരണങ്ങൾ, നൂൽ, ഭക്ഷ്യപദാർത്ഥങ്ങൾ എന്നിവ ഫിലിപ്പൈൻസിലേക്കു കയററി അയയ്ക്കാമെന്നും ചൈനീസ്പക്ഷം സമ്മതിച്ചു.

ഔദ്യോഗിക വ്യാപാരകരാറിൽ ഒപ്പുവയ്ക്കാനും പീക്കിങ്ങിലും മാനിലയിലും വ്യാപാരമിഷനുകൾ സ്ഥാപിക്കാനും എല്ലാ വ്യാപാര ഇടപാടുകളും സ്റ്റേററ്കമ്പനിയായ ''നെടാക്കോർ'' മുഖേന നടത്താനും ഫിലിപ്പൈൻപക്ഷം നിർദ്ദേശിച്ചു. എന്നാൽ ചൈന ആ നിർദ്ദേശങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയും എത്രയും വേഗം ഫിലിപ്പൈൻസിൽനിന്ന് നയതന്ത്രാംഗീകാരം നേടിയെടുക്കാൻ ശ്രമിക്കുകയും ചെയ്തു.

എണ്ണപര്യവേക്ഷണത്തിനുവേണ്ടിയുള്ള സംയുക്തകമ്പനികളുടെ രൂപീകരണം, കൂടുതൽ വിളവുകിട്ടുന്ന പുതിയ ഇനം നെൽവിത്തുകളുടെ ഉല്പാദനത്തെ സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിലുള്ള സഹകരണം, ചൈനയിൽനിന്ന് ഫിലിപ്പൈൻസിലേക്കുള്ള എണ്ണകയററുമതി എന്നീ പ്രശ്നങ്ങളും ചർച്ചചെയ്യപ്പെടുകയുണ്ടായി.

ഫിലിപ്പൈൻ പ്രസിഡണ്ടിൻെറ പ്രത്യേകപ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തിൻെറ പത്നി ഇസബെല്ല മാർക്കോസ് 1974 സെപ്തംബർ 20–27 തീയതികളിൽ ചൌ എൻ–ലായുടെ ക്ഷണം സ്വീകരിച്ച് ചൈനയിൽ ഒരു സൗഹൃദസന്ദർശനം നടത്തി. മാവോസേതുങ്ങ് അവരെ സ്വീകരിക്കുകയും പ്രസിഡണ്ട് മാർക്കോസുമായി കൂടിക്കാഴ്ച നടത്താൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഒരു സ്റ്റേററ്തലവൻ അർഹിക്കുന്ന സ്വീകരണമാണ് ഇസബെല്ല മാർക്കോസിനു പീക്കിങ്ങിൽ ലഭിച്ചതു്. വ്യാപാരം, സംസ്കാരം മുതലായ തുറകളിലുള്ള സഹകരണത്തെ സംബന്ധിച്ച പ്രശ്നങ്ങരം സന്ദർശനവേളയിൽ ചർച്ചചെയ്യപ്പെട്ടു. സന്ദർശനത്തിൻെറ ഫലമായുണ്ടായ ധാരണകരം വ്യാപാരപ്രശ്നങ്ങളെ സംബന്ധിച്ച് പരസ്പരം കൈമാറിയ കത്തുകളിൽ ക്രോഡീകരിക്കപ്പെട്ടു. 1974–75–ൽ ചൈനയിൽനിന്നു ഫിലിപ്പൈൻസിലേക്കുള്ള മൊത്തം എണ്ണകയററുമതി ഒരു ദശലക്ഷം ടൺവരെയെത്തുന്നതിനുവേണ്ടി 1974 ഒക്ടോബർ മുതൽ പ്രതിമാസം 62500 ടൺ അസംസ്കൃത എണ്ണ നല്കാമെന്നു് ചൈനീസ്പക്ഷം ഏററു. മദ്ധ്യപൂർവ്വദേശത്തെ എണ്ണയുടേതിനെക്കാരം കുറഞ്ഞ വിലയ്ക്കായിരിക്കുമതെന്നും ചൈന വാഗ്ദാനം ചെയ്തു. തടി, വെളിച്ചെണ്ണ, പഞ്ചസാര, ചെമ്പും മററു് ആയസേതരലോഹങ്ങളും എന്നിവ ചൈനയിലേക്കു കയററുമതി ചെയ്യാമെന്നു് ഫിലിപ്പൈൻസ് സമ്മതിച്ചു.

ഊർജ്ജപ്രതിസന്ധിയുടെ സാഹചര്യങ്ങളിൽ ഫിലിപ്പൈൻസിനു് ആവശ്യമുള്ള എണ്ണയുടെ 9 ശതമാനത്തോളം ''സൗഹാർദ്ദ''വിലയ്ക്കു പതിവായി നല്കാൻ ചൈന സമ്മതിച്ചുവെന്നതു് ഫിലിപ്പൈൻപക്ഷത്തെ സ്വാധീനിക്കാതിരുന്നില്ല. ആ ഇടപാടു് പീക്കിങ്ങുമായുള്ള നയതന്ത്രബന്ധസ്ഥാപനത്തെ ത്വരിപ്പിച്ചുവെന്നു് തദ്ദേശപത്രങ്ങരം അഭിപ്രായപ്പെട്ടു.

ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധസാധാരണവൽക്കരണത്തെ സംബന്ധിച്ച പ്രശ്നങ്ങളും ആ സന്ദർശനത്തിൻെറ സമയത്തു് ചർച്ച ചെയ്യപ്പെട്ടു.

1974 നവമ്പറിൽ ഫിലിപ്പൈൻസിൽനിന്നു് ഒരു വ്യാപാര–സാമ്പത്തികപ്രതിനിധിസംഘം വ്യവസായവകുപ്പുമന്ത്രിയും മൂലധനനിക്ഷേപകാര്യാലയത്തിൻെറ അദ്ധ്യക്ഷനുമായ വി. പാറററ്നോയുടെ നേതൃത്വത്തിൽ പിക്കിങ്ങിലെത്തി. ചൈനയുമായി നയതന്ത്രബന്ധങ്ങരം സ്ഥാപിക്കാനും ഔദ്യോഗികമായ വ്യാപാരകരാറിൽ ഒപ്പുവയ്ക്കാനുമുരംപ്പെടെയുള്ള വിപുലമായ അധികാരങ്ങരം ആ പ്രതിനിധിസംഘത്തിനുണ്ടായിരുന്നു. 1975–ലെ വ്യാപാരത്തെസംബന്ധിച്ച് ഇരുപക്ഷങ്ങളും തമ്മിൽ യോജിപ്പിലെത്തി. 1975–ൽ 5,000–10,000 ടൺ വെളിച്ചെണ്ണയും 30,000–50,000 ഘനമീററർ തടിയും 2000 ഘനമീ

ററർ പ്ലൈവുഡും 4000 ടൺ ചെമ്പയിരും 10,000—30,000 ടൺ പഞ്ചസാരയും നല്കാമെന്ന് ഫിലിപ്പൈൻസും അസംസ്കൃത എണ്ണ, ല ഘുകാർഷിയന്ത്രങ്ങരം, വ്യാവസായികയന്ത്രോപകരണങ്ങരം എന്നിവ ഫിലിപ്പൈൻസിലേക്ക കയററുമതി ചെയ്യാമെന്ന് ചൈനയും ഏററു. ലോകവിപണിയിലേതിലും കുറഞ്ഞ വിലയ്ക്ക് സ്വന്തം ചരക്കകരം കയററുമതി ചെയ്യാമെന്ന് ചൈനീസ്പക്ഷം വാഗ്ദാനം ചെയ്തുവെങ്കി ലും പ്രതിനിധിസംഘത്തിൻെറ സന്ദർശനവേളയിൽ വ്യാപാരകരാറു കരം ഒപ്പുവയ്ക്കപ്പെടുകയുണ്ടായില്ല.

രാഷ്ട്രീയബന്ധങ്ങരം വികസിച്ചതിൻേറയും വാണിജ്യപ്രവർത്തനം സജീവമായതിൻേറയും ഫലമായി ഫിലിപ്പൈൻസും ചൈനയും തമ്മി ലുള്ള വ്യാപാരം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 1971—ൽ 1·5 ദശലക്ഷം അമേ. ഡോളർമാത്രമായിരുന്ന അതു് 1972—ൽ 37·8 ദശലക്ഷം അമേ. ഡോളറായി വർദ്ധിച്ചു. 1985—ഓടുകൂടി ഇരുരാജ്യ ങ്ങളും തമ്മിലുള്ള വ്യാപാരം 200 ദശലക്ഷം അമേ. ഡോളർവരെ യെത്തുമെന്നു കണക്കാക്കപ്പെടുന്നു.

ഫിലിപ്പൈൻസിൻെറ സാമ്പത്തികവിഷമങ്ങരം കണക്കിലെടുത്തു കൊണ്ടു് ചൈനീസ് വിദേശവ്യാപാരസംഘടനകരം അവയ്ക്ക് ആദാ യകരമായ അവസരങ്ങളിൽ അരി, എണ്ണ എന്നിങ്ങനെ ഫിലിപ്പൈൻ സിനു് ആവശ്യമുള്ള ചരക്കകരം നല്കുകയും അവ സ്വന്തം കപ്പലുകളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ചൈനയുമായി വ്യാപാരം വികസി പ്പിക്കുന്നതു ലാഭകരമാണെന്നും ചൈനീസ് സമ്പദ്‌വ്യവസ്ഥയ്ക്ക് വ മ്പിച്ച സാധ്യതകളുണ്ടെന്നും ഫിലിപ്പൈൻപക്ഷത്തെ ബോധിപ്പിക്കുന്ന തിനുവേണ്ടിയാണതു് . എന്നാൽ ചൈന സ്വയം മററു രാജ്യങ്ങളിൽ നിന്നു് അരിയും ഗോതമ്പും വാങ്ങുന്നുണ്ടെന്നും അതിനാൽ അവ ചൈ നയിൽനിന്നു സ്ഥിരമായി പ്രതീക്ഷിക്കാൻ സാധ്യമല്ലെന്നുമുള്ള കാര്യം വിസ്മരിച്ചുകൂടാ. 1974—ൽ 2·5 ലക്ഷം ടൺ എണ്ണ വാഗ്ദാനം ചെയ്തി രുന്നുവെങ്കിലും വേണ്ടത്ര കപ്പലുകരം ഇല്ലായിരുന്നതിനാൽ 1·5 ലക്ഷം ടൺ ഫിലിപ്പൈൻസിലെത്തിക്കാൻ ചൈനയ്ക്കു സാധിച്ചില്ല. ഇതും ഇതുപോലുള്ള മററു വസ്തുതകളും ചൈനയുമായുള്ള സാമ്പത്തികബന്ധ ങ്ങളുടെ ഭാവിസാധ്യതകളെ വിലയിരുത്തുമ്പോരം കണക്കിലെടുക്കാതി രിക്കവയ്യ. ചൈനയുമായി നേരിട്ടു വ്യാപാരം നടത്തിവരുന്ന ഏഷ്യൻ വികസ്വരരാജ്യങ്ങരം ആ വ്യാപാരത്തിൻെറ സ്ഥിരം പ്രത്യേകതകളി ലൊന്നായ അസമത ശ്രദ്ധിക്കുന്നുണ്ടു്. ആ രാജ്യങ്ങരംക്ക പ്രതികൂലമായ വ്യാപാരമിച്ചം വരുത്തിക്കൊണ്ടു് ദുർലഭമായ വിദേശനാണ്യം വൻ തോതിൽ ശേഖരിക്കാൻ ചൈനയ്ക്കു കഴിയുന്നു. ഇക്കാര്യത്തിൽ ഫിലി പ്പൈൻസിനുള്ള ആശങ്കകരം ദൂരീകരിക്കുന്നതിനുവേണ്ടി ചൈനീസ്

വിദേശവ്യാപാരസംഘടനകഠം ആരംഭകാലത്ത് ചൈനീസ്ചരക്കുകളു ടെ കയററുമതി ബോധപൂർവ്വം നിയന്ത്രിക്കുകയും ഫിലിപ്പൈൻസിൽ നിന്നു വൻതോതിൽ ചരക്കുകഠം വാങ്ങുകയും ചെയ്തു. തൽഫലമായി 1971–1974 കാലത്തെ വ്യാപാരമിച്ചം ഫിലിപ്പൈൻസിനു് അനു കൂലമായിത്തീർന്നു. ഈ അടവുപയോഗിച്ച് ഫിലിപ്പൈൻസുമായുള്ള നയതന്ത്രബന്ധസ്ഥാപനത്തെ ത്വരിപ്പിക്കാൻ ചൈനയ്ക്കു കഴിഞ്ഞു. എ ന്നാൽ ബന്ധസാധാരണവൽക്കരണത്തിനുശേഷം പീക്കിങ്ങ് ആ അട വു തുടരുമെന്നു തോന്നുന്നില്ല.

ഫിലിപ്പൈൻസുമായുള്ള വ്യാപാരം സത്വരം വികസിപ്പിക്കുകയും ആ രാജ്യത്തിനു് നിശ്ചിതാനുകൂല്യങ്ങഠം നല്കുകയും ചെയ്യുന്ന പീക്കി ങ്ങ് അതേസമയം ആ വ്യാപാരത്തിനു് നിയമപരവും സംഘടനാപരവു മായ അടിസ്ഥാനം പ്രദാനം ചെയ്യുന്നതിൽനിന്നു് ഒഴിഞ്ഞുമാറുന്നു.

ഫിലിപ്പൈൻസിനെ സംബന്ധിച്ചിടത്തോളം പ്രധാനമായ ചില പ്രശ്നങ്ങളുടെ തീരുമാനത്തിനു വിളംബം വരുത്തുകയെന്ന അടവ് ഔ ദ്യോഗിക വ്യാപാരകരാർ ഒപ്പുവയ്ക്കുന്നതിനോടുള്ള പീക്കിങ്ങിൻെറ നി ലപാടിൽ വ്യക്തമായി കാണാൻ കഴിയും. ഔദ്യോഗിക വ്യാപാരക രാറിൽ ഒപ്പുവയ്ക്കാനും വ്യാപാരപ്രതിനിധികളെ കൈമാറാനും 1972 മദ്ധ്യംതൊട്ട് ഫിലിപ്പൈൻസ് പല പ്രാവശ്യം നിർദ്ദേശിച്ചുവെങ്കിലും പീക്കിങ്ങ് അതിൽനിന്നു് എല്ലാത്തരത്തിലും ഒഴിഞ്ഞുമാറുകയാണുണ്ടാ യതു്. നയതന്ത്രബന്ധസ്ഥാപനത്തെ സംബന്ധിച്ച് കരാറിലെത്തിയ തിനുശേഷം, 1975 ജൂൺ 9–ാംതീയതിമാത്രമാണു് ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരകരാർ ഒപ്പുവയ്ക്കപ്പെട്ടതു്. വ്യാപാരപ്രതിനിധികളെ കൈമാറുന്ന പ്രശ്നം ഇന്നും അവ്യക്തമായി അവശേഷിക്കുന്നു.

വ്യാപാരസമ്പർക്കങ്ങഠംക്കൊപ്പം ഇരുപക്ഷങ്ങളും തമ്മിൽ നയത ന്ത്രബന്ധങ്ങഠം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച കൂടിയാലോചന കഠം നടന്നു.

ഫിലിപ്പൈൻസിലെ ഒളിപ്പോർപ്രസ്ഥാനത്തിനു് പീക്കിങ്ങ് ന ല്കുന്ന ഭൗതികവും പ്രത്യയശാസ്ത്രപരവുമായ സഹായം നിർത്തിവയ്ക്കണ മെന്നതു് ബന്ധസാധാരണവൽക്കരണത്തിനുള്ള പ്രഥമോപാധിയായി ഫിലിപ്പൈൻപക്ഷം മുൻവച്ചു. ലൂസോൺദ്വീപിൽ പ്രവർത്തിക്കുന്ന ''നവജനകീയസേന'' പീക്കിങ്ങിനോടു ചായ്‌വുള്ളതാണു് തന്നെയ ല്ല, ആ പ്രസ്ഥാനത്തിനു് ചൈനയുമായുള്ള ബന്ധങ്ങളെ സ്ഥിരീകരി ക്കുന്ന വസ്തുതകഠം തദ്ദേശാധികാരികളുടെ പക്കലുണ്ടുതാനും. ''നവജന കീയസേന''യ്ക്കു് ആയുധങ്ങഠം ലഭിക്കുന്നതു് ചൈനീസ് ഉറവിടങ്ങ ളിൽനിന്നാണെന്നും[48] അതിൻെറ നേതാക്കന്മാർ ചൈനയിൽപോയി പരിശീലനം നേടിയെന്നും പീക്കിങ്ങ് ആ പ്രസ്ഥാനത്തിൻെറ തത്വ

ങ്ങളെ ഔദ്യോഗികമായി പിന്തുണയ്ക്കുകയും മാവോയിസ്റ്റ് സാഹിത്യം അതിനെത്തിച്ചുകൊടുക്കുകയും[49] ചെയ്യുന്നുവെന്നുമുള്ളതു് അറിയപ്പെടുന്ന കാര്യങ്ങളാണു്.

ഫിലിപ്പൈൻസിലെ ഒളിപ്പോർപ്രസ്ഥാനവുമായുള്ള ബന്ധത്തെ ചൈന തുടക്കത്തിൽ തീർത്തും തള്ളിപ്പറഞ്ഞു. ''കമ്മ്യൂണിസം കയററുമതി ചെയ്യാവുന്നതല്ല, മാത്രമല്ല ഇപ്പോഴും അടുത്ത വർഷങ്ങളിലും ചൈനയ്ക്കു് വേറൊരിടത്തു് പ്രാധാന്യമേറിയ ഒരു പ്രശ്നം പരിഹരിക്കേണ്ടതുണ്ടു''[50]ന്നു് 1972 ആരംഭത്തിൽ ചൌ എൻ—ലായ് റൊമൊൽഡെസിനോടു പ്രസ്താവിച്ചു. ആ പ്രസ്താവനയ്ക്കു് ഫിലിപ്പൈൻപക്ഷത്തെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. ഫിലിപ്പൈൻസിൻെറ ആഭ്യന്തര കാര്യങ്ങളിൽ ചൈന നടത്തിയ ഇടപെടലിനെ ചൌ എൻ—ലായ് പിന്നീടു് മറെറാരുതരത്തിൽ വ്യാഖ്യാനിച്ചു. ലിൻ പിയാവോയും അനുയായികളുമാണു് ഫിലിപ്പൈൻസിലെ ഒളിപ്പോർപ്രസ്ഥാനത്തിനു പിന്തുണ നല്കിയതെന്നും മേലിൽ അതാവർത്തിക്കയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.[51]. പക്ഷേ ഈ വിശദീകരണവും ഫിലിപ്പൈൻപക്ഷത്തെ സംബന്ധിച്ചിടത്തോളം അപര്യാപ്തമായിരുന്നു. ഒടുവിൽ, തുടങ്ങിക്കഴിഞ്ഞിരുന്ന ബന്ധസാധാരണവൽക്കരണം അപകടത്തിലാവുമെന്നു കണ്ടപ്പോാം ഫിലിപ്പൈൻസിലെ സാമൂഹ്യവ്യവസ്ഥയുടെ അടിതോണ്ടാൻ ശ്രമിക്കുന്ന, ചൈനാക്കാരുാംപ്പെടെയുള്ള ഒരു വിഭാഗത്തിനും ധനപരവും ഭൌതികവും ധാർമ്മികവുമായ സഹായം നല്കുകയില്ലെന്നു് ചൈന വാഗ്ദാനം ചെയ്തു. എന്നാൽ അതു് ആത്മാർത്ഥമായല്ലെന്നു് ചൈനയുടെ നടപടികളിൽനിന്നു വെളിപ്പെടുന്നു.

ചൈനയുടെ പ്രതിനിധികാം ഫിലിപ്പൈൻസിൽ എത്തിച്ചേർന്ന ശേഷം അവിടെയുള്ള ചൈനീസ് ന്യൂനപക്ഷത്തെ രാജ്യത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ കൈകടത്തുന്നതിനുവേണ്ടി ഉപയോഗിക്കുമെന്നു് ഫിലിപ്പൈൻസിനു് ആശങ്കയുണ്ടായിരുന്നു. അതുകൊണ്ടു് പ്രാഥമിക കൂടിയാലോചനകളുടെ സമയത്തു് ഫിലിപ്പൈൻപക്ഷം ആ ന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളം പീക്കിങ്ങിനുള്ള ഉദ്ദേശങ്ങളിൽ വളരെ താല്പര്യം പ്രകടിപ്പിച്ചു. തദ്ദേശചൈനീസ് ന്യൂനപക്ഷത്തിനു് രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥയിൽ നല്ല സ്വാധീനമുണ്ടു്. പരസ്പരവിരുദ്ധമായ രാഷ്ട്രീയചായ്‌വുകളാണു് അതിനുള്ളതു്. ഇക്കഴിഞ്ഞ കാലം വരെ തദ്ദേശചൈനാക്കാർ, പ്രത്യേകിച്ചും അവരിലെ ചൂഷകഘടകങ്ങാം തയ്‌വാനോടു കൂറു പുലർത്തിയിരുന്നു. എന്നാൽ ഫിലിപ്പൈൻസും ചൈനയും തമ്മിൽ ബന്ധങ്ങാം സാധാരണവൽക്കരിക്കാൻ തുടങ്ങിയതോടുകൂടി ആ ന്യൂനപക്ഷത്തിലെ പീക്കിങ്ങനുകൂലികാം സജീവതയാർജ്ജിച്ചുവരുന്നു. പീക്കിങ്ങിൽനിന്നുള്ള അനൌദ്യോഗികപ്രതിനിധിസം

ഘലങ്ങരംക്കു് അവർ ഹാർദ്ദമായ സ്വീകരണം നല്കുന്നു. ഫിലിപ്പൈൻസ്—ചൈനാ പരസ്പരധാരണസംഘടന അതിൻെറ പ്രവർത്തനം വിപുലമാക്കിക്കൊണ്ടിരിക്കുന്നു. 1974 ശരൽക്കാലം മുതൽക്കു് മാനിലയിൽനിന്നു് "ഓറിയൻറ് ന്യൂസ്" എന്ന പേരിൽ പീക്കിങ്ങിനോട ചായ്‌വുള്ള ഒരു ദിനപ്പത്രം ചൈനീസിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചുവരുന്നു. ചൈനയുമായി എത്രയുംവേഗം നയതന്ത്രപരവും സാമ്പത്തികവുമായ ബന്ധങ്ങരം വികസിപ്പിക്കണമെന്നും ചൈനീസ് മൂലധനത്തിൻെറ പ്രവർത്തനത്തിൽ മുമ്പേർപ്പെടുത്തിയ നിയന്ത്രണങ്ങരം എടുത്തുകളയണമെന്നും ചൈനീസ് ബിസിനസ്സ്‌വൃത്തങ്ങരം ആവശ്യപ്പെടുന്നു.

തദ്ദേശചൈനാക്കാരുടെ പൗരത്വപ്രശ്നവും വളരെ സങ്കീർണ്ണമായി അവശേഷിക്കുന്നു. ഫിലിപ്പൈൻസിൽ വിദേശികളുടെ ദേശീകരണത്തിനുള്ള നടപടിക്രമങ്ങരം എല്ലായ്പ്പോഴും അയവില്ലാത്തവയായിരുന്നു. ദേശീകരണത്തിനുള്ള അപേക്ഷകരം ഓരോന്നും പ്രത്യേകമായി പരിശോധിച്ചു് തീരുമാനമെടുത്തിരുന്നതു് പ്രാദേശികകോടതികളാണു്. ആവശ്യമായ രേഖകരം സമർപ്പിക്കുന്നതിനും കോടതികരം അവ പരിശോധിക്കുന്നതിനും 3 കൊല്ലം വേണ്ടിയിരുന്നു. ഓരോ അപേക്ഷകനും 4500 അമേ. ഡോളർവീതം ചെലവഴിക്കേണ്ടതായും വന്നിരുന്നു. അതിനെല്ലാം പുറമെ തദ്ദേശാധികാരികളുടെ അത്ര ലഘുവല്ലാത്ത അനേകം ആവശ്യങ്ങരം നിറവേററുകയും ചെയ്യണമായിരുന്നു. ഇത്തരം നയത്തിൻെറ ഫലമായി ഫിലിപ്പൈൻസിലെ 5 ലക്ഷം ചൈനാക്കാരിൽ 1·6 ലക്ഷം പേർ മാത്രമേ അവിടത്തെ പൗരത്വം സ്വീകരിച്ചുള്ളു.

തദ്ദേശചൈനാക്കാർ ഫിലിപ്പൈൻ പൗരത്വം സ്വീകരിക്കാൻ ഒട്ടും തിടുക്കം കാണിച്ചില്ലെന്ന വസ്തുതയും ഇവിടെ എടുത്തുപറയേണ്ടതാവശ്യമാണു്. സമ്പന്നരായ ചൈനാക്കാരിൽ മിക്കവരും തയ്‌വാൻെറ പൗരന്മാരാണു്. ഒരു വിഭാഗം ചൈനാക്കാർക്കു യാതൊരു പൗരത്വവുമില്ല. വളരെ ചെറിയ ഒരു വിഭാഗം പി.ആർ.സി.യുടെ പാസ്‌പോർട്ടുകരം കൈവശംവയ്ക്കുന്നു. മാനിലയിൽ ചൈനയുടെ സ്ഥാനപതികാര്യാലയം സ്ഥാപിതമാകുന്നതോടുകൂടി തദ്ദേശചൈനീസ്‌ന്യൂനപക്ഷത്തിൻെറ രാഷ്ട്രീയാനുഭാവം പീക്കിങ്ങിനനുകൂലമായിത്തീരുമെന്നു കരുതാൻ തക്ക ന്യായങ്ങളുണ്ടായിരുന്നു. ഫിലിപ്പൈൻ അധികാരികരം അവ കണക്കിലെടുക്കുകയും പീക്കിങ്ങുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്നതിനുമുമ്പു് തദ്ദേശചൈനാക്കാരുടെ പൗരത്വപ്രശ്നം തങ്ങരംക്കനുകൂലമായി പരിഹരിക്കാൻ ധൃതിപ്പെടുകയും ചെയ്തു.

തദ്ദേശചൈനാക്കാരുടെ പൗരത്വപ്രശ്നം ഫിലിപ്പൈൻഗവണ്മെൻറ് സ്വയം പരിഹരിക്കേണ്ടതാണെന്നും ചൈനാക്കാർക്കു് ഫിലിപ്പൈൻ

പൗരത്വം സ്വീകരിക്കാൻ അവസരം നല്കണമെന്നുമുള്ള അഭിപ്രായമാണ് 1974 മദ്ധ്യംവരെ പീക്കിങ്ങിനുണ്ടായിരുന്നതു്. അതിനാൽ പീക്കിങ്ങു മായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പുതന്നെ ചൈനാക്കാരുടെ പൗരത്വപ്രശ്നം പരിഹരിക്കുന്നതായിരിക്കും നല്ലതെന്നു് ഫിലിപ്പൈൻ അധികാരികൾക്കു ബോദ്ധ്യമായി.

തദ്ദേശചൈനാക്കാരുടെ പൗരത്വത്തെ സംബന്ധിച്ച പ്രശ്നത്തിൽ മലേഷ്യയും ചൈനയും തമ്മിൽ 1974 മേയിൽ എത്തിച്ചേർന്ന ഒത്തുതീർപ്പ് ആ ദിശയിൽ അടിയന്തരനടപടികൾ സ്വീകരിക്കാൻ ഫിലിപ്പൈൻസിനെ പ്രേരിപ്പിച്ചു. ദേശീകരണത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടു് 1975 ഏപ്രിൽ 11–ാംതീയതി പ്രസിഡണ്ടു് ഒരു കല്പന പുറപ്പെടുവിച്ചു. പുതുതായി സൃഷ്ടിക്കപ്പെട്ട മൂന്നംഗങ്ങളുള്ള ദേശീകരണകമ്മിററി 1975 മേയ് 15–നകം ഫിലിപ്പൈൻപൗരത്വം ആഗ്രഹിക്കുന്ന എല്ലാ ചൈനാക്കാരുടേയും അപേക്ഷകൾ സ്വീകരിച്ചു തീരുമാനമെടുക്കാൻ ബാദ്ധ്യസ്ഥമായിരുന്നു. ദേശീകരണത്തിനുള്ള ചെലവു് 100 അമേ. ഡോളറിൽ കവിയുകയില്ലെന്നായി.

എന്നാൽ വൈകി സ്വീകരിച്ച ഒരു നടപടിയായിരുന്നു അതു്. ഫിലിപ്പൈൻസിൽ പി.ആർ.സി.യുടെ സ്ഥാനപതികാര്യാലയം സ്ഥാപിതമാകുന്നതു മനസ്സിൽ കണ്ടുകൊണ്ടിരിക്കുന്ന ചൈനീസ്ന്യൂനപക്ഷം തദ്ദേശപൗരത്വം സ്വീകരിക്കാൻ തിടുക്കംകാണിക്കുന്നില്ല. പി.ആർ. സി.യുടെ പൗരത്വത്തിൽനിന്നു് കൂടുതൽ മെച്ചങ്ങൾ ലഭിക്കുമെന്നു് അവർ കരുതുന്നു. തദ്ദേശചൈനാക്കാരിൽനിന്നു് ഫിലിപ്പൈൻപൗരത്വത്തിനുവേണ്ടിയുള്ള 28,000 അപേക്ഷകൾമാത്രം ലഭിച്ചതിനാൽ പ്രസിഡണ്ടിൻെറ കല്പനയ്ക്കു് ഒരു മാസത്തെ പ്രാബല്യംകൂടി നല്കപ്പെട്ടു. യഥാർത്ഥത്തിൽ, തദ്ദേശചൈനാക്കാരുടെ പൗരത്വപ്രശ്നം പരിഹരിക്കുന്നതിനുമുമ്പുതന്നെ ചൈനയെ നയതന്ത്രപരമായി അംഗീകരിക്കാൻ ഫിലിപ്പൈൻസ് തയ്യാറായി. അതിൽനിന്നു മുതലെടുക്കാൻ പീക്കിങ്ങ് മറന്നില്ലെന്നു് സംയുക്തവിജ്ഞാപനത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

പ്രാഥമികകൂടിയാലോചനകളുടെ സമയത്തു് തയ്‌വാൻെറ പ്രശ്നത്തിൽ കാര്യമായ അഭിപ്രായഭിന്നത പ്രകടമായി. ആ പ്രശ്നത്തിൽ ഫിലിപ്പൈൻസ് കൈക്കൊള്ളുന്ന നിലപാടു് 1972 ജനുവരിയിൽ പാർലിമെണ്ടിൽ പ്രസംഗിക്കവെ പ്രസിഡണ്ട് മാർക്കോസ് ഇപ്രകാരം വിശദീകരിച്ചു: ''ചൈനാ ജനകീയറിപ്പബ്ലിക്കുമായുള്ള നമ്മുടെ ബന്ധങ്ങളുടെ പ്രശ്നം സങ്കീർണ്ണമാകുന്നതു് പ്രധാനമായും തൈപ്പേയിലെ ദേശീയവാദിഭരണകൂടവുമായുള്ള ആ രാജ്യത്തിൻെറ ബന്ധങ്ങളുടെ സ്വഭാവംമൂലമാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇരുഗവണ്മെൻറുകളുമായ

ള്ള എല്ലാവിധ സമ്പർക്കങ്ങളേയും നാം സ്വാഗതം ചെയ്യുന്നു. എന്നാൽ ഇരുഗവണ്മെൻറുകളും തമ്മിലുള്ള വ്യത്യാസങ്ങളുടെ ഫലമായുണ്ടാകുന്ന സാഹചര്യങ്ങൾ അതിനെ വിഘാതപ്പെടുത്തുന്നു. അതിനാൽ പീക്കിങ്ങും തൈപ്പേയും തമ്മിലുള്ള പ്രശ്നങ്ങൾ അവർ സ്വയം തീരുമാനിച്ചിരുന്നെങ്കിൽ ലോകത്തിൻെറ ഈ ഭാഗത്ത് ബഹുപക്ഷീയക്രമവൽക്കരണത്തിൻെറ ലക്ഷ്യങ്ങൾ നേടാൻ നമുക്കും മററുരാജ്യങ്ങൾക്കും കൂടുതൽ എളുപ്പമായേനെ''52. ചൈനയുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കാൻ തയ്യാറായ ഫിലിപ്പൈൻസ് അതേസമയംതന്നെ തയ്‌വാനുമായുള്ള തികച്ചും സജീവവും ബഹുരൂപവുമായ ബന്ധങ്ങൾ തുടരാൻ ആഗ്രഹിച്ചിരുന്നു. തയ്‌വാനുമായുള്ള സാമ്പത്തികബന്ധങ്ങളിൽ—അവിടെനിന്നുള്ള മൂലധനപ്രവാഹത്തിലും പ്രതിവർഷം 50 ദശലക്ഷം ഡോളറിലധികം വരുന്ന വ്യാപാര ഇടപാടുകളിലും ഫിലിപ്പൈൻസിനു പ്രത്യേകം താല്പര്യമുണ്ടായിരുന്നു.

ഈ നിലപാട് അംഗീകരിക്കാൻ ചൈനീസ് പക്ഷം തുടക്കത്തിൽ തയ്യാറായില്ല. തയ്‌വാനെ അംഗീകരിക്കുന്ന രാജ്യങ്ങളുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ ചൈന ഉദ്ദേശിക്കുന്നില്ലെന്നു ചൌ എൻ–ലായ് 1972 വസന്തത്തിൽ ഫിലിപ്പൈൻ പ്രതിനിധിയായ എസ്. ലോറലിനോടു പ്രസ്താവിച്ചു. ചൈനയുടെ നിലപാടിനു അയവുവരുത്താൻ ഫിലിപ്പൈൻപ്രതിനിധികൾ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. തയ്‌വാനുമായുള്ള സാമ്പത്തികബന്ധങ്ങളുടെനേരെ കണ്ണടയ്ക്കാമെന്നു സമ്മതിച്ചുവെങ്കിലും നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പ് തയ്‌വാനുമായുള്ള ഔദ്യോഗികബന്ധങ്ങൾ ഫിലിപ്പൈൻസ് വിടർത്തണമെന്ന് പീക്കിങ്ങ് നിർബ്ബന്ധംപിടിച്ചു.53 ചൈനയുമായുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഇക്കാര്യത്തിലും വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരുമെന്ന് ഫിലിപ്പൈൻപക്ഷത്തിനു ബോദ്ധ്യമായി.

1974 ഒക്ടോബർ ആരംഭത്തിൽ വിദേശനയ–രാജ്യരക്ഷാസമിതി പ്രസിഡണ്ട് മാർക്കോസിൻെറ അധ്യക്ഷതയിൽ സമ്മേളിക്കുകയും ഇസബെല്ല മാർക്കോസ് നടത്തിയ ചൈനാസന്ദർശനത്തിൻെറ ഫലങ്ങൾ പർച്ചചെയ്തശേഷം ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാനത്തെപ്പററി ഏസിയൻരാജ്യങ്ങളായ തായ്‌ലണ്ട്, സിംഗപ്പൂർ, മലേഷ്യ, ഇന്തോനേഷ്യ എന്നിവയുടെ സ്ഥാനപതികളേയും യു.എസ്.എ.യുടെ സ്ഥാനപതിയേയും ഫിലിപ്പൈൻ അധികാരികൾ അറിയിച്ചു.

ബന്ധസാധാരണവൽക്കരണത്തെ സംബന്ധിച്ച കൂടിയാലോചനകൾ പൂർത്തിയാക്കുന്നതിനുവേണ്ടി ചൌ എൻ–ലായ് പ്രസിഡണ്ട്

മാർക്കോസിനെ 1975 ജൂൺ ആരംഭത്തിൽ ചൈനയിൽ ഔദ്യോഗികസന്ദർശനത്തിനു ക്ഷണിച്ചു.

സന്ദർശനവേളയിൽ മാർക്കോസ് മാവോസേതൂങ്ങുമായി കൂടിക്കാഴ്ച നടത്തി. മാവോ ഇപ്രകാരം പറഞ്ഞു: ''ഞങ്ങൾ ഫിലിപ്പൈൻസിനെ ചൂഷണം ചെയ്യുകയില്ല. നമ്മൾ ഒരേ കുടുംബമാണ്. നമ്മൾതമ്മിൽ ചില ഉരസലുകൾ ഉണ്ടായിരിക്കാം. എന്നാൽ നമ്മളിലാരും മറുപക്ഷത്തെ ചൂഷണം ചെയ്യുകയോ ദ്രോഹിക്കുകയോ ചെയ്യുകയില്ല.'' ഫിലിപ്പൈൻസുമായി സൗഹൃദ്ബന്ധങ്ങൾ പുലർത്താമെന്ന് മാവോ ശപഥം ചെയ്തു. ചൈന ഫിലിപ്പൈൻസിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ലെന്ന് ചൌ എൻ—ലായും തെങ്ങ് സ്യാവോ—പിങ്ങും മാർക്കോസിനു് ഉറപ്പുനല്കി.

കൂടിയാലോചനകളുടെ അവസാനത്തിൽ ഒരു സംയുക്തവിജ്ഞാപനം പ്രസിദ്ധീകരിക്കപ്പെട്ടു. ഫിലിപ്പൈൻസ് റിപ്പബ്ലിക്കിനുവേണ്ടി പ്രസിഡണ്ട് മാർക്കോസും പി.ആർ.സി.ക്കുവേണ്ടി പ്രധാനമന്ത്രി ചൌ എൻ—ലായും 1975 ജൂൺ 9—ാംതീയതി ഒപ്പുവച്ച ആ വിജ്ഞാപനത്തിനു് 7 ഖണ്ഡികകളാണുള്ളതു്.

1975 ജൂൺ 9—ാംതീയതിമുതൽ ഫിലിപ്പൈൻസും പി.ആർ. സിയും തമ്മിൽ സ്ഥാനപതിനിലവാരത്തിലുള്ള നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നതായി ഒന്നാംഖണ്ഡികയിലും എത്രയും വേഗം സ്ഥാനപതികാര്യാലയങ്ങൾ സ്ഥാപിക്കാനും അവയുടെ പ്രവർത്തനത്തെ പരസ്പരം സഹായിക്കാനും ഇരുരാജ്യങ്ങളും ഉദ്ദേശിക്കുന്നുവെന്നു് അവസാനഖണ്ഡികയിലും പ്രസ്താവിച്ചിരിക്കുന്നു. 2—6 ഖണ്ഡികകൾ പ്രത്യേകശ്രദ്ധ അർഹിക്കുന്നു.

ഫിലിപ്പൈൻസിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ലെന്ന് ചൈന ഔദ്യോഗികമായി വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നാണ് വിജ്ഞാപനത്തിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. അതിൻെറ രണ്ടാംഖണ്ഡികയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''ഒരു രാജ്യത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ വ്യവസ്ഥകൾ ആ രാജ്യത്തെ ജനങ്ങൾ പുറമെനിന്നുള്ള ഇടപെടലുകൾകൂടാതെ സ്വയം തെരഞ്ഞെടുക്കുന്നതാണെന്ന് ഇരുഗവണ്മെൻറുകളും കരുതുന്നു. ചൈനാ ജനകീയറിപ്പബ്ലിക്കിൻേറയും ഫിലിപ്പൈൻസ് റിപ്പബ്ലിക്കിൻേറയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ വ്യവസ്ഥകളിലുള്ള വ്യത്യാസങ്ങൾ സമാധാനപരമായ സഹവർത്തനത്തിനും ഇരുരാജ്യങ്ങളും ജനതകളും തമ്മിൽ പരമാധികാരത്തിൻേറയും ഭൂപരമായ അഖണ്ഡതയുടെയും പരസ്പരാംഗീകാരം, പരസ്പരാനാക്രമണം, ആഭ്യന്തരകാര്യങ്ങ

ളിൽ അന്യോന്യം ഇടപെടാതിരിക്കൽ, തുല്യതയും പരസ്പരപ്രയോജനവും എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമാധാനപരവും സൗഹാർദ്ദപരവുമായ ബന്ധങ്ങൾ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനും തടസ്സമായിക്കൂടെന്നു് അവർ കരുതുന്നു.

''എല്ലാ തർക്കങ്ങളും സമാധാനപരമായ മാർഗ്ഗത്തിലൂടെ ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ കൂടാതെ മേൽക്കാണിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ പരിഹരിക്കാമെന്നു് ഇരുഗവണ്മെൻറുകളും സമ്മതിക്കുന്നു.'' സംയുക്തവിജ്ഞാപനത്തിലെ ഈ പ്രസ്താവന ഫിലിപ്പൈൻനയതന്ത്രത്തിൻെറ വിജയത്തെ കുറിക്കുന്നു.

''ചൈനാ ജനകീയറിപ്പബ്ലിക്ക് ഫിലിപ്പൈൻസ് റിപ്പബ്ലിക്കിൻെറ ഗവണ്മെൻറിനെ അംഗീകരിക്കുകയും ഫിലിപ്പൈൻസ് റിപ്പബ്ലിക്കിൻെറ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും മാനിക്കാമെന്നു സമ്മതിക്കുകയും ചെയ്യുന്നു''വെന്നു് 3—ാംഖണ്ഡികയിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

ഫിലിപ്പൈൻസിൻെറ ആഭ്യന്തരകാര്യങ്ങളിൽ കൈകടത്തുകയില്ലെന്നു് ചൈനീസ് ഗവണ്മെൻറ് ആ രാജ്യത്തിനു നല്കിയ വാഗ്ദാനം എത്രമാത്രം ആത്മാർത്ഥമാണെന്നു് കാലാന്തരത്തിൽ മനസ്സിലാക്കാവുന്നതാണ്. അതെങ്ങനെയായാലും മലേഷ്യ, തായ്‌ലണ്ട്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങൾക്ക് ഇതുപോലുള്ള ഔദ്യോഗികവാഗ്ദാനങ്ങൾ നല്കിയശേഷം പീക്കിങ്ങ് അവയുടെ ആഭ്യന്തരകാര്യങ്ങളിൽ പലപ്പോഴും ഇടപെടുകയുണ്ടായെന്നതു് അറിയപ്പെടുന്ന കാര്യമാണ്.

ഫിലിപ്പൈൻസിലെ ചൈനീസ് ന്യൂനപക്ഷത്തിനു് ചൈനയും ഫിലിപ്പൈൻസുമായുള്ള സങ്കീർണ്ണമായ ബന്ധങ്ങളെ സംബന്ധിച്ച 4—ാംഖണ്ഡിക എത്രയും സംക്ഷിപ്തവും അമൂർത്തവുമാണ്: ''ഇതരരാജ്യത്തിൻെറ പൗരത്വം സ്വീകരിക്കുന്ന ഏതൊരു പൗരൻേറയും ആദ്യത്തെ പൗരത്വം സ്വയമേവ ഇല്ലാതാകുന്നുവെന്നു് ചൈനാ ജനകീയറിപ്പബ്ലിക്കിൻെറ ഗവണ്മെൻറും ഫിലിപ്പൈൻസ് റിപ്പബ്ലിക്കിൻെറ ഗവണ്മെൻറും കണക്കാക്കുന്നു.'' ഇവിടെ ആദ്യമായി നമ്മുടെ ദൃഷ്ടിയിൽപെടുന്നതു് ബഹുമുഖമായ ആ പ്രശ്നത്തിനു നല്കിയിരിക്കുന്ന വളരെ സങ്കുചിതമായ വ്യാഖ്യാനമാണ്. ഫിലിപ്പൈൻസിലെ ചൈനീസ് ന്യൂനപക്ഷത്തെ സംബന്ധിച്ച പീക്കിങ്ങിനുള്ള ഉദ്ദേശങ്ങളുടെ സ്വഭാവമാണ് ആ പ്രശ്നത്തിൻെറ പ്രധാനവശമെന്നതു് അവിതർക്കിതമാണ്. ഫിലിപ്പൈൻസിലെ ചൈനാക്കാരിൽ നല്ലൊരു വിഭാഗത്തിനു് തയ്‌വാൻെറ പാസ്പോർട്ടുകൾ ഉണ്ടെന്നിരിക്കിലും തദ്ദേശചൈനാക്കാർ പൗരത്വം തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച പ്രശ്നത്തെ ചൈനീസ് പക്ഷം പി.ആർ.സി.ക്കും ഫിലിപ്പൈൻസിനുമിടയിലുള്ളതായി മനഃപൂർവ്വം ചുരുക്കി

ക്കാണിച്ചു. തയ്വാൻ ചൈനയുടെ പ്രദേശമാണെന്നു ഫിലിപ്പൈൻസ് അംഗീകരിച്ചിരിക്കുകയും തയ്വാൻെറ പാസ്പോർട്ടുകളുള്ള ചൈനാക്കാർ ഫിലിപ്പൈൻപൗരത്വം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ തയ്വാനോടനുഭാവമുള്ള ചൈനീസ് വിഭാഗം പി.ആർ.സി.യുടെ ന്യായാധികാരത്തിൻകീഴിൽ വരുമെന്നാണ് പീക്കിങ്ങിൻെറ കണക്കുകൂട്ടൽ. പി.ആർ.സി.യുടെ പൗരന്മാരായ തദ്ദേശചൈനാക്കാർ ഫിലിപ്പൈൻസിൽ പീക്കിങ്ങ് നടത്തുന്ന പ്രവർത്തനത്തിനു വമ്പിച്ച പിൻബലമായിരിക്കുമെന്നതിനു സംശയമില്ല. പി.ആർ.സി.യുടെ പൗരന്മാരായ തദ്ദേശചൈനാക്കാരോട്ട് മലേഷ്യൻഗവണ്മെൻറിനുള്ളത്ര കടമകൾ ഫിലിപ്പൈൻഗവണ്മെൻറിനുമുണ്ടെന്നതും സ്പഷ്ടമാണ്; വിജ്ഞാപനത്തിൽ അതു പ്രതിഫലിക്കപ്പെട്ടിട്ടില്ലെന്നുമാത്രം.

ഈ പ്രശ്നത്തിൽ തങ്ങൾക്കനുകൂലമായ ഒരു തീരുമാനം നേടിയെടുക്കാൻ ചൈനീസ്നേതാക്കന്മാർക്കു കഴിഞ്ഞു.

തയ്വാൻെറ പ്രശ്നത്തിൽ ഫിലിപ്പൈൻപക്ഷം പി.ആർ.സി.യുമായും തയ്വാനുമായും സമാന്തരമായ ഔദ്യോഗികബന്ധങ്ങൾ പുലർത്തുകയെന്ന നിലപാട് ഉപേക്ഷിക്കുകയും തയ്വാൻ ചൈനയുടെ അവിച്ഛേദ്യഭാഗമാണെന്നു സമ്മതിക്കുകയും വിജ്ഞാപനം ഒപ്പുവച്ച് ഒരു മാസത്തിനുള്ളിൽ ആ ദ്വീപിൽനിന്നു ഫിലിപ്പൈൻസിൻെറ എല്ലാ ഔദ്യോഗികപ്രതിനിധികളേയും തിരിച്ചുവിളിക്കാമെന്ന് ഏല്ക്കുകയും ചെയ്തു.

മാർക്കോസിൻെറ ചൈനാ സന്ദർശനത്തിനു തൊട്ടുമുമ്പ് തയ്വാൻെറ ഔദ്യോഗികപ്രതിനിധികളോടു ഫിലിപ്പൈൻസ് വിടാൻ ആവശ്യപ്പെടുകയുണ്ടായി.

ഈ പ്രശ്നത്തിലും നേട്ടമുണ്ടായതു് ചൈനീസ്പക്ഷത്തിനാണ്.

ചൈനയുമായുള്ള ബന്ധസാധാരണവൽക്കരണത്തിനു ഫിലിപ്പൈൻസിനെ പ്രധാനമായും പ്രേരിപ്പിക്കുന്നതു് സാമ്പത്തികബന്ധങ്ങളുടെ വികസനത്തിലുള്ള താല്പര്യമാണെന്നറിയാമായിരുന്ന ചൈനീസ്പക്ഷം ഫിലിപ്പൈൻസുമായി സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുന്നതിൽ തങ്ങൾ കാര്യമായ ശ്രദ്ധ ചെലുത്തുമെന്ന് വാഗ്ദാനംചെയ്തു. സംയുക്തവിജ്ഞാപനത്തിൻെറ 5—ാംഖണ്ഡികയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ''പരസ്പരമുള്ള വ്യാപാര—സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ കൈക്കൊള്ളാമെന്ന് ഇരുഗവണ്മെൻറുകളും സമ്മതിച്ചു: കൂടിയാലോചനകൾ നടത്താമെന്നും ഇരുരാജ്യങ്ങളുടേയും ആവശ്യങ്ങൾക്കനുസരിച്ചും തുല്യത, പരസ്പരലാഭം എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിലും വ്യാപാരകരാറിലേർപ്പെടാമെന്നും അവർ സമ്മതിച്ചു.''

പരസ്പരധാരണയും സൗഹൃദവും വളർത്തുന്നതിനുവേണ്ടി ചൈനയും ഫിലിപ്പൈൻസും തമ്മിൽ സാംസ്കാരികവിനിമയം വികസിപ്പിക്കാൻ ഇരുപക്ഷങ്ങളും ആഗ്രഹിക്കുന്നുവെന്ന് വിജ്ഞാപനത്തിന്റെ 6–ാംഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

രാജ്യത്തിന്റെ പരമാധികാരത്തെ ബാധിക്കുന്ന പല പ്രശ്നങ്ങളും പൂർണ്ണമായി പരിഹരിക്കാതെ ചൈനയുമായി ബന്ധം സാധാരണവൽക്കരിച്ചതു് ഫിലിപ്പൈൻസിന്റെ ദേശീയതാല്പര്യങ്ങളെ സംബന്ധിച്ചിടത്തോളം അപകടകരമാണെന്ന് അവിടത്തെ ചില പൊതുജനവൃത്തങ്ങൾ മനസ്സിലാക്കുന്നുണ്ട്. ദക്ഷിണപൂർവ്വേഷ്യയിലെ ഫിലിപ്പൈൻസടക്കമുള്ള രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ചൈനയ്ക്കു വിപുലനമോഹങ്ങളില്ലെന്നു നിരുപാധികമായി തെളിയിക്കാൻ അതിനു സാധിച്ചില്ല. ഫിലിപ്പൈൻസിലെ ഒരു പത്രം ഇങ്ങനെയെഴുതി: ''ക്രമേണ ചൈനയും ദക്ഷിണപൂർവ്വേഷ്യയും തമ്മിൽ ഔപചാരികമായ ഒരു കരാറിലെത്തേണ്ടിയിരിക്കുന്നു. സോവിയററ് യൂണിയനുമായുള്ള അതിർത്തിയിൽ സംഘർഷം കുറയുന്നപക്ഷം ചൈന വീണ്ടും നമ്മുടെ നേരെ—ചൈനീസ് വിപുലനത്തിന്റെ നിത്യലക്ഷ്യമാണതു്—തിരിഞ്ഞേക്കാനിടയുണ്ട്''.54

പി.ആർ.സി. ഐക്യരാഷ്ട്രസംഘടനയിൽ പ്രത്യക്ഷപ്പെട്ടയുടൻതന്നെ തായ്ലണ്ട് ന്യൂയോർക്കിലെ ചൈനീസ്പ്രതിനിധികളുമായി സമ്പർക്കങ്ങളിലേർപ്പെട്ടു. 1972–1973 വർഷങ്ങളിൽ അനൗദ്യോഗികപ്രതിനിധിസംഘങ്ങളെ കൈമാറിക്കൊണ്ട് തായ്ലണ്ടും ചൈനയും തമ്മിൽ ഏറെക്കുറെ സജീവമായ പിങ്ങ്പോങ്ങ് നയതന്ത്രം നടന്നു. 1972 ശരത്തിൽ തായ്ലണ്ടിൽനിന്നു് ടേബിൾടെന്നീസ് കളിക്കാരുടേയും വ്യാപാരികളുടേയും ഓരോ പ്രതിനിധിസംഘങ്ങൾ പീക്കിങ്ങിലെത്തി. 1973 ജൂണിൽ ചൈനീസ് ടേബിൾടെന്നീസ് പ്രതിനിധിസംഘം ബാങ്കോക്ക് സന്ദർശിച്ചു. അതേവർഷം ആഗസ്റ്റിൽ തായ്ലണ്ടിൽനിന്നു് ഒരു ബാഡ്മിൻറൺ പ്രതിനിധിസംഘം പീക്കിങ്ങിലെത്തി. പ്രസ്തുത സംഘങ്ങളിൽ കളിക്കാർക്കും ബിസിനസ്സുകാർക്കും പുറമെ ഉന്നതസ്ഥാനീയരായ ഉദ്യോഗസ്ഥന്മാരും അടങ്ങിയിരുന്നു. സ്പോർട്ട്സ്സംബന്ധമായ പ്രശ്നങ്ങൾ മാത്രമല്ല അവർ ചർച്ച ചെയ്തതെന്നു പറയേണ്ടതില്ലല്ലോ.

രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കാൻ ഇരുപക്ഷങ്ങളും കാര്യമായി ആഗ്രഹിക്കുന്നുവെന്നു് പിങ്ങ്പോങ്ങ് നയതന്ത്രത്തിന്റെ കാലത്തു ബോദ്ധ്യമായി. നയതന്ത്രബന്ധസ്ഥാപനത്തിനുവേണ്ടി സ്വീകരിക്കേണ്ട നടപടികളുടെ ക്രമവും ഉള്ളടക്കവും നിർണ്ണയിക്കപ്പെട്ടു. സ്പോർട്ട്സ്പ്രതിനിധിസംഘങ്ങളുടെ സമ്പർക്കങ്ങൾ, ഔദ്യോഗിക

വ്യാപാരബന്ധങ്ങൾ സ്ഥാപിക്കലും വികസിപ്പിക്കലും, നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി ബന്ധസാധാരണവൽക്കരണം നടത്താൻ തീരുമാനിക്കപ്പെട്ടു.

മിക്കവാറും തായ്ലണ്ടിൻെറ പക്ഷത്തുനിന്നുള്ള വിട്ടുവീഴ്ചകളുടെ ഫലമായാണ് ബന്ധസാധാരണവൽക്കരണപ്രക്രിയ മുന്നോട്ടുനീങ്ങിയതെന്നു് പ്രാരംഭികചർച്ചകളുടെ സമയത്തു പരിഹരിക്കപ്പെട്ട പ്രശ്നങ്ങളുടെ ഉള്ളടക്കത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും.

വടക്കൻതായ്ലണ്ടിലെ ഒളിപ്പോർപ്രസ്ഥാനത്തിനു ഭൗതികവും പ്രത്യയശാസ്ത്രപരവുമായ പിന്തുണ നല്കിക്കൊണ്ടു് തായ്ലണ്ടിൻെറ ആഭ്യന്തരകാര്യങ്ങളിൽ ചൈന നടത്തുന്ന ഇടപെടലായിരുന്നു അവ തമ്മിലുള്ള ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുള്ള പ്രധാനപ്രതിബന്ധം. തായ്ലണ്ട്ഗവണ്മെൻറ് അക്കാര്യത്തിൽ ഒത്തുതീർപ്പുമനോഭാവം കൈക്കൊള്ളുകയും ഒളിപ്പോർപ്രസ്ഥാനത്തിനു പിന്തുണ നല്കുന്നതു ചൈനയല്ലെന്നു ഭാവിക്കുകയും ചെയ്തു. ചൈനയിൽനിന്നുള്ള യഥാർത്ഥഭീഷണിയെക്കുറിക്കുന്ന പ്രത്യക്ഷമായ വസ്തുതകളെ തായ്ലണ്ട്നയതന്ത്രജ്ഞന്മാർ അവഗണിക്കുകയാണു ചെയ്തതു്.

ചൈനയുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുവേണ്ടി തയ്വാനുമായുള്ള ഏറെക്കുറെ സജീവമായ ബന്ധങ്ങളെ ബലി കഴിക്കാൻ ചൈന തായ്ലണ്ടിനോടാവശ്യപ്പെട്ടു. പീക്കിങ്ങിൻെറ വ്യവസ്ഥ സ്വീകരിക്കാൻ ബാങ്കോക്ക് തയ്യാറാവുകയും തയ്വാനുമായുള്ള ബന്ധങ്ങൾ പടിപടിയായി ചുരുക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ഇരുരാജ്യങ്ങളുടേയും ഉന്നതോദ്യോഗസ്ഥന്മാർ നടത്തുന്ന പരസ്പരസന്ദർശനങ്ങൾ നിർത്തലാക്കണമെന്നു് തായ്ലണ്ട് ഔദ്യോഗികമായി പ്രസ്താവിച്ചു. ദ്വീപുമായുള്ള വ്യാപാരം കുറഞ്ഞുതുടങ്ങി.

ചൈനയുമായുള്ള വ്യാപാരവും ചൈനീസ് പ്രതിനിധികളുമായുള്ള തായ്ലണ്ട്പൗരന്മാരുടേയും സംഘടനകളുടേയും സമ്പർക്കങ്ങളും നിരോധിച്ചിരിക്കുന്നതു് രാഷ്ട്രാന്തരബന്ധങ്ങളുടെ സാധാരണവൽക്കരണത്തെ തടസ്സപ്പെടുത്തുന്നുവെന്നു് പീക്കിങ്ങിൽവച്ചു തായ്ലണ്ടിൻെറ പ്രതിനിധികളോടു പ്രസ്താവിക്കപ്പെട്ടു. 1974 ഫെബ്രുവരിയിൽ തായ്ലണ്ട്ഗവണ്മെൻറ് ചൈനയുമായി നേരിട്ടുള്ള വ്യാപാരം അനുവദിച്ചു (ഹോങ്കോങ്ങിലെ മദ്ധ്യവർത്തികൾമുഖേനയുള്ള നിയമവിരുദ്ധവ്യാപാരം കുറെ വഷങ്ങളായി നിലവിലുണ്ടായിരുന്നു). ചൈനയുമായുള്ള സമ്പക്ങ്ങൾ നിരോധിച്ചുകൊണ്ടു പുറപ്പെടുവിച്ച ചട്ടങ്ങൾ 1975 ആരംഭത്തിൽ പിൻവലിക്കപ്പെട്ടു.

അങ്ങനെ രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുമുമ്പുതന്നെ പീക്കിങ്ങിൻെറ പല വ്യവസ്ഥകളും അംഗീകരിച്ചുകൊടുക്കാൻ

തായ്ലണ്ട തയ്യാറായി. എന്നാൽ ചൈനയെപ്പററി അതു പറഞ്ഞുകൂടാ. തായ്ലണ്ടിലേക്ക നടത്തുന്ന റേഡിയോപ്രക്ഷേപണങ്ങളിൽ തായ്ലണ്ട്ഗവണ്മെൻറിനെതിരെയുള്ള ഭർത്സനങ്ങറം നിറുത്തിവയ്ക്കുകയും തായ്ലണ്ടിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ലെന്ന് അവ്യക്തമായ രീതിയിൽ, ''സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന ജനതകറംക്ക'' പിന്തുണ പ്രഖ്യാപിച്ചുകൊണ്ടു്, വാഗ്ദാനം ചെയ്യുകയും മാത്രമാണ് ചൈന ഇതേവരെ ചെയ്തിട്ടുള്ളതു്. ഭാവിയിൽ തായ്ലണ്ടിൻെറ ആഭ്യന്തര കാര്യങ്ങളിൽ ചൈന ഇടപെടുകയില്ലെന്ന് അതർത്ഥമാക്കുന്നില്ല. ബാങ്കോക്കിനെതിരെയുള്ള റേഡിയോഭർത്സനങ്ങറം തക്ക അവസരത്തിൽ പുനരാരംഭിച്ചുകൂടെന്നുമില്ല.

1975 ജൂലൈയിൽ തായ്ലണ്ടും ചൈനയും തമ്മിൽ നയതന്ത്രബന്ധങ്ങറം സ്ഥാപിക്കപ്പെട്ടു.

ചൈനയും സിംഗപ്പൂരും തമ്മിൽ മന്ത്രിതലത്തിലുള്ള ആദ്യത്തെ ഔദ്യോഗികസമ്പർക്കത്തിനു മുൻകൈയെടുത്തതു് ചൈനീസ്പക്ഷമാണ്. 1974 സെപ്റ്റംബറിൽ ന്യൂയോർക്കിൽ ഐക്യരാഷ്ട്രസംഘടനയുടെ പൊതുസമ്മേളനാവസരത്തിൽ നടന്ന ഒരു സ്വകാര്യവിരുന്നിൽവച്ച് സിംഗപ്പൂർ വിദേശകാര്യമന്ത്രി രാജരത്നത്തിന് അന്നു ചൈനീസ് വിദേശകാര്യമന്ത്രിയായിരുന്ന ച്യാവോ കാൻ–ഹ്വായിൽനിന്ന് ചൈനയിൽ ഔദ്യോഗികസന്ദർശനം നടത്തുന്നതിനു ക്ഷണം ലഭിച്ചു. 1975 ജനുവരിയിൽ ചൈന ആ ക്ഷണം സ്ഥിരീകരിക്കുകയും സിംഗപ്പൂർ അതു സ്വീകരിക്കുകയും ചെയ്തു.

സിംഗപ്പൂർ പ്രതിനിധിസംഘത്തിൻെറ സന്ദർശനം 1975 മാർച്ച് 12–21 തീയതികളിൽ നടന്നു. രാജരത്നത്തിനുപുറമെ സിംഗപ്പൂർ വികസനബാങ്കിൻെറ പ്രസിഡണ്ടും സിംഗപ്പൂർ സാമ്പത്തികസമിതിയുടെ വൈസ് പ്രസിഡണ്ടും തുറമുഖഡയറക്ടരും അഞ്ച് പത്രപ്രവർത്തകരും ആ പ്രതിനിധിസംഘത്തിൽ ഉറംപ്പെട്ടിരുന്നു. പ്രധാനമന്ത്രി ലീ ക്വാങ്–യുവിൽനിന്നുള്ള ഒരു പ്രത്യേകസന്ദേശം രാജരത്നം ചൌ എൻ–ലായെ ഏല്പിക്കുകയും അദ്ദേഹവുമായി സംഭാഷണം നടത്തുകയും ചെയ്തു.

ചൈനീസ് പ്രതിനിധികളുമായുള്ള കൂടിയാലോചനകളിൽ സിംഗപ്പൂർപക്ഷത്തിൻെറ പ്രാരംഭനിലപാടു് തികച്ചും സങ്കീർണ്ണമായിരുന്നു. ഒരുവശത്തു്, സിംഗപ്പൂർ ദക്ഷിണപൂർവ്വേഷ്യയിൽ ചൈന നടത്തുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ വിപുലനത്തിൻെറ താവളമായിത്തീരുമോയെന്ന് ഏസിയൻപങ്കാളികറംക്ക് ആശങ്ക ജനിപ്പിക്കാതിരിക്കാൻ വേണ്ടി മററെല്ലാ ഏസിയൻരാജ്യങ്ങറംക്കും ശേഷംമാത്രമേ തങ്ങറം ചൈനയുമായി നയതന്ത്രബന്ധങ്ങറം സ്ഥാപിക്കുകയുള്ളവെന്ന് സിംഗപ്പൂർ

നേതാക്കന്മാർ പ്രസ്താവിച്ചുകഴിഞ്ഞിരുന്നു. മറുവശത്തു്, ചൈനയുമായുള്ള രാഷ്ട്രാന്തരബന്ധങ്ങരം സാധാരണവൽക്കരിക്കുന്നതിൽനിന്നുണ്ടായേക്കാവുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ മെച്ചങ്ങരം ആർജ്ജിക്കുന്നതിൽ മററു് ഏഷ്യൻരാജ്യങ്ങരംക്കു പിന്നിലാകാനും സിംഗപ്പൂർ ആഗ്രഹിച്ചിരുന്നില്ല.

അതിനാൽ സിംഗപ്പൂർ ചൈനയോടു് അകൽച്ചപാലിക്കുന്നതായി ചൈനീസ്പക്ഷത്തിനുണ്ടായിരിക്കാവുന്ന സംശയങ്ങരം ദൂരീകരിക്കുകയും നയതന്ത്രബന്ധങ്ങളിലെത്താതെ തന്നെ ചൈനയുമായുള്ള ബന്ധങ്ങരം സജീവമാക്കുകയും ചെയ്യുകയെന്ന പൊതുനിലപാടാണു് പീക്കിങ്ങിൽ നടന്ന കൂടിയാലോചനകളിൽ സിംഗപ്പൂർ കൈക്കൊണ്ടതു്. തന്മൂലം സിംഗപ്പൂർപ്രതിനിധിസംഘം ചൈനയുമായുള്ള കൂടിയാലോചനകളുടെ തുടക്കത്തിൽ മററു് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങരം ചെയ്തതുപോലെ ബന്ധസാധാരണവൽക്കരണത്തിനുള്ള എന്തെങ്കിലും ആവശ്യങ്ങളോ വ്യവസ്ഥകളോ മുൻവസ്സുകയുണ്ടായില്ല. സിംഗപ്പൂർപ്രതിനിധിസംഘം നടത്തിയ താഴെക്കൊടുക്കുന്ന തരത്തിലുള്ള പ്രസ്താവനകരം ചൈനയ്ക്കു് ഇഷ്ടമാകാതിരിക്കാൻ തരമില്ലായിരുന്നു: ''ഭൂപരമായ അടുപ്പംകൊണ്ടും ചരിത്രപരവും സാംസ്കാരികവും വാണിജ്യപരവുമായ ബന്ധങ്ങരംമൂലവും ദക്ഷിണപൂർവ്വേഷ്യ ചൈനയെ സംബന്ധിച്ചിടത്തോളം സുഹൃദ്ബന്ധസ്ഥാപനത്തിനുള്ള സ്വാഭാവികപ്രദേശമാണു്''.55

ഇത്തരം പ്രസ്താവനകരം ചൈനീസ്പ്രതിനിധികളെ പ്രീതിപ്പെടുത്തുകയും പല പ്രശ്നങ്ങളിലും അവർ വിട്ടുവീഴ്ചകരംക്കു തയ്യാറാവുകയും ചെയ്തു. മററു ദക്ഷിണപൂർവേഷ്യൻരാജ്യങ്ങളുമായി നടത്തുന്ന കൂടിയാലോചനകളിൽ ചൈനയുമായി നയതന്ത്രബന്ധങ്ങരം സ്ഥാപിക്കുന്നതിനുമുമ്പു് ആ രാജ്യങ്ങരം തയ്‌വാനുമായി സാമ്പത്തികമുരംപ്പെടെയുള്ള സകല ഔദ്യോഗികബന്ധങ്ങളും ഉപേക്ഷിക്കണമെന്നു വിടാപ്പിടി പിടിക്കുന്ന പീക്കിങ്ങ് സിംഗപ്പൂരുമായുള്ള ചർച്ചകളിൽ ആ പ്രശ്നം ഉന്നയിക്കുകപോലും ചെയ്തില്ല. തയ്‌വാനെ പി.ആർ.സി.യുടെ ഭാഗമായി കണക്കാക്കുന്നുവെന്ന സിംഗപ്പൂരിൻെറ പ്രസ്താവനകൊണ്ടു് പീക്കിങ്ങ് തൃപ്തിപ്പെട്ടു. സിംഗപ്പൂരിൻെറ വിദേശനയലക്ഷ്യങ്ങളും ചൈനയെ നയതന്ത്രപരമായി അംഗീകരിക്കുന്നതിനോടുള്ള അതിൻെറ സംയമമനോഭാവവും മനസ്സിലാക്കാവുന്നതാണെന്നു് ചൌ എൻ—ലായ് പ്രസ്താവിക്കുകയും അതോടൊപ്പം രാഷ്ട്രാന്തരബന്ധങ്ങളുടെ ഇന്നത്തെ നിലവാരത്തിൽത്തന്നെ വ്യാപാരം സജീവമാക്കാൻ സാധിക്കുമെന്നും അതഭിലഷണീയമാണെന്നും ഊന്നിപ്പറയുകയും ചെയ്തു. സിംഗപ്പൂരിൻെറ പരമാധികാരത്തെ തങ്ങരം മാനിക്കുന്നുവെന്നു ചൈനീസ്പക്ഷം പ്രസ്താവിക്കുകയും ''മൂന്നാംലോക''രാജ്യങ്ങളുമായുള്ള സഹകരണം സുദൃഢമാക്കു

ന്നതിനു സിംഗപ്പൂർ നടത്തുന്ന ശ്രമങ്ങളെ പുകഴ്ത്തുകയും ചെയ്തു.[56]

രാജരത്നത്തിൻെറ സന്ദർശനവേളയിൽ ചൈനീസ്പക്ഷം സിംഗപ്പൂരിലും ദക്ഷിണപൂർവ്വേഷ്യയിലാകമാനവുമുള്ള ചൈനാക്കാരുടെ പ്രശ്നങ്ങളെപ്പററി അദ്ദേഹവുമായി സജീവചർച്ചകൾ നടത്തി. ''അമേരിക്കക്കാരേയും ആസ്ട്രേലിയക്കാരേയും ന്യൂസിലണ്ടുകാരേയുംപോലെ സിംഗപ്പൂരുകാരും തങ്ങളുടെ ഉത്ഭവരാജ്യത്തെ ജനങ്ങളുമായി നരവംശപരമായി ബന്ധപ്പെട്ടിരിക്കുവെങ്കിലും രാഷ്ട്രീയമായി അവരിൽനിന്നു പാടേ വ്യത്യസ്തരാണെ''[57]ന്നു പീക്കിങ്ങ് അഭിപ്രായപ്പെട്ടു. രാജരത്നവുമായുള്ള സംഭാഷണത്തിൽ ചൌ എൻ–ലായ് ഇങ്ങനെ പ്രസ്താവിച്ചു: ''സിംഗപ്പൂരിൻെറ പൗരത്വം സ്വീകരിച്ച ചൈനാക്കാരെ സംബന്ധിച്ചിടത്തോളം പി.ആർ.സി.യ്ക്ക് ഉത്തരവാദിത്വമില്ല. അതേസമയം പി.ആർ.സി.യുടെ പൗരത്വമുള്ള ചൈനാക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള അവകാശം പി.ആർ.സി.യ്ക്കുണ്ട്. എന്നാൽ അവർ സിംഗപ്പൂരിലെ നിയമങ്ങൾ കർശനമായി പാലിക്കണം; സിംഗപ്പൂർഗവണ്മെൻറാകട്ടെ അവരുടെ ന്യായമായ പൗരാവകാശങ്ങൾ അംഗീകരിക്കുകയും സംരക്ഷിക്കുകയും വേണം.''[58] മറുനാടൻചൈനാക്കാരുടെ പ്രശ്നത്തോടുള്ള ഇത്തരം സമീപനം ദക്ഷിണപൂർവ്വേഷ്യയിൽ അവർ അനേകവർഷങ്ങളായി അനുഭവിക്കുന്ന പീഡനങ്ങൾക്ക് അറുതിവരുത്തുമെന്ന് ചൈനീസ് പ്രധാനമന്ത്രി ഉദ്ഘോഷിച്ചു.[59]

രാജരത്നത്തിൻെറ ചൈനാസന്ദർശനം കഴിഞ്ഞയുടൻതന്നെ സിംഗപ്പൂരിലെ ചൈനീസ് വാണിജ്യമണ്ഡലം സിംഗപ്പൂരും ചൈനയും തമ്മിലുള്ള വ്യാപാരം സജീവമാക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുവേണ്ടി ഒരു പ്രത്യേകകമ്മിററി രൂപീകരിച്ചു.

സിംഗപ്പൂരും ചൈനയും തമ്മിലുള്ള വ്യാപാരത്തിൻെറ വർത്തമാനനിലയും ഭാവിസാധ്യതകളും സൂക്ഷ്മമായി പരിശോധിക്കപ്പെട്ടു. ചൈനയിൽനിന്നുള്ള ഇറക്കുമതി സിംഗപ്പൂരിൽനിന്നു ചൈനയിലേക്കുള്ള കയററുമതിയുടെ നാലിരട്ടിയാണെന്നതിനാൽ തല്ക്കാലം ആ വ്യാപാരം ഏകപക്ഷീയസ്വഭാവത്തോടുകൂടിയതാണ്. 1974–ൽ സിംഗപ്പൂരിനു ചൈനയുമായുള്ള വ്യാപാരത്തിൻെറ കമ്മി 518 ദശലക്ഷം സിംഗപ്പൂർ ഡോളറായിരുന്നു. അതിനാൽ സിംഗപ്പൂർവിപണിയിൽനിന്നു കൂടുതൽ നിർമ്മിതവസ്തുക്കൾ വാങ്ങാൻ സിംഗപ്പൂർ ചൈനയോടാവശ്യപ്പെടുകയും അവിടെനിന്നു ചൈനയ്ക്കു വാങ്ങാവുന്ന ചരക്കുകളുടെ ഒരു പട്ടിക ചൈനീസ്പക്ഷത്തിൻെറ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുകയും ചെയ്തു. ആ പട്ടികയിൽ കപ്പൽസാമഗ്രികൾ, എണ്ണയുൽഖനനത്തിനുള്ള ഉപവസജ്ജീകരണങ്ങൾ, ഡീസൽ എഞ്ചിനുകൾ, മെഷീൻ ടൂളുകൾ, നിയന്ത്രണ–മാപനോപകരണങ്ങൾ, വൈദ്യുത–ഇലക്ട്രോണിക്യന്ത്രങ്ങൾ, എണ്ണ

യുൽപന്നങ്ങൾ, ഉപഭോഗവസ്തുക്കൾ എന്നിവയുൾപ്പെട്ടിരുന്നു. ഉപഭോഗവസ്തുക്കൾക്കുപുറമെ ലോഹങ്ങളും യന്ത്രങ്ങളും ബെയറിങ്ങുകളും ചൈനയിൽനിന്നു വാങ്ങാൻ സിംഗപ്പൂർ സന്നദ്ധത പ്രകടിപ്പിച്ചു. അതിനു മറുപടിയായി, സിംഗപ്പൂരിൻെറ വ്യവസായവൽക്കരണപരിപാടിയെ ചൈന പിന്താങ്ങുന്നുവെന്നും സിംഗപ്പൂരിൽനിന്ന് ഉല്പാദനോപകരണങ്ങളുൾപ്പെടെയുള്ള നിർമ്മിതവസ്തുക്കൾ അവ മെച്ചപ്പെട്ടവയാണെങ്കിൽ മത്സരവിലയ്ക്കു വാങ്ങാൻ തങ്ങൾ തയ്യാറാണെന്നും ചൈനീസ്‌പക്ഷം പ്രസ്താവിച്ചു. ചൈനീസ് പ്രതിനിധികൾ സിംഗപ്പൂർപക്ഷത്തുനിന്ന് ചരക്കുകളുടെ സംശോധിതപട്ടിക ആവശ്യപ്പെട്ടു. ചരക്കുപട്ടിക വിപുലീകരിക്കുന്നതിനുവേണ്ടി പ്രതിനിധിസംഘങ്ങളെ കൈമാറുന്നതുസംബന്ധിച്ച് ഇരുപക്ഷങ്ങളും തമ്മിൽ യോജിപ്പിലെത്തി (ആദ്യം ചൈനീസ്‌പ്രതിനിധിസംഘം സിംഗപ്പൂരിലെത്തണമെന്നു തീരുമാനിക്കപ്പെട്ടു). എന്നാൽ സിംഗപ്പൂരിൽ ഉല്പാദനോപാധികൾ ഇനിയും ഉല്പാദിപ്പിക്കപ്പെടുന്നില്ലെന്നാണു തങ്ങളുടെ അറിവെന്ന് ചൈനീസ്‌പക്ഷം നടത്തിയ പ്രസ്താവന ഇരുപക്ഷങ്ങളും തമ്മിൽ എത്തിച്ചേർന്ന ധാരണയ്ക്കു തീരെ വിലയില്ലാതാക്കുന്നു.

സമുദ്രപരിവഹനത്തിൻെറ തുറയിലുള്ള സഹകരണം വിപുലമാക്കുന്നതിനെസംബന്ധിച്ച് ഇരുരാജ്യങ്ങളും തമ്മിൽ യോജിപ്പിലെത്തി.

ദ്വിപക്ഷീയവ്യാപാരവികാസത്തിൻെറ താല്പര്യങ്ങളെ കണക്കിലെടുത്തുകൊണ്ട്, ചൈനീസ് കയററുമതിച്ചരക്കുകളുടെ കാന്റോൺപ്രദർശനത്തിലേക്കുള്ള സിംഗപ്പൂർപ്രതിനിധിസംഘങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കാമെന്ന് ഇരുപക്ഷങ്ങളും സമ്മതിച്ചു.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി മദ്ധ്യവർത്തികൾമുഖേനയുള്ള ചൈനയുടെ വ്യാപാരത്തിൽ സിംഗപ്പൂരിനുള്ള പങ്കിനെപ്പററി നടന്ന കൂടിയാലോചനകളുടെ വിശദാംശങ്ങൾ പ്രത്യേകശ്രദ്ധയർഹിക്കുന്നു. മേഖലയിലെ രാജ്യങ്ങളുമായുള്ള ചൈനയുടെ വ്യാപാരത്തിൽ മദ്ധ്യവർത്തിയായി പങ്കെടുത്തുകൊണ്ട് സിംഗപ്പൂർ ഗണ്യമായ ലാഭമാർജ്ജിച്ചുവരുന്നുവെന്നത് അറിയപ്പെടുന്ന കാര്യമാണ്. ചൈനാസന്ദർശനത്തിനുമുമ്പ് ഹോങ്ങ്കോങ്ങിൽ വച്ചു നടന്ന പത്രസമ്മേളനത്തിൽ രാജരത്നം ഇങ്ങനെ പ്രസ്താവിച്ചു: ''വ്യാപാരപങ്കാളികൾ മാറിക്കൊണ്ടിരിക്കുന്നതിനാൽ സാമ്പത്തികസഹകരണത്തിനും വ്യാപാരത്തിനുമുള്ള വിഭിന്നതുറകൾ കണ്ടെത്താൻ ഞങ്ങൾ ശ്രമിക്കും. ചില രാജ്യങ്ങൾ, പ്രത്യേകിച്ചും മലേഷ്യയും മററും ചൈനയുമായി നേരിട്ടു വ്യാപാരം നടത്താൻ ആഗ്രഹിക്കുന്നതിനാൽ ചൈനീസ് ചരക്കുകളുടെ കയററുമതിയ്ക്ക് സിംഗപ്പൂർ ഇടനിന്നിരുന്നപ്പോഴത്തെ പഴയ അടിസ്ഥാനം ഇപ്പോൾ തിരുത്തപ്പെടുന്നു.''60 സിംഗപ്പൂരിലേയും ഹോങ്ങ്കോങ്ങിലേയും മദ്ധ്യവർത്തി

കളുടെ സഹായം വേണ്ടെന്നുവച്ചുകൊണ്ട് മലേഷ്യയും ചൈനയും തമ്മിൽ നേരിട്ടുള്ള വ്യാപാരം വികസിപ്പിക്കണമെന്ന് 1974 മേയിൽ മലേഷ്യൻ പ്രധാനമന്ത്രി അബ്ദുറസാക്കിൻെറ ചൈനാസന്ദർശനവേളയിൽ മാവോസേതുങ്ങ് അഭിപ്രായപ്പെടുകയുണ്ടായല്ലോ.

സിംഗപ്പൂരിൽനിന്നുള്ള അതിഥിയോട് ചൈനീസ്പ്രതിനിധികൾ മററൊന്നാണു പറഞ്ഞത്. ദക്ഷിണപൂർവ്വേഷ്യൻ വിപണികളിലേക്കുള്ള ചൈനീസ്ചരക്കുകളുടെ, പ്രത്യേകിച്ച യന്ത്രങ്ങളുടേയും സജ്ജീകരണങ്ങളുടേയും, കയററുമതി വികസിപ്പിക്കുന്നതിൽ സിംഗപ്പൂരിൻെറ സഹകരണം തങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് അവർ പ്രസ്താവിച്ചു. ചൈനയിൽ നിർമ്മിച്ച ഉല്പാദനോപാധികൾക്ക് വിപണികൾ കണ്ടെത്താൻ സഹായിക്കണമെന്നാണ് ചൈനാക്കാർ സിംഗപ്പൂർപക്ഷത്തോട് ആവശ്യപ്പെട്ടതെന്നത് ഇവിടെ ശ്രദ്ധേയമായിരിക്കുന്നു. ചൈനയുടെ ചരക്കുകൾ വിററഴിക്കുന്നതിനുള്ള വിപണികൾ ദക്ഷിണപൂർവ്വേഷ്യയിൽ സൃഷ്ടിക്കാൻ പരമാവധി ശ്രമിക്കാമെന്നു സിംഗപ്പൂർപ്രതിനിധിസംഘം വാഗ്ദാനംചെയ്തു. അങ്ങനെ, ദക്ഷിണപൂർവ്വേഷ്യയിലെ പല രാജ്യങ്ങളുടേയും പ്രതിനിധികൾക്കു നല്കിയ ഔദ്യോഗികമായ ഉറപ്പുകൾക്കു വിപരീതമായി സിംഗപ്പൂരിലെ മദ്ധ്യവർത്തികൾമുഖേനയുള്ള കയററുമതി തുടരാനാണ് ചൈന ഉദ്ദേശിക്കുന്നത്. സിംഗപ്പൂരിൻെറ സേവനങ്ങൾക്കു പകരമായി നിർമ്മിതവസ്തുക്കൾ വാങ്ങുന്നതിൽ മററു രാജ്യങ്ങളെ അപേക്ഷിച്ച് സിംഗപ്പൂരിനു നിശ്ചിതമായ മുൻഗണന നല്കാമെന്നു ചൈന വാഗ്ദാനം ചെയ്തു.

ചൈനയും സിംഗപ്പൂരും തമ്മിലുള്ള വ്യാപാര—സാമ്പത്തികബന്ധങ്ങൾ തുല്യതയുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കപ്പെടുമെന്ന് പി. ആർ.സി. വിദേശവ്യാപാരമന്ത്രാലയത്തിൻെറ പ്രതിനിധികൾ സിംഗപ്പൂർപ്രതിനിധിസംഘത്തിനു് ഉറപ്പുനല്കി.

''ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ അവയുടെ അടുത്ത വികാസഘട്ടത്തിൽ മുമ്പെന്നതുപോലെ സാമ്പത്തികമേഖലയെ കൂടുതൽ യുക്തിയുക്തമായി ഉപയോഗപ്പെടുത്തുന്നതിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും''[61]എന്ന് രാജരത്നത്തിൻെറ ചൈനാസന്ദർശനത്തെ വിലയിരുത്തിക്കൊണ്ട് ഒരു സിംഗപ്പൂർപത്രം എഴുതി.

കൂടിയാലോചനകൾ പ്രധാനമായും ദ്വിപക്ഷീയ സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുന്നതിനെ സംബന്ധിച്ചായിരുന്നുവെങ്കിലും മററു പല പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടുകയുണ്ടായി.

പരസ്പരനയതന്ത്രാംഗീകാരത്തിനുള്ള സാധ്യതകൾ ഇരുപക്ഷങ്ങളും സസൂക്ഷ്മം ആരായുകയും പി.ആർ.സി.യും സിംഗപ്പൂരും തമ്മിലുള്ള നയതന്ത്രബന്ധസ്ഥാപനം ഒരടിയന്തരകാര്യമല്ലെന്ന പൊതുനിഗമന

ത്തിൽ എത്തിച്ചേരുകയും ചെയ്തു. ''ഔദ്യോഗികബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള സമയം നിശ്ചയിക്കേണ്ടതു് സിംഗപ്പൂർഗവണ്മെൻറാണെ''[62] ന്നും എന്നാൽ ആ ബന്ധങ്ങളുടെ അഭാവം ഇരുരാജ്യങ്ങളും തമ്മിൽ സൗഹൃദ്ബന്ധങ്ങൾ, പ്രത്യേകിച്ചും വ്യാപാരബന്ധങ്ങൾ വികസിപ്പിക്കുന്നതിനു തടസ്സമായിരിക്കുകയില്ലെന്നും രാജരത്നവുമായി നടത്തിയ സംഭാഷണത്തിൽ ചൌ എൻ—ലായ് പ്രസ്താവിച്ചു.

നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാൻ യഥാർത്ഥത്തിൽ തയ്യാറായിക്കഴിഞ്ഞിട്ടുള്ള ചൈനയും സിംഗപ്പൂരും അതു് ഔപചാരികമായി പ്രഖ്യാപിക്കാൻ പററിയ അവസരം കാത്തിരിക്കയാണു്.

ചൈനയിൽനിന്നു തിരിച്ചെത്തിയ രാജരത്നം തൻെറ സന്ദർശനഫലങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പു് ചൈനയുമായി മററെല്ലാവിധ ബന്ധങ്ങളും വികസിപ്പിക്കണമെന്നു് അഭിപ്രായപ്പെടുകയും ചെയ്തു.

എത്രയുംവേഗം നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ഇന്തോനേഷ്യയുമായുള്ള കൂടിയാലോചനകളിലും ചൈന ചില വിട്ടുവീഴ്ചകൾക്കു തയ്യാറായെന്നു തോന്നുന്നു. എന്നാൽ ചൈനയുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുമുമ്പു് രാജ്യത്തുള്ള ചൈനീസ് ന്യൂനപക്ഷത്തിൻെറമേൽ രാഷ്ട്രീയനിയന്ത്രണമാർജ്ജിക്കാൻ ഇന്തോനേഷ്യ ആഗ്രഹിക്കുന്നു.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുവേണ്ടി ചൈന നടത്തുന്ന കൂടിയാലോചനകളുടെ പ്രഥമഫലങ്ങളെ ഇപ്പോൾ വിലയിരുത്താൻ കഴിയും. വിപുലമായ തോതിൽ, പ്രഥമമായും ഏസിയൻരാജ്യങ്ങളുമായി നടത്തുന്ന ആ കൂടിയാലോചനകളിൽ പി.ആർ.സി. അയവില്ലാത്ത നിലപാടു കൈക്കൊള്ളുകയും സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങൾ പാലിച്ചുകൊള്ളാമെന്നു വ്യക്തമായി ഉറപ്പു നല്കുന്നതിൽനിന്നു് ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. അയൽരാജ്യങ്ങളുമായി വ്യാപാരബന്ധങ്ങൾ വികസിപ്പിക്കാൻ ചൈന സന്നദ്ധത പ്രകടിപ്പിക്കുന്നു. ചൈനയുമായി വ്യാപാരം നടത്തുന്നതിനു ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കുള്ള താല്പര്യത്തിൽനിന്നു രാഷ്ട്രീയമായ വിട്ടുവീഴ്ചകൾ നേടുന്നതിനുവേണ്ടിയാണതു്. ഒളിപ്പോർപ്രസ്ഥാനങ്ങൾക്കു പിന്തുണ നല്കുന്നതു നിറുത്താമെന്നു് പീക്കിങ്ങ് ഔപചാരികമായി വാഗ്ദാനം ചെയ്യുന്നുവെങ്കിലും വാസ്തവത്തിൽ ആ വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല. ചൈനീസ്ന്യൂനപക്ഷങ്ങളെ സ്വന്തം മഹച്ഛക്തിലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയെന്ന ഉദ്ദേശം പീക്കിങ്ങ് ഉപേക്ഷിച്ചിട്ടില്ലെന്നു കരുതേണ്ടിയിരിക്കുന്നു. നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പു് തയ്‌വാനുമായുള്ള ബന്ധങ്ങൾ വി

ച്ഛേദിക്കണമെന്നു ചൈന ശഠിക്കുന്നു. അതേസമയം ചില ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളിൽ വിദേശസൈനികതാവളങ്ങൾ ഉണ്ടെന്നുള്ള വസ്തുതയുടെനേരെ പീക്കിങ്ങ് കണ്ണടയ്ക്കുന്നു. ദ്വിപക്ഷീയബന്ധങ്ങൾക്കു സോവിയററ്‌വിരുദ്ധസ്വഭാവം പ്രദാനംചെയ്യാൻ ചൈനീസ്‌നേതാക്കന്മാർ ശ്രമിക്കുന്നു. മലേഷ്യ, ഫിലിപ്പൈൻസ്, തായ്‌ലണ്ട് എന്നീ രാജ്യങ്ങളുടെ പ്രതിനിധിസംഘങ്ങളുമായി നടന്ന സംഭാഷണങ്ങളിൽ അവർ ചെയ്ത പ്രസ്താവനകൾ അതിനു തെളിവാണ്. മൊത്തത്തിൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായുള്ള ചൈനയുടെ ബന്ധസാധാരണവൽക്കരണം സങ്കുചിതമായ അടിസ്ഥാനത്തിലാണു നടക്കുന്നത്.

അതിനാൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുമായുള്ള ചൈനയുടെ നയതന്ത്രബന്ധസ്ഥാപനം കാര്യമായ ബന്ധസാധാരണവൽക്കരണമാണെന്നു കരുതിക്കൂടാ.

അദ്ധ്യായം അഞ്ച്

# ചൈനയും ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണവും

ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണപ്രക്രിയകളെ കാര്യമായി സ്വാധീനിക്കുന്ന പ്രധാന ഏഷ്യൻരാജ്യങ്ങളിലൊന്നാണ് ചൈനയെന്നു ന്യായമായും കരുതപ്പെടുന്നു. എന്നാൽ 70–കളുടെ ആരംഭംവരെ അതിലേക്കുള്ള സാധ്യതകൾ സാക്ഷാൽക്കരിക്കാൻ ചൈനയ്ക്കു കഴിഞ്ഞില്ലെന്നുതന്നെ പറയാം. മുഖ്യസാമ്രാജ്യത്വരാജ്യങ്ങളുമായി നിലവിലിരുന്ന സംഘർഷത്തിൻെറ ഫലമായി ചൈന മേഖലയിൽ ഒററപ്പെട്ടിരുന്നതും യു.എൻ.ഒ.യിൽ അതിനു പ്രാതിനിധ്യമില്ലായിരുന്നതും അയൽരാജ്യങ്ങളുമായുള്ള ബന്ധങ്ങളിൽ പീക്കിങ്ങ് മഹച്ഛക്തിമന്യമായ അതിക്രമങ്ങൾ നടത്തിയതും മേഖലയിൽ പീക്കിങ്ങിനുള്ള യഥാർത്ഥത്തിലുള്ള ഉദ്ദേശങ്ങളെപ്പററി ഏഷ്യൻരാജ്യങ്ങൾ ജാഗരൂകരായിരുന്നതുമാണ് അതിനുള്ള കാരണങ്ങൾ. മേഖലയുടെ ചില രാഷ്ട്രീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ചൈന സജീവമായ പങ്കു വഹിച്ചെങ്കിലും (ഉദാഹരണമായി, ഇന്തോചൈനയെ സംബന്ധിച്ച് 1954–ൽ നടന്ന ജനീവാസമ്മേളനം, 1955–ൽ നടന്ന ആഫ്രോ–ഏഷ്യൻരാജ്യങ്ങളുടെ ബന്ദൂങ്ങ്സമ്മേളനം, ലാവോസിനെ സംബന്ധിച്ച് 1962–ൽ കൂടിയ ജനീവാസമ്മേളനം എന്നിവ), 50–കളിലും അതു് ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തിൻെറ പ്രശ്നങ്ങളിൽ ഔദ്യോഗികമായ താല്പര്യം പ്രകടിപ്പിക്കുകയുണ്ടായില്ല. ഇന്നു് ആ നിലയ്ക്കു മാററം വന്നിരിക്കുന്നു. ഏഷ്യൻ രാഷ്ട്രീയരംഗത്തേക്കു പ്രവേശിച്ചതിനെത്തുടർന്നു പീക്കിങ്ങ് മേഖലാസാമ്പത്തികസഹകരണപ്രക്രിയകളിൽ പങ്കെടുത്തുതുടങ്ങിയിരിക്കുന്നു.

ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തിൽ ചൈനയ്ക്കു് ഇപ്പോഴുള്ള ഭാഗഭാഗിത്വം അങ്ങേയററം പരിമിതമാണ്. പ്രധാന മേഖലാസാമ്പത്തികസംഘടനകളുടെ പ്രവർത്തനത്തിൻെറ ഉള്ളടക്കത്തേ

യും അവസ്ഥകളിലെ ശാക്തികാനുപാതത്തേയും വിലയിരുത്തുകയും പീക്കിങ്ങിൻേറയും ആ സംഘടനകളുടേയും കർമ്മപാതകഠം തമ്മിലുള്ള സ്പർശനബിന്ദുക്കഠം തേടിപ്പിടിക്കുകയും ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തെ സംബന്ധിച്ച സ്വന്തം മഹച്ഛക്തിസങ്കല്പത്തെ ഏഷ്യൻസമുദായത്തിൻെറ ബോധത്തിൽ കുത്തിച്ചെലുത്തുകയുമാണ് ചൈന ഇന്നു മുഖ്യമായും ചെയ്യുന്നതു്.

രാഷ്ട്രീയവും സാമ്പത്തികവുമായ ഉപാധികളാൽ ഏഷ്യയിലെ മേഖലാസഹകരണത്തിൽനിന്നു ചൈന നേടാൻ ആഗ്രഹിക്കുന്നതു് ഒരേ ലക്ഷ്യങ്ങഠംതന്നെയാണ്.

ഏഷ്യയിലെ മേഖലാസഹകരണത്തിൻെറ രാഷ്ട്രീയവശങ്ങളെ ചൈന എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നതു വിശകലനം ചെയ്യാൻ നാം ഈ കൃതിയിൽ ഉദ്ദേശിക്കുന്നില്ലെങ്കിലും ഏഷ്യൻ സാമ്പത്തികസഹകരണത്തിൽ പീക്കിങ്ങിനുള്ള ലക്ഷ്യങ്ങഠം മനസ്സിലാക്കുന്നതിനുവേണ്ടി അതിനെപ്പററി രണ്ടു വാക്കു പറയുന്നതു നന്നായിരിക്കും. ഏഷ്യയിൽ അമേരിക്ക അതിൻെറ സൈനികസാന്നിദ്ധ്യം തുടരണമെന്നു ചൈന വാദിച്ചു. ഇന്നുള്ള അമേരിക്കൻ സൈനികതാവളങ്ങഠം നിലനിർത്തുന്നതിനേയും പുതിയ താവളങ്ങഠം (ദിഗോ ഗാർഷ്യ) സ്ഥാപിക്കുന്നതിനേയും പീക്കിങ്ങ് അനുകൂലിക്കുന്നു. മേഖലാസൈനിക–രാഷ്ട്രീയബ്ലോക്കായ സിയാറേറായെ നിലനിർത്തണമെന്നായിരുന്നു പീക്കിങ്ങിൻെറ അഭിപ്രായം. ആ ''രാഷ്ട്രീയശവ''ത്തിനു ജീവൻനല്കുന്നപക്ഷം ഏഷ്യയിൽ അമേരിക്കയുടെ സൈനികസാന്നിദ്ധ്യം തുടരാനിടയാകുമെന്നു പീക്കിങ്ങ് പ്രതീക്ഷിച്ചു. അതിനാൽ ഏഷ്യയിൽ സാമ്രാജ്യത്വരാജ്യങ്ങളുടെ രാഷ്ട്രീയസ്വാധീനം കുറയ്ക്കുകയെന്നതു് ഇന്നു ചൈനീസ്നയതന്ത്രത്തിൻെറ മഹച്ഛക്തിലക്ഷ്യങ്ങളിൽ ഉഠംപ്പെടുന്നില്ലെന്നു കരുതാവുന്നതാണ്.

അതേസമയം, ജനാധിപത്യാടിസ്ഥാനത്തിൽ മേഖലാസഹകരണം വികസിപ്പിക്കുന്നതിനുള്ള സാധ്യതകളുളവാക്കുന്ന, ഏഷ്യയിലെ രാജ്യങ്ങളുടെ സംയുക്തയത്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭദ്രതയ്ക്കും സഹകരണത്തിനുംവേണ്ടി സോവിയററ് യൂണിയൻ മുൻവച്ച നിർദ്ദേശത്തെ ചൈന എതിർക്കുന്നു. ആ പ്രശ്നത്തിൽ ചൈന കൈക്കൊള്ളുന്ന നിലപാടും ഏഷ്യൻപ്രശ്നങ്ങഠം പരിഹരിക്കുന്നതിൽ സോവിയററ് യൂണിയനുള്ള പങ്കു കുറയ്ക്കുന്നതിനുവേണ്ടി പീക്കിങ്ങു നടത്തുന്ന കുതന്ത്രങ്ങളും സോവിയററ് യൂണിയനെ ഏഷ്യയിലെ മേഖലാസഹകരണത്തിൽനിന്നു് അകററിനിർത്താൻ ചൈന ആഗ്രഹിക്കുന്നുവെന്നതിനു സാക്ഷ്യം വഹിക്കുന്നു.

അങ്ങനെ, ഏഷ്യയിൽ സോവിയററ് യൂണിയനുള്ള സ്വാധീനം കുറയ്ക്കുകയും സാമ്രാജ്യത്വശക്തികളുടെ സാന്നിദ്ധ്യത്തോടു ഏറെക്കുറെ സഹിഷ്ണുത പ്രദർശിപ്പിക്കുകയും ചെയ്യുകയെന്ന നിലപാടാണ് ഏഷ്യ

യിലെ മേഖലാസഹകരണത്തിൻെറ രാഷ്ട്രീയപ്രശ്നങ്ങളിൽ ചൈന കൈക്കൊള്ളുന്നതു്.

മേഖലാസാമ്പത്തികസഹകരണത്തിൻെറ പ്രധാനപ്രശ്നങ്ങളെ സംബന്ധിച്ച സ്വന്തം പരിപാടി വിശദീകരിക്കാൻ പീക്കിങ്ങിൻെറ നയതന്ത്രം തയ്യാറാകുന്നില്ല. 70—കളുടെ ആരംഭത്തിൽ ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തോടു ചൈന തത്വത്തിൽ നിഷേധാത്മകമായ നിലപാടു കൈക്കൊള്ളുകയും അന്നു വലിയ അംഗസംഖ്യയില്ലായിരുന്ന മേഖലാസാമ്പത്തികസംഘടനകളെ ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള സാമ്രാജ്യത്വോപകരണങ്ങളായി പരിഗണിക്കുകയും ചെയ്തു. തൽഫലമായി ''ഏഷ്യൻ മേഖലാവാദം പീക്കിങ്ങിനെ സംബന്ധിച്ചിടത്തോളം അരോചകമായ ഒരു പ്രതിഭാസമാണെ''[1]ന്നു കരുതാൻ ചൈനാവിദഗ്ദ്ധന്മാർക്കു കഴിഞ്ഞു.

ചൈന ഇപ്പോൾ ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തിൽ വർദ്ധമാനമായ താല്പര്യം പ്രദർശിപ്പിക്കാനും ഏഷ്യൻ സാമ്പത്തികസംഘടനകളുടെ പ്രവർത്തനത്തിൽ പങ്കെടുക്കാനും തുടങ്ങിയിരിക്കുന്നു. ചൈനീസ്നയതന്ത്രത്തിൻെറ തൽസംബന്ധമായ നടപടികൾ ഏഷ്യൻയാഥാർത്ഥ്യത്തിൻെറ ആ പ്രധാനപ്രതിഭാസത്തോടുള്ള ചൈനയുടെ സമീപനത്തെ വിലയിരുത്തുന്നതിനുവേണ്ട സാമഗ്രികൾ നൽകുന്നു. അതിനാൽ വികസ്വരേഷ്യയിലെ മുഖ്യസാമ്പത്തികസംഘടനകളോടു ചൈന കൈക്കൊള്ളുന്ന നിലപാടു നമുക്കു പരിശോധിക്കാം.

## 1. പീക്കിങ്ങ് എക്കാഫെ*യിൽ അരങ്ങേറുന്നു

വ്യത്യസ്തകാരണങ്ങളാൽ ഏഷ്യയിലെ ലേഖലാസാമ്പത്തികസഹകരണത്തിൽ ചൈന പങ്കെടുക്കാതിരുന്നതു നിമിത്തം ആ സഹകരണത്തിൻെറ പ്രശ്നങ്ങളോടുള്ള അതിൻെറ പ്രഖ്യാപിതമല്ലാത്ത, യഥാർത്ഥ

---

* ഏഷ്യക്കും വിദൂരപൂർവ്വദേശത്തിനുമുള്ള സാമ്പത്തിക കമ്മീഷൻ (Economic Commission for Asia and the Far East—ECAFE). 1974 ഏപ്രിലിൽ ഏഷ്യക്കും ശാന്തസമുദ്രപ്രദേശത്തിനുമുള്ള സാമ്പത്തിക—സാമൂഹ്യ കമ്മീഷൻ (Economic and Social Commission for Asia and the Pacific—ESCAP) എന്ന പേരു് അതിനു ലഭിച്ചു. 1974 ഏപ്രിൽ വരെയുള്ള അതിൻെറ പ്രവർത്തനത്തെ വിശകലനം ചെയ്യുമ്പോൾ ''എക്കാഫെ''യെന്നും പിന്നീടു് ''എസ്കാപ്'' എന്നും ഉപയോഗിക്കുന്നതായിരിക്കും.

നിലപാടിനെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുകയെന്നതു് ഏറെക്കാലമായി അസാദ്ധ്യമായിരുന്നു. എന്നാൽ ചൈന എക്കാഫെയിൽ പ്രവേശിച്ചതോടുകൂടി ആ സ്ഥിതിക്കു മാററം വന്നു. ആ കമ്മീഷനിൽ പീക്കിങ്ങ് അനുവർത്തിക്കുന്ന നയം ഏഷ്യൻ മേഖലാസാമ്പത്തികസഹകരണത്തോടുള്ള അതിൻെറ യഥാർത്ഥമനോഭാവത്തെ തുറന്നുകാട്ടുന്നു.

എക്കാഫെ രൂപീകരിക്കുന്നതിൽ ചൈന പങ്കെടുക്കുകയുണ്ടായെന്ന സംഗതി ഇന്നു പലരും വിസ്മരിച്ചുകാണും. എന്നാൽ ചൈനയുടെ മണ്ണിൽവച്ചാണു് ആ കമ്മീഷൻ സ്ഥാപിക്കപ്പെട്ടതു്. അതിൻെറ പ്രഥമ (സംവിധാന) സമ്മേളനം 1947 മാർച്ചിൽ ഷാങ്ങ്ഹായിൽവച്ചു നടന്നു. എക്കാഫെയുടെ ആസ്ഥാനം കുറെക്കാലത്തേക്കു ഷാങ്ങ്ഹായ് ആയിരുന്നു. പിന്നീടതു ബാങ്കോക്കിലേക്കു മാററപ്പെടുകയും കമ്മീഷനിൽ പി.ആർ.സി.ക്കു ന്യായമായും അവകാശമുണ്ടായിരുന്ന സ്ഥാനം അമേരിക്കയും അതിൻെറ സഖ്യരാജ്യങ്ങളും മുൻകൈ എടുത്തതിൻെറ ഫലമായി തയ്‌വാനു നല്കപ്പെടുകയും ചെയ്തു.

എസ്കാപ് ഇന്നു് ഏഷ്യയിലെ ഏററവും പ്രാതിനിധ്യസ്വഭാവമുള്ള മേഖലാസംഘടനയാണു്. 38 രാജ്യങ്ങളും പ്രദേശങ്ങളും അതിൽ അംഗങ്ങളാണു്.* വികസ്വരേഷ്യയുടെ സമ്പദ്‌വ്യവസ്ഥയിലെ സാമ്രാജ്യത്വമേധാവിത്വത്തിനെതിരെയുള്ള സമരത്തിൽ തികച്ചും പ്രത്യക്ഷമായ പല വിജയങ്ങളും നേടാൻ അതിനു കഴിഞ്ഞു. ഏഷ്യാഭൂഖണ്ഡത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ പല പ്രശ്നങ്ങളും പരിഹരിക്കുന്നതിലേക്കു് അതു ഗണ്യമായ സംഭാവനകൾ ചെയ്തു. മേഖലയിലെ സാമ്പത്തികതന്ത്രം ആവിഷ്‌ക്കരിക്കുന്നതിനുവേണ്ടി കമ്മീഷൻ ഫലപ്രദമായ ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നു. ആസൂത്രണതത്വങ്ങൾ പ്രായോഗി

---

* അഫ്ഗാനിസ്ഥാൻ, ആസ്ത്രേലിയ, ഇന്ത്യ, ഇന്തോനേഷ്യ, ഇറാൻ, കമ്പോഡിയ, ചൈന, ജപ്പാൻ, ടോംഗാ, തായ്‌ലണ്ടു്, ദക്ഷിണകൊറിയ, നേപ്പാൾ, നൗറു, ന്യൂസിലണ്ടു്, പശ്ചിമസമോവ, പാക്കിസ്ഥാൻ, ഫിലിപ്പൈൻസ്, ബർമ്മ, ബംഗ്ലാദേശ്, ഭൂട്ടാൻ, മംഗോളിയ, മലേഷ്യ, ലാവോസ്, വിയററ്നാം സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്, ശ്രീലങ്ക, സിംഗപ്പൂർ എന്നിവ എസ്കാപ്പിൻെറ മേഖലാംഗങ്ങളാണു്. കുക്ക്ദ്വീപുകൾ, ഗിൽബർട്ട്—എല്ലിസ്ദ്വീപുകൾ, ന്യൂഗിനി, പാപ്പുവാ, ബ്രിട്ടീഷ് സോളമൻദ്വീപുകൾ, ബ്രൂനെയ്, ശാന്തസമുദ്രദ്വീപുകളുടെ ഏകീകൃതപ്രദേശം, ഹോങ്കോങ്ങ് എന്നിവ അതിൻെറ അസോഷിയേററ് അംഗങ്ങളാണു്.

ഫ്രാൻസ്, ബ്രിട്ടൺ, യു.എസ്.എസ്.ആർ., യു.എസ്.എ., ഹോളണ്ടു് എന്നീ രാജ്യങ്ങൾ എസ്കാപ്പിൻെറ മേഖലയ്ക്കുവെളിയിൽനിന്നുള്ള അംഗങ്ങളാണു്.

കമാക്കിയതും വ്യവസായവല്ക്കരണത്തിന്റെ പ്രധാനദിശകൾ നിർണ്ണയിച്ച തും മേഖലാസഹകരണം വികസിപ്പിച്ചതും കമ്മീഷന്റെ നേട്ടങ്ങളാണ്. ലോകസമ്പദ്‌വ്യവസ്ഥയുടെ സങ്കീർണ്ണമായ പ്രതിഭാസങ്ങളോടും പ്രക്രിയകളോടുമുള്ള ഏഷ്യൻവികസ്വരരാജ്യങ്ങളുടെ കൂട്ടായ സമീപനം അതിൽവച്ചു ആവിഷ്ക്കരിക്കപ്പെടുന്നു. യുദ്ധാനന്തരകാലത്ത് ദേശീയവിമോചനപ്രസ്ഥാനത്തെ തച്ചമർത്തുന്നതിനുവേണ്ടി സാമ്രാജ്യത്വം ഏററവും തീവ്രമായ ഉപാധികൾ സ്വീകരിക്കുകയും നവസ്വതന്ത്രരാഷ്ട്ര ങ്ങൾതമ്മിലുള്ള ബന്ധങ്ങൾ പലപ്പോഴും രൂക്ഷമായ സംഘട്ടനങ്ങളാൽ കലുഷിതമാവുകയുംചെയ്ത ഏഷ്യയിൽ ആ കമ്മീഷൻ നിലനില്ക്കുന്നുവെന്ന വസ്തുതതന്നെ അതു നടത്തുന്ന ബഹുമുഖവും ക്രിയാത്മകവുമായ പ്രവർത്തനത്തിന്റെ പ്രാധാന്യത്തിനു സാക്ഷ്യംവഹിക്കുന്നു.

യു.എൻ.ഒ.യിലും, തന്മൂലം എക്കാഫെയിലും ചൈനയ്ക്കു ദീർഘകാലം പ്രാതിനിധ്യമില്ലായിരുന്നതിനാൽ പീക്കിങ്ങ് ആ കമ്മീഷനെ ''അമേരിക്കയുടെ നിയന്ത്രണത്തിലുള്ള''[2] സംഘടനയായി വ്യാഖ്യാനിക്കുകയും അതിന്റെ ലക്ഷ്യങ്ങളേയും പ്രവർത്തനങ്ങളേയും കിട്ടിയ അവസരങ്ങളിലെല്ലാം നിശിതമായി വിമർശിക്കുകയും ചെയ്തു.

1971 ഒക്ടോബറിൽ പി.ആർ.സി.യുടെ അവകാശങ്ങൾ യു.എൻ.ഒ.യിലും എക്കാഫെയിലും പുനഃസ്ഥാപിക്കപ്പെട്ടു. 1949–71 കാലത്ത് സോവിയററ് യൂണിയൻ അതിനുവേണ്ടി വാശിയോടെ സമരം ചെയ്തുവെന്നതു് ഇവിടെ അനുസ്മരണീയമാണ്.

എക്കാഫെയുടെ പ്രവർത്തനത്തിൽ ക്രിയാത്മകമായി സഹകരിച്ചെങ്കിൽമാത്രമേ ചൈനയ്ക്ക് അതിന്റെ ഏകാകിതയിൽനിന്നു വിമുക്തിനേടാൻ കഴിയുമായിരുന്നുള്ളൂ. അതിനാൽ ചൈന ഉടൻതന്നെ ആ കമ്മീഷന്റെ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കാൻ ആരംഭിക്കുമെന്നു കരുതപ്പെട്ടു.

കമ്മീഷനു കൂടുതൽ പ്രാതിനിധ്യസ്വഭാവം കൈവരുമെന്നും മേഖലയുടെ കാര്യങ്ങളിൽ ചൈന സജീവമായി പങ്കെടുക്കുമെന്നും പ്രത്യാശിച്ചുകൊണ്ട് വികസ്വരേഷ്യ പി.ആർ.സി.ക്ക് എക്കാഫെയിൽ പ്രാതിനിധ്യം നൽകുന്നതിനെ പൊതുവെ അനുകൂലിച്ചു.

എക്കാഫെയുടെ പ്രവർത്തനത്തിൽ ചൈന പങ്കെടുക്കുന്നതു് സമൂഹ്യവും സാമ്പത്തികവുമായ വികാസത്തിന്റെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സഹായകമായി ഭവിക്കുമെന്ന് ഏഷ്യൻ തലസ്ഥാനങ്ങളിൽ പ്രതീക്ഷിക്കപ്പെട്ടു. മാത്രമല്ല, ദേശീയവിമോചനപ്രസ്ഥാനത്തിനുള്ള പിന്തുണയെപ്പററി പെരുമ്പറയടിക്കുന്ന ചൈന കമ്മീഷന്റെ പ്രവർത്തനത്തിനു വിത്തീയമായതുൾപ്പെടെ ക്രിയാത്മകമായ സംഭാവന നല്കുമെന്നു വികസ്വരേഷ്യൻരാജ്യങ്ങൾ കരുതി.

എന്നാൽ അതിൽ സംശയം പ്രകടിപ്പിക്കപ്പെടാതിരുന്നില്ല. മേഖലാസാമ്പത്തികകമ്മീഷൻെറ വേദിയെ ചൈന പ്രധാനമായും ഏഷ്യയിൽ സോവിയററ് യൂണിയൻെറ സ്വാധീനം കുറയ്ക്കുന്നതിനും ''മൂന്നാംലോക''ത്തിൻെറ താല്പര്യങ്ങളുടെ സംരക്ഷകനായി സ്വയം ചിത്രീകരിക്കുന്നതിനുംവേണ്ടി ഉപയോഗിക്കുമെന്നു ചില പത്രങ്ങൾ അഭിപ്രായപ്പെട്ടു.

ചൈന എക്കാഫെയിൽ അരങ്ങേററം നടത്തിയതു് 1973 വസന്തത്തിൽ ടോക്കിയോയിൽ നടന്ന കമ്മീഷൻെറ 29-ാംസമ്മേളനത്തിൽ വച്ചാണു്. ''എക്കാഫെ യു.എൻ.ഒ.യുടെ ഒരു പ്രധാനമേഖലാസംഘടനയാണെ''ന്നും ചൈന അതുമായി സഹകരിക്കാൻ തയ്യാറാണെന്നും ചൈനീസ് പ്രതിനിധിസംഘത്തിൻെറ തലവൻ ആ സമ്മേളനത്തിൽ വച്ചു പ്രസ്താവിച്ചു.

എന്നാൽ ആ പ്രസ്താവനയ്ക്കു പ്രായോഗികമായ സ്ഥിരീകരണം ലഭിച്ചില്ല. കമ്മീഷനുമായി സഹകരണത്തിലേർപ്പെടുന്നതിനുവേണ്ടി ചൈന ഇതേവരെ കാര്യമായിട്ടൊന്നും ചെയ്തിട്ടില്ല. എസ്കാപ്പിൻെറ സെക്രട്ടറിയേററ് സംഘടിപ്പിക്കുന്ന സംരംഭങ്ങളിൽ ചൈന വളരെ തണുപ്പൻമട്ടിലാണു പങ്കെടുക്കുന്നതു്. ഏഷ്യയുടെ സാമൂഹ്യവും സാമ്പത്തികവുമായ വികാസത്തിൻെറ നിരവധി പ്രശ്നങ്ങൾ ചർച്ചചെയ്യുകയും അവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ എസ്കാപ്സെക്രട്ടറിയേററിൻേറയും വാർഷികസമ്മേളനങ്ങളുടേയും മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്ന കമ്മിററികളുടേയും സബ്കമ്മിററികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിൽനിന്നു ചൈന ഒഴിഞ്ഞുമാറുന്നു.

ചൈനയിൽ സെമിനാറുകളും പ്രവർത്തകസമ്മേളനങ്ങളും പഠനപര്യടനങ്ങളും സംഘടിപ്പിക്കുന്നതിൽ എസ്കാപ് സെക്രട്ടറിയേററിനു താല്പര്യമുണ്ടെങ്കിലും അവയൊന്നും ഏറെറടുത്തു നടത്താൻ ചൈന ഇതുവരേയ്ക്കും ആഗ്രഹം പ്രകടിപ്പിച്ചിട്ടില്ല.

കമ്മീഷൻെറ വാർഷികസമ്മേളനങ്ങളിൽ ചൈനീസ്പ്രതിനിധികൾ സന്നിഹിതരായിരുന്നുവെന്നതു മാത്രമാണു് സംഘടനാപരമായി നോക്കുമ്പോൾ എസ്കാപ്പിൻെറ പ്രവർത്തനത്തിൽ ചൈന ഇതേവരെ വഹിച്ചിട്ടുള്ള പങ്കു്. 1972-ൽ ബാങ്കോക്കിൽവച്ചു നടന്ന സമ്മേളനത്തെ ''മററു ജോലികൾ ധാരാളമുണ്ടെ''ന്ന കാരണം പറഞ്ഞു് ചൈന അവഗണിക്കുകയാണുണ്ടായതു്. എസ്കാപ്പിൻെറ പ്രവർത്തനത്തിൽ ചൈന കൂടുതൽ സജീവമായ പങ്കു വഹിക്കുന്നതിനെ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി കമ്മീഷൻെറ എക്സിക്യൂട്ടീവ് സെക്രട്ടറിമാർ മൂന്നു തവണ (ഊ ന്യൂൻ 1972-ലും മറാമിസ് 1974-ലും 1975-ലും) പീക്കിങ്ങ് സന്ദർശിച്ചു. എന്നാൽ മൂന്നുപ്രാവശ്യവും അ

വർക്കു വെറുങ്കയ്യോടെ മടങ്ങേണ്ടിവന്നു—കമ്മീഷൻെറ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നതിനെ സംബന്ധിച്ച് മൂർത്തമായ വാഗ്ദാനങ്ങൾ നല്കുന്നതിൽനിന്നു ചൈന ഒഴിഞ്ഞുമാറി.

കമ്മീഷൻെറ സെക്രട്ടറിയേററും ചൈനീസ് ഗവണ്മെൻറും തമ്മിൽ നടപ്പുപ്രശ്നങ്ങളെ സംബന്ധിച്ചു സമ്പർക്കങ്ങൾ പുലർത്തുന്നതിനുവേണ്ടി എസ്കാപ്പിൻെറ ആസ്ഥാനമായ ബാങ്കോക്കിൽ പി.ആർ.സി. അതിൻെറ പ്രതിനിധികാര്യാലയം ഇനിയും ആരംഭിച്ചിട്ടില്ല. ''അത്തരമൊരു പ്രതിനിധികാര്യാലയം സ്ഥാപിക്കുന്നതിൻെറ ഫലമായി ചൈനയും എസ്കാപ്പും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ എളുപ്പമാകുമെന്നും അവ തമ്മിലുള്ള സംഭാഷണങ്ങൾ വേഗം പുരോഗമിക്കുമെന്നും''3 കമ്മീഷൻെറ എക്സിക്യൂട്ടീവ് സെക്രട്ടറി മറാമിസ് തൻെറ ചൈനാസന്ദർശനവേളയിൽ പ്രസ്താവിച്ചു.

കമ്മീഷൻ മുൻവയ്ക്കുന്ന വ്യവസ്ഥകളെ അടിസ്ഥാനമാക്കി അതുമായി സമ്പർക്കങ്ങൾ വികസിപ്പിക്കാൻ ചൈന ആഗ്രഹിക്കുന്നില്ലെന്നാണ് എസ്കാപ്പിൻെറ ആസ്ഥാനത്തേക്കു സ്ഥിരം പ്രതിനിധികളെ അയക്കാൻ ചൈന കൂട്ടാക്കാത്തതിൽനിന്നു മനസ്സിലാക്കേണ്ടതു്.

ചൈനീസ് പ്രതിനിധിസംഘം എക്കാഫെയുടെ 29—ാംസമ്മേളനത്തിൽ നടത്തിയ അരങ്ങേററത്തോടുകൂടി കമ്മീഷൻെറ പ്രവർത്തനത്തിനു ചൈന വിത്തീയപിന്തുണ നല്കുമെന്നുള്ള ഏഷ്യൻവികസ്വരരാജ്യങ്ങളുടെ പ്രത്യാശകൾ നശിച്ചു. പ്രസ്തുതസമ്മേളനത്തിൽവച്ചു ചെയ്ത തൻെറ ആദ്യത്തെ പ്രസ്താവനയിൽ ചൈനീസ് പ്രതിനിധി ഇങ്ങനെ പറഞ്ഞു: ''ചൈന ഇനിയും സാമ്പത്തികമായി ഏറെക്കുറെ അവികസിതമായ രാജ്യമാണ്. അതിനാൽ സാമ്പത്തികനിർമ്മാണത്തിനുവേണ്ടി ഞങ്ങൾക്കിനിയും ഗണ്യമായ യത്നങ്ങൾ നടത്തേണ്ടിയിരിക്കുന്നു.'' ഏഷ്യൻ പ്രതിനിധികളിലാർക്കും യാതൊരുവക വ്യാമോഹങ്ങളും ഇല്ലാതിരിക്കുന്നതിനുവേണ്ടി അതേ സമ്മേളനത്തിൽവച്ചുതന്നെ ചൈനീസ് പ്രതിനിധി ഇങ്ങനെ ഊന്നിപ്പറഞ്ഞു: ''ചൈനീസ് സമ്പദ്‌വ്യവസ്ഥ താരതമ്യേന പിന്നോക്കനിലയിലുള്ളതായതിനാൽ മററു രാജ്യങ്ങൾക്കു ഭൗതികവും സാങ്കേതികവുമായ സഹായം നല്കുന്നതിനു ഞങ്ങൾക്കിനിയും പരിമിതമായ സാധ്യതകളേയുള്ളു.'' ആ പ്രധാനപ്രശ്നത്തിൽ ചൈന കൈക്കൊണ്ട നിലപാടിൻെറ ഫലമായി പ്രതിനിധികൾക്കിടയിലുണ്ടായ നിരാശ ശമിപ്പിക്കുന്നതിനുവേണ്ടി ചൈനീസ് പ്രതിനിധിസംഘത്തിൻെറ തലവൻ ഒരു അഭിമുഖസംഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: ''ഞങ്ങൾക്കിന്നു നല്കാൻ കഴിയുന്ന സഹായം പരിമിതമാണെങ്കിലും ചൈനീസ് സമ്പദ്‌വ്യവസ്ഥയുടെ വികാസത്തോടൊപ്പം ആ തുറയിലുള്ള ഞങ്ങളുടെ യത്നങ്ങൾ രണ്ടു മടങ്ങായി വർദ്ധിക്കും.''4 ത

ല്ലാലം ''സ്വന്തം ശക്തിയെ ആശ്രയിക്കാൻ'' ചൈനീസ് പ്രതിനിധിസംഘം ഏഷ്യൻ വികസ്വരരാജ്യങ്ങളോടുപദേശിച്ചു.

കൊളൊമ്പോയിൽവച്ചു നടന്ന എസ്കാപ്പിൻെറ 30—ാംസമ്മേളനത്തിൽവച്ച് ഏഷ്യൻവികസ്വരരാജ്യങ്ങൾക്ക സാമ്പത്തികസഹായം നല്കുന്നതിനെ സംബന്ധിച്ച് ചൈനീസ് പ്രതിനിധികൾ ഇത്രമാത്രം പറഞ്ഞു: ''അനതിവിദൂരഭാവിയിൽ, ആധുനികരീതിയിലുള്ള വ്യവസായം, കൃഷി, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവ കെട്ടിപ്പടുത്തതിനുശേഷം മാനവസമുദായത്തിൻെറ വികാസത്തിലേക്ക ചൈന വലിയ സംഭാവന നല്കുന്നതാണ്''.[5] ചൈനയ്ക്ക് അതിൻെറ സമ്പദ്‌വ്യവസ്ഥയെ വികസിപ്പിക്കുന്നതിന് ഏതാനും ദശാബ്ദങ്ങൾ വേണ്ടിവരുമെന്നു പീക്കിങ്ങ്നേതൃത്വം പറഞ്ഞിട്ടുള്ളതിനാൽ അടുത്ത നൂററാണ്ടിൽ മാത്രമേ ഏഷ്യൻ വികസ്വരരാജ്യങ്ങൾക്ക ചൈനയിൽനിന്നു് സഹായം പ്രതീക്ഷിക്കാനാവൂ.

എസ്കാപ്പിൻെറ 31—ാംസമ്മേളനത്തിൽവച്ചും കമ്മീഷനു മൂർത്തമായ ധനസഹായം വാഗ്ദാനം ചെയ്യുന്നതിൽനിന്നു ചൈനീസ് പ്രതിനിധിസംഘം വീണ്ടും ഒഴിഞ്ഞുമാറി. കമ്മീഷൻെറ രേഖകളിൽ അതിൻെറ നിരവധി സംരംഭങ്ങൾക്ക ധനസഹായം നല്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ചൈനയുടെ പേർ ഒരിക്കൽപ്പോലും അനുസ്മരിച്ചുകാണുന്നില്ല. എസ്കാപ്പിൻെറ ചില പരിപാടികളിൽ പങ്കെടുക്കുന്നതിനു ചൈനീസ് പ്രതിനിധിസംഘം സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും അവ്യക്തമായ പല വ്യവസ്ഥകളും അവർ അതിനുവേണ്ടി മുൻവച്ചു. അതിനാൽ കമ്മീഷൻെറ പ്രവർത്തനത്തിനു ചൈനയിൽനിന്നുള്ള ധനസഹായം അങ്ങേയററം സന്ദിഗ്ദ്ധമായിത്തന്നെയിരിക്കുന്നു.[6] സമ്മേളനാനന്തരം നടന്ന പ്രസ്സ്കോൺഫറൻസിൽ കമ്മീഷൻെറ എക്സിക്യൂട്ടീവ് സെക്രട്ടറി മറാമിസിനു് അതെപ്പററി ഊഹാപോഹങ്ങൾ നടത്തേണ്ടതായി വന്നു. കമ്മീഷൻെറ പ്രവർത്തനത്തിനു ധനസഹായം നല്കാൻ ചൈന ആഗ്രഹിക്കുന്നുവെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. 1974 ശരത്തിൽ ചൈന സന്ദർശിച്ച അവസരത്തിൽ അദ്ദേഹം ചൈനീസ് പ്രതിനിധികളുമായി നടത്തിയ കൂടിയാലോചനകളുടെ ഉള്ളടക്കമൊണത്രേ ആ അഭിപ്രായത്തിനു നിദാനമായിട്ടുള്ളതു്. യൂനിഡോ*യ്ക്കു ചൈന യുവാനിൽ നല്കുന്ന സംഭാവനയെ കമ്മീഷൻെറ താല്പര്യങ്ങൾക്കുവേണ്ടി ഏതെല്ലാം രീതിയിൽ വിനിയോഗിക്കാമെന്നതിനെപ്പററി ചൈനീസ് പക്ഷം അദ്ദേഹവുമായി ചർച്ചകൾ നടത്തി.[7] അത്രമാത്രം.

---

* United Nations Industrial Development Organization (UNIDO) —ഐക്യരാഷ്ട്ര വ്യവസായവികസനസംഘടന.—പ്രസാ.

ഏഷ്യൻ വികസ്വരരാജ്യങ്ങൾക്ക സാമ്പത്തികസഹായം നല്കുന്നതിനെ സംബന്ധിച്ച് എസ്കാപ്പിൻെറ സമ്മേളനങ്ങളിൽ ചൈന കൈക്കൊണ്ട ഔദ്യോഗികനിലപാടാണ മേൽവിവരിച്ചതു്. കമ്മീഷൻെറ ചില പ്രതിനിധിസംഘങ്ങളെ ചൈനയിൽ സ്വീകരിക്കാമെന്നു്, വ്യവസ്ഥകളോടുകൂടിയാണെങ്കിലും ചൈനീസ് പ്രതിനിധികൾ സമ്മതിച്ചുവെന്നു് എസ്കാപ്പിൻെറ 31–ാംസമ്മേളനത്തിനുശേഷം വെളിപ്പെട്ടു. എന്നാൽ പ്രസ്തുത സംഘങ്ങളുടെ ചെലവുകൾ ചൈന വഹിക്കുമോയെന്നതു് അവർ വെളിപ്പെടുത്തുകയുണ്ടായില്ല.[8]

അങ്ങനെ ചൈന എസ്കാപ്പുമായുള്ള സമ്പർക്കവികാസത്തെ മനഃപൂർവ്വം തടസ്സപ്പെടുത്തുന്നു.

എസ്കാപ്പിൽ ചൈന പ്രദർശിപ്പിക്കുന്ന ഉദാസീനതയ്ക്കുള്ള കാരണങ്ങൾ പരിശോധിക്കുന്നതിനുമുമ്പ് ആ സംഘടനയുടെ വാർഷികസമ്മേളനങ്ങളിൽ ചൈനീസ് പ്രതിനിധികൾ മുൻവയ്ക്കുന്ന കർമ്മപരിപാടി വിശകലനം ചെയ്യേണ്ടതാവശ്യമാണ്.

ഏഷ്യ ബാഹ്യലോകത്തിൽനിന്നു് ഒററപ്പെടണമെന്നു ചൈന എസ്കാപ്പിൽ വാദിക്കുന്നു. ''ഏഷ്യ ഏഷ്യാക്കാർക്കു്'' എന്ന മട്ടിലുള്ള ആശയവേദി അതു മുൻവയ്ക്കുന്നു. ഏഷ്യാഭൂഖണ്ഡത്തിൽ വിദേശസ്വാധീനം ഇല്ലാതാക്കുകയും സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്വന്തം ശക്തിയെ ആശ്രയിക്കുകയും ചെയ്യുകയെന്നതാണ് അതുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്. എന്നാൽ ''സ്വന്തം ശക്തിയെ ആശ്രയിക്കുക''യെന്ന തത്വം, അതു പുലർത്തുന്ന രാജ്യങ്ങളുടെ പിന്നോക്കാവസ്ഥ അതേപടി തുടരുന്നതിനും ''അടച്ചുകെട്ടിയ'' ഒരു സമ്പദ് വ്യവസ്ഥ രൂപംകൊള്ളുന്നതിനും ഇടയാക്കുമെന്നതു സുവിദിതമായ കാര്യമാണ്. ശാസ്ത്രീയ–സാങ്കേതികവിപ്ലവത്തിൻെറ ഇന്നത്തെ സാഹചര്യങ്ങളിൽ, വേണ്ടത്ര ശാസ്ത്രീയ–സാങ്കേതികശേഷിയില്ലാത്തവയും ചൈനയിൽനിന്നു് അക്കാര്യത്തിൽ ഗണ്യമായ എന്തെങ്കിലും സഹായം കിട്ടുമെന്നു കരുതാൻ കഴിയാത്തവയുമായ ഏഷ്യൻ വികസ്വരരാജ്യങ്ങൾക്കു് സോഷ്യലിസ്റ്റ്രാജ്യങ്ങളുടേയും, ഒരളവിൽ വികസിതമുതലാളിത്തരാജ്യങ്ങളുടേയും സഹായത്തോടുകൂടിമാത്രമേ അവയുടെ ദേശീയസമ്പദ് വ്യവസ്ഥയുടെ നിലവാരം ഇന്നത്തെ ആവശ്യങ്ങൾക്കൊത്തവണ്ണം ഉയർത്താൻ സാധിക്കൂ. സോഷ്യലിസ്റ്റ്രാജ്യങ്ങളിൽനിന്നും വികസിതമുതലാളിത്തരാജ്യങ്ങളിൽനിന്നുമാണ് ഏഷ്യയിലെ നവസ്വതന്ത്രരാജ്യങ്ങൾക്കു് അവയുടെ സാമ്പത്തികവികാസത്തിനു പുറമേനിന്നാവശ്യമായ വിത്തീയസഹായം മുഖ്യമായും ലഭിക്കുന്നതു്. ആ സഹായംകൂടാതെ തങ്ങളുടെ സാമ്പത്തികപരിപാടികൾ സാക്ഷാൽക്കരിക്കാൻ ഏഷ്യൻരാജ്യങ്ങൾക്കിന്നു സാധ്യമല്ല. ചൈനയ്ക്കാകട്ടെ അത്തരത്തിലുള്ള സഹായം

നല്കാൻ അടുത്തകാലത്തൊന്നും സാധിക്കുകയില്ല. ഈ സാഹചര്യങ്ങളിൽ സ്വയം ഒററപ്പെടുന്നതിനും സ്വന്തം ശക്തിയെ ആശ്രയിക്കുന്നതിനുംവേണ്ടി പീക്കിങ്ങിൽനിന്നു മുഴക്കപ്പെടുന്ന ആഹ്വാനങ്ങൾ യഥാർത്ഥത്തിലുള്ള സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടി ഏഷ്യൻ വികസ്വരരാജ്യങ്ങൾ നടത്തുന്ന സമരത്തെ തടസ്സപ്പെടുത്തുകമാത്രം ചെയ്യുന്നു.

''സ്വന്തം ശക്തിയെ ആശ്രയിക്കുക''യെന്ന മുദ്രാവാക്യം സോഷ്യലിസ്റ്റ് രാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളെ ദുർബ്ബലമാക്കുമെന്നതിലാണ് വികസ്വരരാജ്യങ്ങൾക്കുള്ള ഭവിഷ്യത്തുകളെ അവഗണിച്ചുകൊണ്ടുതന്നെ പീക്കിങ്ങ് അതു ''മൂന്നാംലോക''ത്തിൽ പ്രചരിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തുന്നതു്.

ഏഷ്യ സ്വയം ഒററപ്പെടണമെന്നു വാദിക്കുന്ന പീക്കിങ്ങ് രണ്ടു മുന്നണികളിൽ, അതായതു സോഷ്യലിസ്റ്റ്രാജ്യങ്ങളുടേയും സാമ്രാജ്യത്വരാജ്യങ്ങളുടേയും സ്വാധീനത്തിനെതിരെ സമരം നടത്തുന്നുവെന്നാണു വയ്പ്പ്. അതേസമയംതന്നെ ചൈന സാമ്രാജ്യത്വശക്തികളുമായി രഹസ്യധാരണയിലെത്തുകയെന്ന നയം അനുവർത്തിക്കുകയും ''സാമ്രാജ്യത്വം ഒരു കടലാസുപുലിയാണെ''ന്ന അബദ്ധവും ഹാനികരവുമായ സിദ്ധാന്തം ദേശീയവിമോചനപ്രസ്ഥാനത്തെ കെട്ടിയേല്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സാർവ്വദേശീയസാമ്രാജ്യത്വത്തിൻെറ ശക്തിയെ കുറച്ചുകാണിക്കുന്ന സിദ്ധാന്തമാണതു്. എസ്കാപ്പിൻെറ 30—ാംസമ്മേളനത്തിൽവച്ചു് ചൈനീസ്പ്രതിനിധിസംഘം ''സാമ്രാജ്യത്വത്തിൻെറ ദൗർബ്ബല്യ''ത്തെപ്പററി സംസാരിക്കുകയും '''മൂന്നാംലോകം' സാമ്രാജ്യത്വത്തെയെന്നതിനെക്കാൾ സാമ്രാജ്യത്വം 'മൂന്നാംലോക'ത്തെയാണ് ആശ്രയിച്ചിരിക്കുന്നതെ''ന്നു പ്രസ്താവിക്കുകയും ചെയ്തു. മുൻകൂട്ടി കാര്യമായ തയ്യാറെടുപ്പു കൂടാതെതന്നെ ''സാമ്രാജ്യത്വത്തിനു തിരിച്ചടി നല്കുന്നതിനു സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കാൻ'' അവർ വികസ്വരരാജ്യങ്ങളോടു് ആഹ്വാനിക്കുകപോലും ചെയ്തു.

സാർവ്വദേശീയസാമ്രാജ്യത്വത്തിൻെറമേൽ തയ്യാറെടുപ്പുകൂടാതെ ''മിന്നലാക്രമണങ്ങൾ'' നടത്തുന്നതു് ദേശീയവിമോചനപ്രസ്ഥാനത്തിനു ഹാനികരമാകാനേ നിവൃത്തിയുള്ളുവെന്നു് ആ പ്രസ്ഥാനത്തിൻെറ അനുഭവത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും. അത്തരം ''മിന്നലാക്രമണങ്ങൾ'' വസ്തുനിഷ്ഠമായി സാമ്രാജ്യത്വത്തെ സഹായിക്കുന്നു. എന്തെന്നാൽ അവയുടെ ഫലമായി പുരോഗമനശക്തികൾക്കു ന്യായീകരിക്കാനാവാത്തവണ്ണം വമ്പിച്ച നഷ്ടങ്ങൾനേരിടുകയും പിന്തിരിപ്പൻശക്തികൾക്കു സമയം ലാഭിക്കാൻ സാധിക്കുകയും ചെയ്യുന്നു. സാർവ്വദേശീയസാമ്രാജ്യത്വത്തിനെതിരെയുള്ള സമരം സുസംഘടിതവും ക്രമനിബദ്ധവുമായിരിക്കണം. അതിൻെറ ഓരോ നടപടിയും വളരെ ശ്രദ്ധിച്ചു തയ്യാറാക്ക

പ്പെട്ടതായിരിക്കണം. ഇതെല്ലാം സ്വയംസ്പഷ്ടമായ തത്വങ്ങളാണ്. ഏഷ്യൻ വികസ്വരരാജ്യങ്ങളെ സാഹസികനടപടികളിലേക്കു തള്ളിവിടുന്നതിനും പരാജയങ്ങളേല്പിച്ച് അവയുടെ ശക്തി കെടുത്തുന്നതിനും പാശ്ചാത്യശക്തികളുമായി അവയ്ക്കുള്ള ബന്ധങ്ങൾ വഷളാക്കുന്നതിനും പിന്നീട് അവയുടെമേൽ സ്വന്തം നിയന്ത്രണം സ്ഥാപിക്കുന്നതിനുംവേണ്ടി പീക്കിങ്ങ് ആ തത്വങ്ങളെ മനഃപൂർവ്വം അവഗണിക്കുന്നു.

കമ്മീഷന്റെ സമ്മേളനങ്ങളിൽ പി.ആർ.സി. പ്രതിനിധികൾ നടത്തുന്ന സാമ്രാജ്യത്വവിമർശനം അമൂർത്തമാണെന്നതും സാമ്രാജ്യത്വശക്തികൾ ഏഷ്യയിൽ അനുവർത്തിക്കുന്ന പുത്തൻകൊളോണിയലിസ്റ്റ് നയത്തെ തുറന്നുകാട്ടുന്നതിന് അതു കൂടുതലായൊന്നും നല്കുന്നില്ലെന്നതും കണക്കിലെടുക്കുമ്പോൾ എസ്കാപ്പിന്റെ ചട്ടക്കൂട്ടിനുള്ളിൽ ചൈന ഔപചാരികമായ സാമ്രാജ്യത്വവിരുദ്ധസമരമാണു നടത്തുന്നതെന്ന നിഗമനത്തിൽ നാം അനിവാര്യമായും എത്തിച്ചേരുന്നു. സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനത്തിന്റെ ഇതരരംഗങ്ങളിൽ പുരോഗമനശക്തികൾ നടത്തുന്ന സമരത്തിൽ ചൈന കൈക്കൊള്ളുന്ന യഥാർത്ഥനിലപാടിനെ വിലയിരുത്തുമ്പോഴും നാം അതേ നിഗമനത്തിൽ എത്തിച്ചേരുന്നു.

മാത്രമല്ല, മററു പല അന്താരാഷ്ട്രീയസംഘടനകളിലുമെന്നതുപോലെ എസ്കാപ്പിലും, ഔപചാരികമായ ആ സാമ്രാജ്യത്വവിമർശനത്തെപ്പോലും സാമ്രാജ്യത്വത്തിനെതിരെയല്ല, സോഷ്യലിസത്തിനെതിരെയാണു ചൈന ഉപയോഗിക്കുന്നതെന്നു കരുതേണ്ടിയിരിക്കുന്നു. ഏഷ്യൻ വികസ്വരരാജ്യങ്ങളിൽ സോവിയററ് യൂണിയനു വലിയ സ്വാധീനശക്തിയുണ്ടെന്നതും സാമ്രാജ്യത്വത്തിനെതിരെയുള്ള സമരത്തിൽ ആ രാജ്യങ്ങൾ അതിനെ തങ്ങളുടെ തത്വദീക്ഷയുള്ള കൂട്ടാളിയായി കരുതുന്നുവെന്നതും കണക്കിലെടുത്തുകൊണ്ട് പീക്കിങ്ങ് സാമ്രാജ്യത്വശക്തികൾക്കും സോവിയററ് യൂണിയനും ഏഷ്യയിൽ ഒരേ വിദേശനയലക്ഷ്യങ്ങളാണുള്ളതെന്നു കാട്ടാൻ ശ്രമിക്കുന്നു. ഈ ചെപ്പടിവിദ്യയുടെ ലക്ഷ്യം പാശ്ചാത്യരാജ്യങ്ങളോടൊപ്പം സോവിയററ് യൂണിയനേയും വിദേശരാജ്യങ്ങൾക്കെതിരെ മേഖലയിൽ നടക്കുന്ന ദേശീയവാദക്യാമ്പെയിനുകളുടെ ശരവ്യമാക്കുകയെന്നതാണ്. പ്രസ്തുത ക്യാമ്പെയിനുകൾക്കു നിദാനമായിട്ടുള്ളത് ഏഷ്യയിൽ വസ്തുനിഷ്ഠമായി നിലവിലുള്ള സാമ്രാജ്യത്വചൂഷണമാണ്. സോവിയററ് യൂണിയനാകട്ടെ അതിൽ യാതൊരു പങ്കുമില്ല.

മേല്പറഞ്ഞ ലക്ഷ്യത്തോടുകൂടി എസ്കാപ്സമ്മേളനങ്ങളിൽ ചൈനീസ് പ്രതിനിധികൾ ഏഷ്യൻ രാഷ്ട്രീയസ്ഥിതിയെ കുപ്രസിദ്ധമായ ''അതിശക്തിസിദ്ധാന്ത''ത്തിന്റെ മട്ടിൽ വ്യാഖ്യാനിക്കുകയും ''രണ്ട് അതിശക്തികളുടെ അധിനായകത്വ''ത്തിനെതിരെ സമരം ചെയ്യാൻ ഏ

ഷ്യൻ വികസ്വരരാജ്യങ്ങളിലെ ജനതകളോട് ആഹ്വാനിക്കുകയും ചെയ്യുന്നു. എന്തെന്നാൽ അമേരിക്കയുടെ മാത്രമല്ല, സോവിയററ് യൂണിയൻേറയും ഉപജാപങ്ങളാണത്രേ വികസ്വരേഷ്യയുടെ സകല പ്രശ്നങ്ങൾക്കും നിദാനമായിട്ടുള്ളതു്.

''മേഖലയിലെ പല രാജ്യങ്ങളുടേയും ദാരിദ്ര്യത്തിനുള്ള മൂലകാരണം കൊളോണിയലിസവും സാമ്രാജ്യത്വവും നടത്തിയ, പ്രത്യേകിച്ചും അതിശക്തികൾ നടത്തിയ ചൂഷണവും ആക്രമണവുമാണെ''ന്നു് കമ്മീഷൻെറ 30–ാംസമ്മേളനത്തിൽ ചൈനീസ് പ്രതിനിധികൾ ഉദ്ഘോഷിച്ചു. അതിനാൽ അമേരിക്കയ്ക്കെന്നപോലെ സോവിയററ് യൂണിയനുമെതിരെ സമരംചെയ്യാൻ അവർ മേഖലയിലെ എല്ലാ രാജ്യങ്ങളോടും ആഹ്വാനിച്ചു. എന്നാൽ ''അതിശക്തിസിദ്ധാന്ത''ത്തിൻെറ ഉള്ളുകള്ളികൾ ഏഷ്യയിലെ വികസ്വരരാജ്യങ്ങൾക്കറിയാം. ആ പ്രശ്നത്തിൽ ചൈന പുലർത്തുന്ന വീക്ഷണം ''മേഖലയിലെ വികസ്വരരാജ്യങ്ങളുടെമേൽ ആധിപത്യമുറപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു രാജ്യത്തിൻെറ മഹച്ഛക്തിമോഹങ്ങൾ മറച്ചുപിടിക്കുകയെന്ന നയ''മല്ലാതെ മറെറാന്നുമല്ലെന്നു് പല രാജ്യങ്ങളും ആവശ്യപ്പെട്ടതനുസരിച്ചു് എസ്കാപ്പിൻെറ 30–ാംസമ്മേളനത്തിൻെറ തീരുമാനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വികസ്വരരാജ്യങ്ങളുമായി സോഷ്യലിസ്റ്റ്രാജ്യങ്ങൾ നടത്തുന്ന സാമ്പത്തികസഹകരണവും വികസ്വരരാജ്യങ്ങൾക്കുള്ള സാമ്രാജ്യത്വ''സഹായ''വും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും സാമ്രാജ്യത്വ''സഹായ''ത്തെപ്പോലെതന്നെ സോഷ്യലിസ്റ്റ്സഹായവും വികസ്വരരാജ്യങ്ങളുടെമേൽ രാഷ്ട്രീയനിയന്ത്രണം സ്ഥാപിക്കുന്നതിനും അവയെ മർദ്ദിക്കുന്നതിനുംവേണ്ടിയുള്ളതാണെന്നും ദുർവ്വഹമായ രാഷ്ട്രീയവ്യവസ്ഥകളോടുകൂടിയ ആ സഹായം അതു ലഭിക്കുന്ന രാജ്യങ്ങൾക്കു സാമ്പത്തികനഷ്ടങ്ങൾ വരുത്തിവയ്ക്കുമെന്നുമുള്ള പ്രതീതി ജനിപ്പിക്കാൻ എക്കാഫെയുടെ 29–ാംസമ്മേളനത്തിൽവച്ചു് പീക്കിങ്ങിൻെറ പ്രതിനിധികൾ ചരിത്രവസ്തുതകളെ അവഗണിച്ചുകൊണ്ടു ശ്രമം നടത്തി.

എസ്കാപ്പിൻെറ 30–ാംസമ്മേളനത്തിൽ ചൈനീസ്പ്രതിനിധിസംഘത്തിൻെറ തലവൻ അതിൽ കുറെക്കൂടി മുന്നോട്ടു പോയി. ''വികസ്വരരാജ്യങ്ങൾക്കു നല്കുന്ന സഹായത്തെ ആ രാജ്യങ്ങളുടെ ദേശീയസമ്പദ് വ്യവസ്ഥയുടെ പ്രധാനശാഖകളെ സ്വന്തം നിയന്ത്രണത്തിലാക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയും അവയുടെ പരമാധികാരം ഇല്ലാതാക്കുകയും ആ രാജ്യങ്ങളുടെ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്കു വാങ്ങിയശേഷം അവ കൂടിയ വിലയ്ക്കു് പുനർകയററുമതി ചെയ്തുകൊണ്ടു് സമ്പാദിച്ച ലാഭമാർജ്ജിക്കുകയും ചെയ്യുന്നു''വെന്നു് അദ്ദേഹം സോവിയററ് യൂണിയനെ കുററപ്പെടുത്തി.

അപകീർത്തികരമായ ഇത്തരം പ്രസ്താവനകളിൽ സത്യത്തിന്റെ കണികപോലും അടങ്ങിയിട്ടില്ല. സോഷ്യലിസ്റ്റ്രാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തിന്റെ സാരാംശത്തെ നിർല്ലജ്ജം വളച്ചൊടിക്കുകയാണ് അവയിൽ ചെയ്യപ്പെടുന്നത്. കമ്മീഷന്റെ സമ്മേളനങ്ങളിൽ പങ്കെടുത്ത പല ഏഷ്യൻ വികസ്വരരാജ്യങ്ങളുടേയും പ്രതിനിധികൾ അത്തരം വ്യാഖ്യാനത്തോടു വിയോജിക്കുകയും സോഷ്യലിസ്റ്റ്രാജ്യങ്ങളുമായുള്ള സഹകരണത്തിന്റെ ഫലങ്ങളെ വളരെ വിലമതിക്കുകയും ചെയ്തുവെന്നത് ഇവിടെ പ്രസ്താവ്യമാണ്.

സോവിയററ് യൂണിയന്റെ വിദേശനയത്തെ അപകീർത്തിപ്പെടുത്തുന്നതിനും യു.എസ്.എസ്.ആർ. ഒരു ''അതിശക്തി''യാണെന്നു വരുത്തുന്നതിനുംവേണ്ടി കമ്മീഷന്റെ 29–ാംസമ്മേളനത്തിൽ ചൈനീസ് പ്രതിനിധിസംഘം ഏഷ്യയിലെ ഭദ്രതയ്ക്കുവേണ്ടിയുള്ള സോവിയററ് നിർദ്ദേശത്തെ അസംബന്ധമായ രീതിയിൽ വ്യാഖ്യാനിച്ചു. പ്രസ്തുത നിർദ്ദേശത്തിന്റെ ലക്ഷ്യം ഏഷ്യൻ ജനതകളുടെമേൽ സോവിയററ് യൂണിയന്റെ രാഷ്ട്രീയനിയന്ത്രണം സ്ഥാപിക്കുകയും അവയെ ഭിന്നിപ്പിച്ച് പടിപടിയായി സ്വന്തം സ്വാധീനത്തിലാക്കുകയുമാണെന്നു ചൈനീസ് പ്രതിനിധികൾ അഭിപ്രായപ്പെട്ടു. എന്നാൽ ഏഷ്യൻ വികസ്വരരാജ്യങ്ങൾ ആ വ്യാഖ്യാനത്തെ അനുകൂലിച്ചില്ല. അതിനാൽ എസ്കാപ്പിന്റെ 30–ാംസമ്മേളനത്തിൽ ആ പ്രശ്നം ഉന്നയിക്കാതിരിക്കയാണു ഭേദമെന്നു ചൈനീസ് പ്രതിനിധികൾ തീരുമാനിച്ചു. പക്ഷെ എസ്കാപ്പിന്റെ 31–ാംസമ്മേളനത്തിൽ അവർ വീണ്ടും ആ നിർദ്ദേശത്തെ പഴയപടി വിമർശിക്കുകയുണ്ടായി.

ഏഷ്യൻ വികസ്വരരാജ്യങ്ങളെ അവയുടെ വിശ്വസ്തസംരക്ഷകനായ സോവിയററ് യൂണിയനിൽനിന്ന് അകററുന്നതിനും പിന്നീട് സാമ്രാജ്യത്വശക്തികളുമായി ഒത്തുകളിച്ചുകൊണ്ട് ചൈനയ്ക്കനുകൂലമായ രാഷ്ട്രാന്തരബന്ധങ്ങൾ വികസ്വരേഷ്യൻരാജ്യങ്ങളെ കെട്ടിഭേല്പിക്കുന്നതിനും വേണ്ടിയാണ് പീക്കിങ്ങിന്റെ നയതന്ത്രം മേല്പറഞ്ഞ തരത്തിലുള്ള അപകീർത്തികരമായ പ്രസ്താവനകൾ നടത്തുന്നത്. വികസ്വരേഷ്യൻരാജ്യങ്ങൾക്കു സോഷ്യലിസ്റ്റ് രാജ്യങ്ങളുമായി ഇന്നു നിലവിലുള്ള രാഷ്ട്രാന്തരബന്ധങ്ങൾക്കു ബദലായി ചൈനയുടെ രക്ഷാകർത്തൃത്വത്തിൻകീഴിൽ ഏഷ്യൻരാജ്യങ്ങളുടെ ഒരു ബ്ലോക്കു സൃഷ്ടിക്കുകയെന്ന ആശയം പീക്കിങ്ങ് അവ്യക്തമായ രീതിയിൽ മുൻവയ്ക്കുന്നു. ആ ബ്ലോക്ക് ഒന്നാമതായി സോവിയററ് യൂണിയനും ഇതരസോഷ്യലിസ്റ്റ്രാജ്യങ്ങൾക്കും, രണ്ടാമതായി (എന്നാൽ നിർബ്ബന്ധമായല്ല) സാമ്രാജ്യത്വരാജ്യങ്ങൾക്കും എതിരായിട്ടുള്ളതായിരിക്കണമെന്നാണ് പീക്കിങ്ങിന്റെ ഉദ്ദേശം.

കമ്മീഷന്റെ സമ്മേളനങ്ങളിൽ ചൈനീസ് നയതന്ത്രം അതിലേക്കുള്ള പ്രാരംഭപ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

എസ്കാപ് സമ്മേളനങ്ങളിൽ ചൈനീസ് പ്രതിനിധികൾ ചൈനയുടേയും മററ് ഏഷ്യൻരാജ്യങ്ങളുടേയും ചരിത്രഭാഗധേയത്തിന്റെ ഐക്യത്തെപ്പററിയുള്ള തീസിസ് പ്രചരിപ്പിക്കാൻ അതിയായി ശ്രമിക്കുന്നു. കമ്മീഷന്റെ 29—ാംസമ്മേളനത്തിലെ അരങ്ങേററവേളയിൽ ചൈനീസ് പ്രതിനിധി ഇങ്ങനെ പ്രസ്താവിച്ചു: ''ദീർഘകാലത്തെ സാമ്രാജ്യത്വാക്രമണത്തിന്റേയും മർദ്ദനത്തിന്റേയും ഫലമായി അനുഭവിക്കേണ്ടിവന്ന യാതനകളുടെ പൊതുഭാഗധേയത്താലും സാമ്രാജ്യത്വത്തിനും കോളോണിയലിസത്തിനുമെതിരെയും സ്വന്തം രാജ്യങ്ങൾ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയും നടന്ന പൊതുസമരത്താലും ചൈനീസ്ജനതയും ഏഷ്യയിലേയും വിദൂർപൂർവ്വദേശത്തേയും ഇതരജനതകളും തമ്മിൽ ഉററബന്ധമുണ്ട്. നമുക്കു പരസ്പരം മനസ്സിലാക്കാൻ പ്രയാസമില്ല. നമ്മുടെ ജനതകൾ പണ്ടുതൊട്ടേ പരസ്പരം അനുഭാവം പ്രകടിപ്പിക്കുകയും, സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്തുവരുന്നു.'' കമ്മീഷന്റെ 30—ാംസമ്മേളനത്തിലും ചൈന അതേ ആശയംതന്നെ വികസിപ്പിച്ചു. അയൽരാജ്യങ്ങളുമായി ചൈനയ്ക്കുള്ള ബന്ധങ്ങളുടെ യഥാർത്ഥസ്വഭാവത്തെ ചൈനീസ്നയതന്ത്രജ്ഞന്മാർ വളരെയേറെ വളച്ചൊടിക്കുന്നുവെന്നത് അവരുടെ മനസ്സാക്ഷിക്കു വിട്ടുകൊടുക്കാം. എന്നാൽ ചൈനയിന്ന് ആ രാജ്യങ്ങൾക്കു വാഗ്ദാനം ചെയ്യുന്ന സൗഹൃദം—''അതിശക്തികൾ''ക്കെതിരെയുള്ള, പ്രധാനമായും സോവിയററ് യൂണിയനെതിരെയുള്ള സമരത്തെ ആസ്പദമാക്കിയുള്ള സൗഹൃദം—ഒട്ടുംതന്നെ നിസ്വാർത്ഥമോ നിരുപാധികമോ അല്ലെന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ വിശ്വാസമാർജ്ജിക്കുന്നതിനുവേണ്ടി ചൈന വികസ്വരരാജ്യങ്ങളിലൊന്നാണെന്ന് മററ് അന്താരാഷ്ട്രീയസംഘടനകളിലെന്നതുപോലെ എസ്കാപ്പിലും പീക്കിങ്ങ് ഉദ്ഘോഷിക്കുന്നു.

എക്കാഫെയുടെ 29—ാംസമ്മേളനത്തിൽ ചൈനീസ് പ്രതിനിധിസംഘത്തിന്റെ തലവൻ ഇങ്ങനെ പ്രസ്താവിച്ചു: ''സ്വന്തം ദേശീയസമ്പദ്വ്യവസ്ഥയെ വികസിപ്പിക്കുന്നതിനും അന്താരാഷ്ട്രീയ സാമ്പത്തിക—വ്യാപാരബന്ധങ്ങളുടെ രംഗത്തു മഹച്ഛക്തി അധിനായകത്വത്തിന്റെ കുത്തകയും നിയന്ത്രണവും ഇല്ലാതാക്കുന്നതിനുംവേണ്ടി ഏഷ്യയിലേയും വിദൂരപൂർവ്വദേശത്തേയും രാജ്യങ്ങൾ അവ തമ്മിലുള്ള സാമ്പത്തിക—വ്യാപാരബന്ധങ്ങൾ ഊട്ടുററതാക്കേണ്ടതാവശ്യമാണ്.''

സാമ്രാജ്യത്വശക്തികൾക്കും, അതുപോലെതന്നെ സോവിയററ് യൂണിയനുമെതിരെ ''ഒന്നിക്കാനും ഏകോപിതനടപടികൾ കൈക്കൊള്ളാ

നം''—ചൈനയുടെ നേതൃത്വത്തിൻകീഴിൽ എന്നു പറയേണ്ടതില്ലല്ലോ —എസ്കാപ്പിൻെറ 30–ാംസമ്മേളനത്തിൽവച്ചു ചൈന വികസ്വരരാജ്യങ്ങളോടു പരസ്യമായി നിർദ്ദേശിച്ചു.

എസ്കാപ്പിൻെറ 31–ാംസമ്മേളനത്തിൽ വികസ്വരേഷ്യയുടെ 1974–ലെ സാമ്പത്തികനേട്ടങ്ങളെ ഭൂരിപക്ഷം ഏഷ്യൻരാജ്യങ്ങളുടേയും പ്രതിനിധികൾ നിരാശാപൂർവ്വമാണു വിലയിരുത്തിയതു്. എന്നാൽ ചൈനീസ് പ്രതിനിധികളാകട്ടെ മേഖലയുടെ സാമ്പത്തികനേട്ടങ്ങളെ പെരുപ്പിച്ചുകാട്ടുകയും ചൈന ഏഷ്യൻ ദേശീയവിമോചനപ്രസ്ഥാനത്തിനു നല്കിയ നിർദ്ദേശങ്ങളുടെ ഫലമാണവയെന്നു പ്രസ്താവിക്കുകയും ചെയ്തു.[9]

ചുരുക്കിപ്പറഞ്ഞാൽ എസ്കാപ്സമ്മേളനങ്ങളിൽ പീക്കിങ്ങിൻെറ നയതന്ത്രം കൈക്കൊള്ളുന്ന നിലപാടു് ചൈനയ്ക്കുമാത്രം പ്രയോജനകരമായിട്ടുള്ളതാണു്. വികസ്വരേഷ്യക്കു് അതു് ഒട്ടും സ്വീകാര്യമല്ല. അതിനാലാണു് ഏഷ്യൻ രാഷ്ട്രീയസ്ഥിതിയേയും മേഖലാസഹകരണത്തിൻെറ സാരാംശത്തേയും സംബന്ധിച്ച പീക്കിങ്ങിൻെറ തത്വനിർദ്ദേശങ്ങളെ ബഹുഭൂരിപക്ഷം ഏഷ്യൻരാജ്യങ്ങളും അനുകൂലിക്കാതിരുന്നതു്.

എസ്കാപ്സമ്മേളനങ്ങളിൽ ഏഷ്യയിലെ മേഖലാസഹകരണത്തെ സംബന്ധിച്ച മൂർത്തപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിൽ ചൈനീസ്പ്രതിനിധികൾ പങ്കെടുക്കുന്നില്ലെന്നുതന്നെ പറയാം. സമ്മേളനത്തിൻെറ അജണ്ടയിൽ ഉൾപ്പെടുന്ന അനേകം വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ ചൈനീസ്പ്രതിനിധികൾ പ്രധാനമായും രാഷ്ട്രീയകാര്യങ്ങളെപ്പററി പൊതുപ്രസ്താവനകൾ നടത്തുന്നതിൽ ഒതുങ്ങിനില്ക്കുന്നു. ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തിൻെറ മൂർത്തപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിൽ പങ്കെടുക്കുന്ന അപൂർവ്വസന്ദർഭങ്ങളിൽ ചൈനീസ് പ്രതിനിധികൾ ഏഷ്യൻവികസ്വരരാജ്യങ്ങൾക്കു് അങ്ങേയററം അസംബന്ധവും പരസ്പരവിരുദ്ധവുമായ നിർദ്ദേശങ്ങൾ നല്കുന്നു.

കമ്മീഷൻെറ സമ്മേളനങ്ങളിൽ ചൈനീസ് പ്രതിനിധികൾ ജനനനിയന്ത്രണത്തിനുവേണ്ടിയുള്ള നടപടികളെ യഥാർത്ഥത്തിൽ എതിർക്കുകയാണുണ്ടായതു്. എന്നാൽ ചൈനയിൽത്തന്നെ ജനനനിരക്കു കുറയ്ക്കുന്നതിനുവേണ്ടി ഏററെക്കുറെ കർശനമായ നടപടികൾ സ്വീകരിക്കുകയുണ്ടായെന്നതു് പരക്കെ അറിയപ്പെടുന്ന വസ്തുതയാണു്. ഏഷ്യൻ വികസ്വരരാജ്യങ്ങളിലെ ജനസംഖ്യാവർദ്ധനവു നിയന്ത്രിക്കുന്നതിനോടുള്ള പീക്കിങ്ങിൻെറ എതിർപ്പിനു ചൈനയുടെ ആഭ്യന്തരനയവും പ്രായോഗികനടപടികളുമായി യാതൊരു പൊരുത്തവുമില്ലെന്നു് ഒരു സിംഗപ്പൂർ പത്രം എഴുതി.[10] അത്തരം നിർദ്ദേശങ്ങളുടെ ഫലമായി എസ്കാപ്പിൽ പീക്കിങ്ങിനു് യഥാർത്ഥത്തിലുള്ള ഉദ്ദേശങ്ങളെപ്പററി ഏഷ്യൻരാജ്യങ്ങൾക്കിടയിൽ അതിയായ ഉൽക്കണ്ഠയുളവാകുന്നു.

ഏഷ്യാഭൂഖണ്ഡത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങളുടെ തീരുമാനത്തിൽ എസ്കാപ്പിനോടു ക്രിയാത്മകമായി സഹകരിക്കുന്നതിൽനിന്നു് ഒഴിഞ്ഞുമാറിക്കൊണ്ടു് ചൈന ആ വേദിയെ സ്വന്തം കാര്യങ്ങൾ നേടുന്നതിനുവേണ്ടി വിപുലമായി ഉപയോഗിക്കുന്നു.

ദക്ഷിണചൈനാസമുദ്രത്തിലെ ദ്വീപുകളുടെമേൽ ചൈനയ്ക്കുള്ള അവകാശത്തെപ്പററി എസ്കാപ്പിൻെറ 30–ാംസമ്മേളനത്തിൽ ചൈനീസ് പ്രതിനിധി പ്രസ്താവന നടത്തി. കമ്മീഷൻ സെക്രട്ടറിയേററിൻെറ രേഖകളിൽപ്പെട്ട ഭൂപടങ്ങളിൽ പറസേൽദ്വീപുകളും സ്പ്രാട്ട്ലിദ്വീപുകളും വിയററ്നാമിൻേറതായി കാണിച്ചിട്ടുള്ളതു തിരുത്തണമെന്നു മററു പലതിൻേറയും കൂട്ടത്തിൽ ചൈനീസ് പ്രതിനിധിസംഘത്തിൻെറ തലവൻ ആവശ്യപ്പെട്ടു. മറെറാരു പ്രസ്താവനയിൽ ചൈനയുടെ കടലോരത്തോടടുത്തുള്ള, തഥാകഥിതമായ ''സംയുക്തവികാസമേഖല''11യിൽ വിഭവങ്ങൾക്കുവേണ്ടി പര്യവേക്ഷണങ്ങൾ നടത്തുന്നതിനേയും അവ ശോഷണം ചെയ്യുന്നതിനേയും അദ്ദേഹം എതിർത്തു. കമ്മീഷൻെറ 30–ാംസമ്മേളനത്തിനു തൊട്ടുമുമ്പു് ചൈന പറസേൽദ്വീപുകൾ പിടിച്ചടക്കിയെന്ന വസ്തുത കണക്കിലെടുക്കുന്നപക്ഷം എസ്കാപ്പിൻെറ പ്രവർത്തനമേഖലയിൽപ്പെട്ട ദക്ഷിണചൈനാസമുദ്രത്തിൽ ചൈന നടത്തുന്ന നീക്കങ്ങൾ അയൽരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയററം ആപൽക്കരമാണെന്നു മനസ്സിലാക്കാൻ കഴിയും. അയൽരാജ്യങ്ങൾതമ്മിലുള്ള അതിർത്തിപ്രശ്നങ്ങൾ സമാധാനപരമായി പരസ്പരം ഒത്തുതീർക്കുകയെന്ന വഴക്കത്തെ അവഗണിച്ചുകൊണ്ടു് ചൈനയുടെ ഭൂപരമായ അവകാശവാദങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി ഏഷ്യയുടെ പൊതുവേദിയിൽ കാർക്കശ്യം പ്രദർശിപ്പിക്കുകയും അങ്ങനെ ഏഷ്യൻ വികസ്വരരാജ്യങ്ങളെ ഭയപ്പെടുത്തുകയുമാണു കൂടുതൽ പ്രയോജനപ്രദമെന്നു പീക്കിങ്ങ് കരുതി.

എക്കാഫെയുടെ 29–ാംസമ്മേളനത്തിൽ, ബംഗ്ലാദേശിനു കമ്മീഷനിൽ അംഗത്വം നല്കുന്നതിനെ എതിർത്തുകൊണ്ടു് ചൈന ആ രാജ്യത്തോടുള്ള അതിൻെറ ശത്രുതാപരമായ നിലപാടിനു കമ്മീഷൻെറ പിന്തുണ നേടാൻ ശ്രമിച്ചു. എന്നാൽ പല ഏഷ്യൻ വികസ്വരരാജ്യങ്ങളുടേയും പ്രതിനിധികൾ പീക്കിങ്ങിനു തക്ക തിരിച്ചടി നല്കി. ബാംഗ്ലാദേശിനു കമ്മീഷനിൽ അംഗത്വം ലഭിക്കുകയും അങ്ങനെ ആ പ്രശ്നത്തിൽ ചൈന ഒററപ്പെടുകയും ചെയ്തു.

കമ്മീഷൻെറ സമ്മേളനങ്ങളിൽ ചൈനീസ് പ്രതിനിധിസംഘം കൈക്കൊണ്ട നിലപാടുകൾക്കു പൊതുവേ ഏഷ്യൻരാജ്യങ്ങളുടെ പിന്തുണ ലഭിച്ചില്ല. കമ്മീഷനിൽ കലഹത്തിൻെറ വിത്തുകൾ വിതയ്ക്കാനും പിന്നീടതിനു കൂടുതൽ കനത്ത പ്രഹരങ്ങളേല്പിക്കാനുംവേണ്ടി കച്ച

കെട്ടിയിറങ്ങിയ ഒരുകൂട്ടം ധ്വംസകന്മാരുടെ രംഗപ്രവേശമായി ചൈന എക്കാഫെയിൽ നടത്തിയ അരങ്ങേററം കലാശിച്ചുവെന്നും കമ്മീഷന്നെ സംബന്ധിച്ചിടത്തോളം ചൈനയുടെ അരങ്ങേററം 1947—ൽ അതു സ്ഥാപിതമായതിനുശേഷം അനുഭവപ്പെട്ട ഏററവും ശക്തമായ ആഘാതമായിരുന്നുവെന്നും ഒരു ജാപ്പനീസ്പത്രം അഭിപ്രായപ്പെടുന്നു.12 ചൈനയുടെ സാന്നിദ്ധ്യം കമ്മീഷനിൽ വളരെ തീക്ഷ്ണമായി അനുഭവപ്പെട്ടു. ചൈനീസ് പ്രതിനിധിസംഘത്തിൻെറ ''ശുദ്ധരാഷ്ട്രീയപ്രസ്താവനകൾ'' സമ്മേളനങ്ങളിൽ പൊതുവേ നിലവിലിരുന്ന അന്തരീക്ഷത്തിനു ''കടകവിരുദ്ധ''മായിരുന്നു. മേഖലാതലത്തിലുള്ള പ്രോജക്ടുകൾ നടപ്പിൽ വരുത്തുന്നതിന് വെറും സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തേക്കാൾ ഉയർന്ന നിലവിലുള്ള രാഷ്ട്രീയസഹകരണവും കമ്മീഷൻെറ അംഗരാജ്യങ്ങളുടെ പരസ്പരധാരണയും ആവശ്യമാണ്. ചൈന പങ്കെടുക്കാൻ തുടങ്ങിയതോടെ കമ്മീഷൻ അക്ഷരത്തിലും അർത്ഥത്തിലും ഏഷ്യയെ മുഴുവൻ പ്രതിനിധീകരിക്കുന്ന ഒരു സംഘടനയായിത്തീർന്നു. പക്ഷേ കമ്മീഷനിൽ രാഷ്ട്രീയകാര്യങ്ങൾ ഉന്നയിച്ചുകൂടെന്ന അലിഖിത നിയമത്തെ ചൈന ലംഘിച്ചിരിക്കുന്നതിനാൽ എസ്കാപ്പിൻെറ പ്രവർത്തനം ഭാവിയിൽ പ്രയാസപൂർണ്ണമായിരിക്കുമെന്നതിനു സംശയമില്ല. കമ്മീഷനെ സംബന്ധിച്ചിടത്തോളം ചൈനയ്ക്കു സ്വന്തമായ ഒരു വീക്ഷണമുണ്ട്. മേഖലാതലത്തിൽ സഹകരിക്കുകയും ഏഷ്യയിലേക്കുള്ള ജപ്പാൻെറ ''സാമ്പത്തികസ്ഫോടന''ത്തെ തടഞ്ഞുനിർത്തുകയും മേഖലയിൽ സ്വന്തം സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ചൈനയുടെ സാമ്പത്തികനിലവാരം ഉയർത്തുകയാണ് ആ വീക്ഷണത്തിൻെറ ഉള്ളടക്കമെന്നു കരുതേണ്ടിയിരിക്കുന്നു.

''29—ാംസമ്മേളനത്തിൽ ചൈന കൈക്കൊണ്ട നയം ഏഷ്യൻ വികസ്വരരാജ്യങ്ങളിൽ 'പട്ടിണിയും ദാരിദ്ര്യവും' ഇല്ലാതാക്കുന്നതിനുള്ള പോംവഴികൾ കണ്ടെത്തുകയെന്ന കമ്മീഷൻെറ മുഖ്യകടമ നിറവേററുന്നതിനു സഹായകമായിരുന്നില്ല. ഭാവിയിൽ ചൈന എക്കാഫെയിൽ 'വളരെ ക്രിയാത്മകമായ' പങ്കു വഹിക്കുമെന്നു പ്രത്യാശിക്കുകമാത്രം ചെയ്യാം.''13 എക്കാഫെയുടെ 29—ാംസമ്മേളനത്തിൽ ചൈന നടത്തിയ അരങ്ങേററത്തെപ്പററി പൊതുവേ ഇത്തരത്തിലുള്ള അഭിപ്രായങ്ങളാണ് ഏഷ്യൻരാജ്യങ്ങളുടെ പ്രതിനിധികൾക്കുണ്ടായിരുന്നത്.

ഏഷ്യയിൽ ''അതിശക്തികൾ''ക്കുള്ള പങ്കിനെ സംബന്ധിച്ച വ്യർത്ഥമായ ചർച്ച ഏഷ്യൻവികസ്വരരാജ്യങ്ങളെ കെട്ടിയേല്പിക്കാൻ കമ്മീഷൻെറ 30—ാംസമ്മേളനത്തിൽവച്ച് ചൈനീസ് പ്രതിനിധിസംഘം ശ്രമിച്ചു. എന്നാൽ അവർക്കതിനു പിന്തുണ ലഭിച്ചില്ല. ''മൂന്നാംലോക''ത്തിൻെറ നേതൃത്വത്തിനുവേണ്ടിയുള്ള ചൈനയുടെ അവകാശവാദങ്ങ

ളിൽനിന്നു് ഏഷ്യൻ രാജ്യങ്ങളുടെ ശ്രദ്ധ തിരിക്കുകയെന്നതാണു് ആ ശ്രമങ്ങളുടെ ലക്ഷ്യമെന്നു ശ്രീലങ്കയിലെ പത്രങ്ങൾ അഭിപ്രായപ്പെടുന്നു.

എസ്കാപ്പിന്റെ 31–ാംസമ്മേളനത്തിൽ ഒരു ''പിൻബെഞ്ചുകാരന്റെ'' നിലപാടാണു ചൈന കൈക്കൊണ്ടതെന്നു് ഇന്ത്യൻപത്രങ്ങൾ എഴുതി. ചൈനീസ് പ്രതിനിധിസംഘത്തിന്റെ തലവൻ നടത്തിയ രാഷ്ട്രീയപ്രസ്താവനയൊഴിച്ചാൽ, ചർച്ചാവിഷയങ്ങളെപ്പററിയുള്ള സ്വന്തം നിലപാടു് ചൈന വിശദീകരിക്കുകയുണ്ടായില്ല.

അങ്ങനെ മേഖലാസാമ്പത്തികസഹകരണത്തെ സംബന്ധിച്ച പീക്കിങ്ങിന്റെ വീക്ഷണത്തെ ഏഷ്യൻവികസ്വരരാജ്യങ്ങൾ അംഗീകരിച്ചില്ല. പീക്കിങ്ങിന്റെ രക്ഷാകർത്തൃത്വത്തിൻകീഴിൽ വികസ്വരേഷ്യ ഏകോപിക്കുകയും ഒററപ്പെടുകയും ചെയ്യണമെന്ന ചൈനീസ് പരിപാടി കമ്മീഷന്റെ പ്രായോഗികാനുഭവത്തെ കണക്കിലെടുക്കുന്നില്ല. കമ്മീഷന്റെ 30 കൊല്ലത്തെ പ്രവർത്തനഫലമായി ഉരുത്തിരിഞ്ഞ, മേഖലാസാമ്പത്തികസഹകരണത്തിന്റെ സിദ്ധാന്തത്തേയും പ്രയുക്തിയേയും തിരുത്തിയെഴുതാനുള്ള പരസ്യമായ ശ്രമമാണതു്. അതുകൊണ്ടാണു് കമ്മീഷന്റെ ഭാവിപ്രവർത്തനത്തിന്റെ മുഖ്യദിശകളെ സംബന്ധിച്ച ചൈന കൈക്കൊണ്ട നിലപാടിനു് ഏഷ്യൻവികസ്വരരാജ്യങ്ങളുടെ പിന്തുണ ലഭിക്കാതിരുന്നതു്.

ചൈന കമ്മീഷനിൽ പ്രവേശിച്ചതേയുള്ളുവെന്നും അതിനാലാണു എസ്കാപ്പിൽ സജീവമായി പ്രവർത്തിക്കാൻ അതു തിടുക്കംകൂട്ടാത്തതെന്നും ചില ഏഷ്യൻ നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നു. പ്രധാനമായും നയതന്ത്രകാഡറുകൾ വേണ്ടത്ര ഇല്ലാത്തതിനാലും കമ്മീഷന്റെ പ്രവർത്തനത്തിന്റെ ഉള്ളടക്കത്തെപ്പററി വിവരമില്ലാത്തതിനാലും ചൈന ''പടിപടിയായ സമീപനം'' എന്ന അടവു കൈക്കൊള്ളുമെന്നു കരുതപ്പെടുന്നു. എന്നാൽ ഇത്തരം അനുമാനങ്ങൾ വളരെ ഉപരിപ്ലവമായിട്ടുള്ളവയാണു്. ഐക്യരാഷ്ട്രസംഘടനയിലും അതിന്റെ ചില പ്രത്യേകവൽകൃതസ്ഥാപനങ്ങളിലും ചൈനീസ്നയതന്ത്രം വളരെയേറെ സജീവത പ്രകടിപ്പിക്കുന്നുണ്ടല്ലോ. അവയുടെ പ്രവർത്തനത്തിന്റെ ഉള്ളടക്കത്തേയും നടപടിക്രമങ്ങളേയും പററി ചൈനയ്ക്കു് അറിവുണ്ടു്. മാത്രമല്ല, അവയുടെ പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിനാവശ്യമായ കാഡറുകൾ ചൈനയ്ക്കുണ്ടുതാനും. ഏഷ്യയിലെ ഏററവും പ്രാതിനിധ്യസ്വഭാവമുള്ള യു.എൻ. മേഖലാസംഘടനയായ എസ്കാപ്പിനു് ചൈനയെ സംബന്ധിച്ചിടത്തോളം അതിയായ പ്രാധാന്യമുണ്ടു്. അങ്ങനെയിരിക്കെ കമ്മീഷന്റെ പ്രവർത്തനത്തിൽ പങ്കെടുക്കുന്നതിനുവേണ്ട കാഡറുകളെ കണ്ടെത്തുന്നതിൽ ചൈനയ്ക്കു വലിയ പ്രയാസമൊന്നും നേരിടുമായിരുന്നില്ല. കമ്മീഷന്റെ പ്രായോഗികപ്രവർത്തനത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചാണെങ്കിൽ

അതു നന്നായി മനസ്സിലാക്കുന്നതിനുള്ള സമയം കമ്മീഷനിൽ പ്രവേശിച്ചതിനുശേഷമുള്ള വർഷങ്ങളിൽ ചൈനയ്ക്കു ലഭിച്ചിട്ടുണ്ട്. അതിനാൽ എസ്കാപ്പിൽ ചൈന പ്രദർശിപ്പിക്കുന്ന നിഷ്ക്രിയതയ്ക്കുള്ള കാരണങ്ങൾ വേറെയാണ്.

കമ്മീഷന്റെ പ്രവർത്തനരീതികൾ സ്വന്തം വിദേശനയലക്ഷ്യത്തിനു വിരുദ്ധമാണെന്നു കമ്മീഷനിൽ നടത്തിയ ആദ്യത്തെ രംഗനിരീക്ഷണത്തോടുകൂടി പീക്കിങ്ങിനു ബോദ്ധ്യമായി. കമ്മീഷന്റെ പ്രാതിനിധ്യസ്വഭാവംതന്നെ ഏഷ്യയിൽ പീക്കിങ്ങിന്റെ മഹച്ഛക്തിപദ്ധതികൾ സാക്ഷാൽക്കരിക്കുന്നതിനു തടസ്സമാണ്. കാരണം എസ്കാപ്പിന്റെ അംഗരാജ്യങ്ങളിൽ ഭൂരിപക്ഷവും പീക്കിങ്ങിന്റെ മുദ്രാവാക്യങ്ങളേയും തത്വനിർദ്ദേശങ്ങളേയും വളരെ സംശയദൃഷ്ടിയോടുകൂടിയാണു വീക്ഷിക്കുന്നതു്.

സമത്വത്തിന്റേയും ജനാധിപത്യതത്വങ്ങളുടേയും അടിസ്ഥാനത്തിൽ മേഖലാസാമ്പത്തികസഹകരണം വികസിപ്പിക്കുന്നതിൽ ചൈനയ്ക്കു താല്പര്യമില്ലെന്നു് കമ്മീഷനിൽ അംഗത്വം ലഭിച്ചതിനുശേഷമുള്ള കാലത്തു പീക്കിങ്ങ് അനുവർത്തിച്ച നയത്തിൽനിന്നു ബോദ്ധ്യമാവുന്നു. പ്രസ്തുത സഹകരണത്തിലും വികാസത്തെ ഏകോപിപ്പിക്കുന്ന സംഘടനയെന്ന നിലയ്ക്കുള്ള എസ്കാപ്പിന്റെ പ്രവർത്തനത്തിലും പീക്കിങ്ങ്നേതൃത്വം താല്പര്യമെടുക്കുന്നതു് വികസ്വരേഷ്യയിലെ തങ്ങളുടെ മഹച്ഛക്തിപദ്ധതികൾ സാക്ഷാൽക്കാരിക്കുന്നതിലേക്കു് അവയെ ഉപയോഗിക്കുന്നതിനുവേണ്ടി മാത്രമാണ്. ഏഷ്യൻപ്രശ്നങ്ങളെ സംബന്ധിച്ചുള്ള പീക്കിങ്ങിന്റെ തത്വാവിഷ്കാരങ്ങൾ കമ്മീഷൻ സ്വീകരിക്കുന്നില്ലെന്നതും അതിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ അതൊട്ടും തയ്യാറല്ലെന്നതും മനസ്സിലാക്കിക്കൊണ്ടു് പീക്കിങ്ങ്നേതൃത്വം കമ്മീഷനിൽ ക്രിയാത്മകമായി പങ്കെടുക്കുന്നതിൽനിന്നു് പരസ്യമായി ഒഴിഞ്ഞുമാറുകയും അങ്ങനെ ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തോടു് തങ്ങൾക്കു് യഥാർത്ഥത്തിലുള്ള നിഷേധാത്മകമനോഭാവം വെളിപ്പെടുത്തുകയും ചെയ്യുന്നു.

## 2. പീക്കിങ്ങും ഏസിയനും

ഇന്തോനേഷ്യ, മലേഷ്യ, സിംഗപ്പൂർ, തായ്‌ലണ്ട്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾ ചേർന്നു് 1967 ആഗസ്റ്റിൽ ഒരു പുതിയ മേഖലാസംഘടന—ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സംഘടന (ഏസിയൻ)—സ്ഥാപിച്ചു.

ഒരേ സാമൂഹ്യപ്രകൃതത്തോടുകൂടിയ ഭരണകൂടങ്ങളാണ് ഏസിയനു രൂപംനല്കിയ അഞ്ചു രാജ്യങ്ങളിലും നിലവിലുള്ളതു്. ഭൂവുടമകളുടേയും വൻകിടവ്യാപാരബൂർഷ്വാസിയുടേയും ഉദ്യോഗസ്ഥമേധാവികളുടേയും

വ്യത്യസ്തചേരുവകളിലുള്ള കൂട്ടുകെട്ടുകളാണ് ആ രാജ്യങ്ങളിൽ അധികാരത്തിലിരിക്കുന്നതെന്ന വസ്തുത ഏഷ്യയന്റെ ദ്രുപീകരണത്തേയും ദൃഢീകരണത്തേയും സ്വാധീനിക്കുകയുണ്ടായി, സ്വാധീനിക്കുകയും ചെയ്യുന്നു.

സാമ്പത്തികോൽഗ്രഥനത്തിനുവേണ്ട നിശ്ചിതമായ പൂർവ്വോപാധികരം ഏഷ്യയനുണ്ട്. അതിന്റെ അംഗരാജ്യങ്ങൾ അവയുടെ സാമ്പത്തികശേഷിയെ ഏകോപിപ്പിക്കുന്നപക്ഷം ലോകസമ്പദ്‌വ്യവസ്ഥയിൽ അവയ്ക്കുള്ള സംയുക്തപങ്കു വർദ്ധിക്കും. ജനസംഖ്യയുടെ കാര്യത്തിൽ ഏഷ്യയൻ അമേരിക്കയുടേയോ സോവിയററ് യൂണിയന്റേയോ പിന്നിലല്ല. സോവിയററ് യൂണിയനും അമേരിക്കയും കഴിഞ്ഞാൽപ്പിന്നെ ലോകത്തിൽ ഏററവും കൂടുതൽ ധാതുവിഭവങ്ങളും കാർഷികാസംസ്കൃത പദാർത്ഥങ്ങളുമുള്ളത് ഏഷ്യയൻരാജ്യങ്ങളിലാണ്. ഉദാഹരണമായി, ലോകത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സ്വാഭാവികറബ്ബറിന്റെ 4/5 ഭാഗവും ടിൻ അയിരിന്റെ 2/3 ഭാഗവും ആ രാജ്യങ്ങളുടെ വകയാണ്. അവിടെ കണ്ടെത്തിയിരിക്കുന്ന വൻതോതിലുള്ള എണ്ണനിക്ഷേപങ്ങൾ മദ്ധ്യപൂർവ്വദേശത്തെ എണ്ണനിക്ഷേപങ്ങളോടു കിടപിടിക്കത്തക്കവയാണ്. വെളിച്ചെണ്ണ, സസ്യനാരുകരം, ചെമ്പയിര്, തടി എന്നിവയും ആ രാജ്യങ്ങളിൽ ധാരാളമായുണ്ട്.

ഒരേ രീതിയിലുള്ള സമ്പദ്‌വ്യവസ്ഥകളാണ് ഏഷ്യയൻരാജ്യങ്ങൾക്കുള്ളതെന്നതിനാൽ അന്തർമേഖലാസാമ്പത്തികവിനിമയത്തിനു ഭാവിയില്ലെന്ന അഭിപ്രായം വിപുലമായി പ്രചരിച്ചിട്ടുണ്ട്. എന്നുവരികിലും ഏഷ്യയന്റെ പ്രദേശത്ത് അന്തർമേഖലാവ്യാപാരം വികസിപ്പിക്കുന്നതിനു തികച്ചും പര്യാപ്തമായ അടിസ്ഥാനമുണ്ടെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. അരിവ്യാപാരം ആ രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികവിനിമയത്തിന്റെ ഒരു പ്രധാനഘടകമായിക്കഴിഞ്ഞിരിക്കുന്നു. അവ തമ്മിലുള്ള വ്യാപാരത്തിൽ എണ്ണയും എണ്ണയുല്പന്നങ്ങളും ഒരു പ്രധാനപങ്കു വഹിക്കാൻ തുടങ്ങിയിരിക്കുന്നു. നിർമ്മിതവസ്തുക്കളുടെ വിനിമയം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദക്ഷിണപൂർവ്വേഷ്യയിലെ പ്രമുഖ വിത്തീയ—മദ്ധ്യവർത്തികേന്ദ്രമായ സിംഗപ്പൂർ ഏഷ്യയനിൽ അംഗമാണെന്നതിനാൽ അന്തർമേഖലാവ്യാപാരം സജീവമാക്കുന്നതിനു വേണ്ട സംഘടനാപരവും വിത്തീയവുമായ അടിസ്ഥാനം ഏഷ്യയനുണ്ട്.

സാമ്പത്തികമായി ഏഷ്യയനു നല്ലൊരു ഭാവിയുണ്ടെന്ന് ഏഷ്യേൻ പത്രങ്ങൾ അഭിപ്രായപ്പെടുന്നു. ''വമ്പിച്ച പ്രകൃതിവിഭവങ്ങളേയും ജനസമ്പത്തിനേയും വലിയ വിപണിയേയും ഫലപ്രദമായും സഹകരണാടിസ്ഥാനത്തിലും എല്ലാ അംഗരാജ്യങ്ങൾക്കും പ്രയോജനകരമായും ഉപ

യോഗപ്പെടുത്തുന്ന സാമ്പത്തികശക്തിയുള്ള ഒരു പ്രദേശമായിത്തീരാൻ ഏഷ്യസിയനു് അകന്ന ഭാവിയിൽ സാധിക്കും.''14

മേഖലാസാമ്പത്തികസഹകരണത്തിൻേറയും, ഒരുപക്ഷെ സാമ്പത്തികോൽഗ്രഥനത്തിൻേറയും മെച്ചങ്ങൾ ആർജ്ജിക്കുന്നതിനുവേണ്ടി ഏഷ്യസിയനു മുഖ്യമായും ഒരു സാമ്പത്തികസംഘടനയുടെ സ്വഭാവം പ്രദാനം ചെയ്യാൻ അതിൽ അംഗങ്ങളായ രാജ്യങ്ങൾ തീരുമാനിക്കുകയും അതിനനുസൃതമായി ഏഷ്യസിയൻെറ ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്തു.

ബാങ്കോക്ക് പ്രഖ്യാപനത്തിൽ ഏഷ്യസിയൻെറ ലക്ഷ്യങ്ങളും കടമകളും ഇപ്രകാരം ആവിഷ്കരിക്കപ്പെട്ടു:

''1. ദക്ഷിണപൂർവ്വേഷ്യൻരാഷ്ട്രങ്ങളുടെ ഐശ്വര്യപൂർണ്ണവും സമാധാനോന്മുഖവുമായ ഒരു മണ്ഡലത്തിനുള്ള അടിത്തറ ഉറപ്പിക്കുന്നതിനുവേണ്ടി സമത്വത്തിൻേറയും പങ്കാളിത്തത്തിൻേറയും അടിസ്ഥാനത്തിലുള്ള സംയുക്തയത്നങ്ങളാൽ മേഖലയുടെ സാമ്പത്തികവളർച്ചയേയും സാമൂഹ്യപുരോഗതിയേയും സാംസ്കാരികവികാസത്തേയും ത്വരിപ്പിക്കുക.

''2. ദക്ഷിണപൂർവ്വേഷ്യൻരാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ നീതിയും ന്യായവും പുലർത്തുകയും ഐക്യരാഷ്ട്രചാർട്ടറിൻെറ തത്വങ്ങൾ പാലിക്കുകയും ചെയ്തുകൊണ്ടു് മേഖലയിൽ സമാധാനവും സ്ഥിരതയും സ്ഥാപിക്കുന്നതിനു സഹായിക്കുക.

''3. സമ്പദ്‌വ്യവസ്ഥ, സാമൂഹ്യസംരക്ഷണം, സംസ്കാരം, സാങ്കേതികവിദ്യ, ശാസ്ത്രം, ഭരണനിർവ്വഹണം എന്നിവയുടെ പൊതുതാല്പര്യമുള്ള തുറകളിൽ സജീവമായ സഹകരണവും പരസ്പരസഹായവും നടത്തുക.

''4. കാഡറുകളെ പരിശീലിപ്പിക്കുന്നതിലും വിദ്യാഭ്യാസം, ശാസ്ത്രീയപരിശീലനം, സാങ്കേതികവിദ്യ, ഭരണനിർവ്വഹണം എന്നീ തുറകളിൽ നടത്തപ്പെടുന്ന ഗവേഷണങ്ങളുടെ ഫലങ്ങൾ ലഭ്യമാക്കുന്നതിലും പരസ്പരം സഹായിക്കുക.

''5. കൃഷിയും വ്യവസായവും കൂടുതൽ നന്നായി ഉപയോഗപ്പെടുത്തുകയും വ്യാപാരം വിപുലമാക്കുകയും വ്യത്യസ്തചരക്കുകളുടെ അന്താരാഷ്ട്രീയവ്യാപാരത്തെ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുകയും ഗതാഗത—വാർത്താവിനിമയസാധ്യതകൾ വർദ്ധിപ്പിക്കുകയും ജീവിതനിലവാരം ഉയർത്തുകയും ചെയ്യുന്നതിനുവേണ്ടി കൂടുതൽ ഫലപ്രദമായി സഹകരിക്കുക.

''6. ദക്ഷിണപൂർവ്വേഷ്യയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിൽ സഹായിക്കുക.

''7. ഇതേതരത്തിലുള്ള ലക്ഷ്യങ്ങളും കടമകളും മുൻവച്ചിട്ടുള്ള അന്താരാഷ്ട്രീയ—മേഖലാസംഘടനകളുമായി ഉററതും പ്രയോജനപ്രദവുമായ

സഹകരണത്തിലേർപ്പെടുകയും ഏസിയന്റെ അംഗരാജ്യങ്ങൾതമ്മിൽ കൂടുതൽ ഉററ സഹകരണത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും പരിശോധിക്കുകയും ചെയ്യുക.''

അങ്ങനെ, ഏസിയൻ ഒരു മേഖലാസാമ്പത്തികസംഘടനയാണെന്ന പ്രതീതിയുളവാക്കാൻ അതിന്റെ അംഗരാജ്യങ്ങൾ ശ്രമിക്കുന്നു. എന്നാൽ സാമ്പത്തികസഹകരണത്തിന്റെ പ്രശ്നങ്ങൾക്ക് ആ സംഘടനയുടെ പ്രവർത്തനത്തിൽ ഇനിയും കേന്ദ്രസ്ഥാനം ലഭിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

സാമ്പത്തികസഹകരണത്തിൽ പ്രത്യക്ഷമായ പുരോഗതി കൈവരിക്കാൻ ഏസിയനു് ഇതേവരെ സാധിച്ചിട്ടില്ല. 1972 വസന്തംവരെയുള്ള കാലത്തു് സാമ്പത്തികവും സാംസ്കാരികവുമായ സഹകരണത്തെ സംബന്ധിച്ച് 583 നിർദ്ദേശങ്ങൾ മുൻവയ്ക്കപ്പെടുകയുണ്ടായെങ്കിലും അവയിൽ 80 എണ്ണം മാത്രമേ സാക്ഷാൽക്കരിക്കപ്പെട്ടുള്ളു. സാമ്പത്തികസഹകരണത്തിനുള്ള പ്രോജക്ടുകൾ എത്രയും ചെലവുകുറഞ്ഞവയായിരിക്കണമെന്ന നിർബ്ബന്ധം—പ്രത്യേകിച്ചും ഏസിയന്റെ ആരംഭവർഷങ്ങളിൽ—അതിന്റെ അംഗരാജ്യങ്ങൾക്കുണ്ടെന്ന വസ്തുത ഇവിടെ ഓർമ്മിക്കേണ്ടതുണ്ടു്. തന്നെയല്ല, സഹകരണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ അംഗരാജ്യങ്ങൾ നിയമേന ബാദ്ധ്യസ്ഥരല്ല. തയ്യാറല്ലാത്തപക്ഷം ആ നിർദ്ദേശങ്ങളുടെ നിർവ്വഹണം അനിശ്ചിതകാലത്തേക്കു നീട്ടിവയ്ക്കാൻ ഓരോ അംഗരാജ്യത്തിനും കഴിയും. 1974 അവസാനമായപ്പോഴേക്കും ഇരുനൂറോളം പ്രോജക്ടുകളുടെ നിർമ്മാണത്തെസംബന്ധിച്ച നിർദ്ദേശങ്ങൾ ആവിഷ്കരിക്കാൻ ഏസിയനു സാധിച്ചു. എന്നാൽ അവയിൽ ഏതാനും ചില പ്രോജക്ടുകൾമാത്രമേ നിർമ്മാണമാരംഭിച്ചുള്ളു.

ഏസിയന്റെ രണ്ടുവർഷത്തെ പ്രവർത്തനത്തെ ഒരു സിംഗപ്പൂർമന്ത്രി 1970 ആരംഭത്തിൽ ഇപ്രകാരം വിലയിരുത്തി: ''വികാസനിലവാരത്തിലും വിത്തീയസ്ഥിതിയിലും മററു കാര്യങ്ങളിലും അംഗരാജ്യങ്ങൾതമ്മിൽ വലിയ അന്തരമുണ്ടു്. പുതിയ പുതിയ കമ്മിററികൾ രൂപീകരിച്ചതൊഴിച്ചാൽ മേഖലാസാമ്പത്തികസഹകരണത്തിനുവേണ്ടി ഒന്നുംതന്നെ ചെയ്തിട്ടില്ല.''[15] ഉദ്ദിഷ്ട പ്രോജക്ടുകളുടെ നിർമ്മാണത്തിൽ ഒരുമിച്ചു മുതൽമുടക്കുന്നതിനെ സംബന്ധിച്ച പ്രശ്നങ്ങൾ അങ്ങേയററം അവ്യക്തമായിത്തന്നെയിരിക്കുന്നു. ഏസിയന്റെ പരിധിക്കുള്ളിൽ പരസ്പരവ്യാപാരം വികസിപ്പിക്കുന്നതിനായി അസംഖ്യം നിർദ്ദേശങ്ങൾ മുൻവയ്ക്കപ്പെടുകയുണ്ടായെങ്കിലും ചരക്കുവിനിമയംവർദ്ധിക്കുന്ന ലക്ഷണം കാണുന്നില്ല.

ഏസിയനും ഇതരരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ ചിട്ടപ്പെടുത്തുന്ന കാര്യത്തിൽ കൂടുതൽ പുരോഗതി ഉണ്ടായിട്ടുണ്ട്. കോമൺമാർക്കററിൽപ്പെട്ട രാജ്യങ്ങളുമായുള്ള വ്യാപാരത്തിന്റെ ക്രമീകരണത്തിൽ കാര്യമായ നേട്ടങ്ങളുണ്ടായതും ഏസിയൻരാജ്യങ്ങൾക്കു ഹാനികരമാംവണ്ണം ജപ്പാനിൽ കൃത്രിമറബ്ബറുല്പാദനം ''കണ്ടമാനം'' വർദ്ധിപ്പിക്കുന്നതിനെതിരെ സ്വാഭാവികറബ്ബർ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ നടത്തിയ പ്രതിഷേധങ്ങൾ ഫലപ്രദമായതും ഇവിടെ എടുത്തുപറയേണ്ടേയിരിക്കുന്നു. ഏസിയന്റെ ചട്ടക്കൂട്ടിനുള്ളിൽ സാമ്പത്തികസഹകരണം മന്ദമായ തോതിൽ വികസിക്കുന്നതിൽ ചില രാജ്യങ്ങൾ അതൃപ്തി പ്രകടിപ്പിക്കുന്നു. സിംഗപ്പൂർ അക്കാര്യത്തിൽ ഉൽക്കണ്ഠ പ്രകടിപ്പിക്കാൻ തുടങ്ങിയിട്ടു നാളേറെയായി. ഇന്തോനേഷ്യയും അതെപ്പററി കൂടുതൽ ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന്, ദക്ഷിണപൂർവ്വേഷ്യയുടെ സ്ഥിരതയ്ക്കും ഭദ്രതയ്ക്കും ഉറപ്പുവരുത്തുന്നതിനുവേണ്ടി സാമ്പത്തികസഹകരണത്തെ ത്വരിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് 1974 മേയിൽ ജക്കാർത്തയിൽക്കൂടിയ ഏസിയൻസമ്മേളനത്തിൽ ഊന്നിപ്പറയുകയുണ്ടായി.

വെറും സാമ്പത്തികകടമകൾക്കു പുറമെ സ്വന്തം പ്രവർത്തനമേഖലയിലെന്നതുപോലെ ദക്ഷിണപൂർവ്വേഷ്യയിലാകമാനം രാഷ്ട്രീയസ്ഥിരതയും ഭദ്രതയും നിലനിർത്തുകയെന്ന ചുമതലയും ഏസിയൻ അതിന്റെ ആരംഭംമുതല്ക്കുതന്നെ ഏറെറടുക്കുകയുണ്ടായി. ഏസിയൻപ്രഖ്യാപനത്തിന്റെ മുഖവുരയിൽ ആ സംഘടനയുടെ ലക്ഷ്യങ്ങൾ വളരെ കരുതലോടെയാണു് ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും അംഗരാജ്യങ്ങൾതമ്മിൽ രാഷ്ട്രീയസഹകരണം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള സൂചനകൾ അടങ്ങിയിട്ടുണ്ടു്. സാമ്പത്തികസഹകരണമെന്നതു പരമലക്ഷ്യമായിരിക്കരുതെന്നു് അംഗരാജ്യങ്ങൾ കരുതുന്നു. 1968 ആഗസ്റ്റിൽ ജക്കാർത്തയിൽവച്ചു കൂടിയ രണ്ടാം ഏസിയൻമന്ത്രിസമ്മേളനത്തിന്റെ ഉൽഘാടനവേളയിൽ പുതിയ സംഘടനയുടെ സ്വഭാവത്തെപ്പററി ഇന്തോനേഷ്യൻ പ്രസിഡണ്ടു് സുഹാർത്തൊ ഇപ്രകാരം പ്രസ്താവിച്ചു: ''സാമ്പത്തികവികാസവും സ്ഥിരതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം ആ രണ്ടു പ്രശ്നങ്ങളും ഒരേ തോതിൽ പരിഹരിക്കാൻ നമുക്കു സാധിക്കും. സാമ്പത്തികവികാസം നമ്മുടെ പ്രദേശത്തിന്റെ രാഷ്ട്രീയസ്ഥിരതയ്ക്കു സഹായകമായിത്തീരും. അതുപോലെതന്നെ രാഷ്ട്രീയസ്ഥിരത സാമ്പത്തികവികാസത്തിനുവേണ്ടിയുള്ള സഹകരണത്തെ ത്വരിപ്പിക്കുകയും ചെയ്യും.''

ദക്ഷിണപൂർവ്വേഷ്യയുടെ സ്ഥിതി അസ്ഥിരമായതിനാലും മേഖലയ്ക്കാകമാനം പുറത്തുനിന്നുള്ള ഭീഷണി നിലവിലുള്ളതിനാലുമാണത്രെ

ഏസിയന്റെ ആരംഭംമുതൽക്കുതന്നെ അതിന്റെ അംഗരാജ്യങ്ങളുടെ രാഷ്ട്രീയസഹകരണം ആവശ്യമായിത്തീർന്നതു്. ''വിദേശ ഇടപെടലിനെ തടയുന്നതിനുവേണ്ടി ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ ഏകോപിക്കേണ്ടതാവശ്യമാണെ''ന്നു് ഏസിയൻപ്രഖ്യാപനം ഒപ്പുവച്ചതിനുശേഷം നടന്ന പത്രസമ്മേളനത്തിൽവച്ചു് തുൻ അബ്ദുൾറസാക്ക് (അന്നദ്ദേഹം മലേഷ്യയുടെ ഉപപ്രാധാനമന്ത്രിയായിരുന്നു) പ്രസ്താവിച്ചു. ഏഷ്യയിലെ ചെറുരാഷ്ട്രങ്ങൾ അവയെ ബാൾക്കനീകരിക്കാനോ തമ്മിലടിപ്പിക്കാനോ പുറംരാജ്യങ്ങൾ ശ്രമിക്കുന്നതിനെ ചെറുക്കാതിരിക്കില്ലെന്നു് പുതിയ സംഘടനയുടെ സ്ഥാപനത്തെപ്പററി സംസാരിക്കവെ സിംഗപ്പൂർ വിദേശകാര്യമന്ത്രി രാജരത്നം ചൂണ്ടിക്കാട്ടി. പ്രതികൂലശക്തികളുമായുള്ള സമരത്തിൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ സ്വാശ്രയത്വമാർജ്ജിക്കണമെന്ന തന്റെ രാജ്യം എല്ലാപ്പോഴും ആഗ്രഹിച്ചിരുന്നെന്നു് ഇന്തോനേഷ്യൻ വിദേശകാര്യമന്ത്രി ആദം മലിക്ക് ഊന്നിപ്പറഞ്ഞു.16

അങ്ങനെ ഏസിയന്റെ രൂപീകരണത്തെ വിദേശനയപരമായ ചില ലക്ഷ്യങ്ങൾ കാര്യമായി സ്വാധീനിക്കാതിരുന്നില്ല. ദക്ഷിണപൂർവ്വേഷ്യയിലെ മാറിക്കൊണ്ടിരിക്കുന്ന ശാക്തികാനുപാതത്തോടുള്ള ''പഞ്ചരാഷ്ട്ര''ഗവണ്മെന്റുകളുടെ പ്രതികരണങ്ങളിലൊന്നായിരുന്ന അതു്. ഏഷ്യയിൽ അമേരിക്കയുടെ സൈനികസാന്നിദ്ധ്യം കുറയുകയും പി.ആർ.സി. ഏഷ്യൻ രാഷ്ട്രീയരംഗത്തു മടങ്ങിയെത്തുകയും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾക്കു ഹാനികരമാംവണ്ണം ചൈനയും അമേരിക്കയും തമ്മിൽ രഹസ്യധാരണയിൽ എത്തിച്ചേരുകയും ശാന്തസമുദ്രപ്രദേശത്തെ ഇതര സാമ്രാജ്യത്വശക്തികളായ ജപ്പാനും ആസ്ത്രേലിയയും ന്യൂസിലണ്ടുമായി ചൈന ബന്ധങ്ങൾ സാധാരണവൽക്കരിക്കുകയും ചെയ്തതോടുകൂടി ഏസിയനിൽ വിദേശനയസഹകരണത്തെ സംബന്ധിച്ച പ്രശ്നങ്ങൾക്കു് സാമ്പത്തികസഹകരണത്തെ സംബന്ധിച്ചവയെക്കാൾ പ്രാധാന്യം ലഭിച്ചതിൽ അതിശയിക്കാനില്ല.

ചുരുക്കിപ്പറഞ്ഞാൽ സാമ്പത്തികസഹകരണത്തിന്റെ ഉപകരണമായി മാത്രമല്ല, ബാഹ്യശക്തികളുടെ സമ്മർദ്ദത്തിനു രാഷ്ട്രീയചെറുത്തുനില്പു നല്കുന്നതിനുള്ള ഉപാധിയായിക്കൂടിയാണു് ഏസിയനെ അതിന്റെ അംഗരാജ്യങ്ങൾ കണക്കാക്കിയിരുന്നതും കണക്കാക്കുന്നതും.

ഏസിയൻ സ്ഥാപിക്കുന്നതിനു മുന്നോട്ടുവന്ന രാജ്യങ്ങൾ പ്രധാനമായും ചൈനയെയാണു ഭയപ്പെട്ടിരുന്നതെന്നു കാണിക്കുന്ന പല വസ്തുതകളുമുണ്ടു്. ചൈനയുടെ ഭൂപരമായ അവകാശവാദങ്ങളെ കണക്കിലെടുക്കാതിരിക്കാൻ ആ രാജ്യങ്ങൾക്കു കഴിയുമായിരുന്നില്ല. തായ്‌ലണ്ടിന്റേയും മലേഷ്യയുടേയും സിംഗപ്പൂരിന്റേയും മുഴുവൻ പ്രദേശങ്ങളും പീക്കിങ്ങ് അവകാശപ്പെടുന്നു. ചൈന പറസേൽദ്വീപുകൾ കൈവശപ്പെടു

ത്തിയതോടെ ചൈനയുമായുള്ള ഭൂപരമായ തർക്കങ്ങളിലേക്കു ഫിലിപ്പൈൻസും വലിച്ചിഴയ്ക്കപ്പെട്ടിരിക്കുന്നു. ഏസിയന്റെ അഞ്ച് അംഗരാജ്യങ്ങളിൽ നാലിനുമെതിരെ ചൈനയ്ക്ക് ആക്രമണോദ്ദേശങ്ങളുണ്ടെന്ന വസ്തുത ഏസിയന്റേയും അതിന്റെ അംഗരാജ്യങ്ങളിലോരോന്നിന്റേയും വിദേശനയാവിഷ്കാരത്തെ സ്വാധീനിച്ചിരുന്നു, സ്വാധീനിക്കുകയും ചെയ്യുന്നു.

സ്വന്തം പ്രവർത്തനമേഖലയിൽ രാഷ്ട്രീയസ്ഥിരത കൈവരുത്തുകയെന്നതാണ് ഏസിയൻ മുൻവയ്ക്കുന്ന കടമകളിലൊന്ന്. എന്നാൽ സിംഗപ്പൂരൊഴിച്ച് എല്ലാ ഏസിയൻരാജ്യങ്ങളിലും നിലവിലുള്ള ഒളിപ്പോർ പ്രസ്ഥാനങ്ങൾ ആ കടമ നിറവേററുന്നതിനു പ്രതിബന്ധമായി വർത്തിക്കുന്നു.

സാമ്പത്തികസ്വാധീനത്തോടുകൂടിയ ചൈനീസ്ന്യൂനപക്ഷങ്ങളുമായി പീക്കിങ്ങിനുള്ള പ്രത്യേകബന്ധങ്ങൾ ഏസിയന്റെ അംഗരാജ്യങ്ങളുടെ ഗുരുതരമായ ആശങ്കയ്ക്കു കാരണമാകുന്നു.

മലേഷ്യൻ സമ്പദ്‌വ്യവസ്ഥയുടെ 90 ശതമാനവും ചൈനീസ് ബൂർഷ്വാസിയുടെ നിയന്ത്രണത്തിലാണെന്നു കണക്കാക്കപ്പെടുന്നു. ഫിലിപ്പൈൻസിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ മുക്കാലും ചൈനാക്കാരുടേതാണ്. ഇന്തോനേഷ്യൻ സമ്പദ്‌വ്യവസ്ഥയുടെ 30–40 ശതമാനം ചൈനീസ് മൂലധനത്തിന്റെ നിയന്ത്രണത്തിലാണ്. തായ്‌ലണ്ടിന്റെ സമ്പദ്‌വ്യവസ്ഥയുടെ 85 ശതമാനം ആസ്തികളും ചൈനീസ്ബൂർഷ്വാസിയുടേതാണ്. സിംഗപ്പൂരിന്റെ കാര്യം പറയേണ്ടതില്ലല്ലോ.

ചൈനീസ്ബൂർഷ്വാസിയുടെ സാമ്പത്തികമേധാവിത്വത്തിൽ ഏസിയന്റെ അംഗരാജ്യങ്ങളിലെ ദേശീയബൂർഷ്വാസി നിരന്തരമായി ആശങ്ക പ്രകടിപ്പിക്കുന്നു. ചൈനീസ്ബൂർഷ്വാസിയുമായി രാഷ്ട്രീയാധികാരം പങ്കിടാൻ അവർ ആഗ്രഹിക്കുന്നില്ല. ചൈനീസ് ബൂർഷ്വാസിയുടെ സാമ്പത്തികസ്വാധീനം പരിമിതമാക്കുകയെന്ന അടവ് മേല്പറഞ്ഞ രാജ്യങ്ങളുടെ ഗവണ്മെന്റുകൾ പ്രയോഗിക്കുന്നുവെങ്കിലും അതു് അത്ര ഫലപ്രദമാകുന്നില്ല.

ഏസിയൻ സ്ഥാപിക്കപ്പെട്ട അവസരത്തിൽ അതിന്റെ എല്ലാ അംഗരാജ്യങ്ങൾക്കും പൊതുവായുള്ള ആ പ്രശ്നം പരിഗണിക്കപ്പെട്ടില്ലെന്നു കരുതുക പ്രയാസമാണ്.

ഏസിയൻ ആദ്യമായി കൈക്കൊണ്ട വിദേശനയനടപടികളുടെ സ്വഭാവത്തിൽനിന്ന് ആ സംഘടന പീക്കിങ്ങിന്റെ വിപുലനത്തിനെതിരെ ലക്ഷ്യമാക്കിയുള്ളതാണെന്നു മനസ്സിലാക്കാൻ കഴിയും. അതിന്റെ എല്ലാ മന്ത്രിസമ്മേളനങ്ങളിലുംതന്നെ ചൈനയുമായുള്ള ബന്ധങ്ങളുടെ പ്രശ്നം വ്യത്യസ്തതോതിൽ ചർച്ചചെയ്യുകയുണ്ടായി. ഏസിയന്റെ ആ

ദ്യത്തെ വിദേശനയനടപടികളിൽ പ്രധാനമായ ഒന്നു് ചൈനയോടുള്ള സംയുക്തസമീപനത്തിൻെറ ആവിഷ്കരണമായിരുന്നുവെന്നതു് എത്രയും ശ്രദ്ധേയമാണു്. മററു രാജ്യങ്ങളോടു് അത്തരം സമീപനം കൈക്കൊള്ളേണ്ടതു് ആവശ്യമാണെന്നു് ആ രാജ്യങ്ങൾ കരുതുന്നില്ലെന്നതും എടുത്തുപറയേണ്ടിയിരിക്കുന്നു.

1971 നവമ്പറിൽ കോലാലമ്പൂരിൽ കൂടിയ ഏസിയൻരാജ്യങ്ങളുടെ മന്ത്രിസമ്മേളനം ചൈനയെ സംബന്ധിച്ചിടത്തോളമുള്ള അവയുടെ വിദേശനയനടപടികളെ കൂടുതൽ കൂട്ടിയിണക്കേണ്ടതാണെന്ന നിഗമനത്തിലെത്തി. ചൈനയോടുള്ള ഏസിയൻരാജ്യങ്ങളുടെ ഏകോപിതസമീപനത്തിൽ ഏതാനും ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ചൈനയിലെ സ്ഥിതിയെസംബന്ധിച്ച കൈവശമുള്ള വിവരങ്ങൾ—ചൈനീസ്പ്രതിനിധികളുമായുള്ള തങ്ങളുടെ സമ്പർക്കങ്ങളെപ്പററിയുള്ളവയുൾപ്പെടെ—തല്പരപക്ഷങ്ങൾ നിർബ്ബന്ധമായും കൈമാറണമെന്നതായിരുന്നു അവയിൽ പ്രധാനപ്പെട്ടതു്. ചൈനയുമായുള്ള പ്രധാന വിദേശനയനടപടികളെ സംബന്ധിച്ചു്, പ്രത്യേകിച്ചും ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുന്നതിനെപ്പററി, പരസ്പരചർച്ചകൾ നടത്തണമെന്നു് ആ സമീപനം ആവശ്യപ്പെടുന്നു. പി.ആർ.സി.യെ നയതന്ത്രപരമായി അംഗീകരിക്കുന്ന കാര്യത്തിൽ ഏസിയൻരാജ്യങ്ങൾ ഒന്നിച്ചു്, ഏകമുന്നണിയായി, ''ഒററ ഗ്രൂപ്പെന്നോണം''17 പ്രവർത്തിക്കുന്നു. ചൈനയുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതിനുള്ള കൂടിയാലോചനകൾക്കുവേണ്ടി ഏകോപതനിലപാടു് ആവിഷ്കരിക്കുക, നയതന്ത്രാംഗീകാരത്തിനുള്ള സംയുക്തവ്യവസ്ഥകൾ മുൻവയ്ക്കുക, ഏതാണ്ടു് ഒരേസമയത്തുതന്നെ ചൈനയുമായി നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുക എന്നിവ ആ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. പീക്കിങ്ങിനോടുള്ള ഏസിയൻെറ ഏകോപിതസമീപനം ദക്ഷിണപൂർവ്വേഷ്യയെ നിഷ്പക്ഷീകരിക്കുകയെന്ന നിർദ്ദേശത്തിൻെറ സാക്ഷാൽക്കാരവുമായി നന്നായി കൂട്ടിയിണക്കപ്പെടുമെന്നു് കോലാലമ്പൂർസമ്മേളനത്തിൽവച്ചു് ഊന്നിപ്പറയുകയുണ്ടായി.

ചൈനയോടുള്ള ഏകോപിതസമീപനത്തിൻെറ സാരാംശത്തെ വ്യാഖ്യാനിക്കുന്നതിൽ അംഗരാജ്യങ്ങൾ തമ്മിൽ ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നുവരികിലും മൊത്തത്തിൽ ആ സമീപനം ഇന്നുവരേയ്ക്കും തുടർന്നുവരുന്നു.

ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കു ചൈനയോടുള്ള ഭീതിയുടെ അന്തരീക്ഷത്തിലാണു് ഏസിയൻെറ ഏകോപിതനയം രൂപമെടുത്തതു്. ആ അന്തരീക്ഷത്തിലേ അതിനു രൂപമെടുക്കാൻ കഴിയുമായിരുന്നുള്ളതാനും. ചൈനയിൽനിന്നു് അതിൻെറ തെക്കൻ അയൽരാജ്യങ്ങൾക്കു ഭീ

ഷണിയുണ്ടെന്നതു് ഒരു യാഥാർത്ഥ്യമാണു്. ഏസിയൻെറ വിദേശനയ സങ്കല്പം ആവിഷ്കരിച്ച അവസരത്തിൽ ആ വസ്തുത കണക്കിലെടുക്കാതിരിക്കാൻ അതിൻെറ അംഗരാജ്യങ്ങൾക്കു കഴിയുമായിരുന്നില്ല.

ചൈനയുമായി നയതന്ത്രബന്ധങ്ങൾ ഇല്ലായിരുന്ന ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾമാത്രം ഏസിയൻെറ ചട്ടക്കൂട്ടിനുള്ളിൽ ഏകോപിച്ചതു യാദൃച്ഛികമായാണെന്നു കരുതിക്കൂടാ.

ഏസിയൻ ''മററതെങ്കിലും രാജ്യങ്ങൾക്കോ രാജ്യങ്ങളുടെ ഗ്രൂപ്പുകൾക്കോ എതിരായിട്ടുള്ളതല്ലെ''[18]ന്നു് അതിൻെറ അംഗരാജ്യങ്ങളുടെ വക്താക്കൾ ഇടയ്ക്കിടെ പ്രസ്താവനകൾ നടത്തുന്നതു് ആ സംഘടന ചൈനയുടെ വിപുലനപദ്ധതികൾക്കെതിരെ ലക്ഷ്യമാക്കിയുള്ളതാണെന്ന വസ്തുത മറച്ചുവയ്ക്കുന്നതിനുവേണ്ടിയാണു്.

എന്നിരിക്കിലും പീക്കിങ്ങ്നേതൃത്വം ആ സംഘടനയിൽ വലിയ താല്പര്യം പ്രദർശിപ്പിക്കുകയും അതുമായി—തീർച്ചയായും തങ്ങൾക്കനുകൂലമായ വ്യവസ്ഥകളിന്മേൽ—ഉററ സഹകരണത്തിലേർപ്പെടുകയെന്ന ദീർഘകാലലക്ഷ്യം മുൻവയ്ക്കുകയും ചെയ്യുന്നു.

ചൈനയുടെ ഏഷ്യൻനയത്തിൻെറ മുഖ്യലക്ഷ്യങ്ങൾ ഏഷ്യൻജനതകളുടെ മൗലികതാല്പര്യങ്ങൾക്കു കടകവിരുദ്ധമാണു്. തന്മൂലം എസ്കാപ്പിനെപ്പോലെ കൂടുതൽ പ്രാതിനിധ്യസ്വഭാവമുള്ള മേഖലാസംഘടനകളിൽ സ്വന്തം സ്വാധീനം വർദ്ധിക്കുമെന്നു കരുതാൻ ചൈനയ്ക്കു സാധ്യമല്ല. അതിനാൽ കൂടുതൽ ഇടുങ്ങിയ ഉപമേഖലാസംഘടനകളുമായി ഉററ സമ്പർക്കങ്ങൾ സ്ഥാപിക്കാൻ ചൈനീസ് നേതൃത്വം ശ്രമിക്കുന്നു. അവയിൽ നിയന്ത്രണമുറപ്പിക്കുന്നതിനു കൂടുതൽ സാധ്യതകളുണ്ടെന്നു് അവർ കരുതുന്നു.

സ്വന്തം രക്ഷാകർത്തൃത്വത്തിൻകീഴിൽ വികസ്വരരാജ്യങ്ങളുടെ ഒരു ബ്ലോക്കു സൃഷ്ടിക്കാൻ ചൈന പണ്ടുതൊട്ടേ ആഗ്രഹിക്കുന്നു. എന്നാൽ അത്തരമൊരു സംഘടന ശൂന്യതയിൽനിന്നു് ഉടലെടുക്കുകയില്ലല്ലോ. വികസ്വരരാജ്യങ്ങളെ പാട്ടിലാക്കുന്നതിൽ വേണ്ടത്ര പരിചയമാർജ്ജിക്കേണ്ടതു് അതിനാവശ്യമാണു്. അതുകൊണ്ടാണു് ഏതാനും രാജ്യങ്ങൾ മാത്രം ഉൾപ്പെടുന്ന ഉപമേഖലാസംഘടനയിൽ സ്വന്തം ശക്തി പരീക്ഷിക്കാൻ പീക്കിങ്ങ് ശ്രമിക്കുന്നതു്. സ്വന്തം മഹച്ഛക്തിതത്വങ്ങളും വികസ്വരരാജ്യങ്ങളുടെമേൽ അവയ്ക്കുള്ള പ്രഭാവവും ഒരിക്കൽക്കൂടി പരീക്ഷിച്ചറിയുന്നതിനുള്ള രംഗമായി. ചൈന ഏസിയനെ കണക്കാക്കുന്നു.

ദക്ഷിണപൂർവ്വേഷ്യയിലെ മൂർത്തസാഹചര്യങ്ങളിൽ ചൈനയ്ക്കു് അതിൻെറ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനും അയൽരാജ്യങ്ങളെ ചൊല്പടിയിലാക്കുന്നതിനുംവേണ്ടി ഒരു സംഘടന ആവശ്യമുണ്ടു്. അ

ത്തരമൊരു സംഘടന ചൈനയ്ക്കു സൃഷ്ടിക്കാമായിരുന്നു. പക്ഷേ പീക്കി ങ്ങിന്റെ മേഖലയിലുള്ള പദ്ധതികളെ സംബന്ധിച്ച് ന്യായമായും ഉൽ ക്കണ്ഠയുള്ള ഏഷ്യൻരാഷ്ട്രങ്ങൾ ചൈനയുടെ വ്യവസ്ഥകൾ സ്വീകരിച്ചു കൊണ്ട് അത്തരമൊരു സംഘടനയിൽ ചേരുമെന്നു തോന്നുന്നില്ല. അ തിനാൽ നിലവിലുള്ള സംഘടനകളെ സ്വന്തം ആവശ്യങ്ങൾക്ക് അനു രൂപമാക്കുകയല്ലാതെ ചൈനയ്ക്കു ഗത്യന്തരമില്ല. മേഖലാതലത്തിലുള്ള ഏതാനും സംഘടനകൾ ഇന്ന് ഏഷ്യയിലുണ്ട്. എന്നാൽ അവയുടെ പ്രാ തിനിധ്യസ്വഭാവംമൂലമോ അഥവാ അവയിൽ സമ്രാജ്യത്വശക്തികൾക്കു കൂടുതൽ സ്വാധീനമുള്ളതിനാലോ ഏസിയനൊഴിച്ചുള്ള സംഘടനകളൊ ന്നും പീക്കിങ്ങിൻെറ താല്പര്യങ്ങൾക്ക് അനുയോജ്യമല്ല.

ഏസിയൻെറ പീക്കിങ്ങ്‌വിരുദ്ധപ്രവണതയ്ക്കു മൂർച്ച കുറയ്ക്കുക, അ തിൻെറ അംഗങ്ങളുമായി ഉററ ബന്ധങ്ങൾ സ്ഥാപിക്കുക, അതിൻെറ സാധ്യതകളേയും സ്വാധീനശക്തിയേയും പിന്നീടു സ്വന്തം മഹച്ഛക്തി ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുക എന്നിവയാണ് ആ സംഘടന യോടു പീക്കിങ്ങ് അനുവർത്തിക്കുന്ന നയത്തിൻെറ ഉദ്ദേശങ്ങൾ.

ഏസിയനുമായി ഉററ സമ്പർക്കങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി പീക്കിങ്ങ് മൂന്നു മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. ചൈനയ്ക്കനുകൂലമായ വിദേശനയപാത ഏസിയനെ കെട്ടിയേല്പിക്കുക, അതിൻെറ അംഗരാ ജ്യങ്ങളുമായി രാഷ്ട്രാന്തരബന്ധങ്ങൾ സാധാരണവല്ക്കരിക്കുക, ആ സം ഘടനയുടെ പ്രവർത്തനത്തിലുള്ള പീക്കിങ്ങിനനുകൂലമായ വശങ്ങളെ പി ന്താങ്ങുക എന്നിവയാണത്.

ഏസിയൻെറ തങ്ങൾക്കനുകൂലമല്ലാത്ത വിദേശനയചായ്‌വ് പീ ക്കിങ്ങ്‌നേതൃത്വം കണ്ടില്ലെന്നു നടിക്കുന്നു. മാത്രമല്ല, ആ സംഘടനയു ടെ പ്രവർത്തനത്തിനു പ്രത്യക്ഷമായ സോവിയററ്‌വിരുദ്ധസ്വഭാവം പ്ര ദാനംചെയ്യാൻ അവർ യത്നിക്കുന്നു. അതിനുള്ള സാധ്യതകൾ ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കുന്നതി നുവേണ്ടി നടത്തിയ ദ്വിപക്ഷീയകൂടിയാലോചനകളുടെ വേളയിൽ അ വർ സ്പർശിച്ചറിയുകയുണ്ടായി. ഏഷ്യൻരാജ്യങ്ങൾക്കു സോവിയററ് യൂണിയനുമായുള്ള ബന്ധങ്ങൾ വഷളാക്കുന്നതിനും അങ്ങനെ ആ രാജ്യങ്ങ ളിലേക്കുള്ള തങ്ങളുടെ നുഴഞ്ഞുകയററം സുകരമാക്കുന്നതിനുംവേണ്ടി ഏ സിയനോടുള്ള തങ്ങളുടെ ഇന്നത്തെ നയം പീക്കിങ്ങ് നേതൃത്വം തുടരു മെന്നു കരുതേണ്ടിയിരിക്കുന്നു.

ഏസിയൻെറ എല്ലാ അംഗരാജ്യങ്ങളുമായി ദ്വിപക്ഷീയബന്ധങ്ങൾ സാധാരണവൽക്കരിക്കാതെ ആ മേഖലാസംഘടനയുമായി സഹകരണ ത്തിലേർപ്പെടാനും അതിനെ ദക്ഷിണപൂർവ്വേഷ്യയിൽ സ്വന്തം താല്പ ര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താനും സാധിക്കയില്ലെന്നു പീക്കി

ങ്ങിനു് നന്നായറിയാമായിരുന്നു. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുടെ പ്രതിനിധികളുമായി ആദ്യം അനൗദ്യോഗികവും പിന്നീടു് ഔദ്യോഗികവുമായ കൂടിയാലോചനകൾ ആരംഭിക്കുന്നതിനുള്ള തീരുമാനത്തെ അതു വളരെ സ്വാധീനിച്ചു. ഏസിയനിൽപ്പെട്ട എല്ലാ രാജ്യങ്ങളുമായി ചൈന ഒരേസമയത്തുതന്നെ ബന്ധസാധാരണവൽക്കരണചർച്ചകൾ ആരംഭിച്ചുവെന്നതു ശ്രദ്ധേയമാണു്.

ചൈനയുടേയും ഏസിയൻേറയും താല്പര്യങ്ങൾ ഒന്നുതന്നെയെന്ന മിഥ്യാധാരണ സൃഷ്ടിക്കാൻ പീക്കിങ്ങ് യത്നിക്കുന്നു. ഏസിയൻെറ രൂപീകരണത്തെ ദക്ഷിണപൂർവ്വേഷ്യയിലെ സ്ഥിതിവികാസത്തിൻെറ ഒരനുകൂലഘടകമായി ചൈന കരുതുന്നുവെന്നു്[19] 1975 മാർച്ചിൽ സിംഗപ്പൂർ വിദേശകാര്യമന്ത്രി രാജരത്നവുമായി നടത്തിയ സംഭാഷണവേളയിൽ ചൌ എൻ—ലായ് പറയുകയുണ്ടായി.

പീക്കിങ്ങിൻെറ നയതന്ത്രത്തിനു ദക്ഷിണപൂർവ്വേഷ്യയിലുള്ള ലക്ഷ്യങ്ങൾക്കു വിരുദ്ധമല്ലാത്ത ഏസിയൻെറ എല്ലാ നടപടികൾക്കും അംഗീകാരവും പിന്തുണയും നല്കുകയെന്ന നയമാണു് അതു് അനുവർത്തിക്കുന്നതു്. ഇതോനുബന്ധിച്ചു്, പിന്തുണ നല്കേണ്ടതായി പീക്കിങ്ങ് കരുതുന്ന ഏസിയൻെറ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതു നന്നായിരിക്കും.

1970—ൽ മലേഷ്യൻ പ്രധാനമന്ത്രി തുൻ അബ്ദുൾറസാക്ക് മുൻവച്ചതും 1971 നവമ്പറിൽ ഏസിയൻെറ അംഗീകാരം ലഭിച്ചതുമായ, ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണമെന്ന ആശയം ഒരുവശത്തു് മേഖലയിലെ രാഷ്ട്രങ്ങളുടെ പരസ്പരബന്ധങ്ങൾ ക്രമീകരിക്കുന്നതിനേയും മറുവശത്തു് ദക്ഷിണപൂർവ്വേഷ്യയുടെ ഭദ്രതയ്ക്കു വിദേശശക്തികൾ ഉറപ്പുനല്കുന്നതിനേയും ലക്ഷ്യമാക്കിയുള്ളതാണു്. മററു രാജ്യങ്ങളുടെ പരമാധികാരത്തേയും ഭൂപരമായ അഖണ്ഡതയേയും മാനിക്കാനും അയൽരാജ്യങ്ങളുടെ ഭദ്രതയെ പ്രത്യക്ഷമായോ പരോക്ഷമായോ ഭീഷണിപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാനും മേഖലയിലെ എല്ലാ രാജ്യങ്ങളോടും അതാഹ്വാനിക്കുന്നു. മേഖലയിൽ സമാധാനം നിലനിർത്തുന്നതിനാവശ്യമായ നടപടികൾ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യണം. മേഖലാസഹകരണം വികസിപ്പിക്കുന്നതിനുവേണ്ടി അവ പ്രവർത്തിക്കുകയും പ്രധാന വിദേശശക്തികളുമായുള്ള കൂടിയാലോചനകളിൽ ദക്ഷിണപൂർവ്വേഷ്യയുടെ ഭദ്രതയെസംബന്ധിച്ചു് ഏകോപിതമായ നിലപാടു കൈക്കൊള്ളുകയും വേണം.

മറുവശത്തു്, ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണം മേഖലയിൽനിന്നു് എല്ലാ വിദേശശക്തികളും വിട്ടുപോകുന്നതിനേയും ദക്ഷി

ണപൂർവ്വേഷ്യയെ തങ്ങളുടെ ആധിപത്യസ്ഥാപനത്തിനുവേണ്ടിയുള്ള സമരത്തിൻെറ രംഗമായി മാററുന്നതിനു ബാഹ്യശക്തികൾ നടത്തുന്ന സകല ശ്രമങ്ങളേയും ചെറുക്കുന്നതിനേയും ലക്ഷ്യമാക്കിയുള്ളതാണ്. യു.എസ്.എസ്.ആർ., യു.എസ്.എ., ചൈന എന്നീ രാജ്യങ്ങൾ ദക്ഷിണപൂർവേഷ്യയെ ഒരു നിഷ്പക്ഷമേഖലയായി അംഗീകരിക്കണമെന്നും ആ മേഖലയെ തങ്ങളുടെ കിടമത്സരരംഗമാക്കരുതെന്നും ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷതയ്ക്കുവേണ്ട അന്താരാഷ്ട്രീയഗാറണ്ടികളുടെ ഒരു വ്യവസ്ഥ ആവിഷ്ക്കരിക്കണമെന്നും അതു നിർദ്ദേശിക്കുന്നു.

ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണമെന്ന ആശയത്തിൽ ഭൂഗോളത്തിൻെറ ആ അസ്വസ്ഥമേഖലയിൽ സമാധാനം സ്ഥാപിക്കുന്നതിനു സഹായകമായ പല ക്രിയാത്മകഘടകങ്ങളും അടങ്ങിയിട്ടുണ്ട്. അതോടൊപ്പംതന്നെ അതിനു വ്യക്തമായ ചില ദൗർബ്ബല്യവശങ്ങളുമുണ്ട്. ഉദാഹരണത്തിന് മേഖലയിൽ സാമ്രാജ്യത്വശക്തികളുടെ സൈനികതാവളങ്ങൾ നിലവിലുണ്ടെന്നതു് അതു കണക്കിലെടുക്കുന്നില്ല. മേല്പറഞ്ഞ ആശയം കൂടുതൽ വ്യക്തമാക്കുകയും അതിൽ കാര്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യേണ്ടതുണ്ട്.

എന്നിരിക്കിലും ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണമെന്ന ആശയം ഏഷ്യൻെറ അതിപ്രധാനമായ ഒരു വിദേശനയനടപടിയാണ്.

പ്രഥമദൃഷ്ടിയിൽ ഒരു വിരോധാഭാസമായി തോന്നിയേക്കാമെങ്കിലും പ്രസ്തുത ആശയം പീക്കിങ്ങിൻെറ നയതന്ത്രത്തിനു ദക്ഷിണപൂർവ്വേഷ്യയിൽ വമ്പിച്ച പ്രവർത്തനസ്വാതന്ത്ര്യം നല്കുന്നു.

സർവ്വപ്രഥമമായി, അതു ചൈനയ്ക്കു ദക്ഷിണപൂർവ്വേഷ്യയിൽ പ്രധാനപങ്കുണ്ടെന്നു സമ്മതിക്കുകയും ഇതേവരെ ഒററപ്പെട്ടുകഴിഞ്ഞിരുന്ന ചൈനയ്ക്കു മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പങ്കെടുക്കാൻ വിപുലമായ സാധ്യതകൾ തുറന്നുകൊടുക്കുകയും ചെയ്യുന്നു. മേഖലയിൽ സജീവമായി പ്രവർത്തിക്കാനുദ്ദേശിക്കുന്ന പീക്കിങ്ങ് നേതൃത്വത്തിൻെറ താല്പര്യങ്ങൾക്ക് അതു തികച്ചും അനുയോജ്യമാണ്.

ദക്ഷിണപൂർവ്വേഷ്യയിൽ ഇന്ന് ഏതാനും സാമ്രാജ്യത്വശക്തികൾക്ക് ചൈനയ്ക്കുള്ളതിനേക്കാൾ കൂടുതൽ സ്വാധീനമുണ്ട്. മേഖലയുടെ നിഷ്പക്ഷീകരണമെന്ന ആശയം അവിടെനിന്ന് എല്ലാ വിദേശസ്വാധീനവും അകററണമെന്നു വിഭാവനചെയ്യുന്നതിനാൽ ചൈനയ്ക്ക് അതിൽനിന്നു നേട്ടവും മററു ശക്തികൾക്കു കോട്ടവും ഉണ്ടാകുന്നു. ചൈനയുടെ തെക്കൻ അതിർത്തികളിൽ ആ ശക്തികൾക്കുള്ള കൈനിലകൾ ദുർബ്ബലമാക്കുന്നതിനു പണ്ടുതൊട്ടേ ശ്രമിക്കുന്ന പീക്കിങ്ങ്നേതൃത്വത്തിൻെറ താല്പര്യങ്ങൾക്ക് അതു പൂർണ്ണമായും അനുഗുണമാണ്.

ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണത്തിനു് ഉറപ്പുനല്കുന്ന രാജ്യങ്ങളിലൊന്നായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ചൈന ആ ആശയത്തെ അനുകൂലിക്കുന്നതിന്റെ ഫലമായി അതിനു് ഏഷ്യയൻരാജ്യങ്ങളിൽനിന്നു നിശ്ചിതമായ രാഷ്ട്രീയമുതലെടുപ്പു നടത്താൻ കഴിയുന്നു. പ്രസ്തുത ആശയം ഒട്ടേറെ അവ്യക്തമായിരുന്നിട്ടും അതിനു് പിന്തുണ നല്കാൻ ചൈന തിടുക്കംകാണിച്ചു. ഏഷ്യയനിൽ നിലവിലുള്ള പീക്കിങ്ങ്‌വിരുദ്ധമനോഭാവത്തെ മയപ്പെടുത്താൻ ആ നടപടിക്കു കഴിയുമെന്നു ചൈന കരുതുന്നു.

ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണമെന്ന ആശയത്തിനു പിന്തുണ നല്കിക്കൊണ്ടു് അതിനെ ഏഷ്യയിലെ എല്ലാ രാജ്യങ്ങളുടേയും സംയുക്തയത്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭദ്രതസ്സും സഹകരണത്തിനുംവേണ്ടി സോവിയററ്‌യൂണിയൻ മുൻവച്ച നിർദ്ദേശത്തിനു് എതിർനിർത്താമെന്നും അങ്ങനെ സോവിയററ് നിർദ്ദേശത്തിന്റെ ചർച്ചയേയും സാക്ഷാൽക്കാരത്തേയും വിഘാതപ്പെടുത്താമെന്നും ചൈന കരുതുന്നു.

ദക്ഷിണപൂർവ്വേഷ്യയുടെ നിഷ്പക്ഷീകരണമെന്ന ആശയം മറെറാരു കാരണത്താലും ചൈനയ്ക്കു് അനുകൂലമാണു്. മേഖലയുടെ ഭദ്രതയ്ക്കു് ഉറപ്പു നൽകേണ്ട രാജ്യങ്ങളുമായി—ചൈനയും അവയിലുംപ്പെടുന്നു—ഏഷ്യയന്റെ എല്ലാ അംഗരാജ്യങ്ങളും നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചെങ്കിൽമാത്രമേ മേല്പറഞ്ഞ ആശയം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളവെന്നു് അതിന്റെ പ്രണേതാക്കൾക്കു ബോദ്ധ്യമുണ്ടു്. അമേരിക്കയ്ക്കും സോവിയററ് യൂണിയനും ഏഷ്യയന്റെ എല്ലാ അംഗരാജ്യങ്ങളുമായി നയതന്ത്രബന്ധമുണ്ടു്. ചൈനയുടെ കാര്യം വ്യത്യസ്തമാണു്. നിഷ്പക്ഷമേഖലാസങ്കല്പം ഉടലെടുത്ത അവസരത്തിൽ ഏഷ്യയൻരാജ്യങ്ങളിൽ ഒന്നുമായിപ്പോലും ചൈനയ്ക്കു നയതന്ത്രബന്ധമില്ലായിരുന്നു. ഉറപ്പുനല്കുന്ന രാജ്യങ്ങളിലൊന്നായ ചൈനയുമായി ഏഷ്യയന്റെ എല്ലാ അംഗങ്ങൾക്കും നയതന്ത്രബന്ധമുണ്ടായിരിക്കേണ്ടതിനാൽ നിഷ്പക്ഷമേഖലാസങ്കല്പം ദക്ഷിണപൂർവ്വേഷ്യയിലെ അയൽരാജ്യങ്ങളിൽ അതിന്റെ സ്ഥാനപതികാര്യാലയങ്ങൾ സ്ഥാപിക്കുകയെന്ന അടിയന്തിരകർത്തവ്യം നിറവേററുന്നതിനു ചൈനയ്ക്കു സഹായകമായിത്തീരുന്നു. ഉദാഹരണത്തിനു്, ചൈനയുമായി സ്ഥാനപതിവിനിമയം നടത്തുന്നതോടുകൂടി എല്ലാ മഹച്ഛക്തികളിലുംനിന്നു് ഒരേ അകലത്തിലാകാനും അങ്ങനെ മേഖലയുടെ നിഷ്പക്ഷീകരണമെന്ന സങ്കല്പത്തിന്റെ സാക്ഷാൽക്കാരത്തിലേക്കു വലിയൊരു ചുവടു വയ്ക്കാനും കഴിയുമെന്നു മലേഷ്യ കരുതി.

പുതിയ അംഗങ്ങളെ സ്വീകരിക്കുകയെന്ന പ്രശ്നം ഏഷ്യയന്റെ ആരംഭംമുതല്ക്കുതന്നെ അതിന്റെ പ്രവർത്തനത്തിൽ വലിയ പ്രാധാന്യ വ

ഹിച്ചുവരുന്നു. ''മേൽക്കാണിച്ച ലക്ഷ്യങ്ങളിലും തത്വങ്ങളിലും വിശ്വസിക്കുന്ന എല്ലാ ദക്ഷിണപൂർവ്വേഷ്യൻരാഷ്ട്രങ്ങൾക്കും സംഘടനയിൽ അംഗങ്ങളാകാ''മെന്നു് ബാങ്കോക്ക് പ്രഖ്യാപനത്തിന്റെ അഞ്ചാം വകുപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. പല അവസരങ്ങളിലായി എല്ലാ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾക്കും ഏസിയനിൽ ചേരാൻ ക്ഷണം ലഭിക്കുകയുണ്ടായി. സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ ആ രാജ്യങ്ങളെ ഏസിയന്റെ കീഴിൽ അണിനിരത്താൻ അതിന്റെ സ്ഥാപകരാജ്യങ്ങൾക്കു് ആഗ്രഹമുണ്ടു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതികളിൽ അതിനുള്ള സാദ്ധ്യതകൾ വളരെ കുറവാണു്.

വിയററ്നാമിൽ അമേരിക്ക നടത്തിയ ആക്രമണത്തിൽ പങ്കുകൊണ്ടവയും അമേരിക്കയുടെ സൈനികതാവളങ്ങൾ നിലനിർത്തുന്നവയുമായ ചില ഏസിയൻരാജ്യങ്ങളുടെ ഉദ്ദേശങ്ങൾ എത്രമാത്രം ആത്മാർത്ഥമാണെന്നതിൽ സംശയമുള്ളതിനാൽ വിയററ്നാം സോഷ്യലിസ്റ്റ്റിപ്പബ്ലിക്ക് ആ സംഘടനയുമായി സമ്പർക്കത്തിലേർപ്പെടാൻ ആഗ്രഹിച്ചതേയില്ല. ഏസിയനിൽനിന്നു പല പ്രാവശ്യം ക്ഷണം ലഭിച്ചെങ്കിലും ബർമ്മയും തല്ക്കാലം അതിൽ ചേരാൻ ഉദ്ദേശിക്കുന്നില്ല. ആ സംഘടനയുടെ രാഷ്ട്രീയനിഷ്പക്ഷതയെ സംബന്ധിച്ചിടത്തോളം ബർമ്മയ്ക്കിനിയും സംശയങ്ങളുണ്ടു്. ''ഏസിയന്റെ അഞ്ചു് അംഗങ്ങളും അവയുടെ പൂർണ്ണമായ നിഷ്പക്ഷത പ്രദർശിപ്പിച്ചതിനുശേഷമേ ബർമ്മ അതിൽ ചേരുകയുള്ളു.''21 എല്ലാ ഏസിയൻ രാജ്യങ്ങളും ചൈനയെ അംഗീകരിച്ചതിനുശേഷമേ ബർമ്മ അതിൽ ചേരുകയുള്ളുവെന്നു് ആ പ്രശ്നത്തെ സംബന്ധിച്ച നിലപാടു വിശദമാക്കിക്കൊണ്ടു് ബർമ്മീസ് ഗവണ്മെൻറ് പ്രസ്താവിച്ചു.22

എന്നാൽ സമയം കാത്തുനില്ക്കുന്നില്ല. ഏസിയനു് അതിന്റെ ദീർഘകാലപരിപാടി തയ്യാറാക്കുന്നതിനുമുമ്പു് ഭാവിയിൽ ഏതെല്ലാം രാജ്യങ്ങൾ അതിൽ ഉണ്ടായിരിക്കുമെന്നു വ്യക്തമായും അറിയേണ്ടതുണ്ടു്. ഏസിയനിൽ പുതിയ അംഗങ്ങളെ എടുക്കുന്ന പ്രശ്നമുൾപ്പെടെ പരസ്പരതാല്പര്യമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി എല്ലാ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളും ചേർന്നുള്ള ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്ന നിർദ്ദേശം വിയററ്നാമിനെസംബന്ധിച്ച പാരീസ് ഉടമ്പടി ഒപ്പുവച്ചതിനെത്തുടർന്നു തായ്‌ലണ്ടു് മുൻവച്ചു. എന്നാൽ ആ നിർദ്ദേശത്തിനു ദക്ഷിണപൂർവ്വേഷ്യയിൽ വിപുലമായ പിന്തുണയാർജ്ജിക്കാൻ കഴിഞ്ഞില്ല.

എന്നിരിക്കിലും ചൈന ഏസിയനെ വിപുലീകരിക്കുന്നതിനും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ സമ്മേളനം വിളിച്ചുകൂട്ടുന്നതിനുംവേണ്ടി നിലകൊള്ളുന്നു. തായ്‌ലണ്ടിന്റെ ഉപവിദേശകാര്യമന്ത്രി ചുൻഹവന

മായി നടന്ന കൂടിക്കാഴ്ചയുടെ സമയത്ത് ചൌ എൻ—ലായ് അതെപ്പ റ്റി പറയുകയുണ്ടായി.23.

ഇക്കാര്യത്തിൽ പീക്കിങ്ങിനുള്ള ഉദ്ദേശങ്ങൾ പ്രഥമദൃഷ്ടിയിൽ കാ ണുന്നത്ര നിർദ്ദോഷമൊന്നുമല്ല.

ഏസിയന്റെ ഇന്നത്തെ അഞ്ച് അംഗരാജ്യങ്ങൾതമ്മിൽപ്പോലും അവയുടെ താല്പര്യങ്ങളെ ബാധിക്കുന്ന പ്രധാന വിദേശനയപ്രശ്നങ്ങളിൽ അഭിപ്രായൈക്യമില്ല. നിരന്തരമായുളവാകുന്ന തർക്കപ്രശ്നങ്ങളിലും പര സ്പരം ഉന്നയിക്കപ്പെടുന്ന അവകാശവാദങ്ങളിലും തീരുമാനമെടുക്കുന്നതി ന് ആ രാജ്യങ്ങളുടെ നേതാക്കന്മാർക്കു വളരെ യത്നിക്കേണ്ടിവരുന്നു. ഏസിയനിൽ ചേരുമെന്നു കരുതപ്പെടുന്ന രാജ്യങ്ങളുടെ വിദേശനയചാ യ്‌വും ആഭ്യന്തരനയപാതയും അതിന്റെ ഇന്നത്തെ അംഗരാജ്യങ്ങളുടേ തിൽനിന്നു തികച്ചും വ്യത്യസ്തമാണ്.

അതിനാൽ ഏസിയന്റെ പ്രവർത്തനമേഖല വിപുലീകരിക്കുകയെ ന്നുവച്ചാൽ അതിന്റെ ഐക്യത്തെ കൂടുതൽ ദുർബ്ബലമാക്കുകയെന്നാണർ ത്ഥം. പീക്കിങ്ങ് അതു തീർച്ചയായും കണക്കിലെടുക്കുന്നു. എന്തെന്നാൽ അത്തരമൊരു വഴിത്തിരിവ് ദക്ഷിണപൂർവ്വേഷ്യയിൽ അതിനുള്ള മഹ ച്ഛക്തിതാല്പര്യങ്ങൾക്ക് എത്രയും അനുയോജ്യമായിരിക്കും.

ഏസിയനെ വിപുലീകരിക്കുകയെന്ന നിർദ്ദേശത്തിനു പീക്കിങ്ങു നല്കുന്ന പിന്തുണയുടെ പിന്നിലുള്ള ഉദ്ദേശങ്ങൾ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ മനസ്സിലാക്കുന്നില്ലെന്നു പറഞ്ഞുകൂടാ. സംഘടനയെ വിപു ലീകരിക്കാൻ സമയമായിട്ടില്ലെന്ന് 1973—ൽ പത്തായിൽ കൂടിയ ഏസിയൻ മന്ത്രിസമ്മേളനത്തിൽവച്ചു പ്രസ്താവിക്കപ്പെട്ടു. ഏസിയനെ വിപുലീകരിക്കുകയെന്ന ആശയം ആകർഷകമാണെന്നിരിക്കിലും ഈ ഘട്ടത്തിൽ അതിനൊരുമ്പെടുന്നതിന്റെ ഔചിത്യത്തിൽ സംശയം തോ ന്നുന്നുവെന്നും അത്തരം നടപടി ഏസിയൻരാജ്യങ്ങളുടെ സാമ്പത്തിക സഹകരണത്തെ പ്രതികൂലമായി ബാധിക്കുമെന്നും ഒരു സിംഗപ്പൂർപത്രം എഴുതി.

ഏസിയന്റെ ചില വിദേശനയനടപടികളെ പിന്താങ്ങിക്കൊണ്ടു് ചൈനീസ്‌നേതൃത്വം ആ സംഘടനയിൽ നിലവിലുള്ള പീക്കിങ്ങ്‌വി രുദ്ധമനോഭാവത്തെ ശമിപ്പിക്കാൻ ശ്രമിക്കുകയും അതുമായി ഉററ സമ്പർ ക്കത്തിലേർപ്പെടുന്നതിനു കളമൊരുക്കുകയും ചെയ്യുന്നു. ഇനിയും പൂർണ്ണ മായി രൂപംകൊള്ളാത്ത ഒരു സംഘടനയാണ് ഏസിയൻ എന്ന വസ്തു ത പീക്കിങ്ങ് കണക്കിലെടുക്കുന്നു. ആ സംഘടന പല പ്രധാനപ്രശ്ന ങ്ങളേയും സംബന്ധിച്ചുള്ള നയം ഇനിയും രൂപീകരിച്ചുകഴിഞ്ഞിട്ടില്ല. അതിനാൽ ബാഹ്യസ്വാധീനത്തിന് അതെളുപ്പം വശംവദമാകുന്നു. ഏ സിയൻ ഇനിയും വേണ്ടത്ര കരുത്താർജ്ജിക്കാത്ത ഈ അവസരത്തിൽ

അതുമായി ശൃംഗരിക്കുന്നപക്ഷം മേഖലയ്ക്കു പുറത്തുള്ള മററു വൻശക്തികളെക്കാഠം കൂടുതൽ സ്വാധീനം ആ സംഘടനയിൽ നേടാനും അതിൻെറമേൽ സ്വന്തം നിയന്ത്രണം സ്ഥാപിക്കാനും കഴിയുമെന്നാണു പീക്കിങ്ങ് കരുതുന്നതു്. ആ സംഘടനയെ ചൈനയോടനുഭാവമുള്ളതാക്കിത്തീർക്കാനും ഏസിയൻെറ സംഘടനാവിധാനത്തെ സ്വന്തം മഹച്ഛക്തിലക്ഷ്യങ്ങഠംക്കുവേണ്ടി ഉപയോഗിക്കാനും പീക്കിങ്ങ് ശ്രമിക്കാതിരിക്കില്ല.

അതിനാൽ മേലിലും ഏസിയൻെറ കൂട്ടായുള്ള പ്രധാനസംരംഭങ്ങഠംക്ക് പീക്കിങ്ങ് പിന്തുണ നല്കും. ഏസിയനുമായുള്ള ചൈനയുടെ ബന്ധങ്ങളുടെ മുഖ്യവശവുമായിരിക്കുമതു്.

ദക്ഷിണപൂർവ്വേഷ്യയിൽ പ്രധാനമായും സോവിയററ് യൂണിയൻേറയും കുറഞ്ഞ തോതിൽ അമേരിക്കയുടേയും ജപ്പാൻേറയും സ്വാധീനം ദുർബ്ബലമാക്കുന്നതിനെ ലാക്കാക്കിയുള്ള വിദേശനയനടപടികഠം കൂട്ടിയിണക്കുകയെന്നതാണു് ഏസിയനുമായുള്ള സഹകരണത്തിൽ പീക്കിങ്ങ്നേതൃത്വം സ്പൃഹണീയമായി കരുതുന്നതെന്ന വസ്തുത നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. അതേസമയം ഏസിയൻരാജ്യങ്ങളുമായി സാമ്പത്തികസഹകരണത്തിൻെറ പ്രശ്നങ്ങഠം ചർച്ചചെയ്യുന്നതിൽനിന്നു് അവർ ഒഴിഞ്ഞുമാറുന്നു. ഏസിയൻെറ ആരംഭത്തിൽ അതിനുണ്ടായിരുന്ന ലക്ഷ്യങ്ങളെ തിരുത്താനും സാമ്പത്തികവും പീക്കിങ്ങ്വിരുദ്ധവുമായ ആ സംഘടനയെ ചൈനയോടനുഭാവമുള്ള ഒരു രാഷ്ട്രീയബ്ലോക്കാക്കി മാററാനുമാണു് പീക്കിങ്ങ് വാസ്തവത്തിൽ ശ്രമിക്കുന്നതു്. ഏസിയനെ അങ്ങനെ രൂപാന്തരപ്പെടുത്താൻ സാധിക്കുന്നപക്ഷം അതിൻെറ അംഗരാജ്യങ്ങളുടെ വിദേശനയപരമായ പ്രവർത്തനസ്വാതന്ത്ര്യം കുറയാനിടയാകും. പിന്നീടു് അവയുടെ രാഷ്ട്രീയപരമാധികാരവും പരിമിതമാകാനിടയുണ്ടു്.

### 3. പീക്കിങ്ങും ഏഷ്യാവികസനബാങ്കും

1966 ഡിസമ്പറിൽ സ്ഥാപിക്കപ്പെട്ട ഏഷ്യാവികസനബാങ്ക് (Asia Development Bank — എ.ഡി.ബി.) ഇപ്പോഠം, പൂർണ്ണമായിട്ടല്ലെങ്കിലും മേഖലാസാമ്പത്തികസഹകരണത്തിൻെറ ഒരുപകരണമായിത്തീർന്നിരിക്കുന്നു. ഏഷ്യൻ വികസ്വരരാജ്യങ്ങളുടേയും പ്രദേശങ്ങളുടേയും പ്രബലമായ സ്വാധീനത്തോടുകൂടിയ ഒരു മേഖലാബാങ്കു സൃഷ്ടിക്കുകയെന്ന ആശയം നിസ്സംശയമായും ഏഷ്യൻരാഷ്ട്രങ്ങളുടെ സാമ്പത്തികോണർവ്വിനെ സഹായിക്കുന്ന ഫലപ്രദവും ക്രിയാത്മകവുമായ ആശയങ്ങളിലൊന്നാണു്. എന്നാൽ ആ ആശയം സാമ്രാജ്യത്വശക്തികളുടെ,

പ്രത്യേകിച്ചും അമേരിക്കയുടേയും ജപ്പാന്റേയും യത്നങ്ങളാൽ വളച്ചൊടിക്കപ്പെട്ട. എ.ഡി.ബി.യുടെ പ്രായോഗികപ്രവർത്തനത്തിനിടയിൽ അതിന്നു തിരുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. മേല്പറഞ്ഞ സാമ്രാജ്യത്വശക്തികൾ ബാങ്കിന്റെ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾക്കും ഉള്ളടക്കത്തിനും വികസ്വരേഷ്യയുടെ ആവശ്യങ്ങൾക്ക കടകവിരുദ്ധമായ പുത്തൻകൊളോണിയലിസ്റ്റ് വ്യാഖ്യാനം നല്കാൻ ശ്രമിക്കുന്നു. മേഖലയ്ക്കു വെളിയിൽ നിന്നുള്ള വികസിതമുതലാളിത്തരാജ്യങ്ങൾക്ക് ബാങ്കിൽ വിപുലമായ പ്രാതിനിധ്യം അനുവദിച്ചുകൊണ്ട് ഏഷ്യൻ വികസ്വരരാജ്യങ്ങൾ സാമ്രാജ്യത്വശക്തികൾക്ക് അതിൽ മുൻകൈ നല്കി.

ഏഷ്യാവികസനബാങ്കിനു് ഇന്നു് ഏഷ്യയിലെ ഭൂരിപക്ഷം രാജ്യങ്ങളും പ്രദേശങ്ങളുമുൾപ്പെടെ 41 അംഗങ്ങളുണ്ട്. അതുവച്ചുനോക്കുമ്പോൾ ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തിന്റെ, പ്രാതിനിധ്യസ്വഭാവമുള്ള ഒരു സംഘടനയാണതു്. എന്നാൽ 20 ശതമാനം വോട്ടുകൾമാത്രമാണു് ബാങ്കിന്റെ അംഗരാജ്യങ്ങൾക്കിടയിൽ തുല്യമായി വിഭജിക്കപ്പെട്ടിട്ടുള്ളതു്. ബാക്കി 80 ശതമാനം ബാക്കിന്റെ ഓഹരിമൂലധനത്തിലുള്ള പങ്കിനു് ആനുപാതികമായി വിഭജിക്കപ്പെട്ടിരിക്കുന്നു. തൽഫലമായി ആകെ വോട്ടുകളുടെ മൂന്നിൽ രണ്ടു ഭാഗവും വികസിതമുതലാളിത്തരാജ്യങ്ങൾക്ക ലഭിക്കുകയും ബാങ്കിന്റെ നേതൃസ്ഥാനം ആ രാജ്യങ്ങൾ കൈവശമാക്കുകയും ചെയ്തു.

1968–1974 വർഷങ്ങളിൽ ബാങ്ക് ഏഷ്യൻ വികസ്വരരാജ്യങ്ങൾക്ക മൊത്തം 1923·7 ദശലക്ഷം അമേരിക്കൻ ഡോളറിന്റെ വായ്പ നല്കുകയുണ്ടായി. വാണിജ്യവ്യവസ്ഥകളിലുള്ള 1431·1 ദശലക്ഷം ഡോളറിന്റെ വായ്പകളും അനുകൂലവ്യവസ്ഥകളിലുള്ള 492·6 ദശലക്ഷം ഡോളറിന്റെ വായ്പകളും അതിലുൾപ്പെടുന്നു. അപ്രകാരം എ.ഡി. ബി. ഏഷ്യൻവികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ സാമ്പത്തികവികസനാവശ്യങ്ങൾക്കുവേണ്ടി പുറത്തുനിന്നു വിത്തീയവിഭവങ്ങൾ ആകർഷിക്കുന്നതിനുള്ള ഒരു പുതിയ മാർഗ്ഗമായിത്തീർന്നു. അതേസമയംതന്നെ ആ രാജ്യങ്ങൾ ബാങ്കിന്റെ പ്രവർത്തനത്തിലുള്ള അനേകം പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ബാങ്കിന്റെ ഭരണസമിതിയെ വിമർശിക്കുകയും ചെയ്യുന്നു.

ചില രാജ്യങ്ങളിലെ സ്ഥാനീയപ്രോജക്ടുകളിൽ മാത്രമാണു ബാങ്കു പണമിറക്കുന്നതെന്നതിനാൽ മേഖലാസാമ്പത്തികസഹകരണത്തിന്റെ ഫലപ്രദമായ ഒരുപകരണമായിത്തീരാൻ അതിനു് ഇതേവരെ കഴിഞ്ഞിട്ടില്ല. വായ്പകൾ നല്കുന്ന അവസരത്തിൽ ചെറുതും അവികസിതവുമായ രാജ്യങ്ങൾക്കും പ്രദേശങ്ങൾക്കും മുൻഗണന നല്കണമെന്നു ബാങ്കിന്റെ ചട്ടങ്ങളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അവയുടെ പ്രത്യേകാവശ്യങ്ങൾ അവ

ഗണിക്കപ്പെടുകയാണു ചെയ്യുന്നതു്. ബാങ്കുവായ്പകളുടെ വ്യവസ്ഥകൾ വളരെ കർശനമാണു്. അനുകൂലവ്യവസ്ഥകളോടുകൂടിയ വായ്പകൾ ആകെ നല്കപ്പെട്ട വായ്പകളുടെ ഒരു നിസ്സാരഭാഗം മാത്രമാണു്. മുഖ്യമായും കൃഷിയും വ്യവസായവും വികസിപ്പിക്കാനാണു് ഏഷ്യൻ വികസ്വരരാജ്യങ്ങൾ ആഗ്രഹിക്കുന്നതെങ്കിലും അധോഘടന (infrastructure) യിൽപ്പെട്ട ചില സ്ഥാനീയപ്രോജക്ടുകൾക്കുവേണ്ടിയാണു ബാങ്കിന്റെ വായ്പകളിൽ അധികപങ്കും നല്കപ്പെടുന്നതു്. വായ്പകൾ നല്കുന്നതിൽ ബാങ്കിന്റെ ഭരണസമിതി പലപ്പോഴും രാഷ്ട്രീയപരിഗണനകളെ മാർഗ്ഗദർശകമായെടുക്കുകയും പാശ്ചാത്യചായ്‌വോടുകൂടിയ വിദേശനയം അനുവർത്തിക്കുന്ന പിന്തിരിപ്പൻ ഭരണകൂടങ്ങൾക്കു മുൻഗണന നല്കുകയും ചെയ്യുന്നു.

ഏഷ്യൻ വികസ്വരരാജ്യങ്ങളും സാമ്രാജ്യത്വശക്തികളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾക്കു് ആഴവും പരപ്പും കൂടിക്കൊണ്ടിരിക്കുന്നുവെന്നതാണു് എ.ഡി.ബി.യുടെ പ്രവർത്തനത്തിന്റെ സവിശേഷത. ആ വൈരുദ്ധ്യങ്ങളെ വികസ്വരരാജ്യങ്ങൾക്കനുകൂലമായും ക്രമബദ്ധമായും പരിഹരിക്കുന്നപക്ഷം ഏഷ്യയിലെ മേഖലാസാമ്പത്തികസഹകരണത്തിലേക്കു ക്രിയാത്മകമായ സംഭാവന നല്കാൻ ബാങ്കിനു കഴിയും.

60—കളുടെ മദ്ധ്യത്തിൽ ബാങ്കിന്റെ ചട്ടങ്ങൾ ചർച്ച ചെയ്യപ്പെട്ട കാലത്തുതന്നെ ചൈന അതിനോടു തികച്ചും നിഷേധാത്മകമായ നിലപാടു കൈക്കൊണ്ടു. സാർവ്വദേശീയസാമ്രാജ്യത്വം ഏഷ്യയിലേക്കു നടത്തുന്ന പുത്തൻകൊളോണിയലിസ്റ്റ് വിപുലനത്തിന്റെ ഉപകരണവും ഏഷ്യയിലെ ദേശീയവിമോചനപ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിനും പിന്തിരിപ്പൻ ഭരണകൂടങ്ങൾക്കു പിന്തുണ നല്കുന്നതിനുംവേണ്ടി അമേരിക്ക (ജപ്പാൻമുഖേന) ചെലുത്തുന്ന പരോക്ഷസ്വാധീനത്തിന്റെ ഉപാധിയുമായി 1966—ൽ പീക്കിങ്ങ് ഏഷ്യാവികസനബാങ്കിനെ വിലയിരുത്തി. അമേരിക്കയുടെ നിയന്ത്രണത്തിൻകീഴിൽ ബാങ്കു രൂപീകരിക്കുന്നതിന്റെ ഫലമായി ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ ''പരമാധികാരത്തെ ലംഘിക്കുന്നതിനും അവയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനും അവയുടെ സമ്പത്തു കൊള്ളയടിക്കുന്നതിനും അമേരിക്കയ്ക്കു കൂടുതൽ സാധ്യതകൾ ലഭിക്കുന്നു''[24]വെന്നു് പീക്കിങ്ങ് അഭിപ്രായപ്പെട്ടു.

സാമ്രാജ്യത്വവിരുദ്ധസമരത്തിന്റെ പരിഗണനകളാലെന്നതിനെക്കാൾ ചൈനയുടെ അംഗത്വത്തെസംബന്ധിച്ച് ബാങ്കധികാരികൾ കൈക്കൊണ്ട വിവേചനപരമായ നിലപാടുമൂലമാണു് പീക്കിങ്ങ് എ.ഡി.ബി. യോടു നിഷേധാത്മകമായ മനോഭാവം പുലർത്തിയതു്. ബാങ്കിന്റെ ചട്ടങ്ങളനുസരിച്ച് മേഖലയിൽനിന്നും പുറത്തുനിന്നുമുള്ള എല്ലാ യു.എൻ. അംഗങ്ങൾക്കും ബാങ്കിൽ ചേരാൻ അവകാശമുണ്ടായിരുന്നു.

എന്നാൽ പി.ആർ.സി.ക്ക് അന്നു യു.എൻ.ഒ.യിൽ പ്രാതിനിധ്യമില്ലായിരുന്നതിനാൽ ബാങ്കിൽ അംഗമാകാൻ അതിനു കഴിയുമായിരുന്നില്ല. മാത്രമല്ല, ബാങ്കധികാരികൾ തയ്‌വാനെ ബാങ്കിൽ അംഗമാക്കുകയും അതിനു വിത്തീയവിഭവങ്ങൾ ഉദാരമായി നല്കുകയും ചെയ്തു. ഈ സംഗതിയും ചൈനയെ വെറിപിടിപ്പിച്ചു.

പി.ആർ.സി.ക്ക് യു.എൻ.ഒ.യിൽ പ്രാതിനിധ്യംലഭിച്ചതോടുകൂടി അതിനു ബാങ്കിൽ ചേരുന്നതിനുണ്ടായിരുന്ന തടസ്സങ്ങളിലൊന്ന് ഇല്ലാതായി. എന്നാൽ ചൈനയുടെ അംഗത്വത്തെ സംബന്ധിച്ച പ്രശ്നം ചർച്ചചെയ്യാൻ പീക്കിങ്ങോ ബാങ്കധികാരികളോ തിടുക്കം കാണിച്ചില്ല. അംഗത്വപ്രശ്നത്തെ സംബന്ധിച്ച സ്വന്തം ഉദ്ദേശങ്ങൾ ചൈന ദീർഘകാലം വെളിപ്പെടുത്തിയില്ല. ബാങ്കിന് യു.എൻ.ഒ.യുമായി നേരിട്ടുള്ള ബന്ധങ്ങൾ ഇല്ലെന്നും ബാങ്കിൽ അംഗമാകുന്നതിനുള്ള നിർദ്ദേശം പി.ആർ.സി. ഗവണ്മെൻറിൻെറ മുമ്പാകെ വയ്ക്കാൻ ബാങ്കധികാരികൾ ഉദ്ദേശിക്കുന്നില്ലെന്നും അതിനാൽ ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിച്ചതോടുകൂടി ചൈന ബാങ്കിൽ അംഗമായിക്കൊള്ളണമെന്നില്ലെന്നും അന്ന് എ.ഡി.ബി.യുടെ പ്രസിഡണ്ടായിരുന്ന വത്തനാബെ പ്രസ്താവിക്കുകയുണ്ടായി. ചട്ടങ്ങളനുസരിച്ചുള്ള ചുമതലകൾ നിറവേററുന്നിടത്തോളം കാലം ബാങ്കിൽ അംഗമായിരിക്കാൻ തയ്‌വാന് അവകാശമുണ്ടെന്നു ബാങ്കധികാരികൾ പിന്നീടു പ്രസ്താവിച്ചു.

1973 ഏപ്രിലിൽ ടോക്കിയോയിൽ കൂടിയ 29–ാം എക്കാഫെസമ്മേളനത്തിൽവച്ച് പീക്കിങ്ങ് ആദ്യമായി ബാങ്കിൽ ചേരുന്നതിനുള്ള ഔദ്യോഗികതാല്പര്യം പ്രകടിപ്പിച്ചു. ബാങ്കിൽ തയ്‌വാൻെറ അംഗത്വം ''അനനുവദനീയ''മാണെന്നും തയ്‌വാൻെറ പ്രതിനിധിയെ ബാങ്കിൽനിന്നു പുറത്താക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിക്കണമെന്നും എ.ഡി.ബി.യുടെ 1972–ലെ പ്രവർത്തനങ്ങളെപ്പററി നടന്ന ചർച്ചയിൽ ചൈനീസ് പ്രതിനിധിസംഘം ആവശ്യപ്പെട്ടു.[25] പീക്കിങ്ങുമായി അംഗത്വപ്രശ്നത്തെ സംബന്ധിച്ച കൂടിയാലോചനകൾ ആരംഭിക്കുന്നതിനുമുമ്പ് ബാങ്കധികാരികൾ നിറവേറേറണ്ട ഒരു വ്യവസ്ഥയായാണ് ചൈനയുടെ ആ പ്രസ്താവന വിലമതിക്കപ്പെട്ടത്. ചൈന ബാങ്കിൽ ചേരുന്ന പ്രശ്നം ഇനിയും തീരുമാനിക്കേണ്ടിയിരിക്കുന്നുവെന്ന് എക്കാഫെസമ്മേളനത്തിൽവച്ചു ജാപ്പനീസ് പത്രപ്രതിനിധികളോടു സംസാരിക്കവെ ചൈനീസ് പ്രതിനിധി ഊന്നിപ്പറഞ്ഞു. ''ചിയാങ്ങ് കൈഷക്ക് പരിഷയുടെ പ്രതിനിധി''യെ ബാങ്കിൽനിന്നു പുറത്താക്കുന്നതിനുവേണ്ട അടിയന്തരനടപടികൾ കൈക്കൊള്ളണമെന്ന് എസ്കാപ്പിൻെറ 30–ാം സമ്മേളനത്തിൽവച്ച് ചൈനീസ് പ്രതിനിധിസംഘം വീണ്ടും ആവശ്യപ്പെട്ടു.

1975 ഏപ്രിലിൽ മാനിലയിൽ കൂടിയ എ.ഡി.ബി. ഭരണസമിതിയുടെ എട്ടാം വാർഷികസമ്മേളനത്തിൽ പാക്കിസ്ഥാൻ, ഇന്ത്യ, ശ്രീലങ്ക, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ ചൈനയ്ക്കു ബാങ്കിൽ അംഗത്വം നല്കണമെന്ന നിർദ്ദേശം മുൻവച്ചു. ചൈന ഔദ്യോഗികമായി അംഗത്വത്തിന് അപേക്ഷിച്ചിട്ടില്ലെന്ന് ആ നിർദ്ദേശത്തിനു മറുപടിയായി എ.ഡി.ബി. പ്രസിഡണ്ട് എസ്. ഇനോവെ പ്രസ്താവിച്ചു. ചൈനയെ സ്വീകരിക്കുന്നതിനുമുമ്പ് തയ്‌വാനെ നീക്കം ചെയ്യണമെന്ന പീക്കിങ്ങ് ഉന്നയിച്ച വ്യവസ്ഥയെ പരാമർശിക്കവെ, തയ്‌വാനെ നീക്കംചെയ്യുക വളരെ സങ്കീർണ്ണമായ കാര്യമാണെന്നും ബാങ്കിനോടുള്ള ചുമതലകൾ നിറവേററാത്ത അംഗങ്ങളെ പുറത്താക്കാൻമാത്രമേ ബാങ്കിനധികാരമുള്ളുവെന്നും എ.ഡി.ബി. പ്രസിഡണ്ട് ഊന്നിപ്പറഞ്ഞു. തയ്‌വാനെ നീക്കംചെയ്യുന്നതിന് ബാങ്കിന്റെ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഭരണസമിതിയുടെ ബഹുഭൂരിപക്ഷം അംഗങ്ങളുടേയും സമ്മതം അതിനാവശ്യമാണ്.

എന്തായാലും എ.ഡി.ബി.യോടുള്ള നിലപാടിൽ ചൈന അയവു വരുത്തിയിരിക്കുന്നുവെന്നും ബാങ്കിൽ അംഗമാകുന്നതിൽ താല്പര്യമെടുത്തു തുടങ്ങിയിരിക്കുന്നുവെന്നും സംഭവവികാസങ്ങളിൽനിന്നു തെളിയുന്നു.

ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏഷ്യയിൽ മേഖലാസാമ്പത്തികസഹകരണത്തിന്റെ പുതിയൊരു രൂപം ഉടലെടുക്കുകയുണ്ടായി. വ്യത്യസ്തതരത്തിലുള്ള വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ സംഘങ്ങളാണതു്. 1968–ൽ ഇന്ത്യയും ശ്രീലങ്കയും ചേർന്നു ചായ വിററഴിക്കുന്നതിനുള്ള ഒരു കൺസോർട്ടിയം രൂപീകരിച്ചു. 1969–ൽ ഇന്ത്യ, മലേഷ്യ, ഫിലിപ്പൈൻസ്, ശ്രീലങ്ക, തായ്‌ലണ്ട്, പശ്ചിമസമോവ എന്നീ രാജ്യങ്ങൾ നാളികേരോല്പാദകരാജ്യങ്ങളുടെ സംഘത്തിനു രൂപംനല്കി. 1970–ൽ റബ്ബറുല്പാദകരാജ്യങ്ങളുടെ സംഘം ഉടലെടുത്തു. മലേഷ്യ, ഇന്തോനേഷ്യ, തായ്‌ലണ്ട് എന്നീ രാജ്യങ്ങളാണ് അതിൽ പ്രധാനപങ്കു വഹിക്കുന്നതു്. 1971–ൽ ഇന്ത്യയും ഇന്തോനേഷ്യയും മലേഷ്യയും ചേർന്ന് കുരുമുളകുല്പാദകരാജ്യങ്ങളുടെ ഒരു സംഘം രൂപീകരിച്ചു. മലേഷ്യയും ഇന്തോനേഷ്യയും ഫിലിപ്പൈൻസും ചേർന്ന് ഈയിടെ തടിയുല്പാദകരാജ്യങ്ങളുടെ ഒരു സംഘം സൃഷ്ടിച്ചു. ടിൻ, ചോളം, അരി എന്നിവ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ സംഘങ്ങളും രൂപീകരിക്കണമെന്ന് ഏഷ്യൻവികസ്വരരാജ്യങ്ങൾ ഉദ്ദേശിക്കുന്നു.

വിദഗ്ദ്ധന്മാരെ പരിശീലിപ്പിക്കുക, ശാസ്ത്രീയഗവേഷണങ്ങൾ നടത്തുക, ഉല്പാദനച്ചെലവു കുറയ്ക്കുക, ഉല്പന്നങ്ങളുടെ വ്യാപാരം മെച്ചപ്പെടുത്തുക, കയററുമതിയിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലോകവിപണിയിൽ പ്രവർത്തിക്കുക എന്നിവയെ സംബന്ധിച്ച ഏ

കോപിതനടപടികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയെന്നതു് മേല്പറഞ്ഞ സംഘങ്ങളുടെ കടമകളിൽ ഉൾപ്പെടുന്നു. എണ്ണ വിപണിയിൽ ഒപ്പെക്ക്* രാജ്യങ്ങൾ സൃഷ്ടിച്ചതിനോടു സദൃശമായ സ്ഥിതിവിശേഷം ചില അസംസ്കൃതചരക്കുകളുടെ വിപണിയിൽ സൃഷ്ടിക്കാൻ ആ സംഘങ്ങൾക്കു് ആഗ്രഹമുണ്ടു്.

ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ ചരക്കുല്പാദകസംഘങ്ങളിൽ പീക്കിങ്ങ്നേതൃത്വം ഏററവും സജീവമായ താല്പര്യം പ്രകടിപ്പിക്കുകയും തങ്ങൾക്കനുകൂലമായ വഴിക്കു് അവയുടെ പ്രവർത്തനത്തെ തിരിച്ചുവിടാൻ ശ്രമിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, ''രണ്ടു് അതിശക്തികൾ'' തങ്ങളുടെ ചരക്കുകൾ കൂടിയ വിലയ്ക്കു വാങ്ങാനും റബ്ബർ,ടിൻ മുതലായ അതിപ്രധാനമായ ചരക്കുകൾ കുറഞ്ഞ വിലയ്ക്കു വില്ക്കാനും ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളെ നിർബ്ബന്ധിക്കുന്നുവെന്നു പീക്കിങ്ങിൽ ഉദ്ഘോഷിക്കുന്നു. ''അസംസ്കൃതചരക്കുകളുടെ വില സുസ്ഥിരമാക്കുന്നതിനുവേണ്ടി സംയുക്തനടപടികൾ''[26] സ്വീകരിക്കാൻ പീക്കിങ്ങ് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളോടാഹ്വാനിക്കുന്നു. കയററുമതിവില വർദ്ധിപ്പിക്കുന്നതിനുവേണ്ടി റബ്ബറുല്പാദകരാജ്യങ്ങളുടേയും തടിയുല്പാദകരാജ്യങ്ങളുടേയും സംഘങ്ങൾ നടത്തുന്ന യത്നങ്ങളെ ചൈന പിന്താങ്ങുന്നു.

ഇന്ത്യയുൾപ്പെടാത്ത സംഘങ്ങളുടെ പ്രവർത്തനത്തെമാത്രമാണു് ചൈന പിന്താങ്ങുന്നതെന്ന വസ്തുത കൗതുകകരമാണു്. ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ സംഘങ്ങളുമായുള്ള സമ്പർക്കങ്ങളിലും സ്വന്തം സ്വാധീനത്തിനു് എളുപ്പം വശപ്പെടാനിടയുള്ളവയുമായിമാത്രം ബന്ധങ്ങൾ സ്ഥാപിക്കാൻ പീക്കിങ്ങ് ശ്രമിക്കുന്നുവെന്നു് അതിൽനിന്നു തെളിയുന്നു.

ഏഷ്യയിലെ മേഖലാസാമ്പത്തികസംഘടനകളുമായി ചൈന നടത്തിയ പ്രഥമസമ്പർക്കങ്ങളിൽനിന്നുതന്നെ മേഖലാസാമ്പത്തികസഹകരണത്തിൽ പങ്കെടുക്കുന്നതിൽ അതിനുള്ള യഥാർത്ഥലക്ഷ്യങ്ങൾ വെളിപ്പെട്ടു. ഏഷ്യയിലിന്നു ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുന്ന ഉൽഗ്രഥനപ്രക്രിയകളെ സ്വന്തം രക്ഷാകർത്തൃത്വത്തിൻകീഴിൽ ഏഷ്യൻ വികസ്വരരാജ്യങ്ങളുടെ ഒരു ബ്ലോക്കു തല്ലിക്കൂട്ടുന്നതിനുവേണ്ടി ഉപയോഗിക്കണമെന്നാണു പീക്കിങ്ങിൻെറ ആഗ്രഹം.

വികസ്വരേഷ്യയുടെ ഉൽഗ്രഥനപ്രക്രിയകളുമായി ചൈന ബന്ധപ്പെടുന്നതു് ജനാധിപത്യപരവും പരസ്പരം പ്രയോജനകരവുമായ അടിസ്ഥാനത്തിൽ മേഖലാസാമ്പത്തികസഹകരണത്തിൽ ക്രിയാത്മകപ

* OPEC—Organisation of Petroleum Exporting Countries (എണ്ണ കയററുമതിചെയ്യുന്ന രാജ്യങ്ങളുടെ സംഘടന).—പ്രസാ.

ങ്ങ വഹിക്കുന്നതിനുവേണ്ടിയല്ല, ആ പ്രക്രിയകളെ സ്വന്തം താല്പര്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുവേണ്ടിയാണ്.

അത്തരം സഹകരണത്തിനുള്ള ക്രിയാത്മകമായ ഒരു പരിപാടി പീക്കിങ്ങിനില്ല, ഉണ്ടാകാൻ തരവുമില്ല. കാരണം, ഒരു ഉൽഗ്രഥിത വികസ്വരേഷ്യയുടെ സൃഷ്ടി മൊത്തത്തിലും മേഖലാസാമ്പത്തികസഹകരണം ഭാഗികമായും ചൈനയ്ക്ക് ഏഷ്യയിലുള്ള മഹച്ഛക്തിമോഹങ്ങളുടെ സാക്ഷാൽക്കാരത്തെ തടസ്സപ്പെടുത്തുന്നു. എന്നുവച്ച് ചൈന മേഖലാസാമ്പത്തികസംഘടനകളുടെ പ്രവർത്തനത്തിൽ താല്പര്യമെടുക്കുകയില്ലെന്നു പറഞ്ഞുകൂടാ. ആ സംഘടനകളെ തങ്ങൾക്കനുകൂലമായ വഴിക്കു തിരിച്ചുവിടാൻ പീക്കിങ്ങ്നേതൃത്വം ശ്രമിക്കും. മേഖലാസാമ്പത്തികസംഘടനകളിലെ ചൈനയുടെ ഭാഗഭാഗിത്വവും മേഖലാസാമ്പത്തികസഹകരണത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങളോടുള്ള അതിന്റെ സമീപനവും അതിൽ ഒതുങ്ങിനില്ക്കും.

അദ്ധ്യായം ആറ്

# പ്രത്യയശാസ്ത്രക്കെണികൾ

ആഭ്യന്തരമായ പ്രയാസങ്ങൾ വർദ്ധിക്കുമ്പോഴെല്ലാം പുറമേയ്ക്കുള്ള വിപുലനത്തിലൂടെ അവ പരിഹരിക്കാനോ അഥവാ അവയുടെ പരിഹാരം നീട്ടിവയ്ക്കാനോ ചൈന ശ്രമിക്കാറുണ്ടെന്ന് ഓർമ്മശക്തിയുള്ള ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. വിപുലനത്തിന്റെ ഓരോ പുതിയ ഘട്ടവും ആരംഭിക്കുന്നതിനുമുമ്പ് അതിനുവേണ്ട പ്രത്യയശാസ്ത്രപരമായ അടിത്തറ പാകുന്നതിൽ ചൈന ശ്രദ്ധചെലുത്താറുണ്ടെന്ന് അത്രതന്നെ ഓർമ്മശക്തിയുള്ള നയതന്ത്രജ്ഞന്മാർ പറയുന്നു. ഇന്ന് അസംഖ്യം ആഭ്യന്തരപ്രയാസങ്ങളെ നേരിടുന്ന ചൈന വിപുലനത്തിന്റെ ഒരു പുതിയ ''റൗണ്ട്'' ആരംഭിക്കുന്നതിനുള്ള അഭിലാഷം പ്രകടമാക്കുന്നു. ആധുനികഘട്ടത്തിലെ സാർവ്വദേശീയബന്ധങ്ങളുടെ ഒരു പ്രത്യേകവ്യാഖ്യാനം മാവോയിസ്റ്റുകൾ ആവിഷ്കരിച്ചിരിക്കുന്നു. അവരിന്നത് ഊർജ്ജിതമായി പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഈ ലക്ഷണങ്ങളെല്ലാം ഒത്തുവന്നതിൽനിന്ന് അർത്ഥമാകുന്നത് ചൈന അതിന്റെ അതിർത്തികളിൽ സജീവനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി തയ്യാറെടുക്കുന്നുവെന്നാണ്.

വികസ്വരരാജ്യങ്ങളെ അകപ്പെടുത്തുന്നതിനുവേണ്ടി പീക്കിങ്ങ് ധാരാളം പ്രത്യയശാസ്ത്രക്കെണികൾ നിരത്തിയിരിക്കുന്നു. പെട്ടെന്നു മാറിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്രീയസ്ഥിതിയിൽ ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങൾക്കു ദിശാബോധം നഷ്ടപ്പെടുമെന്നും യഥാർത്ഥമിത്രങ്ങളേയും ശത്രുക്കളേയും തിരിച്ചറിയാൻ അവയ്ക്കു കഴിയാതെവരുമെന്നും ദൂരവ്യാപകവും പീക്കിങ്ങിനനുകൂലവുമായ തീരുമാനങ്ങൾ അവ കൈക്കൊള്ളുമെന്നും ചൈനീസ് നേതൃത്വം കണക്കുക്കൂട്ടുന്നു. ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളുടെ വിദേശനയതത്വങ്ങൾ തിരുത്തിയെഴുതുകയെന്ന പ്രക്രിയയെ ചൈനയ്ക്കനുകൂലമായി സ്വാധീനിക്കാൻ ചൈനീസ് നയതന്ത്രം സജീവമായ ശ്രമങ്ങൾ നടത്തുന്നു. അതിനുവേണ്ടി സ്വന്തം ''സിദ്ധാന്തങ്ങളും'' ''സങ്കല്പങ്ങളും'' ''തീസിസ്സുകളും'' ഏഷ്യൻസമുദായത്തിന്റെ

ബോധത്തിൽ കുത്തിച്ചെലുത്താൻ പീക്കിങ്ങ് യത്നിക്കുന്നു. ആ ''കണ്ടു പിടുത്തങ്ങളെ''ല്ലാം ചൈനയ്ക്ക് അയൽരാജ്യങ്ങളുടെമേൽ പ്രത്യയശാസ്ത്ര പരവും രാഷ്ട്രീയവും സാമ്പത്തികവും ഭരണപരംപോലുമായ നിയന്ത്രണം സ്ഥാപിക്കുന്നതിനെ ലക്ഷ്യമാക്കിയുള്ളവയാണ്.

## 1. ''അതിശക്തിസിദ്ധാന്ത''വും ''മൂന്നാംലോക''വും

സാർവ്വദേശീയരംഗത്തെ ശക്തിവിന്യാസത്തെ വർഗ്ഗാടിസ്ഥാനത്തിൽ വിശകലനംചെയ്യാൻ പീക്കിങ്ങ്നേതൃത്വം ഇന്നു കൂട്ടാക്കുന്നില്ല. അതിനുപകരം അവർ ''അന്തരാളമേഖലകൾ'', ''രണ്ടു് അതിശക്തികൾ'', ''മൂന്നു ലോകങ്ങൾ'' എന്നീ തീസിസ്സുകളുടെ മട്ടിലുള്ള തികച്ചും ഭൂരാഷ്ട്രതന്ത്രപരമായ സങ്കല്പങ്ങൾ ആവിഷ്കരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. പ്രധാനമായതിനെ—ലോകം പരസ്പരവിരുദ്ധമായ രണ്ടു സാമൂഹ്യവ്യവസ്ഥകളായി വിഭജിക്കപ്പെട്ടിരിക്കുന്നതിനേയും അവതമ്മിലുള്ള സമരത്തേയും—മേല്പറഞ്ഞ തീസിസ്സുകൾ നിഷേധിക്കുന്നു. അതേസമയം അമേരിക്കയുമായുള്ള ചൈനയുടെ കുഴഞ്ഞാട്ടം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ''അതിശക്തികളെ''ക്കുറിച്ചുള്ള തീസിസ്സ് സോവിയററ് യൂണിയനുമാത്രമെതിരെ ലക്ഷ്യമാക്കിയുള്ളതായിത്തീരുന്നു. സി.പി.സി.യുടെ പത്താംകോൺഗ്രസ്സിൻെറ വിദേശനയപരിപാടിയിൽ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയുള്ള സമരത്തെപ്പററി വാസ്തവത്തിൽ ഒന്നുംതന്നെ പറയുകയുണ്ടായില്ല. ''അതിശക്തിസിദ്ധാന്ത''ത്തിൻെറ കൊടിക്കീഴിൽ പീക്കിങ്ങ് സമരം നടത്തുന്നതു പ്രഥമമായും സോവിയററ് യൂണിയനും ഇതരസോസ്യലിസ്റ്റ്രാജ്യങ്ങൾക്കുമെതിരെയാണ്. അതു പിന്തുടരുന്ന ലക്ഷ്യങ്ങൾക്ക് ഒരു സോഷ്യലിസ്റ്റ്രാജ്യം അന്താരാഷ്ട്രീയരംഗത്ത് അനുവർത്തിക്കേണ്ട വർഗ്ഗപരമായ നയവുമായി യാതൊരു പൊരുത്തവുമില്ല.

അന്താരാഷ്ട്രീയനയത്തിൻെറ തുറയിൽ പീക്കിങ്ങ്നേതൃത്വം നടത്തിയിരിക്കുന്ന ''കണ്ടുപിടുത്തങ്ങൾ'' വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ആപൽക്കരമാണ്.

ലോകാധിനായകത്വത്തിനുവേണ്ടിയുള്ള തങ്ങളുടെ സമരത്തിൽ ദേശീയവിമോചനപ്രസ്ഥാനത്തെ ചൊൽപ്പടിയിലാക്കുന്നതിനു പീക്കിങ്ങ് നേതാക്കൾ പ്രത്യേകപ്രാധാന്യം കല്പിക്കുന്നുവെന്നതു പണ്ടുതൊട്ടേ അറിയപ്പെടുന്ന കാര്യമാണ്. ലോകവിപ്ലവപ്രക്രിയയിൽ ദേശീയവിമോചനപ്രസ്ഥാനത്തിനുള്ള പങ്കിനേയും സ്ഥാനത്തേയും സംബന്ധിച്ച അബദ്ധമായ ധാരണകൾ ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിന

മേരിക്കയിലേയും ജനതകളിൽ ഉളവാക്കാൻ അവർ ശ്രമിച്ചുവരുന്നു. ആധുനികലോകത്തിന്റെ വിഭിന്നവൈരുദ്ധ്യങ്ങൾ ഏഷ്യയുടേയും ആഫ്രിക്കയുടേയും ലാററിനമേരിക്കയുടേയും വിസ്തൃതപ്രദേശങ്ങളിലാണു കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളതെന്നും സാമ്രാജ്യത്വാധിപത്യത്തിന്റെ ഏററവും ദുർബ്ബലമായ കണ്ണിയും സാമ്രാജ്യത്വത്തിനു നേരിട്ടുള്ള ആഘാതങ്ങളേല്പിക്കുന്ന ലോകവിപ്ലവക്കൊടുങ്കാററിന്റെ പ്രധാനമേഖലയുമാണ് ആ പ്രദേശങ്ങളെന്നും അവർ അഭിപ്രായപ്പെടുന്നു.

എന്നാൽ ദേശീയവിമോചനപ്രസ്ഥാനം സമകാലികഘട്ടത്തിലെ മൂന്നു പ്രധാന വിപ്ലവശക്തികളിലൊന്നുമാത്രമാണെന്നതു സുവിദിതമാണ്. ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയും സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനവുമാണ് മററു രണ്ടു വിപ്ലവശക്തികൾ. അവയുടെ മൂന്നിന്റേയും സംയുക്തവും ഏകോപിതവുമായ യത്നങ്ങളാൽമാത്രമേ സാർവ്വദേശീയ സാമ്രാജ്യത്വത്തെ ഉന്മൂലനം ചെയ്യാനാവൂ. ദേശീയവിമോചനപ്രസ്ഥാനത്തിന് അതിന്റെ അന്തിമലക്ഷ്യങ്ങൾ നേടാൻ കഴിയുമോ എന്നതു് ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയിൽനിന്നും സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനത്തിൽനിന്നുമുള്ള നിരന്തരമായ പിന്തുണയെ നിർണ്ണായകമാം വിധം ആശ്രയിച്ചിരിക്കുന്നു.

ദേശീയവിമോചനപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളേയും കടമകളേയും താല്പര്യങ്ങളേയും ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയുടേയും സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനത്തിന്റേയും ലക്ഷ്യങ്ങൾക്കും കടമകൾക്കും താല്പര്യങ്ങൾക്കും എതിർനിർത്താൻ പീക്കിങ്ങ് ഇന്നു ദേശീയവിമോചന പ്രസ്ഥാനത്തെ പ്രേരിപ്പിക്കുന്നു. അത്തരം എതിർനിർത്തലിന്റെ ഫലമായി ദേശീയവിമോചനപ്രസ്ഥാനത്തിന് ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയും സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനവുമായുള്ള സഖ്യമില്ലാതാകും.

ദേശീയവിമോചനപ്രസ്ഥാനം ചൈനയുടെ നിയന്ത്രണത്തിൽ ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയിൽനിന്നും സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനത്തിൽനിന്നും ഒററപ്പെട്ടുകഴിയുന്ന ഒരു ലോകമാതൃകയ്ക്കു രൂപം നല്കാൻ പീക്കിങ്ങ് നടത്തിയ അനേകം ശ്രമങ്ങൾക്കു ചരിത്രം സാക്ഷ്യം വഹിക്കുന്നു. തഥാകഥിതമായ ''അന്തരാളമേഖലാസിദ്ധാന്തം'' ഇതോടനുബന്ധിച്ച പ്രത്യേകശ്രദ്ധയർഹിക്കുന്നു.

1964–ൽ ''അന്തരാളലോക''മെന്ന സാങ്കല്പികമേഖല രണ്ടായി വിഭജിക്കപ്പെട്ടു. ''ഒന്നാം അന്തരാളമേഖല''യിൽ ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും രാജ്യങ്ങളും ''രണ്ടാം അന്തരാളമേഖല''യിൽ കാനഡയും പശ്ചിമയൂറോപ്പ്, ഓഷ്യാനിയ എന്നിവിടങ്ങളിലെ മുതലാളിത്തരാജ്യങ്ങളും ഉൾപ്പെടുത്തപ്പെട്ടു. അമേരി

ക്കൻ ഐക്യനാടുകളാൽ നിയന്ത്രിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്യുന്ന രണ്ടാംമേഖല സ്വയം ഇതരരാജ്യങ്ങളെ മർദ്ദിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. മേല്പറഞ്ഞ അന്തരാളമേഖലകൾ അമേരിക്കൻ സാമ്രാജ്യത്വത്തിനും സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കും (അന്നു പീക്കിങ്ങിലെ പ്രത്യയശാസ്ത്രജ്ഞന്മാർ സോവിയററ് യൂണിയനേയും ചൈനയേയും അവയിലുൾപ്പെടുത്തിയിരുന്നു) ഇടയിലാണു സ്ഥിതിചെയ്യുന്നതു്. എന്നാൽ പിന്നീടു് ആ അന്തരാളമേഖലകൾ സമകാലികലോകത്തിലെ രണ്ടു ''പിശാചുക്ക''ളായ അമേരിക്കയ്ക്കും സോവിയററ് യൂണിയനും ഇടയിലാണെന്നു വന്നു. ചൈനയുടെ സ്ഥാനം അന്തരാളമേഖലകൾക്കുള്ളിലെവിടെയോ ആയി. 1972—ൽ അമേരിക്കയും സോവിയററ് യൂണിയനും അതിശക്തികളായി പ്രഖ്യാപിക്കപ്പെട്ടു.

''അതിശക്തിസിദ്ധാന്തം'' സമകാലികലോകത്തിന്റെ രാഷ്ട്രീയയാഥാർത്ഥ്യത്തിൽനിന്നുള്ള അവരുടെ അകൽച്ചയേയും ദേശീയവിമോചനപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പീക്കിങ്ങിനു് യഥാർത്ഥത്തിലുള്ള ഉദ്ദേശങ്ങളേയും എത്രയും വ്യക്തമായി തുറന്നുകാട്ടുന്നു.

മാർക്സിസം—ലെനിനിസത്തിന്റെ നിലപാടിൽനിന്നു നോക്കുമ്പോൾ ''അതിശക്തിസിദ്ധാന്തം'' തികച്ചും അടിസ്ഥാനരഹിതമാണു്. രാഷ്ട്രമെന്ന സാമൂഹ്യപ്രതിഭാസത്തിന്റെ ഗണപരമായ വശത്തെ അതു കേവലീകരിക്കുകയും അതിന്റെ ഗുണപരമായ ഉള്ളടക്കത്തെ തീരെ അവഗണിക്കുകയും ചെയ്യുന്നു. സമകാലികലോകത്തിലെ രാഷ്ട്രങ്ങൾ തമ്മിലുള്ള വിഭജനരേഖ കണ്ടെത്തേണ്ടതു് ദേശീയഭൂഭാഗത്തിന്റെ വിസ്തീർണ്ണം, ജനസംഖ്യ, സാങ്കേതിക—സാമ്പത്തികനിലവാരം, സൈനികശേഷി എന്നീ ഗണപരമായ സൂചികകളെ ആസ്പദമാക്കി വേണമെന്നു് ചൈനീസ് ഭൂരാഷ്ട്രതന്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഗണപരമായ വശത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായാണു് പീക്കിങ്ങ് നേതാക്കൾ ലോകത്തെ അതിശക്തികളെന്നും ചെറുകിടയിലും ഇടത്തരത്തിലുമുള്ള രാഷ്ട്രങ്ങളെന്നും വിഭജിച്ചതു്. ഉല്പാദനബന്ധങ്ങളുടെ സ്വഭാവം, രാഷ്ട്രീയാധികാരത്തിന്റെ ഘടന എന്നീ താത്വികപ്രാധാന്യമുള്ള ഗുണപരമായ സൂചികകളെ അവർ കണക്കിലെടുക്കുന്നില്ല.

ചൈനീസ് ''സൈദ്ധാന്തികന്മാർ'' തങ്ങൾ തിരഞ്ഞെടുത്ത വിശകലനരീതിയിൽപ്പോലും ഒട്ടുംതന്നെ ചിട്ടപാലിക്കുന്നില്ല. ''അതിശക്തികൾ'' എന്ന സങ്കല്പത്തിനു് അവർ നല്കുന്ന വ്യാഖ്യാനംതന്നെ അതിനു സാക്ഷ്യംവഹിക്കുന്നു. ''അതിശക്തിയുടെ ലക്ഷണം അതിന്റെ നയമാണെ''ന്നു ചൌ എൻ—ലായ് വിശദീകരിച്ചു. ''മററു രാജ്യങ്ങളെ ആക്രമിക്കാനാഗ്രഹിക്കുന്ന'', ''മററു രാജ്യങ്ങളെ അധീനതയിലാക്കാനാഗ്രഹിക്കുന്ന'', ''മററു രാജ്യങ്ങളെ സ്വന്തം നിയന്ത്രണത്തിലാ

ക്കാനാഗ്രഹിക്കുന്ന'', ''മററു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇട പെടാനും ചെറുകിടയിലും ഇടത്തരത്തിലുംപെട്ട രാജ്യങ്ങളെ ഭീഷണി പ്പെടുത്താനും ആഗ്രഹിക്കുന്ന'' രാഷ്ട്രമാണത്രെ ''അതിശക്തി''. ചൈനീസ് വിധിപ്രകാരം അമേരിക്ക, സോവിയററ് യൂണിയൻ, കോമൺ മാർക്കററ്‌രാജ്യങ്ങൾ, ജപ്പാൻ എന്നിവ ''അതിശക്തികളും'' ഇന്ത്യ ''അർദ്ധ-അതിശക്തി''യുമാണ്. 1974 ഏപ്രിലിൽ ഐക്യരാഷ്ട്രസഭയുടെ പ്രത്യേകസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ ചൈനീസ് പ്രതിനിധി ഇങ്ങനെ പറയുകയുണ്ടായി: ''അതിശക്തിയെന്നാലെന്താണ്? സർവ്വത്ര ആക്രമണങ്ങളും ഇടപെടലുകളും നിയന്ത്രണവും വിധ്വംസനവും കൊള്ളയടിയും നടത്തുകയും ലോകാധിനായകത്വത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്ന സാമ്രാജ്യത്വരാജ്യമാണ് അതിശക്തി. വലിയ ഒരു സോഷ്യലിസ്റ്റ്‌രാജ്യത്തിൽ മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നെങ്കിൽ അതു് അനിവാര്യമായും ഒരതിശക്തിയായിത്തീരും.'' പീക്കിങ്ങിലെ ''സൈദ്ധാന്തിക''രുടെ യുക്തിയനുസരിച്ചുനോക്കുമ്പോൾ ചൈന ഒരു തനി ''അതിശക്തി''യാണ്. അതിനുള്ള ധാരാളം തെളിവുകൾ ഹാജരാക്കാൻ സാധിക്കും.

ഏതു പ്രതിഭാസത്തിൻേറയും ഗണപരവും ഗുണപരവുമായ വശങ്ങൾ തമ്മിൽ ഗാഢവും ഫലനാത്മകവുമായ പരസ്പരബന്ധമുണ്ടെന്നു് മാർക്സിസ്റ്റ്—ലെനിനിസ്റ്റ് വൈരുദ്ധ്യവാദം പഠിപ്പിക്കുന്നു. പ്രതിഭാസങ്ങളെ വിശകലനം ചെയ്യുമ്പോൾ ആ ബന്ധത്തെ അവജ്ഞാപൂർവ്വം വീക്ഷിക്കുകയും അതിൻെറ വശങ്ങളിലൊന്നിനെ അവഗണിക്കുകതന്നെയും ചെയ്യുന്നതിൻെറ ഫലമായി അബദ്ധവും ഹാനികരവുമായ നിഗമനങ്ങളിൽ എത്തിച്ചേരാനിടയാകുന്നു. ''അതിശക്തിസിദ്ധാന്ത''ത്തിൻെറ പ്രണേതാക്കൾക്കു പററിയതു് അതുതന്നെയാണ്.

ശാസ്ത്രീയകമ്മ്യൂണിസത്തിൻെറ ബാലപാഠങ്ങൾ നിസ്സംശയമായും അറിയാവുന്ന ചൈനീസ് ''സൈദ്ധാന്തികർ'' ജടിലമായ സമകാലിക സാർവ്വദേശീയപ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള ശാസ്ത്രീയ പദ്ധതിയായ മാർക്സിസം—ലെനിനിസത്തിൽനിന്നു് യഥാർത്ഥത്തിൽ വിട്ടുമാറിയിരിക്കുന്നുവെന്നതിലാണ് അവരുടെ തത്വരാഹിത്യം കുടികൊള്ളുന്നതു്. സുപ്രസിദ്ധമായ ''കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ''യുടെ ഒന്നാം അദ്ധ്യായത്തിൻെറ ആരംഭത്തിൽ ''നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമുദായങ്ങളുടേയും ചരിത്രം വർഗ്ഗസമരത്തിൻെറ ചരിത്രമാണെ''ന്നു് എഴുതിയിട്ടുള്ളതു് അവർക്കറിഞ്ഞുകൂടെന്ന കരുതുക പ്രയാസമാണ്. ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥയുടെ പ്രഥമരാജ്യമായ സോവിയററ് യൂണിയനേയും പ്രധാന സാമ്രാജ്യത്വശക്തിയായ അമേരിക്കയേയും ഒരേ തട്ടിൽ നിറുത്തിക്കൊണ്ടു് സമകാലികലോകത്തിലെ രണ്ടു

വിരുദ്ധപക്ഷങ്ങളെ ''രണ്ടു് അതിശക്തികൾ'' എന്ന സങ്കല്പത്തിൽ ഒന്നിപ്പിക്കാൻ ചൈന സങ്കരസിദ്ധാന്തവാദപരമായ വൃഥാശ്രമം നടത്തുന്നുവെന്നുമാത്രമല്ല, മാർക്സിസം—ലെനിനിസത്തിൽനിന്നു പൂർണ്ണമായി വിട്ടകലുകയും ചെയ്യുന്നു.

പുതിയ ചൈനീസ് സിദ്ധാന്തം സാർവ്വദേശീയരംഗത്തെ ശക്തികളുടെ വിന്യാസത്തേയും സ്വഭാവത്തേയും അങ്ങേയററം പ്രാകൃതമായി ചിത്രീകരിക്കുന്നു. വികസ്വരരാജ്യങ്ങളുടേയും അവയുടെ മുൻ അധീശരാഷ്ട്രങ്ങളുടേയും താല്പര്യങ്ങളും ലക്ഷ്യങ്ങളും തമ്മിൽ ഒട്ടും ഐക്യമില്ല, ഉണ്ടാകാൻ സാധ്യവുമല്ല. എന്നാൽ ചെറുകിടയിലും ഇടത്തരത്തിലുംപെട്ട രാജ്യങ്ങളാകയാൽ അവയെല്ലാം ഒരേ മുന്നണിയിൽ നിന്നുകൊണ്ടു് ''അതിശക്തികൾ''ക്കെതിരെ പൊരുതണമെന്നു് ചൈനീസ്തന്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. പൊതുവായ ആശയവേദിയും ലക്ഷ്യങ്ങളും അടവുതന്ത്രങ്ങളും കൂട്ടാളികളും എതിരാളികളും ഉണ്ടെങ്കിൽമാത്രമേ ദേശീയവിമോചനപ്രസ്ഥാനമുൾപ്പെടെയുള്ള ഏതു പ്രസ്ഥാനത്തിനും ഒരു സാമൂഹ്യപ്രതിഭാസമെന്നോണം നിലനില്ക്കാനാവൂ. ''അതിശക്തിസിദ്ധാന്തം'' ദേശീയവിമോചനപ്രസ്ഥാനത്തിൻെറ ആശയപരവും രാഷ്ട്രീയവും സാമ്പത്തികവുമായ ബാഹ്യരേഖകളെ മായ്ച്ചുകളയുകയും വികസ്വരരാജ്യങ്ങളെ ചെറുകിടയിലും ഇടത്തരത്തിലുംപെട്ട സാമ്രാജ്യത്വശക്തികളുടെ അണിയിൽ നിർത്തുകയും ചെയ്തുകൊണ്ടു് ദേശീയവിമോചനപ്രസ്ഥാനത്തിനു ഹാനിയുളവാക്കുകമാത്രമേ ചെയ്യൂ. സന്ദിഗ്ദ്ധമായ ലക്ഷ്യങ്ങളോടും ആശയവേദിയോടുംകൂടിയ ഒരു രാഷ്ട്രമുന്നണി സൃഷ്ടിക്കുന്നതിനുവേണ്ടി പൊതു അടിത്തറ കണ്ടെത്തുന്നതിനുള്ള ശ്രമത്തിൽ ചൈനീസ് സങ്കരസിദ്ധാന്തവാദികൾ അമൂർത്തതയുടെ അങ്ങേയററത്തു് (ഒരുവശത്തു് ''അതിശക്തികളും'' മറുവശത്തു് ചെറുകിടയിലും ഇടത്തരത്തിലുംപെട്ട രാജ്യങ്ങളുമെന്ന സങ്കല്പത്തിൽ) എത്തിച്ചേർന്നിരിക്കുന്നു. വളരെയേറെ ഊതിവീർപ്പിച്ചതിൻെറ ഫലമായി ആ അമൂർത്തസങ്കല്പം അസംബന്ധവും ഹാനികരവുമായിത്തീരുന്നു.

1974—ൽ പീക്കിങ്ങ് ''അതിശക്തിസിദ്ധാന്തം'' കൂടുതൽ ''വികസിപ്പിച്ചു''. 1974 ഏപ്രിലിൽ ഐക്യരാഷ്ട്രസഭയുടെ പ്രത്യേകസമ്മേളനത്തിൽ ചൈനീസ്പ്രതിനിധിസംഘത്തലവൻ ചെയ്ത പ്രസംഗത്തിൽ ലോകം പുതിയൊരു തരത്തിലാണു് ചിത്രീകരിക്കപ്പെട്ടതു്: ''അന്താരാഷ്ട്രീയബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള പരിവർത്തനങ്ങൾ വച്ചുനോക്കുമ്പോൾ സമകാലികലോകം പരസ്പരബന്ധത്തോടും പരസ്പരവൈരുദ്ധ്യത്തോടും കൂടിയ മൂന്നു പക്ഷങ്ങളായി, മൂന്നു ലോകങ്ങളായി തിരിഞ്ഞിരിക്കുന്നു. യു.എസ്.എ.യും യു.എസ്.ആറുമാണു് ഒന്നാംലോകത്തിൽ ഉൾപ്പെടുന്നതു്. ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിന

മേരിക്കയിലേയും ഇതരപ്രദേശങ്ങളിലേയും വികസ്വരരാജ്യങ്ങരം മൂന്നാം ലോകത്തിൽ ഉരംപ്പെടുന്നു. മേല്പറഞ്ഞ രണ്ടു ലോകങ്ങരംക്കുമിടയിൽ സ്ഥിതിചെയ്യുന്ന വികസിതരാജ്യങ്ങരം രണ്ടാംലോകത്തിൽ പെടുന്നു... ചൈന മൂന്നാംലോകത്തിൽ പെടുന്നു.''

ഒരുവശത്തു്, ലോകത്തിലെ എല്ലാ വിപ്ലവശക്തികളുടേയും അംഗീകൃതനേതാവെന്ന സ്ഥാനം സോവിയററ് യൂണിയനു് ഇല്ലാതാക്കുന്നതിനുള്ള പീക്കിങ്ങിൻെറ അഭിലാഷവും മറുവശത്തു്, ദേശീയവിമോചനപ്രസ്ഥാനത്തിൽ നുഴഞ്ഞുകയറുന്നതിനും അതിനെ സ്വന്തം വരുതിയിലാക്കുന്നതിനുമുള്ള പീക്കിങ്ങിൻെറ ശ്രമങ്ങളുമാണു് പ്രസ്തുത ''സങ്കല്പ''ങ്ങളിലെല്ലാം നിഴലിച്ചുകാണുന്നതു്. ഈ അർത്ഥത്തിൽ ''അതിശക്തിസിദ്ധാന്ത''ത്തിൻെറ പരിഷ്കരിച്ച പതിപ്പിനു് മുൻ ''സങ്കല്പ''ങ്ങളുമായി യാതൊരു വ്യത്യാസവുമില്ല. അതു കൂടുതൽ തുറന്നടിച്ചതാണെന്നു മാത്രം.

മുതലാളിത്തത്തെപ്പോലെതന്നെ സോഷ്യലിസവും ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ജനതകളെ സംബന്ധിച്ചിടത്തോളം ഒരു മാതൃകയല്ലെന്ന ചൈനയുടെ അഭിപ്രായത്തോടു യോജിക്കുന്നപക്ഷം ഇന്നത്തെ ദേശീയവിമോചനപ്രസ്ഥാനം ഏതെല്ലാം ലക്ഷ്യങ്ങരംക്കുവേണ്ടി നിലകൊള്ളണമെന്നതും നവജീവിതത്തിൻെറ നിർമ്മാണത്തിൽ അതു് എന്തെല്ലാം തള്ളുകയും കൊള്ളുകയും ചെയ്യണമെന്നതും അവ്യക്തമായിത്തീരുന്നു.

''അതിശക്തിസിദ്ധാന്തം'' സ്വീകരിച്ചാൽ ദേശീയവിമോചനപ്രസ്ഥാനത്തിനു് അതിൻെറ ലക്ഷ്യം നഷ്ടപ്പെടുകയും അതിൻെറ വിശ്വസ്തകൂട്ടാളികളായ സോഷ്യലിസ്റ്റ്രാജ്യങ്ങളുമായുള്ള സഖ്യം ഇല്ലാതാവുകയും ചെയ്യും. തൽഫലമായി ആ പ്രസ്ഥാനത്തിനു് അതിൻെറ വികാസത്തിനാവശ്യമായ വർഗ്ഗപരമായ വഴികാട്ടികരം നഷ്ടപ്പെടും. ദേശീയവിമോചനപ്രസ്ഥാനത്തിൻെറ സ്വാശ്രയത്വത്തെപ്പററിയുള്ള മിഥ്യാബോധം അതിൻെറ പ്രതിനിധികളിൽ അറിഞ്ഞോ അറിയാതെയോ ഉളവാകും.

''അതിശക്തിസിദ്ധാന്ത''ത്തിൽ വിശ്വസിക്കുന്നതിൻെറ ഫലമായി ദേശീയവിമോചനപ്രസ്ഥാനത്തിനു് അതു് ഇതേവരെ ആർജ്ജിച്ചിട്ടുള്ള വിപ്ലവാനുഭവത്തിൽ സംശയം ജനിക്കുകയും അതു് വർഗ്ഗപരമായ നിലപാടിൽനിന്നു വ്യതിചലിക്കുകയും ചെയ്തേക്കാം. അങ്ങനെ സംഭവിക്കുന്ന പക്ഷം ദേശീയവിമോചനപ്രസ്ഥാനം വളരെയേറെ പിന്നോട്ടു തള്ളപ്പെടും.

അതുതന്നെയാണു പീക്കിങ്ങിനു വേണ്ടതു്.

മുതലാളിത്തത്തിനു ചരിത്രം വിധിയെഴുതിക്കഴിഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ രണ്ടിലൊന്നു—മുതലാളിത്തമോ സോഷ്യലിസമോ—

തിരഞ്ഞെടുക്കേണ്ടതായിവരുന്ന അവസരത്തിൽ വികസ്വരരാജ്യങ്ങൾക്ക ആശയക്കുഴപ്പം ഉളവാക്കുന്നതിനു് ''അതിശക്തിസിദ്ധാന്തം'' ഉപകരിക്കുമെന്നു് പീക്കിങ്ങ് കരുതുന്നു. ദേശീയവിമോചന പ്രസ്ഥാനത്തിൽ ''മിശിഹാദൗത്യം'' നിറവേററാൻ പീക്കിങ്ങ് തയ്യാറെടുത്തുവരുന്നു. ''രണ്ടു് അതിശക്തികളുടെ ലോകാധിപത്യത്തിനു് അറുതിവരുത്താൻ കഴിവുള്ള ഏകരാജ്യമാണു്'' ചൈനയെന്നും ''ചെറുതും അശക്തവുമായ രാജ്യങ്ങൾക്ക സംരക്ഷണ നല്ലാൻ ശ്രമിക്കുന്ന ഏകരാജ്യമായി ചൈനയെ കണക്കാക്കണെ''മെന്നും 1970—ൽ വിദേശപത്രലേഖകന്മാരുമായി നടത്തിയ സംഭാഷണങ്ങളിൽ ചൈനീസ്നേതാക്കന്മാർ ഉദ്ഘോഷിക്കുകയുണ്ടായി. ''അതിശക്തിസിദ്ധാന്ത''ത്തിൻെറ ചൂണ്ടയിൽ ദേശീയവിമോചനപ്രസ്ഥാനം കുടുങ്ങുന്നപക്ഷം ആ പ്രസ്ഥാനത്തിനു് ചരിത്രപരമായ ഭാവി ഇല്ലാതാകുകയും മുന്നോട്ടുള്ള വഴി കാണാതെ അതു വിഷമിക്കുകയും ചെയ്യും. അപ്പോഴായിരിക്കും ചൈനയെന്ന ''മിശിഹാ'' പ്രത്യക്ഷപ്പെടുന്നതും അനുസരണയുള്ള കുഞ്ഞാടുകളെയെന്നപോലെ ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ജനതകളെ തനിക്കുമാത്രം അറിയാവുന്നതും തനിക്കുമാത്രം പ്രയോജനകരവുമായ പാതയിലൂടെ നയിക്കുന്നതും. വികസ്വരരാജ്യങ്ങളിലൊന്നായി സ്വയം ചിത്രീകരിക്കുന്ന ചൈന യഥാർത്ഥത്തിൽ ഇന്നുതന്നെ ആ രക്ഷകപങ്കു വഹിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്നു.

ദേശീയവിമോചനപ്രസ്ഥാനം ''അതിശക്തിസിദ്ധാന്ത''ത്തെ നിരുപാധികമായി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും പീക്കിങ്ങിൻെറ തൽസംബന്ധമായ തത്വനിർദ്ദേശങ്ങൾ സാക്ഷാൽക്കരിക്കുകയെന്നതു് സ്വന്തം സമരത്തിൻെറ പ്രധാനലക്ഷ്യമായി ആ പ്രസ്ഥാനം കരുതുന്നുവെന്നുമുള്ള പ്രതീതിയുളവാക്കാൻ ചൈനീസ്നേതൃത്വം ഇപ്പോൾത്തന്നെ ശ്രമങ്ങൾ നടത്തുന്നു. സി.പി.സി.യുടെ പത്താംകോൺഗ്രസ്സിൽ ചൗ എൻ—ലായ് ചെയ്ത റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''മൂന്നാം ലോകത്തിൻെറ ഉണർവ്വും വളർച്ചയും ഇന്നത്തെ അന്താരാഷ്ട്രീയബന്ധങ്ങളിലെ അതിപ്രധാനസംഭവമാണു്. അതിശക്തികളുടെ അധിനായകത്വത്തിനും കൈയ്യൂക്കുനയത്തിനുമെതിരെയുള്ള സമരത്തിൽ മൂന്നാംലോകത്തിൻെറ ഐക്യം വർദ്ധിച്ചുവരുന്നു.'' ''സാമ്രാജ്യത്വത്തിനും കൊളോണിയലിസത്തിനും പുത്തൻകൊളോണിയലിസത്തിനുമെതിരെ, പ്രത്യേകിച്ചും രണ്ടു് അതിശക്തികളുടെ—യു.എസ്.എ.യുടേയും യു.എസ്.എസ്. ആറിൻേറയും—അധിനായകത്വത്തിനെതിരെ'' വിപുലമായ ഒരു മുന്നണി രൂപീകരിക്കാൻ അദ്ദേഹം സി.പി.സി.യോടാഹ്വാനിച്ചു. സോഷ്യലിസ്റ്റ്രാജ്യങ്ങൾക്കും അതുപോലെതന്നെ ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും രാജ്യങ്ങൾക്കുമെതിരെയു

ള്ള ആപൽക്കരമായ ഒരു ഉപജാപമാണ്‌ അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്‌.

അന്താരാഷ്ട്രീയബന്ധങ്ങളുടെ ഉള്ളടക്കത്തേയും ലോകരംഗത്തെ ശക്തിവിന്യാസത്തേയും അത്തരത്തിൽ വ്യാഖ്യാനിക്കുന്നതിന്റെ ഫലമായി സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കും വികസ്വരരാജ്യങ്ങൾക്കുമെതിരെ ഒട്ടും തത്വദീക്ഷയില്ലാത്ത രഹസ്യധാരണകളിലും ഉപജാപങ്ങളിലുമേർപ്പെടുന്നതിനു പീക്കിങ്ങിനു കൂടുതൽ സാധ്യതകൾ ലഭിക്കുന്നു. അതേസമയം തന്നെ ദേശീയവിമോചനപ്രസ്ഥാനത്തിന്റെ പ്രധാനശത്രുവായ സാമ്രാജ്യത്വവുമായി തങ്ങൾ എത്തിച്ചേർന്ന രഹസ്യധാരണയെ ന്യായീകരിക്കാനും പീക്കിങ്ങ്‌നേതൃത്വം ശ്രമിക്കുന്നു.

''അതിശക്തിസിദ്ധാന്ത''ത്തിന്റെ പിന്നിലുള്ള കുടിലമായ രാഷ്ട്രീയോദ്ദേശങ്ങളാണു മേൽവിവരിച്ചത്‌. അവ വേണ്ടപ്പോൾ മനസ്സിലാക്കാത്തപക്ഷം ദേശീയവിമോചനപ്രസ്ഥാനത്തിനു്‌ ചൈനയുടെ ചവിട്ടടിയിൽ കഴിയേണ്ടതായി വന്നേക്കും.

ദക്ഷിണപൂർവ്വേഷ്യയിൽ തങ്ങൾക്കുള്ള മൂർത്തമായ വിദേശനയലക്ഷ്യങ്ങൾ നേടുന്നതിനു്‌ ''അതിശക്തിസിദ്ധാന്തം'' ഉപകരിക്കുമെന്നു പീക്കിങ്ങ്‌നേതൃത്വം കരുതുന്നു. ഇന്തോചൈനയിൽ സൈനിക–രാഷ്ട്രീയപരാജയമടഞ്ഞതിനുശേഷം അമേരിക്കൻ സാമ്രാജ്യത്വം ദക്ഷിണപൂർവ്വേഷ്യയിൽ അതിന്റെ സാന്നിദ്ധ്യം കുറച്ചുകൊണ്ടിരിക്കുകയാണ്‌. മാത്രമല്ല, ചൈനയും അമേരിക്കയും തമ്മിൽ ആ പ്രദേശത്തു തങ്ങളുടെ സ്വാധീനമേഖലകൾ വിഭജിച്ചുകഴിഞ്ഞിരിക്കുന്നതായി കരുതേണ്ടിയിരിക്കുന്നു.

രണ്ടാംലോകമഹായുദ്ധത്തിന്റെ കാലംതൊട്ടു ദക്ഷിണപൂർവ്വേഷ്യൻ ജനതകളിൽ രൂഢമൂലമായിട്ടുള്ള ജപ്പാൻവിരുദ്ധമനോഭാവം തങ്ങളുടെ എതിരാളിയായ ജപ്പാന്റെ ഏഷ്യയിലേക്കുള്ള വിപുലനത്തിനു തടസ്സമായി വർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നതിനാൽ പീക്കിങ്ങ്‌ തല്ക്കാലം ജപ്പാനെ അധികം വിമർശിക്കുന്നില്ല.

ഈ സാഹചര്യങ്ങളിൽ ''അതിശക്തിസിദ്ധാന്ത''ത്തിന്റെ അടിയന്തരലക്ഷ്യം ദക്ഷിണ പൂർവ്വേഷ്യയിൽ സോവിയററ്‌ യൂണിയന്റെ അന്തസ്സിനു ഭംഗംവരുത്തുകയും ആ മേഖലയിലെ സോവിയററ്‌ വിദേശനയത്തിന്റെ ഉത്തമലക്ഷ്യങ്ങളിൽ സംശയമുളവാക്കുകയും ചൈനയുടെ അയൽരാജ്യങ്ങളിൽ സോവിയററ്‌ യൂണിയനുള്ള സ്വാധീനത്തിനു കോട്ടംതട്ടിക്കുകയും അതോടൊപ്പം ആ പ്രദേശത്തു ചൈനയുടെ സ്വാധീനം വർദ്ധിപ്പിക്കുകയുമാണ്‌.

തങ്ങൾക്കു ദേശീയവിമോചനപ്രസ്ഥാനത്തിൽ മൊത്തത്തിലും ദക്ഷിണപൂർവ്വേഷ്യയിൽ പ്രത്യേകിച്ചുമുള്ള മഹച്ഛക്തിലക്ഷ്യങ്ങൾ ''അ

തിശക്തിസിദ്ധാന്ത''ത്തിൻെറ പുകമറയ്ക്കു പിന്നിൽ ഒളിച്ചുവയ്ക്കാൻ പീക്കിങ്ങ്നേതൃത്വം ശ്രമിക്കുന്നു. പീക്കിങ്ങ് ലോകസ്ഥിതിയെ സംബന്ധിച്ച സ്വന്തം വീക്ഷണം ദക്ഷിണപൂർവ്വേഷ്യൻജനതകളെ കെട്ടിയേല്പിക്കാൻ ശ്രമിക്കുന്ന ഓരോ അവസരത്തിലും അതോർമ്മിക്കേണ്ടതാണ്.

## 2. ചൈന ഒരു വികസ്വരരാജ്യമോ?

സമകാലീനലോകത്തിലെ പരമാധികാരരാഷ്ട്രങ്ങളെ മൂന്നു വ്യതിരിക്തവിഭാഗങ്ങളായി തിരിക്കാം. വികസിതമുതലാളിത്തരാജ്യങ്ങളുടെ വിഭാഗമാണ് അവയിലൊന്ന്. നിരുപാധികമായല്ലെങ്കിലും ആ രാജ്യങ്ങൾ അമേരിക്കയുടെ നേതൃസ്ഥാനത്തെ അംഗീകരിക്കുന്നു. എന്നാൽ ആ വിഭാഗത്തിൽ അപകേന്ദ്രകപ്രവണത പ്രത്യക്ഷപ്പെട്ടതിൻെറ ഫലമായി യു.എസ്.എ., കോമൺ മാർക്കററ്രാജ്യങ്ങൾ, ജപ്പാൻ എന്നിങ്ങനെ സാർവ്വദേശീയസാമ്രാജ്യത്വത്തിൻെറ മൂന്നു കേന്ദ്രങ്ങൾ ഇപ്പോൾ രൂപമെടുത്തുകൊണ്ടിരിക്കുന്നു. സോവിയററ് യൂണിയനും ഇതരസോഷ്യലിസ്റ്റ്രാജ്യങ്ങളുമാണ് സാർവ്വദേശീയരംഗത്തു സജീവമായി പ്രവർത്തിക്കുന്ന മറെറാരു വിഭാഗം. ഒടുവിൽ, ലോകരാഷ്ട്രീയത്തിലും ലോകസമ്പദ്വ്യവസ്ഥയിലും പ്രത്യേകസ്ഥാനം വഹിക്കുന്ന അനേകം വികസ്വരരാജ്യങ്ങളുടെ ഒരു വിഭാഗമുണ്ട്. പല കാരണങ്ങളാലും ആ രാജ്യങ്ങൾക്കു പ്രാമാണ്യവും പൊതു അംഗീകാരവുമുള്ള ഒരു നേതാവില്ലെന്നതാണു പീക്കിങ്ങിൻെറ പുതിയ കുതന്ത്രത്തിനു ഹേതുവായിത്തീർന്നതു്.

ഒരു വികസ്വരരാജ്യത്തിൻെറ പദവിയാർജ്ജിക്കാൻ ചൈന ഉദ്ദേശിക്കുന്നുവെന്ന് 1971 നവമ്പർ 15—ാംതീയതി ഐക്യരാഷ്ട്രസഭയുടെ 26—ാംസമ്മേളനത്തിൽവച്ച് ചൈനീസ് പ്രതിനിധിസംഘത്തിൻെറ തലവൻ ച്യാവൊ കാൻ—ഹാ ഔദ്യോഗികമായി വെളിപ്പെടുത്തി: ''ചൈന ഇനിയും സാമ്പത്തികമായി പിന്നോക്കനിലയിലുള്ള ഒരു രാജ്യമാണ്. അതേസമയംതന്നെ അതൊരു വികസ്വരരാജ്യമാണ്. ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ബഹുഭൂരിപക്ഷം രാജ്യങ്ങളെപ്പോലെതന്നെ ചൈനയും മൂന്നാംലോകത്തിൽപ്പെടുന്നു.'' 1972—ൽ ചിലിയിൽ കൂടിയ അൺക്ടാഡിൻെറ (UNCTAD—United Nations Conference for Trade and Development.—പ്രസാ.) 3—ാം സമ്മേളനത്തിൽവച്ച് ചൈനീസ് പ്രതിനിധിസംഘം ആ നിലപാട്' ഒരിക്കൽക്കൂടി സ്ഥിരീകരിക്കുകയും ചൈനയെ വികസ്വരരാജ്യങ്ങളുടെ പട്ടികയിൽ ചേർക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ആ ശ്രമം വിഫലമാവുകയാണുണ്ടായതു്. എക്കാഫെയിൽ അരങ്ങേറി

ക്കൊണ്ട് ചൈന വീണ്ടും ആ ആവശ്യം ഏഷ്യൻസമുദായത്തിൻെറ മു
മ്പാകെ വച്ചു.

''മൂന്നാംലോക''ത്തെപ്പററിയും വികസ്വരരാജ്യങ്ങളെപ്പററിയും ഇന്ന് അന്താരാഷ്ട്രീയരംഗത്തു രൂപംകൊണ്ടിട്ടുള്ള സങ്കല്പങ്ങൾവച്ചുനോക്കുമ്പോൾ വികസ്വരരാജ്യത്തിൻെറ പദവിക്കുവേണ്ടിയുള്ള ചൈനയുടെ വിടാപ്പിടി, മൃദുലമായി പറഞ്ഞാൽ അങ്ങേയററം വിചിത്രവും അസാധാരണവുമായിരിക്കുന്നു. സാമ്പത്തികാധഃസ്ഥിതി വികസ്വരരാജ്യങ്ങളുടെ പ്രത്യേകതയാണ്. ചൈനയെ സംബന്ധിച്ചിടത്തോളം ആ മാനദണ്ഡം ഉപയോഗിക്കുക സാധ്യമല്ല. ചൈനീസ് സമ്പദ്വ്യവസ്ഥ ലോകമുതലാളിത്തസമ്പദ്വിധാനത്തെ അളവിലേറെ ആശ്രയിക്കുന്നുണ്ടെന്നും പറഞ്ഞുകൂടാ. സാമ്രാജ്യത്വരാഷ്ട്രങ്ങളുമായി ഈയടുത്തകാലത്തു മാത്രമാണ് ചൈന സാമ്പത്തികസമ്പർക്കങ്ങൾ വികസിപ്പിച്ചതെന്നതു തന്നെ അതിനു തെളിവാണ്. തീവ്രമായ അണ്വായുധനിർമ്മാണപരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി വമ്പിച്ച തുകകൾ ചെലവഴിക്കുന്ന ഒരു ശക്തിയാണു ചൈന. അണ്വായുധങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികകഴിവ് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് ഉണ്ടെന്നിരിക്കിലും വികസ്വരരാജ്യങ്ങളിൽ ഒന്നുപോലും അതിൻെറ പരിമിതമായ വിഭവങ്ങൾ ചെലവുകൂടിയ അത്തരം ആയുധങ്ങൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നില്ല. ഐക്യരാഷ്ട്രരക്ഷാസമിതിയുടെ സ്ഥിരം അംഗമായതിനാൽ മാനവസമുദായത്തിൻെറ ഭാഗധേയത്തെ സംബന്ധിച്ചിടത്തോളം ചൈനയ്ക്കു വമ്പിച്ച ഉത്തരവാദിത്വമുണ്ട്. ചൈനയുടെ സൈനിക–സാമ്പത്തികശേഷിയാണ് ആ ഉത്തരവാദിത്വത്തിനു നിദാനം. വികസ്വരരാജ്യങ്ങൾ സാമ്പത്തികസഹായത്തിൻെറ ഉപഭോക്താക്കളാണ്. അവ മററു രാജ്യങ്ങളിലേക്കു മൂലധനം കയററുമതി ചെയ്യാറില്ല. ചൈന ഇക്കാര്യത്തിലും വികസ്വരരാജ്യങ്ങളിൽനിന്നു വ്യത്യസ്തമാണ്. ''മൂന്നാംലോക''ത്തിൽപ്പെട്ട ചില രാജ്യങ്ങൾക്കു ചൈന സാമ്പത്തികസഹായം നല്കുന്നുണ്ട്. കുറെക്കാലമായി ആ രാജ്യങ്ങൾ ചൈനയുടെ സഹായപരിപാടിയിൽ കാര്യമായ അതൃപ്തി പ്രകടിപ്പിക്കുന്നുവെന്നതു ശരിതന്നെ. രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാശ്രയത്വമില്ലാത്ത രാജ്യങ്ങളെയാണു ചൈന അല്പവികസിതങ്ങളായി പരിഗണിക്കുന്നതു്. അതുവച്ചുനോക്കിയാലും ചൈനയെ വികസ്വരരാജ്യങ്ങളുടെ കൂട്ടത്തിൽ പെടുത്താൻ സാധ്യമല്ല. ചൈനയുടെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ സ്വാതന്ത്ര്യത്തെപ്പററി ചൈനയ്ക്കുള്ളിലോ അതിനു വെളിയിലോ ആരും സംശയം പ്രകടിപ്പിക്കുന്നില്ലല്ലോ.

സോഷ്യലിസം പടുത്തുയർത്തുന്നതിനുവേണ്ടിയുള്ള സമരത്തിൽ ചൈനീസ് ജനത കൈവരിച്ച വമ്പിച്ച നേട്ടങ്ങളെ ഇല്ലെന്നുവരുത്തി

ക്കൊണ്ടു് ചൈന ഇന്നൊരു വികസ്വരരാജ്യത്തിൻെറ പദവി അവകാശപ്പെടുന്നതിൻെറ പിന്നിൽ വിദേശനയസംബന്ധമായ ചില ഗൂഢോദ്ദേശങ്ങളാണുള്ളതു്.

ദേശീയവിമോചനപ്രസ്ഥാനത്തെ സ്വന്തം മഹച്ഛക്തിതാല്പര്യങ്ങൾക്കു് അടിപ്പെടുത്തുകയെന്നതു് ലോകാധിനായകത്വത്തിനുവേണ്ടി പീക്കിങ്ങ് നടത്തുന്ന സമരത്തിൻെറ പ്രധാനലക്ഷ്യങ്ങളിലൊന്നാണു്. ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥയേയും ദേശീയവിമോചനപ്രസ്ഥാനത്തേയും തമ്മിലകററാനും ആ പ്രസ്ഥാനത്തെ ചൊല്പടിയിലാക്കാനും അതിൻെറ വിപ്ലവശേഷിയേയും ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ജനങ്ങളേയും ഭൗതികവിഭവങ്ങളേയും തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിക്കാനും പീക്കിങ്ങ് ആഗ്രഹിക്കുന്നു. ദേശീയവിമോചനപ്രസ്ഥാനത്തിൻെറ കുത്തകനേതാവായിത്തീരാനാണു് അതിൻെറ ശ്രമം. എന്നാൽ അതത്ര എളുപ്പമല്ല. അതുകൊണ്ടാണു് വികസ്വരരാജ്യങ്ങളുടെ വിശ്വാസമാർജ്ജിക്കുന്നതിനുവേണ്ടി മാവോയിസ്റ്റുകൾ നാനാതരത്തിലുള്ള കൗശലപ്രയോഗങ്ങൾ നടത്തുന്നതു്.

ചൈന ഒരു വികസ്വരരാജ്യമായി അംഗീകരിക്കപ്പെടുന്നപക്ഷം ദേശീയവിമോചനപ്രസ്ഥാനത്തിൽ അതിനുള്ള മഹച്ഛക്തിലക്ഷ്യങ്ങൾ എളുപ്പത്തിൽ നേടാൻ കഴിയുമെന്നു് പീക്കിങ്ങിൽ കരുതുന്നു. വികസ്വരരാജ്യത്തിൻെറ പദവിയാർജ്ജിച്ചുകൊണ്ടു് ''മൂന്നാംലോക''ത്തിൻെറ ഒരു ജൈവഘടകമായിത്തീരാനും ദേശീയവിമോചനപ്രസ്ഥാനത്തിൽ ആഴത്തിൽ വേരിറക്കാനും ചൈന ആഗ്രഹിക്കുന്നു. അതിൽ വിജയിക്കുന്നപക്ഷം ദേശീയവിമോചനപ്രസ്ഥാനത്തിൻെറ സിദ്ധാന്തത്തേയും പ്രയുക്തിയേയും ഉള്ളിൽനിന്നു്, കൂടുതൽ ഫലപ്രദമായി സ്വാധീനിക്കുന്നതിനുള്ള സാധ്യത പീക്കിങ്ങിനു ലഭിക്കും. ''മൂന്നാംലോക''ത്തിൻെറ കൂടുതൽ പ്രാതിനിധ്യസ്വഭാവമുള്ള രാഷ്ട്രീയ—സാമ്പത്തികസംഘടനകളിൽ കടന്നുപററിയതിനുശേഷം ആ സംഘടനകളെ തങ്ങളുടെ ഇച്ഛാനുസാരം രൂപാന്തരപ്പെടുത്താമെന്നും അവയുടെ പ്രവർത്തനത്തെ തങ്ങൾക്കു പ്രയോജനകരമായ വഴിക്കു തിരിച്ചുവിടാമെന്നുമാണു് പീക്കിങ്ങ്‌നേതൃത്വം കണക്കുകൂട്ടുന്നതു്. സൈനിക—സാമ്പത്തികശേഷിയുടെ സൂചികകൾവച്ചു നോക്കുമ്പോൾ ചൈനയ്ക്കു ഭൂരിപക്ഷം വികസ്വരരാജ്യങ്ങളെക്കാളും പലമടങ്ങു ശക്തിയുണ്ടു്. അതിനാൽ ദേശീയവിമോചനപ്രസ്ഥാനത്തിൻെറ നേതൃസ്ഥാനം കരസ്ഥമാക്കാനും ആ പ്രസ്ഥാനത്തിൻെറ വിഭവങ്ങളെ സ്വന്തം താല്പര്യങ്ങൾക്കായി ഉപയോഗിക്കാനും കഴിയുമെന്നു പീക്കിങ്ങ് പ്രത്യാശിക്കുന്നു.

ദേശീയവിമോചനപ്രസ്ഥാനത്തിൻെറ നേതൃസ്ഥാനം കൈക്കലാക്കുന്നപക്ഷം ആ പ്രസ്ഥാനത്തിൻെറ മുഖ്യലക്ഷ്യങ്ങളേയും ഉള്ളടക്കത്തേയും

തിരുത്തിയെഴുതാൻ പീക്കിങ്ങ് ആവശ്യപ്പെട്ടും. ചെറുകിടയിലും ഇട ത്തരത്തിലുംപെട്ട രാജ്യങ്ങളുടെ—വികസ്വരരാജ്യങ്ങളും അവയിലുംപ്പെ ടുന്നു—പ്രധാനകടമ ''അതിശക്തികാംക്കെതിരെ ജീവന്മരണസമരം നട ത്തുകയാണെ''1ന്നു് പീക്കിങ്ങ് ഇപ്പോംത്തന്നെ ഉദ്ഘോഷിക്കുന്നു. തങ്ങളുടെ ആഗ്രഹത്തെ യാഥാർത്ഥ്യമായി കാണിച്ചുകൊണ്ടു്, ''രണ്ടു് അതിശക്തികാം''ക്കെതിരെയുള്ള സമരത്തിൽ ''മൂന്നാംലോകം'' കരു ത്താർജ്ജിക്കുകയും ഏകോപിക്കുകയും ചെയ്യുന്നുവെന്നു വരുത്താൻ പീ ക്കിങ്ങ്നേതൃത്വം ശ്രമിക്കുന്നുവെന്നു് സി.പി.സി.യുടെ പത്താംകോ ൺഗ്രസ്സിന്റെ രേഖകളിൽനിന്നു വെളിപ്പെടുന്നു. പീക്കിങ്ങ് ദേശീയ വിമോചനപ്രസ്ഥാനത്തെ കെട്ടിയേല്പിക്കാൻ ശ്രമിക്കുന്ന കർമ്മസരണി ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ജന തകളെ സംബന്ധിച്ചിടത്തോളം അങ്ങേയററം ആപൽക്കരമാണെന്നു് എ ത്രയും വ്യക്തമായി ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. ആ കർമ്മസരണി സ്വീകരിക്കുന്നപക്ഷം ദേശീയവിമോചനപ്രസ്ഥാനത്തിന്റെ സാമ്രാജ്യ ത്വവിരുദ്ധവായ്ത്തലയ്ക്കു മൂർച്ചകുറയുകയും നവസ്വതന്ത്രരാജ്യങ്ങാംക്കെ തിരെ പുത്തൻകൊളോണിയലിസ്റ്റ് ചരടുവലികാം നടത്താൻ സാർവ്വ ദേശീയസാമ്രാജ്യത്വത്തിനു സാധ്യതകാം ലഭിക്കുകയും ചെയ്യും. ദേശീ യവിമോചനപ്രസ്ഥാനം ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയിൽനിന്നു് ഒററപ്പെടുന്നതിനും ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരി ക്കയിലേയും ജനതകാം ചൈനയ്ക്കു് അടിപ്പെടുന്നതിനും തൽഫലമായി ഇടയാകും.

അതാണു് വികസ്വരരാജ്യപദവിക്കുവേണ്ടിയുള്ള അവകാശവാദങ്ങ ളിൽനിന്നും ദേശീയവിമോചനപ്രസ്ഥാനത്തിൽ നടത്തുന്ന മററനേകം കുതന്ത്രങ്ങളിൽനിന്നും പീക്കിങ്ങ് പരമാവധി നേടാനാഗ്രഹിക്കുന്നതു്. മാത്രമല്ല, വികസ്വരരാജ്യമായി അംഗീകരിക്കപ്പെടുന്നപക്ഷം ചൈന യ്ക്കു അടവുസംബന്ധമായ പല നേട്ടങ്ങളുമുണ്ടാകും. തൽഫലമായി വി കസ്വരരാജ്യങ്ങാംക്കുള്ള സാമ്പത്തികസഹായം വെട്ടിച്ചുരുക്കുന്നതിനുള്ള ന്യായം ചൈനയ്ക്കു കിട്ടും. ചൈന ഇന്നുതന്നെ ആ ന്യായം ഉപയോഗ പ്പെടുത്തുന്നു. ഉദാഹരണമായി ശ്രീലങ്കാ പ്രധാനമന്ത്രി സിരിമാവോ ബ ന്ദരനായകെയ്ക്കു നല്കിയ സ്വീകരണത്തിൽവച്ചു് ചൌ എൻ—ലായ് ഇ ങ്ങനെ പ്രസ്താവിച്ചു: ''ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിന മേരിക്കയിലേയും രാജ്യങ്ങാംക്കു സഹായവും പിന്തുണയും നല്കുകയെന്ന തു ഞങ്ങളുടെ മാററമില്ലാത്ത സാർവ്വദേശീയകടമയാണു്. പക്ഷേ ഞങ്ങ ളുടെ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ ഇനിയും താരതമ്യേന പിന്നോ ക്കനിലയിലുള്ളതായതിനാൽ ഞങ്ങാം നല്കുന്ന ഭൗതികസഹായം നിസ്സാ രമാണു്.''2 മാത്രമല്ല, പീക്കിങ്ങിന്റെ വിദേശനയസംബന്ധമായ ത

ത്വനിർദ്ദേശങ്ങഠം അനുസരിക്കാൻ തയ്യാറുള്ള രാജ്യങ്ങഠംക്കമാത്രം സാമ്പത്തികസഹായം നല്കുന്നതിനെ ന്യായീകരിക്കാൻ ചൈനയ്ക്കു കഴിയും. വികസ്വരരാജ്യത്തിൻെറ പദവി ലഭിക്കുന്നപക്ഷം എല്ലാ വൻകരകളിലും അന്താരാഷ്ട്രീയസംഘർഷം വളർത്തുന്നതിനുള്ള കൂടുതൽ സാധ്യതകഠം ചൈനയ്ക്കുണ്ടാകും. വികസ്വരരാജ്യങ്ങഠംക്കാകട്ടെ ദേശീയവിമോചനപ്രസ്ഥാനത്തിലെന്നതുപോലെ സാർവ്വദേശീയരംഗത്തും പീക്കിങ്ങിൻെറ വിദേശനയപാതയെ വിമർശിക്കുന്നതിനുള്ള സാധ്യതകഠം കുറയും.

വികസ്വരരാജ്യങ്ങഠം ചൈനയുടെ അവകാശവാദങ്ങളുടെ ആപൽക്കാരിത പെട്ടെന്നുതന്നെ മനസ്സിലാക്കി. ആ രാജ്യങ്ങളിൽ ഭൂരിപക്ഷവും പീക്കിങ്ങിൻെറ അന്യായമായ ആ വാദങ്ങഠം തള്ളിക്കളയുന്നു. ഉദാഹരണമായി ഒരു ഇന്തോനേഷ്യൻപത്രം ഇങ്ങനെ എഴുതി: ''പി. ആർ.സി.യെ തങ്ങളുടെകൂടെ ചേർക്കേണ്ട ആവശ്യമുണ്ടോയെന്നു വികസ്വരരാജ്യങ്ങഠം നല്ലവണ്ണം ആലോചിക്കണം.''3 വികസ്വരരാജ്യങ്ങഠം ചൈനയെ തങ്ങളുടെ കൂട്ടത്തിൽ പെടുത്തുന്നില്ലെന്നതും അങ്ങനെ അവ ''മൂന്നാംലോക''ത്തിൽ കടന്നുപററുന്നതിനുള്ള പീക്കിങ്ങിൻെറ തന്ത്രങ്ങളെ ചെറുക്കുന്നുവെന്നതും വാസ്തവമാണ്. അഠംജിയേഴ്സിലും കൊളമ്പോയിലുംവച്ച് നടന്ന ചേരിചേരാരാഷ്ട്രങ്ങളുടെ സമ്മേളനങ്ങഠം പ്രധാന സമകാലീനപ്രശ്നങ്ങളെ സംബന്ധിച്ച പീക്കിങ്ങിൻെറ തത്വനിർദ്ദേശങ്ങളെ അവഗണിക്കുകയാണു ചെയ്തതെന്നതും വാസ്തവം തന്നെ.

വികസ്വരരാജ്യങ്ങളുമായി പീക്കിങ്ങ് വളരെയേറെ ശൃംഗരിക്കുന്നുണ്ടെങ്കിലും ആ രാജ്യങ്ങഠം ലോകരാഷ്ട്രീയത്തിൻെറ പല പ്രധാനപ്രശ്നങ്ങളുടേയും ചൈനീസ്‌വ്യാഖ്യാനത്തെ തീവ്രമായി എതിർക്കുന്നു. ചൈന ആ പ്രശ്നങ്ങളെ വ്യാഖ്യാനിക്കുന്നതു ദേശീയവിമോചനപ്രസ്ഥാനത്തിൻെറ താല്പര്യങ്ങഠംക്കു വിരുദ്ധമായാണ്. ഉദാഹരണമായി നിരായുധീകരണപ്രശ്നത്തിൽ ചൈനയും വികസ്വരരാജ്യങ്ങളും തമ്മിൽ സാരമായ അഭിപ്രായവ്യത്യാസമുണ്ട്. ഒരു ഇന്ത്യൻവാരിക എഴുതി: ''ഐക്യരാഷ്ട്രസംഘടനയിൽ നിരായുധീകരണപ്രശ്നം ചർച്ചചെയ്ത അവസരത്തിൽ ചൈന പത്തിലേറെ പ്രാവശ്യം വികസ്വരരാജ്യങ്ങളെ എതിർത്തു. സമാധാനത്തെ മുൻനിർത്തിയുള്ള നിർദ്ദേശങ്ങഠംക്കു വിഘ്നങ്ങഠം സൃഷ്ടിക്കുകയെന്ന ചൈനയുടെ മഹച്ഛക്തിനയത്തിൻെറ അർത്ഥം എത്രയും വേഗം അണ്വായുധങ്ങഠം കൈവശമുള്ള ഒരു അതിശക്തിയായിത്തീരുകയെന്ന ലക്ഷ്യമാണ് അതു മുൻവയ്ക്കുന്നതെന്നാണ്. ഏഷ്യയിലെ എല്ലാ ഗവണ്മെൻറുകളും തങ്ങളുടെ വിഭവങ്ങളുടെ വലിയൊരു പങ്ക് ആയുധനിർമ്മാണത്തിനുവേണ്ടി ചെലവഴിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാനും അങ്ങനെ ഏഷ്യൻ രാജ്യങ്ങഠംക്കു സാമ്പത്തികവും സാമൂഹികവുമായ പ

രോഗതി കൈവരിക്കുന്നതിനുള്ള സാധ്യതകൾ ഇല്ലാതാക്കാനുമാണു ചൈന ശ്രമിക്കുന്നതു്''.4 അങ്ങനെ സമകാലീനഘട്ടത്തിൻെറ ചില പ്രധാനപ്രശ്നങ്ങളിൽ ചൈന അനുവർത്തിക്കുന്ന നയം ദേശീയവിമോചനപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആപൽക്കരമാണു്. അതു വിസ്മരിച്ചുകൂടാ.

വികസ്വരരാജ്യങ്ങൾ പീക്കിങ്ങിൻെറ ഈ പുതിയ അടവിനോടു ജാഗ്രതാപൂർവ്വകമായ നിലപാടു കൈക്കൊള്ളുന്നുവെന്നതു കണ്ടില്ലെന്നു നടിച്ചുകൊണ്ടു് ചൈനീസ് നയതന്ത്രജ്ഞന്മാർ ചൈന ഒരു വികസ്വരരാജ്യമാണെന്നു കൂടുതൽ വാശിയോടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പല അന്താരാഷ്ട്രീയസംഘടനകളിലും ഇന്നു ചൈനീസ്പ്രതിനിധികൾ വികസ്വരരാജ്യങ്ങളുടെ വക്താക്കളാകാൻ ശ്രമിക്കുന്നതു കാണാം. മാത്രമല്ല, വികസ്വരരാജ്യങ്ങളും ചൈനയും രാഷ്ട്രീയരംഗത്തെന്നതുപോലെ സാമ്പത്തികരംഗത്തും തങ്ങളുടെ യത്നങ്ങളെ കൂട്ടിയിണക്കേണ്ടതാവശ്യമാണെന്ന ആശയം ആ രാജ്യങ്ങളെ കെട്ടിയേല്പിക്കാൻ അവർ ശ്രമിക്കുന്നു. 1974 ഏപ്രിലിൽ ഐക്യരാഷ്ട്രസഭയുടെ പ്രത്യേകസമ്മേളനത്തിൽവച്ചു് ചൈനീസ് പ്രതിനിധിസംഘത്തിൻെറ തലവൻ ഇങ്ങനെ പറഞ്ഞു: ''വികസ്വരരാജ്യങ്ങളായ നമ്മൾ രാഷ്ട്രീയമായി മാത്രമല്ല സാമ്പത്തികമായും പരസ്പരം സഹായിക്കണം. നമ്മുടെ സഹകരണം യഥാർത്ഥസമത്വത്തിൻെറ അടിസ്ഥാനത്തിലുള്ളതാണു്. അതിനു വിപുലമായ സാധ്യതകളുണ്ടു്.''

ആധുനികചൈനയുടെ വിദേശനയത്തിൻെറ ഗതിമാററങ്ങൾ വച്ചു നോക്കുമ്പോൾ ഇത്തരം പ്രസ്താവനകളിൽനിന്നു് ദേശീയവിമോചനപ്രസ്ഥാനത്തിൻെറ ആധിപത്യം അവകാശപ്പെടുന്നതിലേക്കു് ഒററച്ചുവടേയുള്ളു.

അങ്ങനെ, മററു പല കുതന്ത്രങ്ങളേയുംപോലെതന്നെ വികസ്വരരാജ്യപദവി ആർജ്ജിക്കുന്നതിനുവേണ്ടിയുള്ള ചൈനയുടെ ശ്രമവും ദേശീയവിമോചനപ്രസ്ഥാനത്തിൻെറ കുത്തകനേതൃത്വം കൈക്കലാക്കുന്നതിനുവേണ്ടിയുള്ള അടവുകളിലൊന്നാണു്.

## 3. പഞ്ചശീലത്തിൻെറ വിചിത്രവ്യാഖ്യാനം

പുതിയ മിത്രങ്ങളെ നേടുന്നതിനുവേണ്ടി ദീർഘമായ ഇടവേളക്കുശേഷം പീക്കിങ്ങ് വീണ്ടും വ്യത്യസ്തസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തനത്തിൻെറ അഞ്ചു തത്വങ്ങളോടു അതിനു കൂറുണ്ടെന്നു പെരുമ്പറയടിക്കാൻ തുടങ്ങിയിരിക്കുന്നു. 1973 ഒക്ടോബർ ആരംഭത്തിൽ ഐക്യരാഷ്ട്രസഭയുടെ 28—ാംസ

മ്മേളനത്തിൽവച്ച് ചൈനീസ് പ്രതിനിധിസംഘത്തിന്റെ തലവൻ ച്യാവൊ കാൻ—ഹാ ഇങ്ങനെ പ്രസ്താവിച്ചു: ''ലോകത്തിലെ എല്ലാ രാജ്യങ്ങളും, വലിയവയും ചെറിയവയും തുല്യരായിരിക്കണമെന്നും സാമൂഹ്യവ്യവസ്ഥയുടെ പരിഗണനയെന്യെ എല്ലാ രാജ്യങ്ങളും ഭൂപരമായ അഖണ്ഡതയേയും പരമാധികാരത്തേയും പരസ്പരം മാനിക്കൽ, പരസ്പരം ആക്രമിക്കാതിരിക്കൽ, ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കൽ, സമത്വവും പരസ്പരനന്മയും, സമാധാനപരമായ സഹവർത്തനം എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണനിലയിലുള്ള രാഷ്ട്രാന്തരബന്ധങ്ങൾ പുലർത്തേണ്ടതാണെന്നും അന്താരാഷ്ട്രീയതർക്കങ്ങൾ ആ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമാധാനപരമായി, ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ കൂടാതെ പരിഹരിക്കണമെന്നും ഞങ്ങൾ കരുതുന്നു. മഹച്ഛക്തികൾ തമ്മിലും മഹച്ഛക്തിയും ചെറുകിടരാജ്യവും തമ്മിലുമുള്ള ബന്ധങ്ങളിൽ, പ്രത്യേകിച്ചും ശക്തരാജ്യവും അശക്തരാജ്യവും തമ്മിലുള്ള, സമ്പന്നരാജ്യവും ദരിദ്രരാജ്യവും തമ്മിലുള്ള ബന്ധങ്ങളിൽ ആ തത്വങ്ങൾ സ്വീകരിക്കപ്പെടണം.'' പക്ഷേ ചൈനയുടെ വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള വമ്പിച്ച അന്തരം വ്യത്യസ്തസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാഷ്ട്രങ്ങൾതമ്മിലുള്ള സമാധാനപരമായ സഹവർത്തനത്തെ സംബന്ധിച്ച പീക്കിങ്ങിന്റെനിലപാടിന്റെ മൂർത്തവിശകലനത്തിൽനിന്നു വെളിപ്പെടുന്നു.

യുദ്ധത്തേയും സമാധാനത്തേയും സംബന്ധിച്ച പ്രശ്നങ്ങളിൽ ചൈനീസ്നേതൃത്വം യുദ്ധത്തിന്റെ അനുകൂലിയായി വർത്തിക്കുന്നു. അവരുടെ അഭിപ്രായത്തിൽ യുദ്ധത്തിലൂടെ മാത്രമേ സമകാലീനഘട്ടത്തിന്റെ മൗലികപ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ. ''തോക്കിന്റെ വായിൽനിന്നാണ് അധികാരത്തിന്റെ ആരംഭ''മെന്ന മാവോയുടെ പ്രസ്താവന സുവിദിതമാണ്. 1957—ൽത്തന്നെ മാവോസേതുങ്ങ് പറയുകയുണ്ടായി: ''മാനവസമുദായത്തിന്റെ പാതി നശിച്ചാൽത്തന്നെയും പാതി അവശേഷിക്കും. സാമ്രാജ്യത്വമാകട്ടെ പൂർണ്ണമായും നശിക്കും. അപ്പോൾ ലോകത്തിൽ സോഷ്യലിസംമാത്രമേ ഉണ്ടായിരിക്കൂ.'' സി. പി.സി.യുടെ പത്താം കോൺഗ്രസ്സിനുശേഷം പീക്കിങ്ങ് യുദ്ധപ്രചാരണത്തിനു പ്രത്യേകിച്ചും ശക്തികൂട്ടി. ആ കോൺഗ്രസ്സിൽവച്ച് താഴെപ്പറയുന്ന തീസിസ് മുൻവയ്ക്കപ്പെട്ടു. ''സംഘർഷശമനം താല്ക്കാലികവും ഉപരിതലസ്പർശിയുമായ ഒരു പ്രതിഭാസമാണ്. മഹത്തായ കുഴപ്പങ്ങൾ ഇനിയും തുടരും. അത്തരം മഹത്തായ കുഴപ്പങ്ങൾ ജനതകളെ സംബന്ധിച്ചിടത്തോളം നല്ലതാണ്, ചീത്തയല്ല.'' 1975—ൽ നടന്ന ദേശീയജനകീയകോൺഗ്രസ്സിന്റെ സമ്മേളനത്തിൽവച്ച് സംഘർഷശമനമെന്നൊന്നു ''നിലവിലില്ലെ''ന്നു പ്രഖ്യാപിക്കപ്പെട്ടു. പുതിയ പി.ആർ.

സി.ഭരണഘടനയിൽ ''യുദ്ധത്തിനുവേണ്ടി തയ്യാറെടുക്കുക'', ''കൂടുതൽ ആഴത്തിൽ കിടങ്ങുകൾ കുഴിക്കുക, കൂടുതൽ ധാന്യങ്ങൾ ശേഖരിച്ചുവയ്ക്കുക'' എന്നീ ആഹ്വാനങ്ങൾ അടങ്ങിയിരിക്കുന്നു. അങ്ങനെ യുദ്ധത്തേയും സമാധാനത്തേയും സംബന്ധിച്ച സങ്കല്പത്തിനു ചൈനയുടെ ഔദ്യോഗികനയത്തിന്റെ പദവി ലഭിച്ചിരിക്കുന്നു.

സാർവ്വദേശീയസംഘർഷശമനത്തെ വിഘാതപ്പെടുത്താനും ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുന്ന സാഹചര്യങ്ങൾ എല്ലാ വൻകരകളിലും സൃഷ്ടിക്കാനും പീക്കിങ്ങ്നേതൃത്വം തങ്ങളുടെ എല്ലാ വിദേശനയനടപടികളാലും ശ്രമിക്കുന്നു.

സമകാലീനലോകത്തിന്റെ മൗലികപ്രശ്നങ്ങൾ യുദ്ധത്തിലൂടെ പരിഹരിക്കുന്നതിനു ഏററവുമധികം പ്രാധാന്യം നല്കിക്കൊണ്ട് പീക്കിങ്ങ് വ്യത്യസ്തസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളോടുള്ള അതിന്റെ യഥാർത്ഥനിലപാടു വ്യക്തമാക്കുന്നു. സമാധാനപരമായ സഹവർത്തനത്തെ പീക്കിങ്ങ് ഒരിക്കലും തത്വദീക്ഷയോടുകൂടിയും ആത്മാർത്ഥമായും അനുകൂലിച്ചിരുന്നില്ല. ചൈനീസ്നേതൃത്വത്തെസംബന്ധിച്ചിടത്തോളം സമാധാനപരമായ സഹവർത്തനം എല്ലായ്പ്പോഴും വെറുമൊരടവായിരുന്നു; തങ്ങളുടെ മഹച്ഛക്തിതാല്പര്യങ്ങൾ നേടുന്നതിനും തങ്ങൾ ഇഷ്ടപ്പെടുന്ന സൈനികസംഘട്ടനങ്ങളെ ചൈനയുടെ അതിർത്തികളിൽനിന്ന് അകററിനിർത്തുന്നതിനുമുള്ള ഒരുപായമായിരുന്നു. ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ടുവേണം മററു രാജ്യങ്ങളുമായി ''സമാധാനപരമായ സഹവർത്തനത്തിന്റെ അഞ്ചു തത്വങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടു'' ചൈന നടത്തിയിരുന്നതും നടത്തുന്നതുമായ കുഴഞ്ഞാട്ടങ്ങളെ വിലയിരുത്താൻ.

ചൈനയുമായുള്ള ബന്ധങ്ങളിൽനിന്ന് വികസ്വരേഷ്യൻരാജ്യങ്ങൾ ഒട്ടേറെ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. സമാധാനപരമായ സഹവർത്തനത്തോടുള്ള ചൈനയുടെ സമീപനം ആത്മാർത്ഥമായിട്ടുള്ളതല്ലെന്ന് ആ രാജ്യങ്ങൾ സ്വാനുഭവത്തിൽനിന്നു മനസ്സിലാക്കി. പല അയൽരാജ്യങ്ങൾക്കും ചൈനയുമായി ദീർഘകാലം നയതന്ത്രബന്ധങ്ങളില്ലായിരുന്നത് അതുകൊണ്ടല്ലേ? സമാധാനപരമായ സഹവർത്തനം അയൽരാജ്യങ്ങളുമായുള്ള ബന്ധങ്ങളിൽ പ്രത്യേകിച്ചും ഫലപ്രദമാണെന്ന കാര്യം പറയേണ്ടതില്ലല്ലോ. ഏഷ്യയിൽ ചൈനയ്ക്ക് അനേകം വിഷമപ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. എന്നാൽ സമാധാനപരമായ സഹവർത്തനത്തിന്റെ അടിസ്ഥാനത്തിലല്ല ചൈന അവ പരിഹരിക്കുന്നത്.

പി.ആർ.സി.യുടെ ആരംഭവർഷങ്ങളിൽ അതിന്റെ നേതൃത്വം സമാധാനപരമായ സഹവർത്തനമെന്ന ലെനിനിസ്റ്റ്നയത്തെ ആത്മാർത്ഥമായി പിന്തുടർന്നിരുന്നതായി കാണപ്പെട്ടു. സമാധാനപരമായ സ

ഹവർത്തനത്തിൻെറ തത്വങ്ങളെ പരസ്പരബന്ധങ്ങൾക്ക് അടിസ്ഥാനമായി സ്വീകരിക്കുന്നതിനെപ്പററി 1954 ജൂണിൽ ഇന്ത്യയും ചൈനയും തമ്മിൽ യോജിപ്പിലെത്തി. ആ തത്വങ്ങൾക്ക് പഞ്ചശീലം എന്ന പേരുലഭിച്ചു. അന്നുതന്നെ ആ തത്വങ്ങൾ ചൈനയും ബർമ്മയും തമ്മിലുള്ള ബന്ധങ്ങൾക്കും അടിസ്ഥാനമായി സ്വീകരിക്കപ്പെട്ടു. 1955 വസന്തത്തിൽ നടന്ന ബന്ദൂങ്ങ് സമ്മേളനത്തിൽവച്ച് വ്യത്യസ്തസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ പഞ്ചശീലം അക്ഷരത്തിലും അർത്ഥത്തിലും പ്രായോഗികമാക്കണമെന്നു ചൈനീസ് പ്രതിനിധികൾ സജീവമായി വാദിച്ചു. ലോകത്തെല്ലായിടത്തുമുള്ള പുരോഗമനവാദികൾ ചൈനയുടെ ആത്മാർത്ഥതയിൽ വിശ്വസിച്ചുകൊണ്ട് അതിൻെറ നടപടിയെ സ്വാഗതം ചെയ്തു.

എന്നാൽ സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളെ പീക്കിങ്ങ് അങ്ങേയററം വിചിത്രമായ രീതിയിലാണു വ്യാഖ്യാനിക്കുന്നതെന്നും സമാധാനസാഹചര്യങ്ങളിൽ അയൽരാജ്യങ്ങളിൽനിന്ന് ഏകപക്ഷീയമായ നേട്ടങ്ങൾ ആർജ്ജിക്കുന്നതിനുള്ള ഒരുപകരണമായാണ് ആ തത്വങ്ങളെ മാവോയിസ്റ്റുകൾ പരിഗണിക്കുന്നതെന്നും 50—കളുടെ അവസാനത്തോടെ വെളിപ്പെട്ടു.

വികസ്വരേഷ്യൻരാജ്യങ്ങളുടെ ദേശീയപരമാധികാരത്തേയും ഭൂപരമായ അഖണ്ഡതയേയും മാനിക്കാൻ ചൈന കൂട്ടാക്കുന്നില്ലെന്നും അവ്യക്തമായ തല്ക്കാലസ്ഥിതി തുടരുന്നതിനുവേണ്ടി വാദിച്ചുകൊണ്ട് സ്വന്തം അതിർത്തികൾ വികസിപ്പിക്കാൻ അതു തക്കം നോക്കിയിരിക്കുകയാണെന്നും ‘‘ഭൂപടാക്രമണങ്ങൾ’’, അയൽരാജ്യങ്ങളുമായുള്ള അതിർത്തിത്തർക്കങ്ങൾ ഒത്തുതീർക്കുകയില്ലെന്ന ദുർവ്വാശി, ദക്ഷിണേഷ്യയിലേയും ദക്ഷിണപൂർവ്വേഷ്യയിലേയും രാജ്യങ്ങളുടെ മുമ്പാകെ ഉന്നയിച്ച അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ എന്നിവയിൽനിന്നു തെളിഞ്ഞു.

മററു രാജ്യങ്ങളുമായുള്ള ബന്ധങ്ങളിൽ സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങൾ പുലർത്താൻ ചൈന ഉദ്ദേശിക്കുന്നില്ലെന്ന് 1962—ൽ നടന്ന ഇന്ത്യാ—ചൈനാ അതിർത്തിയുദ്ധം തെളിയിച്ചു. പീക്കിങ്ങ് അതിൻെറ വിദേശനയത്തിൽ ഒരു ‘‘വലിയ കുതിച്ചുചാട്ടം’’ നടത്തി. സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങൾ തനി അവസരവാദമാണെന്നും അവ ലോകവിപ്ലവപ്രസ്ഥാനത്തിൻെറ വികാസത്തെ പൊതുവേയും ദേശീയവിമോചനപ്രസ്ഥാനത്തിൻെറ വികാസത്തെ പ്രത്യേകിച്ചും വിഘാതപ്പെടുത്തുന്നുവെന്നും പ്രഖ്യാപിച്ചുകൊണ്ട് ചൈന പഞ്ചശീലത്തോടുള്ള അതിൻെറ അവജ്ഞ വ്യക്തമാക്കി. ചൈനയുടെ വിദേശനയത്തിലെ ആ വഴിത്തിരിവ് പല ഏഷ്യൻരാജ്യങ്ങളുടേയും ആഭ്യന്തര—വിദേശനയങ്ങളുടെമേലുള്ള പീക്കിങ്ങിൻെറ നിർല്ലജ്ജ

മായ സമ്മർദ്ദത്തിന്റെ രൂപം കൈക്കൊണ്ടു. ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിൽ ചൈന നടത്തിയ പ്രകോപനപരമായ തന്ത്രങ്ങൾ ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ബന്ധങ്ങൾ വഷളാകുന്നതിനുള്ള കാരണങ്ങളിലൊന്നായിരുന്നു. നേപ്പാൾ, ബർമ്മ, കമ്പോഡിയ എന്നിവിടങ്ങളിൽ ചൈനീസ് ചാരന്മാർ കുപ്രസിദ്ധമായ ''സാംസ്കാരിക വിപ്ലവ''ത്തിന്റെ മാതിരിയിലുള്ള വിക്ഷോഭങ്ങൾ കുത്തിപ്പൊക്കി. 1965 സെപ്റ്റമ്പർ 30—ാംതീയതി ഇന്തോനേഷ്യയിൽ നടന്നതും ആ രാജ്യത്തെ ജനാധിപത്യശക്തികൾക്ക ഭാരിച്ച നഷ്ടമുളവാക്കിയതുമായ ദുരന്തസംഭവങ്ങളിൽ പീക്കിങ്ങിന്റെ ചാരന്മാർക്ക പങ്കുണ്ടായിരുന്നു. പീക്കിങ്ങ്പക്ഷവിഭാഗങ്ങളെ ആശ്രയമായെടുത്തുകൊണ്ടു് തായ്ലണ്ട്, ബർമ്മ, കമ്പോഡിയ, മലേഷ്യ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിൽ പുതിയ സാഹചര്യങ്ങളിലെ ലോകവിപ്ലവത്തെ സംബന്ധിച്ച സ്വന്തം ''സിദ്ധാന്ത''ത്തിന്റെ മട്ടിലുള്ള തഥാകഥിതമായ ''ജനകീയയുദ്ധം'' കെട്ടഴിച്ചുവിടാൻ പീക്കിങ്ങ് ശ്രമിച്ചു. സമാധാനപരമായ സഹവർത്തനത്തോടുള്ള യഥാർത്ഥനിലപാട് പീക്കിങ്ങ് വ്യക്തമാക്കിയതിനുശേഷമുള്ള ഏതാനും വർഷങ്ങൾക്കിടയിൽനടന്ന സംഭവങ്ങളാണു മേൽക്കാണിച്ചതു്. പീക്കിങ്ങ്നേതൃത്വം സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളെ വലിച്ചെറിയുകയും പ്രകോപനകരമാംവണ്ണം അവയെ ലംഘിക്കുകയും ചെയ്തു.

പക്ഷെ കാലം മാറിവരുന്നു...

രാഷ്ട്രാന്തരബന്ധങ്ങളുടെ, അതും പ്രധാനസാമ്രാജ്യത്വശക്തികളുമായുള്ള ബന്ധങ്ങളുടെ അടിസ്ഥാനമായി ചൈന സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങൾ സ്വീകരിച്ചിരിക്കുന്നുവെന്നു് നിക്സന്റെ ചൈനാസന്ദർശനത്തിനുശേഷം പ്രസിദ്ധീകരിക്കപ്പെട്ട ഷാങ്ങ്ഹായ് വിജ്ഞാപനത്തിൽനിന്നറിഞ്ഞപ്പോൾ ഏഷ്യൻ സമുദായം അത്ഭുതപ്പെട്ടു. ജപ്പാൻ, ആസ്ത്രേലിയ, ന്യൂസിലണ്ടു് എന്നീ രാജ്യങ്ങളുമായുള്ള ബന്ധസാധാരണവൽക്കരണത്തിനും അതേ തത്വങ്ങളാണു് അടിസ്ഥാനമാക്കപ്പെട്ടതു്. സമാധാനപരമായ സഹവർത്തനമെന്ന നയം സാരാംശത്തിൽ സാമ്രാജ്യത്വവിരുദ്ധമാണെന്നാണു് വികസ്വരരാജ്യങ്ങൾ എല്ലാപ്പോഴും കരുതിയിരുന്നതു്. സമാധാനപരമായ സഹവർത്തനമെന്ന നയത്തിലേക്ക മടങ്ങിയിരിക്കുന്നുവെന്ന പ്രതീതിയുളവാക്കിക്കൊണ്ടു് പീക്കിങ്ങ് അതിന്റെ അർത്ഥത്തിൽനിന്നു വ്യതിചലിക്കുകയും അതിനെ പുതിയ തരത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. സമാധാനപരമായ സഹവർത്തനത്തിന്റെ ആ പുതിയ വ്യാഖ്യാനം ദേശീയവിമോചനപ്രസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക വിരുദ്ധമാണു്. ഏഷ്യൻരാജ്യങ്ങൾ അതിൽ ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നു.

സമാധാനപരമായ സഹവർത്തനത്തിൻെറ പുതിയ വ്യാഖ്യാനത്തെ സിംഗപ്പൂർവിദേശകാര്യമന്ത്രി രാജരത്നം ഇങ്ങനെ വിലയിരുത്തി: ''70–കളിൽ പഞ്ചശീലതത്വങ്ങരം ലോകരാഷ്ട്രീയസാഹചര്യങ്ങരംക്കും ദേശീയതാല്പര്യങ്ങരംക്കും അനുസൃതമാംവണ്ണം വ്യാഖ്യാനിക്കപ്പെടുമെന്ന് എനിക്കു ബോദ്ധ്യമുണ്ട്. ആഗോളനയത്തിൻെറ ലക്ഷ്യങ്ങരം ഇന്നു വ്യത്യസ്തമാണ്. ചൈനയും യു.എസ്. എ.യുംതമ്മിൽ അടുക്കുന്നുവെന്നതിനു സംശയമില്ല. ബന്ദുങ്ങിൽ ചൈനയുടെ മുഖ്യശത്രുക്കരം അമേരിക്കയും പശ്ചിമയൂറോപ്യൻരാജ്യങ്ങളുമായിരുന്നുവെങ്കിൽ ഇന്ന് ചൈനയുടേയും അമേരിക്കയുടേയും പ്രധാനശത്രു കമ്മ്യൂണിസ്റ്റ്രാജ്യമായ സോവിയററ് യൂണിയനാണ്. എൻെറ അഭിപ്രായത്തിൽ രണ്ടും ഒരേ കളിതന്നെയാണ്. വൻശക്തികളുടെ കളിയാണിതു്. ചീട്ടുകരം രണ്ടാമതു വിളമ്പിയിരിക്കുന്നുവെന്നുമാത്രം. പുതിയ ചീട്ടുകളാണു നമ്മുടെ കയ്യിലുള്ളതു്. പക്ഷെ ''ആസ്'' ചീട്ടുകരം മാററാരുടേയോ കൈവശമാണ്. തത്വങ്ങരം അവശേഷിക്കുന്നു. പക്ഷെ അവയുടെ വ്യാഖ്യാനം രാഷ്ട്രീയസാഹചര്യങ്ങളനുസരിച്ചു മാറുന്നു.''[5] സാമ്രാജ്യത്വശക്തികളുമായി സഖ്യം സ്ഥാപിച്ചുകൊണ്ട് സമാധാനപരമായ സഹവർത്തനമെന്ന നയത്തെ സോവിയററ് യൂണിയനെതിരെ ഉപയോഗിക്കാമെന്നു പീക്കിങ്ങ് കരുതുന്നു. തങ്ങളുടെ പുതിയ കളിയിൽ ഏഷ്യൻവികസ്വരരാജ്യങ്ങളേയും ചേർക്കണമെന്നാണു മാവോയിസ്റ്റുകളുടെ ഉദ്ദേശം.

മേല്പറഞ്ഞ ലക്ഷ്യം നേടുന്നതിനുവേണ്ടി പീക്കിങ്ങ്നേതൃത്വം ഇപ്പോരം ചില ഏഷ്യൻരാജ്യങ്ങളുമായി കൊഞ്ചിക്കുഴയുന്നു. അവയുമായി ''സമാധാനപരമായ സഹവർത്തനത്തിൻെറ അഞ്ചു തത്വങ്ങളുടെ അടിസ്ഥാനത്തിൽ'' ബന്ധങ്ങരം സാധാരണവൽക്കരിക്കാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ തൽസംബന്ധമായ കൂടിയാലോചനകരംക്കിടയിൽ ആ രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലുള്ള ഇടപെടൽ അവസാനിപ്പിക്കാമെന്ന, അതായതു പഞ്ചശീലത്തിൻെറ മൂന്നാമത്തെ തത്വം പാലിക്കാമെന്ന വ്യക്തമായ വാഗ്ദാനം നല്കുന്നതിൽനിന്നു പീക്കിങ്ങ് ഒഴിഞ്ഞുമാറുകയാണുണ്ടായതു്. സമാധാനപരമായ സഹവർത്തനത്തോടു വാക്കുകളിൽ കൂറു പുലർത്തുകയും യഥാർത്ഥത്തിൽ ആ തത്വങ്ങളെ നിരാകരിക്കുകയുമാണ് ചൈന ചെയ്യുന്നതു്. അത്തരം നിലപാട് ആത്മാർത്ഥമായിട്ടുള്ളതാണെന്നു പറഞ്ഞുകൂടാ.

ഏഷ്യയിലെ എല്ലാ രാജ്യങ്ങളുടേയും സംയുക്തയത്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭദ്രതയ്ക്കും സഹകരണത്തിനുംവേണ്ടി സോവിയററ് യൂണിയൻ മുൻവച്ച നിർദ്ദേശത്തോടുള്ള പീക്കിങ്ങിൻെറ നിഷേധമനോഭാവവും സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളിൽ തങ്ങരം വിശ്വസിക്കുന്നുവെന്ന പീക്കിങ്ങ്നേതൃത്വത്തിൻെറ ആണയിടലു

കരം എത്രമാത്രം ആത്മാർത്ഥമാണെന്നതിൽ സംശയം ജനിപ്പിക്കുന്നു. ഏഷ്യൻ കൂട്ടരക്ഷാവ്യവസ്ഥയ്ക്കു് അടിസ്ഥാനമായി നിർദ്ദേശിക്കപ്പെടുന്നതു് സമാധാനപരമായ സഹവർത്തനത്തിന്റെ അഞ്ചു തത്വങ്ങൾതന്നെയാണല്ലോ. പീക്കിങ്ങ് പ്രസ്തുതനിർദ്ദേശത്തെ പരിഗണിക്കാൻപോലും കൂട്ടാക്കാത്തതിൽനിന്നു യഥാർത്ഥത്തിൽ മനസ്സിലാക്കേണ്ടതു് ഏഷ്യയിലേയും ലോകത്തെല്ലായിടത്തേയും രാഷ്ട്രാന്തരബന്ധങ്ങൾക്കു് അടിസ്ഥാനമായി സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളെ പീക്കിങ്ങ് സ്വീകരിക്കുന്നില്ലെന്നാണു്. അപ്പോൾപ്പിന്നെ ആ തത്വങ്ങളോടുള്ള കൂറിനെപ്പററി ചൈനീസ് നേതൃത്വം നല്കുന്ന ഉറപ്പുകൾ കാര്യമായെടുക്കാമോ?

സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളിലേക്കു മടങ്ങിയിരിക്കുന്നുവെന്നു വരുത്താൻ ചൈന ശ്രമിക്കുന്നതു് അതിന്റെ വിദേശനയത്തിന്റെ ഇന്നത്തെ ഘട്ടത്തിനു് അതു് ആവശ്യമായതുകൊണ്ടാണു്. ചൈനീസ് സാന്നിദ്ധ്യത്തിനുവേണ്ടി വികസ്വരേഷ്യൻരാജ്യങ്ങളുടെ വാതിലുകൾ തുറപ്പിക്കുകയും വികസ്വരേഷ്യയെ സ്വന്തം അധീനതയിലാക്കുന്നതിനു കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയുമാണു പീക്കിങ്ങിന്റെ ഇന്നത്തെ വിദേശനയാവശ്യങ്ങൾ. പഞ്ചശീലതത്വങ്ങൾ പീക്കിങ്ങിനു വികസ്വരേഷ്യയുടെ വാതിൽ തുറന്നുകൊടുക്കുന്ന താക്കോലായിത്തീരണമെന്നാണു് ചൈനീസ് നയതന്ത്രത്തിന്റെ കണക്കുകൂട്ടൽ.

കഴിഞ്ഞ വർഷങ്ങളിൽ പീക്കിങ്ങ് ഒന്നോ രണ്ടോ തവണയല്ല സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളിൽനിന്നു വിട്ടുമാറിയിട്ടുള്ളതു്. അതിനെ സംബന്ധിച്ചിടത്തോളം ആ തത്വങ്ങൾ ഒരടവുമാത്രമാണു്. വികസ്വരരാജ്യങ്ങളുമായുള്ള ബന്ധങ്ങളിൽ പീക്കിങ്ങ് ആ തത്വങ്ങൾ ഉപയോഗിക്കുന്നതു് ശാക്തികാനുപാതത്തെ ചൈനയ്ക്കനുകൂലമാക്കി മാററാനും പിന്നീടു് ആ രാജ്യങ്ങളെ സ്വന്തം ആജ്ഞാനുവർത്തികളാക്കാനും ആവശ്യമായിവന്നാൽ ബലം പ്രയോഗിക്കാനും വേണ്ടിയാണു്. എന്നാൽ മേല്പറഞ്ഞതെല്ലാം സമാധാനപരമായ സഹവർത്തനമെന്ന നയത്തിന്റെ പ്രാധാന്യം ഒട്ടും ഇല്ലാതാക്കുന്നില്ല. ഇക്കഴിഞ്ഞ വർഷങ്ങളിൽ വ്യത്യസ്തസാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനമെന്ന നിലയ്ക്കു് അതിനു് അന്താരാഷ്ട്രീയരംഗത്തു കൂടുതൽ കൂടുതൽ അംഗീകാരം ലഭിച്ചുവരുന്നു. മഹച്ഛക്തിതിമിരം ബാധിച്ച പീക്കിങ്ങ്നേതാക്കൾ സമാധാനപരമായ സഹവർത്തനത്തിന്റെ തത്വങ്ങളെ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിക്കാൻ ശ്രമിക്കുന്നുവെന്നുമാത്രമാണു് മേല്പറഞ്ഞതിൽനിന്നു മനസ്സിലാക്കേണ്ടതു്.

## 4. ‘‘സ്വന്തം ശക്തിയെ ആശ്രയിക്കുക’’ എന്ന മുദ്രാവാക്യവും അതിൻെറ ഗൂഢാർത്ഥവും

പീക്കിങ്ങ് ഇപ്പോഠം ഊർജ്ജിതമായി പ്രചരിപ്പിച്ചുവരുന്ന ‘‘സ്വന്തം ശക്തിയെ ആശ്രയിക്കുക’’യെന്ന മുദ്രാവാക്യം പ്രഥമദൃഷ്ടിയിൽ അങ്ങേയററം നിർദ്ദോഷമാണ്. അതിൽ പുതുതായൊന്നുമില്ലെന്നും സാധാരണവും സുവിദിതവുമായ സാമ്പത്തികതത്വങ്ങളാണ് അതിൽ ഉറം ക്കൊള്ളുന്നതെന്നും പുറമേയ്ക്കു തോന്നിയേക്കാം. എന്നാൽ വികസ്വരരാജ്യങ്ങളെ ലോകസമ്പദ്വ്യവസ്ഥയിൽനിന്നു ഒററപ്പെടുത്തുകയെന്ന ആപൽക്കരമായ പ്രവണതയെ വേണ്ടിവന്നാൽ ആ മുദ്രാവാക്യം ഉപയോഗിച്ചു ന്യായീകരിക്കാമെന്ന പീക്കിങ്ങ്നേതൃത്വം കരുതുന്നു. ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയിൽനിന്ന് ഒററപ്പെട്ടതും ‘‘അടച്ചുകെട്ടിയതു’’മായ ഒരു സാമ്പത്തികസാകല്യം സൃഷ്ടിക്കേണ്ടതു് ആവശ്യമാണെന്ന സന്ദിഗ്ദ്ധമായ കാരണം ഉന്നയിച്ചുകൊണ്ടു് സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുണ്ടായിരുന്ന സജീവമായ സാമ്പത്തികബന്ധങ്ങഠം നിർത്തിവച്ചതിനെ ന്യായീകരിക്കുന്നതിനുവേണ്ടി പീക്കിങ്ങ് നേതൃത്വം ആ മുദ്രാവാക്യത്തെ ഒരു കാലത്തു് ഉപയോഗിച്ചു.

സോഷ്യലിസ്റ്റ്രാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളെ ദുർബ്ബലമാക്കുന്നതിനും അങ്ങനെ വിപ്ലവശക്തികളെ ഭിന്നിപ്പിക്കുന്നതിനും ഉപകരിക്കുമെന്നതുകൊണ്ടു മാത്രമാണ് ചൈന ‘‘സ്വന്തം ശക്തിയെ ആശ്രയിക്കുക’’യെന്ന മുദ്രാവാക്യം നവസ്വതന്ത്രരാജ്യങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതു്. പ്രയോഗത്തിൽ അത്തരം നയം സാമൂഹ്യാദ്ധ്വാനം പാഴാകുന്നതിനും ഉല്പാദനത്തിൻെറ വികാസത്തോതു കുറയുന്നതിനും പിന്നോക്കാവസ്ഥ തുടരുന്നതിനും വികസ്വരരാജ്യങ്ങഠം ലോകമുതലാളിത്തസമ്പദ്വ്യവസ്ഥയെ കൂടുതൽക്കൂടുതൽ ആശ്രയിക്കുന്നതിനും ഇടയാക്കുന്നു. എന്നാൽ പീക്കിങ്ങ്നേതാക്കന്മാർക്കു് അതിൽ യാതൊരുൽക്കണ്ഠയുമില്ല.

‘‘സ്വന്തം ശക്തിയെ ആശ്രയിക്കുക’’യെന്ന മുദ്രാവാക്യം വികസ്വരരാജ്യങ്ങഠംക്കിടയിൽ പ്രചരിപ്പിക്കുന്ന പീക്കിങ്ങ് ‘‘മൂന്നാംലോക’’ത്തിലെ ഭൂരിപക്ഷം രാജ്യങ്ങളുടേയും സമ്പദ്വ്യവസ്ഥകഠംക്കു് ഇന്നത്തെ സാഹചര്യങ്ങളിൽ ലോകസമ്പദ്വ്യവസ്ഥയുമായുള്ള നിരന്തരവും വമ്പിച്ചതുമായ ചരക്കുവിനിമയംകൂടാതെ സാധാരണഗതിയിൽ പ്രവർത്തിക്കാൻ കഴിയുകയില്ലെന്നും വിപുലമായ സാമ്പത്തികബന്ധങ്ങഠംകൂടാതെ ആ രാജ്യങ്ങളിൽ വിപുലീകൃതമായ പുനരുല്പാദനമെന്നതന്നെയല്ല ലളിതമായ പുനരുല്പാദനംപോലും സാധ്യമല്ലെന്നുമുള്ള പ്രത്യക്ഷമായ വസ്തുതയെ മനഃപൂർവ്വം അവഗണിക്കുന്നു. ആ മുദ്രാവാക്യത്തെ അന്ധമായി

പിന്തുടരുന്ന ഏതൊരു രാജ്യത്തിനും, പ്രത്യേകിച്ചും ആശ്രിതസമ്പദ്‌വ്യവസ്ഥകളോടുകൂടിയ വികസ്വരരാജ്യങ്ങൾക്ക്, സാമ്പത്തികമായ ക്ഷയവും സ്തംഭനവുമേ ഉണ്ടാവുകയുള്ളു. സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽനിന്നു നിരന്തരമായി സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ സഹായം ലഭിക്കാത്തപക്ഷം വികസ്വരരാജ്യങ്ങളിലെ വിപ്ലവപ്രക്രിയകൾക്ക് വലിയ വിജയസാധ്യതകളൊന്നുമില്ലെന്നതും പീക്കിങ്ങ് കൂട്ടാക്കുന്നില്ല.

സാമ്രാജ്യത്വത്തിൽനിന്നു സാമ്പത്തികസ്വാതന്ത്ര്യം നേടുന്നതിനുവേണ്ടിയുള്ള സമരത്തിൽ സോഷ്യലിസ്റ്റ്‌രാജ്യങ്ങളുമായി ഉററ സഹകരണത്തിലേർപ്പെടേണ്ടതില്ലെന്ന പ്രതീതി വികസ്വരരാജ്യങ്ങൾക്കുളവാക്കുന്നതിനും അങ്ങനെ അവയെ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്ന് ഒററപ്പെടുത്തി അവിടെ ചൈനയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടിയാണ് മാവോയിസ്റ്റുകൾ അത്തരം നിർദ്ദേശങ്ങൾ മുൻവയ്ക്കുന്നത്. പുറമേയ്ക്ക് ആകർഷകമായി തോന്നിയേക്കാമെങ്കിലും ''സ്വന്തം ശക്തിയെ ആശ്രയിക്കുക''യെന്ന മുദ്രാവാക്യം ഏഷ്യയുടേയും ആഫ്രിക്കയുടേയും ലാററിനമേരിക്കയുടേയുമുൾപ്പെടെയുള്ള ലോകസമ്പദ്‌വ്യവസ്ഥയുടെ സാർവ്വദേശീയവൽക്കരണമെന്ന വസ്തുനിഷ്ഠപ്രവണതയ്ക്കു വിരുദ്ധമാണ്. വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അതു് എത്രയും ആപൽക്കരമാണ്.

ഒരു സാമ്പത്തികതത്വമെന്ന നിലയ്ക്ക് ആ മുദ്രാവാക്യം ഹാനികരമാണെന്നു പീക്കിങ്ങിലുള്ളവർക്ക് അസ്സലായി അറിയാം. ചൈന സ്വയം വിദേശരാജ്യങ്ങളുമായി ഏറെക്കുറെ സജീവമായ സാമ്പത്തികവിനിമയം നടത്തിവരുന്നു. ആദ്യകാലത്തു് അതു പ്രധാനമായും സോഷ്യലിസ്റ്റ്‌രാജ്യങ്ങളുമായായിരുന്നു. ഇന്നതു് അധികപങ്കും വികസിതമുതലാളിത്തരാജ്യങ്ങളുമായാണ്. വികസ്വരരാജ്യങ്ങൾക്കുവേണ്ടിയുള്ള ''സ്വന്തം ശക്തിയെ ആശ്രയിക്കുക''യെന്ന മുദ്രാവാക്യത്തിൻെറ ലക്ഷ്യം ആ രാജ്യങ്ങളെ മുഖ്യമായും സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽനിന്നു രാഷ്ട്രീയമായി ഒററപ്പെടുത്തുകയാണ്. അതിനുശേഷം അവയുടെ വിദേശസാമ്പത്തികബന്ധങ്ങളിൽ ഇന്നു സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കുള്ള സ്ഥാനം കരസ്ഥമാക്കാനും അവയുടെ വിഭവങ്ങൾ സ്വന്തം മഹച്ഛക്തിതാല്പര്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും ചൈന ശ്രമിക്കും.

കാലാനുയോജ്യമല്ലാത്ത ''അടച്ചുകെട്ടിയ''സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാനാണ് ''സ്വന്തം ശക്തിയെ ആശ്രയിക്കുക''യെന്ന മുദ്രാവാക്യം ആഹ്വാനിക്കുന്നതു്. ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും രാഷ്ട്രങ്ങളുടെ ആധുനികസമ്പദ്ഘടനയെ പടുത്തുയർത്തുന്ന

തിൽ സോവിയററ് യൂണിയനും ഇതരസോഷ്യലിസ്റ്റ്രാജ്യങ്ങളും നല്കുന്ന സഹായത്തിനുള്ള പങ്ക കുറയ്ക്കുകയെന്നതാണ് അതിൻെറ ലക്ഷ്യം.

അത്തരം കർമ്മസരണി അശാസ്ത്രീയമാണെന്നും ''മൂന്നാംലോക'' ത്തിലെ രാജ്യങ്ങൾക്ക തന്മൂലം ഹാനിയുണ്ടാകുമെന്നും അറിഞ്ഞുകൊണ്ടു തന്നെ പീക്കിങ്ങ് അതു ''മൂന്നാംലോക''ത്തിൽ പ്രചരിപ്പിക്കുകയും വംശീയമായ മുൻവിധികളെപ്പോലും അതിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വമർദ്ദനത്തിനും കൊളോണിയൽചൂഷണത്തിനും അടിപ്പെട്ടുകഴിഞ്ഞിരുന്ന ചൈനീസ് ജനതയുടേയും വികസ്വരഭൂഖണ്ഡങ്ങളിലെ ജനതകളുടേയും പൊതുഭാഗധേയത്തെപ്പററി പീക്കിങ്ങിലുള്ളവർ സംസാരിക്കുന്നതിൽ തെററൊന്നുമില്ല. കൊളോണിയലും അർദ്ധകൊളോണിയലുമായ രാജ്യങ്ങളിലെ ജനതകൾ നടത്തിയ സാമ്രാജ്യത്വവിരുദ്ധസമരത്തിൽ ചൈനീസ്ജനത വഹിച്ച പങ്കിനെപ്പററി പീക്കിങ്ങിൽ അനുസ്മരിക്കുന്നതിലും തെററില്ല.

എന്നാൽ ആഫ്രോ—ഏഷ്യൻരാജ്യങ്ങളുടെ പൊതുഭാഗധേയതെത്തപ്പററി വായടിക്കുന്ന ചൈനീസ് ''സൈദ്ധാന്തികർ'' സാർവ്വദേശീയവാദപരമായ നിലപാടു പുലർത്തുന്നില്ല. അവർ തുറന്നടിച്ച വംശീയവാദത്തിൽ മുങ്ങിക്കുളിക്കുന്നു. തൊഴിലാളിവർഗ്ഗസാർവ്വദേശീയവാദത്തിൽ നിന്നു വിട്ടുമാറിക്കൊണ്ടു് അവർ ജനതകളെ വെള്ളനിറക്കാരെന്നും മററു നിറക്കാരെന്നും രണ്ടായി തിരിക്കുകയും അവരെ ആപൽക്കരമാംവണ്ണം പരസ്പരം എതിർനിർത്തുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ്രാജ്യങ്ങളും വികസ്വരരാജ്യങ്ങളും തമ്മിൽ ഉരസലുകൾ ഉണ്ടാക്കുന്നതിനുവേണ്ടി പീക്കിങ്ങിലെ ''സൈദ്ധാന്തികർ'' തൊലിയുടെ നിറത്തേയും അതിൽനിന്നുളവാകുന്ന വംശീയവാദപരമായ മുൻവിധികളേയും ഉപയോഗപ്പെടുത്തുന്നു. സോവിയററ് യൂണിയനും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങളുമാണ് മാനവചരിത്രത്തിലാദ്യമായി വംശീയവാദത്തിൻെറ സാമ്പത്തികാടിത്തറ തകർത്തതും മനുഷ്യൻ മനുഷ്യനേയും ജനത ജനതയേയും ചൂഷണംചെയ്യുന്നതിനു് അറുതിവരുത്തിയതുമെന്ന വസ്തുത അവർ മനഃപൂർവ്വം വിസ്മരിക്കുന്നു.

ദേശീയവിമോചനപ്രസ്ഥാനത്തെ മൊത്തത്തിലോ അതിൻെറ പ്രത്യേകവശങ്ങളേയോ സംബന്ധിച്ചുള്ള ചൈനീസ് ''സൈദ്ധാന്തിക''രുടെ ''ഏററവും പുതിയ കണ്ടുപിടുത്തങ്ങൾ''ക്കെല്ലാം പൊതുവായ ഒരു സവിശേഷതയുണ്ടു്. ദേശീയവിമോചനപ്രസ്ഥാനത്തിനു ലക്ഷ്യബോധമില്ലാതാക്കുക, ആ പ്രസ്ഥാനത്തെ ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയിൽ നിന്നു് ഒററപ്പെടുത്തുക, ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ജനതകളുടെ വിപ്ലവശേഷിയെ പീക്കിങ്ങിൻെറ മഹച്ഛക്തിതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുക എന്നീ ലക്ഷ്യങ്ങ

ളാണ് അവയും പിന്നിലുള്ളത്. ഏഷ്യൻജനതകളെ എത്രയുംവേഗം സങ്കരസിദ്ധാന്തപരവും അശാസ്ത്രീയവുമായ ആ വീക്ഷണങ്ങളുടെ കെണിയിൽ കുടുക്കുന്നതിൽ പീക്കിങ്ങ് പ്രത്യേകതാല്പര്യമെടുക്കുന്നു. കാരണം, ഏഷ്യയിലെ അയൽരാജ്യങ്ങളിൽ ചൈനീസ് നിയന്ത്രണം സ്ഥാപിക്കുന്നതോടുകൂടി ലോകാധിപത്യത്തിനുള്ള പുതിയ സാധ്യതകൾ പീക്കിങ്ങിനു ലഭ്യമാകും. അതുകൊണ്ടാണ് ആ വീക്ഷണങ്ങൾ വികസ്വരരാജ്യങ്ങളെ കെട്ടിയേല്പിക്കാൻ പീക്കിങ്ങ് കൊണ്ടുപിടിച്ച ശ്രമം നടത്തുന്നത്.

# ഉപസംഹാരം

70—കളുടെ ആരംഭത്തിൽ ചൈന ദേശീയവിമോചനപ്രസ്ഥാനത്തിൽ അധിനായകത്വം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സമരം സജീവമാക്കി. വികസ്വരേഷ്യയുടെമേൽ ദൃഢമായ നിയന്ത്രണമാർജ്ജിച്ചാലല്ലാതെ ''മൂന്നാംലോക''ത്തിന്റെ നേതൃസ്ഥാനം കൈക്കലാക്കാൻ സാധ്യമല്ലെന്നു് ഏഷ്യയിലും ആഫ്രിക്കയിലും ലാററിനമേരിക്കയിലും നടത്തിയ നയതന്ത്രപരമായ രംഗനിരീക്ഷണത്തിനുശേഷം പീക്കിങ്ങ്നേതൃത്വം മനസ്സിലാക്കി. അതുകൊണ്ടാണു ചൈന അതിന്റെ ഏഷ്യൻ വിദേശനയപരിപാടി സാക്ഷാൽക്കരിക്കുന്നതിൽ തിടുക്കം കാണിച്ചതു്.

സ്വന്തം രക്ഷാകർത്തൃത്വത്തിൻകീഴിൽ ഏഷ്യൻരാഷ്ട്രങ്ങളുടെ ഒരു ബ്ലോക്കു സൃഷ്ടിക്കുകയെന്നതാണു് ചൈനയുടെ ദീർഘകാലലക്ഷ്യം. എന്നാൽ ആ രാജ്യങ്ങളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദേശീയബോധം അതിനു പ്രതിബന്ധമായി വർത്തിക്കുന്നു. അതിനാൽ കൂടുതൽ അടിയന്തിരമായ കടമയെന്ന നിലയ്ക്കു് ചൈനീസ് നയതന്ത്രം ദക്ഷിണപൂർവ്വേഷ്യയെ ആധാരമാക്കി ഇടുങ്ങിയ ഒരു ചൈനാപക്ഷബ്ലോക്കു തല്ലിക്കൂട്ടുകയെന്ന ആശയം മുൻവച്ചു. ചൈനയുടെ ചുററും ഏകോപിച്ചാലുണ്ടാകുന്നസാങ്കല്പികമേന്മകളിൽ ദക്ഷിണപൂർവ്വേഷ്യൻജനതകൾക്കു വിശ്വാസം ജനിപ്പിക്കുന്നതിനും നാളിതുവരെയുള്ള സ്വന്തം വിദേശനയാനുഭവത്തിൽ അവർക്കു സംശയമുളവാക്കുന്നതിനും സാർവ്വദേശീയരംഗത്തു സ്വന്തം ദേശീയതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിശ്വാസയോഗ്യമായ വഴികാട്ടികൾ അവർക്കില്ലാതാക്കുന്നതിനുംവേണ്ടി പീക്കിങ്ങ് അങ്ങേയററം തത്വദീക്ഷയില്ലാത്ത രീതികളും മാർഗ്ഗങ്ങളും അവലംബിക്കുന്നു.

ഏഷ്യയിലെ പരമാധികാരരാഷ്ട്രങ്ങൾക്കു ചൈന ഒരു യഥാർത്ഥ ഭീഷണിയാണെന്നു അതിന്റെ ഇന്നത്തെ വിദേശനയത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും. ഏഷ്യയിൽ പുതിയ സ്വതന്ത്രരാഷ്ട്രങ്ങൾ ഉടലെ

ത്തുവെന്ന വസ്തുതയെ അവഗണിച്ചുകൊണ്ട് ചൈന അതിൻെറ തെക്കൻ അയൽരാജ്യങ്ങളുടെ മുമ്പാകെ ഭൂപരമായ അവകാശവാദങ്ങൾ ഉന്നയിക്കുകയും അടിസ്ഥാനരഹിതമായ ആ അവകാശവാദങ്ങൾ സാക്ഷാൽക്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി ആയുധമെടുക്കാൻപോലും ചൈന മടിക്കുന്നില്ല. ഇന്നത്തെ സാഹചര്യങ്ങളിൽ ദക്ഷിണപൂർവ്വേഷ്യയിൽ തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പീക്കിങ്ങ്നേതൃത്വം സാമ്പത്തികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവും സാംസ്കാരികവുമായ സമ്മർദ്ദം ചെലുത്താനാണു കൂടുതൽ സാധ്യത. എന്നിരിക്കിലും പണ്ടു പലപ്പോഴും ചെയ്തിട്ടുള്ളതുപോലെ അയൽരാജ്യങ്ങളുടെ ഭൂപ്രദേശങ്ങൾ വെട്ടിപ്പിടിക്കുകയെന്ന മാർഗ്ഗം അവർ നാളെത്തന്നെ സ്വീകരിച്ചുകൂടെന്നില്ല. ചൈനയുടെ സൈനികശേഷി വർദ്ധിക്കുന്നതനുസരിച്ച് ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ചൈനയുമായുള്ള സൈനികസംഘട്ടനങ്ങളുടെ സാധ്യതയും വർദ്ധിക്കും.

ദക്ഷിണപൂർവ്വേഷ്യയിലെ ഒററ രാജ്യത്തിനും തനിയെ ചൈനയുടെ ആക്രമണവാഞ്ഛകളെ വിജയകരമായി ചെറുക്കാൻ സാധ്യമല്ല. ഭൂമിശാസ്ത്രപരമായി ചൈനയ്ക്കു തെക്കുകിഴക്കോട്ടു മഹച്ഛക്തിസമ്മർദ്ദം ചെലുത്തുന്നതിനുള്ള സാധ്യതകളുണ്ട്. ഭാവിയിൽ മാവോയുടെ പിന്തുടർച്ചക്കാർ ആ സാധ്യതകൾ സാക്ഷാൽക്കരിക്കാൻ ശ്രമിച്ചുകൂടെന്നില്ല.

ഏഷ്യാഭൂഖണ്ഡത്തിലെ പൊതുജനാഭിപ്രായത്തെ പ്രത്യയശാസ്ത്രപരമായി സ്വാധീനിക്കാൻ ചൈന 70–കളുടെ ആരംഭംതൊട്ടു സജീവമായി ശ്രമിച്ചുവരുന്നു. ആധുനികഘട്ടത്തിലെ സാർവ്വദേശീയസ്ഥിതിയുടെ തെററായ, സ്വന്തം പ്രയോജനത്തെമാത്രം മുൻനിർത്തിയുള്ള വ്യാഖ്യാനം പീക്കിങ്ങ് ഏഷ്യൻജനതകളെ കെട്ടിയേല്പിക്കുന്നു. ''രണ്ടു് അതിശക്തികൾ,'' ഒററപ്പെട്ടുള്ള ആഫ്രോ–ഏഷ്യൻ ഐക്യദാർഢ്യം, ചൈന ഒരു ''മൂന്നാംലോക''രാജ്യം, പുതിയ യുദ്ധങ്ങളുടെ അനിവാര്യതയും പ്രയോജനവും എന്നിവയെ സംബന്ധിച്ച തത്വാവിഷ്കാരങ്ങൾ അതു മുൻവയ്ക്കുകയും സമാധാനപരമായ സഹവർത്തനത്തിൻെറ തത്വങ്ങളെ വളച്ചൊടിച്ചു കാണിക്കുകയും ചെയ്യുന്നു. ഒന്നാമതായി മേഖലയിൽ സ്വന്തം അധിനായകത്വലക്ഷ്യങ്ങൾ നേടുന്നതിനു കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും രണ്ടാമതായി ഏഷ്യൻരാജ്യങ്ങളെ അവയുടെ മിത്രങ്ങളിൽനിന്നു്, പ്രധാനമായും സോഷ്യലിസ്റ്റ്രാജ്യങ്ങളിൽനിന്നു് ഒററപ്പെടുത്തുന്നതിനും വേണ്ടിയാണതു്.

ഏഷ്യൻ രാഷ്ട്രീയരംഗത്തു പ്രവേശിച്ചതിനുശേഷം ചൈന ആദ്യമായി കൈക്കൊണ്ട നയതന്ത്രനടപടികൾ അവിടത്തെ ജനതകളുടെ മൗലികതാല്പര്യങ്ങൾക്കു കടകവിരുദ്ധമാണു്. ഏഷ്യാഭൂഖണ്ഡത്തിൽ ഇനി

യും കാര്യമായ സ്വാധീനം നിലനിർത്തുന്ന, ശാന്തസമുദ്രപ്രദേശത്തെ മുഖ്യസാമ്രാജ്യത്വശക്തികളുമായാണ് ചൈന ആദ്യമായി അടുത്തതെന്ന വസ്തുത ശ്രദ്ധേയമാണ്. മേഖലയിലെ ജനതകൾക്ക ഹാനികരമായ വിധത്തിൽ പീക്കിങ്ങ് ആ ശക്തികളുമായി രഹസ്യധാരണയിലെത്തിയിട്ടുണ്ടെന്നു വേണം കരുതാൻ. ഏഷ്യൻരാജ്യങ്ങളുടെ മിത്രവും സംരക്ഷകനുമായ സോവിയററ് യൂണിയൻെറ വിദേശനയത്തെ അപകീർത്തിപ്പെടുത്താൻ പീക്കിങ്ങ് ശ്രമിക്കുന്നു. ഏഷ്യൻ ജനതകളെ സോവിയററ് യൂണിയനിൽനിന്ന് ഒററപ്പെടുത്താനും അങ്ങനെ, അവരെ സ്വന്തം ആജ്ഞാനുവർത്തികളാക്കുന്നതിനു കൂടുതൽ സാധ്യതകൾ ഉളവാക്കാനുംവേണ്ടിയാണതു്.

പിങ്ങ്പോങ്ങ് നയതന്ത്രത്തിൻെറ സമയത്തു് പീക്കിങ്ങ് ദക്ഷിണപൂർവ്വേഷ്യൻരാജ്യങ്ങളോടു കർക്കശമായ സ്വരത്തിൽ സംസാരിക്കാനും അവയിൽനിന്ന് ഏകപക്ഷീയമായ പ്രയോജനങ്ങൾ നേടിയെടുക്കാനും ശ്രമിച്ചു. ഏഷ്യയിലെ വ്യത്യസ്ത മേഖലാ—ഉപമേഖലാസംഘടനകളുമായുള്ള സ്പർശനബിന്ദുക്കൾ ചൈന ശ്രദ്ധാപൂർവ്വം അന്വേഷിച്ചു. ആ സംഘടനകളുമായി ക്രിയാത്മകവും പ്രായോഗികവുമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയല്ല, സ്വന്തം രക്ഷാകർത്തൃത്വത്തിൻകീഴിൽ ഒരു ബ്ലോക്കു രൂപീകരിക്കുന്നതിലേക്ക് അവയെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു അതു്.

സ്വന്തം വ്യവസ്ഥകളിന്മേൽ ദക്ഷിണപൂർവ്വേഷ്യയുമായി ബന്ധങ്ങൾ സാധാരണവൽക്കരിക്കാൻ പീക്കിങ്ങ് നടപടികൾ കൈക്കൊണ്ടതു് തെക്കുകിഴക്കോട്ടുള്ള വിപുലനത്തിന് അനുകൂലമായ പൂർവ്വോപാധികൾ സൃഷ്ടിക്കാൻവേണ്ടിയാണ്. ദക്ഷിണപൂർവ്വേഷ്യയെ സ്വന്തം സ്വാധീനമേഖലയാക്കുകയെന്ന മഹച്ഛക്തിലക്ഷ്യമാണു പീക്കിങ്ങിനുള്ളതെന്നതിനു ധാരാളം തെളിവുകളുണ്ടു്. ചൈനീസ്നയതന്ത്രത്തിൻെറ മേല്പറഞ്ഞ നടപടികൾ ആ ലക്ഷ്യത്തിൻെറ സാക്ഷാൽക്കാരത്തിലേക്കുള്ള ഒരു ചുവടുവയ്പുമാത്രമാണ്. മാവോസേതുങ്ങിൻെറ മരണശേഷം ചൈനയുടെ പുതിയ നേതൃത്വം അതിൻെറ ഏഷ്യൻനയത്തിൽ വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ആശാവഹമായ മാററങ്ങൾ വരുത്താൻ ഇനിയും കൂട്ടാക്കിയിട്ടില്ല.

# കുറിപ്പുകൾ

## അദ്ധ്യായം ഒന്ന്

1 A. Lamb. The Asian frontiers. A study in a continuing problem. London, 1968, p. 21.

2 ചൈനയും അയൽരാജ്യങ്ങളും പുരാതനകാലത്തും മദ്ധ്യയുഗത്തിലും. സമാഹാരം. എസ്. എൽ. തിഹ്വിൻസ്കി പ്രസാധനം ചെയ്തത്. മോസ്കോ, 1970, പേജ് 5.

3 C. P. Fitzgerald. The Southern expansion of the Chinese people. London, 1972, p. XXI.

4 Ibid., pp. 215—216.

5 Ta Chen. Emigrant communities in South China. A study of overseas immigration and its influence on standards of living and social changes. New York, 1940, p. 3.

6 D. Wilson. A quarter of mankind. An anatomy of China today. London, 1966, p. 210.

7 Documents on China's relations with South and Southeast Asia. Ed. by g. V. Ambedkar. and V. D. Divekar. Bombay, 1964, p. 19.

8 ഒ.ബി. ബൊരീസൊവ്, ബി.ടി. കൊളൊസ്കോവ്. 1945—1973 കാലത്തെ സോവിയററ്—ചൈനീസ് ബന്ധങ്ങൾ. മോസ്കോ, 1975, പേജ് 112.

9 D. Wilson, op. cit., p. 203.

10 N. Maxwell. India's China war. Bombay, 1970, p. 11.

11 D. Wilson, op cit., p. 266.

12 Hongkong Standard, 4. VIII. 1971.

13 The Bangkok Post, 7. II. 1974.

14 The Nation (Bangkok), 23. X. 1974.

15 South China Morning Post (Hongkong), 11. III. 1972.

16 C. P. Fitzgerald, op. cit., p. XV.

17 A. Lamb, op. cit., p. 220.

18 C.P. Fitzgerald, op. cit., p. 210.

19 A. Lamb, op. cit., p. 228.

20 J. D. Simmons. China's world. The foreign policy of a developing state. New York, 1970, p. 15.

21 Bulletin Today (Manila), 20. IX. 1974.

22 Bourgain. The Chinese problem. Paris, 1966, p. 8.

23 R. Sawhny. China's policy, intentions and capabilities in relations to other powers in Asia and also the USA and the USSR. New Delhi, 1968, p. 37.

24 C. P. Fitzgerald, op. cit., pp. 185, 208.

## അദ്ധ്യായം രണ്ട്

1 വിശദവിവരങ്ങൾക്ക നോക്കുക: എം.എ. അന്ദ്രേയെവ്. മറുനാടൻ ചൈനീസ് ബൂർഷ്വാസി—പീക്കിങ്ങിനു ദക്ഷിണപൂർവ്വേഷ്യയിലുള്ള ചട്ടുകം. മോസ്കോ, 1975.

2 G. Alexander. Silent invasion. The Chinese in Southeast Asia, London, 1973, p. 256.

3 മാവോസേതുങ്ങ്. തിരഞ്ഞെടുത്ത കൃതികൾ. മോസ്കോ, 1953, വാല്യം 4, പേജ് 465.

4 അതേ കൃതി, പേജ് 518.

5 Teka zenno (Tokyo), No. 220, 1974.

6 S. Fitzgerald. China and overseas Chinese. A study of changing policy. 1949—1970. London, 1972, p. 16—20.

7 സിൻഹ്വാ ബുള്ളറ്റിൻ, 26.IX. 1956.

8 സിൻഹ്വാ ബുള്ളറ്റിൻ, 31.XII. 1958.

9 Lu Yu—sun. Communist China problem. Research series. Programs of Communist China for overseas Chinese. Hongkong, 1955, p. 11.

10 Ibid., p. 18.

11 ദ്രെഷംബ, 8.IX. 1956.

12 L. E. Williams. Overseas Chinese nationalism. The genesis of the pan—Chinese movement in Indonesia. 1900—1916. Glengoe, 1960, p. 3; The future of the overseas Chinese in Southeast Asia; New York, 1966, p. 21.

13 D. Insor. Thailand. A political, social and economic analysis. London, 1955, p. 135.

14 Nagarjun. Peking's world nétwork. Survey of China lobby in five countries. New Delhi, 1965, pp. 43—48.

15 China News Analysis (Hongkong), No. 916, 13. IV. 1973, p. 4.

16 G. Alexander, op. cit., p. 243.

17 The Straits Times, 6. IV. 1973.

18 Malaysia yearbook 1973/74, Kuala Lumpur, 1974, pp. 19—21.

19 Hunh Ping Ching, Mobbet, Coppel. The Chinese in Indonesia, the Philippines and Malaysia. London, 1972, p. 24; The Straits Times, 3. VI. 1974.

20 Far Eastern economic review, 16. V. 1975, p. 40.

21 The Voice of Nation. II. VI. 1975.

22 Bangkok Post, 9. VI. 1975; 30. IV. 1975.

23 Bangkok Post, 7. VI. 1975.

24 S. Fitzgerald, op. cit., pp. 172—174.

25 Teca zenno, Tokyo, No. 220, 1974.

## അദ്ധ്യായം മൂന്ന്

1 W. W. Whitson. Doing business with China. American trade opportunities in the 1970's New York, 1974, p. 196; China trade with the West. A political and economical analysis. Ed. by A. A. Stahnke. New York, 1972, pp. 196, 202.

2 Trade with China. Ed. by P. Bearman, J. Mugar. Los Angeles, 1975, p. 145.

3 W. W. Whitson, op. cit., p. 196.

4 1972. Pick's currency yearbook. New York, 1972, p. 236.

5 China Trade Report, November 1971, p. 10.

6 China News Analysis, No. 926, 13. VII. 1973, p. 2.

[1] The Working People's Daily, 28. XI. 1971.

[2] Far Eastern Economic Review, 4. II. 1972, p. 13

[3] Indonesia Raya (Jakarta), 2. III. 1972.

[4] The Guardian (Rangoon), 11. III. 1972.

[5] Indonesia Raya, 15. III. 1972.

[6] Indonesia Raya, 2. III. 1972.

[7] Indonesia Raya, 15. III. 1972.

[8] The Straits Times (Singapore), 29. II. 1972.

[9] The Asian, 5—11. III. 1972.

[10] Ear Eastern Economis Review, 13. III. 1972, p. 13.

[11] Indonesia Raya, 29. II. 1972.

[12] Indonesia Raya, 15. III. 1972.

[13] The Manila Times, 23. III. 1972.

[14] The Asian, 5—11. III. 1972.

[15] The Asian, 5—11. III. 1972.

[16] The Nation, 23. II. 1973.

[17] C. P. Fitzgerald. China and Southeast Asia since 1945. London, 1973, pp. 99—100.

[18] Trends in Thailand. Ed. by M. Rajeratnam and Lim So Yean. Singapore, 1973, p. 142.

[19] The Straits Times, 22. V. 1974.

[20] Far Eastern Economic Review, 1. X. 1973, p. 34.

[21] Asia Magazine, 22. IX. 1974, p. 27.

[22] Far Fastern Economic Review, 1. X. 1973, p. 31.

[23] Bangkok Post, 2. VII. 1973.

[24] S. Fitzgerald, op. cit., p. 189.

[25] The Straits Times, 21. V. 1974.

[26] The Straits Times, 1. VI. 1974.

[27] The Straits Times, 1. VI. 1974.

[28] The Straits Times, 3. VI. 1974.

29 The Nation, 1. VI. 1974.
30 The Nation, 8. VI. 1974.
31 Far Eastern Economic Review, 10. VI. 1974, p. 16.
32 The Nation, 3. VI. 1974.
33 The Straits Times, 3. VI. 1974.
34 The Straits Times, 5. VI. 1974.
35 The Straits Times, 1. VI. 1974.
36 Asian Research Bulletin, 30. VI. 1974, p. 2762 B.
37 Far Eastern Economic Review, 10. VI. 1974, p. 15.
38 C. P. Fitzgerald. China and Southeast Asia since 1945, pp. 97, 99.
39 The Straits Times, 17. VII. 1974.
40 The Straits Times, 27. V. 1974.
41 The Straits Times, 3. VI. 1974.
42 The Straits Times, 25. V. 1974.
43 Far Eastern Economic Review, 10. VI. 1974, p. 16.
44 Angkatan bersenjata (Jakarta), 4. VI. 1974.
45 Asian Research Bulletin, 31. V. 1974, p. 2733 B.
46 The Straits Times, 1. VI. 1974.
47 Hongkong Standard, 15. VI. 1973.
48 Far Eastern economic review, 18. X. 1974, p. 24.
49 The Bulletin Today, 15. XII. 1974.
50 South China morning post, 21. II. 1972.
51 Asian Research Bulletin. June 1973, Vol. 3, No. I, p. 1842 AB.
52 Bulletin Today, 7. III. 1972.
53 Far Eastern economic review, 15. VII. 1974, p. 5.
54 Bulletin Today, 20. IX. 1974.
55 The Straits Times. 19. III. 1975.
56 The Straits Times, 19. III. 1975.
57 The Straits Times, 22. III. 1975.
58 The Straits Times, 18. III. 1975.
59 The Straits Times, 19. III. 1975.

60 The Straits Times, 14. III. 1975.

61 The Straits Times, 19. III. 1975.

62 The Straits Times, 21. III. 1975.

## അദ്ധ്യായം അഞ്ച്

1 Financial Post, 31. VIII. 1973. mid—year development review, pp. 41—43.

2 People's China and international law. A documentary study. Jerom Alan Cohen and Hungdah Chin. Princeton, New Jersey, 1974, v. 2, p. 1390.

3 The Bangkok Post, 22. XI. 1974.

4 Mainichi Daily News (Tokyo), 15. IV. 1973.

5 Ceylon Observer (Colombo), 29. III. 1974.

6 The Economic Times (New Delhi), 12. III. 1975.

7 The Economic Times, 12. III. 1975.

8 The Financial Express (New Delhi), 8. III. 1975.

9 Economic and Social Commission for Asia and the Pacific. Annual report. ESCAP/183. 7. III. 1975. Chapter 11, pp. 3—4.

10 The Straits Times, 18. IV. 1973.

11 The Ceylon Daily News, 3. IV. 1974.

12 The Japan Times, 15. IV. 1973.

13 The Japan Times, 25. IV. 1973.

14 Financial Post, 31. VIII. 1973. Mid—year development review, pp. 41—43.

15 The Straits Times, 26. I. 1970.

16 The Straits Times, 9. VIII. 1967.

17 The Bangkok Post. 24. IV. 1973.

18 Asian Research Bulletin, 30. VI. 1974, p. 2831 B.

19 സിൻചൗ ജിഹ്പാഒ (സിംഗപ്പൂർ), 18.III. 1975.

20 The Nation, 6. IV. 1974.

21 The Nation, 9. II. 1974.

22 The Nation, 30. XII. 1975.

23 People's China and international law, vol. 2, p. 1392.

24 Mainichi Daily News, 18. IV. 1973.

25 The Nation, 24. II. 1975.

## അദ്ധ്യായം ആറ്

1 ഹ്ങ്ങ്ചി (പീക്കിങ്ങ്), ലക്കം 11, 1973.
2 സിൻഹവാ ബുള്ളററിൻ, 30.VI. 1972.
3 നോവൊയെ വ്രേമ്യ (മോസ്കോ), ലക്കം 52, 24.XII. 1971, പേജ് 2.
4 Link (New Delhi), 15. IV. 1973.
5 The Asian, 5—11. III. 1972.

വിതരണക്കാർ:

# പ്രഭാത് ബുക്ക് ഹൗസ്

തിരുവനന്തപുരം

കോഴിക്കോട്   എറണാകുളം

ഏലൂർ   കണ്ണൂർ

ആലപ്പുഴ

# വായനക്കാരോട്

ഈ പുസ്തകത്തിന്റെ വിവർത്തനം, സംവിധാനം, അച്ചടി എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും മററെന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അവയും ഞങ്ങളെ അറിയിക്കാ നപേക്ഷ.

ഞങ്ങളുടെ മേൽവിലാസം:

Progress Publishers
21, Zubovsky Boulevard,
Moscow, USSR

പീക്കിങ്ങിന്റെ നയതന്ത്രത്തിന്റെ പുതിയ ഘട്ടത്തിനുള്ള സവിശേഷതകളാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്നത്. തങ്ങളുടെ മഹച്ഛക്തിപദ്ധതികൾ സാക്ഷാൽക്കരിക്കുന്നതിൽ പീക്കിങ്ങ്നേതൃത്വം ഏഷ്യയിലെ ചില വികസ്വരരാജ്യങ്ങൾക്ക് എത്രമാത്രം പ്രാധാന്യം കല്പിക്കുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാൻ കഴിയും.

പീക്കിങ്ങ് പല അയൽരാജ്യങ്ങളുടേയും ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ടതുമൂലം അവയും ചൈനയും തമ്മിൽ അഗാധമായിക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യങ്ങളെ ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നു. ക്ഷിപ്രവിശ്വാസികളെ അകപ്പെടുത്തുന്നതിനുവേണ്ടി പീക്കിങ്ങ്നേതാക്കന്മാർ വയ്ക്കുന്ന പ്രത്യയശാസ്ത്രക്കെണികൾ ഈ കൃതിയിൽ അനാവരണം ചെയ്യപ്പെടുന്നു. ചെനിസ് റിവിഷനിസ്റ്റുകൾ ഇന്നു ഉന്നയിക്കുന്ന കപടമുദ്രാവാക്യങ്ങളുടെ പൊരുളും ഏഷ്യൻ ദേശീയവിമോചനപ്രസ്ഥാനത്തിന്റെ വമ്പിച്ച വിപ്ലവശേഷിയെ തങ്ങളുടെ ജനവിരുദ്ധലക്ഷ്യങ്ങൾക്ക് അടിപ്പെടുത്തുന്നതിനുള്ള അവരുടെ തന്ത്രങ്ങളും ഇതിൽ വിശദീകരിക്കപ്പെടുന്നു.

എം. അന്ദ്രേയെവ്

# വികസ്വരേഷ്യയിൽ പീക്കിങ്ങിന്റെ നയതന്ത്രം

66